# ഗോൾവൾക്കറിസത്തിന്റെ

# ഉള്ളുകള്ളികളും പൊള്ളത്തരങ്ങളും

ഡോ. എൻ. വി. പി. ഉണിത്തിരി

# ഗോൾവൾക്കറിസത്തിന്റെ ഉള്ളുകള്ളികളും പൊള്ളത്തരങ്ങളും

**വേദേതിഹാസപുരാണങ്ങൾ**

മഹത്തായ ആഗോളചിന്തയുടെ വിശാലമായ അടിസ്ഥാനത്തിലാവണം മനുഷ്യസമുദായത്തിനാകെ വരേണ്ടുന്ന നന്മ. ഈ ചിന്താഗതി പലർക്കുമുണ്ട്. “സാർവദേശീയതയെ തങ്ങളുടെ മുദ്രാവാക്യമായി സ്വീകരിച്ചിട്ടുള്ള ആധുനിക ‘ഇസ’ങ്ങൾക്കു മാത്രമേ ഹൃദയത്തിൽ കുടിയിരുത്തിയിട്ടുള്ള ആ ലക്ഷ്യ(ലോകൈക്യത്തിന്റെ ആദർശ)ത്തിലേക്കു നയിക്കുവാൻ കഴിയുകയുള്ളൂ എന്നാണവരുടെ നിഗമനം. ഹിന്ദുക്കളുടെ ദേശീയജീവിതത്തെ പുനഃസംഘടിപ്പിക്കുകയെന്ന, രാഷ്ട്രീയസ്വയംസേവകസംഘം സ്വീകരിച്ചിട്ടുള്ള കൃത്യം ലോകൈക്യത്തിന്റെയും മാനവരാശിയുടെ നന്മയുടെയും ആശയവുമായി എത്രത്തോളം പൊരുത്തപ്പെടുന്നുവെന്ന ചോദ്യമാണ് സ്വാഭാവികമായി ഇപ്പോൾ നമ്മുടെ മുമ്പാകെ പൊന്തിവരുന്നത്.” (പേജ് 29) ഗോൾവൾക്കറുടെ നോട്ടത്തിൽ പണ്ടുതന്നെ നമ്മുടെ പൂർവികരായ ഭാരതീയർ ഇതേക്കാൾ ഉന്നതമായ ആദർശത്തിന്റെ വക്താക്കളും പ്രയോക്താക്കളുമായിരുന്നു: “ആധുനികയുഗമെന്ന് അറിയപ്പെട്ടിരുന്ന ഈ കാലഘട്ടത്തിന്റെ ആവിർഭാവത്തിനു വളരെക്കാലം മുൻപുതന്നെ, ഇന്നാട്ടിലെ ഋഷിമാരും ജ്ഞാനികളും ഈ ജീവൽപ്രശ്നത്തിന്റെ അഗാധതലങ്ങളിലേക്ക് ഇറങ്ങിച്ചെന്നിട്ടുണ്ട്. മാനവൈക്യത്തിന്റെയും സംഘർഷങ്ങളും കഷ്ടപ്പാടുകളും തീണ്ടാത്ത ലോകത്തിന്റെയും ആദർശം സ്മരണാതീതകാലം മുതൽക്കേ നമ്മുടെ ഹൃദയങ്ങളെ മഥിച്ചിട്ടുണ്ട്. യുഗാന്തരങ്ങളായി നമ്മുടെ സ്ഥിരമായൊരു പ്രാർഥന ‘സർവേപി സുഖിനഃ സന്തു സർവേ സന്തു നിരാമയാഃ’ (സർവരും സന്തുഷ്ടന്മാരാകട്ടെ; സർവരും സകലദീനങ്ങളിൽനിന്നും വിമോചിതരാകട്ടെ) എന്നായിരുന്നു. ഇന്നത്തെ പാശ്ചാത്യരാഷ്ട്രങ്ങൾക്ക് ‘ഏറ്റവുമധികം ആളുകൾക്ക് ഏറ്റവുമധികം നന്മ’ എന്ന പ്രമാണത്തിന്നപ്പുറത്തേക്കു കടക്കാൻ സാധിച്ചിട്ടില്ലാതിരിക്കെ, ഒരൊറ്റ മനുഷ്യൻപോലും – എന്തിന്, ഒരൊറ്റ ജീവിപോലും – കഷ്ടപ്പെടുക എന്ന ആശയത്തെ നാമൊരിക്കലും വെച്ചുപൊറുപ്പിച്ചിട്ടില്ല. ‘എല്ലാ ജീവജാലങ്ങളുടെയും സമ്പൂർണനന്മ’ എന്നതായിരുന്നു എന്നുമെന്നും നമ്മുടെ മഹത്തായ ആദർശം.” (പേജ് 29–30)

അത്യുദാത്തങ്ങളായ ഇത്തരം തത്വങ്ങളൊക്കെ പറഞ്ഞിട്ടുണ്ടെങ്കിലും വേദപുരാണേതിഹാസങ്ങൾ പ്രതിഫലിപ്പിക്കുന്നതനുസരിച്ച് അവരുടെ ജീവിതം പൊതുവിൽ അപരിഷ്കൃതവും അശ്ലീലവും ആഭാസവും കൊണ്ട് ഏറെക്കുറെ വൈകൃതങ്ങൾകൂടി കലർന്നതായിരുന്നുവെന്നു പറയേണ്ടിയിരിക്കുന്നു.

**ദേശീയതയും സാർവദേശീയതയും**

“പ്രത്യേകം പ്രത്യേകം സ്വാർഥതാല്പര്യങ്ങളെ പരിപോഷിപ്പിക്കുന്ന ദേശീയവികാരമാണ് ലോകൈക്യത്തിലേക്കും മാനവൈക്യത്തിലേക്കുമുള്ള പന്ഥാവിൽ ഏറ്റവും വലിയ തടസ്സം സൃഷ്ടിച്ചതെന്ന നിഗമനത്തിലേക്കു പല ചിന്തകന്മാരെയും നയിച്ചിട്ടുള്ളത്, മനുഷ്യന്റെ വിനാശവും ദുരിതവും വിളിച്ചുവരുത്തുന്ന, സംഘർഷങ്ങളും യുദ്ധങ്ങളും നിറഞ്ഞ ഇന്നത്തെ സ്ഥിതിവിശേഷമാണ്. അതിനാൽ ലോകത്തിലെങ്ങും മനുഷ്യമനസ്സുകളിൽനിന്ന് ദേശീയതയെ പിഴുതെറിയണമെന്ന് അവർ പ്രഖ്യാപിക്കുന്നു. സാർവദേശീയതയെ തങ്ങളുടെ അടിസ്ഥാനശിലയായി അവകാശപ്പെടുന്ന ‘കമ്യൂണിസ്റ്റു പ്രത്യയശാസ്ത്രം’ ഈ സ്വരത്തിലാണ് പലപ്പോഴും സംസാരിക്കുന്നത്.” (പേജ് 30–31)

സാർവദേശീയതയിലൂന്നിയ ദേശീയതയ്ക്കുമാത്രമേ സങ്കുചിതത്വത്തിൽനിന്നു മുക്തമാവാൻ കഴിയൂ എന്ന കമ്യൂണിസ്റ്റുപ്രത്യയശാസ്ത്രത്തെ വളച്ചൊടിക്കുകയാണ് ഇവിടെ ഗോൾവൾക്കർ. മനുഷ്യമനസ്സുകളിൽനിന്നു ദേശീയതയെ പിഴുതെറിയണമെന്ന് ഏതു കമ്മ്യൂണിസ്റ്റാചാര്യനാണ് പറഞ്ഞിട്ടുള്ളതെന്ന് ഗോൾവൾക്കർ വ്യക്തമാക്കണം. ഇന്നത്തെ മോദിയുൾപ്പെടെയുള്ള ആർ. എസ്. എസ്സുകാർ ഈ

കടമ നിറവേറ്റാൻ ബോധ്യസ്ഥരാണ്.

"ഒന്നാം ലോകമഹായുദ്ധത്തിനുശേഷം രൂപം പൂണ്ട 'ലീഗ് ഓഫ് നേഷൻസ്' യുദ്ധങ്ങളൊഴിവാക്കുന്നതിനും ലോകൈക്യം സാധിക്കുന്നതിനുമുള്ള പരീക്ഷണമായിരുന്നു. എന്നാൽ അതുടലെടുത്തു രണ്ടു ദശകങ്ങൾ കഴിയുന്നതിനുമുൻപുതന്നെ അനിയന്ത്രിതമായ ദേശീയാഭിലാഷങ്ങളുടെയും തൽഫലമായുണ്ടായ സംഘർഷങ്ങളുടെയും കൊലയും കെടുതികളും വിതറി ഭൂമുഖത്തെ മലീമസമാക്കി. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം രൂപീകരിക്കപ്പെട്ട ഐക്യരാഷ്ട്രസഭയുടെ (യു. എൻ. ഒ.) നിലയും ഒട്ടും മെച്ചമല്ല. നീതി പാലിക്കാനോ തെറ്റു ചെയ്യുന്ന അംഗരാഷ്ട്രങ്ങളെ നിലയ്ക്കു നിറുത്താനോ രാഷ്ട്രങ്ങൾ തമ്മിൽ മാന്യമായ മൈത്രി കൈവരുത്താനോ അതിനു കഴിവില്ലെന്നു കാശ്മീർപ്രശ്നത്തിൽ നമ്മുടെ സ്വന്തം അനുഭവംതന്നെ വ്യക്തമാക്കുന്നു ... ഇന്നത്തെ മാനവപരിഷ്കാരത്തിനാകെ ആകസ്മികവും പരിപൂർണവുമായ അന്ത്യം കുറിച്ചേക്കാവുന്ന മൂന്നാം ലോകമഹായുദ്ധത്തിന്റെ കാർമേഘങ്ങൾ ഇന്നു ലോകത്തെ ആവരണം ചെയ്തിരിക്കുന്നു." (പേജ് 32)

ഈ നിരീക്ഷണത്തിൽ വിയോജിക്കാൻ കാര്യമായിട്ടൊന്നുമില്ലെങ്കിലും ഈ ഖണ്ഡികയിൽ നിഴലിക്കുന്ന നൈരാശ്യവാദം ഒരാധുനികരാഷ്ട്രതന്ത്രജ്ഞന് സമുചിതമായി തോന്നുകയില്ല. ഈ നൈരാശ്യമനോഭാവത്തിൽനിന്നുദിക്കുന്ന നിഗമനമാകട്ടെ ലീഗ് ഓഫ് നാഷൻസും ഐക്യരാഷ്ട്രസഭയുമൊക്കെ നിഷ്ഫലമാണെന്നും മൂന്നാം ലോകമഹായുദ്ധം ആസന്നമാണെന്നുമത്രേ. ഈ ആശങ്കാകുലമായ നിഗമനം പുറപ്പെടുവിച്ചിട്ടുതന്നെ അരനൂറ്റാണ്ടായി. ലോകനേതാക്കളുടെയും ലോകരാജ്യങ്ങളുടെയും സമാധാനശ്രമങ്ങൾക്കുള്ള സഹകരണം ലക്ഷ്യം കാണുന്നുണ്ടെന്നല്ലേ ഇത് തെളിയിക്കുന്നത്? *വിചാരധാര* തുടരുന്നതു ശ്രദ്ധിക്കുക:

"ദേശീയത നശിപ്പിക്കാൻ കഴിയാത്തതും നശിപ്പിച്ചുകൂടാത്തതുമായ ഒന്നാണെന്നു നമുക്ക് ഇങ്ങനെ അനുമാനിക്കാം. അപ്പോൾപ്പിന്നെ ദേശീയാഭിലാഷങ്ങളെയും ലോകക്ഷേമത്തെയും എങ്ങനെ സമന്വയിപ്പിക്കാമെന്നതായിത്തീരുന്നു പ്രശ്നം. കഴിഞ്ഞ കാലത്തു പലപ്പോഴായി പല തരത്തിലുള്ള സമന്വയശ്രമങ്ങൾ നടന്നിട്ടുണ്ട്. സാമ്രാജ്യത്വം (ഇംപീരിയലിസം) എന്നതു ചെറുരാഷ്ട്രങ്ങൾക്കിടയിലുണ്ടായിരുന്ന കലഹങ്ങളെ ഒഴിവാക്കുന്നതിനായി അവയെ ഒറ്റ സാമ്രാജ്യത്തിന്റെ അവയവങ്ങളാക്കിത്തീർക്കുന്ന വമ്പിച്ച സമന്വയശ്രമങ്ങളാണെന്നു ചിലപ്പോൾ അവകാശപ്പെടാറുണ്ട്. പക്ഷേ, അടിസ്ഥാനപരമായി സ്വന്തം ഔന്നത്യവാഞ്ഛയാൽ മാത്രം പ്രേരിതമായതിനാൽ മർദനങ്ങൾക്കും ചൂഷണങ്ങൾക്കുമെതിരായി കീഴടക്കപ്പെട്ട രാഷ്ട്രങ്ങൾ നടത്തിയ വിപ്ലവങ്ങൾക്ക് അതു വഴി തെളിക്കുകയാണുണ്ടായത്. അങ്ങനെ സാമ്രാജ്യത്വം രാഷ്ട്രസംഘർഷങ്ങളെ ഒഴിവാക്കുന്നതിൽ തികച്ചും പരാജയപ്പെട്ടു." (പേജ് 32)

സാമ്രാജ്യത്വത്തെ നിഷ്പക്ഷനെന്നപോലെയാണ് ഗോൾവൾക്കർ വിലയിരുത്തുന്നതെങ്കിലും അതിന്റെ പരാജയം തന്റെ പ്രസ്ഥാനത്തിന്റെ (ആർ. എസ്. എസ്സിന്റെ) പരാജയമാണെന്നുകൂടി ഗോൾവൾക്കർ വ്യഞ്ജിപ്പിക്കുന്നുണ്ട്.

**റഷ്യൻ വിപ്ളവം**

"വിപ്ളവത്തിന്റെ ആദ്യത്തെ വികാരത്തിമിർപ്പിൽ റഷ്യ ഒരളവോളം ഭൗതികപുരോഗതി നേടിയെന്നതിനു സംശയമില്ല. അവരുടെ ആദ്യത്തെ ചില പഞ്ചവത്സരപദ്ധതികൾ കുറേയൊക്കെ വിജയകരമായിരുന്നു." (പേജ് 31)

ഏറ്റവും അവികസിതസ്ഥിതിയിൽനിന്ന് വിപ്ലവാനന്തരം ഇത്രയെങ്കിലും സാധിച്ചുവെന്നതും അവിടത്തെ പഞ്ചവത്സരപദ്ധതികൾ സ്വാതന്ത്ര്യാനന്തര ഇന്ത്യയ്ക്കുപോലും ആർ. എസ്. എസ്സിന്റെ നിയന്ത്രണത്തിലുള്ള മോഡിസർക്കാർ വരുന്നതുവരെയുള്ള ഏതാണ്ടെല്ലാ സർക്കാരുകൾക്കും അനുകരണീയമായിരുന്നുവെന്നുമുള്ള വസ്തുത ആർ. എസ്. എസ്സിന്റെ താത്വികാചാര്യന്മാർക്കുപോലും മറച്ചുവെക്കാൻ കഴിയുന്നില്ലെന്നത്രേ ഈ നിരീക്ഷണം വ്യക്തമാക്കുന്നത്.

"എന്നാൽ, ക്രമേണ ജനങ്ങളുടെ ഉത്സാഹം മങ്ങിത്തുടങ്ങുകയും പ്രവർത്തിക്കാനുള്ള പ്രേരണാശക്തി മന്ദീഭവിക്കുകയും ചെയ്തു. അതിനെത്തുടർന്ന് വലിയ വ്യവസായശാലകളിൽ തൊഴിലാളികളെ തോക്കു ചൂണ്ടി നിർബന്ധിച്ചു ജോലിയെടുപ്പിക്കേണ്ടതായിവന്നു. രണ്ടാം ലോകമഹായുദ്ധത്തിൽ ഹിറ്റ്ലറുടെ ടാങ്കുകൾ റഷ്യയുടെ മണ്ണിൽകൂടി ചീറിപ്പാഞ്ഞു മുന്നേറിത്തുടങ്ങിയപ്പോൾ 'സാർവദേശീയത'യുടെയും'കമ്യൂണിസ'ത്തിന്റെയും മുദ്രാവാക്യങ്ങൾ റഷ്യൻ ജനതയെ ഉത്സാഹിപ്പിക്കുന്നതിൽ പരാജയപ്പെട്ടു." (പേജ് 31)

ഈ *വിചാരധാര*വാക്യങ്ങൾ അർധസത്യങ്ങളും അസത്യങ്ങളും നിറഞ്ഞതത്രേ. സോഷ്യലിസത്തിന്റെ തത്വങ്ങൾ കർശനമായി പാലിക്കുന്നതിലും വിമർശന–സ്വയംവിമർശനനിയമങ്ങൾ അവഗണിക്കുകയും സദാ നിതാന്തജാഗ്രത പുലർത്തുകയും ചെയ്യുന്നതിൽ ഭരണകൂടങ്ങൾക്കും ഭരണീയർക്കും കാലക്ര

മേണ വന്നുപെട്ട ഉദാസീനതയുടെയും അലസതയുടെയും ഫലമായാണ് ഇതു സംഭവിച്ചതെന്നാണ് അർധസത്യമായ ഈ ഖണ്ഡികയുടെ ആദ്യത്തെ രണ്ടു വാക്യങ്ങൾ. തൊട്ടടുത്ത വാക്യം ഗോൾവൽക്കർക്കു സഹജമായ ചരിത്രവക്രീകരണസ്വഭാവം വെളിപ്പെടുത്തുന്നു. ഇന്ത്യയുൾപ്പെടെ യുള്ള രാജ്യങ്ങൾക്ക് സ്വാതന്ത്ര്യം നൽകാൻ സാമ്രാജ്യത്വത്തിന് പ്രേരകമായിത്തീർന്ന സോവിയറ്റു യൂണിയന്റെ യുദ്ധവിജയചരിത്രത്തെ ഇങ്ങനെ വളച്ചൊടിച്ചു രേഖപ്പെടുത്താൻ ആർ. എസ്. എസ് നേതാവിനേ സാധിക്കൂ. രണ്ടാം ലോകമഹായുദ്ധത്തിൽ ഹിറ്റ്ലർ പരാജയനൈരാശ്യത്തിൽ ആത്മഹ ത്യയിലൂടെ ജീവൻ വെടിയുകയും സോവിയറ്റുയൂണിയൻ വിജയശ്രീപരിലാളിതമാവുകയുമാണ് ചെയ്തതെന്ന് കൊച്ചുകുട്ടികൾക്കുപോലുമറിയാം.

ഈ വസ്തുത *വിചാരധാര*ക്കാരനുമറിയായ്കയല്ല. സ്വന്തം ജനതയെ വിജയോന്മുഖതയിലേക്കു നയി ക്കാൻ സോവിയറ്റുയൂണിയന് സാധിച്ചത് ആർ. എസ്. എസ്സിന്റെ 'സമാജഭക്തി'കൊണ്ടാണെന്നു തോന്നും ഈ പ്രകരണോപസംഹാരപ്രസ്താവന കണ്ടാൽ: "മാതൃഭൂമിയോടും സമാജത്തോടും പാരമ്പര്യത്തോടു മുള്ള ഭക്തിഭാവമാണ് വ്യക്തിക്കു യഥാർഥസേവനത്തിനും ത്യാഗത്തിനും യഥാർഥപ്രചോദനമരുളു ന്നതെന്ന് ഇതിൽനിന്നു സ്പഷ്ടമാണ്." (പേജ് 31)

സാമ്രാജ്യമോഹിയായ ഹിറ്റ്ലറെ മാതൃകയായി ഉയർത്തിക്കാട്ടുന്ന ആർ. എസ്. എസ്. നേതാവിനുതന്നെ സാമ്രാജ്യത്വം ദേശീയാഭിലാഷങ്ങളെയും ലോകക്ഷേമത്തെയും സമന്വയിപ്പിക്കുന്നതിൽ വൻപരാജയ മായിരുന്നുവെന്നു സമ്മതിക്കേണ്ടിവന്നുവല്ലോ!

'ഹിന്ദുക്കളായ നമ്മുടെ പരിഹാരനിർദേശം' ഭൗതികവാദത്തെ അടിസ്ഥാനമാക്കിയുള്ളതല്ലാത്തതിൽ അത്ഭുത മില്ല. കാരണം, 'ഹിന്ദുക്കളായ നാം' ആർ. എസ്. എസ്. ആയതുകൊണ്ടുതന്നെ. ബഹുഭൂരിപക്ഷം വരുന്ന ഹിന്ദുക്കളും മുസ്ലീങ്ങളും ക്രിസ്ത്യാനികളും ബൗദ്ധരും ജൈനരും ശിഖരും മതത്തോട് വൈമുഖ്യമോ ഉദാ സീനതയോ പുലർത്തുന്നവരും ഭൗതികവാദത്തിൽ വിശ്വസിക്കുന്നവരോ ഭൗതികവാദത്തിൽ പറയുന്ന പല കാര്യങ്ങളോടും യോജിക്കുന്നവരോ എതിർക്കാൻവേണ്ടിയാണെങ്കിലും അത് ഗാഢമായി പഠിക്കുന്നവരോ ആണെന്നത് ഒരു വസ്തുതയാണ്. പരമ്പരാഗതമായി അംഗികരിക്കപ്പെട്ട ഒൻപതു ഭാരതീയദർശനങ്ങളിൽ മീമാംസ, സാംഖ്യം, യോഗം, ന്യായം, വൈശേഷികം, വേദാന്തം, ചാർവാകം (ലോകായതം), ബൗദ്ധം, ജൈനം എന്നിവയിൽ മീമാംസ, സാംഖ്യം, ന്യായം, വൈശേഷികം, ചാർവാകം, ബൗദ്ധം, ജൈനം എന്നിവ നിരീശ്വരവാദപരമാണ്. യോഗദർശനത്തിലെ ഈശ്വരവാദപരമായ സൂത്രങ്ങൾ പ്രക്ഷിപ്ത മെന്ന വാദം അംഗീകരിക്കുന്ന പക്ഷം അതും നിരീശ്വരംതന്നെ. വേദാന്തത്തിലെ അദ്വൈതശാഖ നിരീ ശ്വരമാണെന്നു സ്ഥാപിക്കാൻ കഴിയും. നിരതിശയമായ സുഖമിച്ഛിച്ച് ചെയ്യുന്ന യജ്ഞത്തിന്റെ ചർച്ചയായ മീമാംസ, പ്രകൃതിപരിണാമവാദമായ സാംഖ്യം, പ്രമാണവിചാരമായ ന്യായം, പദാർഥവിശകലനമായ വൈശേഷികം എന്നിവയുടെയും നാസ്തികദർശനങ്ങളെന്നു പ്രസിദ്ധമായ ചാർവാക–ബൗദ്ധ–ജൈ നങ്ങളുടെയും ഭൗതികവാദപരത നിസ്സംശയമത്രേ. ന്യായവും വൈശേഷികവും ന്യായ–വൈശേഷികം എന്ന പേരിൽ ഒരുമിച്ചുചേർന്നപ്പോൾ ആദ്യകാലത്ത് അത് നിരീശ്വരമായിരുന്നെങ്കിലും പിൽക്കാലത്ത് ഈശ്വരനുണ്ടെന്ന് അനുമാനപ്രമാണംകൊണ്ട് സമർഥിക്കുന്ന ദർശനമായിത്തീർന്നു. ഇപ്രകാരം പൊതു വിൽ നിരീശ്വരവാദത്തിനും ഭൗതികവാദത്തിനും പ്രാധാന്യമുള്ള ഭാരതീയഭൗതികവാദത്തെ ഗോൾവൽക്ക റെപ്പോലുള്ള ഒരു ഭാരതീയപണ്ഡിതന് എങ്ങനെ കണ്ടില്ലെന്നു നടിക്കാൻ കഴിയും? എങ്ങനെ പരിഹ സിച്ചുതള്ളാൻ കഴിയും? നമ്മുടെ പ്രാചീനരായ ഋഷികളെയും ജ്ഞാനത്തെയും പറ്റി അഭിമാനം കൊള്ളു ന്ന അദ്ദേഹത്തിന് കപിലനെയും കണാദനെയും എങ്ങനെ കണ്ടില്ലെന്നു നടിക്കാൻ പറ്റും? എങ്ങനെ സാംഖ്യത്തെയും വൈശേഷികത്തെയും അദ്വൈതേതരമായ മറ്റു സകലദർശനങ്ങളെയും ഖണ്ഡി ക്കുന്ന ശ്രീശങ്കരനെ ബഹുമാനിക്കാൻ സാധിക്കും? പാശ്ചാത്യമായ ഭൗതികവാദത്തെ ഭാരതീയനായ 'ഹിന്ദു' എതിർക്കാൻ 'ബാധ്യസ്ഥ'നാണെങ്കിലും ഭാരതീയരായ ഋഷികളുടെയും ജ്ഞാനികളുടെയും ഭൗതി കവാദത്തെ എതിർക്കാമോ? ഇവിടെപ്പറഞ്ഞ ഭാരതീയഭൗതികവാദദർശനങ്ങളെ 'ഇസ'ങ്ങളായി എങ്ങനെ പുച്ഛിച്ചു തള്ളാൻ ഗോൾവൽക്കർക്കു സാധിക്കും? ഭാരതീയഭൗതികവാദികളായ ഋഷികൾക്കും ജ്ഞാനി കൾക്കും 'ആന്തരികമായ സംയമം' ഉണ്ടാവില്ലെന്ന നിഗമനത്തിൽ അദ്ദേഹം എങ്ങനെയെത്തി?

*വിചാരധാര*യുടെ 34–ാം പേജിൽ പരാമർശിക്കപ്പെട്ട 'ഭൗതികത്വത്തേക്കാൾ ഉയർന്ന ഒരു തലത്തിലേക്ക് ദൃഷ്ടി തിരിച്ചുവിട്ട പ്രാചീനഹിന്ദുദാർശനിക'രുടെയോ, അവരിൽ ഒരാളുടെയെങ്കിലുമോ, പേരു പറഞ്ഞ് അവരുടെ/ അയാളുടെ ദാർശനികസംഭാവനകളുടെ രത്നച്ചുരുക്കമെങ്കിലും കാണിച്ചിരുന്നെങ്കിൽ ഗോൾവൽക്കറുടെ പ്രസ്താവനയ്ക്ക് അല്പമെങ്കിലും വിശ്വാസ്യത കൈവരുമായിരുന്നു.

"മാനവസമുദായമെന്ന സങ്കീർണസമഷ്ടിയിൽ ആ ഒരേയൊരു പൊതു അടിസ്ഥാനം അങ്ങനെ പ്രകടീഭവിക്കും? രാഷ്ട്രങ്ങളുടെ പ്രത്യേകസവിശേഷതകളെയെല്ലാം കളഞ്ഞ് ഏകരൂപമായി ഉരുട്ടിയെടുക്കുകയായിരിക്കു മോ അതിന്റെ ഫലം? അഥവാ മാനവരാശിയുടെ ആന്തരികമായ ഏകതയുടെ അനുഭൂതികൾ കൊണ്ടു തന്നെ സ്വന്തം വ്യക്തിപരമായ ദേശീയത്വം നില നിർത്തിക്കൊണ്ട് സൗഹൃദത്തിന്റെ ചേതനയിൽ അതു വിവി ധജനവിഭാഗങ്ങളെ ഒന്നിച്ചു കൊണ്ടുവരുമോ?" എന്ന രണ്ടാമത്തെ പ്രശ്നത്തിന്റെ 'ഹിന്ദു'പരിഹാരത്തിന്റെയും സ്ഥിതി ഇതുതന്നെ.

"ഇപ്രകാരം ചുരുക്കത്തിൽ വിവിധരാഷ്ട്രങ്ങളുടെ ഒരു സമഞ്ജസസമന്വയത്തിനുവേണ്ടിയാണ്, അല്ലാതെ അവയെ നിർമാർജനം ചെയ്യുന്നതിനല്ല നാം നിലകൊള്ളുന്നത്. എല്ലാ മനുഷ്യരെയും അവരുടെ വ്യക്തിപരമോ വിഭാഗീയമോ ആയ സ്വഭാവസവിശേഷതകളെയെല്ലാം മായ്ച്ചുകളഞ്ഞു ഭൗതികജീവിതത്തിന്റെ ഏറ്റവും താഴ്ന്ന നിലവാരത്തിൽ നിരപ്പാക്കി ഭരണകൂടമില്ലാത്ത അവസ്ഥ സൃഷ്ടിക്കുകയെന്ന ആശയം നമ്മെ സംബന്ധിച്ചിടത്തോളം തനി വൈദേശികമാണെന്നു പറയേണ്ടതില്ലല്ലോ. അതുകൊണ്ട് നാം വിഭാവനം ചെയ്യുന്ന ലോകഗവണ്മെണ്ട്, എല്ലാറ്റിനെയും കൂട്ടിയിണക്കുന്ന പൊതുവായ കേന്ദ്രത്തിന്റെ കീഴിലുള്ള സ്വയംഭരണാധികാരവും സ്വയം പര്യാപ്തതയുമുള്ള രാഷ്ട്രങ്ങളുടെ ഫെഡറേഷനിൽനിന്നാണ് രൂപം കൊള്ളുക." (പേജ് 36)

ഇവിടെ "എല്ലാ മനുഷ്യരെയും അവരുടെ വ്യക്തിപരമോ വിഭാഗീയമോ ആയ സ്വഭാവസവിശേഷതകളെയെല്ലാം മായ്ച്ചുകളഞ്ഞു ഭൗതികജീവിതത്തിന്റെ ഏറ്റവും താഴ്ന്ന നിലവാരത്തിൽ നിരപ്പാക്കി ഭരണകൂടമില്ലാത്ത അവസ്ഥ സൃഷ്ടിക്കുക"യെന്ന വാക്യഭാഗം സോഷ്യലിസത്തിന്റെ ആദ്യപടിയെയാണ് വികൃതമാക്കി ചിത്രീകരിച്ചിരിക്കുന്നത്. 'വൈദേശിക'മായാലും അത് ബഹുജനങ്ങൾക്ക് സ്വീകാര്യമാണ്. വിപ്ലവാനന്തരറഷ്യയിൽ അരദശാബ്ദത്തിലേറെക്കാലവും ചൈനയിലും ക്യൂബ മുതലായ മറ്റു ചില കൊച്ചുരാജ്യങ്ങളിലും ഇന്നും വിജയകരമായി പരോഗമിക്കുന്നതുമാണ്. അവിടെയൊന്നും 'ഹിന്ദുസമാജ'മല്ല അന്നും ഇന്നുമെന്നു പറയേണ്ടതില്ലല്ലോ. "നാം വിഭാവനം ചെയ്യുന്ന ലോകഗവണ്മെണ്ട്, എല്ലാറ്റിനെയും കൂട്ടിയിണക്കുന്ന പൊതുവായ കേന്ദ്രത്തിന്റെ കീഴിലുള്ള സ്വയംഭരണാധികാരവും സ്വയം പര്യാപ്തതയുമുള്ള രാഷ്ട്രങ്ങളുടെ ഫെഡറേഷനിൽനിന്നാണ് രൂപം കൊള്ളുക" എന്നു പറഞ്ഞതിൽ 'ലോകഗവണ്മെന്റ്' ഇതുവരെ വന്നിട്ടില്ല; ഇന്ത്യയിൽ മൂന്നു തവണ കേന്ദ്രഭരണം കിട്ടിയിട്ടും "എല്ലാറ്റിനെയും കൂട്ടിയിണക്കുന്ന പൊതുവായ കേന്ദ്രത്തിന്റെ കീഴിലുള്ള സ്വയംഭരണാധികാരവും സ്വയം പര്യാപ്തതയുമുള്ള രാഷ്ട്രങ്ങളുടെ ഫെഡറേഷ"നും ഗോൾവൽക്കറുടെ ഏട്ടിൽ കിടക്കുന്നതേയുള്ളൂ. കേന്ദ്രംഭരണമെല്ലാം കോർപ്പറേറ്റുകളെ ഏല്പിച്ചിരിക്കയാണ്. പ്രജകളുടെ ഭാരം കൂട്ടുകയാണ് പ്രധാനഭരണകൃത്യം. യോഗി ആദിത്യനാഥ് ഭരിക്കുന്ന ഉത്തരപ്രദേശാണ് ഏറ്റവും മോശം സംസ്ഥാനമെന്ന പൊതുവിലയിരുത്തലാണ് ഏറ്റവും പുതിയ വാർത്ത! അപ്പോഴും യോഗി സ്വാതന്ത്ര്യദിനം ജന്മാഷ്ടമിയായി ആഘോഷിക്കുന്നു! 'മോന്തായം വളഞ്ഞാൽ അറുപത്തിനാലും വളയും' എന്നു പറഞ്ഞപേലെ, പ്രധാനമന്ത്രി സ്വാതന്ത്ര്യദിനസന്ദേശത്തിൽ  ഇന്ത്യ എന്നോ ഭാരതമെന്നോ പറയാൻ കൂട്ടാക്കിയില്ലല്ലോ. ആർ. എസ്. എസ്സുകാരനായ അദ്ദേഹത്തിന് 'ഹിന്ദുസ്ഥാ'നാണ് ഭാരതം അഥവാ ഇന്ത്യ.

"അതുകൊണ്ട് ഹിന്ദുജനതയെ സംബന്ധിച്ച് അവരുടെ തനതായ ദേശീയപ്രതിഭയ്ക്കനുസൃതമായ രീതിയിൽ പുനഃസംഘടിപ്പിക്കുകയെന്ന രാഷ്ട്രീയസ്വയംസേവകസംഘം സ്വീകരിച്ചിട്ടുള്ള മഹത്തായ ദൗത്യം ഭാരതത്തിന്റെ യഥാർഥരാഷ്ട്രപുനരുത്ഥാനത്തിന്റെ മഹാപ്രക്രിയ മാത്രമല്ല, ലോകൈകൃത്തിന്റെയും മാനവക്ഷേമത്തിന്റെയും സ്വപ്നം സാക്ഷാൽക്കരിക്കുന്നതിനുള്ള അനിവാര്യമായ മുന്നുപാധികൂടിയാണെന്നു വ്യക്തമാണ്; കാരണം, നാം കണ്ടുകഴിഞ്ഞപോലെ, മാനവസാഹോദര്യത്തിന്റെ സനാതനമായ അടിസ്ഥാനത്തെ പ്രദാനം ചെയ്യാൻ ഹിന്ദുക്കളുടെ സമസ്തലോകൈകഭാവനയ്ക്കു മാത്രമേ കഴിയുകയുള്ളൂ." (പേജ് 36)

ആർ. എസ്. എസ്സിന്റെ ഈ 'മഹത്തായ ദൗത്യം' മൂന്നു തവണ ഇന്ത്യയിൽ കേന്ദ്രത്തിലും പല ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും ജനങ്ങൾ അനുഭവിച്ചു മടുത്തു. വിടവാങ്ങൽപ്രസംഗത്തിൽ മുൻഉപരാഷ്ട്രപതി ഹമീദ് അൻസാരി പറഞ്ഞതുപോലെ ഇന്ത്യയിൽ പലേടത്തും മുസ്ലീങ്ങളും ദളിതരും അരക്ഷിതാവസ്ഥയിലാണ്. ആർ. എസ്. എസ്സിന്റെ പശുസംരക്ഷകവിഭാഗമാണ് അവരെ പീഡിപ്പിക്കുകയും കൊല്ലുകയും ചെയ്യുന്നതെന്നാണ് ദൃശ്യശ്രാവ്യമാധ്യമങ്ങളിൽ സർവത്ര. ഈ മാധ്യമങ്ങളിൽ മിക്കതും മോദിഭരണത്തിന്റെ ശീതളച്ഛായയിൽ പരിലാളിതരാണെങ്കിലും അവയ്ക്കും മറച്ചുവെക്കാനാവാത്തത്ര ഭയാനകമാണ് അവസ്ഥ. രണ്ടുകോടി തൊഴിൽ നൽകുമെന്നും നാട്ടിലും വിദേശത്തുമുള്ള കള്ളപ്പണം കണ്ടെത്തി പതിനഞ്ചു ലക്ഷം  രൂപ വീതം ഓരോ പൗരനും പൗരിക്കും തരുമെന്നായിരുന്നു അധികാരത്തിലെത്തുമ്പോൾ ആർ. എസ്. എസ്. നിയന്ത്രിക്കുന്ന മോദിഭരണത്തിന്റെ വാഗ്ദാനം. പ്രതിമാസം നടത്തുന്ന മൻ കീ ബാത്തിലോ പാർലിമെന്റിലോ ഇതേക്കുറിച്ചൊന്നും മിണ്ടാട്ടമേയില്ല. ഇതൊന്നും താൻ പറഞ്ഞതല്ലെന്നാണ് പ്രധാനമന്തിയുടെ ഭാവം!

**പാശ്ചാത്യരുടെ ഭൗതികതയും ഭാരതത്തിന്റെ ആത്മീയതയും**

"അതിനാൽ പാശ്ചാത്യർ ഭൗതികലോകത്തിന്റെ രഹസ്യങ്ങൾ എത്രയേറെ അനാവരണം ചെയ്തു കാണിച്ചിട്ടുണ്ടെങ്കിലും ആധ്യാത്മികലോകത്തിന്റെ ജ്ഞാനത്തെയും അനുഭൂതികളെയും സംബന്ധിച്ച് അജ്ഞരായിത്തന്നെ തുടരുകയാണ്. നേരെമറിച്ച്, അതീന്ദ്രിയമണ്ഡലത്തിലേക്കു കടന്നുചെന്ന നമ്മുടെ പൂർവികന്മാർക്ക് അന്തർദൃഷ്ടി ലഭിക്കുകയും മഹത്തായ ആന്തരികസത്യത്തിന്റെ ദർശനം ലഭിക്കുകയും ചെയ്തു." (പേജ് 38)

എന്നിട്ടെന്താ ഫലം? പാശ്ചാത്യർ ഭൗതികലോകത്തിന്റെ രഹസ്യങ്ങൾ അനാവരണം ചെയ്തു കാണിച്ചുവെന്ന് കഷ്ടിച്ചു സമ്മതിച്ചല്ലോ! ആധ്യാത്മികലോകത്തെപ്പറ്റി അവർ അജ്ഞരാണെന്നു പറഞ്ഞു

ഗോൾവൽക്കർ പരിഹാസ്യനാവേണ്ടിയിരുന്നില്ല! പ്രാചീനഗ്രീക്കുനാഗരികതയെപ്പറ്റി തനിക്കുള്ള അജ്ഞത ഇത്ര പരസ്യമാക്കിയത് അധികം പേർ അറിയേണ്ട. ഹെഗൽ, മാർക്സ് മുതലായ മഹാജ്ഞാനികൾ ആധ്യാത്മികതയെപ്പറ്റി ഒന്നുമറിയാത്തവരാണെന്ന് അവരുടെ ഏതെങ്കിലും കൃതി അല്പമെങ്കിലും വായിച്ചിരുന്നെങ്കിൽ മനസ്സിലാക്കാമായിരുന്നു. പാശ്ചാത്യർ ഭൗതികതയെപ്പറ്റിമാത്രം അറിവുള്ളവർ, ഭാരതിയർ ആധ്യാത്മികതയുടെ കുത്തകക്കാർ എന്ന തരംതിരിവിലൊന്നും ഒരു കഴമ്പുമില്ലെന്ന് രണ്ടിനെക്കുറിച്ചും അല്പമെങ്കിലും അറിയുന്നവർ വിലയിരുത്തും.

"ഇന്നാട്ടിൽ മാത്രമാണ് മനുഷ്യസ്വഭാവത്തിന്റെ നിഗൂഢതകളെ അനാവരണം ചെയ്ത ഋഷികളും മുനികളും ദാർശനികരും തത്വചിന്തകരും അനാദികാലം മുതൽ തലമുറയ്ക്കു പിന്നാലെ തലമുറയായി ഉദയം ചെയ്തതും ആത്മാവിന്റെ അഗാധതയിലാണ്ടുമുങ്ങി മഹത്തായ ആ ഏകീകരണശക്തിയെ സാക്ഷാൽക്കരിക്കാൻവേണ്ടി വിജ്ഞാനത്തെ കണ്ടെത്തി പരിപൂർണമാക്കിയതും എന്നു ചരിത്രം രേഖപ്പെടുത്തുന്നു." (പേജ് 37)

ഏതു ചരിത്രമാണാവോ ഈ അസംബന്ധങ്ങളൊക്കെ രേഖപ്പെടുത്തിയത്! ഇത്തരം പൊങ്ങച്ചം പറയൽ *വിചാരധാര*യിൽ പലേടത്തും കാണാം. അവയെപ്പറ്റി മഹാകവി ഇടശ്ശേരി മുൻപേ പറഞ്ഞുവെച്ചിട്ടുണ്ട്:

"ഇത്തറവാടിത്തഘോഷണത്തെപ്പോലെ

വൃത്തികെട്ടിട്ടില്ല മറ്റൊന്നുമൂഴിയിൽ!"

"നമ്മുടെ സുദീർഘബാഹുക്കൾ കൊളംബസ് അമേരിക്ക 'കണ്ടുപിടിച്ച'തിന് എത്രയോ മുൻപുതന്നെ, ഒരുവശത്ത് അമേരിക്ക വരെയും മറുവശത്ത് ചൈന, ജപ്പാൻ, കമ്പോഡിയാ, മലയാ, സയാം, ഇന്തോനേഷ്യ തുടങ്ങിയുള്ള എല്ലാ തെക്കുകിഴക്കനേഷ്യൻ രാജ്യങ്ങളിലും വടക്കു സൈബീരിയ, മംഗോളിയ വരെയും നീട്ടിയിരുന്നു. നമ്മുടെ പ്രബലമായ രാഷ്ട്രീയസാമ്രാജ്യവും (പൊളിറ്റിക്കൽ എംപയർ) ഈ തെക്കുകിഴക്കൻ പ്രദേശങ്ങളിൽ വ്യാപിച്ച് 1400 വർഷങ്ങളോളം തുടർന്നുപോയി. ശൈലേന്ദ്രസാമ്രാജ്യം ഒറ്റയ്ക്ക് 700–ൽപരം വർഷങ്ങൾ ചീനയുടെ കടന്നുകയറ്റത്തിന്നെതിരായ ശക്തിദുർഗമായി പരിലസിച്ചിരുന്നു." (പേജ് 38–39)

ഹിന്ദുവിന്റെ സുദീർഘബാഹുക്കൾ കരതലാമലകമാക്കിയ ഈ ശൈലേന്ദ്രസാമ്രാജ്യത്തെപ്പറ്റിയും പ്രബലമായ ലോകസാമ്രാജ്യത്തെപ്പറ്റിയുമമൊക്കെ അറിഞ്ഞിരുന്നെങ്കിൽ ആ ക്രിസ്ത്യാനി (കൊളമ്പസ്) അമേരിക്ക വീണ്ടും കണ്ടുപിടിക്കില്ലായിരുന്നു!

**ഭരതീയസംസ്കാരത്തോട് പുച്ഛം**

"വിദേശജനതയോ വിദേശസംസ്കാരമോ ആധിപത്യം അടിച്ചേല്പിച്ചിരുന്നതിന്റെയോ ചൂഷണം നടത്തിയിരുന്നതിന്റെയോ ലാഞ്ഛനപോലും അവിടെ ഉണ്ടായിരുന്നുവെങ്കിൽ അതിന്റെ അനിവാര്യഫലമായി സ്ഥലത്തെ ജനങ്ങൾ ബഹളമുയർത്തുകയോ അവരെ തുരത്തുകയോ ചെയ്യുമായിരുന്നു. എന്നാൽ അത്തരം സംഭവങ്ങളൊന്നും ആ നൂറ്റാണ്ടുകളിൽ അവിടെ നടന്നില്ല. നേരെമറിച്ച് ആ ജനങ്ങളെല്ലാം നമ്മോടു കൃതജ്ഞതയുള്ളവരായിത്തീരുകയാണു ചെയ്തത്. അവർ നമ്മുടെ രാഷ്ട്രത്തെ ആരാധിക്കുകയും ഗംഗാതീരത്തുവെച്ച് തങ്ങളുടെ നശ്വരശരീരത്തിന്റെ ത്യാഗത്തിനാഗ്രഹിക്കുകയും ചെയ്തു. ഇസ്ലാം മതം, ക്രിസ്തുമതം, ഇന്നത്തെ കമ്യൂണിസം, മറ്റു രാജ്യങ്ങളിലെ ലോകജേതാക്കൾ എന്നിവരുടെ ജൈത്രയാത്രകളുടെ രക്തപങ്കിലമായ ചരിത്രത്തിൽനിന്ന് തികച്ചും വ്യത്യസ്തമായി ഇതു പരിലസിക്കുന്നു. ഇന്നും ആ ജനങ്ങളിൽ ഭൂരിപക്ഷത്തിന്റെയും അടിസ്ഥാനപരമായ ജീവിതമാതൃക ഹിന്ദുവിന്റേതാണ്, അവർ ഹിന്ദുനാമധാരികളാണ്. ഇന്ന് അവരിൽ പലരും മുസ്ലീം മതാനുയായികളായെങ്കിലും ഹിന്ദുപാരമ്പര്യത്തിൽ അഭിമാനം കൊള്ളുന്ന ഒട്ടേറെ പേരെ നമുക്കവിടെ കാണാം." (പേജ് 39)

ഈ ഹിന്ദുപാരമ്പര്യത്തെപ്പറ്റിയോ ഹിന്ദുനാമധാരികളായ മുസ്ളീംമതാനുയായികളെപ്പറ്റിയോ ലോകചരിത്രത്തിലൊന്നും കാണുന്നില്ലല്ലോ! ഇതെല്ലം ആർ. എസ്. എസ്. പ്രമുഖന്റെ ഭാവനാസന്താനങ്ങൾ മാത്രമാണെന്നനുമാനിക്കാം.

"എങ്കിലും ഇത്രയും മഹത്തായൊരു പാരമ്പര്യത്തെ അതിന്റെ സ്വന്തം സന്തതികൾതന്നെ ഇന്ന് അപലപിക്കുകയും തള്ളിക്കളയുകയും ചെയ്യുന്നു. നമ്മുടെ പ്രാചീനാദർശങ്ങളെയും പാരമ്പര്യങ്ങളെയും പുച്ഛിച്ചുതള്ളുന്നതും മറ്റ് ആധുനിക 'ഇസ'ങ്ങളുടെ അച്ചിൽ നമ്മുടെ സമാജത്തെ ഉരുക്കിവാർക്കുന്നതിനെപ്പറ്റി സംസാരിക്കുന്നതും ഇപ്പോൾ പരിഷ്കാരമായി തീർന്നിരിക്കുന്നു. നമ്മുടെ ആന്തരികസ്വഭാവത്തെ നൈസർഗികമായി വിടരാനനുവദിക്കാതെ ജീവിതമാതൃക ഉപേക്ഷിച്ച് മറ്റൊന്നു പകരം വെക്കാനുള്ള അത്തരം ശ്രമങ്ങളുടെയെല്ലാം പരിണതഫലം അധഃപതനമായിരിക്കും." (പേജ് 40)

സന്തതികൾക്ക് സ്വയം തോന്നാത്ത പാരമ്പര്യമഹത്വം ഗോൾവൾക്കർ പറഞ്ഞതുകൊണ്ട് അവർ അംഗീകരിക്കണമെന്നുണ്ടോ? അവർ തങ്ങൾക്കു സമ്മതമായ വിധത്തിൽ സമൂഹത്തെ ഉടച്ചുവാർക്കാൻ ശ്രമിക്കുന്നതിന് അവരെ കുറ്റപ്പെടുത്തുകയോ ശപിക്കുകയോ ചെയ്തിട്ട് കാര്യമില്ല.

മാത്രമല്ല, ഒന്നാന്തരം ഗോൾവൾക്കറിസ്റ്റായ മോദിതന്നെ ഒരഞ്ചുകൊല്ലക്കാലാവധി പൂർത്തിയാക്കിയും രണ്ടാമഞ്ചുകൊല്ലത്തിലേക്ക് കടന്നുംകൊണ്ട് ഭരിച്ചിട്ടും ഈ 'കുറ്റപ്പെടുത്തലും ശാപവും' തുടർന്നുകൊണ്ടേയിരിക്കുന്നു!

**സോഷ്യലിസത്തിന്റെ അപര്യാപ്തത**

'ആധുനികപുരോഗമനസമൂഹങ്ങളെന്ന് സ്വയം അഭിമാനിക്കുന്ന ചില ലോകരാഷ്ട്രങ്ങൾ' സോവിയറ്റ് യൂണിയൻ, കിഴക്കൻ യൂറോപ്പ്, ചൈന മുലായ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളാണ്. അവിടങ്ങളിലെ ജീവിതത്തിന്റെ മുഖ്യതത്വം ഭൗതികസുഖം തേടലാണെന്ന് ഗോൾവൾക്കറെ ആരാണ് ധരിപ്പിച്ചത്? അവിടെ പോയി വന്ന എസ്. കെ. പൊറ്റെക്കാട്, വൈലോപ്പിള്ളി മുതലായ സാഹിത്യകാരന്മാർ ഭൗതികവും ആത്മീയവുമായ മണ്ഡലങ്ങളിൽ അവിടെ നിറഞ്ഞുനിന്നിരുന്ന സമൃദ്ധിയെയാണ് വാഴ്ത്തിയത്. എം. ജി. എസ്. നാരായണനെപ്പോലെ സോഷ്യലിസത്തോട് അത്രയൊന്നും മമതയില്ലാത്ത എഴുത്തുകാരും മോസ്കോ യൂനിവേഴ്സിറ്റിയിൽ താനനുഭവിച്ച മികച്ച ഗവേഷണസൗകര്യങ്ങൾ എടുത്തുപറയുകയുണ്ടായി. മത്സരപ്രക്രിയയ്ക്ക് അവിടെ അവസരമുണ്ടായിരുന്നില്ലെന്നാണ് അനുഭവസ്ഥർ പറഞ്ഞുകേട്ടിട്ടുള്ളത്. അഴിഞ്ഞാട്ടപ്രവണതകൾ, സോവിയറ്റ് യൂണിയന്റെ പതനത്തിനു മുൻപ് ഉണ്ടായിട്ടില്ല – മുതലാളിത്ത–സാമ്രാജ്യത്വരാജ്യങ്ങളെ അപേക്ഷിച്ച് വിശേഷിച്ചും. അതിനു മുൻപാണല്ലോ *വിചാരധാര*യുടെ രചന. ആ നിലയ്ക്ക് ഗോവൾക്കർ കേട്ട കാര്യങ്ങൾ അമ്പേ തെറ്റാണ്.

"ഭോഗലാലസയോടെ ജീവിക്കാനുള്ള പൂർണസ്വാതന്ത്ര്യമാണ് അഴിഞ്ഞാട്ടപ്രവണത. കടിഞ്ഞാണില്ലാത്ത തോന്നിയവാസം തന്നെ. സാമൂഹ്യചട്ടക്കൂടിന്റെ വിനാശമാണ് ഇതിന്റെ ഫലം." (പേജ് 41)

സോഷ്യലിസ്റ്റു സമൂഹങ്ങളെപ്പറ്റിയാണിതു പറയുന്നത്. മുൻപു പറഞ്ഞതുതന്നെ ഇതിന്റെയും മറുപടി.

"സമൂഹത്തെ സചേതനമായ സമഷ്ടിയായും ഓരോ വ്യക്തിയും അതിന്റെ അവയവമായും കണക്കാക്കപ്പെടുമ്പോൾ മാത്രമേ ശരിയായി കൂട്ടിച്ചേർക്കുന്ന സാമൂഹ്യബോധം വ്യക്തിക്കുള്ളിൽ പതിഞ്ഞുറയ്ക്കൂ. അപ്പോൾ മാത്രമേ വഴിതെറ്റിപ്പോകുന്ന സ്വന്തം പ്രവണതകൾക്ക് കടിഞ്ഞാണിടാനും അവയെ സമൂഹത്തിന്റെ താല്പര്യങ്ങളുമായി സമരസപ്പെടുത്താനും അവനു കഴിയൂ. ഹിന്ദുദർശനങ്ങൾ ഇതുതന്നെയാണ് പറയുന്നത്." (പേജ് 42)

'ഹിന്ദു'ദർശനങ്ങളുടെ സഹായമില്ലാതെതന്നെ സോഷ്യലിസ്റ്റുരാഷ്ട്രങ്ങളിലെ ജനങ്ങൾ ഇക്കാര്യം സാധിച്ചിരിക്കുന്നു. അതുകൊണ്ടുതന്നെ 'ഹിന്ദു'വിന്റെ ഈ അവകാശവാദം പരിഹാസ്യമത്രേ.

**അമേരിക്കയുടെ മനുഷ്യത്വരാഹിത്യം**

"അമേരിക്കയുടെ ഉത്ഭവം മനുഷ്യത്വഹീനമായ ഇക്കാര്യങ്ങളെയാണ് ഓർമയിൽ കൊണ്ടുവരുന്നത്. യൂറോപ്പിൽനിന്നു പലരും ഭൗതികസമ്പത്തും സുഖവും നേടാനായി ആ ഭൂമണ്ഡലത്തിലേക്കു കപ്പൽ കയറുകയും അവിടെ അധിവാസം ഉറപ്പിക്കുകയും ചെയ്തു. ഈ പ്രക്രിയയിൽ അവിടത്തെ ശരിയായ നാട്ടുകാരെ അവർ ഉന്മൂലനാശം ചെയ്തു... പാശ്ചാത്യർ എവിടെയെല്ലാം പോയിട്ടുണ്ടോ, ആസ്ത്രേലിയയായാലും അമേരിക്കയായാലും തെക്കെ അമേരിക്കയായാലും അവരവിടെയെല്ലാം കൂട്ടക്കൊലകളുടെയും ഭയങ്കരമായ നാശങ്ങളുടെയും പരമ്പര തന്നെ സൃഷ്ടിച്ചിട്ടുണ്ട്... റഷ്യ, ചൈന തുടങ്ങിയ കമ്യൂണിസ്റ്റ് ഏകാധിപത്യരാജ്യങ്ങളുടെയും കഥ വിഭിന്നമല്ല. ഒരുപക്ഷേ അവരുടെ പദപ്രയോഗങ്ങൾ മാറുമെങ്കിലും അവരുടെ പദ്ധതികളുടെ ഏകലക്ഷ്യവും ഉദ്ദേശ്യവും 'ജീവിതനിലവാരമുയർത്തുക' എന്നതുതന്നെയാണ്." (പേജ് 44)

അമേരിക്കയുടെ മനുഷ്യത്വഹീനമായ ചെയ്തികളെന്നതിനേക്കാൾ ഇവയൊക്കെ സാമ്രാജ്യത്വത്തിന്റെ ചെയ്തികളെന്നു പറയുന്നതാണ് ശരി. റഷ്യ, ചൈന തുടങ്ങിയ സോഷ്യലിസ്റ്റുരാഷ്ട്രങ്ങളിലും ഇതുതന്നെയാണ് സ്ഥിതി എന്ന പ്രസ്താവന വസ്തുതാപരമല്ല. ഇത് മുൻപ് വിവരിച്ചതാണ്. ആർ. എസ്. എസ്സിനു വേണ്ടപ്പെട്ട അമേരിക്കയെ കുറ്റപ്പെടുത്തിയത് സന്തുലിതപ്പെടുത്താനാവണം സോഷ്യലിസ്റ്റുരാഷ്ട്രങ്ങളെയും ആക്ഷേപിച്ചത്. ജീവിതനിലവാരമുയർത്തുകയെന്നത് ബഹുജനങ്ങളെ സംബന്ധിച്ചിടത്തോളം ആവശ്യംതന്നെയാണ്. ഗോൾവൾക്കർ ആ ശൈലിയെ പരിഹസിക്കുന്നതിൽ അത്ഭുതമില്ല. അദ്ദേഹത്തിന് പാവപ്പെട്ട അധ്വാനിക്കുന്ന ബഹുജനങ്ങളെ പുച്ഛമാണല്ലോ!

"അങ്ങനെ ഈ അഴിഞ്ഞാട്ടപ്രവണതകളു മത്സരങ്ങളും എന്ന ആധുനികപാശ്ചാത്യസമുദായത്തിന്റെ രണ്ടു മുഖ്യവശങ്ങൾ മനുഷ്യരാശിയെ സമാധാനത്തിൽനിന്നും സൗഖ്യത്തിൽനിന്നും ബഹുദൂരം അകറ്റിയ

തായി കാണാവുന്നതാണ്.” (പേജ് 44)

അഴിഞ്ഞാട്ടപ്രവണതകൾ ആധുനികപാശ്ചാത്യസമുദായത്തിലേ ഉള്ളൂ എന്നു തോന്നും ഇതു കേട്ടാൽ. ആർഷഭാരതത്തിലും ആധുനികഭാരതത്തിലും അവ ഒട്ടും കുറവായിരുന്നില്ല, കുറവല്ല, എന്ന് പുരാണേതിഹാസങ്ങളും ഇപ്പോഴത്തെ സംഘപരിവാർ വിളയാട്ടങ്ങളെപ്പറ്റിയുള്ള വാർത്തകളും ആവോളം തെളിയിക്കുന്നുണ്ട്. കൊള്ളയ്ക്കും കവർച്ചയ്ക്കും പിടിച്ചുപറിയ്ക്കും സദാചാരപരമായ അധഃപതനങ്ങൾക്കുമൊക്കെ ദരിദ്രരെയും ദളിതരെയും ആദിവാസികളെയുമാണ് കുറ്റപ്പെടുത്താറ്. ഇപ്പോൾ അവരൊക്കെ വിദ്യ നേടാൻ ശ്രമിക്കുകയും എല്ലാ നിലയ്ക്കും നല്ല നില കൈവരിക്കാൻ ഉത്സാഹിക്കുകയുമാണ്. ആരോഗ്യകരമായ മത്സരങ്ങളിൽ, സവർണസമ്പന്നഭരണഭീകരതകളെ അതിജീവിച്ച്, അധഃകൃതരുൾപ്പെടെയുള്ള അവർ വിജയിച്ചു മുന്നേറുകയാണ്.

**ആഗ്രഹങ്ങളുടെ അതിരില്ലായ്മ**

“‘ന ജാതു കാമഃ കാമാനാം ഉപഭോഗേന ശാമ്യതി’ (*മഹാഭാരതം* ആദിപർവം, 75–76. ഇന്ദ്രിയപരമായ ഭോഗംകൊണ്ട് ആഗ്രഹങ്ങൾ ശമിക്കുന്നില്ല) എന്നു നമ്മുടെ ശാസ്ത്രങ്ങൾ പറഞ്ഞിട്ടുണ്ട്... ആധുനിക മനുഷ്യൻ ഇന്നു ചെന്നുപെട്ടിട്ടുള്ള വിഷമാവസ്ഥ ഇതുതന്നെയാണ്. ഇവിടെ സ്ഥായിയായ പരിഹാരത്തിന് ഹിന്ദുദർശനങ്ങൾ മുന്നോട്ടു വരുന്നു... ഭോഗങ്ങൾ നമുക്കു തരുന്ന ആനന്ദം അല്പസമയത്തിനുള്ളിൽ അവസാനിക്കുകയും നമ്മെ സങ്കടത്തിലും മോഹഭംഗത്തിലുമെത്തിക്കുകയുമാണു ചെയ്യുക.” (പേജ് 45–46)

‘നമ്മുടെ ഹിന്ദുദർശനങ്ങ’ളുടെ സഹായമില്ലാതെതന്നെ മുൻപറഞ്ഞ പാവപ്പെട്ട അധ്വാനിക്കുന്ന ജനങ്ങൾ ഭോഗലാലസയിൽനിന്നും മോഹഭംഗത്തിൽനിന്നും മുക്തരാവാൻ പരിശ്രമിക്കുകയും വിജയം വരിക്കുകയും ചെയ്തുവരുന്നുണ്ട്. മുതലാളിത്തസാമ്രാജ്യത്വകോർപ്പറേറ്റുശക്തികളുടെ സ്വാധീനത്തിൽപ്പെട്ടവരാണ് ഈ രണ്ടു ദോഷങ്ങളിലും പെട്ടുഴലുന്നതെന്ന് കണ്ണുള്ളവർക്കൊക്കെ കാണാം.

“പരസ്സഹസ്രം വർഷങ്ങളായിട്ടുള്ള നമ്മുടെ ദേശീയജീവിതാനുഭവം, അപരിമിതമായ ഭോഗവാസനകൾക്കുള്ള അമിതവാഞ്ഛയും അതിന്റെ സംതൃപ്തിക്കായുള്ള മത്സരാത്മകമായ ആക്രാമകഭാവവും ഒരിക്കലും സൗഖ്യത്തിലേക്കു നയിക്കുകയില്ലെന്നു പറഞ്ഞുതരുന്നുണ്ട്. ആത്മനിയന്ത്രണത്തിന്റെ സാധനാപാഠമാണത്. സാമൂഹ്യഘടനയുടെ സംരക്ഷണത്തിനും വ്യക്തിയുടെ വികാസത്തിനും ഒരുപോലെ വേണ്ട ഗുണമാണിത്. ആത്മനിയന്ത്രണത്തിന്റെ ഈ ഭാവനയെ ഊട്ടിയുറപ്പിക്കുന്നതിനുവേണ്ടിയാണ്  ണേതിഹാസങ്ങളും ഇപ്പോഴത്തെ സംഘപരിവാർ വിളയാട്ടങ്ങളെപ്പറ്റിയുള്ള വാർത്തകളും ആവോളം തെളിയിക്കുന്നുണ്ട്. കൊള്ളയ്ക്കും കവർച്ചയ്ക്കും പിടിച്ചുപറിയ്ക്കും സദാചാരപരമായ അധഃപതനങ്ങൾക്കുമൊക്കെ ദരിദ്രരെയും ദളിതരെയും ആദിവാസികളെയുമാണ് കുറ്റപ്പെടുത്താറ്. ഇപ്പോൾ അവരൊക്കെ വിദ്യ നേടാൻ ശ്രമിക്കുകയും എല്ലാ നിലയ്ക്കും നല്ല നില കൈവരിക്കാൻ ഉത്സാഹിക്കുകയുമാണ്. ആരോഗ്യകരമായ മത്സരങ്ങളിൽ, സവർണസമ്പന്നഭരണഭീകരതകളെ അതിജീവിച്ച്, അധഃകൃതരുൾപ്പെടെയുള്ള അവർ വിജയിച്ചു മുന്നേറുകയാണ്.

**ആഗ്രഹങ്ങളുടെ അതിരില്ലായ്മ**

“‘ന ജാതു കാമഃ കാമാനാം ഉപഭോഗേന ശാമ്യതി’ (*മഹാഭാരതം* ആദിപർവം, 75–76. ഇന്ദ്രിയപരമായ ഭോഗംകൊണ്ട് ആഗ്രഹങ്ങൾ ശമിക്കുന്നില്ല) എന്നു നമ്മുടെ ശാസ്ത്രങ്ങൾ പറഞ്ഞിട്ടുണ്ട്... ആധുനിക മനുഷ്യൻ ഇന്നു ചെന്നുപെട്ടിട്ടുള്ള വിഷമാവസ്ഥ ഇതുതന്നെയാണ്. ഇവിടെ സ്ഥായിയായ പരിഹാരത്തിന് ഹിന്ദുദർശനങ്ങൾ മുന്നോട്ടു വരുന്നു... ഭോഗങ്ങൾ നമുക്കു തരുന്ന ആനന്ദം അല്പസമയത്തിനുള്ളിൽ അവസാനിക്കുകയും നമ്മെ സങ്കടത്തിലും മോഹഭംഗത്തിലുമെത്തിക്കുകയുമാണു ചെയ്യുക.” (പേജ് 45–46)

‘നമ്മുടെ ഹിന്ദുദർശനങ്ങ’ളുടെ സഹായമില്ലാതെതന്നെ മുൻപറഞ്ഞ പാവപ്പെട്ട അധ്വാനിക്കുന്ന ജനങ്ങൾ ഭോഗലാലസയിൽനിന്നും മോഹഭംഗത്തിൽനിന്നും മുക്തരാവാൻ പരിശ്രമിക്കുകയും വിജയം വരിക്കുകയും ചെയ്തുവരുന്നുണ്ട്. മുതലാളിത്തസാമ്രാജ്യത്വകോർപ്പറേറ്റുശക്തികളുടെ സ്വാധീനത്തിൽപ്പെട്ടവരാണ് ഈ രണ്ടു ദോഷങ്ങളിലും പെട്ടുഴലുന്നതെന്ന് കണ്ണുള്ളവർക്കൊക്കെ കാണാം.

“പരസ്സഹസ്രം വർഷങ്ങളായിട്ടുള്ള നമ്മുടെ ദേശീയജീവിതാനുഭവം, അപരിമിതമായ ഭോഗവാസനകൾക്കുള്ള അമിതവാഞ്ഛയും അതിന്റെ സംതൃപ്തിക്കായുള്ള മത്സരാത്മകമായ ആക്രാമകഭാവവും ഒരിക്കലും സൗഖ്യത്തിലേക്കു നയിക്കുകയില്ലെന്നു പറഞ്ഞുതരുന്നുണ്ട്. ആത്മനിയന്ത്രണത്തിന്റെ സാധനാപാഠമാണത്. സാമൂഹ്യഘടനയുടെ സംരക്ഷണത്തിനും വ്യക്തിയുടെ വികാസത്തിനും ഒരുപോലെ വേണ്ട ഗുണമാണിത്. ആത്മനിയന്ത്രണത്തിന്റെ ഈ ഭാവനയെ ഊട്ടിയുറപ്പിക്കുന്നതിനുവേണ്ടിയാണ്

ചതുർവിധപുരുഷാർഥങ്ങളുടെ സങ്കല്പം ഉള്ളത്. ധർമാർഥകാമമോക്ഷങ്ങളെന്ന മനുഷ്യജീവിതലക്ഷ്യങ്ങൾ ആത്മനിയന്ത്രണമുള്ളതും സമതുലിതമായതും എല്ലാ വിധത്തിലും സ്വരച്ചേർച്ചയുള്ളതുമായ ജീവിതം നയിക്കുന്നതിനു സർവഥാ സഹായകമാണ്." (പേജ് 50)

ഈ രണ്ടു ഖണ്ഡികകളിൽ പരാമൃഷ്ടമായ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം, ഹിന്ദുദർശനങ്ങളുടെ സഹായമില്ലാതെ തന്നെ അവർ (പാവപ്പെട്ട അധ്വാനിക്കുന്ന ബഹുജനങ്ങൾ) സാധിച്ചിരിക്കുന്നു.

**ആർ. എസ്. എസ്സിന്റെ ഹിന്ദുഏകീകരണശ്രമം**

"സംഘം ഏറ്റെടുത്തിട്ടുള്ള ഹിന്ദുഏകീകരണമെന്ന ഈ ദൗത്യം മനുഷ്യരാശിക്കാകമാനമുള്ള പരമസുഖത്തിന്റെ പടിവാതിലുകൾ തുറക്കുകയെന്ന കാഴ്ചപ്പാടിൽനിന്നും പ്രേരണയുൾക്കൊണ്ടതാണ്. കാലം മുന്നോട്ടുപോകുമ്പോൾ ഇപ്പറയുന്ന 'ആധുനികപുരോഗാമി'സമൂഹങ്ങൾ ഈ പുണ്യഭൂമിയുടെ പൗരാണികവും എന്നാൽ ഇന്നും സജീവവുമായ വിജ്ഞാനത്തിൽ അഭയം പ്രാപിക്കുമെന്നു നമ്മൾക്കു പൂർണവിശ്വാസമുണ്ട്." (പേജ് 51)

'ഉണ്ണിയെ കണ്ടാലറിയാം ഊരിലെ പഞ്ഞം' എന്നുപറഞ്ഞപോലെ, ഇപ്പോഴത്തെ ഭാരതഭരണംകൊണ്ടു തന്നെ ആർ. എസ്. എസ്സിന്റെ ക്രിമിനൽസ്വഭാവവും ദളിതർക്കും ആദിവാസികൾക്കും മുസ്ലീങ്ങൾക്കും ക്രിസ്ത്യാനികൾക്കുമെതിരെ നടത്തുന്ന അക്രമങ്ങളും അവർക്കിടയിൽത്തന്നെയുള്ള കോഴത്തർക്കങ്ങളും അവർക്കെതിരെയുള്ള രാഷ്ട്രീയക്കൊലപാതകക്കേസ്സുകളും ജനങ്ങൾക്കു താങ്ങാൻ പറ്റാത്ത നിലയിലായിരിക്കുന്നു. അമിത് ഷാ–മോദിക്കൂട്ടുകെട്ട് ആഗ്രഹിക്കുന്നതുപോലെ അൻപതുകൊല്ലത്തേക്കുകൂടി നീളുകയും അവർക്കു ലോകരാജ്യങ്ങളുടെ മുഴുവൻ ഭരണവും നിയന്ത്രിക്കുകയും ചെയ്യുന്നതുകാണാൻ ഇടവരാതിരിക്കട്ടെ!

**രാജാധിപത്യവും ജനാധിപത്യവും**

"ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടുപോയ ശേഷം രാഷ്ട്രപുനർനിർമാണത്തിന്റെ ശരിയായ മാതൃകയായി ഏതു സ്വീകരിക്കണമെന്ന പ്രശ്നം വന്നു. 'ഇവയിൽ കൂടുതൽ പ്രാചീനമായത് ജനാധിപത്യമാണ്. യൂറോപ്യൻ രാജ്യങ്ങളിലെ കടിഞ്ഞാണില്ലാത്ത രാജവാഴ്ച്ചയുടെ നേരെയുള്ള എതിർപ്പിൽനിന്നാണതുടലെടുത്തത്. അന്നു വ്യക്തി 'ദൈവാംശഭൂതരായ' രാജാക്കന്മാരുടെ കൈയിൽ വെറുമൊരു കളിപ്പാവപോലെ, സ്വാതന്ത്ര്യമോ സ്വപ്രേരണയോ ഇല്ലാത്ത അടിമ മാത്രമായിരുന്നു. ജനങ്ങൾ ഇതിനെതിരായി ഉണർന്നു. 'രാജാക്കന്മാരുടെ ദൈവികാവകാശം' ഇല്ലായ്മ ചെയ്ത് രാജാക്കന്മാരുടെ അധികാരം എന്നെന്നേക്കുമായി തകർത്തുകളഞ്ഞു." (പേജ് 52)

ഗോൾവൽക്കർ മാതൃകയാക്കാറുള്ള രാജഭരണത്തിന്റെ പാശ്ചാത്യനാടുകളിലെ അവസ്ഥ ഇതിൽനിന്നു വ്യക്തമായല്ലോ. ഇന്ത്യയിലും ഏതാണ്ടിതുതന്നെയാണ് സ്ഥിതി എന്ന് ചരിത്രം പഠിച്ചവർക്കറിയാം.

"ഇപ്രകാരം 'വ്യക്തിസ്വാതന്ത്ര്യ'മെന്ന ശബ്ദായമാനമായ ആശയം സമർഥരായ ഒരു പിടിയാളുകൾക്ക്, ശേഷിച്ച ജനസാമാന്യത്തെ ചൂഷണം ചെയ്ത് നികൃഷ്ടമായ അടിമത്തത്തിൽ താഴ്ത്താനുള്ള സ്വാതന്ത്ര്യം മാത്രമായിത്തീർന്നു. ഈ വ്യവസായശാലകളിൽ പ്രവൃത്തിയെടുക്കുന്ന പുരുഷന്മാരും സ്ത്രീകളും കുട്ടികളുമായ തൊഴിലാളികളുടെ അത്യന്തദയനീയമായ സ്ഥിതി വർണിക്കാൻപോലും സാധ്യമല്ലായിരുന്നു. പഴയവരുടെ സ്ഥാനത്തു വന്ന പുതിയ ഏകാധിപതികളുടെ ചവിട്ടടിയിൽ കിടന്നു ഞെരിയുകയായിരുന്നു അവർ." (പേജ് 53)

ജനാധിപത്യത്തിൽ വ്യക്തിസ്വാതന്ത്ര്യം ചില ഭരണാധികാരികൾ ദുരുപയോഗപ്പെടുത്തിയിട്ടുണ്ടെന്ന കാരണത്താൽ അതപ്പാടേ ഉപേക്ഷിക്കണമെന്നു പറയുന്നത് എലിയെപ്പേടിച്ച് ഇല്ലം ചുടുന്നതുപോലെയാകും.

**മുതലാളിത്തവും കമ്യൂണിസവും**

"ഈ ഘട്ടത്തിലാണ് മുതലാളിത്തമെന്ന പുതിയ ക്രൂരതയ്ക്കെതിരായി കമ്യൂണിസത്തിന്റെ രംഗപ്രവേശം. വ്യവസായവിപ്ലവത്തിന്റെ ഫലമായി, ഉള്ളവരും ഇല്ലാത്തവരും എന്ന രണ്ടു വിഭാഗം ഉണ്ടായേ തീരൂ എന്ന നിഗമനത്തോടെയാണ് കമ്യൂണിസത്തിന്റെ തുടക്കം. അതിനെത്തുടർന്നു വർഗസമരം ഉണ്ടാവുമെന്നും അതിൽ തൊഴിലാളിവർഗം വിജയം വരിക്കുമെന്നുമായിരുന്നു അവരുടെ ധാരണ. അതിനുശേഷം സമ്പത്തിന്റെ ഉല്പാദനത്തിന്റെയും വിതരണത്തിന്റെയും എല്ലാ ഉപാധികളെയും നിയന്ത്രിച്ചു ജനങ്ങളുടെ ഭൗതികാവശ്യങ്ങളെല്ലാം നിറവേറ്റിക്കൊടുക്കേണ്ട സകല ഉത്തരവാദിത്വവും അധ്വാനിക്കുന്ന ജനവിഭാഗം നടത്തുന്ന ഭരണകൂടം ഏറ്റെടുക്കുമെന്നതിനാൽ ജനസാമാന്യത്തിന്റെ കഷ്ടതകൾക്കറുതിയുണ്ടാവുകയും ചെയ്യും. ഇപ്രകാരം രാഷ്ട്രത്തിന്റെ വ്യവസായവൽക്കരണം അധികമാകുന്നിടത്തോളം സാമ്പത്തികാസമത്വം വർധിക്കുമെന്നും തന്മൂലം വർഗസമരം രൂക്ഷതരമാവുകയും അതു

മൂലം തൊഴിലാളിവർഗസർവാധിപത്യം കൂടുതൽ അടുത്തടുത്തു വരുമെന്നും

പ്രവചിക്കപ്പെട്ടു." (പേജ് 53)

മുതലാളിത്തത്തിന്റെ ക്രൂരതകൾക്കെതിരെ കമ്യൂണിസം രംഗപ്രവേശം ചെയ്തത് തെറ്റായി എന്നാണോ ഗോൾവൾക്കർ പറയുന്നത്? തുടർന്നുള്ള കമ്യൂണിസ്റ്റ് തത്വശാസ്ത്രത്തിന്റെ ഈ വക്രീകൃതചിത്രീകരണം കമ്യൂണിസത്തിന്റെ ആജന്മശത്രുവായ ആർ. എസ്. എസ്സ്. നേതാവിൽനിന്നു പ്രതീക്ഷിക്കുന്നതു തന്നെ!

"എന്നാൽ ചരിത്രത്തിന്റെ ഭൗതികവാദപരമായ വ്യാഖ്യാനത്തിന്റെ ഉച്ചകോടിയായ ഈ പ്രവചനം പൂർണമായും മിഥ്യയാണെന്ന് അനന്തരചരിത്രം തെളിയിച്ചു. വ്യവസായപരമായി അത്യന്തം പിന്നോക്കരാജ്യമായ റഷ്യയിലാണ് മറ്റെല്ലാ രാജ്യങ്ങളേക്കാളും മുൻപ് കമ്യൂണിസ്റ്റ് വിപ്ലവം ആദ്യവിജയം നേടിയത്. വാസ്തവത്തിൽ വ്യവസായവിപ്ലവം ആദ്യം രൂപം കൊണ്ട, വ്യവസായപുരോഗതിയുടെ മുന്നണിയിലിരിക്കുന്ന അമേരിക്ക, ബ്രിട്ടൻ, ജർമനി തുടങ്ങിയ രാജ്യങ്ങൾ ഇന്നുവരെയും കമ്യൂണിസത്തിലേക്കു നീങ്ങുന്നതിന്റെ യാതൊരു ലക്ഷണവും കാണിക്കുന്നില്ല. നേരെമറിച്ച് വ്യവസായപരമായി മറ്റൊരു പിന്നോക്കരാജ്യമായ ചൈനയാണ് പിന്നീട് കമ്യൂണിസ്റ്റുരാജ്യമായത്. ഈ വിധത്തിൽ മനുഷ്യചരിത്രത്തിന്റെ ഭൗതികവാദപരമായ വ്യാഖ്യാനത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടു കമ്യൂണിസം ചരിത്രപരമായ അനിവാര്യതയാണെന്ന അവകാശവാദം കടുത്ത യാഥാർഥ്യങ്ങളുടെ പാറക്കെട്ടിൽ ചെന്നിടിച്ചു തകർന്നു തരിപ്പണമായി." (പേജ് 54)

54-ാം പേജിലെ ഈ മൂന്നു പ്രസ്താവനകളിലെ ആശയങ്ങൾ  മാർക്സിസത്തിന്റെ നിയമങ്ങളും ചരിത്രവും പഠിച്ച് പ്രവചനം നടത്തിയവർക്കു തെറ്റു പറ്റിയിട്ടില്ലെന്നുതന്നെയാണ് തെളിയിക്കുന്നത്. വ്യവസായപുരോഗതിയുടെ മുന്നണിയിൽ നിൽക്കുന്ന എല്ലായിടത്തും സോഷ്യലിസ്റ്റുവിപ്ലവം നടക്കുമെന്ന് മാർക്സിസ്റ്റുകാരാരും പ്രവചിച്ചിട്ടില്ല. വിപ്ലവത്തിന്റെ ഉപാധികളിലൊന്ന് അതാണെന്നേ പറഞ്ഞിട്ടുള്ളൂ. ഈ ഉപാധിയില്ലാത്തിടത്തും മറ്റു വിപ്ലവസാഹചര്യങ്ങളൊത്തുവന്നാൽ വിപ്ളവം നടക്കാവുന്നതാണ്. ഇത്രയും ശരിക്കു മനസ്സിലാക്കിയാൽ, എന്തുകൊണ്ട് പിന്നോക്കരാജ്യങ്ങളായ റഷ്യയിലും ചൈനയിലും കിഴക്കൻ ജർമനിയിലും വിപ്ലവം വന്നുവെന്നും വ്യവസായപുരോഗതിയുടെ മുന്നണിയിൽ നിൽക്കുന്ന അമേരിക്കയിലും ബ്രിട്ടനിലും പടിഞ്ഞാറൻ ജർമനിയിലും വിപ്ലവം വരാതിരുന്നതെന്നും വ്യക്തമാവും.

"രണ്ടാമതായി അവർ വാഗ്ദാനം ചെയ്യുന്ന സ്വാതന്ത്ര്യത്തിന്റെയും സമാധാനത്തിന്റെയും സമൃദ്ധിയുടെയും നാട്ടിൽ സാധാരണക്കാരന്റെ സ്ഥിതിയെന്താണ്? ഈ രാജ്യങ്ങളിൽ തൊഴിലാളിവർഗത്തിന്റെ ഏകാധിപത്യം, കമ്യൂണിസ്റ്റ് എന്ന ഏകാധിപത്യകക്ഷിയുടെ – ഏകാധിപതിയുടെ – ഏകാധിപത്യമായി പരിണമിച്ചിരിക്കുകയാണെന്ന് എല്ലാവർക്കും അറിയാം. വൻകൂട്ടക്കൊലകൾ, അടിമക്യാമ്പുകൾ, കമ്യൂണുകൾ, നിർബന്ധവേല, മസ്തിഷ്കപ്രക്ഷാളനം തുടങ്ങിയ ഏകാധിപത്യത്തിന്റെ ഭീകരമർദനയന്ത്രങ്ങൾ വാസ്തവത്തിൽ അവിടങ്ങളിൽ ചലിച്ചു. കടിഞ്ഞാണില്ലാത്ത രാജവാഴ്ച്ചയിലോ മുതലാളിത്തത്തിന്റെ നികൃഷ്ടതമമായ കാലഘട്ടത്തിലോ കേട്ടുകേൾവിപോലുമില്ലാത്ത കഷ്ടപ്പാടിന്റെയും അടിമത്തത്തിന്റെയും പടുകുഴിയിലേക്കു വ്യക്തിയെ തള്ളിവിടുകയാണുണ്ടായത്. 'നിങ്ങളെ തളച്ചിട്ടിരിക്കുന്ന ചങ്ങലകളൊഴികെ മറ്റൊന്നും നിങ്ങൾക്ക് നഷ്ടപ്പെടാനില്ല' എന്ന ജനസാമാന്യത്തോടുള്ള അവരുടെ ആഹ്വാനത്തിന്റെ പ്രായോഗികപരിണാമം ഈ വിധത്തിലാണുണ്ടായത്." (പേജ് 54)

ഒരു വിപ്ലവനേതാവും തൊഴിലാളിവർഗത്തിന്റെ ഏകാധിപത്യം വാഗ്ദാനം ചെയ്തിട്ടുണ്ടാവില്ല. തൊഴിലാളിവർഗത്തിന്റെ സർവാധിപത്യമാണ് വാഗ്ദാനം ചെയ്തിരിക്കുക. അത് തെറ്റല്ല താനും. ശരിയായ ജനാധിപത്യമാണത്. ഭൂരിപക്ഷം വരുന്ന തൊഴിലാളിവർഗം ന്യൂനപക്ഷമായി മാറിയ മുതലാളിവർഗത്തെ ഭരിക്കുക – ഇതല്ലേ ശരിയായ ജനാധിപത്യം? സോഷ്യലിസ്റ്റുവിപ്ലവത്തെപ്പറ്റി ഇത്തരം കുപ്രചരണങ്ങൾ തട്ടിവിടുകയെന്നത് കമ്യൂണിസ്റ്റുവിരുദ്ധരുടെ സ്ഥിരം സ്വഭാവമാണ്. ആർ. എസ്.എസ്. പ്രമുഖൻ അത് ആത്മാർഥമായി നിർവഹിക്കുന്നുവെന്നുമാത്രം.

"ജനങ്ങളോടുള്ള അവരുടെ ഒന്നാമത്തെ വാഗ്ദാനം – പ്രാഥമികമായ ഭൗതികാവശ്യങ്ങൾ പരിഹരിക്കുക എന്ന ലക്ഷ്യം – എങ്കിലും സാധിക്കുന്നതിൽ അവർ വിജയിച്ചിട്ടുണ്ടോ? സമഗ്രമായ നിലയിൽ ഈ പരീക്ഷണം നടത്തിയ ഒന്നാമത്തെ വൻരാജ്യമായ റഷ്യയുടെ ഉദാഹരണമെടുക്കാം. അവർ എല്ലാ സ്വകാര്യസ്വത്തുക്കളെയും വ്യവസായങ്ങളെയും സ്വന്തം കൈയിലേറ്റെടുത്തു. കാർഷികരംഗത്തു ജന്മിമാരെയും കർഷകരെയും എല്ലാം സ്ഥാനഭ്രഷ്ടരാക്കി. അവരെയെല്ലാം കമ്യൂണുകളിലും കൂട്ടുകൃഷികേന്ദ്രങ്ങളിലുമായി വകതിരിച്ചു നിറുത്തി. എല്ലാ തരത്തിലും അതു സമഗ്രമായ പരീക്ഷണം തന്നെയായിരുന്നു. അതുകൊണ്ടു കഴിഞ്ഞ അൻപതു വർഷക്കാലത്തു റഷ്യയുടെ സമ്പത്സമൃദ്ധിയിൽ വമ്പിച്ച വളർച്ച നമുക്കു പ്രതീക്ഷിക്കാമായിരുന്നു. പക്ഷേ, അതു സംഭവിച്ചോ?" (പേജ് 55)

വ്യവസായങ്ങളുടെയും മറ്റും ദേശസാത്കരണം, ജന്മിത്തവും സ്വകാര്യകൃഷിസമ്പ്രദായവും മാറ്റി കൂട്ടു

കൃഷി എന്നിവ നടപ്പിലാക്കി. തൊഴിലാളികളും കർഷകരും കൂട്ടായി ഒരുമയോടെ ജീവിച്ചു. ഗോൾവൾക്കർ പറയുന്നതുപോലെ പരിഹാസസ്വരത്തിലല്ല, അഭിനന്ദനസ്വരത്തിൽ 'എല്ലാ തരത്തിലും അതു സമഗ്രമായ പരീക്ഷണം തന്നെയായിരുന്നു.' ആദ്യത്തെ അൻപതു വർഷത്തിനുള്ളിൽ സർവഥാ അത് ലോകത്തിലെ ഒന്നാംകിട രാഷ്ട്രമായിത്തീർന്നു. കമ്യൂണിസ്റ്റുവിരോധം കൂടപ്പിറപ്പായ ഗോൾവൾക്കറെപ്പോലെയുള്ള അറുപഴഞ്ചന്മാരുടെ സർട്ടിഫിക്കറ്റ് പ്രതീക്ഷിച്ചല്ല ഇതൊന്നും അവിടെ സംഭവിച്ചത്.

മറിച്ച്, ഗോൾവൾക്കറേക്കാൾ വലിയ ഗോൾവൾക്കറിസ്റ്റായ നരേന്ദ്രമോദിയുടെ അഞ്ചുകൊല്ലക്കാലം നീണ്ട ഭരണം വാഗ്ദാനം ചെയ്ത എന്തെങ്കിലും കാര്യക്ഷമമായി നടപ്പിലാക്കിയോ? ഇല്ലെന്നു മാത്രമല്ല, അദാനി, അംബാനി മുതലായ ശതകോടീശ്വരന്മാരെയും കോർപ്പറേറ്റുകളെയും വഴിവിട്ട് വളർത്തുകയും ചെയ്തു. നോട്ടുനിരോധനത്തിന്റെ ദുരിതം ബഹുജനങ്ങൾ ഇന്നും അനുഭവിക്കുന്നു. എന്നിട്ടും ഗോൾവൾക്കർ റഷ്യ നേടിയ പുരോഗതിക്കു നേരെ കണ്ണടയ്ക്കുകയാണ്; കണ്ടിട്ടും കണ്ടില്ലെന്നു നടിക്കുകയാണ്:

"'നോക്കൂ, അവർക്കു (റഷ്യക്കാർക്ക്) ചന്ദ്രനിലേക്കു റോക്കറ്റയയ്ക്കാൻ കഴിഞ്ഞില്ലേ?' എന്നു ചിലർ പറയും. എന്നാൽ ആരുടെ പേരിലാണോ അവർ സംസാരിക്കുന്നത്, ആ സാമാന്യജനതയ്ക്കു ചന്ദ്രനിലേക്കു പോകുകയെന്നതല്ല പ്രധാനകാര്യം. വയറാണ് അവരുടെ പ്രധാനപ്രശ്നം. വാസ്തവത്തിൽ കമ്യൂണിസ്റ്റുവിപ്ലവത്തിന്റെ മൂലാധാരവും അതായിരുന്നു. 'റഷ്യൻ സർക്കാരിന് സ്വന്തം നാട്ടിൽ താമസിക്കുന്നവർക്ക് രണ്ടു നേരത്തെ ആഹാരം നൽകാൻ കഴിഞ്ഞിട്ടുണ്ടോ?' അതാണ് ഒന്നാമതായി ചോദിക്കേണ്ടത്. വാസ്തവം പറഞ്ഞാൽ ഏതു രാഷ്ട്രീയസിദ്ധാന്തത്തിന്റെയും സർക്കാരിന്റെയും വിജയത്തിന്റെ അളവുകോൽ ഓരോ പൗരനും രണ്ടുനേരം മതിയായ ഭക്ഷണവും വിശ്രമിക്കാൻ പാർപ്പിടവും ആവശ്യമായ വസ്ത്രങ്ങളും ചികിത്സാസൗകര്യങ്ങളും വിദ്യാഭ്യാസവും നൽകാനുള്ള കഴിവാണ്. ശരിയായ സൂക്ഷ്മപരീക്ഷണമിതാണ്. ഈ പരീക്ഷണത്തിൽ വിജയിക്കാൻ റഷ്യയ്ക്കു കഴിഞ്ഞിട്ടുണ്ടോ? റഷ്യയ്ക്ക് വിശാലമായ ഭൂവിഭാഗമുണ്ട്. ഒരു കാലത്ത് ലോകത്തിലെ ഗോതമ്പു വിളയിക്കുന്ന രാജ്യങ്ങളിൽ പ്രഥമസ്ഥാനം അവർക്കായിരുന്നു. ജനസംഖ്യ താരതമ്യേന കുറവായതിനാൽ കുറച്ചു വായയ്ക്കിര തേടേണ്ട ബാധ്യതയേ അവർക്കുണ്ടായിരുന്നുള്ളൂ. കൃഷിക്കാവശ്യമായ എല്ലാ ആധുനികോപകരണങ്ങളും അവർക്കുണ്ടായിരുന്നുതാനും. ഇതിനെല്ലമുപരി ഓരോ പദ്ധതിയുടെയും പിന്നിൽ സർവശക്തമായ ഭരണകൂടത്തിന്റെ വമ്പിച്ച വിഭവങ്ങളും ഉണ്ടായിരുന്നു. എന്നിട്ടും റഷ്യയിൽ താമസിക്കുന്ന പൗരന്മാർക്കു ആഹാരം നൽകാൻ റഷ്യൻ സർക്കാരിനു കാനഡ, അമേരിക്ക തുടങ്ങിയ മറ്റു ദേശങ്ങളിൽനിന്നും ഇറക്കുമതി ചെയ്യേണ്ടതായിവന്നു. കമ്യൂണിസത്തിന്റെ സമ്പൂർണമായ പരാജയം നിരാക്ഷേപമായി തെളിയിക്കാൻ വേറെ പ്രമാണം ആരായേണ്ട ആവശ്യമില്ല." (പേജ് 54–56)

എല്ലാവർക്കും ഭക്ഷണം, എല്ലാവർക്കും തൊഴിൽ എന്ന മുദ്രാവാക്യം നടപ്പിലാക്കാൻ കഴിഞ്ഞപ്പോൾ, ശാസ്ത്രാഭിവൃദ്ധിയിൽ ലോകരാജ്യങ്ങളിൽ ഒന്നാം സ്ഥാനം കൈവരിക്കാൻ അവർ ശ്രദ്ധിച്ചു. ആദ്യത്തേത് മാത്രം ചെയ്താൽ രണ്ടാമത്തേതിന് അവർക്ക് കഴിഞ്ഞോ എന്നാവും ഗോൾവൾക്കറെപ്പോലുള്ള കമ്യൂണിസ്റ്റുവിരുദ്ധരുടെ ആക്ഷേപം! അവരെ തൃപ്തിപ്പെടുത്താനല്ല, അവിടത്തെ ജനങ്ങൾക്കു വേണ്ടിയാണിത് സോവിയറ്റ് സർക്കാർ ചെയ്തത്. അഥവാ, അവസാനത്തെ നിഗമനവാക്യം ആദ്യമേ തയ്യാറാക്കി അതിനനുസരിച്ച് കള്ളത്തിരക്കഥ തയ്യാറാക്കുകയായിരുന്നു അദ്ദേഹം. ഇന്നിപ്പോൾ എൽ. ഡി. എഫ്. നേതൃത്വത്തിലുള്ള കേരളത്തിലെ പിണറായിഗവണ്മെന്റിനെപ്പറ്റി ആർ. എസ്. എസ്. നേതൃത്വത്തിൽ കുപ്രചരണം നടത്തുന്നതു കാണുമ്പോൾ ഇത് അക്കൂട്ടരുടെ സ്ഥിരം പരിപാടിയാണെന്നു നമുക്കു ബോധ്യമാവും.

"കമ്യൂണിസ്റ്റുരാജ്യങ്ങൾ പൂർണമായ സർക്കാരീകരണമെന്ന തങ്ങളുടെ സമ്പ്രദായത്തെ പുനരവലോകനം ചെയ്യാൻ തുടങ്ങിയിരിക്കയാണ്. വ്യക്തിസ്വാതന്ത്ര്യത്തെ നശിപ്പിച്ചാൽ വ്യക്തിയുടെ സർഗപ്രേരണകളും പണിയെടുക്കുവാനുള്ള അഭിവാഞ്ഛയും നഷ്ടപ്പെടുന്നുവെന്ന് അവർ മനസ്സിലാക്കാൻ തുടങ്ങിയിട്ടുണ്ട്. അതിനാലവർ വ്യക്തിസ്വാതന്ത്ര്യത്തിലേക്കു ക്രമേണ ക്രമേണ നീങ്ങിക്കൊണ്ടിരിക്കുകയാണ്. ചില കിഴക്കൻ യൂറോപ്യൻ കമ്യൂണിസ്റ്റുരാജ്യങ്ങളിലും റഷ്യയിലും വരെ, ഇന്നവർ ചില സാധനങ്ങൾ സ്വന്തമാക്കിവെക്കുവാനും അല്പം സ്വത്തു സ്വതന്ത്രമായി ഉപയോഗിക്കുവാനും വ്യക്തിയെ അനുവദിക്കാൻ നിർബന്ധിതരായിരിക്കുന്നു." (പേജ് 56)

ഇതിന്നർഥം അവർ മാർക്സിസത്തിന്റെ വിമർശന–സ്വയംവിമർശനനിയമങ്ങൾ അംഗീകരിക്കുന്നുണ്ടെന്നാണല്ലോ. അതുപോലും സർവാത്മനാ സമ്മതിക്കാൻ ഗോൾവൾക്കർക്കു സാധിക്കുന്നില്ലെന്നാണ് 'നിർബന്ധിതനായിരിക്കുന്നു' എന്ന അദ്ദേഹത്തിന്റെ പ്രയോഗം.

"മറുവശത്ത് 'കേവലമായ വ്യക്തിസ്വാതന്ത്ര്യവാദം' എന്ന പ്രാഥമികാവകാശവാദവുമായി ജനാധിപത്യത്തിനു ജന്മമരുളിയ നാടുകൾ അവയുടെ ആദ്യത്തെ നിലപാടിൽനിന്നു പിൻവാങ്ങിയതായി കാണാം. അനിയന്ത്രിതമായ അവസരസമത്വത്തിന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും ദുരന്തപരിണാമങ്ങൾ കണ്ടശേഷം പൊതുവായ സമൂഹനന്മയ്ക്കുവേണ്ടി ആ സൈദ്ധാന്തികസങ്കല്പങ്ങളെ പ്രയോഗത്തിൽ വെട്ടിക്കുറയ്ക്കാൻ അവർ നിർബന്ധിതരായി. അങ്ങനെയാണവർക്കു വിപ്ലവങ്ങളെ ഒഴിവാക്കാനും

ജനാധിപത്യവ്യവസ്ഥിതി സംരക്ഷിക്കാനും കഴിഞ്ഞത്." (പേജ് 56–57)

ഇവിടെയും പൊതുസൂഹനന്മയ്ക്കുവേണ്ടിയുള്ള ഒരു തിരുത്തലാണിത്. ജനാധിപത്യത്തെ സംരക്ഷിക്കാൻ ഇതാവശ്യമാണെന്നവർക്കു തോന്നി. അത് ചെയ്തു. ഇതിൽ പിൻവാങ്ങലും വിപ്ലവങ്ങളെ ഒഴിവാക്കാനാണിതു ചെയ്തതെന്നതും ഗോൾവൾക്കറുടെ ഹിഡൻ ഹിന്ദു അജണ്ടയാണ്. അത് അടുത്ത ഖണ്ഡികയിൽ വ്യക്തമാകും:

"ജനാധിപത്യത്തിനും കമ്യൂണിസത്തിനും പൊതുവായി രണ്ടു സംഗതികളുണ്ടെന്നു നമുക്കു കാണാം. ഒന്നാമതായി, മുൻവ്യവസ്ഥകളോടുള്ള വിരോധത്തിൽനിന്നാണ് രണ്ടും ഉടലെടുത്തത്. രണ്ടാമതായി, തങ്ങളുടെ മുൻനിലപാടിൽനിന്നു പിൻവാങ്ങി പരസ്പരം അടുക്കുവാൻ രണ്ടും നിർബന്ധിതമായി." (പേജ് 57)

എല്ലാം ഭാവാത്മകമാവണമെന്ന കടും പിടുത്തത്തിന്റെയും ജനാധിപത്യത്തോടും കമ്യൂണിസത്തോടുമുള്ള വിരോധത്തിന്റെയും ഫലമാണ് ആർ. എസ്. എസ്. നേതാവിന്റെ ഈ കണ്ടുപിടുത്തം.

"സമാജമില്ലാതെ വ്യക്തികൾക്ക് അവരവരുടെ വ്യക്തിജീവിതം തുടരുവാൻ സാധ്യമല്ല. അതിനാൽ വ്യക്തിയുടെയും സമാജത്തിന്റെയും വിരുദ്ധതാല്പര്യങ്ങൾ തമ്മിൽ ഒത്തുതീർപ്പുകരാറിനു രൂപം കൊടുക്കേണ്ടിവന്നു. ഈ കരാർസിദ്ധാന്തം (കോൺട്രാക്റ്റ് തീയറി) വ്യക്തിയും സമാജവും തമ്മിൽ സഹജമായ സംഘർഷമുണ്ടെന്ന സങ്കല്പത്തിൽനിന്നുണ്ടായതാണ്... ഈ രണ്ടു വ്യവസ്ഥകളും മാനവജീവിതം വെറും ഭൗതികം മാത്രമാണെന്ന തങ്ങളുടെ പൊതുനിലപാടിൽനിന്നുളവായ തിന്മകളുടെ ഉഗ്രത കുറയ്ക്കുന്നതിൽ വ്യാപൃതരായിരിക്കുകയാണിപ്പോൾ." (പേജ് 58)

വ്യക്തിയും സമൂഹവും തമ്മിൽ സഹജമായ ഒരു വൈരുധ്യമുണ്ടെന്ന വസ്തുത ഗോൾവൾക്കർ നിഷേധിച്ചതുകൊണ്ട് ഇല്ലാതാവുന്നില്ല.

"ഒരിക്കൽ കൊൽക്കത്തയിൽ ഒരു തെരുവിൽ കളിച്ചുകൊണ്ടിരുന്ന രണ്ടു കൊച്ചുകുട്ടികൾ ഒരോവുചാലിലേക്കുള്ള ദ്വാരത്തിൽ വീണുപോയി. ബദ്ധപ്പെട്ട് ഓഫീസിലേക്കു പോവുകയായിരുന്ന ഒരു മാന്യൻ ഈ കൊച്ചുകുട്ടികൾ ദ്വാരത്തിൽപെട്ടു താഴുന്നതു കണ്ടു. തന്റെ കോട്ടഴിച്ചുവെക്കാൻപോലും സമയം കളയാതെ അദ്ദേഹം അതിലേക്ക് എടുത്തു ചാടി. ഒഴുക്കിൽ പെട്ടിരുന്ന കുട്ടികളെ പിടിച്ചു പുറത്തേക്കു തള്ളി. പക്ഷേ, സ്വയം കുടുങ്ങി മരിച്ചു. എന്തിനാണദ്ദേഹം മരിച്ചത്? 'പോകൂ, ഇതാണ് നിന്റെ മാർഗം' എന്നദ്ദേഹത്തോടുപദേശിച്ചതെന്താണ്? ഭൗതികവാദത്തിന് ഇതിന്റെ ഉത്തരം നേടാൻ സാധ്യമല്ല." (പേജ് 59)

എത്ര വേഗമാണ് ഗോൾവൾക്കർ ഭൗതികവാദത്തിന് ഉത്തരം നൽകാൻ സാധ്യമല്ലെന്ന് ഉറപ്പിച്ചു പറഞ്ഞത്! ഉത്തരം നൽകാനാവും. അത്, പക്ഷേ, ആത്മീയവാദികൾ നൽകുന്നതാവണമെന്നില്ലെന്നേ ഉള്ളൂ. എന്താണാ ഉത്തരം? കുട്ടികളെ മോചിപ്പിച്ചതിൽ അദ്ദേഹത്തിന്റെ മനുഷ്യസ്നേഹവും മരിച്ചതിൽ യാദൃച്ഛികതയും കാണാം.

**പാശ്ചാത്യരാജ്യങ്ങളിലെ ജനാധിപത്യപരാജയം**

"പാശ്ചാത്യരാജ്യങ്ങളിൽ ഇന്നത്തെ വമ്പിച്ച പുരോഗതിയുണ്ടായിട്ടും ജനാധിപത്യം, ശരിക്കും രാഷ്ട്രീയകലയിൽ പ്രഗല്ഭരും ജനസാമാന്യത്തെ സ്വപക്ഷത്തേക്ക് ആകർഷിക്കാൻ കഴിവുള്ളവരുമായ ഒരുപിടിയാളുകളുടെ ഭരണമാണ്. 'ജനങ്ങൾ' നടത്തുന്ന 'ജനങ്ങളുടെ' ഭരണമാണ് ജനാധിപത്യം എന്ന സങ്കല്പം ഭരണകാര്യങ്ങളിൽ എല്ലാവരും തുല്യപങ്കാളികളാണ് എന്ന അർഥത്തിൽ എടുക്കുമ്പോൾ പ്രായോഗികരംഗത്തു മിഥ്യാവാദം മാത്രമാണ്." (പേജ് 60)

ഏതു വ്യവസ്ഥയുടെ കാര്യത്തിലും പ്രയോഗമാണ് സിദ്ധാന്തത്തിന്റെ ഉരകല്ല്. നൂറ്റാണ്ടുകളായി പ്രായോഗികരംഗത്ത് നിലനിന്നുപോരുന്ന വ്യവസ്ഥയാണ് ജനാധിപത്യം. എന്തെല്ലാം ദോഷങ്ങൾ പറയാനുണ്ടായിരുന്നാലും, നമ്മുടേതുപോലുള്ള ബഹുഭാഷാ–മത–ജാതി–ഉപദേശീയതാ–വർണ–ലിംഗവൈവിധ്യമാർന്ന വിപുലമായ രാജ്യത്ത് അതിനു പകരം വെക്കാവുന്ന മറ്റൊരാധുനികവ്യവസ്ഥയില്ല. ജനാധിത്യത്തെ പ്രയോഗത്തിൽ വികൃതമാക്കി നിഷേധിക്കുന്ന ഗോൾവൽക്കറിസത്തിന്റെ അനുയായികൾ ഇതംഗീകരിക്കാൻ കൂട്ടാക്കില്ല.

"എന്നാൽ ഭൗതികവാദത്തെ അടിസ്ഥാനമാക്കിയിട്ടുള്ളതിനാൽ ആ മാതൃകാവ്യവസ്ഥ (ഭരണകൂടം കൊഴിഞ്ഞുപോകൽ – സമത്വത്തിന്റെ ഏറ്റവും ഉയർന്ന അവസ്ഥ) എങ്ങനെ പ്രാവർത്തികമാക്കുമെന്നു വിശദീകരിക്കാൻ കമ്യൂണിസത്തിനു കഴിയുന്നില്ല.... എല്ലായ്പ്പോഴും വിപ്ലവത്തിന്റെ മുദ്രാവാക്യം മുഴക്കുന്നത് സായുധകലാപത്തെയും അരാജകത്വത്തെയും സമാധാനഭംഗത്തെയും പ്രോത്സാഹിപ്പിക്കുകയും ക്ഷണിച്ചുവരുത്തുകയും ചെയ്യും." (പേജ് 61)

“എന്നാൽ ഭൗതികവാദത്തെ അടിസ്ഥാനമാക്കിയിട്ടുള്ളതിനാൽ ആ മാതൃകാവ്യവസ്ഥ (ഭരണകൂടം കൊഴിഞ്ഞുപോകൽ – സമത്വത്തിന്റെ ഏറ്റവും ഉയർന്ന അവസ്ഥ) എങ്ങനെ പ്രാവർത്തികമാക്കുമെന്നു വിശദീകരിക്കാൻ കമ്യൂണിസത്തിനു കഴിയുന്നില്ല.... എല്ലായ്പ്പോഴും വിപ്ലവത്തിന്റെ മുദ്രാവാക്യം മുഴക്കുന്നത് സായുധകലാപത്തെയും അരാജകത്വത്തെയും സമാധാനഭംഗത്തെയും പ്രോത്സാഹിപ്പിക്കുകയും ക്ഷണിച്ചുവരുത്തുകയും ചെയ്യും.” (പേജ് 61)

**ചൈനയിലെ സോഷ്യലിസം**

ലോകത്തിലെ രണ്ടാമത്തെ ഏറ്റവും വലിയ രാജ്യമായ ചൈനയിൽ അതിന്റേതായ സവിശേഷതകളോടുകൂടി ചെയർമാൻ മാവോസേതൂങ്ങിന്റെ നേതൃത്വത്തിൽ നടത്തിയ വിപ്ലവത്തിലൂടെ സോഷ്യലിസം (കമ്യൂണിസമല്ല. അത് സോഷ്യലിസത്തിന്റെ അടുത്ത ഘട്ടമാണ്. അത് ഇതുവരെ ലോകത്തെവിടെയും നടപ്പിലായിട്ടില്ല. ഗോൾവൾക്കർ സോഷ്യലിസത്തെ കമ്യൂണിസമായി തെറ്റിദ്ധരിച്ചാണ് – അഥവാ തെറ്റിദ്ധരിപ്പിച്ചാണ് – സംസാരിക്കുന്നത്.

ബാഹ്യമായ അധികാരശക്തിയില്ലാതെതന്നെ ജനങ്ങളെല്ലാം പൊതുവായ ഇച്ഛയ്ക്കു സ്വമേധയാ വഴങ്ങുന്നില്ലെങ്കിൽ സായുധവിപ്ലവം (ഗോൾവൾക്കറിസത്തിന്റെ അനുയായികൾ ആക്ഷേപിക്കുന്നതുപോലെ സായുധകലാപമല്ല – അലസിപ്പോയ വിപ്ലവമാണ് കലാപം എന്നറിയപ്പെടുന്നത്) വേണ്ടിവരും. വിപ്ലവകാലത്ത് ചിലപ്പോൾ അരാജകത്വവും സായുധകലാപവുമൊക്കെ ഉണ്ടായെന്നു വന്നേക്കാം. പക്ഷേ, അതൊന്നും, ഗോൾവൾക്കർ പറയുമ്പോലെ വിപ്ലവകാരികൾ പ്രോത്സാഹിപ്പിക്കുന്നതോ ക്ഷണിച്ചുവരുത്തുന്നതോ അല്ല.

“‘നമ്മുടെ തത്ത്വജ്ഞാനം സമാജത്തിന്റെ ഏറ്റവും ഉയർന്ന അവസ്ഥയെ ചിത്രീകരിക്കുകയും അതിന്റെ യുക്തിയുക്തമായ വിശദീകരണം നൽകുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരമാണതു വിശദീകരിക്കുന്നത്:

‘ന വൈ രാജ്യം ന രാജാസീത് ന ച ദണ്ഡ്യോ ന ദാണ്ഡികഃ

ധർമേണൈവ പ്രജാഃ സർവാ രക്ഷന്തി സ്മ പരസ്പരം”

(*മഹാഭാരതം ശാന്തിപർവം* 59. 14– അവിടെ രാജ്യമില്ല, രാജാവില്ല, ശിക്ഷയില്ല, കുറ്റവാളിയുമില്ല. എല്ലാവരും ധർമത്താൽ പരസ്പരം സംരക്ഷിക്കുന്നു – പേജ് 62)

‘നമ്മുടെ തത്വജ്ഞാനം’ (അതായത് *മഹാഭാരതം*) ഈ കമ്യൂണിസ്റ്റ് സിദ്ധാന്തം പറഞ്ഞിട്ടേ ഉള്ളൂ; ചൈന മുതലായ സോഷ്യലിസ്റ്റുരാജ്യങ്ങളിൽ നിലവിലുള്ള സോഷ്യലിസത്തിന്റെ അടുത്തഘട്ടമായ കമ്യൂണിസം ഈ ഭരണത്തിന്റെ കൊഴിഞ്ഞുപോക്കാണ്. *മഹാഭാരത*ത്തിന്റെ നാടായ നമ്മുടെ നാട്ടിൽ പണ്ഡിറ്റ് നെഹ്റുവും മറ്റും കെട്ടിപ്പടുത്ത ജനാധിപത്യസോഷ്യലിസത്തെ അതിന്റെ സ്വാഭാവികമായ പരിണതിയിലേക്കെത്തിക്കുന്നതിനെ നവ ഉദാരവത്കരണത്തിന്റെയും കോർപ്പറേറ്റുവത്കരണത്തിന്റെയും അമേരിക്കൻ സാമ്രാജ്യത്വദാസ്യത്തിന്റെയും അയൽരാജ്യങ്ങളുമായുള്ള യുദ്ധഭ്രാന്തിന്റെയും അടിസ്ഥാനത്തൽ പിന്നോട്ടടിക്കാനാണ് ഗോൾവൾക്കറുടെ അനുയായികൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

**വ്യക്തിയും സമൂഹവും – ആർ. എസ്. എസ്. കാഴ്ച്ചപ്പട്**

“വ്യക്തിയും സമാജവും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ച നമ്മുടെ കാഴ്ച്ചപ്പാട് ഒരിക്കലും സംഘർഷത്തിന്റേതായിരുന്നില്ല. എല്ലാ വ്യക്തികളെയും കോർത്തിണക്കുന്ന ഒരൊറ്റ മഹത്സത്യത്തിന്റെ അവബോധത്തിൽനിന്നുടലെടുത്ത സഹകരണത്തിന്റെയും സമന്വയത്തിന്റെയുമായിരുന്നു. അതിനാൽ ആന്തരികമായ ഏകത്വത്തിന്റെയും സാമഞ്ജസ്യത്തിന്റെയും – മറ്റൊരു വിധത്തിൽ പറഞ്ഞാൽ ധർമത്തിന്റെ – മഹത്തായ തത്ത്വങ്ങളാൽ പ്രചോദിതനായ മനുഷ്യന്റെ മാതൃകയിൽ വ്യക്തികളെ വാർത്തെടുക്കുകയെന്നതാണ് പ്രശ്നത്തിന്റെ കാതലായ വശം. പ്രാവർത്തികമാക്കുന്ന ആളുകൾ നല്ലവരോ കൊള്ളരുതാത്തവരോ എന്നതിനനുസരിച്ച് പദ്ധതി നന്നാവുകയോ ചീത്തയാവുകയോ ചെയ്യുമെന്നതു തീർച്ചയാണ്.” (പേജ് 63)

വ്യക്തിയും സമൂഹവും തമ്മിലുള്ള ബന്ധം സംഘർഷാത്മകമാണെന്നത് ആരുടെ കാഴ്ച്ചപ്പാടാണ്? അത് സഹകരണത്തിന്റെയും സമന്വയത്തിന്റെയുമാണെന്ന് ഗോൾവൾക്കറുടെ സ്വന്തം കാഴ്ച്ചപ്പാടല്ല. അത് ആത്മീയമാക്കണമെന്ന അടുത്ത വാക്യങ്ങളിലെ നിർബന്ധം മറ്റാർക്കുമില്ലെന്നു മാത്രം. അവസാനവാക്യത്തിലെ ആശയത്തിൽ ആരാണ് അഭിപ്രായവ്യത്യാസം പ്രകടിപ്പിച്ചിട്ടുള്ളത്? ചുരുക്കത്തിൽ അദ്ദേഹം ഒരു സാങ്കല്പികശത്രുവോടാണ് യുദ്ധം പ്രഖ്യാപിച്ചിരിക്കുന്നത്!

“മനുഷ്യന്നുപരിയായി പദ്ധതിയെ വെച്ചതുകൊണ്ടുണ്ടായ അടിസ്ഥാനകുഴപ്പങ്ങളുടെ കെടുതികൾ അനു

ഭവിക്കുകയാണ് ജനാധിപത്യരാജ്യങ്ങൾ. അവർ രൂപം കൊടുത്ത ജനാധിപത്യവ്യവസ്ഥ ആത്മപ്രശംസ, പരദൂഷണം എന്നീ ദോഷങ്ങൾ വളർത്തുന്നു. അവ മനുഷ്യമനസ്സിന്റെ ശാന്തിയെയും പരിശുദ്ധിയെയും വിഷമയമാക്കുകയും വ്യക്തിയും സമാജവും തമ്മിലുള്ള സ്വരച്ചേർച്ച താറുമാറാക്കുകയും ചെയ്യുന്നു." (പേജ് 64)

വ്യക്തിയും സമൂഹവും തമ്മിലുള്ള ബന്ധം സംഘർഷാത്മകമാണെന്നത് ആരുടെ കാഴ്ച്ചപ്പാടാണ്? അത് സഹകരണത്തിന്റെയും സമന്വയത്തിന്റെയുമാണെന്ന് ഗോൾവൽക്കറുടെ സ്വന്തം കാഴ്ച്ചപ്പാടല്ല. അത് ആത്മീയമാക്കണമെന്ന അടുത്ത വാക്യങ്ങളിലെ നിർബന്ധം മറ്റാർക്കുമില്ലെന്നു മാത്രം. അവസാനവാക്യത്തിലെ ആശയത്തിൽ ആരാണ് അഭിപ്രായവ്യത്യാസം പ്രകടിപ്പിച്ചിട്ടുള്ളത്? ചുരുക്കത്തിൽ അദ്ദേഹം ഒരു സാങ്കല്പികശത്രുവോടാണ് യുദ്ധം പ്രഖ്യാപിച്ചിരിക്കുന്നത്!

"മനുഷ്യന്നുപരിയായി പദ്ധതിയെ വെച്ചതുകൊണ്ടുണ്ടായ അടിസ്ഥാനകുഴപ്പങ്ങളുടെ കെടുതികൾ അനുഭവിക്കുകയാണ് ജനാധിപത്യരാജ്യങ്ങൾ. അവർ രൂപം കൊടുത്ത ജനാധിപത്യവ്യവസ്ഥ ആത്മപ്രശംസ, പരദൂഷണം എന്നീ ദോഷങ്ങൾ വളർത്തുന്നു. അവ മനുഷ്യമനസ്സിന്റെ ശാന്തിയെയും പരിശുദ്ധിയെയും വിഷമയമാക്കുകയും വ്യക്തിയും സമാജവും തമ്മിലുള്ള സ്വരച്ചേർച്ച താറുമാറാക്കുകയും ചെയ്യുന്നു." (പേജ് 64)

ഗോൾവൽക്കർ ജനാധിപത്യത്തിനുണ്ടെന്നു പറയുന്ന ഈ ദോഷങ്ങൾ രാജാവിന്റെ ഏകാധിപത്യത്തെയും സാമ്രാജ്യത്വത്തെയും അദ്ദേഹം കൊണ്ടാടുന്ന മറ്റു വ്യവസ്ഥകളെയും അപേക്ഷിച്ച് വളരെ വളരെ കുറവാണെന്ന് എല്ലാവർക്കുമറിയാം.

**രാജാധിപത്യത്തിന്റെ ശ്രേഷ്ഠത**

"രാജവാഴ്ച്ച മുതൽ ജനായത്തരാജ്യം വരെ പല ഭരണരൂപങ്ങളും ഇവിടെ പരീക്ഷിക്കപ്പെട്ടു. പാശ്ചാത്യരാജ്യങ്ങളിൽ ഏകാധിപത്യത്തെ സൃഷ്ടിക്കുകയും രക്തപങ്കിലമായ വിപ്ലവങ്ങൾക്കു വഴിതെളിക്കുകയും ചെയ്ത രാജവാഴ്ച്ച ഇവിടെ ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും സ്വാതന്ത്ര്യത്തിന്റെ ജീവൻ പകരുകയും നമ്മുടെ ജനതയ്ക്കാകമാനം സമാധാനവും സമൃദ്ധിയും അരുളുകയും ചെയ്തുകൊണ്ട് ആയിരമായിരം ആണ്ടുകളോളം ശ്രേയസ്കരമായ വ്യവസ്ഥയായി നിലകൊണ്ടതു നാം കണ്ടതാണല്ലോ." (പേജ് 64)

രാജവാഴ്ച്ച പാശ്ചാത്യനാടുകളിൽ ഏകാധിപത്യത്തെ സൃഷ്ടിക്കുകയും രക്തപങ്കിലമായ വിപ്ലവങ്ങൾക്ക് വഴി തെളിക്കുകയും ചെയ്തുവെന്നു ഗോൾവൽക്കർ തന്നെ സമ്മതിക്കുന്നു. ഇവിടെയാകട്ടെ ആയിരമായിരം നൂറ്റാണ്ടുകളായി സർവഗുണസമ്പന്നമായി നിലനിന്നുവെന്ന് അദ്ദേഹം അവകാശപ്പെടുന്നു. അശോകനെയും കനിഷ്കനെയും പോലുള്ള ബൗദ്ധചക്രവർത്തിമാരും അക്ബർ, ഷാജഹാൻ മുതലായ മുഗൾചക്രവർത്തിമാരും ചരിത്രത്തിൽ പുകൾപെറ്റവരാണ്. മധ്യകാലാനന്തരം വന്ന ഹിന്ദുസാമ്രാജ്യങ്ങളിൽ പ്രമുഖമായ വിജയനഗരസാമ്രാജ്യം സായണനെന്ന മന്ത്രിയുടെ യാഗാദിപുനരുജ്ജീവനംകൊണ്ട് ബ്രാഹ്മണപൗരോഹിത്യത്തെ വളർത്തിയെന്നല്ലാതെ മറ്റു പുരോഗതിയൊന്നും ഉണ്ടാക്കിയതായി പറയാനില്ല. പൊതുവിൽ രാജവാഴ്ച്ചക്കാലത്ത് ഇന്ത്യയിൽ ജാതിജന്മിനാടുവാഴിത്തം ശക്തിപ്പെടുകയും കായികാധ്വാനം ചെയ്തു ജീവിക്കുന്ന പാവപ്പെട്ട ദരിദ്രജനവിഭാഗങ്ങൾക്ക് കഷ്ടപ്പാടുകൾ കൂടിയിട്ടേ ഉള്ളൂ. ഗോൾവൽക്കറുടെ വർണനം സമ്പന്നസവർണതാല്പര്യം മാത്രം പ്രതിഫലിപ്പിക്കുന്നതത്രേ.

**പഞ്ചായത്ത് സമ്പ്രദായം**

"ഈ (പഞ്ചായത്ത്) സമ്പ്രദായമാണ് നമ്മുടെ രാജ്യത്ത് പൗരാണികകാലം മുതൽ നിലവിലുള്ളത്. നമ്മുടെ സാമൂഹ്യ–സാമ്പത്തികഘടനയുടെ അടിസ്ഥാനശിലകൾ ഗ്രാമപഞ്ചായത്തുകളായിരുന്നു. സമാജത്തിന്റെ വിവിധതലങ്ങളിലുള്ള അഷ്ടപ്രധാനി സമിതികളെ തിരഞ്ഞെടുക്കുന്നത് ഈ പഞ്ചായത്തുകളായിരുന്നു. ഈ എട്ടുപേരുടെ മന്ത്രിസഭയായിരുന്നു രാജാവിന്റെ ഉപദേശകസമിതിയായി പ്രവർത്തിച്ചിരുന്നത്. ഈ പഞ്ചായത്തുകൾ തൊഴിലിനെ ആധാരമാക്കിയായിരുന്നു രൂപീകൃതമായിരുന്നത്. അന്നത്തെ കാലത്ത് ഇന്നത്തെപ്പോലെ ജീവിതം ഇത്രയും സങ്കീർണമായിരുന്നില്ല. അന്ന് പ്രധാനമായും നാലു തൊഴിൽവിഭാഗങ്ങളാണുണ്ടായിരുന്നത്. ഭൗതികവും ആധ്യാത്മികവുമായ ശാസ്ത്രങ്ങൾ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന ഒന്നാമത്തെ വിഭാഗവും, ഭരിക്കുന്നവർ അടങ്ങുന്ന രണ്ടാമത്തെ വിഭാഗവും മൂന്നാമത്തേതു കച്ചവടക്കാരുമായിരുന്നു. നാലാമത്തെ വിഭാഗത്തിൽ കൃഷിപ്പണിയിലും മറ്റു കൈത്തൊഴിലിലും വ്യാപരിക്കുന്നവരായിരുന്നു. കാട്ടിൽ ജീവിച്ചുകൊണ്ടു നായാട്ടു നടത്തിയും വനവിഭവങ്ങൾ ശേഖരിച്ചും കഴിഞ്ഞുകൂടുന്ന അഞ്ചാമതൊരു വിഭാഗം കൂടി അന്നുണ്ടായിരുന്നു. അഞ്ചാമത്തെ ഈ വിഭാഗത്തെയാണ് നിഷാദന്മാർ എന്നു പറഞ്ഞിരുന്നത്. ഈ അഞ്ചിന്റെയും പ്രതിനിധികൾ സമാജത്തിന്റെ മുഴുവൻ താല്പര്യവും പ്രതിനിധാനം ചെയ്യുമായിരുന്നു." (പേജ് 67–68)

ജനാധിപത്യസമ്പ്രദായത്തിലുള്ള ഇന്നത്തെ ത്രിതലപഞ്ചായത്ത് സംവിധാനം പോലുള്ള ഒന്ന് പണ്ടേ ഭാരതത്തിലുണ്ടായിരുന്നുവെന്ന പ്രതീതിയുളവാക്കുമാറ് ഗോൾവൾക്കർ വിവരിക്കുന്നുണ്ടെങ്കിലും ഏകച്ഛത്രാധിപതിയായ രാജാവിന്റെ ഒരുപദേശകസമിതിയായിരുന്നു അന്നത്തെ പഞ്ചായത്ത്. പഞ്ചായത്തിനു രാജാവിനെ ഉപദേശിക്കാം. അദ്ദേഹത്തിന് അത് സ്വീകരിക്കുകയോ തരസ്കരിക്കുകയോ ചെയ്യാം. എന്തിലും അന്തിമതീരുമാനം രാജാവിന്റേതു മാത്രം. പഞ്ചായത്തംഗങ്ങളുടെ തിരഞ്ഞെടുപ്പ് ചാതുർവർണ്യത്തെ അടിസ്ഥാനമാക്കിയാണ്. ആർ. എസ്. എസ്. വനവാസികളെക്കൂടി ഉൾക്കൊള്ളാൻ തീരുമാനിച്ചതിനാലാവാം, അതിന്റെ നേതാവായ ഗോൾവൾക്കർ ചാതുർവർണ്യത്തിനു പകരം 'പാഞ്ചവർണ്യ'ത്തെയാണ്, സർവാംഗീകൃതമെന്ന മട്ടിൽ, വിവരിക്കുന്നത്. പഞ്ചായത്ത് ഓരോ വർണത്തെയും പ്രതിനിധാനം ചെയ്യുന്നവരുൾക്കൊള്ളുന്നു. എട്ടംഗമന്ത്രിസഭയിലെ മറ്റ മൂന്നുപേർ ആരായിരിക്കുമെന്നു വ്യക്തമല്ല. ഏതായാലും ചാതുർവർണ്യവ്യവസ്ഥ ശക്തമായിരുന്ന അക്കാലത്ത് ബ്രാഹ്മണക്ഷത്രിയമേധാവിത്വമാണ് രാജാവിന്റെ ഉപദേശകൃത്യം നിർവഹിച്ചിരുന്നതെന്നും ആ സമ്പ്രദായത്തിന് ഇന്നത്തെ ജനാധിപത്യരീതിയിൽ പ്രവർത്തിക്കുന്ന പഞ്ചായത്തുമായി ഗണ്യമായ സാദൃശ്യമൊന്നുമുണ്ടായിരുന്നില്ലെന്നുമൂഹിക്കാം.

**ഹിന്ദുരാഷ്ട്രവാദം**

"നമ്മുടെ ഹിന്ദുരാഷ്ട്രസങ്കല്പം വെറും രാഷ്ട്രീയവും സാമ്പത്തികവുമായ അവകാശങ്ങളുടെ സമാഹാരമല്ല. സംസ്കാരമാണ് അതിന്റെ സാരം. നമ്മുടെ പ്രാചീനവും ഉദാത്തവുമായ ജീവിതത്തിന്റെ സാംസ്കാരികമൂല്യങ്ങളാണ് അതിന്റെ പ്രാണൻ. ദേശീയജീവിതത്തിന്റെ യഥാർഥവീക്ഷണം നൽകാനും ഇന്നു രാഷ്ട്രത്തെ തുറിച്ചുനോക്കുന്ന നിരവധി പ്രശ്നങ്ങൾ പരിഹരിക്കാനും നമ്മുടെ പരിശ്രമങ്ങളെയെല്ലാം ഫലപ്രദമായ വഴിക്കു തിരിച്ചുവിടാനും നമ്മുടെ സാംസ്കാരികചേതനയുടെ തീവ്രമായ പുനരുജ്ജീവനം കൊണ്ടു മാത്രമേ സാധ്യമാകൂ." (പേജ് 75)

വനവാസികളെപ്പറ്റിയും നിഷാദന്മാരെപ്പറ്റിയുമൊക്കെ ഹിന്ദുസംസ്കാരം പ്രതിനിധാനം ചെയ്യുന്നുണ്ടെന്നു പറഞ്ഞുവെങ്കിലും കാര്യത്തോടടുക്കുമ്പോൾ അവരെല്ലാം പടിക്കു പുറത്താവുമെന്നു സൂചിപ്പിക്കത്തക്ക രീതിയിലാണ് ഈ ഹിന്ദുരാഷ്ട്രവിവരണം. പ്രാചീനസംസ്കാരത്ത – ഉച്ചനീചത്വാധിഷ്ഠിതമായ ജാതിവ്യവസ്ഥയ്ക്കു വഴി തെളിച്ച ചാതുർവർണ്യസംസ്കാരത്തെ പുനരുജ്ജീവിപ്പിക്കുകയാണ് ആർ. എസ്. എസ്സിന്റെ ഹിന്ദുരാഷ്ട്രവാദം ലക്ഷ്യമിടുന്നതെന്നു ചുരുക്കം.

ഈ ഹിന്ദുരാഷ്ട്രവാദത്തിനു വേദസമ്മതിയുണ്ടെന്നു വരുത്താനാണ് ഇനിയത്തെ ശ്രമം:

"നമ്മുടെ ജനങ്ങളാണ് നമ്മുടെ ഈശ്വരൻ എന്നു പൂർവപിതാക്കൾ നമ്മോടു പറഞ്ഞു....

ബ്രാഹ്മണോസ്യ മുഖമാസീദ് ബാഹൂ രാജന്യഃ കൃതഃ

ഊരൂ തദസ്യ യദ് വൈശ്യഃ പദ്ഭ്യാം ശൂദ്രോ അജായത

(*ഋഗ്വേദം*, 10. 90. 12. ജ്ഞാനികളാണ് ഈ വിശ്വരൂപിയായ ഈശ്വരന്റെ മുഖം. കൈകൾ രണവീരന്മാരാണ്. വയറും തുടയും കച്ചവടക്കാരും കൃഷിക്കാരുമാണ്. പാദങ്ങളാകട്ടെ തൊഴിൽ ചെയ്യുന്നവരും. വ്യാഖ്യാനം: പത്മഭൂഷൺ പണ്ഡിറ്റ് സാത്വലേക്കർ)

"സമാജത്തിൽ ഈശ്വരനെ ദർശിക്കുന്ന ഈ പരമമായ വീക്ഷണമാണ് നമ്മുടെ 'രാഷ്ട്ര'സങ്കല്പത്തിന്റെ കാതൽ." (പേജ് 79)

*ഋഗ്വേദ*ത്തിൽ പിൽക്കാലത്ത് കൂട്ടിച്ചേർത്തതെന്നു മിക്ക വേദഗവേഷകരും വാദിക്കുന്ന പത്താം മണ്ഡലത്തിലാണ് ഈ പദ്യം. അറുപഴഞ്ചനായ ചാതുർവർണ്യത്തെ (ഗോൾവൾക്കർ തൊട്ടു മുൻപ് പറഞ്ഞ 'പാഞ്ചവർണ്യ'മല്ല) വിവരിക്കുന്ന ഈ പ്രക്ഷിപ്തപദ്യത്തെ ഹിന്ദുസമൂഹമാണ് ഈശ്വരനെന്നും ഇതാണ് ഹിന്ദുരാഷ്ട്രവാദത്തിന്റെ കാതലെന്നും വ്യാഖ്യാനിച്ചെഴുതിപ്പിടിപ്പിക്കുന്ന കൗശലമാണ് ഗോൾവൾക്കർ വിദഗ്ധമായി നടത്തുന്നത്.

**ഹിന്ദുത്വത്തിന്റെ അതിശയനീയത**

"നമ്മുടെ ഹിമവത്സദൃശമായ സാംസ്കാരികവീക്ഷണത്തിന്റെ, ലോകത്തിൽ മറ്റാരും ഇതുവരെ കയറാൻ ആഗ്രഹിച്ചിട്ടില്ലാത്ത കൊടുമുടിയാണ് 'ഏകം സദ് വിപ്രാ ബഹുധാ വദന്തി' (സത്യം ഏകമാണ്, ജ്ഞാനികളതിനെ പല വിധത്തിൽ വിളിക്കുന്നു) എന്ന ഭാവം. ഈ സുന്ദരഭാവം പ്രകടിപ്പിക്കാൻ ഇംഗ്ലീഷ് ഭാഷയിൽ ശരിയായ വാക്കുകളില്ല... ഈ ആശയം പ്രകാശിപ്പിക്കുന്നതിന് പലപ്പോഴും ഉപയോഗിക്കാറുള്ള സഹിഷ്ണുത (ടോളറൻസ്) എന്ന പദം വളരെ ദുർബലമാണ്... മറ്റുള്ളവരുടെ വീക്ഷണത്തെ അതിനോട് സ്നേഹമോ ആദരവോ കൂടാതെ വെറുതെ വകവെച്ചുകൊടുക്കുക മാത്രം ചെയ്യുക എന്ന അഹങ്കാരജടിലമായ മനോഭാവ

“സമാജത്തിൽ ഈശ്വരനെ ദർശിക്കുന്ന ഈ പരമമായ വീക്ഷണമാണ് നമ്മുടെ ‘രാഷ്ട്ര’സങ്കല്പത്തിന്റെ കാതൽ.” (പേജ് 79)

*ഋഗ്വേദ*ത്തിൽ പിൽക്കാലത്ത് കൂട്ടിച്ചേർത്തതെന്നു മിക്ക വേദഗവേഷകരും വാദിക്കുന്ന പത്താം മണ്ഡലത്തിലാണ് ഈ പദ്യം. അറുപഴഞ്ചനായ ചാതുർവർണ്യത്തെ (ഗോൾവൾക്കർ തൊട്ടു മുൻപ് പറഞ്ഞ ‘പാഞ്ചവർണ്യ’മല്ല) വിവരിക്കുന്ന ഈ പ്രക്ഷിപ്തപദ്യത്തെ ഹിന്ദുസമൂഹമാണ് ഈശ്വരനെന്നും ഇതാണ് ഹിന്ദുരാഷ്ട്രവാദത്തിന്റെ കാതലെന്നും വ്യാഖ്യാനിച്ചെ ഴുതിപ്പിടിപ്പിക്കുന്ന കൗശലമാണ് ഗോൾവൾക്കർ വിദഗ്ധമായി നടത്തുന്നത്.

**ഹിന്ദുത്വത്തിന്റെ  അതിശയനീയത**

“നമ്മുടെ ഹിമവത്സദൃശമായ സാംസ്കാരികവീക്ഷണത്തിന്റെ, ലോകത്തിൽ മറ്റാരും ഇതുവരെ കയറാൻ ആഗ്രഹിച്ചിട്ടില്ലാത്ത കൊടുമുടിയാണ് ‘ഏകം സദ് വിപ്രാ ബഹുധാ വദന്തി’ (സത്യം ഏകമാണ്, ജ്ഞാനികളതിനെ പല വിധത്തിൽ വിളിക്കുന്നു) എന്ന ഭാവം. ഈ സുന്ദരഭാവം പ്രകടിപ്പിക്കാൻ ഇംഗ്ലീഷ് ഭാഷയിൽ ശരിയായ വാക്കുകളില്ല... ഈ ആശയം പ്രകാശിപ്പിക്കുന്നതിന് പലപ്പോഴും ഉപയോഗിക്കാറുള്ള സഹിഷ്ണുത (ടോളറൻസ്) എന്ന പദം വളരെ ദുർബലമാണ്... മറ്റുള്ളവരുടെ വീക്ഷണത്തെ അതിനോട് സ്നേഹമോ ആദരവോ കൂടാതെ വെറുതെ വകവെച്ചുകൊടുക്കുക മാത്രം ചെയ്യുക എന്ന അഹങ്കാരജടിലാമായ മനോഭാവത്തെ അതു സൂചിപ്പിക്കുന്നു. എന്നാൽ അന്യവിശ്വാസങ്ങളെയും വീക്ഷണങ്ങളെയും ഒരേ സത്യത്തിലേക്ക് എത്താനുള്ള അസംഖ്യം മാർഗങ്ങളെന്ന നിലയിൽ ആദരിക്കുകയും സ്വീകരിക്കുകപോലും ചെയ്യുന്ന ശിക്ഷണമാണ് നമ്മുടേത്.” (പേജ് 81)

‘ഒരേ സത്തിനെ അറിവുള്ളവർ പല തരത്തിൽ പറയുന്നു’ എന്നർഥം വരുന്ന ‘ഏകം സദ് വിപ്രാ ബഹുധാ വദന്തി’ എന്ന പദ്യപാദത്തിന്റെ ആശയം എങ്ങനെയാണ് സഹിഷ്ണുത (ടോളറൻസ്) ആകുന്നത്? ‘അന്യവിശ്വാസങ്ങളെയും വീക്ഷണങ്ങളെയും ഒരേ സത്യത്തിലേക്ക് എത്താനുള്ള അസംഖ്യം മാർഗങ്ങളെന്ന നിലയിൽ ആദരിക്കുകയും സ്വീകരിക്കുകപോലും ചെയ്യുന്ന ശിക്ഷണമാണ് നമ്മുടേത് ’ എന്ന പ്രസ്താവന അന്വർഥമാവണമെങ്കിൽ പശുസംരക്ഷകരുടെ പേരിൽ ആർ. എസ്. എസ്സുകാർ ഇന്നു നാടെങ്ങും കാട്ടിക്കൂട്ടുന്ന മുസ്ലീം–ദളിതമർദനങ്ങളും ആൾക്കൂട്ടക്കൊലകളും നിർത്തുകയും ഗോക്കളെ മാതാവായി കാണാതെ അവയെ വയറ്റുപിഴപ്പിനുവേണ്ടി കൊന്നുതിന്നുന്ന പാവങ്ങളായ പറയരോട് ദയ കാണിക്കുകയും വേണം.

**സാർവലൗകികത**

“വ്യക്തികൾ, അവർ അപൂർണരാണെങ്കിലും ഒരുമിച്ചു ചേർന്ന് ഒരു വലിയ സമൂഹമാകുമ്പോൾ സമ്പൂർണസമാജം ഉടലെടുക്കുന്നു. അതിനാൽ വ്യക്തികളുടെ അപൂർണതകളിൽനിന്നുടലെടുക്കുന്ന ഉപരിപ്ലവഭേദങ്ങൾ സമാജമെന്ന മഹത്തും സമ്പൂർണവും സുശക്തവുമായ സത്യത്തിന്റെ വിവിധപ്രകടീകൃതഭാവങ്ങളെ മാത്രമാണ് ചൂണ്ടിക്കാണിക്കുന്നത്. ഓരോ വ്യക്തിയിലുമുള്ള ദിവ്യത്വത്തെ സംബന്ധിച്ച, സത്യത്തിന്റെ ആന്തരികസ്ഫുരണത്തെ സംബന്ധിച്ച, ഈ അനുഭൂതി മതം, സമൂഹം, രാഷ്ട്രീയം, സമ്പദ്‌വ്യവസ്ഥ തുടങ്ങിയ നമ്മുടെ സകലജീവിതമണ്ഡലങ്ങളിലേക്കും ഘടകങ്ങളിലേക്കും ചൂഴ്ന്നിറങ്ങി അവയെ പരസ്പരബഹുമാനവും സൗമനസ്യവും തികഞ്ഞ ഒരേയൊരു സമഞ്ജസമാതൃകയുടെ ഭാഗങ്ങളാക്കി രൂപാന്തരപ്പെടുത്തിയിട്ടുണ്ട്. ലോകചിന്തയ്ക്ക് നമ്മുടെ സംസ്കാരത്തിന്റെ അതുല്യമായ സംഭാവന ഈ സാർവലൗകികതയാണ്.” (പേജ് 82)

സാർവലൗകികത എന്ന മഹത്തായ ആശയം വികസിപ്പിച്ചത് ഹിന്ദുക്കളൊന്നുമല്ല. ലോകത്തെങ്ങുമുള്ള നല്ല മനുഷ്യരെല്ലാം, മതഭേദമില്ലാതെ ഈ ചിന്ത വിരിയിക്കുകയും വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ബുദ്ധനും മഹാവീരനും ക്രിസ്തുവും മുഹമ്മദുമെല്ലാം ഈ ആശയം പ്രചരിപ്പിച്ചവരത്രേ.

**ഹിന്ദുരാഷ്ട്രവാദം**

“ഹിന്ദുരാഷ്ട്രത്തിന്റെ സർവതോമുഖമായ വൈഭവവും മഹത്ത്വവും പുനരുജ്ജീവിപ്പിക്കുകയെന്നതാണ് നമ്മുടെ പരമമായ ലക്ഷ്യം.” (പേജ് 88)

ആയിക്കോട്ടെ. ഹിന്ദുമതത്തിലെ ചാതുർവർണ്യത്തെയും അതിന്റ വികസിതരൂപമായ ജാതിവ്യവസ്ഥയെയും ന്യായീകരിക്കുന്ന *വിചാരധാര*യിലെ ഭാഗങ്ങൾ ഗോൾവൾക്കറുടെ അനുയായികൾ സർവാത്മനാ തള്ളിപ്പറയുകകൂടി വേണം. ഹിന്ദു എന്ന പേര് ഒഴിവാക്കി ഇന്ത്യ എന്നോ ഭാരതം എന്നോ ഉപയോഗിക്കുകയും വേണം. കാരണം, ഇവിടെ മതമൈത്രിയും ജാതിരഹിതമതനിരപേക്ഷതയും വളർന്നുവരണമെന്നതാണ് നമ്മുടെ ഭരണഘടന ആഗ്രഹിക്കുന്നത്.

“ഓരോ രാഷ്ട്രത്തിനും ജീവിതത്തിൽ അതിന്റെ സ്വന്തമായ അടിസ്ഥാനസ്വരമുണ്ടായിരിക്കും. ആ ദേശീയസ്വഭാവത്തിന്റെ സവിശേഷതയ്ക്കനുസരിച്ച് രാഷ്ട്രം മുന്നോട്ടു പോകുന്നു. നമ്മുടെ ഹിന്ദുരാഷ്ട്രവും സ്മരണാ

തീതകാലം മുതൽക്ക് അതിന്റെ അതിവിശിഷ്ടമായ സ്വഭാവവിശേഷങ്ങൾ സംരക്ഷിച്ചുപോന്നിട്ടുണ്ട്. നമ്മെ സംബന്ധിച്ചിടത്തോളം ഭൗതികസുഖത്തിന്റെ വശങ്ങൾ, അതായത് അർഥവും (ധനസമ്പാദനം) കാമവും (ശാരീരികാഭിലാഷങ്ങളുടെ പൂർത്തി) മനുഷ്യജീവിതത്തിന്റെ ഒരു ഭാഗം മാത്രമാണ്. മനുഷ്യനു നേടുവാൻ ധർമം, മോക്ഷം എന്നീ രണ്ടു വശങ്ങൾ കൂടിയുണ്ടെന്നു നമ്മുടെ പൂർവികർ പ്രഖ്യാപിച്ചു." (പേജ് 88)

ധനസമ്പാദനവും ശാരീരികാഭിലാഷങ്ങളുടെ പൂർത്തിയും ധർമവും നമ്മുടെ (ഹിന്ദുക്കളുടെ) പൂർവികർ മാത്രമല്ല, മറ്റെല്ലാവരും പ്രഖ്യാപിച്ചിട്ടുണ്ട്. മോക്ഷം എന്നതിന് മുക്തി അഥവാ സ്വാതന്ത്ര്യം എന്നാണർഥമെങ്കിൽ അതും മനുഷ്യർ മാത്രമല്ല, മറ്റു ജീവജാലങ്ങളും, പൂർവികർ പ്രഖ്യാപിച്ചില്ലെങ്കിലും, സ്വീകരിക്കും.

"അതിനാൽ നാം നമ്മുടെ രാഷ്ട്രത്തിന്റെ മഹത്ത്വത്തെയും വൈഭവത്തെയുംപറ്റി ചിന്തിക്കുമ്പോൾ ശരീരത്തിന്റെ സകലവിധ ആവശ്യങ്ങളും നിറവേറ്റിക്കൊടുക്കുവാനുള്ള ഉപാധികൾ ധനവും സമൃദ്ധിയും മാത്രമല്ല, വ്യക്തിയുടെ മനസ്സിന്റെ ആവശ്യങ്ങളെക്കൂടി കണക്കിലെടുക്കുന്നു. അ മനസ്സ് ക്രമേണ ഈ ആവശ്യങ്ങളുടെ ഉപരി ഉയർന്ന് മനുഷ്യജീവി എന്ന നിലയിൽ അവനർഹിക്കുന്ന പദവിയിൽ, അതായത് ഈശ്വരനുമായി നേരിട്ടുള്ള ബന്ധത്തിൽ അവരോധിക്കണം. 'ധർമാദർഥശ്ച കാമശ്ച'എന്നാണു പറയുന്നത്. അതായത് ആദ്യം ധർമത്തെ പിന്തുടരും; ധർമം അർഥവും കാമവും പ്രദാനം ചെയ്യും." (പേജ് 89)

ഇങ്ങനെത്തന്നെയല്ലേ എല്ലാ രാഷ്ടങ്ങളും? അതിൽ 'നമ്മുടെ രാഷ്ട്ര'ത്തിനെന്തു പ്രത്യേകത? ഹിന്ദുക്കളെല്ലാം ഈശ്വരവിശ്വാസികളല്ലല്ലോ. ഇന്നല്ല; പണ്ടും (പ്രാചീനഭാരതീയഭൗതികവാദത്തെപ്പറ്റിയും നിരീശ്വരവാദത്തെപ്പറ്റിയും മുൻപ് വിവരിച്ചത് ഓർക്കുക). അതുകൊണ്ട്, ആ വാക്യം ഒഴിവാക്കുകയോ ഉചിതമായ രീതിയിൽ മാറ്റുകയോ വേണം.

**ധർമത്തിന്റെ ദ്വിമുഖനിർവചനം**

"ധർമത്തെ സംബന്ധിച്ച് നമ്മുടെ നിർവചനം ദ്വിമുഖമാണ്. ഒന്നാമത്തേത് മനുഷ്യമനസ്സിന്റെ ശരിയായ പുനരധിവാസം. രണ്ടാമത്തേതു പരസ്പരയോജിപ്പോടുകൂടിയ സാമൂഹ്യനിലനിൽപ്പിനുവേണ്ടി, അതായത് ജനങ്ങളെ ഒരുമിച്ചു കൂട്ടിനിറുത്താനുള്ള നല്ല സാമൂഹ്യവ്യവസ്ഥിതിക്കുവേണ്ടി, വിവിധവ്യക്തികളെ അന്യോന്യം പൊരുത്തപ്പെടുത്തൽ." (പേജ് 90)

ധർമത്തിന്റെ ഈ ദ്വിമുഖവ്യാഖ്യാനവും ഹിന്ദുവിന്റെ മാത്രമല്ല. എല്ലാ മനുഷ്യരും ഇങ്ങനെയൊക്കെത്തന്നെയല്ലേ? അവരിൽ ചിലർ ധർമത്തിനുപകരം സമാനാർഥകമായ മറ്റേതെങ്കിലും പദം ഉപയോഗിച്ചുവെന്നുവരാമെന്നുമാത്രം.

"അതിനാൽ മനസ്സിനെ ആത്മസംയമനംകൊണ്ടും മറ്റു ചില ഗുണങ്ങൾകൊണ്ടും പരിപോഷിപ്പിക്കേണ്ടതുണ്ട്. ആ നല്ല നടപ്പിന്റെ സവിശേഷതകളെ *ഭഗവദ്ഗീത*യിലും നമ്മുടെ മറ്റു പുണ്യഗ്രന്ഥങ്ങളിലും വിവിധസന്ദർഭങ്ങളിലായി പ്രതിപാദിക്കുന്നുണ്ട്. അവ ശരീരത്തിന് അഞ്ചു യമങ്ങളും മനസ്സിന് അഞ്ചു നിയമങ്ങളും വിധിക്കുന്നു." (പേജ് 90)

ഇതും മറ്റു പലേടത്തും കാണാം. ഹിന്ദുവിനു മാത്രമുള്ളതല്ല. യമനിയമാദിനാമങ്ങൾ പേരിൽ മാറിയെന്നുവന്നേക്കാമെന്നുമാത്രം. 'യോഗ' എന്ന പേരിൽ യോഗം ഇപ്പോൾ സാർവലൗകികമായി ആചരിക്കുന്നതുകൊണ്ടു വിശേഷിച്ചും.

"സാമൂഹ്യവശമാണ് മറ്റേത്. ജനതയ്ക്കാകെയുള്ള വിശാലതാത്പര്യങ്ങളോടു യോജിക്കുന്ന തരത്തിലായിരിക്കണം മനുഷ്യന്റെ ജീവിതം. ഈ രണ്ടു വശങ്ങളും പരസ്പരപൂരകങ്ങളായിരിക്കണം." (പേജ് 90)

ഇതേപ്പറ്റിയും മുൻപറഞ്ഞതുതന്നെ പറയാം. മനുഷ്യജീവിതം സാർവലൗകികമായി നോക്കുമ്പോൾ ഇക്കാര്യത്തിലൊക്കെ സമാനമത്രേ.

"ഒന്നാമത്തെ വശത്തെ, 'യതോഭ്യുദയനിഃശ്രേയസസിദ്ധിഃ സ ധർമഃ' (*വൈശേഷികദർശനം*, 1. 2) എന്നാണ് നിർവചിച്ചിരിക്കുന്നത്. ഇതിന്റെ അർഥം സമ്പന്നമായ ഭൗതികജീവിതം നയിക്കുമ്പോൾത്തന്നെ തന്റെ ആഗ്രഹങ്ങളെ നിയന്ത്രിക്കുന്നതിനും ദിവ്യസത്തയെ അഥവാ ശാശ്വതസത്യത്തെ സാക്ഷാത്കരിക്കുന്നതിനും വേണ്ട പ്രാഗല്ഭ്യം തന്നിൽ സൃഷ്ടിക്കുന്നതിനും മനുഷ്യനു സാധ്യമാക്കിത്തീർക്കുകയും പ്രോത്സാഹനം നൽകുകയും ചെയ്യുന്ന വ്യവസ്ഥയാണ് ധർമം എന്നാണ് രണ്ടാമത്തെ വശം. 'ധാരണാദ് ധർമമിത്യാഹുർധർമോ ധാരയതി പ്രജാഃ' എന്നാണ് നിർവചിച്ചിരിക്കുന്നത്. വ്യക്തികളെ ഒരുമിച്ചു കൊണ്ടുവരികയും സമാജമെന്ന നിലയ്ക്കു പുലർത്തുകയും ചെയ്യുന്ന ശക്തിയെയാണ് ധർമമെന്നു വിളിക്കുന്നതെന്നാണ് ഇതിനർഥം. ഈ രണ്ടു നിർവചനങ്ങളും കാണിക്കുന്നത് ധർമസംസ്ഥാപനം എന്നാൽ ഓരോരുത്തനും സമാജത്തിലെ മറ്റുള്ളവരുമായി ഏകത്വം അനുഭവിക്കുകയും മറ്റുള്ളവരുടെ ഭൗതികജീവിതം കൂടുതൽ സമ്പന്നവും സുഖകരവുമാക്കിത്തീർക്കുന്നതിനും സ്വയം ത്യാഗം ചെയ്യാൻ ആവേശം കൊള്ളുകയും അന്തിമസത്യം സാക്ഷാത്കരി

പ്പടുക്കുക എന്നതാണ്." (പേജ് 90–91)

ധർമത്തിന്റെ രണ്ടു വിധത്തിലുള്ള നിർവചനങ്ങൾ സംസ്കൃതത്തിൽ ഉദ്ധരിച്ചുവെന്നല്ലാതെ, ഈ ആശയം സാർവലൗകികമാണ്. ആധ്യാത്മികതയെ ഒന്നുയർത്തിക്കാട്ടിയിട്ടുണ്ടെങ്കിലും ഭൗതികതയ്ക്ക് ഊന്നൽ കൊടുക്കുന്നവർ അത് കാര്യമായെടുക്കില്ലെന്നേയുള്ളൂ. ഏതായാലും ഇതൊന്നും ഹിന്ദുവിന്റെ സവിശേഷതയല്ല.

"നിർഭാഗ്യവശാൽ നമ്മുടെ രാജ്യത്ത് ഇന്ന് അധികാരസ്ഥാനങ്ങളിലിരിക്കുന്ന ആളുകൾക്ക് ഈ ദേശീയവീക്ഷണം നഷ്ടപ്പെട്ടിരിക്കുകയാണ്. ഇന്നവർ അഭിവൃദ്ധിയുടെയും വൈഭവത്തിന്റെയും ഭൗതികവീക്ഷണത്തിന്നപ്പുറത്തേക്ക് ഉയർന്നിട്ടില്ലാത്ത 'ഇസ'ങ്ങളാൽ മോഹവിവശരായിത്തീർന്നിരിക്കുകയാണ്." (പേജ് 92)

അധികാരത്തിലിരിക്കുന്നവർ ആധ്യാത്മികതയ്ക്കു പ്രാധാന്യം കൊടുക്കുകയും 'ഇസ'ങ്ങളെ അപ്പാടേ വർജിക്കണമെന്നു പറയാൻ എളുപ്പമാണ്. ഇന്ത്യയിൽത്തന്നെ രണ്ടു തവണ ഗോൾവൾക്കറിസ്റ്റുകൾതന്നെ അധികാരത്തിൽ വന്നിട്ടും ഭരണത്തിൽ വേറിട്ട കക്ഷിയുടെ പ്രത്യേകതയൊന്നും അനുഭവപ്പെട്ടില്ല. അഴിമതിയും വൃത്തികേടുകളും ഭരണതലത്തിലും ഭരണകക്ഷിയിലും കൂടിക്കൂടിവരുന്നുവെന്നതാണ് അനുഭവം.

**സാമ്രാജ്യത്വം**

"ഒരുകൂട്ടം അഭിലാഷങ്ങളോടുകൂടിയ ആൾക്ക് അവയുടെ സഫലീകരണത്തിന്റെ ഉപാധികൾ എത്രതന്നെ വർധിപ്പിച്ചാലും ഒരിക്കലും സന്തുഷ്ടനാകാൻ കഴിയില്ലെന്ന് എല്ലാവർക്കും അറിവുള്ള വസ്തുതയാണ്. ഉദാഹരണമായി, അമേരിക്കയിൽ അളവറ്റ സമ്പത്സമൃദ്ധിയുണ്ടായിരുന്നിട്ടുകൂടി പല തരത്തിലുള്ള അതിനീചമായ കുറ്റകൃത്യങ്ങളും മാനസികരോഗങ്ങളും സമാജത്തിന്റെ എല്ലാ തലങ്ങളിലും ഭയങ്കരമായ തോതിൽ വർധിച്ചുവരികയാണ്. ലക്ഷോപലക്ഷം അമേരിക്കക്കാർ രാത്രി കിടക്കാൻ പോകുന്നതിനു മുമ്പ് ഉറക്കഗുളികകൾ കഴിക്കുന്നു. അവരുടെ ജീവിതദർശനത്തിലെ ഗുരുതരമായ ദോഷത്തെയാണിതു കാണിക്കുന്നത്." (പേജ് 92–93)

സാമ്രാജ്യത്വത്തിന്റെ ഈറ്റില്ലവും പോറ്റില്ലവുമായ ഈ അമേരിക്കയെയാണ് ആർഷഭാരതാഭിമാനികളായ 'ഹിന്ദു'ക്കളായ നമ്മുടെ മോദിഭരണവും ദാസ്യം തന്നരുളണേ എന്നു സദാ കെഞ്ചിക്കൊണ്ടിരിക്കുന്നത്!

**ചതുർവിധപുരുഷാർഥങ്ങൾ**

"അതുകൊണ്ട് ചതുർവിധപുരുഷാർഥമെന്ന സമ്പൂർണജീവിതസങ്കല്പമാണ് നമ്മുടെ സമാജത്തെ മറ്റുള്ളവയിൽനിന്നു വേർതിരിച്ചുനിർത്തുകയും നമ്മുടെ പേർ ലോകചക്രവാളത്തിൽ പ്രകാശിപ്പിക്കുകയും ചെയ്തതെന്നു നാം മറക്കരുത്." (പേജ് 93)

ധർമാർഥകാമമോക്ഷങ്ങളെന്ന നാലു പുരുഷാർഥങ്ങളാണ് (ജീവിതലക്ഷ്യങ്ങൾ) ഹിന്ദുസമൂഹത്തിന്റെ സമ്പൂർണജീവിതസങ്കല്പമന്നാണ് ഗോൾവൾക്കറുടെ അവകാശവാദം. നേരായ വഴിയിലൂടെ ധനം സമ്പാദിക്കുകയും ഭൗതികസുഖങ്ങളനുഭവിക്കുകയും മറ്റുള്ളവർക്ക് ഹാനികരമാവാത്ത വിധത്തിൽ സ്വാതന്ത്ര്യത്തിനുവേണ്ടി പരിശ്രമിക്കുകയും ചെയ്യുക എന്ന ഈ ജീവിതലക്ഷ്യങ്ങൾ ലോകത്തിലെ ഏതു നല്ല മനുഷ്യനാണ് നിറവേറ്റാൻ താല്പര്യപ്പെടാതിരിക്കുന്നത്? ആ നിലയ്ക്ക് നാനാജാതിമതസ്ഥരായ ഏവരുടെയും ജീവിതലക്ഷ്യങ്ങളായ ഇവ 'ഹിന്ദു'ക്കളായ നമ്മളുടെ മാത്രം കുത്തകയാണെന്ന ആർ.എസ്. എസ്. നേതാവിന്റെ അവകാശവാദം എത്രമേൽ പരിഹാസ്യമല്ല?

"ധർമം, മോക്ഷം എന്നീ ഉന്നതമൂല്യങ്ങളോട് അർഥവും കാമവും സമഞ്ജസമായി കൂട്ടിക്കലർത്തിക്കൊണ്ട് നാം വ്യക്തിയുടെയും രാഷ്ട്രത്തിന്റെയും തലങ്ങളിൽ മെനഞ്ഞെടുത്ത ഈ സമ്പൂർണജീവിതസങ്കല്പത്തിന്റെ പരിണതഫലമാണ് നമ്മുടെ ജനതയുടെ സമുന്നതചാരിത്ര്യം അഥവാ സ്വഭാവശുദ്ധി." (പേജ് 93)

ഈ സമ്പൂർണജീവിതസങ്കല്പം മുൻഖണ്ഡികയിൽ വിവരിച്ചതനുസരിച്ച് എല്ലാവർക്കുമാവാമെങ്കിൽ അമേരിക്കയ്ക്കും ചൈനയ്ക്കുമൊക്കെ അത് നിഷേധിക്കുന്നത് 'ഹിന്ദു'ക്കളുടെ ഈ സമുന്നതചാരിത്ര്യം അഥവാ സ്വഭാവശുദ്ധി ആ സാമ്രാജ്യത്വവാദികൾക്കും കമ്യൂണിസ്റ്റുകാർക്കും കിട്ടരുതെന്ന അസൂയാകലുഷിതവും അഭാവാത്മകവുമായ 'നമ്മുടെ' നീചമനോഭാവമല്ലേ കാണിക്കുന്നത്?

"സ്നേഹം, ആത്മനിയന്ത്രണം, ത്യാഗം, സേവനം, ചാരിത്ര്യശുദ്ധി തുടങ്ങി നമ്മുടെ എല്ലാ പാരമ്പര്യഗുണങ്ങളും ഉൾക്കൊണ്ടുകൊണ്ട് ഹൈന്ദവപൗരുഷത്തിന്റെ ഉജ്ജ്വലമൂർത്തികളായി പരിലസിക്കുമാറ് മനുഷ്യന്റെ ദുഷ്യവശങ്ങളെ ജയിച്ചു കീഴടക്കുവാനുള്ള ശക്തി അവനിലുണ്ടാക്കി, 'മനുഷ്യ'നെ വാർത്തെടുത്തുകൊണ്ടാണ് നമ്മുടെ യഥാർഥരാഷ്ട്രപുനരുദ്ധാരണം ആരംഭിക്കേണ്ടത്. നാം ഈ കാഴ്ചപ്പാട് കൈവിടാതെ സൂക്ഷിക്കു

കയും വൈഭവപൂർണമായ രാഷ്ട്രത്തിന്റെ നേരായ അന്തഃസത്തയെ നമ്മുടെ കണ്മുന്നിൽ പ്രതിഷ്ഠിക്കുകയും ചെയ്താൽ മാത്രമേ ജഗദ്ഗുരുസ്ഥാനത്തേക്ക് നമുക്കു വീണ്ടും ഉയരാൻ കഴിയുകയുള്ളൂ. (പേജ് 94)

ഈ സ്നേഹാദിഗുണങ്ങളൊക്കെ 'നമ്മുടെ' (അർഥാൽ, മറ്റാരുടെയുമല്ലെന്നും) പാരമ്പര്യഗുണങ്ങളാണെന്നും നാമിങ്ങനെയൊക്കെ ചെയ്താൽ 'നമുക്ക് 'പ്രാചീനമായ 'ശൈലേന്ദ്രസാമ്രാജ്യം' പുനരുദ്ധരിച്ച് 'നാം' 'ജഗദ്ഗുരു' വാവുമെന്ന് 'നാം' തന്നെയല്ലേ നിശ്ചയിക്കുന്നത്? ഇങ്ങനെ ആണ്ടിയുടെ അടി കേമമാണെന്ന് ആണ്ടി തന്നെയാണോ പറയേണ്ടത്, അതോ, മറ്റുള്ളവരോ?

**സംഘടിതശക്തി**

"ഈ യുഗത്തിൽ പ്രത്യേകിച്ച് വിദേശാക്രമണങ്ങളിൽനിന്നും ആഭ്യന്തരകലാപങ്ങളിൽനിന്നും സ്വയം രക്ഷനേടുന്നതിനുവേണ്ട ശക്തി കുടികൊള്ളുന്നത് ജനങ്ങളുടെ സംഘടിതജീവിതത്തിലാണെന്നത് സർവവിദിതമാണല്ലോ. 'സംഘേ ശക്തിഃ കലൗ യുഗേ' (സംഘടനയാണ് കലിയുഗത്തിലെ ശക്തി). അതിനാൽ നമ്മുടെ രാഷ്ട്രത്തെ വൈഭവത്തിന്റെ ഉച്ചകോടിയിലെത്തിക്കണമെന്നു പറഞ്ഞാൽ ജനങ്ങളെ ജാഗരൂകരും സുസംഘടിതരും സുശക്തരുമാക്കിത്തീർക്കണമെന്നും അർഥമാകുന്നുണ്ട്. സ്വന്തം സംഘടിതശക്തിയുടെ ഉറപ്പുള്ള അടിത്തറമേൽ മാത്രമേ രാഷ്ട്രങ്ങൾക്ക് എന്തുതന്നെയായാലും നിലനിൽപ്പുള്ളൂ. ഭക്ഷണം, വസ്ത്രം, പാർപ്പിടം, ഔഷധം. മറ്റു ശാരീരികാവശ്യങ്ങൾ ഇവയെല്ലാം എത്രതന്നെ ആവശ്യമുള്ളതാണെങ്കിലും രണ്ടാം സ്ഥാനമേ അർഹിക്കുന്നുള്ളൂ. പ്രഥമവും പ്രധാനവുമയി വേണ്ടത് ജനതയുടെ അജയ്യമായ സംഘടിതജീവിതമാണ്. അതിന്റെ അഭാവത്തിൽ രാഷ്ട്രത്തിന്റെ ഏറ്റവും ഉയർന്ന സമ്പത്സമൃദ്ധിപോലും ഒറ്റനിമിഷംകൊണ്ട് മണ്ണടിഞ്ഞുപോകും. (പേജ് 95)

ഭക്ഷണം, വസ്ത്രം, പാർപ്പിടം മുതലായവയ്ക്ക് രണ്ടാം സ്ഥാനമേയുള്ളൂ എന്നു പറഞ്ഞതിൽനിന്ന് ഗോൾവൾക്കറുടെ ഉപരിവർഗതാല്പര്യം വ്യക്തമായി. അയൽരാജ്യങ്ങളുമായും ആഭ്യന്തരശത്രുക്കളുമായും ചർച്ചയിലൂടെ പരിഹാരം കാണുന്നതിനു പകരം യുദ്ധമാണ് ഒരേയൊരു പോംവഴി എന്ന നിലയിൽ വാദിക്കുന്നതിൽനിന്ന് അദ്ദേഹത്തിന്റെ യുദ്ധൗത്സുക്യവും സ്പഷ്ടം. ഏതായാലും ആർ. എസ്. എസ്. നിയന്ത്രണത്തിലുള്ള ഇന്നത്തെ ബി. ജെ. പി. സർക്കാറിന്റെ നീക്കം ഈ വഴിക്കുതന്നെയാണെന്നതിൽ അത്ഭുതമില്ല.

"അതുകൊണ്ട് ശരിയായ ആളുകളെത്തന്നെ ഒരുമിച്ചു കൊണ്ടുവന്ന് സംഘടിതശക്തി നിർമിക്കണമെന്ന നിഗമനത്തിലാണ് നാമെത്തിച്ചേരുന്നത്. എന്നാൽ അത്തരം സംഘടിതശക്തിയുടെ സജീവാവയവങ്ങളായിത്തീരുന്ന വ്യക്തികളിൽ ആവശ്യമായ ഗുണങ്ങളെന്തൊക്കെയാണ്?... ഒന്നാമത്തേത് അജയ്യമായ ശാരീരികശക്തിയാണ്. ഈ ലോകത്തിൽ ആർക്കുംതന്നെ നമ്മെ ഭയപ്പെടുത്താനോ കീഴടക്കാനോ സാധ്യമല്ലാതാക്കുന്നത്ര ശക്തരായിരിക്കണം നാം. അതിന്നു നമുക്ക് ബലിഷ്ഠവും ആരോഗ്യപൂർണവുമായ ശരീരം വേണം. മനുഷ്യരൂപം ധരിച്ചുവന്ന നമ്മുടെ അവതാരങ്ങളെല്ലം അങ്ങനെയായിരുന്നു... ഉചിതമായ വ്യായാമവും ആരോഗ്യകരങ്ങളായ പതിവുകളും ശീലിച്ച് ശീതോഷ്ണങ്ങളെയും വിശപ്പിനെയും കഠിനാധ്വാനത്തെയും നേരിടാനുതകുന്നതും ജീവിതത്തിലെ ബുദ്ധിമുട്ടുകളെയെല്ലാം സസന്തോഷം അനുഭവിക്കാൻ കഴിവുള്ളതുമായ ബലിഷ്ഠശരീരങ്ങൾ പോഷിപ്പിച്ചെടുക്കണം." (പേജ് 97–98)

സംഘടിതശക്തി ഏതാണെന്ന് ഇപ്പോൾ വ്യക്തമായിക്കാണുമല്ലോ. ആർ. എസ്. എസ്സ്. തന്നെ. പശുസംരക്ഷകരായും മറ്റു പല രൂപങ്ങളിലും അവർ അവതരിക്കും. ഗോൾവൾക്കർ അവതാരങ്ങളുടെ പരാമർശം നടത്തിയത് ശ്രദ്ധേയമാണ്. ആർ. എസ്. എസ്സിന്റെ പോക്കിലും ഗോൾവൾക്കർ ആശങ്കാകുലനാണെന്ന് ഇനി പറയുന്ന വരികൾ സൂചിപ്പിക്കുന്നു:

"ശാരീരികശക്തി ആവശ്യമാണ്; പക്ഷേ, സ്വഭാവശുദ്ധി കൂടുതൽ പ്രാധാന്യമുള്ളതാണ്... വ്യക്തികളുടെ വിഷയത്തിലെന്നപോലെ രാഷ്ട്രത്തിന്റെ വിഷയത്തിലും ഇത് എത്രയും സത്യമാണ്. അതിനാൽ വ്യക്തിചാരിത്ര്യവും ദേശീയചാരിത്ര്യവും രാഷ്ട്രവൈഭവത്തിന്റെ ശ്വാസകോശദ്വയംപോലെയാണ്." (പേജ് 99)

അവർക്ക് ആവേശവും സ്വാഭിമാനവും നിർഭയത്വവും ഉദ്ദീപിപ്പിക്കാൻ ശ്രമിക്കുന്നു:

"അറിവിന്റെ ജൈവബീജങ്ങളോടുകൂടിയാണ് ഞാൻ ജനിച്ചിട്ടുള്ളത്. അതിനെ വേണ്ടവിധം പരിപോഷിപ്പിച്ചാൽ അതെന്നെ വിജയത്തിലെത്തിക്കും എന്ന ഉറച്ച വിശ്വാസം നാമോരോരുത്തരും നമ്മുടെ ഉള്ളിൽ ഉത്തേജിപ്പിക്കുകയും അതനുസരിച്ച് ജീവിക്കുവാൻ പരിശ്രമിക്കുകയും ചെയ്യേണ്ടതാണ്... 'നാം നന്മയാണ് ചെയ്യുന്നത്. നേരായ മാർഗത്തിലാണ് നാം' എന്ന ഉറച്ച വിശ്വാസത്തിൽനിന്നുളവാകുന്ന അത്തരം നിർഭയത്വം ലക്ഷ്യം

നേടുന്നതിൽ നമ്മെ വളരെ ദൂരം മുന്നോട്ടു കൊണ്ടുപോകും... നമ്മുടെ സർവശക്തിയും ഈ മൗലികപ്രക്രിയയിൽ – ഈ മഹത്തായ മനുഷ്യനിർമാണപ്രക്രിയയിൽ – കേന്ദ്രീകരിക്കുമ്പോൾ മാത്രമേ നമ്മുടെ പ്രാചീനവും പവിത്രവുമായ രാഷ്ട്രത്തിന് അതിന്റെ നൈസർഗികവും വൈഭവപൂർണവുമായ പൂർവസ്ഥാനം വീണ്ടെടുക്കാനും ചുറ്റുപാടും ശാന്തിയും സമൃദ്ധിയും സംസ്കാരവും ചാരിത്ര്യവും വിതറാനും കഴിയുകയുള്ളൂ." (പേജ് 102)

ഇത്രയൊക്കെ പറയുമ്പോൾ, വിശേഷിച്ച് ഭാരതീയർക്കെല്ലാമുള്ള, ചിലപ്പോൾ ലോകത്താകെയുള്ള, ഒരേയൊരു മതമെന്നു വരത്തക്കവിധത്തിൽ ഹിന്ദുത്വത്തെ വിശേഷിപ്പിക്കുമ്പോൾ, ആർക്കും തോന്നാവുന്ന ഒരു സംശയമാണ് ആരാണ് ഹിന്ദുവെന്നത്. അതേപ്പറ്റി ഗോൾവൾക്കർ: "'മുസ്ലീമിനെയോ ക്രൈസ്തവനെയോ നിർവചിക്കാം. പക്ഷേ ഹിന്ദുവിനെ നിർവചിക്കാൻ സാധ്യമല്ല.' എന്നൊരിക്കൽ ഒരു മാന്യൻ നിർവചിക്കുകയുണ്ടായി. ആ പറഞ്ഞത് തികച്ചും ശരിയാണ്... ബ്രഹ്മം മാത്രമാണ് വർണിക്കപ്പെടാതെ, നാവുകൊണ്ട് പറഞ്ഞ് എച്ചിലാകാതെയുള്ളത്. മറ്റുള്ളതെല്ലാം നമുക്കു നിർവചിക്കാം. പക്ഷേ, സത്യമെന്നു പറയപ്പെടുന്ന, സർവവും ഉൾക്കൊള്ളുന്ന, ആ സത്തയെ നിർവചിക്കുക സാധ്യമല്ല." (പേജ് 103)

**ഹിന്ദുവിന്റെ അനിർവചനീയത**

ഹിന്ദു അനിർവചനീയനാണെന്നു ഗോൾവൾക്കർ മേനി പറഞ്ഞോട്ടെ. അവൻ ബ്രഹ്മതുല്യനാണെന്നു പറഞ്ഞത് ശ്രീശങ്കരനോടു കാട്ടിയ മാപ്പർഹിക്കാത്ത കടുംകൈയായിപ്പോയി! ഈ കടുംകൈ അസഹ്യമായ 'ബഡായി' യിലേക്കു വികസിക്കുന്നത് കണ്ടാലും: "ഹിന്ദുക്കളായ നാം നമ്മുടെ നിലനിൽപ്പാകെ ഈശ്വരനെ അടിസ്ഥാനപ്പെടുത്തിയാക്കിയിരിക്കുന്നു. ഒരുപക്ഷേ, അതുകൊണ്ടായിരിക്കാം അത്ഭുതാവഹങ്ങളായ വിവിധരൂപഭാവങ്ങളാർന്നതെങ്കിലും എണ്ണമറ്റ ഈ പ്രതിഭാസങ്ങളിലുടനീളം പോകുന്ന ഏകീകരണസൂത്രത്താൽ ഒന്നിച്ചുനിന്നുകൊണ്ട് സർവവും ഉൾക്കൊള്ളുംവിധം ഹിന്ദുസമാജം വികാസം പ്രാപിച്ചത്. ഹിന്ദുവിൽ ഉൾക്കൊള്ളുന്ന എല്ലാ ജാതികളെയും നിർവചിക്കാൻ കഴിയും. എന്നാൽ ഹിന്ദുവെന്ന പദം എല്ലാറ്റിനെയും ഉൾക്കൊള്ളുന്നതുകൊണ്ട് അനിർവചനീയനാണ്... നമ്മുടെ ജനതയുടെ ഉത്ഭവം, അതായത് നാം ഇവിടെ പരിഷ്കൃതജീവിതം ആരംഭിച്ച കാലം, ചരിത്രപണ്ഡിതന്മാർക്ക് അജ്ഞാതമാണ്. ഒരു വിധത്തിൽ നാം 'അനാദി'യാണ്. അത്തരം ജനതയെ നിർവചിക്കുകയെന്നത് അസാധ്യമാണ്. ഏതു വിധത്തിലെന്നാൽ ആ പരമസത്യം ഉണ്ടായതിനുശേഷമാണ് വാക്കുകളുണ്ടായതെന്ന കാരണംകൊണ്ട് സത്യത്തെ വാക്കുകളിലൂടെ പ്രകാശിപ്പിക്കുവാനോ നിർവചിക്കുവാനോ നമുക്കു കഴിയുന്നില്ല. ഹിന്ദുജനതയുടെ കാര്യവും അങ്ങനെയാണ്. ഏതെങ്കിലും നാമത്തിന്റെ ആവശ്യമില്ലാതിരുന്ന കാലത്ത് നാം നിലവിലുണ്ടായിരുന്നു. നാം നല്ലവരും പ്രബുദ്ധരും ആയിരുന്നു. പ്രകൃതിയുടെ നിയമങ്ങളും ആത്മാവിന്റെ നിയമങ്ങളും നാം അറിഞ്ഞിരുന്നു. മഹത്തായ പരിഷ്കാരവും മഹത്തായ സംസ്കാരവും വിശിഷ്ടസമാജവ്യവസ്ഥയും നാം നടപ്പിലാക്കി. മനുഷ്യവർഗത്തിനു ഗുണകരമായ ഏതാണ്ട് എല്ലാറ്റിനെയും നാം ശരിക്കുള്ള ജീവിതത്തിൽ കൊണ്ടുവന്നു. അക്കാലത്തെ മാനവവർഗത്തിന്റെ ശിഷ്ടഭാഗം വെറും ഇരുകാലിമൃഗങ്ങൾ മാത്രമായിരുന്നതിനാൽ നമ്മെ തിരിച്ചറിയാൻ നമ്മെ ആര്യന്മാരെന്നും മറ്റുള്ളവരെ മ്ലേച്ഛന്മാരെന്നും വിളിച്ചിരുന്നു. വിദേശരാജ്യങ്ങളിൽ വിവിധമതവിശ്വാസങ്ങൾ ഉയർന്നുവരികയും കാലക്രമത്തിൽ ആ വിദേശമതങ്ങൾക്ക് നമ്മളുമായി സമ്പർക്കമുണ്ടാവുകയും ചെയ്തപ്പോൾ മാത്രമേ പേരിടേണ്ട ആവശ്യം അനുഭവപ്പെട്ടുള്ളൂ. ഗംഗാനദി പ്രത്യേകഘട്ടങ്ങളിൽ ഗംഗോത്രി, ഭാഗീരഥി, ജാഹ്നവി, ഹുഗ്ലി എന്നീ വ്യത്യസ്തനാമങ്ങൾകൊണ്ടറിയപ്പെടുന്നപോലെത്തന്നെ പല കാലങ്ങളിലായി പല പേരുകളും നൽകപ്പെട്ടു. സിന്ധുനദിയുടെ പേരിൽനിന്നുളവായ 'ഹിന്ദു'വെന്ന പേർ നമ്മുടെ ചരിത്രത്തിൽ വളരെക്കാലമായി നമ്മോടു ബന്ധപ്പെട്ടുകൊണ്ടിരുന്നതിനാൽ ഇപ്പോളതു സർവരാലും അംഗീകരിക്കപ്പെട്ടതും ആദരിക്കപ്പെട്ടതുമായിത്തീർന്നു." (പേജ് 103–04)

ലോകത്തിലെ വിവിധമതപണ്ഡിതന്മാർ ഇതെങ്ങാനും വായിച്ചാൽ ഹിന്ദുമതത്തെപ്പറ്റി പുച്ഛം തോന്നാതിരിക്കുമോ? എന്റെ അഭിപ്രായത്തിൽ ഹിന്ദു അനിർവചനീയനൊന്നുമല്ല. ഇസ്ലാം–ക്രിസ്ത്യനാദി സെമിറ്റിക് മതങ്ങളിൽനിന്ന് വ്യത്യസ്തമാണ് ഹിന്ദുമതം. അതതുമതങ്ങളിലുള്ളവരെല്ലാം അംഗീകരിക്കുന്ന ഒരു സ്ഥാപകനോ പ്രവാചകനോ, ഒരു പ്രാമാണികമതഗ്രന്ഥമോ, ഒരനുഷ്ഠാനകർമമോ ഹിന്ദുവിന്നില്ല. ഇസ്ലാമിന് പ്രവാചകൻ മുഹമ്മദ്നബിയും പ്രാമാണികഗ്രന്ഥമായ ഖുറാനും പള്ളിയിൽ പോയോ പോകാതെയോ നമസ്കാരകർമം നടത്തുക എന്നിവയുണ്ട്. ഇതുപോലെ ക്രിസ്താനിക്ക് ക്രിസ്തുദേവനും ബൈബിളും ഞായറാഴ്ച്ച തോറും ചർച്ചിൽ പോയി കുർബാന നടത്തലും ആവശ്യമാണ്. ഹിന്ദുവിന് ഇതൊന്നും നിർബന്ധമല്ല. അവന് ആത്മീയ(ആശയ)വാദിയോ ഭൗതികവാദിയോ യാഥാർഥ്യവാദിയോ ആവാം. ആത്മീയവാദിയാണെങ്കിൽ ഈശ്വരവിശ്വാസിയോ നിരീശ്വരവാദിയോ ആവാം. ഈശ്വരവിശ്വാസിയാണെങ്കിൽ ഏകദൈവവിശ്വാസിയോ ബഹുദൈവവിശ്വാസിയോ ആവാം. ദേവാലയങ്ങളിൽ പോയി പ്രാർഥന നടത്തുക, ഭജന മുതലായവയിൽ ഏർപ്പെടുക തുടങ്ങിയവയെല്ലാം ചെയ്യുന്നവരും ഈശ്വരഭക്തി ഇങ്ങനെയൊന്നും പ്രകടിപ്പിക്കാതെ മനസ്സിൽ കൊണ്ടു നടക്കുന്നവരു

മുണ്ട്. ഇത്തരമൊരു ഉദാരസമീപനമുള്ളതുകൊണ്ട് ആരു വിശ്വാസി ആര് അവിശ്വാസി എന്നെല്ലാം നിശ്ചയിക്കാൻ പ്രയാസമാണ്. അതാതാൾ പറയുന്നത് പ്രമാണമായെടുക്കുകയേ നിർവാഹമുള്ളൂ. ഹിന്ദുമതത്തിൽനിന്ന് ഭ്രഷ്ട് കലിപ്പിക്കാറില്ല. ജാതിയിൽനിന്നേ ഭ്രഷ്ട് പതിവുള്ളൂ. ഭക്ഷണം, വേഷഭൂഷാദികൾ എന്നു തുടങ്ങിയവയിലൊന്നും പ്രത്യേകനിയമമൊന്നുമില്ല. മറ്റു മതങ്ങളും ഇത്രയില്ലെങ്കിലും പലതിലും ഉദാരസമീപനം കൈക്കൊണ്ടുവരുന്നതായിക്കാണാം. അതിനാൽ ഹിന്ദുവെപ്പറ്റി ഗോൾവൾക്കറും അനുയായികളും പറയുന്നതൊക്കെ ഹിന്ദുക്കളിൽ പലരും കാര്യമായെടുക്കുകയില്ല. അദ്ദേഹം ആർ. എസ്. എസ്സുകാർക്കുവേണ്ടി പറയുന്നതാണിതെല്ലാം. അവരിൽത്തന്നെ എത്ര പേർ അദ്ദേഹത്തിന്റെ വിധിനിഷേധങ്ങൾ മുഖവിലയ്ക്കെടുക്കുമെന്ന് എനിക്കു സംശയമുണ്ട്.

**പുനർജന്മസങ്കല്പത്തിന്റെ യുക്തി**

“കാര്യകാരണനിയമം പറയുന്നത് നമ്മുടെ ഓരോ പ്രവൃത്തിക്കും (കാരണം) അതിന്റേതായ ഫലമുണ്ടായിരിക്കുമെന്നുള്ളതാണ്. കാര്യകാരണങ്ങളുടെ ഈ വലയം വികസിച്ചു പരമകാഷ്ഠ പ്രാപിക്കേണ്ടതുണ്ട്. ആ നിലയ്ക്ക് മനുഷ്യന്റെ സവിശേഷമായ നൈസർഗികപ്രേരണ വികാസം പ്രാപിക്കുകയെന്നതാണ്. അതിനാൽ അവനിൽ തന്റെ യഥാർഥമായ ഈശ്വരത്വത്തെ സംബന്ധിച്ച അജ്ഞതയുടെ കണികയെങ്കിലും അവശേഷിക്കുന്നുണ്ടെങ്കിൽ വീണ്ടും വീണ്ടും ജന്മമെടുക്കേണ്ടതായിവരും. ഓരോ ജന്മത്തിലും ആത്മാർഥമായ പരിശ്രമമുണ്ടെങ്കിൽ കൂടുതൽ കൂടുതൽ പുരോഗതി നേടാനും കഴിയും. മനുഷ്യാത്മാവിന്റെ ഒരേയൊരു മഹത്തായ പ്രത്യാശ പരമാത്മാവുമായുള്ള നമ്മുടെ ഏകത്വം സാക്ഷാത്കരിക്കാൻവേണ്ടി പുനർജന്മമുണ്ടാകുന്നു എന്ന സിദ്ധാന്തമാണ്. ഹിന്ദുത്വത്തിന്റെ മാത്രം ദീപസ്തംഭമായ ഈ സിദ്ധാന്തം ഈ ജന്മംകൊണ്ട് എല്ലാം അവസാനിക്കുന്നില്ലെന്നും ജന്മജന്മാന്തരങ്ങളായി അനന്തകാലം ഇനിയുമിനിയും പരിശ്രമിക്കാനായി നമ്മുടെ മുന്നിൽ തുറന്നുകിടക്കുന്നുണ്ടെന്നും ഉള്ള ആശയത്തിലൂടെ ദിവ്യമായ ആശാകിരണങ്ങൾ നാലുപാടും ചൊരിയുകയാണ്. വിശാലമായ ഈ മനുഷ്യവംശത്തിൽ ഹിന്ദു മാത്രമാണ് ആത്മവിശ്വാസത്തിന്റെ ഈ ആശാദീപം ഉയർത്തിപ്പിടിക്കുന്നത്. നമ്മുടെ എല്ലാ പുണ്യഗ്രന്ഥങ്ങളിലും പഴയതോ പുതിയതോ ആയ ഈ മൗലികസിദ്ധാന്തങ്ങൾ മായാതെ മുദ്രണം ചെയ്തിട്ടുണ്ട്.” (പേജ് 105–106)

പുനർജന്മമെന്ന അന്ധവിശ്വാസം കാര്യകാരണനിയമമെന്ന സിദ്ധാന്തം കൊണ്ട് ശാസ്ത്രീയമായി തെളിയിക്കാനും അങ്ങനെ പരമാത്മാവായ ഈശ്വരനെ സാക്ഷാത്കരിക്കാനുള്ള സമയം നീട്ടാനും കഴിയുമെന്ന ഈ ആശയം വിവരിക്കുന്ന പുണ്യഗ്രന്ഥങ്ങളുള്ളതുകൊണ്ട് ഹിന്ദു മാത്രം രക്ഷപ്പെടുമ്പോൾ അഹിന്ദുക്കളായ മുസ്ലീങ്ങളും ക്രിസ്ത്യാനികളും മറ്റും നരകത്തിൽ കിടന്നു വിഷമിച്ചുകൊണ്ട് നോക്കിനിൽക്കും! അവർക്കു സ്വർഗത്തിനു യോഗമില്ലല്ലോ!

**ഹിന്ദുജീവിതദർശനം**

“നമ്മുടെ ജീവിതദർശനം പറയുന്നത് ‘നിന്റെ കൃത്യം നിർവഹിക്കൂ, നിഃസ്വാർഥഭാവത്തോടെ കർത്തവ്യമനുഷ്ഠിക്കൂ’ എന്നാണ് ” (പേജ് 107)

ഹിന്ദുവൊഴിച്ചു മറ്റാർക്കും തന്റെ കൃത്യം നിർവഹിക്കാനും നിഃസ്വാർഥഭാവത്തോടെ കർത്തവ്യമനുഷ്ഠിക്കാനും പറയുന്ന ജീവിതദർശനമില്ലെന്ന ഈ പൊങ്ങച്ചം ആർക്കും ഇത്തിരി ഉപ്പ് കൂട്ടാതെ വിഴുങ്ങാൻ പറ്റില്ല.

“സമൂഹശ്രേണിയിൽ ഉയരാനും ജീവിതസാഫല്യത്തിലേക്കു പുരോഗമിക്കാനും അവനു (മനുഷ്യനു) കഴിയുന്നു. അതിനർഥം കൂടുതൽ കൂടുതൽ വിസ്തൃതമായ സമൂഹവുമായി ഏകീഭാവം പൂണ്ടുകൊണ്ട് തന്റെ സർവസ്വവും സമർപ്പിച്ച് സമാജത്തെ സേവിക്കാൻ പൂർണസന്ദർഭം ഓരോ വ്യക്തിക്കും നൽകുകയെന്നതാണ് പരമസത്യത്തിന്റെ സാക്ഷാത്കാരത്തിലേക്കുള്ള ഓരോ വ്യക്തിയുടെയും പന്ഥാവിൽ വെളിച്ചം വീശുന്നതിനുള്ള ഉപായം എന്നത്രേ. അതുകൊണ്ടാണ് നാം പറഞ്ഞത്, ‘സമാജത്തെ സ്വാർഥാഭിലാഷമോ ആസക്തിയോ കൂടാതെ സേവിക്കുക.’ മനുഷ്യവർഗത്തെ സേവിക്കുന്നത് വാസ്തവത്തിൽ ഈശ്വരസേവയാണ്. നമ്മുടെ ദർശനത്തിന്റെ സവിശേഷതയാണിത്.” (പേജ് 108)

പുനർജന്മത്തിന്റെ കൈവശസർട്ടിഫിക്കറ്റുള്ളതുകൊണ്ട് ഹിന്ദുവിന് മാനവസേവയിലൂടെ ഈശ്വരസേവയ്ക്ക് സൗകര്യം കിട്ടുന്നു. ഹിന്ദുവിന്റെ ദർശനത്തിന്റെ ഓരോ സവിശേഷത!

നമ്മെ ശരിക്കും ഭാവാത്മകഹിന്ദുക്കളാക്കുന്ന (അഭാവഹിന്ദുക്കളുടെ വായിൽ വെള്ളമൂറുന്നുണ്ടാവും!) ചില മൗലികസവിശേഷതകളേ ഇവിടെ (വിസ്തരഭയത്താൽ – ഇപ്പോൾത്തന്നെ 730–ൽ പരം പേജുകളുണ്ട്!) കൊടുത്തിട്ടുള്ളൂ. ബാക്കി പൂന്താനത്തിന്റെ *ജ്ഞാനപ്പാന*യിലോ മറ്റോ നോക്കാം! അങ്ങനെ നമുക്ക് നിവർന്നുനിൽക്കാം! (നട്ടെല്ലിനു കുഴപ്പമൊന്നുമില്ലല്ലോ?) ഹിന്ദുപാരമ്പര്യത്തിലെ ഈ ജന്മം ഫലവത്താക്കാം: “നമ്മെ ശരിക്കും

ഭാവാത്മകഹിന്ദുക്കളാക്കുന്ന ചില മൗലികസവിശേഷതകളാണിവ. നാം അവയിൽ പ്രത്യേകശ്രദ്ധ പതിപ്പിക്കുകയും അവ ഉൾക്കൊണ്ടു നമ്മുടെ ജീവിതത്തിൽ പ്രകടമാക്കുകയും അങ്ങനെ ആ മഹത്തായ തത്ത്വങ്ങളുടെ ചരിക്കുന്ന യഥാർഥസജീവമാതൃകകളായി നിവർന്നുനിൽക്കുകയും ചെയ്യുമ്പോൾ മാത്രമേ ഈ ദിവ്യമായ ഹിന്ദുപാരമ്പര്യത്തിൽ ജന്മമെടുത്തത് ഫലവത്താകൂ." (പേജ് 109)

**ഹിന്ദുസമാജസംഘാടനം**

"അതിനാൽ ഹിന്ദുസമാജത്തെ സംഘടിപ്പിക്കുക എന്ന ആശയം വളരെ സരളമെന്നു തോന്നാമെങ്കിലും ഒന്നാമതായി നമ്മുടെ ദൈനന്ദിനജീവിതത്തിൽ നാം ഹിന്ദുക്കളാണെന്ന ബോധോദയം ഉണ്ടായിരിക്കുകയും ആ മഹത്തായ പാരമ്പര്യമൂല്യങ്ങൾക്കനുസരിച്ച് നമ്മുടെ ജീവിതത്തിന്റെ ഓരോ ചെറിയ വശം പോലും വാർത്തെടുക്കുകയും ചെയ്യേണ്ടതുണ്ട് എന്നാണ് താല്പര്യം." (പേജ് 110)

ഹിന്ദുസമാജസംഘാടനം സരളമാണെന്നൊന്നും തോന്നിയിട്ടില്ല. ദൈനന്ദിനജീവിതത്തിൽ ആർക്കാണിങ്ങനെ ബുദ്ധനാവാൻ പറ്റുക എന്നറിയില്ല!

**ഗോവധനിരോധനപ്രശ്നം**

."നാം പശുവിനെ സംരക്ഷിക്കുന്നത് യുഗങ്ങളായി അത് ഹിന്ദുക്കളുടെ ഭക്തിശ്രദ്ധാദികളുടെ പ്രതീകമായതുകൊണ്ടല്ല, മറിച്ച് മുസ്ലീങ്ങൾ അവയെ കൊല്ലുന്നതുകൊണ്ടാണ് എന്നല്ലേ? ഇത് പ്രതിക്രിയയിൽനിന്ന് ഉടലെടുത്ത ഹിന്ദുത്വമാണ്. ഒരുതരം 'നിഷേധാത്മകഹിന്ദുത്വ'മാണ്." (പേജ് 110)

വലിയ ചിന്താശീലരല്ലാത്ത മേൽജാതിഹിന്ദുക്കൾ ഇപ്രകാരംതന്നെയാണ് വിചാരിക്കുക. അവരെ നിഷേധാത്മകഹിന്ദുക്കളെന്നു മുദ്രയടിച്ച് രണ്ടാംകിടഹിന്ദുക്കളാക്കുന്നത് ഒരുതരം വലിയേട്ടൻമനോഭാവമാണെന്നു ചിലർക്കു തോന്നാനിടയുണ്ട്.

**ഹിന്ദുവും കമ്യൂണിസവും**

"ഒന്നുകിൽ കമ്യൂണിസ്റ്റാവാം അല്ലെങ്കിൽ ഹിന്ദുവാകാം, രണ്ടുംകൂടി ആവാൻ കഴിയുകയില്ല." (പേജ് 111)

ഹിന്ദുക്കളാരും കമ്യൂണിസ്റ്റുകാരാകാൻ പാടില്ലെന്ന് ഏതു ശ്രുതിയിലോ സ്മൃതിയിലോ ആണ് പറയുന്നതെന്നു ഗോൾവൾക്കർ വ്യക്തമാക്കുന്നില്ല. അദ്ദേഹം ആർ. എസ്. എസ്. നേതാവല്ലാതെ ശ്രുതികാരനോ സ്മൃതികാരനോ അല്ലല്ലോ.

**ഹിന്ദുരാഷ്ട്രവാദം**

"ഇത് ഹിന്ദുരാഷ്ട്രമാണ്. ഇതെന്റെ ധർമമാണ്; ഞാൻ ജീവിതത്തിൽ പകർത്തേണ്ടതും മറ്റുള്ള സകലരാഷ്ട്രങ്ങൾക്കും അനുവർത്തിക്കത്തക്കവിധം മാതൃകയായി നിലനിറുത്തേണ്ടതുമായ എന്റെ ജീവിതദർശനമാണിത്. ഈ വിധത്തിലുള്ള സുദൃഢവും ഭാവാത്മകവുമായ വിശ്വാസമാണ് ഹിന്ദുപുനഃസംഘടനയുടെ ഉറച്ച ആധാരം." (പേജ് 111)

ആർക്കും അഭിപ്രായസ്വാതന്ത്ര്യമുണ്ട്. പക്ഷേ, ഇന്ത്യൻഭരണഘടനയനുസരിച്ച് ഈ ഹിന്ദുരാഷ്ട്രവാദം ശരിയല്ല. അത് അവർണരുടെയും ദളിതരുടെയും ആദിവാസികളുടെയും അന്യമതസ്ഥരുടെയും അസ്വാസ്ഥ്യവും വെറുപ്പും വിളിച്ചുവരുത്തുകയേയുള്ളൂ. വർഗീയകലാപങ്ങൾക്ക് വഴിമരുന്നിടാനേ അതുതകൂ.

"വീരസാവർക്കർജി *ഹിന്ദുത്വ* എന്ന അതിമനോഹരമായ ഗ്രന്ഥം രചിക്കുകയും ഹിന്ദുമഹാസഭ ഹിന്ദുദേശീയതയുടെ ശുദ്ധതത്ത്വദർശനമായ അതിനെ ആധാരമായി സ്വീകരിക്കുകയും ചെയ്തു." (പേജ് 111)

സാവർക്കറുടെ *ഹിന്ദുത്വ* എന്ന ഗ്രന്ഥമാണ് ഹിന്ദുരാഷ്ട്രവാദത്തിനും തുടർന്നുവന്ന സർവകുഴപ്പങ്ങൾക്കും വഴി തെളിച്ചത്. അതുകൊണ്ട് അത് ഗോൾവൾക്കർക്കും ഹിന്ദുമഹാസഭയ്ക്കും അമൃതസമാനമായിരിക്കും.

**ഈശ്വരവിശ്വാസത്തിന്റെ ഭാരതീയത്വം**

"ഈ ഈശ്വരവിശ്വാസം, ഈ മതവിശ്വാസം തന്നെയാണ് പടിഞ്ഞാറിന് വലിയൊരതിർത്തിവരെ വിജയം പ്രദാനം ചെയ്തതെന്നതിനു സംശയമില്ല." (പേജ് 113)

പടിഞ്ഞാറിന്, അപ്പോൾ, ഭൗതികവാദവും നിരീശ്വരവാദവുമല്ലാതെ ഈശ്വരവിശ്വാസവും മതവിശ്വാസവുമൊക്കെയുണ്ടെന്നും അതാണതിന്റെ വിജയത്തിനു നിദാനമെന്നും ഗോൾവൾക്കർതന്നെ സമ്മതിച്ചത് നന്നായി.

**ഈശ്വരവിശ്വാസം പടിഞ്ഞാറും**

“മനുഷ്യവ്യാപാരത്തിന്റെ ചെറുതും വലുതുമായ എല്ലാ മണ്ഡലങ്ങളെയും ഉൾക്കൊള്ളുന്ന തത്ത്വജ്ഞാനം ഹിന്ദുവിന്റേതു മാത്രമാണ്... മാതൃകാപുത്രൻ, മാതൃകാഭ്രാതാവ്, മാതൃകാഭർത്താവ്, മാതൃകാസുഹൃത്ത്, മാതൃകാശിഷ്യൻ, ശത്രുക്കളെ സംബന്ധിച്ചിടത്തോളം മാതൃകാശത്രു ഇതെല്ലാം ആ മാതൃകാഹിന്ദുപുരുഷനിൽ (ശ്രീരാമനിൽ) ഒത്തിണങ്ങി. ശ്രീകൃഷ്ണനും ഇതുപോലെത്തന്നെയായിരുന്നു.” (പേജ് 116)

തൊട്ടുമുൻപ് പടിഞ്ഞാറിന്റെ വിജയത്തിനു നിദാനം ഈശ്വരവിശ്വാസവും മതവിശ്വാസവുമാണെന്ന് പറഞ്ഞിട്ട് ഇപ്പോൾ അതേ ഗോൾവൾക്കർ പറയുന്നു, ‘മനുഷ്യവ്യാപാരത്തിന്റെ ചെറുതും വലുതുമായ എല്ലാ മണ്ഡലങ്ങളെയും ഉൾക്കൊള്ളുന്ന തത്ത്വജ്ഞാനം ഹിന്ദുവിന്റേതു മാത്രമാ’ണെന്ന്. ഗോൾവൾക്കർക്ക് വലിയ ആശയക്കുഴപ്പമാണല്ലോ. അതിരിക്കട്ടെ. ശ്രീരാമൻ മാതൃകാപുത്രനാണ് – തന്നെയോർത്തു കരഞ്ഞുവിളിക്കുന്ന അച്ഛനെ വിട്ട് ഭാര്യയെയും അനിയനെയും കൂട്ടി കാട്ടിലേക്കു പോയല്ലോ. അദ്ദേഹം മാതൃകാഭ്രാതാവു തന്നെ. കാട്ടിലേക്കു പോവുമ്പോൾ ശത്രുഘ്നനെ അന്വേഷിച്ചതുപോലുമില്ല. അച്ഛനെ നോക്കാൻ ലക്ഷ്മണനെപ്പോലും അയോധ്യയിൽ നിർത്തിയില്ല. മാത്രമല്ല, തനിക്കു കൂട്ടായി അവനെക്കൂടി കാട്ടിലേക്കു കൊണ്ടുപോയി. അവനു കൂട്ടായി ഊർമിളയും വരട്ടെ എന്നു പറഞ്ഞില്ല. ഒന്നോർത്താൽ ലക്ഷ്മണനെയാണ് ശിക്ഷിച്ചതെന്നു തോന്നും. ശൂർപ്പണഖയുടെ കളി കണ്ടു രസിക്കാൻ ലക്ഷ്മണൻ കല്യാണം കഴിച്ചിട്ടില്ലെന്ന കളവു പോലും അവളോടു പറഞ്ഞു. ഇതാണോ ശ്രീരാമന്റെ മാതൃകാഭ്രാതൃത്വം? അദ്ദേഹം മാതൃകാഭർത്താവുതന്നെ. സീതയെ, മഹാകവി വള്ളത്തോൾ പാടിയ പോലെ,

‘പത്തും തികഞ്ഞ നാളൃക്ഷതരക്ഷുക്കൾ

തത്തിന കാട്ടിൽ കളഞ്ഞീലയോ നൃപൻ?’

ഇനി മാതൃകാസുഹൃത്തിന്റെ കാര്യം. സീതാന്വേഷണത്തിനും രാവണനോടുള്ള യുദ്ധത്തിൽ പങ്കാളികളാകുന്നതിനും വാനരപ്പടയെ കിട്ടാൻവേണ്ടി സുഗ്രീവനുമായി സഖ്യമുണ്ടാക്കിയ സ്വാർഥിയായ ശ്രീരാമനാണോ മാതൃകാസുഹൃത്ത്? മാതൃകാശിഷ്യന്റെ സ്ഥിതിയോ? വിശ്വാമിത്രന്റെ ശിഷ്യനായി കൗമാരപ്രായത്തിൽത്തന്നെ കാട്ടിലേക്കു പോയതാണ് സൂചിപ്പിക്കുന്നത്. മിഥിലയിൽ പോകാനും ശൈവചാപം കുലച്ചുമുറിച്ച് സീതയെ വിവാഹം കഴിക്കാനുമുള്ള ആഗ്രഹം കൊണ്ടല്ലേ വിശ്വാമിത്രന്റെ കൂടെ വനത്തിലേക്കു പോയത്? ശത്രുക്കളെ സംബന്ധിച്ചിടത്തോളം മാതൃകാശത്രുവണുപോലും ശ്രീരാമൻ. രാവണനാണല്ലോ ശ്രീരാമന്റെ മുഖ്യശത്രു. രാവണന് മാതൃകാശത്രുവാണോ ശ്രീരാമൻ? വിഭീഷണനെ സ്വന്തക്കാരനാക്കി രാവണന്റെ ദൗർബല്യങ്ങൾ ചോർത്തിയെടുത്ത് വേദപണ്ഡിതനും ശിവഭക്തനുമായ അവനെ, സീതയെ ഒരു ദ്രോഹവും ചെയ്യാത്ത, അവളോട് മാന്യമായി പെരുമാറിയ, ശക്തനായ രാവണനെ അഗസ്ത്യന്റെ സഹായത്തോടെ ‘ചതിവി’ൽ കൊന്ന രാമനാണോ മാതൃകാശത്രു? ഈ രാമൻ ഹിന്ദുവാണെന്ന് *വാല്മീകിരാമായണം* മുതൽ *അധ്യാത്മരാമായണം* വരെയുള്ള ഒരു രാമായണത്തിലും പറഞ്ഞിട്ടില്ല. ഇനി ഹിന്ദുവാണെന്നു പറഞ്ഞാൽത്തന്നെ മേൽ വിവരിച്ച രീതിയിലുള്ള ഒരാളെ എങ്ങനെ മാതൃകാപുരുഷനായി പരിഗണിക്കും? ഇതിഹാസപുരുഷനും പുരാണകഥാപാത്രവുമായ രാമനെ എങ്ങനെ ചരിത്രപുരുഷനായി കണക്കാക്കും? പുരാണേതിഹാസങ്ങൾ ചരിത്രമാണോ? ചരിത്രാംശങ്ങൾ അവയിൽ കണ്ടേക്കാമെങ്കിലും. ശ്രീകൃഷ്ണന്റെ കാര്യം ഇതിനേക്കാൾ വഷളാണ്. *ഭാഗവത*ാദിപുരാണങ്ങളിലെ ശ്രീകൃഷ്ണന്റെ കാമക്കൂത്തുകളും അശ്ലീലവികൃതമായ രാസക്രീഡാദികളും നോക്കുക. ഇതൊക്കെ കവികല്പനകളാണെന്നു കണ്ട് നമുക്ക് വായിച്ചു രസിക്കാം. പക്ഷേ, ഗോൾവൾക്കർ ശാഠ്യം പിടിക്കുന്നത് ഈ പുരാണങ്ങളൊക്കെ ചരിത്രമാണെന്നും ശ്രീകൃഷ്ണൻ ഹിന്ദുക്കൾക്കു മാതൃകയായ ചരിത്രപുരുഷനാണെന്നുമാണ്!

**ആർ. എസ്. എസ്സിന്റെ യുദ്ധഭ്രാന്ത്**

“ഓരോ വ്യക്തിയെയും ആദർശഹിന്ദുപൗരുഷത്തിന്റെ മാതൃകയായി വാർത്തെടുത്തു സമഷ്ടിവ്യക്തിത്വത്തിന്റെ ജീവനുള്ള അവയവമാക്കുന്നതിലൂടെ സമാജത്തിന്റെ സമ്പൂർണമായ സംഘടിതാവസ്ഥ സൃഷ്ടിക്കുക എന്നതാണ് നമ്മുടെ പ്രവർത്തനത്തിന്റെ ആത്യന്തികമായ കാഴ്ച്ചപ്പാട്. സംഘടനാപരമായ നമ്മുടെ സർവസംരംഭങ്ങൾക്കും അതാണ് ജീവൽപ്രചോദനം.” (പേജ് 120)

നമ്മുടെ എന്നതിന് ഹിന്ദുവിന്റെ, കൃത്യമായി പറഞ്ഞാൽ, ആർ. എസ്. എസ്സിന്റെ എന്നർഥം. യുദ്ധത്തിന് ഒരുങ്ങിക്കൊള്ളുക! ഹിന്ദുക്കളിലെ ബഹുഭൂരിപക്ഷത്തിനും ഇതൊന്നും പ്രസക്തമല്ലെന്നുള്ളതാണ് വാസ്തവം.

“സമർപ്പണഭാവത്തോടകൂടിയ നൂറുനൂറായിരം പ്രവർത്തകരുടെ നിശ്ശബ്ദവും അവിശ്രമവുമായ പരിശ്രമം അതിനാവശ്യമാണ്. എതിർപ്പുകളുടെയും പ്രലോഭനങ്ങളുടെയും മധ്യത്തിൽ അചഞ്ചലമായി നിൽക്കുവാൻ കഴിയുന്ന ധീരദൃഢഹൃദയങ്ങൾ ഇതിനാവശ്യമാണ്. അത്തരം ആവേശം നിറഞ്ഞ ജീവിതങ്ങൾ വാർത്തെടുക്കുന്നതിനുവേണ്ടിയാണ് സംഘം ദൈനന്ദിനസംസ്കാരങ്ങൾക്ക്, അതായത് ആജന്മം ഈ സമർപ്പണപന്ഥാവിലൂടെ മുന്നേറാൻ വേണ്ട ശക്തിയും യോഗ്യതയും വ്യക്തിയിൽ വളർത്തുന്ന, ബുദ്ധിപരവും വികാരപരവുമായ ഗുണങ്ങൾ സൃഷ്ടിക്കുന്ന ദൈനന്ദിനപ്രവർത്തനത്തിന് പരമപ്രാധാന്യം കല്പിക്കുന്നത്.” (പേജ് 120)

ലക്ഷ്യം ഒന്നുകൂടി വിശദീകരിച്ചത് ‘ഒരുക്കം’ ശക്തിപ്പെടുത്താൻ. സംഘം – ആർ. എസ്. എസ്.

"എന്നാൽ നമ്മുടെ രാഷ്ട്രം തികച്ചും വ്യത്യസ്തമായ ചിത്രമാണ് അവതരിപ്പിക്കുന്നത്. ഏറ്റവും പ്രാകൃതമായ വർഗങ്ങളിൽനിന്ന് ഇത്തരം അസംഖ്യം ആക്രമണങ്ങളെ നമ്മുടെ സമാജത്തിനും അഭിമുഖീകരിക്കേണ്ടിവ ന്നിട്ടുണ്ട്. ഈ ശത്രുശക്തികളുടെ രാഷ്ട്രീയാധിപത്യം നമ്മുടെ ജനതയുടെമേൽ നൂറ്റാണ്ടുകളോളം പല പ്പോഴും നിലനിന്നുപോന്നിട്ടുണ്ട്. രാവണന്റെ കാലം മുതലേ അധർമത്തിന്റെ ശക്തികൾ പലപ്പോഴും ഇവിടെ അവരുടെ തേർവാഴ്ച്ച നടത്തിയിട്ടുണ്ട്. അറംഗസേബ് ഇവിടെ ഭരിച്ചിരുന്ന ആ ഇരുളടഞ്ഞ കാലഘട്ടത്തിൽ സമർഥരാമദാസസ്വാമികളെപ്പോലെ ശൂരനായ സന്യാസിക്കുപോലും സർവശക്തനായ തിരുവവതാരത്തി നുമാത്രമേ ഹിന്ദുസമാജത്തെ സമ്പൂർണമായ നാശത്തിൽനിന്നു സംരക്ഷിക്കുവാൻ സാധിക്കുകയുള്ളൂ എന്നു വിലപിക്കേണ്ടിവന്നിട്ടുണ്ട്. പിൽക്കാലത്ത് കൗശലക്കാരായ ബ്രിട്ടീഷുകാരും നമ്മുടെ രാഷ്ട്രജീവിതത്തിനു തുരങ്കം വെക്കുവാൻ പരിശ്രമിച്ചു." (പേജ് 124)

നമ്മുടെ ശത്രുക്കളുടെ ആക്രമണചരിത്രം രാവണൻ മുതൽ അറംഗസേബ് വഴി ബ്രിട്ടീഷുകാരിലെത്തിനിൽക്കുന്നു. വാല്മീകിയുടെ ഭാവനാസന്താനവും ഇതിഹാസകഥാപാത്രവുമായ രാവണന്റെ കാലമെങ്ങനെയാണ് ഗോൾവൾക്കർ നിശ്ചയിച്ചത്?

**രാജാവും ഋഷിമുനിമാരും**

"രാജ്യം ഭരിച്ചിരുന്നവർ ഒരിക്കലും നമ്മുടെ സമാജത്തിന്റെ അമരക്കാരായിരുന്നില്ല. നമ്മുടെ രാഷ്ട്രജീവിതത്തി ന്റെ താങ്ങുതൂണായി അവർ ഒരിക്കലും പരിഗണിക്കപ്പെട്ടിരുന്നില്ല. പണത്തിന്റെയും പ്രതാപത്തിന്റെയും പ്രലോ ഭനങ്ങൾക്കുപരി ഉയർന്നതും സുഖപൂർണവും ഗുണഭൂയിഷ്ഠവും ഏകീകൃതവുമായ സമാജവ്യവസ്ഥ സ്ഥാപിക്കാൻ സമർപ്പണം ചെയ്തവരുമായ ഋഷിമുനിമാർ ആയിരുന്നു അതിന്റെ ദീപശിഖാവാഹകന്മാർ. അവർ ധർമസത്തയുടെ പ്രാതിനിധ്യം വഹിച്ചു. ഉത്തമമായ ആ ധാർമികാധികാരശക്തിയുടെ ഉത്സാഹി യായ അധികാരി മാത്രമായിരുന്നു രാജാവ്. വിവിധ ആക്രമണശക്തികൾക്കു മുന്നിൽ ധാരാളം രാജശക്തി കൾ മണ്ണടിഞ്ഞുപോയി. എന്നാലും ആ ധർമസത്ത ജനങ്ങളെ ഒരുമിച്ചു നിറുത്തുകതന്നെ ചെയ്തു" (പേജ് 124–25)

രാജവാഴ്ച്ചക്കാലത്ത് രാജാവിന് അധികാരമൊന്നുമുണ്ടായിരുന്നില്ല. പ്രലോഭനങ്ങൾക്കു വഴങ്ങാത്തവരും സമർപ്പി തചേതസ്സുകളുമായ ഋഷിമുനിമാരാണ് എല്ലാം നിയന്ത്രിച്ചിരുന്നത്. എന്നിട്ടും, ആക്രമണശക്തികൾക്കുമുന്നിൽ രാജശക്തി നിലംപരിശായി. ഋഷിമാരുടെ ശക്തി അത്രയ്ക്കുണ്ടെന്ന് താല്പര്യം. ഇത്രയൊക്കെയായിട്ടും, ഗോൾവൾക്കർ നമ്മെ വിശ്വസിപ്പിക്കാൻ ശ്രമിക്കുന്നത് ധർമസത്ത ജനങ്ങളെ ഒരുമിച്ചുനിർത്തി എന്നാണ്. രാജശക്തി മണ്ണടിഞ്ഞു പോവുന്നത് ഇല്ലാതാക്കാൻ ധർമസത്തയ്ക്ക് കഴിവില്ലെന്നർഥം. ഇപ്പോഴും ഓക്സിജ നില്ലാതെ പിഞ്ചുകുഞ്ഞുങ്ങൾ പിടഞ്ഞുമരിക്കുന്നതിനിടയാക്കുന്ന യോഗിമാരുടെ ഭരണം തുടർന്നാലും ധർമ സത്ത നിലനിന്നുകൊള്ളുമെന്നു ധ്വനി.

**ബുദ്ധമതകാലഘട്ടം**

"ബുദ്ധകാലഘട്ടവും നമുക്ക് ഇതേ സന്ദേശം (സമാജത്തിന്റെ കെട്ടുറപ്പിന്റെ രഹസ്യം) തന്നെ നൽകുന്നു. ബുദ്ധന്റെ കാലശേഷം ഇവിടത്തെ അനുയായികൾ അധഃപതിച്ചു. അവർ ഈ നാടിന്റെ യുഗങ്ങളോളം പഴക്കമുള്ള ദേ ശീയപാരമ്പര്യത്തിന്റെ കടപുഴക്കാൻ തുടങ്ങി. നമ്മുടെ സമാജത്തിൽ വളർത്തിയെടുത്തിരുന്ന മഹത്തായ സാംസ്കാരികമൂല്യങ്ങളെ അവർ തകർക്കാൻ ശ്രമിച്ചു. ഭൂതകാലവുമായി ബന്ധിച്ചിരുന്ന കണ്ണികൾ അറു ക്കാൻ അവർ തുനിഞ്ഞു. ധർമത്തിന്റെ സ്ഥിതി ഖേദകരമാം വിധം താഴ്ന്നു. സമാജരചനയാകെ പിച്ചിച്ചീന്ത പ്പെട്ടപോലെയായി. രാഷ്ട്രത്തോടും അതിന്റെ പാരമ്പര്യത്തോടുമുള്ള ഭക്തിഭാവം കുറഞ്ഞു കുറഞ്ഞ് ഒടു വിൽ ബുദ്ധമതഭ്രാന്തന്മാർ ബുദ്ധമതത്തിന്റെ മുഖംമൂടി ധരിച്ച വിദേശീയാക്രമികളെ ക്ഷണിക്കുകയും സഹാ യിക്കുകയും ചെയ്തു. ബുദ്ധമതക്കാർ മാതൃസമാജത്തിനും മാതൃധർമത്തിനും എതിരായ കുലദ്രോഹിക ളായി മാറി. അത്തരം പ്രതിസന്ധിയിൽ നമ്മുടെ ധർമത്തിന്റെയും സമാജത്തിന്റെയും സംരക്ഷകനായി വന്ന താരായിരുന്നു? അതേ ഋഷിമാരുടെയും സന്യാസിമാരുടെയും പരമ്പരതന്നെ സ്വന്തം ജീവചൈതന്യവും ശക്തിയും ശ്രീശങ്കരാചാര്യരുടെ രൂപത്തിൽ പ്രകടമാക്കി. അതുല്യദാർശനികനും അസാമാന്യസംഘാടക നുമായ സന്യാസിയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ ഔന്നത്യം ഈ ഐഹികസമ്പത്തിലോ ശക്തി യിലോ ആയിരുന്നില്ല. നാടിന്റെ ഒരറ്റത്തുനിന്ന് മറ്റേ അറ്റത്തേക്ക് അദ്ദേഹം അർധനഗ്നനായി കാൽനടയായി സഞ്ചരിച്ചു. വിഷം നൽകി കൊലപ്പെടുത്താനുള്ള ശ്രമമുൾപ്പെടെ അനേകം വിപത്തുകൾ നേരിട്ടു. എന്നാലും നിർഭയനായും വിജിഗീഷുവായും സുഖവും വിശ്രമവുമില്ലാതെ സഞ്ചരിച്ചുകൊണ്ട് നമ്മുടെ സംസ്കാര ത്തിന്റെ മങ്ങിമറഞ്ഞുകൊണ്ടിരുന്ന ജ്വാലയെ വീണ്ടും ആളിക്കത്തിച്ചു. അദ്ദേഹത്തിന്റെ വിശ്വസ്താനുയായി കളായ സന്യാസിമാർ വിയർപ്പും രക്തവും നൽകി ഭൂതകാലത്തെയും വർത്തമാനകാലത്തെയും ഒരുമിച്ചി ണക്കിച്ചേർത്തു സമുജ്ജ്വലമായ ഭാവിക്കു കളമൊരുക്കി. അവർ തട്ടിയുണർത്തിയ യഥാർഥരാഷ്ട്രബോ ധവും നിസ്വാർഥസേവാഭാവവും സമാജത്തെ സ്വന്തം കാലിൽ നിൽക്കാനും ദേശദ്രോഹഘടകങ്ങളെ പുറം തള്ളാനും ശക്തമാക്കി. വ്യത്യസ്തമായ മതമെന്ന നിലയിൽ ബുദ്ധമതം, ജന്മമെടുത്ത മണ്ണിൽനിന്നു തേച്ചു മാച്ചുകളയപ്പെട്ടു. എന്നാൽ ബുദ്ധൻ അവതാരമായി നിലകൊള്ളുകയും ചെയ്തു. നാം സർവശക്തനായ ശിവനെ ആരാധിക്കുന്നുവെന്നതിനു സംശയമില്ല. എന്നാൽ അദ്ദേഹത്തെ ചുറ്റിപ്പറ്റിക്കൂടുന്ന ഭൂതഗണങ്ങളെ അക്കാരണത്താൽ സ്വാഗതം ചെയ്യാറില്ല!" (പേജ് 126–27)

ബുദ്ധനെ വിമർശിക്കാതെ ബുദ്ധമതത്തെയും തദനുയായികളെയും കശക്കിയെറിയുക എന്ന തന്ത്രമാണ് ഇവിടെ ആദ്യഭാഗത്ത് ഗോൾവൾക്കർ പ്രയോഗിക്കുന്നത്. ബുദ്ധമതം പരമ്പരാഗതമയ സാംസ്കാരികമൂല്യങ്ങളെ തകർത്ത് (ഹിന്ദു)സമാജത്തെയാകെ പിച്ചിച്ചീന്തി. മാത്രമല്ല, വിദേശീയാക്രമികളെ ക്ഷണിച്ചുവരുത്തുകയും അവരെ സഹായിക്കുകയും ചെയ്തു. ഹിന്ദുസമാജത്തിനും ഹിന്ദുധർമത്തിനും എതിരായ കുലദ്രോഹികൾ. ഈ സന്ദർഭത്തിലാണ് ഹിന്ദുസമാജത്തെയും ഹിന്ദുധർമത്തെയും പുനരുദ്ധരിക്കാൻ ശങ്കരാചാര്യർ അവതരിച്ചത്. ചാതുർവർണ്യം പുനഃസ്ഥാപിച്ച് വേദം പഠിക്കുന്ന ശൂദ്രരുടെ നാക്കരിയാനും അത് കേൾക്കുന്ന അവന്റെ കാതിൽ ഈയവും അരക്കും ഉരുക്കിയൊഴിക്കാനും വിധിച്ച ശങ്കരൻ ഈ ബുദ്ധനെയും തദനുയായികളെയും മൂർച്ചയേറിയ വാദശരങ്ങൾകൊണ്ടും തന്റെ സംഘാടനപാടവം കൊണ്ടും അസ്തപ്രജ്ഞരാക്കുകയും ഭാരതത്തിന്റെ മണ്ണിൽനിന്ന് ആട്ടിയോടിക്കുകയും ചെയ്തു. ഗോൾവൾക്കറെപ്പോലെ, ബുദ്ധനെ വെള്ള പൂശാനൊന്നും ശങ്കരൻ തയ്യാറായില്ലെന്നതു ശ്രദ്ധേയമാണ്. ഇത്രയൊക്കെ ചെയ്തുവെങ്കിലും ബുദ്ധമതം ചൈനയിലും മറ്റു പല രാജ്യങ്ങളിലും പടർന്നു പന്തലിച്ചു. അപ്പോൾപ്പിന്നെ 'നമ്മുടെ സമാജം' അവസാനത്തെ അടവെടുത്തു. ബുദ്ധനെ വിഷ്ണുവിന്റെ അവതാരമാക്കിയുയർത്തി. അങ്ങനെയാണ് നമ്മൾ ബുദ്ധമതത്തെ ഇവിടെ നാമാവശേഷമാക്കിയത്. ഇങ്ങനെ ബുദ്ധനെ അംഗീകരിക്കുകയും ബുദ്ധമതത്തെ (തന്മതാനുയായികളെ) തള്ളുകയും ചെയതതിന് ഗോൾവൾക്കറുടെ ന്യായീകരണമെന്തെന്നോ? "നാം സർവശക്തനായ ശിവനെ ആരാധിക്കുന്നുവെന്നതിനു സംശയമില്ല. എന്നാൽ അദ്ദേഹത്തെ ചുറ്റിപ്പറ്റിക്കൂടുന്ന ഭൂതഗണങ്ങളെ അക്കാരണത്താൽ സ്വാഗതം ചെയ്യാറില്ല!" അപ്പോൾ, ഗണേശോത്സവമോ? അതിപ്പോൾ ദക്ഷിണേന്ത്യയിലേക്കും ഇറക്കുമതി ചെയ്തതാണെന്നുവെക്കാം. ഗണപതിഹോമം മുമ്പേ പതിവുള്ളതാണല്ലോ. ഗോൾവൾക്കർ അപ്പപ്പോൾ ഓരോ യുക്തി കണ്ടുപിടിക്കുമെന്നല്ലാതെ പലപ്പോഴും പൂർവാപര വൈരുധ്യത്തെ ഗണ്യമാക്കാറില്ല. (*വിചാരധാര* പല സന്ദർഭങ്ങളിലായി ചെയ്ത പ്രസംഗങ്ങളുടെ സമാഹാരമായതായിരിക്കാം കാരണം.)

**മുസ്ളീം കാലഘട്ടത്തിലും ബ്രിട്ടീഷ് കാലഘട്ടത്തിലും**

**മഹാന്മാരുടെയും സന്യാസിമാരുടെയും ആധിപത്യം**

"മുസ്ലീം ആധിപത്യത്തിന്റെ കാലത്തുപോലും മഹാപുരുഷന്മാരും സന്യാസിമാരും ആ പാരമ്പര്യം തുടരാൻ ഉയർന്നുവന്നു. ആ പ്രഗല്ഭന്മാരെല്ലാം – ചൈതന്യൻ, തുളസീദാസ്, സൂർദാസ്, ജ്ഞാനേശ്വരൻ, രാമാനന്ദൻ, തുകാറാം, രാമാനുജൻ, മധ്വൻ, നാനക് തുടങ്ങി പലരും – ഇങ്ങുനിന്നങ്ങോളം ഭക്തിയുടെ വേലിയേറ്റം തന്നെ സൃഷ്ടിച്ചു. സമർഥരാമദാസൻ ആ വ്യഗ്രതയെ ദേശീയശക്തി ഉല്പാദിപ്പിക്കുന്ന 'ഡൈനാമോ' ആക്കി മാറ്റി. ശ്രീരാമന്റെയും ശ്രീകൃഷ്ണന്റെയും കഥകൾ പാടി. വീരഗാഥകൾ ആലപിച്ചു. തങ്ങളുടെ ദേവന്മാരിലും ദേവിമാരിലുമുള്ള വിശ്വാസത്തെ ഉദ്ദീപിപ്പിച്ചു. ഭരണകൂടത്തിന്റെ മർദനങ്ങളുടെ മധ്യത്തിൽ ജനങ്ങളുടെ മനോവീര്യത്തിനു കോട്ടം തട്ടാതെ സൂക്ഷിച്ചു. ആധ്യാത്മികവും സാംസ്കാരികവുമായ ആ തീവ്രജാഗരണത്തിന്റെ ഫലമായിരുന്നു ഛത്രപതി ശിവാജിയുടെ നേതൃത്വത്തിലുണ്ടായ മഹത്തായ ദേശീയനവോത്ഥാനം. അതിനുമുൻപുതന്നെ വിദ്യാരണ്യസ്വാമികൾ തുടങ്ങിവെച്ച ആധ്യാത്മികദേശീയനവോത്ഥാനത്തിൽനിന്നാണ് വിജയനഗരത്തിലെ മഹത്തായ ഹിന്ദുശക്തി തലയുയർത്തിയത്. മഹാനായ ഗുരു നാനക്കും അനുയായികളും ഹിന്ദുനവോത്ഥാനത്തിന്റെ അടിസ്ഥാനമിട്ടു. പിൽക്കാലത്ത് ഗുരു ഗോവിന്ദസിംഹന്റെയും ബന്ദാബൈരാഗിയുടെയും കീഴിൽ സമരവീര്യമുൾക്കൊള്ളുന്ന സിഖുകാർക്കത് ജന്മമരുളി. ഇപ്രകാരം ഒരിക്കൽക്കൂടി ധർമത്തെ കേന്ദ്രമാക്കി രാഷ്ട്രത്തിന്റെ ഏകീകരണം നടക്കുകയും ദേശദ്രോഹശക്തികളെ തോല്പിച്ചോടിച്ചുകൊണ്ട് വിജയപതാക അട്ടക്ക് മുതൽ കട്ടക്ക് വരെയും കാശ്മീർ മുതൽ കന്യാകുമാരിവരെയും ഉയർന്നുപാറി പരിലസിക്കുകയും ചെയ്തു." (പേജ് 127)

ഭക്തിപ്രസ്ഥാനകാലത്തെ നാനാജാതിമതസ്ഥരുടെ ഐക്യവും വരേണ്യഭാഷ എന്ന നിലയിൽ സംസ്കൃതത്തിന്റെയും വരേണ്യസംസ്കാരത്തിന്റെയും കുത്തക തകർത്ത് പണിയെടുത്തു ജീവിക്കുന്ന സാധാരണക്കാർക്കുപോലും സാഹിത്യാദികലകൾ കൈകാര്യം ചെയ്യാനുള്ള ഉത്സാഹവും ഉണർവും വിവിധപ്രാദേശികഭാഷകളുടെ വളർച്ചയ്ക്കും ആ അന്തരീക്ഷം സൃഷ്ടിക്കുന്ന നവോത്ഥാനത്തിനും വഴി തെളിച്ചു. ഈ പ്രധാന കാര്യം പറയാതെ വിദ്യാരണ്യന്റെ നേതൃത്വത്തിലുണ്ടായ ആധ്യാത്മികമുന്നേറ്റത്തിലും വിജയനഗരസാമ്രാജ്യത്തിന്റെ വരേണ്യസംസ്കാരപ്രഭാവത്തിലും ഹിന്ദുശക്തിയുടെ പുനരുത്ഥാനത്തിലും മാത്രം ഊന്നിയത് ജനകീയസംസ്കാരത്തെ അംഗീകരിക്കാൻ കൂട്ടാക്കാതിരിക്കലാണ്. സമരവീര്യം പൂണ്ട സിക്കുകാരും ഗുരു നാനാക്കും ഹിന്ദുശക്തിയെ ഉണർത്തി എന്നു പറയുന്നത് ഗോൾവൾക്കർക്കു പറ്റിയ മറ്റൊരു സ്ഥലജലഭ്രമം!

"ബ്രിട്ടീഷുകാരുടെ വൈദേശികാധിപത്യത്തിനെതിരായുള്ള ദേശീയനവോത്ഥാനത്തിലും അതേ ആധ്യാത്മിക ചൈതന്യത്തെ നാം കാണുന്നു. ബംഗാളിൽ രാമകൃഷ്ണപരമഹംസ–വിവേകാനന്ദപരമ്പരയിലൂടെയും പഞ്ചാബിൽ സ്വാമി ദയാനന്ദൻ, രാമതീർഥൻ എന്നിവരിൽക്കൂടിയും ദക്ഷിണാപഥത്തിൽ രമണമഹർഷി, യോഗി അരവിന്ദൻ തുടങ്ങിയവരിൽക്കൂടിയും – അവരെല്ലാംതന്നെ രാഷ്ട്രബോധത്തിന്റെ ആധ്യാത്മികസത്തയെ ജനങ്ങളിൽ ഊട്ടിയുറപ്പിച്ചിട്ടുള്ളവരാണ് – ആധ്യാത്മികതയുടെ സൂര്യൻ സകലപ്രൗഢിയോടുംകൂടി ഉദിച്ചുയർന്നു." (പേജ് 127–128)

ബ്രിട്ടീഷുകാരുടെ വൈദേശികാധിപത്യത്തിന്നെതിരായ ദേശീയനവോത്ഥാനത്തിൽ ഗാന്ധിജിയെയും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ വളർന്നുവന്ന ഹിന്ദു-മുസ്ലീം മൈത്രിയെയും ജനകീയൈക്യത്തെയും കമ്യൂണിസ്റ്റുകാരുടെ നേതൃത്വത്തിൽ തൊഴിലാളിരംഗത്തും മറ്റു നാനാമേഖലകളിലും പൊട്ടിപ്പുറപ്പെട്ട വിപ്ലവോജ്ജ്വലസമരങ്ങളെയും കാണാതിരിക്കുന്നതെന്തുകൊണ്ട്? മേൽപ്പറഞ്ഞ മഹാന്മാരിൽ പലരുടെയും ജാതിവ്യവസ്ഥയ്ക്കെതിരായ പോരാട്ടത്തെ അവഗണിച്ചതിനെന്താണ് ഹേതു? സർവോപരി ഇവിടെയൊന്നും ആർ. എസ്. എസ്സിനെ കാണാനേ ഇല്ലെന്ന ഏറ്റവും ശ്രദ്ധേയമായ വസ്തുത എടുത്തുപറയേണ്ടതല്ലേ? ബ്രിട്ടൻ പോയാലും ഇല്ലെങ്കിലും ഒന്നുമില്ലെന്ന ഉദാസീനതയുടെ മറവിൽ സ്വാതന്ത്ര്യസമരത്തെ ഒറ്റുകൊടുത്ത, അവസാനം ഗോഡ്സെയെക്കൊണ്ട് ഗാന്ധിജിയെത്തന്നെ കൊല്ലിച്ച ചതിയന്മാരായ ആർ. എസ്. എസ്സുകാരുടെ നേതാവിൽനിന്ന് അത്തരം സത്യസന്ധമായൊരു കുറ്റസമ്മതം പ്രതീക്ഷിക്കുന്നതുതന്നെ നിരർഥകമത്രേ.

"നമ്മുടെ കാഴ്ച്ചപ്പാടിൽ ആധ്യാത്മികതയെന്നതു മാനവജീവിതത്തിന്റെ സർവതോമുഖ ഉന്നതിക്കും വേണ്ടി സമാജജീവിതത്തിന്റെ എല്ലാ വശങ്ങളെയും രൂപവത്കരിക്കുന്നതും ഉയർത്തുന്നതും പരസ്പരം ബന്ധപ്പെടുത്തുന്നതുമായ സമഗ്രജീവിതവീക്ഷണമാണ്. നമ്മുടെ ദേശീയതാവൃക്ഷത്തിന്റെ ജീവനരസമാണത്! നമ്മുടെ രാഷ്ട്രാസ്തിത്വത്തിന്റെ പ്രാണനനാണത്." (പേജ് 128-129)

ഇതൊക്കെ കേൾക്കാൻ സുഖമുള്ളതാണ്. ഇതിൽ സ്വല്പമൊരംശമെങ്കിലും നടപ്പിലാക്കൻ കൊലയും ചതിയും കവർച്ചയും കൈക്കൂലി വാങ്ങലും തൊഴിലാക്കിയ ആർ. എസ്. എസ്സുകാർക്കു നേരം കിട്ടണ്ടേ?

**ധാർമികാദർശപ്രചാരണത്തിന് രാഷ്ട്രീയാധികാരം ആവശ്യമില്ല**

"ഇതെല്ലം മനസ്സിലാക്കിയശേഷവും നമ്മുടെ ധാർമികാദർശങ്ങളെ പ്രചരിപ്പിക്കുന്നതിനുപോലും രാഷ്ട്രീയാധികാരം ഒഴിച്ചുകൂടാത്തതാണെന്നു പ്രചരിപ്പിക്കുന്ന ചിലരുണ്ട്. പണ്ട് ക്രിസ്തുമതവും ഇസ്ലാം മതവും വ്യാപകമായി പ്രചരിച്ചത് അവർക്കുണ്ടായിരുന്ന രാഷ്ട്രീയാധികാരം മുഖേനയാണെന്നവർ പറയും. എന്നാൽ രാഷ്ട്രീയാധികാം ഒരിക്കലും ആത്യന്തികപരിഹാരമല്ലെന്ന് സൂക്ഷ്മനിരീക്ഷണം നടത്തിയാൽ കാണാം. ഉദാഹരണത്തിന് ഭരണകൂടവും ജനങ്ങളിൽ ബഹുഭൂരിഭാഗവും ആ ഒരൊറ്റ വ്യക്തിക്ക് - യേശുക്രിസ്തുവിന് - എതിരായി അണിനിരന്നു. അദ്ദേഹത്തെ കുരിശിൽ തറച്ചശേഷം ശിഷ്യന്മാർക്കു മാർഗനിർദേശം ചെയ്യാൻ ആരുമുണ്ടായിരുന്നില്ല. എന്നാൽ അവരുടെ ഹൃദയങ്ങൾ ആദർശനിർഭരങ്ങളായിരുന്നു. ക്രിസ്തുവിൽ ആവേശം പൂണ്ടുകൊണ്ടു പുതിയ ബോധോദയത്തിന്റെ വിശ്വാസത്തോടും വ്യഗ്രതയോടുംകൂടി അവർ ലോകത്തിൽ വിദൂരസ്ഥലങ്ങളിൽപോലും വ്യാപിച്ചു. ലോകം അവരുടെ കാൽക്കൽ തല കുനിച്ചു. അന്നവർക്കു രാഷ്ട്രീയാധികാരമുണ്ടായിരുന്നില്ല. എന്നാൽ കാലാന്തരത്തിൽ അവരുടെ പിൻഗാമികൾ രാഷ്ട്രീയാധികാരത്തിന്റെ പ്രലോഭനങ്ങൾക്കു ഇരയായതോടെ അഴിമതിയും അധഃപതനവും അവരുടെ അണികളിൽ പ്രവേശിച്ചു. ക്രൈസ്തവരാജ്യങ്ങളുടെ ജീവിതത്തിൽപോലും സ്വാധീനിക്കാൻ കഴിവില്ലാത്ത സാമ്രാജ്യവാദികളായ രാജശക്തികളുടെ കൈയിലെ പാവ മാത്രമായിത്തീർന്ന ക്രിസ്തുമതത്തിന്റെ ഇന്നത്തെ ദയനീയാവസ്ഥ വാസ്തവത്തിൽ സ്വന്തം അണികളെ രാഷ്ട്രീയത്തിന്റെ പാപസ്പർശം ഉണ്ടായതിന്റെ സാക്ഷാൽ ഫലമാണ്. അധികാരമദം പൂണ്ട അനുയായികളാൽ ഇസ്ലാമിനു നേരിട്ട വൈകൃതം - ഇതിനെയാണ് ഇസ്ലാമിന്റെ വ്യാപ്തിയെന്നു തെറ്റായി വിളിക്കുന്നത് - വളരെയേറെ അറിയപ്പെട്ടതാണല്ലോ. ആധ്യാത്മികമൂല്യങ്ങളെ ഉണർത്തുന്നതിൽ അതിനു യാതൊരു പങ്കുമുണ്ടായിരുന്നില്ല." (പേജ് 129)

ഇങ്ങനെ കണ്ണടച്ചിരുട്ടാക്കിയതുകൊണ്ടോ ക്രിസ്തുമതവും ഇസ്ലാം മതവും ആകെ തകർന്നു എന്ന് ആണയിട്ടു പറഞ്ഞതുകൊണ്ടോ ഈ ലോകമതങ്ങൾ ഇല്ലാതാകുന്നില്ല. അധികാരത്തിലേറിയതുകൊണ്ടാണ് അവയ്ക്ക് ഈ അധഃപതനം നേരിടേണ്ടിവന്നത് എന്നതിൽ കുറേ ശരിയുണ്ടാവാം. പക്ഷേ, ക്രൈസ്തവങ്ങളെന്നു വിളിക്കപ്പെടുന്ന ആ രാജ്യങ്ങൾക്ക് വലിയ തട്ടും മുട്ടുമൊന്നും കൂടാതെ പിടിച്ചുനിൽക്കാൻ കഴിഞ്ഞിരുന്നു. ഇന്നും അമേരിക്ക ലോകത്തെ വൻശക്തികളിലൊന്നുതന്നെയാണ്. മുസ്ലീം രാഷ്ട്രങ്ങളും എണ്ണത്തിൽ കുറവല്ല. എന്നാൽ ആർ. എസ്. എസ്. നിയന്ത്രിക്കുന്ന ബി. ജെ. പി. സർക്കാർ എഴുപതുകൊല്ലത്തെ സ്വാതന്ത്ര്യാനന്തരചരിത്രത്തിൽ രണ്ടു തവണ മാത്രമേ ഇന്ത്യയിൽ അധികാരത്തിൽ വന്നിട്ടുള്ളൂ. ശവപ്പെട്ടികുംഭകോണം, പെട്രോൾപമ്പ് കുംഭകോണം മുതലായവ അത്ര വേഗം മറക്കാനാവുമോ? ഇപ്പോൾ കേരളത്തിൽ ആർ. എസ. എസ്. നേതാക്കളിൽ പ്രധാനികളെല്ലാം അഴിമതിയിൽ അന്യോന്യം മത്സരിക്കുകയാണ്. എല്ലാം കേന്ദ്ര ഗവണ്മെന്റുമായി ബന്ധപ്പെട്ട് ഓരോരോ കാര്യങ്ങൾ സാധിച്ചുകൊടുക്കാമെന്ന വാഗ്ദാനത്തിൽ കോടിക്കണക്കിൽ രൂപ കൈക്കൂലി വാങ്ങിയതുമായി ബന്ധപ്പെട്ടാണ്. കേരളമായതുകൊണ്ട് ഇവിടെ ഇതെല്ലാം അങ്ങാടിപ്പാട്ടായി. ബി. ജെ. പി. ഭരിക്കുന്ന മറ്റു ഒട്ടേറെ സംസ്ഥാനങ്ങളിൽ ഇതുപോലെ നിരവധി അഴിമതികളുമായി ബന്ധപ്പെട്ട സംഭവങ്ങൾ ഉണ്ടാവുമെന്നു വ്യക്തമാണ്. ഇവയിൽ ബഹുഭൂരിപക്ഷവും ഇന്നത്തെ മോദിസർക്കാറുമായി ബന്ധപ്പെട്ടവയാണ്. അപ്പോൾ വെളിപ്പടാത്ത ആ ഗവണ്മെന്റിന്റെ അഴിമതികൾ എത്രയെന്ന് ആർക്കു പറയാൻ സാധിക്കും? പരസ്യമായിത്തന്നെ അറിയപ്പെട്ടുകൊണ്ടിരിക്കുന്ന മറ്റു കക്ഷിനേതാക്കന്മാരെ ചാക്കിട്ടു പിടിക്കുക, ഭൂരിപക്ഷം കിട്ടാത്തിടത്ത് അങ്ങനെ ഭൂരിപക്ഷമുണ്ടാക്കി ഗവണ്മെന്റ് രൂപീകരിക്കുക എന്നത് മോദി-അമിത്ഷാകൂട്ടുകെട്ടിന്റെ പതിവുജോലിയായിരിക്കുന്നു. റാഫേൽ അഴിമതി പരമോന്നതനീതിപീഠം തന്നെ പരിഗണിക്കേണ്ട നിലയായി. ഇക്കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിൽ എത്ര കോടി രൂപയാണ് ചെലവഴിച്ചത്? തിരഞ്ഞെടുപ്പുകമ്മീഷന്റെ നിഷ്പക്ഷതതന്നെ ചോദ്യം ചെയ്യപ്പെട്ട ഇന്ത്യയിലെ ആദ്യത്തെ പൊതുതിരഞ്ഞെടുപ്പെന്ന കുപ്രസിദ്ധിയും വന്നില്ലേ? അഴിമതി ചുരുങ്ങിയ കൊല്ലം കൊണ്ട് ഇത്രമേൽ വർധിച്ചെങ്കിൽ,

ഭരണഘടന പല തവണ അട്ടിമറിക്കപ്പെട്ടുവെങ്കിൽ, അടുത്ത അൻപതുകൊല്ലം (അമിത്ഷാ എങ്ങനെ പ്രവചിച്ചതുകൊണ്ട് അത് സംഭവിക്കാതിരിക്കില്ല; സംഭവിച്ചില്ലെങ്കിൽ സംഭവിപ്പിക്കും. പ്രവാചകൻ അമിത്ഷാ ആണെന്നോർക്കണം) അഴിമതിരംഗത്ത് എന്തെല്ലാം സംഭവിക്കില്ല?

**കോൺഗ്രസ്സിന്റെ അധഃപതനം**

"എന്തിനത്ര ദൂരം പോകണം? ഒരു കാലത്ത് ഇന്നത്തെ കോൺഗ്സ്സ് നേതാക്കൾ മഹത്തായ ത്യാഗത്തിന്റെയും ദേശഭക്തിയുടെയും മാതൃകകളായിരുന്നു. അവരുടെ ഉജ്ജ്വലമാതൃകകൾ പിന്തുടർന്ന് നേരായ മാർഗത്തിൽകൂടി പോകാൻ ജനങ്ങൾ പ്രേരിതരായിക്കൊണ്ടിരുന്നു. എന്നാലിന്ന് അവരുടെ സ്ഥിതിയെന്ത്? അഴിമതിയും സ്വജനപക്ഷപാതവും അധികാരക്കൊതിയുമാണ് അവരുടെ അണികളിലിന്ന് നിറഞ്ഞുകാണുന്നത്. അതുകൊണ്ടാണ് സ്വരാജ്യം കരഗതമായ ഉടനെ ഒന്നുകിൽ സ്വയം പിരിച്ചുവിടാനോ അല്ലാത്തപക്ഷം അധികാരത്തിൽനിന്നു പൂർണമായും അകന്നുനിൽക്കാനോ ഗാന്ധിജി കോൺഗ്രസ്സിനെ ഉപദേശിച്ചത്. പക്ഷേ, അധികാരത്തിൽനിന്നു നടത്തുന്ന കൊള്ളയുടെ സ്വാദറിഞ്ഞ അനുയായികൾക്ക് ഉചിതമായ ഈ ഉപദേശം കയ്ക്കുന്ന കഷായമായിട്ടാണു തോന്നിയത്. അതിന്റെ ദുഷിച്ച ഫലങ്ങൾ കോൺഗ്രസ്സിൽ മാത്രമല്ല, നാട്ടിലാകമാനം നാമിന്നു കാണുന്നു." (പേജ് 130)

ശരിയാണ്. കോൺഗ്രസ്സിനെപ്പറ്റി പറഞ്ഞത് പൂർണമായും ശരിയാണ്. പക്ഷേ, ഇന്ത്യയിൽ ജനാധിപത്യവ്യവസ്ഥയാണല്ലോ. അതിന്റെ ഗുണം നാം രണ്ടു പ്രാവശ്യം അറിഞ്ഞു. ആദ്യത്തേത് അടിയന്തരാവസ്ഥയ്ക്കുശേഷം നടന്ന ആദ്യത്തെ പൊതുതിരഞ്ഞെടുപ്പിൽ. ജയിലിൽവെച്ച് രൂപീകരിക്കപ്പെട്ട ജനത എന്ന സംയുക്തകക്ഷി വൻഭൂരിപക്ഷം നേടി. മൂന്നു പതിറ്റാണ്ടുകാലത്തെ തുടർച്ചയായ ഭരണത്തിനുശേഷം പ്രധാനമന്ത്രി ഇന്ദിരാ ഗാന്ധിയും മകൻ സഞ്ജയ് ഗാന്ധിയും സ്വന്തം നിയോജകമണ്ഡലങ്ങളായ റായ്ബറേലിയിലും അമേഠിയിലും ദയനീയമായി തോറ്റു. തിരഞ്ഞെടപ്പുപ്രചരണകാലമാവുമ്പോഴേക്കും അടിയന്തരാവസ്ഥയിലെ ക്രൂരകൃത്യങ്ങൾ നഗരങ്ങളിൽ മാത്രമല്ല, ഗ്രാമാന്തരങ്ങളിലുമുള്ള ജനസാമാന്യം വിശദമായി അറിഞ്ഞിരുന്നു. അതാണ് തിരഞ്ഞെടുപ്പുഫലത്തിലൂടെ വെളിപ്പെട്ടത്. മോറാർജി ദേശായ് പ്രധാനമന്ത്രിയായി ജനതാമന്ത്രിസഭ അധികാരത്തിൽ വന്നു. ഭരണം ശരാശരിയിലും മേലെയായിരുന്നു. പക്ഷേ, അധികം കഴിയുന്നതിനു മുൻപുതന്നെ ജനതാപ്പാർട്ടിയിൽ അധികാരവഴക്ക് മൂത്തു; പാർട്ടി പിളർന്നു. ചരൺസിംഗ് അധികാരത്തിലെത്തിയെങ്കിലും അധികകാലം ഭരണത്തിൽ പിടിച്ചുനിൽക്കാൻ കഴിഞ്ഞില്ല. എന്തിനേറെ? കോൺഗ്രസ്സിന്റെ സംഘടനാശേഷിയും അടിത്തറയും തകർന്നിട്ടില്ലാത്തതിനാൽ അടുത്ത തിരഞ്ഞെടുപ്പിൽ ഇന്ദിരാഗാന്ധിതന്നെ ഭൂരിപക്ഷം നേടി അധികാരത്തിൽ തിരിച്ചുവന്നു. സഞ്ജയ് ഗാന്ധിയുടെ വിമാനാപകടമരണം അവരെ മാനസികമായി തളർത്തി. സ്വന്തം അംഗരക്ഷകരുടെ വെടിയേറ്റ് ഇന്ദിരാഗാന്ധി അന്തരിച്ചതിനെത്തുടർന്ന് മൂത്ത മകൻ രാജീവ് ഗാന്ധിയുടെ നേതൃത്വത്തിൽ കോൺഗ്രസ് വൻഭൂരിപക്ഷത്തോടെ ഭരണം പിടിച്ചു. തുടർന്ന് വീണ്ടും നടന്ന തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സിന് ഭൂരിപക്ഷം കിട്ടിയില്ല. ജനതാപ്പാർട്ടിയും ഭാരതീയജനതാപ്പാർട്ടി(ബി. ജെ. പി.)യും ചേർന്ന് ഭരണമേറ്റെടുക്കാൻ തീരുമാനിച്ചു. ബി. ജെ. പി. യെ മന്ത്രിസഭയിൽ പങ്കാളിയാക്കില്ലെന്ന നിബന്ധനയിൽ ജനതാപ്പാർട്ടിനേതാവ് വി. പി. സിംഗിന്റെ നേതൃത്വത്തിൽ മന്ത്രിസഭ രൂപീകരിച്ചു. പൊതുവിൽ നല്ല ഭരണമായിരുന്നു. പിന്നോക്കവിഭാഗക്കാർക്കുകൂടി സംവരണത്തിന്റെ ആനുകൂല്യം നൽകുന്ന മണ്ഡൽകമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കി വി. പി. ചരിത്രം സൃഷ്ടിച്ചു. സമ്പന്നസവർണകക്ഷിയായ ബി. ജെ. പി. ക്ക് സ്വാഭാവികമായും അത് ഇഷ്ടപ്പെട്ടില്ല. മണ്ഡൽതമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ വി. പി. സിംഗ് നിശ്ചയിച്ചതോടെ ബി. ജെ. പി. നേതാവ് എൽ. കെ. അദ്വാനി അയോധ്യയിൽ രാമക്ഷേത്രം നിർമിക്കുമെന്ന വാഗ്ദാനത്തോടെ അവിടെവെച്ചുതന്നെ രഥയാത്ര ആരംഭിച്ചു. ബി. ജെ. പി. യുടെ സംവരണവിരോധവും അതു മൂടിവെച്ചുകൊണ്ടുള്ള വർഗീയക്കാർഡിറക്കലും ആ രഥയാത്രയോടെയാണ് ഇന്ത്യയൊട്ടുക്കുമുള്ള സാധാരണജനങ്ങൾക്ക് മനസ്സിലായത്. രഥയാത്ര പോയ വഴിയിലെല്ലാം ചോരപ്പുഴയൊഴുകി. ബി. ജെ. പി. അതിൽനിന്ന് ശരിക്കും മുതലെടുത്തു. പതിനൊന്നു മാസത്തിനുശേഷം കോൺഗ്രസ് പിന്തുണ പിൻവലിച്ചതോടെ വി. പി. സിംഗിന് അധികാരമൊഴിയേണ്ടിവന്നു. എങ്കിലും അദ്ദേഹം പിന്നോക്കവിഭാഗങ്ങളുടെ അപ്പോസ്തലനായി ഇന്ത്യൻ രാഷ്ട്രീയത്തിൽ ഏറെക്കാലം നിലനിൽക്കാതിരിക്കുകയില്ല.

സ്വാതന്ത്ര്യലബ്ധിക്കുശേഷം കോൺഗ്രസ് പിരിച്ചുവിടണമെന്നും അത് ഒരു സന്നദ്ധസേവാസംഘമായി പ്രവർത്തിക്കുകയാണ് വേണ്ടതെന്നും ഗാന്ധിജി ഉപദേശിച്ചിരുന്നുവെങ്കിലും നെഹ്റുവും അനുയായികളും അതു കേൾക്കാതെ അധികാരമേറ്റെടുക്കുകയാണ് ചെയ്തത്. കോൺഗ്രസ് സന്നദ്ധസേവാസംഘമായി പ്രവർത്തിക്കണമെന്നു പറഞ്ഞുവെങ്കിലും ഗാന്ധിജി ആരു ഭരിക്കണമെന്നു നിർദേശിച്ചില്ല. സദുദ്ദേശ്യത്തോടെയായിരുന്നു ഈ ഉപദേശം. സംശയമില്ല. കോൺഗ്രസ്സുകാർ ഭരണമേറ്റെടുത്തിരുന്നില്ലെങ്കിൽ, സന്നദ്ധസേവാസംഘമെന്നും സാംസ്കാരികസംഘടന മാത്രമാണെന്നും അവകാശപ്പെട്ടിരുന്ന, അതുകൊണ്ടുതന്നെ സ്വാതന്ത്ര്യസമരത്തിൽ യാതൊരു പങ്കും വഹിക്കാതിരുന്ന, ആർ. എസ്. എസ്. അന്നേ മുഖംമൂടി വലിച്ചെറിഞ്ഞ് ഭരണത്തിൽ വരുമായിരുന്നു. ഹിന്ദു–മുസ്ലീം മൈത്രി സംരക്ഷിക്കാൻ അനവരതം പ്രയത്നിച്ചിരുന്ന രാഷ്ട്രപിതാവിനെയാണ് അവർ അദ്ദേഹത്തിന്റെ അനുവാദത്തോടെ നമസ്കാരപൂർവം, കാപട്യപൂർവം, വെടിവെച്ചുകൊന്നത്. ഇന്നിതാ ആർ. എസ്. എസ്സുകാരാണ് ഭരണത്തലപ്പത്ത് മുഴുവൻ. രാഷ്ട്രപതി ആർ. എസ്. എസ്സിന്റെ ദളിത് മുഖമായ കോവിന്ദ്. ഉപരാഷ്ട്രപതി ആർ. എസ്. എസ്സിന്റെ സൗമ്യമുഖമെന്നു പറയപ്പെടുന്ന വെങ്കയ്യനായിഡു. പ്രധാനമന്ത്രി ആർ. എസ്. എസ്സിന്റെ കോർപ്പറേറ്റ് മുഖമായ മോദി. ഈ ദുരന്തം

ആദർശമൂർത്തിയായ ഗാന്ധിജി കണ്ടില്ലെങ്കിലും പ്രായോഗികരാഷ്ട്രതന്ത്രജ്ഞനായ നെഹ്റു കണ്ടു. അതുകൊണ്ട് ആർ. എസ്. എസ്. നിയന്ത്രണത്തിലുള്ള ഭരണം നാലുപതിറ്റാണ്ടെങ്കിലും നീട്ടിവെപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. അതിനാൽ ഗോൾവൽക്കറുടെ അഴിമതിവിരുദ്ധമുഖവും ഗാന്ധിജിപ്രേമവും കാപട്യം നിറഞ്ഞതാണെന്നതിൽ സംശയമില്ല. ഇനി എന്തു വേണമെന്ന് തീരുമാനിക്കേണ്ടത് ജനങ്ങളാണ്.

**റഷ്യൻ സംഭവവികാസങ്ങൾ**

"റഷ്യയിൽ ഇതാണു സംഭവിച്ചത്. വിപ്ലവവീര്യം, സമ്പത്സമൃദ്ധി, അധികാരം, അധികാരമദം എന്നിവയെല്ലാം ചേർന്ന് നിർദയമായ ഏകാധിപത്യമുണ്ടാക്കുകയും മഴുവൻ രാഷ്ട്രത്തെയും മനുഷ്യത്വം തൊട്ടുതെറിച്ചിട്ടില്ലാത്ത അടിമത്തത്തിലേക്ക് അത് തള്ളുകയും ചെയ്തു. ഈ വശത്തുകൂടെ നോക്കുമ്പോഴും രാഷ്ട്രീയാധികാരത്തിന്റെ പിടിയിൽനിന്നും പ്രലോഭനങ്ങളിൽനിന്നും സ്വയംവിട്ടുനിന്നുകൊണ്ടും എന്നാൽ അതേ സമയത്തു തെറ്റു ചെയ്യുന്ന അധികാരശക്തികളെ കടിഞ്ഞാണിടുന്നതിന്നാവശ്യമായ ശക്തിയും ജാഗരൂകതയും നിലനിറുത്തിക്കൊണ്ടുമുള്ള സംഘടന പടുത്തുയർത്തിയാൽ മാത്രമേ നമ്മുടെ സമാജത്തിനു ജീവിക്കാനും വളരാനും സാധ്യമായ അരോഗവും സുസ്ഥിരവുമായ വ്യവസ്ഥയുണ്ടാകൂ എന്ന അതേ നിഗമനത്തിലാണു നാമെത്തിച്ചേരുന്നത്." (പേജ് 130–31)

റഷ്യയെപ്പറ്റി ഗോൾവൽക്കർ പലപ്പോഴും പറയാറുള്ളത് അവിടത്തെ കമ്യൂണിസം (സോഷ്യലിസം എന്ന അർഥത്തിൽ തെറ്റി പ്രയോഗിക്കുന്നത്) ഏകാധിപത്യമാണെന്നാണ്. ഇപ്പോൾ പറയുന്നു, 'വിപ്ലവവീര്യം, സമ്പത്സമൃദ്ധി, അധികാരം, അധികാരമദം എന്നിവയെല്ലാം ചേർന്ന് നിർദയമായ ഏകാധിപത്യമുണ്ടാക്കി'യെന്ന്. അതായത് സോഷ്യലിസം സ്വാഭാവികമായി ഏകാധിപത്യപരമല്ലെന്ന്. *വിചാരധാര*യിലെ ആ അർഥം വരുന്ന ഭാഗങ്ങളെല്ലാം മാറ്റാൻ തനിക്ക് വിരോധമില്ലെന്ന്. ഇത്തരം അനുഭവങ്ങളിൽനിന്ന് ഗോൾവൽക്കർ എത്തുന്ന നിഗമനം 'രാഷ്ട്രീയാധികാരത്തിന്റെ പിടിയിൽനിന്നും പ്രലോഭനങ്ങളിൽനിന്നും സ്വയംവിട്ടുനിൽക്കുക'യെന്നതാണ്. രാഷ്ട്രീയാധികാരത്തിൽനിന്നു വിട്ടുനിൽക്കുക എന്നുവരെ ഇതിന്നർഥമാവാം. ഗാന്ധിജി കോൺഗ്രസ്സിനു നൽകിയ ഉപദേശത്തോടടുത്തുനിൽക്കുന്നുണ്ടിത്. ഗാന്ധിജിയുടെ ഉപദേശം കോൺഗ്രസ് കേൾക്കാഞ്ഞതുപോലെ ഗോൾവൽക്കറുടേത് ആർ. എസ്. എസ്സും കേൾക്കുന്നില്ല. പക്ഷേ, കോൺഗ്രസ്സിന്റെ ഭരണം ഇന്ദിരാഗാന്ധി അടിയന്തരാവസ്ഥ പ്രഖ്യാപിക്കുംവരെ (നാലു പതിറ്റാണ്ടോളം) അത്രമേൽ ദുഷിച്ചിരുന്നില്ല. 'അതേ സമയത്തു തെറ്റു ചെയ്യുന്ന അധികാരശക്തികളെ കടിഞ്ഞാണിടുന്നതിന്നാവശ്യമായ ശക്തിയും ജാഗരൂകതയും നിലനിറുത്തിക്കൊണ്ടുമുള്ള സംഘടന പടുത്തുയർത്തിയാൽ മാത്രമേ നമ്മുടെ സമാജത്തിനു ജീവിക്കാനും വളരാനും സാധ്യമായ അരോഗവും സുസ്ഥിരവുമായ വ്യവസ്ഥയുണ്ടാകൂ' എന്നും അദ്ദേഹം പറയുന്നുണ്ട്'. ഇതിനേക്കാൾ അണികൾക്കിഷ്ടം അധികാരത്തിന്റെ തണലിൽ പണം വാരിക്കൂട്ടുക തന്നെയാണ്. അതാണവരിപ്പോൾ തകൃതിയായി ചെയ്യുന്നതും.

ഇത് ഒന്നുകൂടി ഓർമിപ്പിക്കുകയാണ് അടുത്ത ഖണ്ഡികയിൽ: "ഭരിക്കുകയെന്നതു ലക്ഷ്യമാക്കാതെ ധർമത്തെ ഉയർത്തിപ്പിടിക്കുമ്പോൾ മാത്രമേ ഭരണകൂടം സമാജത്തിനു നന്മ ചെയ്യാൻ ശക്തമാകുന്നുള്ളൂ. അതുകൊണ്ട് അവർ ഭരണകർത്താക്കളെ നിഃസ്വാർഥികളും നിസ്സംഗരുമായ ആളുകളുടെ – പർണശാലകളിൽ നിവസിക്കുന്ന ആളുകളുടെ – രൂപത്തിലുള്ള ധാർമികാധികാരത്തിന്റെ നിയന്ത്രണത്തിനും മാർഗദർശനത്തിനും വിധേയമാക്കുകയാണു ചെയ്തത്... ഈ ഉപദേശംതന്നെ താക്കിതിന്റെ രൂപത്തിൽ നൽകുന്നു: "രാഷ്ട്രീയാധികാരത്തെ സമ്പത്തിന്റെ ഉല്പാദനത്തിൽനിന്നു മാറ്റിനിറുത്താനെടുത്ത മുൻകരുതൽ നമ്മുടെ രാഷ്ട്രവ്യവസ്ഥയിൽ ഉൾപ്പെടുത്തിയ മറ്റൊരു സവിശേഷതയാണ്. സമ്പത്ത് അധികാരത്തിന്റെ ഒരു രൂപമാണ്. രാഷ്ട്രീയവും സാമ്പത്തികവുമായ അധികാരങ്ങൾ ഒരുമിച്ചുചേർന്നു കൊഴുത്ത ഭരണകൂടത്തിനു സൃഷ്ടിക്കാൻ കഴിയുന്ന കുഴപ്പങ്ങൾ ഭാവനയിൽ കാണാൻ വലിയ ബുദ്ധിസാമർഥ്യമൊന്നും ആവശ്യമില്ല. ഈ രണ്ടധികാരങ്ങളും ഒരേ വ്യക്തിയുടെയോ സംഘത്തിന്റെയോ കൈയിൽ കേന്ദ്രീകരിക്കുന്നപക്ഷം അത് ഒന്നുകിൽ സമാജത്തെ അധഃപതിപ്പിച്ച് അടിമത്തത്തിലാഴ്ത്തും; അല്ലെങ്കിൽ യാതനകൾ അസഹ്യമായിത്തീരുന്നതോടെ ജനങ്ങളെ വിപ്ലവത്തിനു പ്രേരിപ്പിക്കും; ഫലമെന്തായാലും സമൂഹസ്ഥിരത, പുരോഗതി, ഐശ്വര്യം എന്നിവ നഷ്ടപ്പെടുകയെന്നത് അനിവാര്യമാണ്... യൂറോപ്യൻരാജ്യങ്ങളുടെ ഉദാഹരണം ഇതു വ്യക്തമാക്കുന്നു... സാമ്പത്തികവും രാഷ്ട്രീയവുമായ അധികാരങ്ങളുടെ സംയോജനം ഏകാധിപത്യത്തിനു ജന്മം കൊടുത്തു. ജനാധിപത്യത്തിന്റെ സുന്ദരവും നൂതനവുമായ പുറംമോടിയണിഞ്ഞതെങ്കിലും വർണനാതീതമായ ദുരിതവും കഷ്ടപ്പാടും നിറഞ്ഞ അവസ്ഥയിലേക്കു സാധാരണക്കാർ ഞെരിഞ്ഞമരുകയും ചെയ്തു." (പേജ് 132–33)

ഉദാഹരണത്തിന് ഗോൾവൽക്കർ യൂറോപ്പിലേക്കൊന്നും പോകേണ്ടതില്ല. ഇന്ത്യയിൽ രണ്ടുതവണ ആർ. എസ്. എസ്. നിയന്ത്രണത്തിൽ ബി. ജെ. പി. ഭരണത്തിൽ വന്നുവല്ലോ. ജനങ്ങൾ ഇപ്പറഞ്ഞതെല്ലാം ഇതിന്റെ എത്രയോ ഇരട്ടി അനുഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്.

"സമൂഹരചനയിലെ ഈ അസന്തുലിതാവസ്ഥയും തത്ഫലമായുണ്ടായ ബഹുജനാസ്വാസ്ഥ്യവും കമ്യൂണിസ്റ്റു വിപ്ലവത്തിന്റെ രൂപത്തിൽ മറ്റൊരു പൊട്ടിത്തെറിക്കു കാരണമായിത്തീർന്നു. റഷ്യയിലും ചൈനയിലും നടന്ന വിപുലമായ കൂട്ടക്കൊലകളും നാടുകടത്തലുകളും അടിമക്യാമ്പുകളും അതുപോലുള്ള മറ്റു പൈശാചിക നടപടികളുമെല്ലാം നോക്കിയാൽ അവിടെ നടന്ന രക്തരൂക്ഷിതവിപ്ലവത്തിനു തുല്യമായി ലോകചരിത്രത്തിൽ

മറ്റൊന്നുംതന്നെ ഒരുപക്ഷേ കാണാൻ കഴിയുകയില്ല." (പേജ് 134)

ഈ വിപ്ലവവിവരണം വിപ്ലവവിരുദ്ധചിന്താഗതിയുടെ ഫലമായ വക്രീകരണങ്ങളും അത്യുക്തിയും ഉൾക്കൊള്ളുന്നുണ്ടെന്ന് ശ്രദ്ധിക്കേണ്ടതുണ്ട്.

**കമ്യൂണിസ്റ്റുവിപ്ളവവും ജനാധിപത്യവും**

"കമ്യൂണിസ്റ്റുവിപ്ലവത്തെ മുൻകൂട്ടി കണ്ടറിഞ്ഞു തടുത്തുനിറുത്തി ജനാധിപത്യം നിലനിർത്തിയ രാജ്യങ്ങൾക്കും രാഷ്ട്രീയാധികാരത്തെ ഒരു പരിധിവരെയെങ്കിലും സാമ്പത്തികാധികാരത്തിന്റെ പിടിയിൽനിന്നകറ്റി നിർത്തിയതുകൊണ്ടാണ് അങ്ങനെ ചെയ്യാൻ കഴിഞ്ഞത്. എന്നാൽ ഈ ജനാധിപത്യരാജ്യങ്ങളിൽപോലും ഇവയ്ക്കു തമ്മിൽ ഗുണപ്രദമായ സന്തുലിതാവസ്ഥ നേടാൻ ഇതുവരെ കഴിഞ്ഞിട്ടില്ല." (പേജ് 134)

ആർ. എസ്. എസ്. രണ്ടിനെയും (കമ്യൂണിസ്റ്റുവിപ്ലവത്തെയും ജനാധിപത്യത്തെയും) എതിർക്കുന്നത് ഇതുകൊണ്ടാണെന്നു ഭാവം. രാജവാഴ്ച്ചയാണ് ആർ. എസ്. എസ്സിന്റെ ആദർശവ്യവസ്ഥ. അതുകൊണ്ടുതന്നെയാണ് മധ്യകാലമനോഭാവം പേറിനടക്കുന്ന ആർ. എസ്. എസ്. ആധുനികകാലത്ത് അപ്രസക്തമാണെന്നു ജനാധിപത്യമതനിരപേക്ഷവാദികളൊന്നടങ്കം വിലയിരുത്തുന്നത്.

**ആർ. എസ്. എസ്സും രാഷ്ട്രീയാധികാരവും.**

"നമ്മുടെ രാഷ്ട്രപാരമ്പര്യത്തിന്റെ ആധാരശ്രുതി സാക്ഷാത്കരിച്ചതിനുമേലാണ് രാഷ്ട്രത്തോടും അതിന്റെ ആധ്യാത്മികമൂല്യങ്ങളോടും വിട്ടുവീഴ്ച്ചയില്ലാത്ത സമർപ്പണമനോഭാവമുള്ള വ്യക്തികളെ വാർത്തെടുക്കുകയെന്ന അത്യന്തം ശ്രമകരമായ ദൗത്യം നാമേറ്റെടുത്തത്. രാജശക്തി അതിന്റെ അതിർത്തി ലംഘിക്കാൻ ധൈര്യപ്പെടാതെയും സ്വാധികാരത്തെ ജനക്ഷേമത്തിനല്ലാതെ മറ്റൊന്നിനും ഉപയോഗിക്കാതെയും ഇരിക്കത്തക്കവിധം സമാജത്തിന്റെ സംഘടിതശക്തിയെ തങ്ങളുടെ സർവാശ്ലേഷിയായ പ്രേമത്തിന്റെയും കറ കളഞ്ഞ സ്വഭാവത്തിന്റെയും ബലത്താൽ അത്രയ്ക്കു തീവ്രമായി ഉപയോഗിക്കാൻ കഴിവുള്ളവരായിരിക്കും അവർ. അത്തരം ആളുകളുടെ സംഘടനയ്ക്കു മാത്രമേ – സാഹചര്യങ്ങളുടെ കുഴച്ചിലുകൾക്കുപരി ഉയർന്നുനിൽക്കാൻ കഴിയുന്നതും ക്ഷുദ്രതാല്പര്യങ്ങൾക്കുവേണ്ടി പ്രവർത്തിക്കുക, ഭരണാധികാരം പിടിച്ചെടുക്കുക തുടങ്ങിയ ഉദ്ദേശ്യങ്ങളാൽ പ്രചോദിതമല്ലാത്തതും സമ്പൂർണസമാജവുമായി താദാത്മ്യം പ്രാപിച്ചതും തന്റെ നിലനില്പുകൊണ്ടുമാത്രം സമാജസൗധത്തെ അടിമുടി താങ്ങിനിർത്തുകയും അതിന്റെ പൂർണമായ സ്വയംവികാസത്തിനാവശ്യമായ സ്ഫൂർത്തിയും ശക്തിയും സ്വമേധയാ നൽകിക്കൊണ്ടിരിക്കുകയും ചെയ്യുന്ന സംഘടനയ്ക്കു മാത്രമേ – ശാശ്വതമായ സമാജാധികാരത്തിന്റെ യഥാർഥ അടിത്തറയാകാൻ കഴിയൂ. ഇതുപോലെത്തന്നെ സമ്പൂർണരാഷ്ട്രജീവിതത്തിന്റെ അഖണ്ഡദർശനം ലഭിച്ചിട്ടുള്ള നാമെന്തിനു ക്ഷണികമായ രാഷ്ട്രീയാധികാരത്തിന്റെ പിന്നാലെ ഓടണം?" (പേജ് 135–36)

ദളിതർക്കും പിന്നോക്കവിഭാഗങ്ങൾക്കും ബഹുഭൂരിപക്ഷമുള്ള ഹിന്ദുശക്തിയെ സമ്പൂർണമായി സംഘടിപ്പിക്കാനൊന്നും ആർ. എസ്. എസ്സിന്നാവില്ലെന്ന് 1925 മുതൽക്കുള്ള അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഗോൾവൾക്കറുടെ അനുയായികൾക്ക് ബോധ്യം വന്നിട്ടുണ്ടാകും. ഏറിവന്നാൽ, സമ്പന്നസവർണരിൽ ഒരു വിഭാഗത്തെയും അവരുടെ അടിമസമാനരായ കുറച്ച് അവർണവിഭാഗത്തെയും ഒന്നിച്ചുനിർത്താനായേക്കും. അവരാകട്ടെ തരം കിട്ടിയാൽ ക്ഷണികമായ രാഷ്ട്രീയാധികാരത്തിനു പിന്നാലെ ഓടുന്നവരുമായിരിക്കും. അധികാരത്തിന്റെ അപ്പക്കഷ്ണമില്ലെങ്കിൽ എന്തു ഹിന്ദുസമാജസൗധം?

"നാം കെട്ടിപ്പടുക്കാനാഗ്രഹിക്കുന്ന സംഘടിതസമാജത്തിന്റെ ശക്തിയുടെയും ഉൾക്കനത്തിന്റെയും സംസ്കാരത്തിന്റെയും ഉജ്ജ്വലതേജസ്സിന്റെ പ്രതിഫലനം മാത്രമായ രാഷ്ട്രീയാധികാരം, ചന്ദ്രൻ സൂര്യതേജസ്സിന്റെ പ്രതിഫലനമാകുന്നതുപോലെത്തന്നെ, സൂര്യഗോളത്തിലൂടെ വികിരണം ചെയ്യപ്പെടുന്ന അവർണനീയമായ ശക്തിപോലെത്തന്നെ സമാജത്തിന്റെ യുഗയുഗങ്ങളായി പുലർത്തിവരുന്ന ആദർശങ്ങളുടെ വികിരണകേന്ദ്രമായി തീരുകയെന്നതാണ് നമ്മുടെ അഭിലാഷം." (പേജ് 136)

ഇത്തരം കാവ്യസുന്ദരമായ അഭിലാഷത്തെക്കൊണ്ടൊക്കെ വയർ നിറയുമോ എന്നാണ് ഓരോ ആറെസ്സെസ്സുകാരനും ചോദിക്കുന്നത്. ചോദ്യം ശരിയല്ലേ? അതുകൊണ്ട് ഒരിക്കലും പ്രയോഗത്തിൽ വരില്ലെന്നുറപ്പായ ഈ അറുപഴഞ്ചൻ ഗോൾവൾക്കർസന്തതിയെ കുഴിച്ചുമൂടുകയല്ലാതെ നിവൃത്തിയില്ല.

**പുരാണേതിഹാസങ്ങൾ ചരിത്രംതന്നെ**

"നമ്മേക്കാൾ എത്രയോ പണ്ടു ജനിച്ച നമ്മുടെയെല്ലാം ജ്യേഷ്ഠസഹോദരനാണ് ഭരതൻ. സദ്ഗുണസമ്പന്നനും വിജയശ്രീലാളിതനുമായ മഹാനായ രാജാവും ഹൈന്ദവപൗരുഷത്തിന്റെ ഉജ്ജ്വലമാതൃകയുമായിരുന്നു അദ്ദേഹം." (പേജ് 139)

ആ ചേട്ടനെപ്പറ്റി പറയുമ്പോൾ (ചരിത്രപുസ്തകമെന്നു ഗോൾവൾക്കർ തെറ്റിദ്ധരിപ്പിക്കുന്ന) *രാമായണ*ത്തിൽ ഒരി

ടത്തും ഹിന്ദു എന്നു പറഞ്ഞിട്ടില്ലല്ലോ എന്ന് സംശയിക്കുന്നവരെ കുറ്റപ്പെടുത്താൻ പറ്റുമോ?

“നൂറ്റാണ്ടുകളോളം നീണ്ടുനിന്ന ആക്രമണങ്ങളുടെ ആഘാതങ്ങളെ അതിജീവിക്കുകയും ഇടയ്ക്കിടെ മഹാത്മാക്കളായ ആധ്യാത്മികഗുരുനാഥന്മാരെയും ദേശീയവീരപുരുഷന്മാരെയും പ്രസവിക്കുകയും ചെയ്ത സമാജചൈതന്യം വീണ്ടും അതിന്റെ ശക്തിമുദ്ര പതിപ്പിക്കുകതന്നെ ചെയ്യും. പൗരാണികകാലത്തു നമ്മുടെ ദീപശിഖ ഉയർത്തിപ്പിടിച്ച നമ്മുടെ നാട്ടിലെ ആ സാംസ്കാരികതേജഃപുഞ്ജങ്ങളുടെ മാതൃകയിൽ നമുക്കു ജീവിതത്തെ രൂപപ്പെടുത്താം. വസിഷ്ഠനെയും വിശ്വാമിത്രനെയും ചാണക്യനെയും വിദ്യാരണ്യനെയും സമർഥരാമദാസിനെയും സൃഷ്ടിച്ച, ശ്രീരാമനിൽകൂടിയും ചന്ദ്രഗുപ്തനിൽക്കൂടിയും കൃഷ്ണദേവരായരിൽക്കൂടിയും ശിവാജിയിൽക്കൂടിയും വിരിഞ്ഞുവികസിച്ച ആ മഹത്തായ പാരമ്പര്യത്തെ നമുക്കു പുനരുജ്ജീവിപ്പിക്കാം.” (പേജ് 137)

വീണ്ടും, വസിഷ്ഠനും വിശ്വാമിത്രനും ശ്രീരാമനും എങ്ങനെയാണ് ചരിത്രപുരുഷന്മാവുക? അവർ പുരാണകഥാപാത്രങ്ങളല്ലേ? ഇങ്ങനെ സകലരെയും പുനരുജ്ജീവിപ്പിച്ചാൽ നമ്മൾ ജീവിക്കാൻ വേറെ എവിടെ പോകും? സ്വാതന്ത്ര്യസമരനേതാക്കളെയോ ഗാന്ധിജി, നെഹ്റു, എ. കെ. ജി; ഇ. എം. എസ് മുതലായ ജനനായകന്മാരുടെയോ സ്മരണ പുതുക്കാനാണ് മതനിരപേക്ഷജനാധിപത്യവാദികൾ ആഗ്രഹിക്കുക.

**ഹിന്ദുസാമ്രാജ്യത്തിന്റെ വൈപുല്യം**

“അഫ്ഘാനിസ്ഥാൻ നമ്മുടെ പഴയ ഉപഗണസ്ഥാനമായിരുന്നു. മഹാഭാരതത്തിലെ ശല്യർ അവിടെയാണ് ജനിച്ചത്. ഇന്നത്തെ കാബൂളും കാൻഡഹാറുമായ ഗാന്ധാരത്തിലാണ് കൗരവരുടെ മാതാവായ ഗാന്ധാരി പിറന്നത്. ഇറാന്റെ ആദ്യരൂപം ആര്യൻ എന്നായിരുന്നു. അവിടത്തെ ഒടുവിലത്തെ രാജാവായ റേസാഷാ പഹ്ലവിക്കു മാർഗദർശനം നൽകിയിരുന്നത് ഇസ്ലാമിനേക്കാൾ ആര്യൻ മൂല്യങ്ങളായിരുന്നു. പാർസികളുടെ വിശുദ്ധഗ്രന്ഥമായ *സെന്റ് അവെസ്ഥ* മിക്കവാറും *അഥർവവേദം* തന്നെയാണ്.” (പേജ് 142)

മഹാഭാരതം ചരിത്രപുസ്തകമാണോ? ശല്യരും കൗരവരും ഗാന്ധാരിയും ഇതിഹാസകഥാപാത്രങ്ങളല്ലേ? ഇതിസാദികളിലും ചരിത്രാംശങ്ങളുണ്ടാവാമെന്നല്ലാതെ അവയെ ചരിത്രപുസ്തകമായി കാണുന്നത് ശരിയായ വീക്ഷണമല്ല. സെന്റ് അവെസ്ഥയും അഥർവവേദവും തമ്മിൽ സാദൃശ്യങ്ങളുണ്ടാവാമെന്നല്ലാതെ ആ രണ്ടു ഗ്രന്ഥങ്ങളും ഒന്നാവുന്നതെങ്ങനെ?

“കിഴക്കോട്ടു വരുമ്പോൾ ബർമ നമ്മുടെ പ്രാചീനമായ ബ്രഹ്മപ്രദേശമാണ്. ഇന്നത്തെ ഇരാവതിതാഴ്വരയായ ഐരാവതദേശം ഭാരതയുദ്ധത്തിൽ പങ്കെടുത്തതായി *മഹാഭാരത*ത്തിൽ പരാമർശിക്കുന്നു. സൂര്യൻ ആദ്യം ഉദിക്കുന്ന അസമിനെ പ്രാഗ്ജ്യോതിഷമെന്ന നാമത്തിൽ *മഹാഭാരതം* പരാമർശിക്കുന്നു. ദക്ഷിണദിക്കിൽ അഫ്ഘാനിസ്ഥാനും കാബൂളും കാൻഡഹാറും ഇറാനും പേഴ്സ്യയുമെല്ലാം ഇന്ത്യയിൽ ഉൾപ്പടുമെങ്കിൽ *മഹാഭാരത*കർത്താവ് ഇവരെയൊക്കെ മറുനാട്ടുകാരെന്നു പറഞ്ഞതെന്തിനാണ്? ചുരുങ്ങിയത് *മഹാഭാരത*കാലം മുതൽക്കെങ്കിലും ഇവയൊക്കെ അയൽരാജ്യങ്ങളായാണ് പരിഗണിക്കപ്പെട്ടിരുന്നത്. ചുളുവിൽ ഇവയെല്ലാം ഇന്ത്യയുടെ ഭാഗമാക്കാമെന്നാണ് ഗോൾവൾക്കർ കരുതിയത്. അത് നടപ്പില്ല. പഴയ ശൈലേന്ദ്ര സാമ്രാജ്യത്തെക്കുറിച്ചുള്ള മോഹവും വ്യാമോഹമാവുകയേ ഉള്ളൂ.

“ലങ്കയാകട്ടെ ഒരിക്കലും വൻകരയിൽനിന്നു വേറിട്ടല്ലാത്ത മട്ടിൽ നമ്മുടെ നാടുമായി അടുത്ത് ബന്ധപ്പെട്ടിരുന്നു.” (പേജ് 142)

ബർമയും ലങ്കയും കൂടി ഇന്ത്യയുടെ ഭാഗമാക്കാൻ പുറപ്പെട്ട ഗോൾവൾക്കർ, ഇപ്പോൾ ഇന്ത്യയുടെ ഭാഗമായ അസം അങ്ങനെയല്ലെന്നാണോ സമർഥിക്കുന്നത്? ക്രിസ്ത്യാനികളാണ് അവിടെ മുഴുവൻ. പിന്നെ നാഗന്മാരും. ഇവർ ഹിന്ദുക്കളുടെ ശത്രുക്കളാണെന്ന് അദ്ദേഹം പലപ്പോഴും പറയാറുള്ളതാണ്. പക്ഷേ, മോദി–അമിത്ഷാകൂട്ടുകെട്ട് വെറുതെ വിടുമോ? അസം ഇപ്പോൾ ബി. ജെ. പി. അല്ലേ ഭരിക്കുന്നത്? *ലങ്കയാകട്ടെ ഒരിക്കലും വൻകരയിൽനിന്നു വേറിട്ടല്ലാത്ത മട്ടിൽ നമ്മുടെ നാടുമായി അടുത്ത് ബന്ധപ്പെട്ടിരുന്നു* എന്ന പ്രസ്താവന ശരിയാണെങ്കിൽ *രാമായണ*ത്തിൽ സേതുബന്ധത്തെപ്പറ്റി പരാമർശമെന്തിന്?

**ഭാരതം – ധർമഭൂമി, പുണ്യഭൂമി, മോക്ഷഭൂമി**

“ഈശ്വരസാക്ഷാത്കാരം ലഭിക്കുന്ന ഭൂമി എന്ന നിലയിൽ ധർമഭൂമി, മോക്ഷഭൂമി എന്നിങ്ങനെ നമ്മുടെ നാടിന്റെ നാമങ്ങൾ തുടർച്ചയായി ഉയർത്തിപ്പിടിച്ച മഹാത്മാക്കളുടെ സജീവപാരമ്പര്യം ഈ മട്ടിലാണ്.” (പേജ് 146)

ഈ നാട്ടിലെ സജീവമായി നീണ്ടുനിന്ന നിരീശ്വരവാദത്തിന്റെയും ഈശ്വരനിൽ വൈമുഖ്യമോ ഉദാസീനതയോ പുലർത്തിയവരുടെയും പാരമ്പര്യം മറന്നുകൊണ്ട് ഇന്ത്യക്കാർ ഒന്നടങ്കം അംഗീകരിക്കുകയും പറയുകയും ചെയ്യുന്ന മാതൃഭൂമി എന്ന പദത്തിനു പകരം ധർമഭൂമി, മോക്ഷഭൂമി എന്നു ചില ആത്മീയവാദികൾ മാത്രം അംഗീകരിക്കുകയും പറയുകയും ചെയ്യുന്ന പദങ്ങൾ എല്ലാവരുടെയുമാണെന്നു തോന്നുമാറ് പ്രയോഗിച്ചത് ഉചിതമായില്ല.

“നമ്മുടെ മതചടങ്ങുകളെല്ലാം ഭൂമിപൂജയോടുകൂടി ആരംഭിക്കുന്നു. ഹിന്ദു പ്രഭാതത്തിൽ ഉണരുന്ന ഉടനെ ദിവസം മുഴുവൻ ഭൂമാതാവിനെ തന്റെ പാദങ്ങൾകൊണ്ട് സ്പർശിക്കുന്നതൊഴിവാക്കാൻ സാധിക്കാത്തതിനു ക്ഷമായാചനം ചെയ്യുന്ന പതിവുണ്ട്.” (പേജ് 147)

ഇങ്ങനെ ഏതാനും യാഥാസ്ഥിതികർ ചെയ്യുന്ന ചില കാര്യങ്ങൾ ഹിന്ദുക്കളെല്ലാം ചെയ്യുന്നു എന്നു തോന്നത്തക്ക വിധത്തിലും മതച്ചടങ്ങുകളെന്നാൽ ഇസ്ലാം, ക്രിസ്ത്യൻ മുതലായ മറ്റ് ഇന്ത്യൻ മതാനുയായികൾ മതച്ചടങ്ങുകളൊന്നുമില്ലാത്തവരാണെന്നു വരുത്തത്തക്ക വിധത്തിലും പറഞ്ഞത് ഒട്ടും ശരിയായില്ല.

“അങ്ങനെ നമ്മുടെ മാതൃഭൂമി നമുക്ക് മാതാവ്, പിതാവ്, ഗുരു ഇവ മൂന്നും കൂടിച്ചേർന്ന ഒന്നാണ്... ഇങ്ങനെ തന്റെ ജന്മഭൂമിയെ അമ്മയായിക്കാണുന്നത് മനുഷ്യന്റെ പരിണാമശ്രേണിയിലെ അത്യുന്നതാവസ്ഥയുടെ ചിഹ്നമാണ്.” (പേജ് 149, 151)

ഇവിടെയും മറ്റു മതങ്ങളെ ഒഴിവാക്കിയത് തെറ്റാണ്. ഈ വാക്യങ്ങളിൽ വൈരുധ്യം വല്ലാത്ത ആശയക്കുഴപ്പമുണ്ടാക്കുന്നു. ജന്മഭൂമിയെ അമ്മയായിക്കാണുന്നതിനെ ഇത്രയൊക്കെ അതിശയോക്തിപരമായി വിശേഷിപ്പിക്കേണ്ടതുണ്ടോ? ലോകത്തിലെ എല്ലാ മനുഷ്യരും തങ്ങൾ പിറന്ന രാജ്യത്തെ ബഹുമാനിക്കുകയല്ലേ പതിവ്? ജന്മഭൂമിയെ അമ്മയായോ അച്ഛനായോ മാഷായോ എല്ലാമായോ ആണു കാണുന്നതെന്ന് ഉറപ്പിച്ചാൽ, ആരെങ്കിലും ഭക്തി മൂത്ത് മാതൃഭൂമിയെ ദൈവമായി കണ്ടാൽ അയാളെ ശിക്ഷിക്കേണ്ടിവരും.

**നമുക്ക് രജോഗുണം വേണം**

“ഊർജസ്വലമായ ഈ വിജിഗീഷുമനോഭാവമില്ലാതെ ഏതു ദിവ്യോദ്ദേശ്യത്തിൽ ഭക്തിയുണ്ടായാലും ഫലമില്ല... അതുകൊണ്ടാണ് നമുക്ക് സദ്വൃത്തിയും നന്മയുമെല്ലാമുണ്ടായിട്ടും ഈ ഗുണങ്ങളൊന്നും തൊട്ടുതീണ്ടിയിട്ടില്ലാത്ത സാഹസകൃത്യങ്ങളും സംഘടിതശ്രമങ്ങളുമിഷ്ടപ്പെട്ടിരുന്ന, അതായത് രജോഗുണസമ്പന്നരായിരുന്ന, വിദേശാക്രമണകാരികളുടെ ചവിട്ടടിയിൽ കഴിഞ്ഞ ആയിരം വർഷം നാം കിടക്കേണ്ടിവന്നത്.” (പേജ് 153)

ലക്ഷ്യത്തിൽ എത്ര ഭക്തിയുണ്ടായാലും ഹിന്ദുക്കൾക്ക് വിജയിക്കണമെന്ന ഊർജസ്വലമായ ആഗ്രഹമില്ലെങ്കിൽ എന്തു നന്മയുണ്ടായാലും ഫലമില്ല, ക്രൂരന്മാരായ മുസ്ലീങ്ങളുടെയും ക്രിസ്ത്യാനികളുടെയും (ബ്രിട്ടീഷുകാർ) ചവിട്ടടിയിൽ കിടക്കേണ്ടിവരും. വിജയേച്ഛയാണ് അവശ്യം വേണ്ടതെന്നു ചുരുക്കം. പിന്നെയെങ്ങനെയാണ് പണ്ട് ശൈലേന്ദ്രസാമ്രാജ്യം സ്ഥാപിച്ചതെന്നു സംശയം വരാം. അതൊക്കെ പഴയ കാലം. ഇത് ആയിരം കൊല്ലത്തിനിപ്പുറത്തെ കാര്യമാണ് പറയുന്നത്.

ഇതേ കാര്യം ആധുനികോദാഹറണങ്ങൾകൊണ്ട് വിവരിക്കുന്നു: “മാതൃഭൂമിയോടുള്ള ഭക്തിഭാവത്തിന്റെ പ്രോജ്ജ്വലവും ധീരവുമായ ഈ വശം നമ്മുടെ ഹൃദയത്തിൽ ഇന്നു സജീവമാണോ? ഈ ഭാവം നമ്മുടെ നേതാക്കളിലും സാധാരണജനങ്ങളിലുമുണ്ടായിരുന്നുവെങ്കിൽ വിഭജനം സംഭവിക്കുമായിരുന്നോ? മാതൃഭൂമിയുടെ

**അഖണ്ഡഭാരതം**

“വടക്കു ഹിമാലയം അതിന്റെ രണ്ടു കൈകളിൽ ഒന്നു പടിഞ്ഞാറ് ആര്യനിലും (ഇറാൻ) മറ്റേത് കിഴക്കു ശൃംഗപുരിയിലും (സിംഗപ്പൂർ) രണ്ടു സമുദ്രങ്ങളിലേക്കും ആഴ്ത്തിപ്പിടിച്ചുകൊണ്ടും തെക്കു ദക്ഷിണസമുദ്രം പരിശുദ്ധമായ തൃപ്പാദങ്ങളിൽ ലങ്ക(സിലോൺ)യാകുന്ന താമരദളം അർപ്പിച്ചുകൊണ്ടുമുള്ള നമ്മുടെ മാതൃഭൂമിയുടെ ഈ ചിത്രമാണ് അനേകസഹസ്രാബ്ദങ്ങളായി അത്യുജ്ജ്വലമായി സൂക്ഷിച്ചുപോരുന്നത്. ഇന്നും ഹിന്ദു നിത്യേന സ്നാനം ചെയ്യുമ്പോൾ ഗംഗ, യമുന, ഗോദാവരി, സരസ്വതി, നർമദ, സിന്ധു, കാവേരിഎന്നീ പുണ്യനദികളെ ആവാഹിക്കുന്നു... നമ്മുടെ മാതൃഭൂമിയെ അഖണ്ഡവും സമ്പൂർണവുമായ ആരാധ്യവസ്തുവായി അവതരിപ്പിക്കുന്നതു പല വിധത്തിലാണ്. അതിനെ ചെറുഖണ്ഡങ്ങളാക്കിത്തീർക്കുന്ന ഏതാശയവും നമുക്ക് സഹിച്ചുകൂടാത്തതാണ്.” (പേജ് 142–43)

സവർണബ്രാഹ്മണരിൽ ചിലർ നടത്തുന്ന ഈ ചടങ്ങൊക്കെ എല്ലാ ഹിന്ദുക്കളുടേതുമാണെന്ന രീതിയിൽ മാതൃഭൂമിയോടുള്ള ആദരം കാണിക്കാനുള്ള ഈ ആവേശം ബാലിശവും പരിഹാസ്യവുമത്രേ.

**മാതൃഭൂമിയുടെ വൈശിഷ്ട്യം**

“ലോകത്തിലെ മറ്റു വിവിധമതങ്ങളുടെയും ഉപാസനാസമ്പ്രദായങ്ങളുടെയും സ്ഥാപകന്മാരുടെ ജീവിതം പഠിക്കുകയാണെങ്കിലും നമ്മുടെ മാതൃഭൂമിയുടെ ഈ വൈശിഷ്ട്യത്തെ സംബന്ധിച്ച് ഇതേ നിഗമനത്തിലാണ് നാമെത്തിച്ചേരുക. മഹാനായ യേശുക്രിസ്തുവിന്റെ ജീവിതത്തിൽപോലും അദ്ദേഹം ഈശ്വരനെ കണ്ടതായി എവിടെയും പരാമർശം കാണുന്നില്ല... ഇസ്ലാം മതസ്ഥാപകനും ശക്തനായ വ്യക്തിയായിരുന്നു. പരസ്പര മാത്സര്യംകൊണ്ടും കലഹങ്ങൾകൊണ്ടും ഛിന്നഭിന്നമായിപ്പോയ ആ അപരിഷ്കൃതജനതയ്ക്കു മാനുഷിക മൂല്യങ്ങളെക്കുറിച്ചുള്ള ബോധത്താൽ പ്രചോദനമരുളി സാമ്രാജ്യങ്ങളുയർത്താൻ വേണ്ട പ്രേരണയും സംഘ

ടിതശക്തിയും അവരിൽ ഉണർത്താൻ അദ്ദേഹത്തിനു കഴിഞ്ഞു. അദ്ദേഹവും ഗബ്രിയേലിനെ മാത്രം കണ്ടു. ചില ദിവ്യവചനങ്ങൾ ശ്രദ്ധിക്കുക മാത്രമല്ലാതെ ദൈവത്തെ നേരിട്ടു കാണുകയുണ്ടായില്ല. ഈ മണ്ണിന്റെ മക്കൾക്കു മാത്രമാണ് ഈശ്വരനെ പൂർണമായ തേജസ്സോടെ കാണാനും സാക്ഷാത്കരിക്കാനും കഴിഞ്ഞത്. മറ്റു വർഗക്കാർ അവരുടെ ഗുഹയിൽനിന്നും കാട്ടിൽനിന്നും പുറത്തുവരുന്നതിനു മുൻപുള്ള കാലത്തു തന്നെ വൈദികഋഷികൾ മനുഷ്യവർഗത്തെ അനശ്വരാനന്ദത്തിന്റെ സന്തതികളെന്നു സംബോധന ചെയ്തു.

ശൃണ്വന്തു വിശ്വേ അമൃതസ്യ പുത്രാ

ആ യോ ധാമാനി ദിവ്യാനി തസ്ഥുഃ (*ഋഗ്വേദം*, 10. 13. 1)

വേദാഹമേതം പുരുഷം മഹാന്ത–

മാദിത്യവർണം തമസഃ പരസ്താത്

തമേവ വിദിത്വാതിമൃത്യുമേതി

നാന്യഃ പന്ഥാ വിദ്യതേയനായ (*യജുർവേദം, വാജസനേയിസംഹിത*, 31. 18)

... പരമമായ ആത്മവിശ്വാസത്തിന്റെയും ആത്മസാക്ഷാത്കാരത്തിന്റെയും ഈ വെളിപ്പെടലിനു കിട നിൽക്കുന്നതൊന്നും മറ്റു ലോകസാഹിത്യത്തിലില്ല. *ഭഗവദ്ഗീത*യിൽ മനുഷ്യവംശത്തോടുള്ള തന്റെ അനശ്വരവും ഹൃദയാവർജകവുമായ ആഹ്വാനത്താൽ, ഉത്തമപുരുഷസർവനാമമുപയോഗിച്ച് ഈശ്വരൻതന്നെയാണ് താനെന്നുറപ്പിച്ചുപറയുന്ന ശ്രീകൃഷ്ണനോടു കിട പിടിക്കുന്ന ആരെയും മറ്റെവിടെയും നിങ്ങൾക്കു കാണാൻ കഴിയില്ല.” (പേജ് 144–45)

ക്രിസ്തുവും മുഹമ്മദുനബിയും ചരിത്രപുരുഷന്മാരാണെന്നും ശ്രീകൃഷ്ണൻ പുരാണേതിഹാസകഥാപാത്രമാണെന്നുമുള്ള വ്യത്യാസം മറന്ന് ഇവർ മൂന്നുപേരെയും താരതമ്യപ്പെടുത്തി മൂന്നാമത്തേയാളാണ് കേമനെന്നും അദ്ദേഹത്തിന്റെ അരുളപ്പാടുകളാണ് ഹിന്ദുമതത്തിന്റെ വൈശിഷ്ട്യം വ്യക്തമാക്കുന്നതുമെന്നൊക്കെ പറയുന്നത് എത്ര ബാലിശമാണെന്ന് ഗോൾവൾക്കർ ഓർക്കാഞ്ഞത് കഷ്ടംതന്നെ.

“മാതൃഭൂമിയുടെ പാവനമായ അഖണ്ഡത നിലനിർത്തുന്നതിനായി തങ്ങളുടെ അവസാനതുള്ളി രക്തം പോലും ചൊരിയാൻ തയ്യാറായി, ബ്രിട്ടീഷുകാരുടെയും മുസ്ലീങ്ങളുടെയും ഇത്തരം ഗൂഢാലോചനകൾക്കെതിരെ യാതൊരു വിട്ടുവീഴ്ച്ചയ്ക്കും നിൽക്കാതെ ഒരൊറ്റ മനുഷ്യനെന്ന നിലയിൽ അവർ ഉയരുമായിരുന്നില്ലേ? കഷ്ടം, അതു സംഭവിച്ചില്ല. നേരെ മറിച്ച് നേതാക്കന്മാരുടെ നേതൃത്വത്തിൽ, *സ്വാതന്ത്ര്യമെന്നു പറയുന്ന എന്തിന്റെയോ* ആഗമനം ആഘോഷിക്കുന്ന തിരക്കിലായിരുന്നു ജനങ്ങൾ.” (പേജ് 153–54)

‘നേതാക്കന്മാരുടെ നേതൃത്വത്തിൽ, *സ്വാതന്ത്ര്യമെന്നു പറയുന്ന എന്തിന്റെയോ ആഗമനം* ആഘോഷിക്കുന്ന തിരക്കിലായിരുന്നു ജനങ്ങൾ’. താനും സംഘവും ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയിട്ടില്ല എന്ന് അന്നേ പറഞ്ഞപ്പോൾ ആ നേതാക്കന്മാർ തന്നെ പിടിച്ചു ജയിലിലിട്ടു. ഗാന്ധിജിയെ കൊന്നതിൽ തങ്ങൾക്കു പങ്കുണ്ടെന്ന് പറഞ്ഞ്. അതിൽ പങ്കില്ല; ഗോഡ്സേ ഗാന്ധിജിയുടെ ‘അനുവാദ’ത്തോടുകൂടി വളരെ വിനയപൂർവമാണ് അദ്ദേഹത്തിന്റെ നെഞ്ചിൽ വെടിയുതിർത്തത്. ഗോഡ്സേ സംഘാംഗമല്ല; അതിനുതൊട്ടുമുമ്പ് അയാൾ സംഘത്തിൽനിന്നു രാജിവെച്ചിരുന്നു. എന്നിട്ടും സംഘം (അംഗമല്ലാത്ത) അയാളെ പുറത്താക്കി; ഗാന്ധിജിയുടെ മരണത്തിൽ പത്തുദിവസത്തെ പുലയും ആചരിച്ചു! പോരേ! എന്നിട്ടും ആർ. എസ്. എസ്. നേതാവെന്നപേരിൽ തനിക്ക് ജയിൽശിക്ഷ!

**ഇന്ത്യാവിഭജനം**

“വിഭജനം സ്ഥിരീകരിക്കപ്പെട്ട വസ്തുതയാണെങ്കിൽ അതു തിരുത്താൻ നമ്മളുണ്ടിവിടെ. ഈ ലോകത്തിൽ സുസ്ഥാപിതമായതെന്നു പറയാവുന്ന യാതൊന്നുമില്ല. സംഗതികൾ മനുഷ്യന്റെ ഇച്ഛയെ മാത്രം മുൻനിർത്തി സ്ഥിരമാവുകയും അസ്ഥിരമാവുകയും ചെയ്തുകൊണ്ടിരിക്കുന്നു. മനുഷ്യന്റെ ഇച്ഛാശക്തിയാവട്ടെ അവനു ന്യായമെന്നും മഹത്തരമെന്നും തോന്നുന്ന കാരണത്തോടുള്ള ആത്മസമർപ്പണഭാവത്താൽ ഉരുക്കുപോലെ ഉറപ്പിക്കപ്പെട്ടിരിക്കുന്നു.” (പേജ് 154)

വിഭജനമൊന്നും ഇവിടെ നടക്കില്ല. ആർ. എസ്. എസ്സുണ്ടിവിടെ. ഞങ്ങളുടെ ചുണക്കുട്ടികൾ ഭാരതത്തെയും പാക്കിസ്ഥനെയും തുന്നിച്ചേർക്കും. രണ്ടു തവണ ബി. ജെ. പി. ക്ക് ഭരണം കിട്ടിയല്ലോ, ഇപ്പോഴും ബി. ജെ. പി.യാണ് ഭരിക്കുന്നത്. എന്നിട്ടന്തേ ചെയ്തില്ല? ഞങ്ങളുടെ ‘ഇച്ഛാശക്തി ന്യായമെന്നും മഹത്തരമെന്നും തോന്നുന്ന കാരണത്തോടുള്ള ആത്മസമർപ്പണഭാവത്താൽ ഉരുക്കുപോലെ ഉറപ്പിക്കപ്പെടാൻ’ ധാരാളം സമയമെടുക്കുന്നു. അത്രയേയുള്ളൂ. അണികളെ പറ്റിക്കാനുള്ള ഓരോരോ ആർ. എസ്. എസ്. തട്ടിപ്പുകൾ!

“‘എന്തൊക്കെയായാലും ഹിന്ദുക്കളും മുസ്ലീങ്ങളും സഹോദരന്മാരാണ്. സഹോദരന്മാർ തമ്മിൽ തങ്ങളുടെ സ്വത്തു

ക്കൾ ഭാഗം വെക്കുന്നതുപോലെയാണ് ഈ വിഭജനം.' എന്നു പറയുന്ന കൂട്ടരുമുണ്ട്. എന്നാൽ തങ്ങൾക്കുള്ള പൊതുവായ സ്വത്താണെന്നു പറഞ്ഞ് അമ്മയെ വെട്ടിമുറിച്ചു പങ്കിട്ടെടുക്കുന്ന കുട്ടികളെപ്പറ്റി നാമെപ്പോഴെങ്കിലും കേട്ടിട്ടുണ്ടോ? ഇതിൽപരം അധമത്വം വല്ലതുമുണ്ടോ? മാതൃഭൂമി വിലപേശാനുള്ള വസ്തുവായി, കേവലം വിനോദത്തിനുള്ള ഭൂമിയായി, ഹോട്ടൽ പോലെ ഭോഗഭൂമിയായിത്തീരുകയാണ്. ധർമഭൂമിയോ കർമഭൂമിയോ പുണ്യഭൂമിയോ അല്ലാതായിത്തീരുകയാണ്. ഈ ഹീനമായ സമീപനത്തിനു നാം കൊടുത്ത വില നമ്മുടെ അമ്മയുടെ വലിച്ചുകീറപ്പെട്ട്, ലക്ഷോപലക്ഷം ബന്ധുജനങ്ങൾ വധിക്കപ്പെട്ടുണ്ടായ ഭയങ്കരമായ രക്തപ്പുഴയാണ്. ഇന്നും വിഭജനമെന്ന ആ ദുരന്തം അവസാനിച്ചിട്ടില്ല. കാശ്മീർ വിഭജിക്കപ്പെട്ടു; നാഗാലാന്റും അതേ വഴിയിലാണ്." (പേജ് 154)

സോദരർ തമ്മിലെപ്പോരൊരു പോരല്ല,

സൗഹൃദത്തിന്റെ കലങ്ങിമറിയലാം' (വള്ളത്തോൾ)

എന്നൊക്കെയുള്ളത് കവിവാക്യങ്ങളല്ലേ? കവികൾ അങ്ങനെയൊക്കെ പാടും. എന്നുവെച്ച് അമ്മയെ വെട്ടി മുറിക്കുന്നതിനെ ന്യായീകരിക്കാൻ പറ്റുമോ? അന്ന് പാക്കിസ്ഥാനെന്ന മുസ്ലീം രാഷ്ട്രം, ഇനി കാശ്മീരെന്ന മുസ്ലീം രാഷ്ട്രവും നാഗാലാന്റെന്ന ക്രിസ്ത്യൻ രാഷ്ട്രവും ഉടനെ വരും. 'നിങ്ങൾ ഹിന്ദുരാഷ്ട്രമെന്ന് 1925 മുതൽക്കേ പറയുന്നുണ്ടല്ലോ. അതുകൊണ്ടല്ലേ പാക്കിസ്ഥാനെപ്പറ്റി മുസ്ലീങ്ങളും നാഗാലാന്റിനെപ്പറ്റി ക്രിസ്ത്യാനികളും അവകാശവാദമുന്നയിച്ചത്?' എന്ന ചോദ്യത്തിന് എന്താണ് മറുപടി? 'ഹിന്ദുക്കളായ ഞങ്ങൾ ധർമഭൂമിയും കർമഭൂമിയും പുണ്യഭൂമിയുമായ ഞങ്ങളുടെ ജന്മാവകാശമായ രാഷ്ട്രമാണിത്; ഞങ്ങളുടെ പ്രാചീനമായ ശൈലേന്ദ്രസാമ്രാജ്യത്തിന്റെ ഒരു പുണ്യഭാഗമായ ഇത് മുൻപേ ഹിന്ദുരാഷ്ടമാണ്. 1925–ലൊന്നുമല്ല ഇതിനെപ്പറ്റി പറയുന്നത്. മുസ്ലീങ്ങളും ക്രിസ്ത്യാനികളുമൊക്കെ ഞങ്ങളുടെ സോദരന്മാരെന്നു വള്ളത്തോൾ പറഞ്ഞില്ലേ? ഹിന്ദുവാണ് വലിയേട്ടൻ. അതുകൊണ്ട് ആ അനിയന്മാരൊക്കെ ഞങ്ങൾ പറഞ്ഞതുപോലെ കേട്ട് ഞങ്ങളുടെ ആജ്ഞയനുസരിച്ച് കീഴിൽ കഴിഞ്ഞുകൊള്ളുക. അതാണവർക്ക് നല്ലത്. വെറുതെ ഹിന്ദുവിനെക്കൊണ്ട് കുറുവടിയെടുപ്പിക്കേണ്ട' ഇതാണ് ആർ. എസ്. എസ്സിന്റെ മനോഭാവം. **ദേശീയോദ്ഗ്രഥനത്തെയും ഭരണഘടനയെയുംലംഘിക്കുന്ന** ഇക്കൂട്ടരെ രാജ്യദ്രോഹികളെന്നല്ലാതെ മറ്റെന്താണ് പറയേണ്ടത്!

**ചീനയുടെ കൈയേറ്റം**

നേഫ, കച്ച് എന്നീ പ്രദേശങ്ങൾ പാക്കിസ്ഥാനും 'നമ്മുടെ പതിനായിരക്കണക്കിന് ചതുരശ്രനാഴികസ്ഥലം' ചൈനയും കയ്യേറിയതിനെതിരെ നടപടികളെടുക്കാതിരിക്കുന്നതിന് നെഹ്റുവുൾപ്പെടെയുള്ള ഭരണാധികാരികളെ കുറ്റപ്പെടുത്തുകയാണ് പിന്നീട്. (പേജ് 155–56)

ഇനി ഞങ്ങൾ ക്ഷമിക്കുകയില്ല. ആ കമ്യൂണിസ്റ്റ് ദുർഭൂതത്തെ ഞങ്ങൾ ഉടനടി ഉച്ചാടനം ചെയ്യുന്നതാണ്.

"ഒരു കാലത്ത് ഹൈന്ദവചിന്താഗതി ലോകം മുഴുവൻ വ്യാപിപ്പിച്ചിരുന്ന തക്ഷശിലാകേന്ദ്രം ഇന്നു നമ്മുടെ കൈവശമില്ല. ഹിരണ്യകശിപുവെന്ന അസുരനിൽനിന്നു പ്രഹ്ലാദന് അഭയം നൽകിയ ഉഗ്രമൂർത്തിയായ നരസിംഹാവതാരത്തിനു സാക്ഷ്യം വഹിച്ച മുൾട്ടാനെക്കുറിച്ചുള്ള 'പുരാണചരിത്ര'വിവരണം മനോഹരമായിട്ടുണ്ട്! എല്ലാം ഹിന്ദുസമാജത്തിന്റെ ഗ്രഹപ്പിഴ എന്നല്ലാതെ മറ്റൊന്നും പറയാനില്ല. പതനാഭ്യുദയങ്ങൾ സാധാരണമാണല്ലോ എന്നു സമാധാനിച്ചുകൊള്ളുകയേ നിവൃത്തിയുള്ളൂ... ഇന്നത്തെ നമ്മുടെ ശത്രുക്കൾ മുസ്ലീങ്ങളോ ചീനക്കാരോ ആരായിരുന്നാലും ശരി, അവരുടെ പിടിയിൽപെട്ടു നമുക്കു നഷ്ടപ്പെട്ട സ്ഥലങ്ങളുടെ അവകാശം അവർക്കാണെന്നു പറയുകയാണെങ്കിൽ അതിന്റെയർഥം നമുക്കു യുദ്ധം ചെയ്യാനുള്ള ഇച്ഛാശക്തി നഷ്ടപ്പെട്ടിരിക്കുന്നുവെന്നും നമ്മുടെ പരാജയങ്ങളെയും അപമാനങ്ങളെയും മഹത്തരങ്ങളായി കാണിക്കാൻ തുനിയത്തക്കവിധത്തിൽ നാം പൗരുഷം കളഞ്ഞുകുളിച്ചിരിക്കുന്നുവെന്നും മാത്രമാണ്." (പേജ് 157–58)

പാക്കിസ്ഥാനോടും ചൈനയോടും യുദ്ധം ചെയ്യാം. നമ്മുടെ യുദ്ധപൗരുഷം അങ്ങനെ എളുപ്പം നശിക്കുകയൊന്നുമില്ല. തക്ഷശിലയെയും പറ്റുമെങ്കിൽ അവിടെ പഠിച്ച പാണിനിയെയും പാക്കിസ്ഥാനിൽനിന്നും സ്വർഗത്തിൽനിന്നും മോചിപ്പിക്കാൻ വേണ്ടിവന്നാൽ ദേവേന്ദ്രനോടും യുദ്ധം ചെയ്യുകതന്നെ. എല്ലാം ചുണക്കുട്ടികളായ ആർ. എസ്. എസ്സുകാരെ ഏല്പിക്കാം.

**ആർ. എസ്. എസ്സിന്റെ യുദ്ധഭ്രാന്ത്**

"ഭൂമുഖത്തു സ്വതന്ത്രവും ഐശ്വര്യപൂർണവും തേജസ്വിയുമായ ദേശീയജീവിതത്തിന്റെ പ്രാണവായു, മാതൃഭൂമിയോടുള്ള ഉത്കടവും വിട്ടുവീഴ്ച്ചയില്ലാത്തതും പ്രോജ്ജ്വലവുമായ ഭക്തിഭാവമാണ്. ഹിന്ദുക്കളായ നാം മാതൃഭൂമിയോടുള്ള ഏറ്റവും ഉദാത്തമായ ഭക്തിഭാവം പൈതൃകസ്വത്തായി ലഭിച്ചവരാണ്. ഭക്തിയുടെ ആ തീക്കനലുകൾ ഓരോ ഹിന്ദുഹൃദയത്തിലും നിദ്രാവസ്ഥയിൽ കിടപ്പുണ്ട്. അവ ഊതിക്കത്തിക്കാം. അവയെല്ലാം ഒരുമിച്ചുചേർന്ന് പവിത്രജ്വാലയായി പരിണമിച്ച് നമ്മുടെ മാതൃഭൂമിയുടെ നേർക്ക് പോയ കാലത്തുണ്ടായ സമസ്താക്രമണങ്ങളെയും ഭസ്മമാക്കട്ടെ. അതോടൊപ്പം ഭാരതമാതാവിനെ ശ്രീകരവും അഖണ്ഡവുമായ രൂപത്തിൽ പുനഃപ്രതിഷ്ഠിക്കുകയെന്ന സ്വപ്നം സാക്ഷാത്കരിക്കുകയും ചെയ്യട്ടെ." (പേജ് 158)

യുദ്ധം തന്നെ ഒരേയൊരു പരിഹാരമാർഗം!

**ഹിന്ദുരാഷ്ട്രവാദം**

"ഹിന്ദുവെന്ന പേരുകൊണ്ടു വിളിക്കപ്പെടുന്ന സംസ്കാരസമ്പന്നമായ മഹത്ത്വമേറിയ ജനത സ്മരണാതീതകാലം മുതലേ ഈ പവിത്രമായ മാതൃഭൂമിയുടെ സന്താനങ്ങളായി ജീവിച്ചുപോരുന്നുണ്ട്." (പേജ് 159)

എന്നിട്ടും ഇന്ത്യയുടെ പേര് ഹിന്ദുരാഷ്ട്രമെന്ന് പുനർനാമകരണം ചെയ്യാത്തതെന്താണ് രണ്ടു തവണ കേന്ദ്രഭരണം കിട്ടിയിട്ടും നമ്മുടെ ഉന്നതഭരണാധികാരികൾ എന്നാണ് ഓരോ സമ്പന്നസവർണഹിന്ദുവിന്റെയും ചോദ്യം. അല്ലാത്ത ബഹുഭൂരിപക്ഷം ഇന്ത്യക്കാർക്കും ആ സവർണമേധാവിത്വരാഷ്ട്രം വരരുതെന്നുതന്നെയാണ് ഉറച്ച അഭിപ്രായം

**ഹിന്ദു എന്ന പേർ**

"എന്നാൽ ചില ആളുകൾ ഹിന്ദുവെന്ന ഈ പേര് താരതമ്യേന അടുത്തകാലത്തുണ്ടായതാണെന്നും അതിനു പുറമെ നമുക്ക് വിദേശീയർ നൽകിയതാണെന്നും പറഞ്ഞ് എതിർക്കുന്നവരായുണ്ട്. 'ആര്യൻ' അഥവാ 'ഭാരതീയൻ' എന്ന പേർ 'ഹിന്ദു'വെന്നതിനു പകരമായി അവർ നിർദേശിക്കുന്നു." (പേജ് 159)

സ്വാമി വിവേകാനന്ദനാണ് ആ ചില ആളുകളിൽ പ്രമുഖൻ. യശഃശരീരനായ സ്വാമിയെ ശിക്ഷിക്കാൻ വല്ല വകുപ്പുമുണ്ടോ എന്നു നോക്കാം. ഹിന്ദു എന്ന പേരു മാറ്റാൻ അദ്ദേഹം ശുപാർശ ചെയ്തിട്ടുണ്ടോ എന്നു തീർച്ചയില്ല. ഉണ്ടെങ്കിൽ അതിനും ശിക്ഷയാവാം.

**ആര്യൻ എന്ന പേർ**

"'ആര്യൻ' എന്നത് പ്രാചീനവും അഭിമാനിക്കാവുന്നതുമായ പേരാണെന്നതിനു സംശയമില്ല. എന്നാലതു കഴിഞ്ഞ ആയിരം വർഷങ്ങളായി പ്രത്യേകിച്ചും ഉപയോഗത്തിലില്ലാതായിട്ടുണ്ട്. അതിനും പുറമെ കഴിഞ്ഞ നൂറ്റാണ്ടിൽ ചരിത്രഗവേഷണത്തിന്റെ മറ പിടിച്ചുകൊണ്ട് ബ്രിട്ടീഷുകാർ നടത്തിയ ദുഷ്പ്രചരണത്തിന്റെ ഫലമായി സൃഷ്ടിക്കപ്പെട്ട ആര്യദ്രാവിഡവാദത്തിന്റെ വിഷവേരുകൾ നമ്മുടെ ആളുകളുടെ മനസ്സിൽ ആഴ്ന്നിറങ്ങിയിട്ടുണ്ട്. അതിനാൽ ആര്യൻ എന്ന പദത്തിന്റെ ഉപയോഗം ഹിമാലയം മുതൽ കന്യാകുമാരിവരെ വ്യാപിച്ചുകിടക്കുന്ന ജനങ്ങളെയാകമാനം പഴയതോ പുതിയതോ ആയ യാതൊരു ഭേദഭാവനയും കൂടാതെ കൺമുന്നിൽ കൊണ്ടുവരികയെന്ന ഉദ്ദേശ്യത്തെത്തന്നെ പരാജയപ്പെടുത്തുകയാണ് ചെയ്യുക." (പേജ് 159)

എന്നാൽപ്പിന്നെ, 'ആര്യ'നെ ഉപദ്രവിക്കേണ്ടെന്നുവെക്കാം.

**ഭാരതീയൻ**

"'ഭാരതീയൻ' എന്നതും പ്രാചീനകാലം മുതലേ നമ്മളോടു ബന്ധപ്പെട്ട പുരാതനനാമമാണ്. വേദങ്ങളിൽപ്പോലും ഭാരതമെന്ന പേര് പ്രത്യക്ഷപ്പെടുന്നുണ്ട്. പുരാണങ്ങളും നമ്മുടെ മാതൃഭൂമിയെ ഭാരതമെന്നും നമ്മുടെ ജനതയെ ഭാരതിയെന്നും പറഞ്ഞിട്ടുണ്ട്. വാസ്തവത്തിൽ ഹിന്ദുവെന്ന അതേ അർഥത്തെയാണ് ഈ പദവും സൂചിപ്പിക്കുന്നത്. എന്നാലിന്ന് 'ഭാരതീയൻ' എന്ന പദത്തെക്കുറിച്ചുപോലും മിഥ്യാധാരണകളുണ്ട്. മുസ്ലീം ക്രിസ്ത്യാനി, പാഴ്സി തുടങ്ങി ഇന്നാട്ടിൽ താമസിക്കുന്ന എല്ലാ സമുദായക്കാരെയും ഉൾക്കൊള്ളുന്ന 'ഇന്ത്യൻ' എന്ന പദത്തിന്റെ ഭാഷാന്തരമായി ഇന്നതു സാധാരണ ഉപയോഗിക്കുന്നു. അതുകൊണ്ട് 'ഭാരതീയൻ' എന്ന പദം നമ്മുടെ പ്രത്യേകസമാജത്തെ സൂചിപ്പിക്കാനുപയോഗിക്കുമ്പോൾ തെറ്റിദ്ധാരണയ്ക്കു വഴി നൽകുന്നു. പൂർണമായും വ്യക്തമായും നാമുദ്ദേശിക്കുന്ന അർഥം പ്രകാശിപ്പിക്കുന്ന വാക്ക് 'ഹിന്ദു'വെന്നതു മാത്രമാണ്." (പേജ് 159–160)

ഹിന്ദു എന്ന പദം തന്നെയാണ് നല്ലത്. മുസ്ലീമോ ക്രിസ്ത്യാനിയോ പാഴ്സിയോ ഇന്ത്യക്കാരനല്ലെന്നു വ്യക്തമാക്കാൻ അതാണ് ഒരേയൊരു പോംവഴി. ഹിന്ദു എന്നു പറഞ്ഞു പേടിപ്പിച്ചാൽ അവർ പോയ്ക്കൊള്ളും. അങ്ങനെ, വേണമെങ്കിൽ, യുദ്ധം ഒഴിവാക്കുകയും ചെയ്യാം.

"ഹിന്ദുവെന്ന പേര് അടുത്ത കാലത്തുണ്ടായതാണെന്നും വിദേശീയർ നമുക്കു നൽകിയതാണെന്നും പറയുന്നത് ചരിത്രപരമായ സത്യമല്ല. നമ്മുടെ നാടിനെയും ജനങ്ങളെയും കുറിക്കുന്നതിന് 'സപ്തസിന്ധു'വെന്ന പേർ ലോകത്തിൽവെച്ച് ഏറ്റവും പഴയ രേഖകളിൽ – *ഋഗ്വേദ*ത്തിൽത്തന്നെ – കാണുന്നുണ്ട്. സംസ്കൃതത്തിലെ 'സ' എന്ന ശബ്ദം ചിലപ്പോഴെല്ലാം നമ്മുടെ പ്രാകൃതഭാഷകളിലും യൂറോപ്യൻ ഭാഷകളിൽപോലും 'ഹ' എന്നായി മാറാറുണ്ട്. അങ്ങനെ 'ഹപ്തഹിന്ദു' എന്നും പിന്നീട് 'ഹിന്ദു' എന്നുമുള്ള പേർ പ്രയോഗത്തിൽ വന്നു." (പേജ് 160)

സ്വാമി വിവേകാനന്ദൻ, 'ഹപ്തഹിന്ദു'ഭാഗമൊഴികെ, ഈ 'ചരിത്രസത്യ'വും നിരുക്തിയും പറഞ്ഞിട്ടുണ്ടല്ലോ.

“*ബൃഹസ്പതിആഗമ*പ്രകാരം ഹിമാലയത്തിലെ ‘ഹി’യും ഇന്ദുസരോവരപദത്തിലെ (ദക്ഷിണസമുദ്രം) ‘ന്ദു’വും ചേർന്നാണ് ‘ഹിന്ദു’ എന്ന പദമുണ്ടായത്. ഇത് നമ്മുടെ മാതൃഭൂമിയുടെ വൻ വിസ്താരത്തെയും കുറിക്കുന്നു. *ബൃഹസ്പതിആഗമം* പറയുന്നു:

ഹിമാലയം സമാരഭ്യ യാവദിന്ദുസരോവരം

തം ദേവനിർമിതം ദേശം ഹിന്ദുസ്ഥാനം പ്രചക്ഷ്യതേ

(ദേവന്മാരാൽ സഷ്ടിക്കപ്പെട്ടതും ഹിമാലയംതൊട്ട് ഇന്ദുസരോവരം – ദക്ഷിണസമുദ്രം – വരെ വ്യാപിച്ചുകിടക്കുന്നതുമായ ദേശത്തെയാണ് ഹിന്ദുസ്ഥാനം എന്നു പറയുന്നത്.)

ഹിന്ദു എങ്ങനെ വന്നുവെന്ന് ഇപ്പോഴാണ് മനസ്സിലായത്. ഹിമാലയത്തിലെ ‘ഹി’യും ഇന്ദുസരോവരത്തിലെ ‘ന്ദു’വും ചേർന്നാണ് ഹിന്ദുവായതെന്നും ദേവന്മാരുണ്ടാക്കിയതാണ് ഈ രാജ്യമെന്നും വിവേകാനന്ദൻ പറഞ്ഞിട്ടില്ല. വിഡ്ഢിത്തം എഴുന്നള്ളിക്കുന്ന പതിവ് സ്വാമിജിക്കില്ലല്ലോ. ദൈവഹിന്ദുസ്ഥാനമെന്നോ ദേവീഹിന്ദുസ്ഥാനമെന്നോ ആയാൽ നമ്മുടെ മഹത്വം ഒന്നുകൂടി വർധിക്കും! ഈ *ബൃഹസ്പതിആഗമം* പ്രാചീനമായ ആഗമങ്ങളുടെ കൂട്ടത്തിൽ പറഞ്ഞുകേട്ടിട്ടില്ല. ചുരുങ്ങിയത് പത്താം നൂറ്റാണ്ടിനുശേഷമായിരിക്കണം അതിന്റെ കാലം.

“നമ്മുടെ ചരിത്രത്തിലെ കഴിഞ്ഞ ആയിരം വർഷക്കാലത്തെ പ്രതിസന്ധിഘട്ടത്തിൽ പ്രത്യേകിച്ചും ‘ഹിന്ദു’ എന്ന പദം നമ്മെക്കുറിച്ചു പ്രയോഗത്തിലുണ്ട്. പൃഥ്വീരാജന്റെ കാലം മുതൽ പ്രമുഖരാഷ്ട്രനിർമാതാക്കളും രാജ്യതന്ത്രജ്ഞരും കവികളും ചരിത്രകാരന്മാരും എല്ലാം നമ്മുടെ ജനതയെയും ധർമത്തെയും കുറിക്കാൻ ‘ഹിന്ദു’വെന്ന പദമുപയോഗിച്ചുപോന്നു. ഗുരു ഗോവിന്ദ്, വിദ്യാരണ്യൻ, ശിവാജി തുടങ്ങിയ സ്വാതന്ത്ര്യസമരസ്വപ്നം വീരന്മാരുടെയെല്ലാം ഹിന്ദുസ്വരാജ്യത്തിന്റെ സ്ഥാപനമായിരുന്നു. ആ മഹാന്മാരുടെയും അവരുടെ കൃത്യങ്ങളുടെയും അഭിലാഷങ്ങളുടെയും സുരഭിലസ്മരണകൾ വഹിച്ചുകൊണ്ട് നമ്മുടെ ജനതയുടെ ഐക്യവും ഉദാത്തതയും സവിശേഷതയും പ്രകാശിപ്പിക്കുന്ന നാമധേയമായിട്ടുണ്ട് ‘ഹിന്ദു’.” (പേജ് 160–61)

അത്ര പ്രാചീനമല്ല ഹിന്ദുശബ്ദമെന്ന് ഇപ്പോൾ വ്യക്തമായല്ലോ.

**ആർ. എസ്. എസ്. സംഘടനകൾ**

“വളർന്നു വികാസം പൂണ്ട സമാജം അതിന്റെ പല തരം കൃത്യങ്ങൾ ശരിയാംവിധം നിറവേറ്റുന്നതിനായി വിവിധതരം പ്രവർത്തകസമൂഹങ്ങളെ വളർത്തിക്കൊണ്ടുവരുന്നു. ശരീരത്തിലെ അസംഖ്യം ഘടകങ്ങളുടെ പ്രവർത്തനങ്ങളെ ബുദ്ധി നിയന്ത്രിക്കുന്നതുപോലെ നമ്മുടെ പഴയ സമാജക്രമം ഓരോ സമൂഹത്തിനും പത്യേകം പ്രത്യേകം കർത്തവ്യങ്ങൾ നിശ്ചയിക്കുകയും ഓരോ വ്യക്തിയെയും സമൂഹത്തെയും അവരവരുടെ സ്വാഭാവികമായ വികാസഗതിക്കനുസൃതമായി നയിക്കുകയും ചെയ്തു. സമാജമാകുന്ന വിരാട്പുരഷനെ ഏറ്റവും മികച്ച രീതിയിൽ സേവിക്കുകയെന്ന കൃത്യനിർവഹണത്തിലൂടെ വ്യക്തിയുടെ പരമോന്നത വികാസത്തിനു സാധ്യതയുണ്ടാക്കി. വളരെയേറെ സങ്കീർണവും സുസംഘടിതവുമായ ഇത്തരം സമാജഘടനയായിരുന്നു പ്രായോഗികാദർശമായി നാം ആവിഷ്കരിച്ചതും ജീവിതത്തിൽ സാക്ഷാത്കരിക്കാൻ പരിശ്രമിച്ചതും. ഈ അവസ്ഥ ദൂരെനിന്നു വീക്ഷിക്കുമ്പോൾ അമ്പരിപ്പിക്കുന്ന വൈവിധ്യമായിത്തോന്നിയേക്കാമെങ്കിലും യഥാർഥത്തിൽ ലോകത്തിൽ ഇതുവരെയുണ്ടായിട്ടുള്ള ഏറ്റവും ഉന്നതാമായ വികാസാവസ്ഥയെയാണിതു കുറിക്കുന്നത്.” (പേജ് 163)

പേർ വ്യക്തമായി പറഞ്ഞിട്ടില്ലെങ്കിലും വിശ്വഹിന്ദുപരിഷത്ത്, ബി. ജെ. പി; ബി. ഡി. ജെ. എസ്; സേവാഭാരതി, സഹകരണസെൽ, വജ്രംഗ് ദൾ, പശുസംരക്ഷണസേന, സനാതനസംസ്ഥ മുതലായി ഹിന്ദുസമാജവിരാട്പുരുഷനെ വിഭാവനം ചെയ്യുക മാത്രമല്ല, രൂപപ്പെടുത്തുക കൂടിചെയ്ത് ഇവയുടെയൊക്കെ നിയന്ത്രണം നാഗ്പൂരിലെ ആർ. എസ്. എസ്. സർവാധിപതിയെ ഏല്പിക്കാൻ കഴിഞ്ഞത് അമ്പരപ്പിക്കുന്ന കാര്യംതന്നെയാണ്! യോഗിയുടെ ഹിമവാഹിനി മുതലായി എന്തും ചെയ്യാൻ മടിക്കാത്ത ഭൂതഗണങ്ങൾ എണ്ണിയാലൊടുങ്ങാത്തത്ര വേറെയുമുണ്ട്. ചേരിപ്പോരും തമ്മിലടിയും കത്തിക്കുത്തും കൊലയും കവർച്ചയും ബലാൽസംഗവും ഗീബൽസിയൻ തന്ത്രങ്ങൾ മെനഞ്ഞ് സകലതിനെയും ചാനൽച്ചർച്ചകളിൽ ന്യായീകരിക്കാൻ കുറേ വക്കീലന്മാരെയും നിയന്ത്രിച്ചകൊണ്ടുപോവണമെങ്കിൽ ചില്ലറയൊന്നുമല്ല പാട്! ലോകത്തിലെ അത്യുന്നത വികാസാവസ്ഥതന്നെ ഇത്!

“നമ്മുടെ ധർമത്തിന്റെ കർക്കശമല്ലാത്ത ചട്ടക്കൂട്ടിൽ ശൈവന്മാർ, വൈഷ്ണവന്മാർ, ശാക്തന്മാർ, വൈദികന്മാർ, ബൗദ്ധന്മാർ, ജൈനന്മാർ, സിഖുകാർ, ലിംഗായതന്മാർ, ആര്യസമാജക്കാർ എന്നിപ്രകാരം മതവിശ്വാസങ്ങളുടെയും ഉപവിശ്വാസങ്ങളുടെയും അമ്പരപ്പിക്കുന്ന വൈവിധ്യമാണ് പുറമെനിന്നുള്ള ഒരാളുടെ ദൃഷ്ടിയിൽ ആദ്യം പെടുന്ന സവിശേഷത. ഈ ഉപാസനാരീതികളുടെയെല്ലാം ആചാര്യന്മാരും പ്രണേതാക്കളും അവ ആളുകളുടെ പല പടിയിലുള്ള മനോനിലവാരത്തിനനുസരിച്ച് സ്ഥാപിച്ചതാണെങ്കിലും അന്തിമമായ അപഗ്രഥനമനുസരിച്ച് നോക്കുമ്പോൾ ബ്രഹ്മം, ആത്മാവ്, ശിവൻ, വിഷ്ണു, ഈശ്വരൻ എന്നൊക്കെ മാത്രമല്ല ശൂന്യം, മഹാശൂന്യം എന്നീ പേരുകളെല്ലാംകൊണ്ടു വിളിക്കുന്ന അന്തിമസത്യത്തിന്റെ സാക്ഷാത്കാരമാണ് ലക്ഷ്യ

മാക്കിയിരുന്നത്.” (പേജ് 164–65)

ആർ. എസ്. എസ്സിന്റെ ചട്ടക്കൂട്ടിന്നുള്ളിലാണ് ഇത്ര വിപുലമായ വിവിധവിശ്വാസോപവിശ്വാസശാഖകളുള്ളതെന്ന് ഒരുവിധമുള്ള ആൾക്കാരൊന്നും അറിഞ്ഞിട്ടുണ്ടാവില്ല. ഇതിൽ വിട്ടുപോയവരുടെ പേരും ശ്രദ്ധേയമല്ലെന്നു പറഞ്ഞ് തള്ളിക്കൂടാ. ഡോ. അംബേദ്കർ, മുസ്ലീങ്ങൾ, ക്രിസ്ത്യാനികൾ, ദളിതർ, പെരിയോർ രാമസ്വാമി നായ്ക്കർ, ശ്രീനാരായണഗുരു, ചട്ടമ്പിസ്വാമികൾ, ബ്രഹ്മാനന്ദസ്വാമി ശിവയോഗി, വാഗ്ഭടാനന്ദഗുരുദേവൻ, അയ്യങ്കാളി, വൈകുണ്ഠസ്വാമി, പൊയ്കയിൽ യോഹന്നാൻ, വെമൂല, മേവാനി, കനയ്യകുമാർ... ഇവരൊന്നും ആറെസ്സെസ്സിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ക്രൂരമായ തീവെട്ടിക്കൊള്ളകളെയും മറ്റു കുറ്റകൃത്യങ്ങളെയും അംഗീകരിക്കുന്ന ആശയങ്ങളുടെ പതാകാവാഹകരല്ല എന്നുകൂടി ഗോൾവൾക്കറിസത്തിന്റെ അനുയായികൾ ഓർക്കുക.



എങ്ങനെ സമഞ്ജസമായി സമ്മേളിപ്പിക്കുന്നുവെന്നു നോക്കുക:

യം ശൈവാഃ സമുപാസതേ ശിവ ഇതി ബ്രഹ്മേതി വേദാന്തിനോ

ബൗദ്ധാ ബുദ്ധ ഇതി പ്രമാണപടവഃ കർത്തേതി നൈയായികാഃ

അർഹന്നിത്യുത ജൈനശാസനരതാഃ കർമേതി മീമാംസകാഃ

സോയം വോ വിദധാതു വാഞ്ഛിതഫലം ത്രൈലോക്യനാഥോ ഹരിഃ

(രാമഭക്തഹനുമാൻ, *ഹനുമന്നാടകം,* 1. 3. ശൈവന്മാർ ശിവനായും വേദാന്തികൾ ബ്രഹ്മമായും ബൗദ്ധന്മാർ ബുദ്ധനായും നൈയായികന്മാർ കർത്താവായും ജൈനന്മാർ അർഹനായും മീമാംസകന്മാർ കർമമായും ആരാധിക്കുന്ന ത്രൈലോക്യനാഥനായ ഹരി നമ്മുടെ ആഗ്രഹങ്ങൾ നിറവേറ്റട്ടെ)” (പേജ് 165)

ഇതാണ് ആറെസ്സെസ്സിന്റെ വഞ്ചനയ്ക്കും കാപട്യത്തിനും ആശയവക്രീകരണത്തിനുമുള്ള ഏറ്റവും നല്ല ഉദാഹരണം. സംസ്കൃതസാഹിത്യത്തിലെ സുപ്രസിദ്ധമായ ഒരു ഈശ്വരപ്രാർഥനയെന്നല്ലാതെ, ഈ ശ്ലോകത്തിൽ ഹിന്ദുത്വത്തെക്കുറിച്ചോ ആർ. എസ്. എസ്സിനെക്കുറിച്ചോ സംഘപരിവാരത്തിൽപെടുന്ന ഏതെങ്കിലുമൊരു സംഘടനയെക്കുറിച്ചോ ഒരക്ഷരമെങ്കിലുമുണ്ടോ?

“ആ (സെമിറ്റിക്ക്മതങ്ങളുടെ) സിദ്ധാന്തങ്ങളനുസരിച്ച് ഒരൊറ്റ പ്രവാചകനും ഒരൊറ്റ ഗ്രന്ഥവും ഒരൊറ്റ ദൈവവുമൊഴികെ മറ്റുള്ളതൊന്നും മനുഷ്യാത്മാവിനെ മോക്ഷപ്രാപ്തിയിലേക്കു നയിക്കുകയില്ല. അത്തരം സിദ്ധാന്തത്തിന്റെ ഭോഷത്തം മനസ്സിലാക്കാൻ വലിയ ബുദ്ധിയൊന്നും ആവശ്യമില്ല. സെമിറ്റിക്ക് മതസിദ്ധാന്തം ‘പല“ആ (സെമിറ്റിക്ക്മതങ്ങളുടെ) സിദ്ധാന്തങ്ങളനുസരിച്ച് ഒരൊറ്റ പ്രവാചകനും ഒരൊറ്റ ഗ്രന്ഥവും ഒരൊറ്റ ദൈവവുമൊഴികെ മറ്റുള്ളതൊന്നും മനുഷ്യാത്മാവിനെ മോക്ഷപ്രാപ്തിയിലേക്കു നയിക്കുകയില്ല. അത്തരം സിദ്ധാന്തത്തിന്റെ ഭോഷത്തം മനസ്സിലാക്കാൻ വലിയ ബുദ്ധിയൊന്നും ആവശ്യമില്ല. സെമിറ്റിക്ക് മതസിദ്ധാന്തം ‘പല തരത്തിലുള്ള ഉപാസനാസമ്പ്രദായങ്ങളുടെയും ദാർശനികവശങ്ങളുടെയും രൂപവത്കരണം മറ്റൊരു വിധത്തിലും ഉപകാരപ്രദമായിത്തീർന്നു. നമ്മുടെ ജനതയുടെ അവിഭാജ്യത നിലനിർത്താനും കാത്തുരക്ഷിക്കാനും അവ സഹായിച്ചു. ഉദാഹരണമായി ശിഖസമ്പ്രദായം പഞ്ചാബിൽ ഇസ്ലാമിന്റെ വ്യാപനത്തെ തടുത്തുനിർത്താൻ രൂപമെടുത്തു. പിന്നീട് കാലത്തിന്റെ ആവശ്യമംഗീകരിച്ചുകൊണ്ട് സിഖുകാരുടെ പത്താമത്തെ ഗുരു ഗോവിന്ദസിംഹൻ ശിഷ്യന്മാരെ ആയുധം ധരിപ്പിച്ച് ദേശീയവീരപുരുഷന്മാരുടെ സംഘമാക്കിത്തീർത്തു. പശ്ചിമതീരത്തെ ദയാപരനായ കർത്താവിന്റെ പേരിൽ നമ്മുടെ ആളുകളെ പ്രലോഭിപ്പിച്ച് തങ്ങളുടെ വിശ്വാസത്തിലേക്കു പരിവർത്തനം ചെയ്യാൻ ക്രൈസ്തവമിഷണറിമാർ പരിശ്രമിച്ചുതുടങ്ങിയപ്പോൾ വൈദേശികവിഷത്തെ നിർവീര്യമാക്കാൻ മതത്തിന്റെ ഭക്തിഭാവവുമായി ശ്രീമധ്വാചാര്യർ ഉയർന്നുവന്നു.” (പേജ് 167)

ഇസ്ലാമിന്റെ വ്യാപനത്തെ തടയാനാണ് സിക്കുമതം ഉടലെടുത്തതെന്നതുകൊണ്ടാണ്, അല്ലാതെ ആ മതത്തിന് ഹൈന്ദവാശയസംഹിതകളുമായി എന്തെങ്കിലും സാദൃശ്യമോ ബന്ധമോ ഉണ്ടായിട്ടല്ലെന്ന് ആർ. എസ്. എസ്. നേതാവുതന്നെ ഇവിടെ സമ്മതിച്ചുവല്ലോ. ഇതുപോലെ, *പശ്ചിമതീരത്തെ ദയാപരനായ കർത്താവിന്റെ പേരിൽ നമ്മുടെ ആളുകളെ പ്രലോഭിപ്പിച്ച് തങ്ങളുടെ വിശ്വാസത്തിലേക്കു പരിവർത്തനം ചെയ്യാൻ ക്രൈസ്തവമിഷണറിമാർ പരിശ്രമിച്ചുതുടങ്ങിയപ്പോൾ വൈദേശികവിഷത്തെ നിർവീര്യമാക്കാൻ മതത്തിന്റെ ഭക്തിഭാവവുമായി ശ്രീമധ്വാചാര്യർ ഉയർന്നുവന്നു* എന്നാണ് മധ്വന്റെ വരവിനെപ്പറ്റി ഗോൾവൽക്കർ പറയുന്നത്. ‘നമ്മുടെ ആളുകൾ’ക്ക് അത്ര വിശ്വാസമുണ്ട് ഹിന്ദുമതത്തിൽ! അതിക്രൂരമായ മേൽജാതിമർദനത്തിനു വിധേയരായ പാവങ്ങളാണ് മതം മാറിയത്. അതിന് ആ മർദിതരെയാണോ ‘പ്രലോഭന’മതപരിവർത്തനു കാരണമായ ജാതീയമായ ഉച്ചനീചത്വങ്ങളാൽ കലുഷിതമായ ഹിന്ദുമതത്തെയാണോ കുറ്റം പറയേണ്ടത്? ഗോൾവൽക്കറാകട്ടെ ജാതിവ്യവസ്ഥയെ (അതിനു വഴിയൊരുക്കിയ ചാതുർവർണ്യത്തെ) ന്യായീകരിക്കുന്നവനാണുതാനും. മധ്വൻ ഭക്തിഭാവം പ്രചരിപ്പിച്ചിട്ടും മതം മാറ്റം ഇല്ലാതായില്ലല്ലോ. കബീറിന്റെയും റഹീമിന്റെയും മധ്യകാ

ലഭക്തിപ്രസ്ഥാനമല്ല, സവർണവൈഷ്ണവനായ മധ്വന്റെ ഭക്തിഭാവപ്രകടനമെന്ന വ്യത്യാസം നമുക്കു കാണാതിരിക്കാനാവില്ല.

**സെമിറ്റിക് മതങ്ങൾ**

"സെമിറ്റിക് മതങ്ങൾ സ്വാഭാവികമായും അസഹിഷ്ണുതയ്ക്കു വളമേകുകയും മതത്തിന്റെ പേരിൽ ജനങ്ങളെ വിഭജിക്കുകയും ചെയ്തു. അത്തരം മതഭ്രാന്തിൽനിന്നുളവായ കലഹങ്ങൾകൊണ്ടു മടുത്ത ചില പാശ്ചാത്യ രാജ്യങ്ങൾ മതത്തെത്തന്നെ നീക്കം ചെയ്യുകയെന്ന അതിരു കടന്ന നടപടി കൈക്കൊണ്ടു. റഷ്യയിലെ കമ്യൂണിസ്റ്റു–സോഷ്യലിസ്റ്റുതത്ത്വശാസ്ത്രങ്ങൾ ഈ വിപ്ലവത്തിന്റെ ഉദാഹരണങ്ങളാണ്." (പേജ് 168)

മതങ്ങളുടെ അസഹിഷ്ണുതയാണ് കമ്യൂണിസ്റ്റു–സോഷ്യലിസ്റ്റുവിപ്ലവങ്ങൾ പൊട്ടിപ്പുറപ്പെടുന്നതിനു കാരണമെന്ന് ഗോൾവൾക്കർതന്നെ, ഇതാ, വെട്ടിത്തുറന്നു പറയുന്നു. സെമിറ്റിക് മതങ്ങൾ സ്വാഭാവികമായും അസഹിഷ്ണുത വളർത്തുകയും മതഭ്രാന്തും മതകലഹങ്ങളുമുണ്ടാക്കുന്നു. ഇന്ത്യയിൽ ഇപ്പോൾ ഹിന്ദുത്വവും സെമിറ്റിക് മതങ്ങളെ അനുകരിക്കുകയാണ്. പശുവിന്റെ പേരിൽ കാട്ടിക്കൂട്ടുന്ന കോപ്പിരാട്ടികൾ മതഭാന്തല്ലാതെ മറ്റെന്താണ്? *ഋഗ്വേദ*ത്തിലോ മറ്റേതെങ്കിലും പ്രാചീനമതഗ്രന്ഥങ്ങളിലോ പശുഹിംസ നിഷിദ്ധമെന്നു വിധിച്ചിട്ടുണ്ടോ? ഇല്ലെന്നു മാത്രമല്ല, യജ്ഞത്തിലെ പശുഹിംസ ഹിംസയല്ലെന്നു വിധിയുണ്ടുതാനും. ഒമ്പതാം നൂറ്റാണ്ടിൽ ഹിന്ദുസാമ്രാജ്യമെന്നു വിളി കൊണ്ട വിജയനഗരസാമ്രാജ്യത്തിൽ ഹിന്ദുപുനരുജ്ജീവനത്തിനുശേഷം എത്രയെത്ര യജ്ഞങ്ങളും പശുഹിംസകളുമാണ് നടന്നത്? നവദ്വാരങ്ങളും അടച്ചുപിടിച്ച് പശുവിന്റെ (ആട്, പോത്ത്, എരുമ, ഒട്ടകം മുതലായവയുടെ) വപ(കരളിലെ പാട പോലുള്ള സാധനം)യെടുത്ത് അഗ്നിയിൽ ഹോമിക്കുകയും ആ യജ്ഞാംശം ഭൂദേവന്മാർ (ബ്രാഹ്മണർ) ഭുജിക്കുകയുമാണ് പതിവ്.

**ഭക്തിപ്രസ്ഥാനാചാര്യന്മാർ ദക്ഷിണേന്ത്യയൽനിന്ന്**

"നിസ്തുലമായ അദ്വൈതസിദ്ധാന്തം ആവിഷ്കരിച്ച ശങ്കരൻ, വിശിഷ്ടാദ്വൈതത്തിന്റെ ദീപ്തിമത്തായ ഭക്തിഭാവം പ്രചരിപ്പിച്ച രാമാനുജൻ, ആത്മാവും ഈശ്വരനുമെന്ന ദ്വൈതസിദ്ധാന്തം നൽകിയ മധ്വൻ, ഈ പ്രപഞ്ചത്തെ മുഴുവൻ സാക്ഷാൽ ഈശ്വരന്റെ പരമാനന്ദമയമായ ഒരു വശം മാത്രമായി കണ്ട വല്ലഭൻ തുടങ്ങി എല്ലാവരുംതന്നെ തെക്കാണ് ജന്മമെടുത്തത്. അതുകൊണ്ട് ദക്ഷിണഭാരതം രാജ്യത്താകമാനം തത്വജ്ഞാനപരമായ ആധിപത്യം ചെലുത്തുന്നുവെന്നു പറയാമോ? എന്തു വിഡ്ഢിത്തം? എന്റെ ശിരസ്സ് പാദങ്ങളിന്മേൽ ആധിപത്യം ചെലുത്തുകയാണോ? രണ്ടും ഒരേ ശരീരത്തിന്റെ അവയവങ്ങളല്ലേ?" (പേജ് 169)

വേദാന്തത്തിന്റെ ശാഖാഭേദങ്ങളായ അദ്വൈതവും വിശിഷ്ടാദ്വൈതവും ദ്വൈതവും ശുദ്ധാദ്വൈതവും ദക്ഷിണേന്ത്യയിലാകയാൽ ദക്ഷിണാപഥം അക്കാലത്ത് വേദന്തമേഖലയായിരുന്നുവെന്നു ഉച്ചൈസ്തരം വിളിച്ചുപറയുന്നതിന് സ്വാമി വിവേകാനന്ദന് ഒരു മടിയുമുണ്ടായിരുന്നില്ല. ഇന്ത്യയെ ഒന്നായിക്കാണാനുള്ള വിശാലഹൃദയത്തിന്റെ ഉടമയായ വിവേകാനന്ദനെവിടെ? വിശാലഹൃദയത്വം വാക്കിലും കാര്യത്തോടടുക്കുമ്പോൾ തെക്കു–വടക്കുചിന്തയും കാണിക്കുന്ന സങ്കുചിതമഹാരാഷ്ട്രക്കാരനായ ഗോൾവൾക്കറെവിടെ? സങ്കുചിതമായ തെക്കു–വടക്കുചിന്തയെ ന്യായീകരിക്കാൻ അദ്ദേഹം പ്രദർശിപ്പിക്കുന്ന ദൃഷ്ടാന്തം കണ്ടില്ലേ? *എന്റെ ശിരസ്സ് പാദങ്ങളിന്മേൽ ആധിപത്യം ചെലുത്തുകയാണോ? രണ്ടും ഒരേ ശരീരത്തിന്റെ അവയവങ്ങളല്ലേ?* ശിരസ്സും പാദങ്ങളും, രണ്ടും, ഒരേ ശരീരത്തിന്റെ അവയവങ്ങളാണെങ്കിലും ശിരസ്സിൽനിന്നു ജനിക്കുന്നതായി കല്പിക്കപ്പെടുന്ന ബ്രാഹ്മണൻ വരേണ്യനും കാലിൽനിന്നുണ്ടാവുന്നതായി കരുതപ്പെടുന്ന ശൂദ്രൻ നീചനുമാണെന്നല്ലേ ഗോൾവൾക്കർ പ്രമാണമായെടുക്കുന്ന ധർമശാസ്ത്രങ്ങൾ വിധിക്കുന്നത്?

**ഹിന്ദുക്കളിലെ വിഭാഗീയത**

"രണ്ടാമതായി നമ്മുടെ സർവഗ്രാഹിയായ ധർമത്തെ സൂചിപ്പിക്കുന്ന ഹിന്ദു എന്ന പേരിന് അപകീർത്തി സംഭവിച്ചിരിക്കുന്നു... ചില സിഖുകാരും ജൈനന്മാരും ലിംഗായതന്മാരും ആര്യസമാജക്കാരും ഇന്നു തങ്ങൾ ഹിന്ദുക്കളിൽനിന്നു വ്യത്യസ്തരാണെന്നു പ്രസ്താവിക്കുന്നു. ഭാഷയുടെ മറ പിടിച്ച് പഞ്ചാബിസുബയുടെ പേരും പറഞ്ഞ് ചില പ്രമുഖസിഖുനേതാക്കൾ പ്രത്യേകസിഖുസ്ഥാനിനുവേണ്ടി പ്രക്ഷോഭം സംഘടിപ്പിച്ചതു നാം ഓർക്കുന്നുണ്ടാകാം... വാസ്തവത്തിൽ നാളിതുവരെ അവരുടെ ജീവിതം മുഴുവനും നിറഞ്ഞുനിന്നിരുന്നത് ഇതരഹിന്ദുക്കളുടെ അതേ വിചാരങ്ങളും വികാരങ്ങളുംതന്നെയായിരുന്നു. അടുത്ത കാലംവരെ, രണ്ടു ദശകങ്ങൾക്കു മുൻപുവരെ, ഓരോ ഹിന്ദുകുടുംബത്തിൽനിന്നും പുത്രന്മാരിൽനിന്നൊരാൾ സിഖുകാരനാകുമായിരുന്നു. ആ രക്തബന്ധം തുടർന്നുകൊണ്ടേ വരുന്നു. ഹിന്ദുമതത്തിന്റെ 'വാളേന്തിയ കൈകൾ' എന്നു വിശേഷിപ്പിക്കപ്പെടുന്ന ഈ വീരന്മാരിൽ രാഷ്ട്രീയമോഹങ്ങളാണ് വിഭാഗീയതയാകുന്ന രാക്ഷസനെ ഉണർത്തിവിട്ടത്." (പേജ് 169–71)

സിഖുകാരും ജൈനന്മാരും ലിംഗായതന്മാരും ആര്യസമാജക്കാരും ജാതിവ്യവസ്ഥ അംഗീകരിക്കാത്തതുകൊണ്ട് ജാതിവ്യവസ്ഥ പ്രധാനമായ ഹിന്ദുമതത്തിൽനിന്നു വ്യത്യസ്തരാണെന്ന് പ്രസ്താവിക്കുന്നതിൽ തെറ്റൊന്നുമില്ല. പഴയ സ്ഥിതിയിൽനിന്ന് അനുഭവത്തിന്റെ അടിസ്ഥാനത്തിൽ അവർ നിലപാടിൽ മാറ്റം വരുത്തി. രാഷ്ട്രീ

യമോഹങ്ങളാണ് വിഭാഗീയരാക്ഷസനെ ഉണർത്തിവിട്ടതെന്ന നിഗമനത്തിലെത്തുന്നതിനുമുൻപ് ജാതി വ്യവസ്ഥയ്ക്കെതിരെ ശക്തമായ നിലപാടെടുക്കാനും ജാതി സമൂഹത്തിന്റെ കെട്ടുറപ്പിന് അത്യവശ്യമാണെന്ന ഗോൾവൾക്കറുടെ നിലപാടാണ് ഈ വിഭാഗീയതയ്ക്കെല്ലാം കാരണമെന്ന് ആർ. എസ്. എസ്. തിരിച്ചറിയുകയും വേണം.

### സിഖു–ജൈന–ബൗദ്ധമതങ്ങൾ

"സിഖു–ജൈന–ബൗദ്ധവിഭാഗങ്ങൾ ഹിന്ദു എന്ന പദത്തിൽ ഉൾപ്പെടുന്നുവെന്നു നമ്മുടെ ഭരണഘടനയിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്... ഇതുപോലെത്തന്നെ 'ഹരിജൻ സേവകസംഘ'ത്തിന്റെ ഒരു ലഘുലേഖയിൽ 'ഹിന്ദുക്കളും ഹരിജനങ്ങളും' എന്ന വാക്കുകൾ ധാരാളമായി ഉപയോഗിച്ചിരിക്കുന്നു." (പേജ് 171)

ഒന്നും ആർ. എസ്. എസ്സും അതിന്റെ നേതാവായ ഗോൾവൾക്കറും വിചാരിച്ച വഴിക്കല്ല നീങ്ങുന്നത്. സ്വകാര്യത മൗലികാവകാശമാണെന്ന സുപ്രീംകോടതിയുടെ ഭരണഘടനാബെഞ്ചിന്റെ വ്യാഖ്യാനം വന്നതോടെ സിക്കു–ജൈന–ബൗദ്ധമതങ്ങൾ അതതനുയായികൾ അവകാശപ്പെടുന്നതുപോലെ വേറെ വേറെയായിത്തന്നെ കണക്കാക്കേണ്ടിവരുന്നു. ഹരിജനങ്ങൾ (ദളിതർ) തങ്ങളുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ, തങ്ങൾ ഹിന്ദുക്കളല്ലെന്നു പറഞ്ഞാൽ അതംഗീകരിക്കുകയേ നിവൃത്തിയുള്ളൂ. ഗോമാതാക്കളെ പൂജിക്കുകയാണ് വേണ്ടതെന്നു സവർണഹിന്ദുക്കൾ വിധിക്കുമ്പോൾ അവ തങ്ങളുടെ ഭക്ഷണവും തൊഴിലുപാധിയുമാണെന്നു ദളിതർ സ്വാനുഭവങ്ങളിലൂടെ കാണിച്ചുതരുമ്പോൾ, അതിനെ 'ഹിന്ദുസമാജ'ത്തിന്റെ പേർ പറഞ്ഞ് എത്രകാലം ഗോൾവൾക്കർക്കും അനുയായികൾക്കും അവരെ കബളിപ്പിക്കാനാവും?

### ഹിന്ദുവിരുദ്ധപ്രവർത്തനങ്ങൾ

"അഹിന്ദുക്കളും ഹിന്ദുവിരുദ്ധരുമായ സമുദായങ്ങൾക്കു പ്രത്യേകദേശീയപദവി അംഗീകരിച്ചുകൊടുക്കുന്നതുവരെ നേതാക്കൾ പോകുന്നതു കാണുമ്പോൾ അവരുടെ വേറിടൽമനോഭാവവും ഹിന്ദുവിരുദ്ധമനോഭാവവും കൂടുതൽ ഉദ്ദീപ്തമാകുന്നു. അഹിന്ദുക്കളാണെന്ന കാരണത്താൽ മുസ്ലീങ്ങൾക്കു സ്വന്തം രാജ്യം കിട്ടിയത് അവർ കാണുന്നു. ക്രൈസ്തവർക്കും തങ്ങളുടെ സ്വതന്ത്ര'നാഗാലാന്റ്' ലഭിക്കുമെന്നായിരിക്കുന്നു. ആഗസ്റ്റ് 15–ന് യൂണിയൻ ജാക്ക് (ഇംഗ്ലീഷ് കൊടി) പറപ്പിക്കുകയും ക്രിസ്തുമതപ്രചരണം നിർബാധം തുടരുകയും ചെയ്യുന്ന ക്രൈസ്തവസ്ഥാപനങ്ങൾക്ക് സർക്കാരിന്റെ സഹായധനം നഷ്ടപ്പെടുമെന്ന ഭയമേയില്ല. നേരെമറിച്ച് ഹിന്ദുവിദ്യാഭ്യാസസ്ഥാപനം പ്രാർഥനയും ഗീതാപാരായണവും തുടങ്ങുന്നപക്ഷം സഹായധനം നിർത്തലാക്കുമെന്ന ഭീഷണിയുമായി സർക്കാരിന്റെ കനത്ത കൈ അതിന്മേൽ പതിക്കുന്നു." (പേജ് 173)

ഗോൾവൾക്കറുടെ ഇത്തരം വർഗീയപ്രചരണങ്ങൾ കൊണ്ടൊന്നും ആർ. എസ്. എസ്സുകാർക്കു ലഹളകളുണ്ടാക്കാനുള്ള ഓരോ വഴി പറഞ്ഞുകൊടുക്കുക എന്നല്ലാതെ മറ്റു പ്രയോജനമൊന്നുമില്ല. ക്രൈസ്തവരെപ്പറ്റി മിഥ്യാപവാദങ്ങൾ പറഞ്ഞ് സ്വയം പരിഹാസ്യരാവാതിരിക്കാൻ ശ്രദ്ധിച്ചാൽ നന്ന്. ക്രൈസ്തവർ ഇതിൽ പ്രകോപിതരായി 'ഹിന്ദുവിരുദ്ധ'രായി പെരുമാറാനൊന്നും പോകുന്നില്ല. നാഗാലാന്റിൽ പ്രശ്നമുണ്ടാക്കേണ്ടത് ആർ. എസ്. എസ്സിന്റെ ആവശ്യമാണെന്നു തോന്നും കൂടക്കൂടെയുള്ള ഈ നാഗാലാന്റ്പരാമർശം കാണുമ്പോൾ. എൻ. എസ്. എസ്സും എസ്. എൻ. ഡി. പി. യുമൊക്കെ വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങുന്നതിനെ ആരാണെതിർക്കുന്നത്? വിദ്യാഭ്യാസത്തെ കച്ചവടവൽക്കരിക്കുന്നതിനെയല്ലേ എതിർക്കുന്നത്? *ഗീതാ*പാരായണത്തെയല്ല, *ഗീത*യെ വർഗീയവൽക്കരിക്കുന്നതിനെയാണ് മതനിരപേക്ഷവാദികൾ വിമർശിക്കുന്നത്. ഗോൾവൾക്കർ എല്ലാം ഹിന്ദുത്വത്തിന്റെ കണ്ണിലൂടെമാത്രം കാണുകയാണ്.

### വർണവ്യവസ്ഥ

"നമ്മുടെ സമാജത്തിന്റെ മറ്റൊരു സവിശേഷമേന്മ വർണവ്യവസ്ഥയാണ്. എന്നാലിന്നതിനെ ജാതീയത എന്നു പുച്ഛിച്ചുതള്ളുകയാണ്. വർണവ്യവസ്ഥയെന്നു പരാമർശിക്കുന്നതുതന്നെ അപഹസിക്കേണ്ട ഒന്നാണെന്നു നമ്മുടെ ആളുകൾക്കു തോന്നിത്തുടങ്ങിയിട്ടുണ്ട്. അതിലടങ്ങിയിട്ടുള്ള സമൂഹവ്യവസ്ഥയെ സാമൂഹ്യവിവേചനമായി അവർ പലപ്പോഴും തെറ്റിദ്ധരിക്കുന്നു... ഓരോരുത്തനും അവനവന്റെ കഴിവനുസരിച്ച് അവനവന്റെ മാർഗത്തിൽകൂടി ആരാധിക്കേണ്ടതായ സർവശക്തന്റെ ചതുർവിധപ്രാദുർഭാവമായിട്ടാണ് സമാജത്തെ കരുതുന്നത്. വിദ്യാദാനം ചെയ്തു ബ്രാഹ്മണൻ മഹാനായിത്തീർന്നെങ്കിൽ ശത്രുവിനെ സംഹരിച്ചതു നിമിത്തം ക്ഷത്രിയനും തുല്യമഹത്ത്വം കല്പിക്കപ്പെട്ടിരുന്നു. കൃഷിയിലൂടെയും വാണിജ്യത്തിലൂടെയും സമാജത്തെ നിലനിർത്തുകയും പോഷിപ്പിക്കുകയും ചെയ്ത വൈശ്യനും കൈത്തൊഴിലിലൂടെയും കരകൗശലത്തിലൂടെയും സമാജത്തെ സേവിച്ച ശൂദ്രനും ഒട്ടും അപ്രധാനനായിരുന്നില്ല. ഒരുമിച്ച് പരസ്പരാശ്രയത്വത്തിലൂടെ ഏകാത്മമനോഭാവത്തോടെ അവർ സമാജവ്യവസ്ഥ രചിച്ചു." (പേജ് 174)

ഹിന്ദുസമാജത്തിന്റെ സവിശേഷമേന്മയായ വർണവ്യവസ്ഥയെ ജാതീയതയായി പലരും വിശേഷിപ്പിക്കുകയും പുച്ഛിച്ചുതള്ളുകയും ചെയ്യുന്നുണ്ടെന്നാണ് ഗോൾവൾക്കറുടെ ആക്ഷേപം! ഈ പലരിൽ മുൻപൻ വിശ്വഗുരുവായി അംഗീകരിക്കപ്പെടേണ്ടുന്ന ശ്രീനാരായണഗുരുവാണ്. വർണവ്യവസ്ഥയെന്നു പറഞ്ഞ് ജാതിവ്യവസ്ഥയെ അംഗീകരിച്ചതിനാൽ ഭഗവാനെപ്പോലും ഗുരു കുറ്റപ്പെടുത്തുന്നുണ്ട്. *ഗീത*യെ, മതഗ്രന്ഥമെന്നതു

പോകട്ടെ, മഹത്തായ ഒരു ഗ്രന്ഥമെന്നുപോലും ഗുരു കണക്കാക്കുന്നില്ല. 'ഭഗവാൻ' പോലും *ഗീത*യിൽ "ചാതുർവർണ്യം മയാ സൃഷ്ട"മെന്നേ അരുളിച്ചെയ്തിട്ടുള്ളൂ. ഇവിടെ ഈശ്വരൻ തന്നെയാണ് നാലു വർണങ്ങളായി അവതരിച്ചതെന്നാണ് ആർ. എസ്.എസ്. നേതാവിന്റെ 'കണ്ടെത്തൽ'. *വിദ്യാദാനം ചെയ്തു ബ്രാഹ്മണൻ മഹാനായിത്തീർന്നെങ്കിൽ ശത്രുവിനെ സംഹരിച്ചതു നിമിത്തം ക്ഷത്രിയനും തുല്യമഹത്ത്വം കല്പിക്കപ്പെട്ടിരുന്നു. കൃഷിയിലൂടെയും വാണിജ്യത്തിലൂടെയും സമാജത്തെ നിലനിർത്തുകയും പോഷിപ്പിക്കുകയും ചെയ്ത വൈശ്യനും കൈത്തൊഴിലിലൂടെയും കരകൗശലത്തിലൂടെയും സമാജത്തെ സേവിച്ച ശൂദ്രനും ഒട്ടും അപ്രധാനനായിരുന്നില്ല. ഒരുമിച്ച് പരസ്പരാശ്രയത്വത്തിലൂടെ ഏകാത്മമനോഭാവത്തോടെ അവർ സമാജവ്യവസ്ഥ രചിച്ചു.* ഹിന്ദുത്വം എത്ര പ്രധാനമായാണ് ജാതിവ്യസ്ഥയെ കാണുന്നതെന്ന് ഇതിലധികം എങ്ങനെ വ്യക്തമാക്കാൻ കഴിയും?

**ജാതിയുടെ മഹത്വം**

മാത്രമല്ല, ജാതിയുടെ മഹത്വം പ്രകീർത്തിക്കുകയും ജാതിയില്ലെങ്കിൽ നമുക്കെന്തു സംഭവിക്കുമായിരുന്നുവെന്നും ഗോൾവൽക്കർ ചൂണ്ടിക്കാണിക്കുന്നു: "ജാതികൾ പ്രാചീനകാലത്തുണ്ടായിരുന്നു. ആയിരക്കണക്കിനു വർഷത്തെ സമുജ്ജ്വലരാഷ്ട്രജീവിതത്തിൽ തുടരുകയും ചെയ്തു. സമാജത്തിന്റെ പുരോഗതിയെ അതു തടസ്സപ്പെടുത്തിയതിനോ ഐക്യത്തെ ശിഥിലമാക്കിയതിനോ ഒരൊറ്റ ഉദാഹരണവവും കാണില്ല. മറിച്ച് സമാജത്തിന്റെ കെട്ടുറപ്പിന് ഉറച്ച കണ്ണിയായി വാസ്തവത്തിൽ സഹായിക്കുകയാണ് ചെയ്തത്." (പേജ് 174–75)

ജാതിവ്യവസ്ഥ ഹിന്ദുസമൂഹത്തിന്റെ കെട്ടുറപ്പിന് ഉറച്ച കണ്ണിയായി സഹായിച്ചു എന്നാണ് ഗോൾവൽക്കർ വിലയിരുത്തുന്നത്.

ജാതിവ്യവസ്ഥയില്ലാത്ത ലോകത്തിലെ വലിയൊരു വിഭാഗം ജനങ്ങൾ മുസ്ലീമാക്രമണത്തിനു വിധേയമായി; പലതും നാമാവശേഷമായി. ഗോൾവൽക്കർ വിവരിക്കുന്നു: "നമ്മുടെ ദൗർബല്യത്തിന്റെ മൂലകാരണം ജാതിവ്യവസ്ഥയായിരുന്നുവെങ്കിൽ ജാതികളില്ലാതിരുന്ന ജനതകളേക്കാൾ എത്രയോ എളുപ്പത്തിൽ നാം വിദേശീയാക്രമണത്തിനു വിധേയമായിത്തീരുമായിരുന്നു. പക്ഷേ, ചരിത്രം എന്തു പറയുന്നു? മുഹമ്മദുനബിയുടെ മരണാനന്തരം അദ്ദേഹത്തിന്റെ അനുയായികൾ അറബ്സ്ഥാനിൽനിന്നു, രക്തത്തിൽ മുക്കിയ വാളുമേന്തി തിരമാലകളെപ്പോലെ പുറമേക്കു പ്രവഹിക്കുകയും തങ്ങളുടെ മാർഗത്തിലെ ഇറാൻ, ഈജിപ്ത്, റോം, യൂറോപ്പ് തുടങ്ങിയ വിവിധസാമ്രാജ്യങ്ങൾ ചവിട്ടിമെതിച്ച് ചീന വരെ എത്തി ഭൂമുഖത്തിലെ വലിയൊരു ഭാഗം കൈയടക്കുകയും ചെയ്തു. ആ രാജ്യങ്ങളിലെ ജനങ്ങളുടെയിടയിലൊന്നും ജാതികളും ഉപജാതികളും ഉണ്ടായിരുന്നില്ല. എന്നാൽ ആ പ്രബലസാമ്രാജ്യങ്ങളുടെയെല്ലാം പ്രൗഢിയും സ്വത്തും മാഹാത്മ്യവുമൊക്കെ മുസ്ലീം മുന്നേറ്റത്തിനു മുന്നിൽ തുടച്ചുനീക്കപ്പെട്ടു. അവയിൽ പലതും പിന്നീടു ലോകരംഗത്തു പ്രത്യക്ഷപ്പെട്ടതേയില്ല." (പേജ് 175–76)

ഈ രാജ്യങ്ങൾക്കൊക്കെ സംഭവിച്ച ഈ ദൗർഭാഗ്യത്തിനു കാരണം അവിടെയൊന്നും ജാതിയില്ലാത്തതാണെന്ന് രേഖപ്പെടുത്തിയ ചരിത്രമേതെന്നുകൂടി ഗോൾവൽക്കർ പറഞ്ഞാൽ ഉപകാരം. മാത്രമല്ല, ജാതിവ്യവസ്ഥ വീണ്ടും കൊണ്ടുവരാൻ ആർ. എസ്. എസ്. നിയന്ത്രിക്കുന്ന മോദിസർക്കാർ ഉടനെ നിയമം കൊണ്ടുവരുമെന്നു കരുതാം! നിയമം കൊണ്ടുവരാതെതന്നെ അത് നടപ്പിലാക്കാനുള്ള പരിപാടികളാണല്ലോ അദ്ദേഹം ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നത്!

"അതേ മതഭ്രാന്തിന്റെ വിറളിയെടുത്ത അലകളുടെ വേലിയേറ്റമാണ് ഹിന്ദുസ്ഥാനത്തിന്റെ തീരങ്ങളിലും വന്നടിച്ചത്. എന്നാൽ നാമിവിടെ കാണുന്ന ചിത്രം വളരെ വ്യത്യസ്തമാണ്. നമ്മുടെ ജനങ്ങൾ ഈ ആക്രമണങ്ങളുടെ വേലിയേറ്റത്തെ ആയിരത്തിൽ പരം വർഷങ്ങളോളം കഠോരമായി ചെറുത്തുനിൽക്കുകയും ഒടുവിൽ വലിച്ചുവിഴുങ്ങപ്പെടുന്നതിനു പകരം ശത്രുശക്തികളെ പൂർണമായും അടിച്ചമർത്തുന്നതിൽ വിജയിക്കുകയുമാണുണ്ടായത്. ദൽഹിയിലെ ഇസ്ലാമികശക്തിയുടെ സിംഹാസനം നമ്മുടെ ജനതയുടെ വിജയഭാവത്തിന്റെ പ്രതീകപ്രഖ്യാപനമെന്നോണം തച്ചുതകർക്കപ്പെട്ടു. അന്തിമവിജയം വരെ അതിജീവിക്കുന്നതിനായി ഘോരമായ പോരാട്ടം നടത്തിയ ഈ നീണ്ട നൂറ്റാണ്ടുകളിൽ ജാതികൾ നിലവിലുണ്ടായിരുന്നുവെന്നോർക്കണം." (പേജ് 176)

മേൽപ്പറഞ്ഞ ലോകരാജ്യങ്ങളോടെടുത്ത മുസ്ലീങ്ങളുടെ അടവുകളൊന്നും ഹിന്ദുജനതയുടെ അടുക്കൽ ചെലവായില്ല. നമ്മൾ ശത്രുക്കളെ പാടേ അടിച്ചുതകർത്തുതരിപ്പണമാക്കി. ഈ ചെറുത്തുനില്പിന് ആയിരത്തിൽപരം വർഷങ്ങളെടുത്തുവെന്നു മാത്രം. ഇത്രയും വിവരിച്ചത് ഹിന്ദു ഈ നീണ്ട പോരാട്ടം നടത്തി എന്നു കാണിക്കാൻവേണ്ടിയല്ല. ഈ ആയിരം കൊല്ലവും ഹിന്ദുമതത്തിൽ ജാതിയുണ്ടായിരുന്നു എന്ന വൈശിഷ്ട്യം വെളിപ്പെടുത്താനാണ്. അതിശയോക്തിനിർഭരമായ ഈ 'ചരിത്ര'വിവരണം ഗോൾവൽക്കർക്കേ സാധിക്കൂ!

"ബുദ്ധമതത്തിന്റെ സ്വാധീനശക്തി നമ്മുടെ വർണവ്യവസ്ഥയെ ശിഥിലമാക്കിത്തീർത്തിരുന്ന വടക്കുപടിഞ്ഞാറും വടക്കുകിഴക്കും ഭാഗങ്ങൾ മുസ്ലീങ്ങളുടെ കുതിച്ചുകയറ്റത്തിന് എളുപ്പത്തിൽ ഇരയായിത്തീർന്നുവെന്ന ചരിത്രവസ്തുത നമുക്കറിയാം. ഇന്നു കാൻഡഹാർ എന്നു വിളിക്കപ്പെടുന്ന ഗാന്ധാരം പൂർണമായും ഇസ്ലാമീകൃതമായി. കിഴക്കൻ ബംഗാളിലും നിരവധി മതപരിവർത്തനങ്ങൾ നടന്നു. എന്നാൽ ജാതിനിയന്ത്രണങ്ങളെ

സംബന്ധിച്ചിടത്തോളം കർക്കശത്വവും യാഥാസ്ഥിതികത്വവും പുലർത്തിയെന്നു കരുതുന്ന ദൽഹിയിലെയും ഉത്തർപ്രദേശിലെയും പ്രദേശങ്ങൾ, വളരെ നൂറ്റാണ്ടുകളായി മുസ്ലീം അധികാരത്തിന്റെയും മതഭ്രാന്തിന്റെയും ശക്തിദുർഗമായിരുന്നിട്ടും പ്രധാനമായും ഹിന്ദുക്കളുടേതായിത്തന്നെ നിലനിന്നു. ഏറ്റവുമൊടുവിൽ ശിവാജിയുടെ കാലത്തുപോലും താണജാതിക്കാരെന്നു വിളിക്കപ്പെടുന്നവർ എന്നാൽ ജാതിനിയന്ത്രണങ്ങളെ സംബന്ധിച്ചിടത്തോളം സ്വരാജ്യത്തിന്റെ ഉയിർത്തെഴുന്നേൽപ്പിന് ഐതിഹാസികമായ പങ്കു വഹിച്ചതായി നമുക്കറിയാം." (പേജ് 176)

ബുദ്ധമതം ജാതിവ്യവസ്ഥയെ ശിഥിലമാക്കിത്തീർത്തത് വലിയ അബദ്ധമായിപ്പോയി! അത്തരം സ്ഥലങ്ങളിലൊക്കെ മുസ്ലീങ്ങൾ കുതിച്ചുകയറിയല്ലോ! ബൗദ്ധരും മുസ്ലീങ്ങളും തമ്മിൽ ഒത്തുകളിച്ചിട്ടുണ്ടാവും; സംശയമില്ല. ജാതിവ്യവസ്ഥ കർക്കശമായിരുന്ന ദില്ലിയിലും ഉത്തർപ്രദേശിലും മുസ്ലീം ഭരണമുണ്ടായിട്ടും ഹിന്ദുക്കൾക്ക് കോട്ടമൊന്നും തട്ടിയില്ല. ശിവജിയുടെ കാലത്ത് ശിവജിയുടെ വീരപരാക്രമം കൊണ്ടൊന്നുമല്ല, അവിടത്തെ താണ ജാതിക്കാരുടെ ഐതിഹാസികമായ പങ്കുകൊണ്ടാണ് വിജയം കൈവരിച്ചത്. ജാതിവ്യവസ്ഥയുടെ കേമത്തം ശിവജിയെപ്പോലും നിഷ്പ്രഭനാക്കിയെന്ന് ഗോൾവൾക്കർ ധ്വനിപ്പിക്കുന്നു!

ഈ ജാതിമാഹാത്മ്യം ഗോൾവൾക്കർ ഉപസംഹരിക്കുന്നു: "ഇപ്രകാരം ചരിത്രം ചിത്രത്തിന്റെ രണ്ടു വശത്തിനും വാചാലമായ സാക്ഷ്യം വഹിക്കുന്നു. ഒരു വശത്തു 'ജാതീയത ബാധിച്ച' ഹിന്ദുസമാജം രണ്ടായിരം വർഷക്കാലം ഗ്രീക്കുകാരുടെയും ശകന്മാരുടെയും ഹൂണന്മാരുടെയും മുസ്ലീങ്ങളുടെയും യൂറോപ്യന്മാരുടെയും കൊള്ളകളെ അഭിമുഖീകരിക്കേണ്ടതായിവന്നിട്ടും നശിക്കാതെ അജയ്യമായി നിലനിൽക്കുകയും രാമകൃഷ്ണനെയും വിവേകാനന്ദനെയും തിലകനെയും ഗാന്ധിജിയെയും ഉല്പാദിപ്പിക്കാനുള്ള വീര്യം ഇപ്പോഴും പ്രദർശിപ്പിക്കുകയും ചെയ്യുമ്പോൾ മറുവശത്ത് അതിന്റെ ഒറ്റയൊരാഘാതമേറ്റപ്പോഴേക്കും ജാതിരഹിതസമാജങ്ങളെന്നു പറയപ്പെടുന്നവ വീണ്ടും ഉയരാൻ സാധ്യമല്ലാത്തവിധം നിലംപരിശാവുകയും ചെയ്യുന്നു." (പേജ് 176–77)

ജാതിവ്യവസ്ഥ നിലനിൽക്കുന്നിടത്ത് അജയ്യതയും മഹാന്മാരുടെ ഉത്ഭവവും നടക്കുന്നു. ജാതിവ്യവസ്ഥയില്ലാത്തിടത്തോ സമൂഹം തകരുന്നു. ഇപ്രകാരം അന്വയവ്യതിരേകങ്ങൾകൊണ്ട് ഗോൾവൾക്കർ ജാതിവ്യവസ്ഥ അത്യാവശ്യമാണെന്ന് അർഥശങ്കയ്ക്കിടയില്ലാത്ത വിധം സ്ഥാപിക്കുന്നു.

പിന്നീട് ജാതിവ്യവസ്ഥ അധഃപതിച്ചുവെന്നാണ് ഗോൾവൾക്കർ പറയുന്നത്. പക്ഷേ, ഇതുവരെ വിസ്തരിച്ചതോ? അത് വെളുത്ത (നല്ല) ജാതിവ്യസ്ഥ. ഇനി വിസ്തരിക്കാതെ പറയാൻ പോകുന്നത് കറുത്ത (ചീത്ത) ജാതിവ്യവസ്ഥയപ്പറ്റി. ശ്രീനാരായണഗുരുവും വിവേകാനന്ദനുമൊക്കെ എതിർത്തത് ചീത്ത ജാതിവ്യവസ്ഥയെ; ഗോൾവൾക്കർ സവിസ്തരം വാഴ്ത്തിയത് നല്ല ജാതിവ്യവസ്ഥയെ എന്നൊക്കെ നാം വ്യാഖ്യാനിച്ച് മനസ്സിലാക്കിക്കൊള്ളുക.

**ജാതിയുടെ ദുർവശങ്ങൾ**

"നമ്മുടെ രാഷ്ട്രശരീരത്തിൽ ഈ (ജാതി)വിഷം എത്രത്തോളം കടന്നുകൂടിയിട്ടുണ്ടെന്നതു കുറച്ചു വർഷങ്ങൾക്കു മുൻപു നടന്ന ഒരു സംഭവത്തിൽനിന്ന് ഊഹിക്കാവുന്നതാണ്. ബ്രിട്ടീഷുകാർ പേഷ്വമാരുടെമേൽ തങ്ങൾക്കുണ്ടായ വിജയത്തെ അനുസ്മരിപ്പിക്കുന്നതിനായി ഉയർത്തിയ വിജയസ്തംഭം പൂനേക്കടുത്തുണ്ട്. ഒരു പ്രമുഖഹരിജനനേതാവ് തന്റെ ജാതിയിൽപ്പെട്ട സഹോദരന്മാരോട് ഒരിക്കൽ ആ സ്തംഭത്തിന്റെ ചുവട്ടിൽ നിന്നുകൊണ്ട് സംസാരിക്കുകയുണ്ടായി. 'ഈ സ്തംഭം ബ്രാഹ്മണരുടെമേൽ നമുക്കുണ്ടായ വിജയത്തിന്റെ പ്രതീകമാണ്; കാരണം, നമ്മളാണ് ബ്രിട്ടീഷുകാരുടെ കീഴിൽ യുദ്ധം ചെയ്ത് പേഷ്വാമാരെ, അതായത് ബ്രാഹ്മണരെ തോല്പിച്ചത്' എന്നയാൾ പ്രഖ്യാപിച്ചു. അടിമത്തത്തിന്റെ വെറുക്കപ്പെട്ട ചിഹ്നത്തെ വിജയത്തിന്റെ പ്രതീകമായും വിദേശികളുടെ അടിമകളെന്ന നിലയിൽ അടുത്ത ബന്ധുക്കളോടു യുദ്ധം ചെയ്ത നിന്ദ്യകൃത്യം മഹത്തായ നേട്ടമായും പ്രമുഖനേതാവ് വിവരിച്ചുകേൾക്കുന്നത് എത്രമാത്രം ഹൃദയഭേദകമാണ്! ആരാണു ജേതാക്കളെന്നും ആരാണു തോല്പിക്കപ്പെട്ടവരെന്നും തിരിച്ചറിയാൻ കഴിയാതിരിക്കത്തക്കവണ്ണം അദ്ദേഹത്തിന് എത്രമാത്രം തിമിരം ബാധിച്ചിരിക്കണം! എന്തു വൈകൃതം!" (പേജ് 177–78)

ഈ ഉദാഹരണത്തിൽനിന്ന് സംഗതി വ്യക്തമായല്ലോ: നല്ല ജാതിവ്യവസ്ഥ എന്നാൽ ബ്രാഹ്മണമേധാവിത്വപ്രധാനമായ ജാതിവ്യവസ്ഥ. ചീത്ത ജാതിവ്യവസ്ഥ എന്നാൽ സാധാരണ നാമൊക്കെ ദുഷിച്ചുനാറിയതെന്നു പറയുന്ന ജാതിവ്യവസ്ഥ. ഈ തരംതിരിവ് ഗോൾവൾക്കറുടെ ബ്രാഹ്മണപക്ഷപാതിത്വമെന്നൊന്നും ദുർവ്യാഖ്യനിക്കരുതേ!

**ഹിന്ദിയുടെ സ്ഥാനം**

"പൊതുഭാഷാപ്രശ്നത്തെ മുൻനിർത്തി ഹിന്ദിക്ക് മുൻഗണന നൽകേണ്ടതായിവരും. സ്വാഭാവികമായും ഇതരഭാരതീയഭാഷകളെപ്പോലെ സംസ്കൃതത്തിൽനിന്നുടലടുക്കുകയും ശാസ്ത്രം, സാങ്കേതികവിദ്യ തുടങ്ങിയ ആധുനികവിജ്ഞാനരംഗത്ത് ഭാവിവളർച്ചയ്ക്കായി സംസ്കൃതത്തിൽനിന്നു പോഷകാംശം സ്വീകരിക്കുകയും ചെയ്യുന്ന രൂപത്തിലുള്ള ഹിന്ദിക്കു നാം മുൻഗണന നൽകണം... ഭാരതീയഭാഷകളുടെയെല്ലാം ശത്രു ഇംഗ്ലീ

ഷാണ്." (പേജ് 181–82)

ഹിന്ദി പറയുന്നതു കേട്ടാൽ സംസ്കൃതം പോലെ തോന്നണം. മുസ്ലീങ്ങൾക്കു മനസ്സിലാവരുത്. അവരെ പ്രീണിപ്പിക്കാൻ ഉർദു ധാരാളം കലർത്തിയ ഹിന്ദിയാണിപ്പോൾ, ഉത്തരേന്ത്യയിൽ വിശേഷിച്ചും, ഉപയോഗിക്കുന്നത്. ഇവിടെയും ഗോൾവൾക്കറുടെ ഹിന്ദുത്വഭ്രാന്തും മുസ്ലീംവിരോധവും തികട്ടിവരുന്നു.

**ഭാഷാഭ്രാന്ത്**

"ഭാഷാസംസ്ഥാനങ്ങളുടെ രൂപവത്കരണം ജനമനസ്സിൽ ഭാഷാഭ്രാന്ത് ഊതിക്കത്തിക്കാൻ രാഷ്ട്രീയക്കാർക്ക് ഒരുപാധികൂടി പ്രദാനം ചെയ്തു." (പേജ് 182–83)

പോറ്റി ശ്രീരാമലുവിന്റെ നിരാഹാരസത്യഗ്രഹംകൊണ്ടുകൂടിയാണ് ഭാഷാസംസ്ഥാനങ്ങൾ രൂപവൽക്കരിക്കാൻ ഗവണ്മെന്റ് നിർബന്ധിതമായത്. അതായത്, പുരോഗതിയുടെ എല്ലാ പടവുകളും, ഭാഷാസംസ്ഥാനരൂപവൽക്കരണമുൾപ്പെടെ, ജനകീയസമരങ്ങളിലൂടെയാണ്, അല്ലാതെ, സേവ പിടിച്ചല്ല, ജനങ്ങൾ ചവിട്ടിക്കയറിയത്.

**ആദിവാസികൾ**

"വനങ്ങളിൽ താമസിക്കുന്ന ജനങ്ങൾക്ക് ഇപ്പോൾ ആദിവാസികൾ എന്നു പേരിട്ടിരിക്കുന്നു. അതിന്റെ അർഥം മറ്റുള്ളവരുടെ ഉത്ഭവം ഇവിടെയല്ലെന്നും അവർ പുറത്തെങ്ങോ നിന്നു വന്നു കുടിയേറിപ്പാർത്തവരാണെന്നുമാണ്." (പേജ് 185)

ആർ. എസ്. എസ്. നേതാവ് ഇത്തരമൊരു ദുർവ്യാഖ്യാനത്തിനു മുതിരുമെന്നു കരുതിയില്ല. പേര് സംഘത്തിന്നിഷ്ടപ്പെട്ട 'വനവാസികൾ' എന്നായാലും ഈ ദുർവ്യാഖ്യാനത്തിനു പഴുതുണ്ട്. ആദിവാസികളും ദളിതരുമാണല്ലോ അവർ. തങ്ങൾ ഹിന്ദുക്കളല്ലെന്നാണ് അവരിൽ പലരും പറയുന്നത്.

**സ്ത്രീപുരുഷസമത്വം**

"ഇന്നു 'സ്ത്രീസമത്വ'ത്തെക്കുറിച്ചും 'പുരുഷാധിപത്യ'ത്തിൽനിന്നുള്ള 'വിമോചന'ത്തെക്കുറിച്ചും മുറവിളിയുണ്ട്! അധികാരസ്ഥാനങ്ങളിൽ സ്ത്രീകൾക്കു സീറ്റുസംവരണം വേണമെന്നു പറഞ്ഞുകൊണ്ടുതന്നെ ജാതീയത, വർഗീയത, ഭാഷാദ്വേഷം എന്നിവയുടെ കൂട്ടത്തിൽ സ്ത്രീപുരുഷമത്സരവും ഉൾക്കൊള്ളിച്ചിരിക്കയാണ്." (പേജ് 185)

സ്ത്രീപുരുഷമത്സരമുണ്ടായേക്കുമെന്നു പേടിച്ച് സ്ത്രീകൾക്കു സീറ്റുസംവരണം പാടില്ലെന്നു വാദിക്കാൻ ആർ. എസ്. എസ്. നേതാവ് പരിശ്രമിച്ചുകൊണ്ടിരിക്കെയാണ് സംഘം നിയന്ത്രിക്കുന്ന മോദിസർക്കാർ ഇപ്പോഴത്തെ സാമ്പത്തികമാന്ദ്യത്തിൽനിന്നും മറ്റു ഭരണപരാജയങ്ങളിൽനിന്നും ജനശ്രദ്ധ തിരിച്ചുവിടുക ലക്ഷ്യമാക്കി സ്ത്രീകൾക്ക് അൻപതു ശതമാനം സീറ്റു സംവരണം ചെയ്യുന്ന നിയമം പാസ്സാക്കാൻ പോകുന്നുവെന്നു വാചകമടിക്കുന്നത്. ഏതിന്റെ പേരിലായാലും ആ നിയമം ജനാധിപത്യമതനിരപേക്ഷവാദികൾ സ്വാഗതം ചെയ്യും!

**ഏകാത്മഭാവത്തിന്റെ പുനരുജ്ജീവനം**

"നമ്മുടെ ജനങ്ങളുടെ പണ്ടത്തെയും ഇന്നത്തെയും ചിത്രം ഈ വിധത്തിലാണ്. ഈ ചിത്രം ഈ മണ്ണിന്റെ ഓരോ സന്താനത്തെയും ഉണർത്തണം. യുഗങ്ങളോളം പഴക്കമുള്ള ഏകാത്മഭാവം അതിപവിത്രമായ രീതിയിൽ നമ്മുടെ ജനതയിൽ പുനരുജ്ജീവിപ്പിക്കാൻ പ്രേരിപ്പിക്കണം. നമ്മുടെ സമ്പൂർണജനതയെ ചൈതന്യമൂർത്തിയായ ഈശ്വരനെപ്പോലെ ഹൃദയങ്ങളിൽ പുനഃപ്രതിഷ്ഠിക്കേണ്ടതുണ്ട്. യഥാർഥത്തിൽ അത്തരം ഏകാത്മഭാവമാണ് നമ്മുടെ പ്രാചീനസംസ്കാരത്തിന്റെ അനശ്വരസന്ദേശം. ഈശ്വരന്റെ പിതൃത്വവും മനുഷ്യന്റെ സാഹോദര്യവുംവരെ മാത്രമേ മറ്റുളളവർ പറഞ്ഞുള്ളൂ. എന്നാൽ നാം അതിലുമെത്രയോ ദൂരം മുന്നോട്ടുപോയി. സാക്ഷാൽ ബ്രഹ്മം മുതൽ താഴെ ജഡം വരെയുള്ള എല്ലാ വസ്തുക്കളിലും അന്തര്യാമിയായ ഏകാത്മതയെ സക്ഷാത്കരിച്ചു." (പേജ് 185–86)

മറ്റുള്ളവർ ഈശ്വരന്റെ പിതൃത്വവും മനുഷ്യന്റെ സാഹോദര്യവും വരെ മാത്രം പറഞ്ഞിടത്ത് ഹിന്ദുക്കളായ നാം ബഹുദൂരം മുന്നോട്ടു പോയി: ആബ്രഹ്മജഡപര്യന്തം അന്തര്യാമിയായ ഏകാത്മതയെ സാക്ഷാത്കരിച്ച! എന്നിട്ടും ഹിന്ദുക്കൾ (ഹിന്ദുത്വത്തിന്റെ വക്താക്കൾ) നിസ്സാരന്മാരാണെന്നു പറഞ്ഞാൽ വിവരക്കേടെന്നല്ലാതെ എന്താ പറയുക! 'ഏകാത്മതയെ സാക്ഷാൽക്കരിച്ച ഹിന്ദുക്കൾ' ദരിദ്രരെയും ദളിതരെയും ആദിവാസികളെയും കൊന്നുതള്ളുന്നതെന്തിനാണ്? ദീനദയാൽ ഉപാധ്യായയെ ലോകനേതാവാക്കി ഉയർത്താൻ മോദി സർക്കാർ എന്തെങ്കിലും ചെയ്യുന്നില്ലെങ്കിൽ നാമെന്താണ് ചെയ്യുക?

**ഹിന്ദുവിന്റെ വൈശിഷ്ട്യം**

"നാമെല്ലാം ഹിന്ദുക്കളായി ജനിച്ചതുകൊണ്ട് ഈ ഐക്യം രക്തത്തിൽ ജന്മനാ കലർന്നിട്ടുണ്ടെന്നു നാമെല്ലാമോർക്കുക... ഹിന്ദുവിനെ ഹിന്ദുവാക്കിത്തീർക്കുന്ന പതിനാറു സംസ്കാരങ്ങളുണ്ട്. യഥാർഥത്തിൽ നാം അമ്മയുടെ ഗർഭപാത്രത്തിൽനിന്നു പുറത്തു കടക്കുന്നതിനു മുൻപുതന്നെ ഹിന്ദുക്കളാണ്. അതുകൊണ്ട് ഹിന്ദുക്കളായാണ് നാം ജനിക്കുന്നത്. മറ്റുള്ളവരെ സംബന്ധിച്ചിടത്തോളം അവർ പേരില്ലാത്ത മനുഷ്യക്കുഞ്ഞുങ്ങളായി ഈ ലോകത്ത് ജനിക്കുകയും പിന്നീട് മാമോദീസയോ സുന്നത്തോ കഴിയുന്നതിനനുസരിച്ച് ക്രൈസ്തവനോ മുസ്ലീമോ ആവുകയും ചെയ്യുന്നു." (പേജ് 187)

എത്ര ഹിന്ദുക്കൾക്ക് ഷോഡശസംസ്കാരങ്ങളുണ്ട്? സവർണഹിന്ദുക്കൾക്കു മാത്രം. അതുതന്നെ ബ്രാഹ്മണർക്കും ക്ഷത്രിയർക്കും അന്തരാളജാതിക്കാർക്കും മാത്രം. അവർക്കുതന്നെ പല കാലങ്ങളിലായി പലതും ഇല്ലാതായി. ബ്രാഹ്മണർക്കുതന്നെ കാലത്തിന്റെ മലവെള്ളപ്പാച്ചിലിൽ പലതും ഒലിച്ചുപോയിട്ടില്ലേ? ചാതുർവർണ്യത്തിൽത്തന്നെ എന്തെല്ലാം മാറ്റങ്ങൾ വന്നു? കേരളം പോലുള്ള പ്രദേശങ്ങളിൽ ആരാണ് വൈശ്യവൃത്തി ചെയ്തിരുന്നത്? തമിഴ്ബ്രാഹ്മണരും വാണിയരും മറ്റും. അവർ കേരളീയരും തമിഴ്നാട്ടുകാരുമായിരുന്നില്ലേ? നായന്മാർ ശൂദ്രരാണെങ്കിലും മേൽത്തട്ടുകാർ മിക്കവാറും സമ്പന്നരാണ്. എങ്കിലും ശൂദ്രരെന്നു പറയപ്പെടുന്നവരിൽ ഭൂരിപക്ഷവും ദരിദ്രരോ ഇടത്തരക്കാരോ ആണ്. ഈഴവരിൽ വിദ്യാസമ്പന്നരും ധനസമ്പന്നരുമുണ്ട്. പക്ഷേ, ദരിദ്രരാണ് ഭൂരിപക്ഷം. കുറേ ഇടത്തരക്കാരുമുണ്ട്. ഈഴവരും ദളിതരും ചാതുർവർണ്യത്തിൽ പെട്ടവരേ അല്ല. വസ്തുത ഇങ്ങനെയിരിക്കേ, ഇവരിൽ ഷോഡശസംസ്കാരമുള്ളവരാരാണ്? സവർണഹിന്ദുക്കളിൽ കുറേപ്പെരെ മാത്രമേ ഗോൾവൾക്കർ ഉദ്ദേശിക്കുന്നുള്ളൂ എന്നു വരാം. 'നാം ഹിന്ദുക്കൾ' എന്നൊക്കെ പറയുന്നത് വെറും ബഡായി മാത്രം. ഹിന്ദു എന്നുവെച്ചാൽ ആരാണ്? സമ്പന്നരും ഇടത്തരക്കാരും ദരിദ്രരുമെന്ന വിഭജനമായിരിക്കും ഏറെക്കുറെ ശരിയാവുക. ഈ വിഭജനമാകട്ടെ, ഹിന്ദുക്കൾക്കു മാത്രമല്ല, എല്ലാ മതക്കാർക്കും മതരഹിതർക്കും ബാധകവുമാണ്.

**സംഘം സ്ഥാപകന്റെ ജീവിതം**

"രാഷ്ട്രീയസ്വയംസേവകസംഘത്തിന്റെ സ്ഥാപകനായ ഡോ. കേശവ ബലിറാം ഹെഡ്ഗേവാർ കുട്ടിക്കാലം മുതൽക്കുതന്നെ രാഷ്ട്രകാര്യത്തിൽ തീവ്രാസക്തിയുള്ള വ്യക്തിയും അക്കാലത്ത് നമ്മുടെ മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിനായി പ്രവർത്തിച്ചിരുന്ന വിവിധപ്രസ്ഥാനങ്ങളിൽ പങ്കെടുത്തയാളുമാണ്. കുറേക്കാലം വിപ്ലവപ്രസ്ഥാനത്തിലും അദ്ദേഹം പങ്കുകൊണ്ടു. പിന്നീടദ്ദേഹം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ സമരങ്ങളിലും സംഘടനാപ്രവർത്തനത്തിലും മുഴുകി. എന്നാൽ ഈ പ്രസ്ഥാനങ്ങളിലെയെല്ലാം അടിസ്ഥാനാശയം ബ്രിട്ടീഷുകാരെ പുറത്താക്കണമെന്നതു മാത്രമായിരുന്നുവെന്ന് താമസിയാതെ അദ്ദേഹം കണ്ടെത്തി. ആ ആശയത്തെ ദേശീയതയ്ക്കു തുല്യമായി വീക്ഷിച്ചിരുന്നു. അന്നത്തെ മിക്ക നേതാക്കൾക്കും ബ്രിട്ടീഷ് വിരോധവും ദേശീയതയും പര്യായപദങ്ങളായിരുന്നു. ഉപരിപ്ലവമായ ഈ ചിന്താഗതിയിൽ സംഘസ്ഥാപകന് അതൃപ്തി തോന്നി. നമ്മുടെ രാഷ്ട്രത്തിന്റെ മാത്രമല്ല ഇതരരാഷ്ട്രങ്ങളുടെയും ചരിത്രത്തിലുള്ള അവഗാഢമായ പഠനത്തിൽനിന്ന് 'രാഷ്ട്ര'മെന്ന സങ്കല്പം ഭാവാത്മകമായ ഒന്നാണെന്നും ഏതെങ്കിലുമൊന്നിനോടുള്ള വിരോധത്തിൽ അധിഷ്ഠിതമല്ലെന്നും അദ്ദേഹം മനസ്സിലാക്കിയിരുന്നു. രാഷ്ട്രലക്ഷ്യത്തെ സംബന്ധിച്ച നമ്മുടെ പ്രാഥമികസങ്കല്പത്തിൽ വരുത്തുന്ന ഏറ്റവും ചെറിയ വളച്ചൊടിക്കൽപോലും അങ്ങേയറ്റത്തെ സദുദ്ദേശ്യത്തോടുകൂടിയാണെങ്കിലും അവസാനം പരിഹരിക്കാൻ കഴിയാത്ത വിനാശകരങ്ങളായ ഫലങ്ങളുളവാക്കുമെന്നും അദ്ദേഹം മനസ്സിലാക്കി. ഈ വിധത്തിൽ അവഗാഢമായ പരിചിന്തനത്തിനുശേഷമാണ് ഡോ. ഹെഡ്ഗേവാർ ദേശീയതയുടെ യഥാർഥവും ഭാവാത്മകവും ചിരസ്ഥായിയുമായ സങ്കല്പത്തിന്റെ അടിസ്ഥാനത്തിൽ രാഷ്ട്രീയസ്വയംസേവകസംഘം ആരംഭിച്ചത്." (പേജ് 190)

വളച്ചുകെട്ടില്ലാതെ പറഞ്ഞാൽ ബ്രിട്ടീഷുകാർ ഇവിടെ നിന്നാലും പോയാലും തനിക്കൊന്നുമില്ലെന്ന മനോഭാവമാണ് ഹെഡ്ഗേവാർ പുലർത്തിയിരുന്നതെന്നർഥം. അദ്ദഹത്തിന് സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത അനുഭവമെങ്കിലുമുണ്ട്. പിന്നീടാണ് ഈ ഹിറ്റ്ലർസേന (ആർ. എസ്.എസ്.) രൂപീകരിച്ചത്. ഗോൾവൾക്കർക്കാകട്ടെ അത്രപോലും അനുഭവമില്ല.

**രാഷ്ട്രസങ്കല്പം**

"ജീവിതാദർശങ്ങൾ, സംസ്കാരം, വികാരങ്ങൾ, മനോഭാവം, വിശ്വാസം, പാരമ്പര്യം എന്നിവയെല്ലാംകൊണ്ട് രൂപം പ്രാപിച്ച വ്യക്തമായ ജീവിതരീതി അവർ ആവിഷ്കരിച്ചിട്ടുണ്ടായിരിക്കണം. ജനങ്ങൾ ഇപ്രകാരം ഒന്നിച്ചുചേർന്ന് പൊതുവായ പാരമ്പര്യങ്ങളോടും അഭിലാഷങ്ങളോടും ഭൂതകാലജീവിതത്തെ സംബന്ധിച്ച സന്തോഷകരമോ ദുഃഖകരമോ ആയ അനുഭവങ്ങളുടെ സ്മരണകളോടും സമാനമായ ശത്രുമിത്രഭാവങ്ങളോടും കൂടി, തങ്ങളുടെ താല്പര്യങ്ങളെല്ലാം പരസ്പരം കെട്ടുപിണഞ്ഞ് ഏകാത്മകമായി ഇണങ്ങിച്ചേർന്ന് ഒരൊറ്റ സമാജമായിത്തീരുന്നപക്ഷം ആ പ്രത്യേകഭൂവിഭാഗത്തിൽ അതിന്റെ മക്കളായി ജീവിക്കുന്ന ആ ആളുകളെ 'രാഷ്ട്ര'മെന്നു വിളിക്കാം." (പേജ് 191–92)

പഴയ ശൈലേന്ദ്രസാമ്രാജ്യം പുനഃസ്ഥാപിക്കേണ്ടെന്നുവെച്ചോ? ഇവിടെ ഏറിവന്നാൽ ശ്രീലങ്കയെയും ലക്ഷദ്വീപുകളെയും പാക്കിസ്ഥാനെയും ബർമയെയും മാത്രമേ ഇന്നത്തെ ഇന്ത്യയോടൊപ്പം ഉൾപ്പെടുത്തിയിട്ടുള്ളൂ എന്നു തോന്നുന്നു. അവയൊക്കെ പിടിച്ചെടുക്കാൻ വേണ്ടിവന്നാൽ യുദ്ധം ചെയ്യാം. നമ്മുടെ (ഹിന്ദുക്കളു

ടെ) സമാജം സങ്കല്പം മാത്രമാണെന്നു പറഞ്ഞുവല്ലോ. 'നമ്പൂരി മുതൽ നായാടിവരെ' എന്ന് വെള്ളാപ്പള്ളിയുടെ ഒരു ശൈലിയുണ്ടെങ്കിലും ബി. ഡി. ജെ. എസ്സിൽപ്പോലും അവരെയെല്ലാം ഉൾപ്പെടുത്താൻ അദ്ദേഹത്തിനും കഴിഞ്ഞിട്ടില്ലല്ലോ. 'പ്രത്യേകിച്ച് ആധുനികകാലഘട്ടത്തിൽ' എന്നു പറഞ്ഞതുകൊണ്ട് ആയിരക്കണക്കിനു വർഷങ്ങൾ എന്നു തൊട്ടുമുൻപ് പറഞ്ഞത് ആലങ്കാരികം മാത്രമാവാം; അതത്ര സാരമാക്കേണ്ട. *ഇതെല്ലാം ചെയ്തത് ഹിന്ദുക്കൾ മാത്രമാണെന്ന സത്യത്തിനു നമ്മുടെ ആയിരമായിരം വർഷങ്ങളുടെ ചരിത്രം വാചാലമായ സാക്ഷ്യം വഹിക്കുന്നു. ഹിന്ദു മാത്രമാണ് ഇവിടെ ഈ മണ്ണിന്റെ മകനായി ജീവിച്ചുപോന്നതെന്നാണിതിന്റെ അർഥം.* ഇപ്പറഞ്ഞതും ആലങ്കാരികം മാത്രം. മുസ്ലീങ്ങളും ക്രിസ്ത്യാനികളും സിക്കുകാരും പാഴ്സികളും കുറേക്കാലമായി ഇവിടെയുണ്ടായിരുന്നുവല്ലോ. ഹിന്ദു, നാം ഹിന്ദു എന്ന് ഇടക്കിടെ പറയുന്നത് ഗോൾവൽക്കറുടെ ഒരു ശൈലി എന്നതിനപ്പുറം ഈ ഇരുന്നൂറോളം പേജുകൾകൊണ്ടുതന്നെ (പുസ്തകത്തിന് ആകെ 724 പേജുകൾ.) നമുക്കു ബോധ്യപ്പെടുന്നുണ്ട്.

**ശത്രു അകത്തുതന്നെ – ഇന്ത്യാവിഭജനവും അങ്ങനെതന്നെ**

ശത്രു "പൃഥ്വീരാജ് ചൗഹാന്റെ കഥയുണ്ട്. മുഹമ്മദ് ഗോറിയായിരുന്നു അദ്ദേഹത്തിന്റെ ശത്രു. ജയചന്ദ്രൻ ഗോറിയുമായി സൗഹാർദം സ്ഥാപിച്ചു. നമ്മുടെ രാജ്യത്തെ രണ്ടു പ്രമുഖവ്യക്തികളായിരുന്ന ഇവരിൽ ഒരാൾ അക്രമിയുടെ സുഹൃത്തും മറ്റെയാൾ ശത്രുവുമായി. ഫലം പൃഥ്വീരാജന്റെ പരാജയവും വധവും. ജയചന്ദ്രനും വധിക്കപ്പെട്ടു. മുഹമ്മദ് ഗോറി രാജാവായി. കഴിഞ്ഞ എണ്ണൂറു വർഷങ്ങളിലായി നാം അനുഭവിച്ചുപോരുന്ന വിനാശങ്ങളുടെ പരമ്പരയും അതിനു മകുടം ചാർത്തിക്കൊണ്ട് ഈയിടെ നടന്ന ഭാരതവിഭജനവും അതോടെ സമാരംഭിച്ചു." (പേജ് 195)

ഹിന്ദുസമാജത്തിന്റെ ഐക്യം സാങ്കല്പികം മാത്രമാണെന്ന് ഗോൾവൽക്കർതന്നെ പൃഥ്വീരാജ–ജയചന്ദ്രന്മാരുടെ കഥയിലൂടെ വ്യക്തമാക്കിയതു നന്നായി.

"അതുകൊണ്ട് ഈ ഭാരതത്തിൽ ദേശീയജീവിതം ഹിന്ദുജനതയുടേതാണെന്നു നാം പറയുന്നു. ചുരുക്കിപ്പറഞ്ഞാൽ ഇത് ഹിന്ദുരാഷ്ട്രമാണ്... രാഷ്ട്രസങ്കല്പം പ്രതിപാദിച്ചുകൊണ്ട് ഒരിക്കലദ്ദേഹം (സ്റ്റാലിൻ) പറഞ്ഞത്, പൊതുഭൂവിഭാഗത്തിൽ താമസിക്കുന്ന ജനതയുടെ പൊതുവായ സാമ്പത്തികരാഷ്ട്രീയതാത്പര്യങ്ങളിൽനിന്നു മാത്രം രാഷ്ട്രമുടലെടുക്കുകയില്ലെന്നും അതു ഭൗതികമല്ലാത്ത ഭാവനകളുടെ സജാതീയതയാണെന്നുമാണ്. (ആധ്യാത്മികബോധത്തിൽനിന്നുളവാകുന്ന സമാജമാണെന്നും)." (പേജ് 196)

ഏതായാലും സ്റ്റാലിൻ എന്ന കമ്യൂണിസ്റ്റ് നേതാവ് ആധ്യാത്മികബോധമുള്ളവനാണെന്ന് ഗോൾവൽക്കർക്ക് സങ്കല്പിക്കാൻ കഴിഞ്ഞുവല്ലോ (ഹിന്ദുരാഷ്ട്രസങ്കല്പം പോലെ മറ്റൊന്ന്!)

"ആധുനികകാലത്ത് നമ്മുടെ ദേശീയനവോത്ഥാനത്തിനു മുൻപിൽനിന്നു നേതൃത്വം നൽകിയ വിവേകാനന്ദ സ്വാമികൾ ഇത് ഹിന്ദുരാഷ്ട്രമാണെന്നു പല തവണ അസന്ദിഗ്ധമായി പ്രഖ്യാപിക്കുകയും ഗുരു ഗോവിന്ദ സിംഹനെയും ഛത്രപതി ശിവാജിയെയും ഹിന്ദുത്വത്തിന്റെ മഹത്തായ മാതൃകകളായി നമ്മുടെ മുമ്പാകെ വെക്കുകയും ചെയ്തിട്ടുണ്ട്. വാസ്തവത്തിൽ ഒരൊറ്റ ആധ്യാത്മികരാഗത്തെയനുസരിച്ച് മിടിക്കുന്ന ഹൃദയമുള്ളവരാണ് രാഷ്ട്രത്തിന്റെ ഘടകങ്ങൾ എന്നു പറഞ്ഞുകൊണ്ടാണ് നമ്മുടെ രാഷ്ട്രത്തെ അദ്ദേഹം നിർവചിച്ചത്." (പേജ് 196)

സ്വാമി വിവേകാനന്ദനെ ഹിന്ദുരാഷ്ട്രവാദിയാക്കിയത് കേമമായി. പക്ഷേ, താൻ സോഷ്യലിസ്റ്റാണെന്നും സ്വാമിജി പറഞ്ഞിട്ടുണ്ടല്ലോ. ഒരു സോഷ്യലിസ്റ്റിന് ഹിന്ദുരാഷ്ട്രവാദിയോ ആർ. എസ്. എസ്സോ ആവാൻ കഴിയുമോ?

"ഇപ്രകാരം നമ്മുടെ ഹിന്ദുദേശീയത്വം യുക്തിചിന്തയിൽനിന്നും അനുഭവത്തിൽനിന്നും ചരിത്രത്തിൽനിന്നും സിദ്ധമായ സത്യമാണെന്നു നാം പറയുന്നു. അതാണ് നമ്മുടെ ദേശീയജീവിതത്തിന്റെ കാതലായ പരമോന്നതസത്യം; അല്ലാതെ രാഷ്ട്രീയമോ സാമ്പത്തികമോ ആയ സിദ്ധാന്തങ്ങളിൽനിന്നോ ആനുകാലികമായ ആവശ്യങ്ങളിൽനിന്നോ ഉടലെടുത്ത ക്ഷണികമായ 'ഇസ'മല്ല." (പേജ് 196)

*വിചാരധാര*യിൽ വ്യക്തമാക്കിയ യുക്തിചിന്തയിൽനിന്നോ അനുഭവത്തിൽനിന്നോ ചരിത്രത്തിൽനിന്നോ സിദ്ധമായ സത്യമാണ് ഹിന്ദുദേശീയത എന്ന് 'നാം പറയുന്ന'തുകൊണ്ട് എല്ലാവർക്കും ബോധ്യമാവണമെന്നില്ലല്ലോ. 'ഇസ'മല്ലെന്ന് ആണയിട്ടു പറഞ്ഞാലും ഇത് 'ഗോൾവൽക്കറിസ'മെന്നേ ആളുകൾ വിശ്വസിക്കൂ.

"ഇത് 'ഹിന്ദുരാഷ്ട്ര'മാണെന്നു നാം പറയുമ്പോൾ ഉടനെ ഇവിടെ താമസിക്കുന്ന മുസ്ലീങ്ങളെയും ക്രൈസ്തവരെയും പറ്റി എന്തു പറയുന്നു? അവരും ഇവിടെ ജനിച്ചുവളർന്നവരല്ലേ? വിശ്വാസം മാറ്റിയതുകൊണ്ടുമാത്രം അവരെങ്ങനെ പരദേശികളാകും?' എന്നൊക്കെയുള്ള ചോദ്യങ്ങളുമായി വരുന്ന ചിലരുണ്ട്. ഈ മണ്ണിന്റെ മക്കളാണെന്ന് അവർ ഓർമിക്കുന്നുണ്ടോ എന്നതാണ് മർമപ്രധാനമായ പ്രശ്നം. നാം മാത്രമോർമിച്ചിട്ടെന്തു ഫലം? ... മറ്റു വിശ്വാസങ്ങളോട് അസഹിഷ്ണുത പുലർത്തുന്നവന് ഹിന്ദുവാകാൻ കഴിയില്ല. എന്നാൽ, ഇപ്പോൾ നമ്മുടെ മുന്നിലുള്ള പ്രശ്നം ഇസ്ലാമിലേക്കോ ക്രിസ്തുമതത്തിലേക്കോ പരിവർത്തനം ചെയ്യപ്പെടുന്നവരുടെ നിലപാട് എന്താണെന്നതാണ്. ഇവർ ഈ നാട്ടിലാണ് ജനിച്ചത്; സംശയമില്ല – പക്ഷേ അവരിതി

നോട് കൂറുള്ളവരാണോ? തങ്ങൾ ഈ നാടിന്റെയും അതിന്റെ പാരമ്പര്യത്തിന്റെയും സന്താനങ്ങളാണെന്നും അതിനെ സേവിക്കാൻ അവസരം ലഭിക്കുന്നതു മഹാഭാഗ്യമാണെന്നും അവർക്കു തോന്നുന്നുണ്ടോ? ഈ മാതൃഭൂമിയെ സേവിക്കുന്നതു തങ്ങളുടെ കടമയാണെന്ന് അവർ കരുതുന്നുണ്ടോ? ഇല്ല. മതവിശ്വാസത്തിൽ മാറ്റം വരുത്തുന്നതോടൊപ്പം രാഷ്ട്രത്തോടുള്ള അവരുടെ സ്നേഹവും ഭക്തിഭാവവും വേറിട്ടുപോകുന്നു." (പേജ് 197)

ചിലരല്ല; ഇന്ത്യയിലെ ബഹുഭൂരിപക്ഷം പേരും ആ ചോദ്യങ്ങൾ ചോദിക്കുന്നവരാണ്. ഈ മണ്ണിന്റെ മക്കളാണ് അവരെന്ന് നിശ്ചയിക്കാൻ ആർ. എസ്. എസ്സിനെ ഏല്പിച്ചത് ആരാണ്? ഈ മണ്ണിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ജീവന്മരണപ്പോരാട്ടത്തിൽ എന്തെങ്കിലും പങ്കു വഹിച്ചിട്ടുണ്ടോ ആർ. എസ്. എസ്? ഇസ്ലാമിലേക്കോ ക്രിസ്തുമതത്തിലേക്കോ പരിവർത്തനം ചെയ്യിച്ചത് ആരാണ്? സവർണഹിന്ദുമേധാവിത്തത്തിന്റെ ജാതിക്കുശുമ്പും ക്രൂരമർദനങ്ങളുമല്ലേ? അതൊക്കെ നിർമാർജനം ചെയ്യാൻ ആർ. എസ്. എസ്സോ അവരുടെ പ്രപിതാമഹന്മാരോ ഒരു ചെറുവിരലെങ്കിലും അനക്കിയിട്ടുണ്ടോ? എന്നു മാത്രമല്ല, നാം കണ്ടതുപോലെ, ചാതുർവർണ്യം ഹിന്ദുസമാജത്തെ അരക്കിട്ടുറപ്പിച്ചുവെന്നല്ലേ ഗോൾവൾക്കർ വീമ്പിളക്കിയത്? ഈ മണ്ണിനോടു മുസ്ലീങ്ങൾക്കോ ക്രിസ്ത്യാനികൾക്കോ കൂറുണ്ടോ ഇല്ലയോ എന്ന് ഹിന്ദുക്കളിലെ ദളിതരടക്കമുള്ള ഭൂരിപക്ഷം പേർക്കും സംശയമില്ലെന്ന് അവരുടെ ആർ, എസ്. എസ്സിനോടുള്ള കടുത്ത അവജ്ഞതന്നെ തെളിയിക്കുന്നുണ്ട്. *മതവിശ്വാസത്തിൽ മാറ്റം വരുത്തുന്നതോടൊപ്പം രാഷ്ട്രത്തോടുള്ള അവരുടെ സ്നേഹവും ഭക്തിഭവവും വേറിട്ടുപോകുന്നു* എന്നു തീരുമാനിക്കേണ്ടത് ഇന്ത്യൻ ഭരണഘടനയിൽ വിശ്വസിക്കുകപോലും ചെയ്യാത്ത ആർ. എസ്. എസ്. കാരല്ല. ഈ ഖണ്ഡികയിൽ ഇന്ന് ഏറ്റവും പ്രസക്തിയുള്ള വാക്യം ഇതാണ്: *മറ്റു വിശ്വാസങ്ങളോട് അസഹിഷ്ണുത പുലർത്തുന്നവന് ഹിന്ദുവാകാൻ കഴിയില്ല.* ഇത് ആത്മാർഥതയോടുകൂടിയാണ് ഗോൾവൾക്കർ എഴുതിയതെങ്കിൽ, അദ്ദേഹത്തിന്റെ അനുയായികൾ ഉടനടി ആ സംഘം പിരിച്ചുവിടേണ്ടതാണ്. പശുസംരക്ഷകസേനയുടെ അസഹിഷ്ണുതയ്ക്കെതിരെ സുപ്രീം കോടതി ഇടപെടൽ തുടങ്ങി. സുപ്രീം കോടതിയുടെ ഇടപെടൽ ഒഴിവാക്കാൻ മറ്റു സംഘപരിവാരാംഗസേനകളും ഉചിതമായി പ്രവർത്തിക്കുമെന്നു കരുതുന്നു. അല്ലെങ്കിൽ ആർ. എസ്. എസ്. ഈ വാക്യം *വിചാരധാര*യിൽനിന്നെടുത്തുമാറ്റാൻ വേണ്ടതു ചെയ്യണം. അതുമല്ലെങ്കിൽ തങ്ങൾ ഹിന്ദുക്കളല്ലെന്ന് ഓരോ ആർ. എസ്. എസ്സുകാരനും പറയണം.

**മുസ്ലീങ്ങളുടെ വൈദേശികമനോഭാവം രാഷ്ട്രദ്രോഹം**

"അവിടെയും അതവസാനിക്കുന്നില്ല. നാടിന്റെ ശത്രുക്കളോട് താദാത്മ്യം പ്രാപിക്കുന്ന വികാരം അവർ വളർത്തിക്കൊണ്ടുവരികകൂടി ചെയ്യുന്നു. തങ്ങളുടെ പുണ്യസ്ഥലമായി വല്ല വിദേശത്തെയും അവർ കാണുന്നു. 'ഷെയിക്കു'കളെന്നും 'സയ്യിദു'കളെന്നും അവർ സ്വയം വിളിക്കുന്നു. ഷെയിക്കുകളും സയ്യിദുകളും അറേബ്യയിലെ ഗോത്രങ്ങളാണ്. അവരുടെ പിൻഗാമികളാണ് തങ്ങളെന്ന് ഇവർക്കു തോന്നാൻ കാരണമെന്ത്? ഈ നാടുമായുള്ള അവരുടെ ദേശീയപൈതൃകത്തോടുള്ള ബന്ധങ്ങൾ മുറിച്ചുകളഞ്ഞ് അക്രമികളായി വരുന്നവരോട് മാനസികമായി ചേർന്നുകഴിഞ്ഞതാണിതിനു കാരണം. അവരിവിടെ വന്നത് ആക്രമിച്ചു കീഴടക്കാനും അവരുടെ സാമ്രാജ്യങ്ങൾ സ്ഥാപിക്കാനും മാത്രമാണെന്നവർ ഇപ്പോഴും വിചാരിക്കുന്നു. ഇത് വെറും മതവിശ്വാസത്തിൽ മാറ്റം വരുത്തലല്ലെന്നും ദേശീയതയിൽകൂടി വരുത്തുന്ന മാറ്റമാണെന്നും ഇതിൽനിന്നു നാം കാണുന്നു. മാതൃരാഷ്ട്രത്തെ ദുരവസ്ഥയിൽ വിട്ട് ശത്രുവിന്റെ പാളയത്തോടു ചേരുന്നത് രാഷ്ട്രദ്രോഹമല്ലാതെ മറ്റെന്താണ്?" (പേജ് 197–98)

ആർ. എസ്. എസ്സിന്റെ മതന്യൂനപക്ഷങ്ങളെപ്പറ്റിയുള്ള, വിശേഷിച്ച് മുസ്ലീങ്ങളെപ്പറ്റിയുള്ള, ഈ രാഷ്ട്രദ്രോഹാപവാദപ്രചരണങ്ങൾക്കൊക്കെ ദേശാഭിമാനികളും സമഭാവനയോടെ എല്ലാ മതങ്ങളെയും കാണുന്നവരുമായ ബഹുഭൂരിപക്ഷം ഇന്ത്യക്കാർ പുല്ലുവിലപോലും കല്പിക്കില്ലെന്നു തിരിച്ചറിയാനുള്ള വിവേകം ആ സംഘത്തിനുണ്ടാവുമെന്നു കരുതാൻ അവർ ഇനിയെങ്കിലും അവസരമുണ്ടാക്കിത്തന്നാൽ അവർക്കും നാടിനും നന്ന്.

"ഏതെങ്കിലും പ്രത്യേകസ്ഥലത്തു ജനിച്ചതുകൊണ്ടോ വളർത്തപ്പെട്ടതുകൊണ്ടോ മാത്രം അതിനനുസൃതമായ മനോഭാവമില്ലെങ്കിൽ ആർക്കും അവിടെ ദേശീയന്റെ പദവി ലഭിക്കുന്നില്ല. ദേശീയതയ്ക്കു സാർവലൗകികമായി അംഗീകരിക്കപ്പെട്ടിട്ടുള്ള ഉപാധി മാനസികമായ കൂറാണ്." (പേജ് 198–99)

ഇക്കണക്കിൽ ദേശദ്രോഹപ്രവർത്തനങ്ങളായ പശുവിന്റെ പേരിലുള്ള മുസ്ലീങ്ങളുടെയും ദളിതരുടെയും കൂട്ടക്കൊലയ്ക്കും കവർച്ചയ്ക്കും ബലാത്സംഗങ്ങൾക്കും വർഗീയലഹളകൾക്കും വഴിയൊരുക്കുകയും ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിൽപോലും പങ്കെടുക്കാതിരിക്കുകയും സ്വാതന്ത്ര്യം കിട്ടിയതുപോലും അംഗീകരിക്കാതിരിക്കുകയും ദേശീയഗാനത്തെയും ദേശീയപതാകയെയും മറ്റു ദേശീയചിഹ്നങ്ങളെയും അംഗീകിക്കാൻ വിസമ്മതിക്കുകയും ചെയ്യുന്ന ദുഷ്ടശക്തിയായ ആർ. എസ്. എസ്സിന്റെ 'ദേശീയന്റെ പദവി'നിർവചനം സാർവലൗകികം പോട്ടെ, പഞ്ചായത്തുതലത്തിൽപോലും ആരും അംഗീകരിക്കാൻ പോകുന്നില്ല.

**പുനർജന്മം വേണം**

“പ്രത്യേകദേശത്ത് ഒരുമിച്ചു താമസിക്കുന്നുവെന്നതുകൊണ്ടുമാത്രം പൊതുവായ സ്വഭാവവും ഗുണങ്ങളുമുള്ള ഏകീകൃതദേശീയസമാജം രൂപം കൊള്ളുകയില്ല. പുതുതായി വന്നുചേരുന്നവർ തങ്ങളുടെ ജീവിതവീക്ഷണത്തിൽ സമ്പൂർണമായ പരിവർത്തനം വരുത്തുകയും പ്രാചീനരാഷ്ട്രപാരമ്പര്യത്തിൽ പുനർജന്മംതന്നെ സ്വീകരിക്കുകയും വേണം.” (പേജ് 199)

ഏകീകൃതദേശീയസമാജം രൂപീകരിക്കാൻ ഇനി നമ്മൾ പുനർജന്മം വരിക്കണമെന്നു പറഞ്ഞാൽ അതിന്റ ധ്വനി എന്താണ്? ഈ ജന്മത്തിൽ ഏതായാലും ഇത്തരമൊരു ഏകീകൃതദേശീയസമാജം വരില്ലെന്ന് ഗോൾവൽക്കർക്കുതന്നെ തീർച്ചയുണ്ട് എന്നല്ലേ?

“പൊതുവായ വാസസ്ഥലമോ ജനനമോ വളർച്ചയോ നമ്മുടെ ഭൂമിയിലാണെന്നതുകൊണ്ടുമാത്രം ഒരേ കൂറും ഗുണങ്ങളും ജീവിതമാതൃകയും ഇവിടത്തെ താമസക്കാരിലെല്ലാം ഉണ്ടായിക്കൊള്ളണമെന്നില്ല.” (പേജ് 199) എന്ന വാക്യത്തിലൂടെ ഉന്നം വെച്ചത് ആരെയാണെന്നു വ്യക്തമാക്കുന്നു: “അതിനാൽ നാം പറയുന്നത് ഇവിടത്തെ മുസ്ലീങ്ങളും ക്രൈസ്തവരും തങ്ങളുടെ ഇന്നത്തെ വിദേശീയമനോഭാവം ഉപേക്ഷിച്ച് പൊതുവായ രാഷ്ട്രജീവിതധാരയിൽ അലിഞ്ഞുചേരണമെന്നു മാത്രമാണ്.” (പേജ് 199)

മുസ്ലീങ്ങളുടെയും ക്രിസ്ത്യാനികളുടെയും വിദേശീയമനോഭാവം ഗോൾവൾക്കർക്ക് എങ്ങനെ മനസ്സിലായി? അവർ വിദേശങ്ങൾക്കുവേണ്ടി ചാരവൃത്തി ചെയ്ത ഏതെങ്കിലും കേസുകൾ ഉണ്ടോ? പല ഹിന്ദുക്കളുടെയും പേരിൽ ഉണ്ടുതാനും? ഇതിനെന്തു സമാധാനം പറയും? മതാടിസ്ഥാനത്തിലൊന്നുമല്ല ചാരവൃത്തി! ആർ. എസ്. എസ്സിന്റെ ഓരോ ഭാവനാവിലാസമെന്നല്ലാതെന്തു പറയാൻ!

**മുസ്ളീങ്ങളുടെയും ക്രിസ്ത്യാനികളുടെയും എണ്ണത്തിലെ വർധന**

“ഒരുപിടി മുസ്ലീങ്ങൾ മാത്രമാണിവിടെ ശത്രുക്കളും അക്രമികളുമായി വന്നതെന്ന് എല്ലാവർക്കുമറിയാം. അതുപോലെ വിദേശീയക്രൈസ്തവപാതിരിമാരും ഇവിടെ വന്നു. ഇന്നാകട്ടെ മുസ്ലീങ്ങളുടെയും ക്രൈസ്തവരുടെയും എണ്ണമിവിടെ വർധിച്ചിരിക്കുന്നു. മത്സ്യങ്ങളെപ്പോലെ പെരുകുക മാത്രമല്ല അവർ ചെയ്തത്. ഇവിടത്തെ ജനങ്ങളെ മതപരിവർത്തനം ചെയ്തു. നാം നമ്മുടെ കഴിഞ്ഞ തലമുറകളിലൂടെ പിന്നോട്ടു നോക്കുമ്പോൾ പൊതുവായ മൂലസ്വരൂപത്തിൽ ചെന്നെത്തും. അതിൽനിന്ന് അടർത്തിയെടുക്കപ്പെട്ട വിഭാഗത്തിൽ കുറേ മുസ്ലീങ്ങളും ബാക്കിയുള്ളവർ ക്രൈസ്തവരുമാവുകയാണുണ്ടായത്. അങ്ങനെ മതപരിവർത്തനം ചെയ്യപ്പെടാതെ ശേഷിച്ചവർ ഹിന്ദുക്കളായി നിലനിന്നു. എങ്ങനെയാണ് അവരെല്ലാം തങ്ങളുടെ തറവാട് വിട്ടുപോയത്? സ്വന്തം ഇഷ്ടപ്രകാരവും ഇതരമതങ്ങളുടെ മേന്മയെക്കുറിച്ചു പൂർണബോധം വന്നതുകൊണ്ടുമാണോ? അത്തരത്തിലുള്ള ഒരൊറ്റ ഉദാഹരണം പോലും ചരിത്രം രേഖപ്പെടുത്തിയിട്ടില്ല.” (പേജ് 200–201)

അന്യമതസ്ഥരെ മത്സ്യാവതാരങ്ങളാക്കിയത് അവരോട് അബോധപൂർവമായ ഭക്തിയുള്ളതുകൊണ്ടാവണം! ഈ എണ്ണം വർധിച്ചതിന്റെയൊക്കെ കണക്ക് ഏത് സെൻസസ് പ്രകാരമാണ്? ഹിന്ദുക്കളുടെ എണ്ണം എത്രകണ്ട് കുറഞ്ഞിട്ടുണ്ട്? മതപരിവർത്തനത്തിന്റെയും കൃത്യമായ കണക്ക് വെളിപ്പെടുത്തണം. *സ്വന്തം ഇഷ്ടപ്രകാരവും ഇതരമതങ്ങളുടെ മേന്മയെക്കുറിച്ചു പൂർണബോധം വന്നതുകൊണ്ടുമാണോ? അത്തരത്തിലുള്ള ഒരൊറ്റ ഉദാഹരണം പോലും ചരിത്രം രേഖപ്പെടുത്തിയിട്ടില്ല.* ഇത് ഉത്തമബോധ്യത്തോടെയാണ് പറയുന്നതെങ്കിൽ കേസ് ഫയൽ ചെയ്യണം. ബഡായി പറഞ്ഞ് ബഹുജനങ്ങളെ പറ്റിക്കരുത്.

**മതപരിവർത്തനലക്ഷ്യം**

“നേരെമറിച്ച് ജീവനിലുള്ള കൊതികൊണ്ടും അധികാരം, പദവി തുടങ്ങിയ പ്രലോഭനങ്ങൾകൊണ്ടും അധികാരസ്ഥാനത്തുള്ളവരെ അവരുടെ ആചാരങ്ങളും സമ്പ്രദായങ്ങളും ഒടുവിൽ അവരുടെ മതവിശ്വാസവും സ്വീകരിച്ചു സന്തോഷിപ്പിക്കുവാനുള്ള ആഗ്രഹംകൊണ്ടുമാണിങ്ങനെ വന്നതെന്ന് ചരിത്രം നമ്മോടു പറയുന്നു. ധാരാളം വഞ്ചനയും നടന്നിട്ടുണ്ട്. ഗോമാംസത്തിന്റെ കഷ്ണം ഗ്രാമത്തിലെ പൊതുജലാശയത്തിൽ ഇടുകയും അതറിയാത്ത ഗ്രാമീണർ ആ വെള്ളം പതിവുപോലെ ഉപയോഗിക്കുകയും ചെയ്യുന്നു. പിറ്റേന്നു രാവിലെ പാതിരിയോ മൗലവിയോ വന്നു ഗ്രാമീണരെല്ലാം അശുദ്ധമായ ജലം ഉപയോഗിച്ചതുമൂലം അവരുടെ മതത്തിൽനിന്നു ഭ്രഷ്ടരായിരിക്കുന്നുവെന്നും ഇനി അവർക്കുള്ള ഒരേയൊരു വഴി തങ്ങളുടെ കൂട്ടത്തിൽ ചേരുക മാത്രമാണെന്നും പറയുന്നു. ഈ വിധത്തിൽ ഗ്രാമങ്ങളൊട്ടാകെ ഉത്തരഭാരതത്തിൽ ഇസ്ലാം മതത്തിലേക്കും പശ്ചിമതീരത്തു ക്രിസ്തുമതത്തിലേക്കും ചേർക്കപ്പെട്ടിട്ടുണ്ട്.” (പേജ് 201)

മുൻഖണ്ഡികയിൽ ഉന്നയിച്ച നിർബന്ധമതപരിവർത്തനവാദം ഈ ഖണ്ഡികയിലൂടെ ആർ. എസ്. എസ്. നേതാവ് തിരുത്തിയിരിക്കുന്നു. ആദ്യത്തേത് കള്ളപ്രചരണമായിരുന്നുവെന്നർഥം. ഗോമാംസക്കഷ്ണോപാഖ്യാനം രസകരമായിട്ടുണ്ട്. ഖണ്ഡികയിലെ അന്തിമവാക്യത്തിന് വിശദീകരണം തരാൻ തയ്യാറുണ്ടോ? ഉത്തരഭാരതത്തിലെ ഏതേതു ഗ്രാമങ്ങളിൽ എത്രയെത്ര ജനങ്ങൾ ഗോമാംസക്കഷ്ണോപാഖ്യാനാനുസാരം ഇസ്ലാം മതത്തിൽ ചേർന്നിട്ടുണ്ട്? പശ്ചിമതീരത്ത് ക്രിസ്തുമതത്തിലേക്ക് ചേർക്കപ്പെട്ടവരെത്ര?

**ഹിന്ദുമതത്തിലേക്കു തിരിച്ചെടുക്കൽ**

"നൂറ്റാണ്ടുകളായി മതപരമായ അടിമത്തംകൊണ്ടും കഷ്ടപ്പെടുന്ന നമ്മുടെ നിസ്സഹായരായ സഹോദരന്മാരെ അവരുടെ തറവാട്ടിലേക്കു തിരികെ വിളിച്ചുകൊണ്ടുവരേണ്ടത് നമ്മുടെ കടമയാണ്. സത്യസന്ധരായ സ്വാതന്ത്ര്യ പ്രേമികളെപ്പോലെ അവർ അടിമത്തത്തിന്റെയും ആധിപത്യത്തിന്റെയും അടയാളങ്ങളെല്ലാം വലിച്ചെറിഞ്ഞുതങ്ങളുടെ പാരമ്പര്യാരാധനാരീതികളും ദേശീയജീവിതവും അനുവർത്തിക്കട്ടെ. ഏതു തരത്തിലുള്ള അടിമത്തവും നമ്മുടെ പ്രകൃതിക്കു യോജിക്കാത്തതും അതിനാൽ ഉപേക്ഷിക്കപ്പെടേണ്ടതാണ്." (പേജ് 201 –202)

ഇപ്പോൾ അവിടെയും ഇവിടെയും നിയമം കൈയിലെടുത്തുകൊണ്ട് ചില ആർ. എസ്. എസ്. ക്രിമിനലുകൾ നടത്തുന്ന 'ഘർവാപസി' പോലുള്ള അക്രമങ്ങൾ നിർത്തണം. സംഭവങ്ങൾ കോടതികളിൽ എത്തിക്കുക. കോടതികൾ അവ എങ്ങനെ പരിഹരിക്കണമെന്നു വിധിക്കട്ടെ. കള്ളസ്സന്യാസി ഗുർമിത്തിന്റെ സ്വകാര്യസേനകളെ ദിവസങ്ങളോളം ഉത്തരേന്ത്യയിലെ അഞ്ചു ജില്ലകളിൽ അക്രമവും തീവെപ്പും അഴിഞ്ഞാട്ടവും നടത്തി അരാജകത്വം വിതച്ചതുപോലെ ആവരുത്.

"രാഷ്ട്രീയ–സാമ്പത്തികരംഗങ്ങളിൽ ഹിന്ദുക്കളുടെയും മുസ്ലീങ്ങളുടെയും ക്രൈസ്തവരുടെയും മറ്റുള്ളവരുടെയും ഐക്യം നമ്മൾ നേടിക്കഴിഞ്ഞുവെന്നു പ്രഖ്യാപിക്കുന്ന ചിലയാളുകളുണ്ട്. എന്നാൽ എന്തുകൊണ്ട് ഈ ഐക്യം അവിടം കൊണ്ടവസാനിപ്പിക്കണം? എന്തുകൊണ്ട് അവരെയെല്ലാം കാണാതായ സഹോദരന്മാരെപ്പോലെ ഹിന്ദുജീവിതരീതിയിൽ, നമ്മുടെ ധർമത്തിൽ, വീണ്ടും കൂട്ടിയിണക്കിക്കൊണ്ട് ഇതിനെ കൂടുതൽ വിശാലവും സമഗ്രവുമാക്കിക്കൂടാ? രാഷ്ട്രീയവും സാമ്പത്തികവുമായ മണ്ഡലങ്ങളിലെ ഐക്യത്തെക്കുറിച്ച് പറയുന്നവരോട് നാം പറയുന്നത് നാം അവയ്ക്കുവേണ്ടി മാത്രമല്ല, സാംസ്കാരികവും മതപരവുമായ ഐക്യത്തിനുവേണ്ടിയും കൂടിയാണ് നിലകൊള്ളുന്നതെന്നാണ്. നമ്മടെ ഗൃഹങ്ങളും പവിത്രസ്ഥലങ്ങളും ക്ഷേത്രങ്ങളും യുഗങ്ങളോളം പഴക്കം ചെന്ന സംസ്കാരവും പാരമ്പര്യവുമെല്ലാം അവർക്കായി നാം തുറന്നുവെച്ചിരിക്കുന്നു. കൂടുതൽ വിശാലമായ വീക്ഷണം ഇതാണെന്നതിനു സംശയമില്ല." (പേജ് 203)

രാഷ്ട്രീയ–സാമ്പത്തികരംഗങ്ങളിൽ ഹിന്ദു–മുസ്ലീം–ക്രിസ്ത്യനൈക്യം നേടിയാൽ മുസ്ലീങ്ങളും ക്രിസ്ത്യാനികളുംകൂടി ഹിന്ദുക്കളാവണമെന്ന് ഭരണഘടന അനുശാസിക്കുന്നുണ്ടോ? ഹിന്ദുക്കൾക്ക് മുസ്ലീങ്ങളോ ക്രിസ്ത്യാനികളോ ആവുകയും ചെയ്യാമല്ലോ. സ്വകാര്യതയെക്കുറിച്ചുള്ള സുപ്രീംകോടതിയുടെ ഈയിടത്തെ ഒമ്പതംഗഭരണഘടനാബഞ്ചിന്റെ വിധിയനുസരിച്ച് അവനവന്റെ ഇഷ്ടംപോലെ ചെയ്യട്ടെ.

**പരാക്രമവാദത്തിന്റെ പുനരുജ്ജീവനം – ആത്മസാത്കരണം വേണം**

"നാം വീണ്ടും പരാക്രമവാദത്തെ പുനരുജ്ജീവിപ്പിക്കണം. അതിനായി ഇവിടെ താമസിക്കുന്ന അഹിന്ദുവിനു രാഷ്ട്രധർമവും (രാഷ്ട്രത്തോടുള്ള ഉത്തരവാദിത്തം) സമാജധർമവും (സമാജത്തോടുള്ള കടമ) കുലധർമവവും (പൂർവികന്മാരോടുള്ള കടമ) ഉണ്ടെന്നും വ്യക്തിധർമത്തിൽ മാത്രം തന്റെ ആധ്യാത്മികപ്രേരണയെ തൃപ്തിപ്പെടുത്തുന്ന ഏതു മാർഗവും സ്വീകരിക്കാവുന്നതാണെന്നും നാം വ്യക്തമാക്കണം. അങ്ങനെ സമാജജീവിതത്തിന്റെ ഈ വിവിധകർത്തവ്യങ്ങൾ നിറവേറ്റിയതിനുശേഷം വല്ലയാളും ഖുറാനോ ബൈബിളോ താൻ പഠിച്ചിട്ടുണ്ടെന്നും അതിലെ ആരാധനാരീതി തന്റെ ഹൃദയത്തിന് ആനന്ദം തരുന്നുവെന്നും അതിൽകൂടി തനിക്കു കൂടുതൽ നല്ല നിലയിൽ പ്രാർഥിക്കാൻ കഴിയുമെന്നും പറയുകയാണെങ്കിൽ നമുക്കു യാതൊരെതിർപ്പുമില്ല. അതുവഴി അയാൾക്കു തന്റെ വ്യക്തിജീവിതത്തിന്റെ ഒരു ഭാഗം സ്വന്തം ഇഷ്ടാനുസാരിയാക്കിത്തീർക്കാം. ബാക്കി ഭാഗത്തെ സംബന്ധിച്ചിടത്തോളം ദേശീയപ്രവാഹവുമായി ഏകാത്മകത്വം ഉണ്ടായിരിക്കണം. അതാണ് ശരിയായ ആത്മസാത്കരണം." (പേജ് 204–205)

പരാക്രമവാദം (!) പുനരുജ്ജീവിപ്പിച്ചാലേ അതിനുശേഷം പറഞ്ഞ, *സ്വന്തം ഇഷ്ടാനുസാരിയാക്കിത്തീർക്കാം* എന്നുവരെയുള്ള ഭാഗം നടപ്പാക്കാനാവൂ എന്നില്ലല്ലോ. *ബാക്കി ഭാഗത്തെ സംബന്ധിച്ചിടത്തോളം ദേശീയപ്രവാഹവുമായി ഏകാത്മകത്വം ഉണ്ടായിരിക്കണം. അതാണ് ശരിയായ ആത്മസാത്കരണം* എന്ന അന്തിമവാക്യങ്ങളിൽ പരാമർശിക്കപ്പെട്ട ഏകാത്മകത്വും ആത്മസാത്കരണവും ആർ. എസ്. എസ്സിന്റെ നിഗൂഢപരിപാടിയാണ്. അവിടെ നിർബന്ധത്തിന്റെ അംശമുള്ളതുകൊണ്ട് ഒട്ടും പ്രോത്സാഹനീയമല്ല. അതുകൊണ്ടുതന്നെ ചെറുത്തുതോല്പിക്കപ്പെടേണ്ടതുമാണ്..

**ഹിന്ദുദേശീയത ദേശീയമഹാസൗധത്തിന്റെ അടിത്തറ**

"നമ്മുടെ ദേശീയജീവിതത്തെ ഏകീകൃതവും ഉയിർത്തെഴുന്നേൽക്കുന്നതും തേജസ്വിയുമാക്കിത്തീർക്കുന്ന ജീവചൈതന്യത്തിന്റെ വറ്റാത്ത ഉറവിടം എന്താണ്? ഒന്നാമതായി, സ്മരണാതീതകാലം മുതൽ നാം നമ്മുടെ പവിത്രമാതൃഭൂമിയായി കരുതിപ്പോന്ന ഈ ഭൂമിയോടുള്ള ഉജ്ജ്വലമായ ഭക്തിഭാവത്തിന്റെ വികാരം. രണ്ടാമതായി, ആ മാഹാത്മ്യമിയന്ന മാതാവിന്റെ മക്കളാണ് നാമെല്ലാമെന്ന ബോധത്തിൽനിന്നു ജനിച്ച സമഭാവനയുടെയും സാഹോദര്യത്തിന്റെയും വികാരം. മൂന്നാമതായി, പൊതുവായ സംസ്കാരത്തിൽനിന്നും പൈതൃകത്തിൽനിന്നും പൊതുവായ ആദർശങ്ങളിൽനിന്നും അഭിലാഷങ്ങളിൽനിന്നും ജന്യമായ പൊതുവായ ദേശീ

യജീവിതധാരയെ സംബന്ധിച്ച ഉത്കടമായ ബോധം. ഈ മൂല്യത്രയമാണ്, അഥവാ ഒറ്റവാക്കിൽ, ഹിന്ദുദേശീയതയാണ് നമ്മുടെ ദേശീയമഹാസൗധത്തിന്റെ അടിത്തറയായി നിൽക്കുന്നത്." (പേജ് 206–207)

എല്ലാവരും ആർ. എസ്. എസ്സുകാരാവണമെന്നല്ലേ ഇതിന്റെ പച്ചമലയാളം? ദേശീയത അംഗീകരിക്കണമെന്നു പറഞ്ഞാൽ മനസ്സിലാക്കാം. അത് ഇന്ത്യക്കാർക്ക് ഉണ്ടാവും. ഹിന്ദുദേശീയത അംഗീകരിക്കാൻ ഹിന്ദുക്കളിൽത്തന്നെ മനുഷ്യസ്നേഹികളും ദേശാഭിമാനികളും മാതൃഭൂമിയോട് ആദരവുള്ളവരുമായ ബഹുഭൂരിപക്ഷത്തിനും സാധ്യമല്ല. കാരണം അവർ മതനിരപേക്ഷതയിലും മതമൈത്രിയിലും വിശ്വസിക്കുന്നു; അവ ശക്തിപ്പെടണമെന്ന് ആഗ്രഹിക്കുന്നു. ഇന്ത്യയിൽ ജനാധിപത്യം നിലനിൽക്കണമെന്നാഗ്രഹിക്കുന്നു.

**ക്രിസ്ത്യാനികളുടെ ദുഷ്പ്രചാരണം**

"ഇന്നും ഇതേ വഞ്ചനാപരമായ ഉപദേശമാണ് ഇവിടെ ക്രിസ്ത്യൻ കോൺവെന്റുകളിൽ ഇളം മനസ്സിൽ അടിച്ചേല്പിക്കുന്നത്. യേശുക്രിസ്തുവല്ലാതെ യഥാർഥരക്ഷകനില്ലെന്നും ഹിന്ദുമതം ഒരുകൂട്ടം അന്ധവിശ്വാസങ്ങൾ മാത്രമാണെന്നും ക്രിസ്തുമതം സ്വീകരിക്കാത്തപക്ഷം അവർക്കെല്ലാം നിത്യനരകമായിരിക്കും ഫലമെന്നും മറ്റും പ്രചരിപ്പിക്കുന്നു." (പേജ് 212)

ഇതു തെറ്റാണെങ്കിൽ ഇതേ തെറ്റാണ്, ഇതേ വഞ്ചനയാണ്, ഗോൾവൾക്കറും ഹിന്ദുത്വത്തിന്റെ പേരിൽ പ്രചരിപ്പിക്കുന്നത്. രണ്ടും നമ്മുടെ ഭരണഘടനയുടെ അന്തഃസത്തയ്ക്കു നിരക്കുന്നതല്ല.

**ഭൂപരമായ ദേശീയത പൊതുവിപത്ത്**

"ഭൂപരമായ ദേശീയതയുടെയും പൊതുവിപത്തിന്റെയും ഈ സിദ്ധാന്തങ്ങൾ നമ്മുടെ ദേശീയതയെക്കുറിച്ചുള്ള സങ്കല്പത്തെ അടിസ്ഥാനമാക്കിയതിന്റെ ഫലമായി ഭാവാത്മകവും പ്രചോദനമരുളുന്നതുമായ യഥാർഥഹിന്ദുദേശീയതയുടെ അന്തഃസത്ത നിഷേധിക്കപ്പെടുകയും പല സ്വാതന്ത്ര്യപ്രസ്ഥാനങ്ങളും ഫലത്തിൽ ബ്രിട്ടീഷ് വിരുദ്ധപ്രസ്ഥാനങ്ങൾ മാത്രമായിത്തീരുകയും ചെയ്തു. നമ്മുടെ സ്വാതന്ത്ര്യസമരത്തിന്റെ ഗതിക്രമത്തിലും അതിന്റെ നേതാക്കന്മാരിലും ജനസാമാന്യത്തിലുമെല്ലാം ഈ പ്രതിക്രിയാത്മകവീക്ഷണത്തിന്റെ വിനാശകരമായ പ്രത്യാഘാതങ്ങൾ ഉണ്ടാവുകയും ചെയ്തു." (പേജ് 215)

ആർ. എസ്. എസ്സിന്റെ പ്രത്യയശാസ്ത്രം ഇവിടെ വ്യക്തമായി കാണാം. ഇന്ത്യൻ ദേശീയസ്വാതന്ത്ര്യസമരം ബ്രിട്ടീഷ് വിരുദ്ധപ്രസ്ഥാനമായതുകൊണ്ട് ആർ. എസ്. എസ്. അതിൽ സഹകരിച്ചില്ല. ബ്രിട്ടൻ ഇവിടെ തുടരുന്നതിന് ആർ. എസ്. എസ്സിന് എതിർപ്പുണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ, സ്വാതന്ത്ര്യസമരത്തിലും സംഘം പങ്കെടുത്തില്ല; സ്വാഭാവികമായും സ്വാതന്ത്ര്യത്തെയും അത് അംഗീകരിച്ചില്ല. അതിന്റെ ദോഷമാണ് തുടർന്നു പറയുന്നത്.

ഈ പ്രത്യാഘാതങ്ങൾ കൂടുതൽ വിവരിക്കുന്നു: "നമ്മുടെ സ്വാതന്ത്ര്യത്തിന്റെ ഭക്തന്മാരായി ആരംഭിച്ചവർ കമ്യൂണിസത്തിന്റെയും റഷ്യയുടെയും ചൈനയുടെയും ഭക്തന്മാരായി മാറിയെന്നതാണ് അതിന്റെ ഫലം. നമ്മുടെ രാജ്യത്തെ നമ്മിൽനിന്നു വിമുക്തമാക്കി റഷ്യയുടെയോ ചൈനയുടെയോ ഉപഗ്രഹമാക്കിത്തീർക്കാനായി അത്രതന്നെ ഇഷ്ടപ്പെടുന്നതായാണു നാം കാണുന്നത്. ഒരു കാലത്ത് അത്യുജ്ജ്വലമായ രീതിയിൽ സ്വദേശഭക്തന്മാരായിരുന്നവർ അതേ തീവ്രതരമായ വിധത്തിൽ പരദേശഭക്തന്മാരായിത്തീർന്നിരിക്കുന്നു. എന്തധഃപതനം!" (പേജ് 217)

സ്വാതന്ത്ര്യസമരത്തിൽ നോക്കുകുത്തികളായി മാത്രം നിന്നവർക്ക് സ്വാതന്ത്ര്യസമരത്തിൽ ആകണ്ഠം മുഴുകി സ്വാതന്ത്ര്യം കിട്ടാൻ പ്രയത്നിച്ചവരെപ്പറ്റി എന്തപവാദമാണ് പറഞ്ഞുകൂടാത്തത്? കമ്യൂണിസ്റ്റുകാർ പരദേശഭക്തന്മാരാണത്രേ! നെഹ്റുവിനെയും കൃഷ്ണമേനോനെപ്പറ്റിയും ഇവർ – അമേരിക്കയുടെയും ഇസ്രായേലിന്റെയും ഭക്തന്മാർ – ഇതുതന്നെയാണ് പറഞ്ഞത്.

**കോൺഗ്രസ്സിനെക്കുറിച്ചുള്ള വിമർശനം**

"കോൺഗ്രസ് നയിച്ച പ്രസ്ഥാനം രാഷ്ട്രത്തിന് കൂടുതൽ വിനാശകരവും തരം താഴ്ത്തുന്നതുമായ ഫലങ്ങളാണ് കൈവരുത്തിയത്. കഴിഞ്ഞ കുറേ ദശകങ്ങളായി നമ്മുടെ രാജ്യത്തെ ബാധിച്ചതും ദേശീയജീവിതത്തെ കാർന്നുതിന്നുന്നതുമായ ദുരന്തങ്ങളും ദൂഷ്യങ്ങളുമെല്ലാം അതിന്റെ നേരിട്ടുള്ള ഫലങ്ങളാണ്." (പേജ് 217)

കോൺഗ്രസ്സിനെ എന്തിന്റെ പേരിലാണ് വിമർശിക്കുന്നതെന്നുപോലും ഗോൾവൾക്കർക്ക് പറയാൻ കഴിയുന്നില്ല. ഒരു സംഘടനയ്ക്ക് ഇത്രയധികം ആശയദാരിദ്ര്യമുണ്ടെന്നു സ്വയം വെളിപ്പെടുത്തപ്പെടുന്ന സന്ദർഭങ്ങൾ ഉണ്ടാവില്ല.

"ഇതെല്ലാം പരാജയപ്പെട്ടപ്പോൾ കുറഞ്ഞപക്ഷം ബ്രിട്ടീഷുകാർക്കെതിരായി ഇവിടെ താമസിക്കുന്ന എല്ലാവരു

ടെയും മുന്നണി രൂപീകരിക്കുകയെങ്കിലും വേണമെന്നു കോൺഗ്രസ് നേതാക്കൾ തീർച്ചപ്പെടുത്തി. അതും ദേശീയതയെ സംബന്ധിച്ച് അവരുടെ സങ്കല്പത്തിനു നിരക്കുന്ന വിധത്തിലായിരുന്നു. ഹിന്ദുജനതയ്ക്കു പുറമെ ജൂതന്മാർ, പാഴ്സികൾ, ക്രൈസ്തവർ, മുസ്ലീങ്ങൾ എന്നീ നാലു സമുദായക്കാർ ഇവിടെ താമസിക്കുന്നുണ്ടായിരുന്നു." (പേജ് 218)

കോൺഗ്രസ്സിനെ എന്തിനു കൊള്ളാം? ദേശീയമുന്നണി രൂപീകരിക്കാൻ ഹിന്ദുക്കളെയല്ലാതെ ജൂതന്മാരെയും പാഴ്സികളെയും ക്രൈസ്തവരെയും മുസ്ലീങ്ങളെയും എന്തിനാണ് വിളിച്ചത്? ഈ നാലു സമുദായക്കാരും ഇവിടെ താമസിക്കുന്നവരായതുകൊണ്ടും ഇന്ത്യൻ ദേശീയത ഇവരെല്ലാവരുടെയുംകൂടിയായതുകൊണ്ടുമാണെന്നു പറഞ്ഞാൽ (ഇത് ഗോൾവൾക്കർക്ക് അറിയാത്തതുകൊണ്ടല്ല; ഹിന്ദുദേശീയതാഭ്രാന്ത് അത്രമേൽ തലയ്ക്ക് പിടിച്ചിരിക്കുന്നു എന്നു കരുതിയാൽ മതി.) ഹിന്ദുദേശീയതയാണ് ഇന്ത്യൻ ദേശീയത എന്ന ദേശവിരുദ്ധമായ പിടിവാശിയിൽത്തന്നെ ആർ. എസ്. എസ്. നേതാവ് ഉറച്ചുനിൽക്കും!

**പാഴ്സികളും ജൂതന്മാരും**

"പിന്നെ ഇവിടെ അഭയാർഥികളായി വന്ന ജൂതന്മാരും പാഴ്സികളുമുണ്ട്. ജൂതന്മാർ എണ്ണത്തിൽ വളരെ കുറവായിരുന്നതിനാൽ അവഗണിക്കപ്പെട്ടു. പാഴ്സികൾ എണ്ണത്തിൽ കുറവായിരുന്നുവെങ്കിലും വളരെ ബുദ്ധിമാന്മാരും അധ്വാനശീലരും ഐശ്വര്യവാന്മാരുമായ ആളുകളുടെ സമൂഹമായിരുന്നു. പക്ഷേ, വലിയൊരു പരിധി വരെ അവർ ഇവിടത്തെ ഹിന്ദുജീവിതരീതിയുടെ മുഖ്യപ്രവാഹത്തിൽ ചേർന്നുകഴിഞ്ഞിരുന്നു. അവർ മാതൃഭൂമിയോട് അത്യുത്കടമായ ഭക്തിഭാവം വളർത്തുകയും സ്വാതന്ത്ര്യസമരത്തിന്റെ മുന്നണിയിൽ നിൽക്കുകയും ചെയ്തിട്ടുണ്ട്. ദാദാബായ് നവറോജി, ഫിറോസ്ഷാ മേത്ത, മാഡം കാമ തുടങ്ങിയവർ എല്ലാ സ്വാതന്ത്ര്യസമരപ്പോരാളികൾക്കും പ്രചോദനത്തിന്റെ പ്രതീകങ്ങളായി ശോഭിച്ചു." (പേജ് 219)

എങ്കിൽ പാഴ്സികളെക്കൂടി ആർ. എസ്. എസ്സിൽ ചേർക്കാമായിരുന്നു. ഓ! 'അറയ്ക്കൽ കെട്ടാൻ ബീവിയുടെ സമ്മതംകൂടി വേണമല്ലോ!' ജൂതന്മാരെ എതിർക്കാൻ പാഴ്സികളെ പുകഴ്ത്തുന്നത് ആവശ്യമെന്നു തോന്നിയിരിക്കാം!

**ക്രൈസ്തവരെക്കുറിച്ചുള്ള വിമർശനം**

"വിശാലമായ കാട്ടുപ്രദേശങ്ങളും കുന്നിൻപ്രദേശങ്ങളും പ്രത്യേകം തിരഞ്ഞെടുത്ത് (ഉദാഹരണമായി ഛോട്ടാനാഗ്പൂർ പ്രദേശവും നാഗാപ്രദേശവും) അവിടേക്കു പാതിരിമാരെ മാത്രം അയയ്ക്കുകയും ഇതരമതപ്രചാരകന്മാർക്ക് അവയുടെ അതിർത്തിക്കുള്ളിലേക്കു പ്രവേശനം നിഷേധിക്കുകയും ചെയ്തു. പ്രാദേശികക്രൈസ്തവരും ക്രൈസ്തവമിഷനുകളും ബ്രിട്ടീഷ് ഗവണ്മെന്റും തമ്മിൽ സ്വാഭാവികമായും ഒത്തിണങ്ങി പ്രവർത്തിച്ചിരുന്നു. അതിനാൽ സാമാന്യമായി ക്രൈസ്തവർ സ്വാതന്ത്ര്യസമരത്തിൽനിന്നു സ്വയം അകന്നുനിന്നിരുന്നു." (പേജ് 219)

ഹിന്ദുക്കളും മുസ്ളീങ്ങളും പാഴ്സികളും ജൂതന്മാരും 'അപേക്ഷ കൊടു'ത്തിട്ടും പാതിരിമാരെ മാത്രം പ്രവേശിപ്പിച്ചത് പക്ഷപാതപരമായിപ്പോയി. ആർ. എസ്. എസ്സിന്റെ സ്വന്തക്കാരായ ബ്രിട്ടീഷ് ഗവണ്മെന്റ് എന്താണീ കടുംകൈ ചെയ്തത്? അക്കാമ്മ ചെറിയാൻ, സാമുവൽ ആറോൺ, സി. എഫ്. ആൻഡ്രൂസ്, ആനി ബസന്റ് മുതലായ സ്വാതന്ത്ര്യസമരസേനാനികളെപ്പറ്റി കേട്ടവർക്ക് ക്രൈസ്തവർ സ്വാതന്ത്ര്യസമരത്തിൽനിന്ന് അകന്നുനിന്നുവെന്നു ഗോൾവൾക്കർ കാച്ചിവിടുമ്പോൾ അദ്ദേഹത്തിന്റെ സ്വാതന്ത്ര്യസമരചരിത്രവിജ്ഞാനമോർത്ത് മൂക്കത്ത് വിരൽ വെക്കും!

**മുസ്ലീങ്ങളെക്കുറിച്ചുള്ള വിമർശനം**

"അടുത്തത് മുസ്ലീങ്ങളുടെ പ്രശ്നമാണ്. അവർ അക്രമികളായിട്ടാണ് ഇവിടെ വന്നത്. കഴിഞ്ഞ ആയിരത്തിരുന്നൂറു വർഷങ്ങളായി അവർ ജേതാക്കളും ഭരണാധികാരികളുമായി സ്വയം കരുതുകയായിരുന്നു. ആ വിചാരം ഇന്നും അവരുടെ മനസ്സിലുണ്ട്. അവരുടെ വിരോധം രാഷ്ട്രീയമായതു മാത്രമല്ലെന്നു ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. അങ്ങനെയായിരുന്നുവെങ്കിൽ കുറഞ്ഞ സമയം കൊണ്ട് അവരെ വശത്താക്കാമായിരുന്നേനേ. എന്നാൽ നാം വിശ്വസിക്കുന്ന എന്തിനോടും അവർക്കു വിരോധം തോന്നത്തക്കവണ്ണം അത്ര രൂക്ഷമായിരുന്നു അത്. നാം ക്ഷേത്രങ്ങളിൽ ആരാധന നടത്തുമെങ്കിൽ അവർ ക്ഷേത്രം നശിപ്പിക്കും. നാം ഭജനയും രഥോത്സവവും നടത്തിയാൽ അതെല്ലാം അവരെ രോഷാകുലരാക്കും. നാം പശുവിനെ പൂജിച്ചാൽ അവർ അതിനെ കൊന്നു തിന്നും. നാം സ്ത്രീയെ പരിപാവനമായ മാതൃത്വത്തിന്റെ പ്രതീകമായി വാഴ്ത്തിയാൽ അവർക്ക് ആ സ്ത്രീയെ മാനഭംഗപ്പെടുത്താനാണിഷ്ടം. മതപരവും സാംസ്കാരികവും സാമൂഹ്യവുമായ എല്ലാ വശങ്ങളിലും നമ്മുടെ ജീവിതരീതിയുടെ നേരെ പല്ലും നഖവുമുപയോഗിച്ച് എതിർപ്പാണവർക്ക്. ഏറ്റവും ഉൾത്തട്ടുവരെ ഈ വിദ്വേഷം അവർ ഉൾക്കൊള്ളുന്നു. അവരുടെ എണ്ണവും കുറച്ചൊന്നുമായിരുന്നില്ല." (പേജ് 219–20)

ആർ. എസ്. എസ്സിന്റെ ഇത്തരം വിഷം വമിക്കുന്ന മുസ്ലീം വിരുദ്ധവാക്കുകൾ, ഓണം–ബക്രീദ് ചന്തകൾ കേരള

ത്തിന്റെ ഓരോ മുക്കിലും മൂലയിലും കണ്ടുകൊണ്ടിരിക്കുന്ന നമുക്ക് ദഹിക്കാൻ വളരെ പ്രയാസമാണ്. ഹിന്ദുവിന്റെ വിപരീതപദമായി മുസ്ലീമിനെ അവതരിപ്പിക്കുന്ന ഈ ആർ. എസ്. എസ്. ശൈലി വർഗീയലഹളകൾക്ക് വഴിമരുന്നിടാനേ സഹായിക്കൂ. ഹിന്ദു–മുസ്ലീം മൈത്രിയുടെ പ്രതീകങ്ങളായ എത്രയോ ക്ഷേത്രങ്ങളും കാവുകളും കോട്ടങ്ങളും പള്ളിയറകളും ഉള്ളതു കാണാനുള്ള കണ്ണ് ആർ. എസ്. എസ്സിനില്ല. വർഗീയലഹളകളുണ്ടാക്കുക ലക്ഷ്യമാക്കി ആർ. എസ്. എസ്സുകാരുടെ നേതൃത്വത്തിൽ പള്ളികൾക്കു മുൻപിലൂടെ ഭജനകളും രഥോത്സവങ്ങളും നടത്തുന്നതുകൊണ്ടാണ് സംഘട്ടനങ്ങളുണ്ടാകുന്നത്. യജ്ഞപശുവിനെ ശ്വാസം മുട്ടിച്ചു കൊല്ലുകയും അതിന്റെ വപ(കരൾ) ഹോമിച്ച് ബ്രാഹ്മണർ ഭുജിക്കുകയും വേദകാലം മുതലേ പതിവായിരുന്നു. അതിനും എത്രയോ ശേഷമാണ് മുസ്ലീങ്ങൾ ഇന്ത്യയിൽ വരുന്നതും പശുമാംസം കഴിക്കുന്നതും. അവർണരും ദളിതരും ആദിവാസികളുമായ ബഹുഭൂരിപക്ഷം ഹിന്ദുക്കളും പശുമാംസം ഭക്ഷിക്കുന്നവരാണ്. സവർണഹിന്ദുക്കൾ മാത്രമാണ് ഗോൾവൾക്കർക്ക് 'ഹിന്ദു'ക്കൾ. സ്ത്രീകളെ മാനഭംഗപ്പെടുത്തിയ കേസുകൾ ഹിന്ദുക്രിമിനലുകളുടെ പേരിൽ ഒട്ടും കുറവല്ല. ഇതൊക്കെയാണ് വസ്തുതകളെന്നിരിക്കെ, മുസ്ലീം വിദ്വേഷം വളർത്തുന്ന കെട്ടകഥകൾ പടച്ചുവിടുകയാണ് ആർ. എസ്. എസ്സുകാർ.

"എന്നാൽ വീറോടെ പോരാടുന്ന മുസ്ലീമിനോട് അവന്റെ പൂർവികന്മാർ ഹിന്ദുക്കളായിരുന്നുവെന്നും ആത്മാഭിമാനമുള്ള മനുഷ്യനെന്ന നിലയിൽ ഹിന്ദുത്വത്തിലേക്കു തിരിച്ചുവരണമെന്നും മുഗൾഭരണകാലത്തെ ആക്രമണഭാവമുപേക്ഷിച്ച് ആധുനികനൂറ്റാണ്ടിന്റെ യാഥാർഥ്യങ്ങളുടെ നേരെ കണ്ണു തുറന്ന് ദേശീയജീവിതപ്രവാഹത്തിൽ അലിഞ്ഞുചേരണമെന്നുമൊക്കെ പറയുവാൻ, സത്യത്തിന്റെ മേന്മയിൽ ഇളകാത്ത വിശ്വാസവും പരിതസ്ഥിതിയുടെ കടുത്ത യാഥാർഥ്യങ്ങളെ നേരിടാൻ, വഴങ്ങാത്ത ധൈര്യവും ആവശ്യമാണ്. എന്നാൽ നിർഭാഗ്യവശാൽ ഈ രണ്ടു ഗുണങ്ങളും – സത്യത്തിനു നേരെ വിട്ടുവീഴ്ച്ചയില്ലാത്ത സ്നേഹവും നിർഭയത്വവും – അക്കാലത്തെ നേതൃസ്ഥാനം വഹിച്ച വ്യക്തികളിൽ ഉണ്ടായിരുന്നില്ല." (പേജ് 220)

സത്യസ്നേഹവും നിർഭയത്വവും, ജനസംഖ്യാനുപാതികമായി നോക്കിയാൽ, ഹിന്ദുക്കളേക്കാൾ മുസ്ലീങ്ങൾക്കാണെന്ന് ആർക്കാണറിയാത്തത്? എന്നിട്ടും, മുസ്ലീങ്ങളുടെ പൂർവികർ ഹിന്ദുക്കളാണെന്ന കാരണം പറഞ്ഞ് മുസ്ലീങ്ങൾ ഹിന്ദുജീവിതരീതി ശീലിക്കണമെന്നു പറയാൻ അസാമാന്യമായ തൊലിക്കട്ടിതന്നെ വേണം. അത് ആർ. എസ്. എസ്. നേതാവിന് ഒട്ടും കുറവല്ലല്ലോ! ഗൾഫ് രാജ്യങ്ങളിൽ പണിയെടുക്കുന്ന ഹിന്ദുക്കൾ മുസ്ലീങ്ങളായി മാറണമെന്നു പറയാനുള്ള 'സത്യസ്നേഹവും നിർഭയത്വവും' ആർ. എസ്. എസ്സുകാർ കാണിക്കുമോ?

"തികഞ്ഞ മുസ്ലീം ഭക്തനും മഹാത്മാഗാന്ധിയുടെ 'വലംകൈ'യായി അറിയപ്പെട്ടിരുന്ന ദേഹവുമായ മൗലാനാ മുഹമ്മദാലിയുടെ പ്രസിദ്ധമായ ഉദാഹരണം നമ്മുടെ മുമ്പാകെയുണ്ട്. 1923–ൽ കോൺഗ്രസ്സിന്റെ കാക്കിനഡാ സമ്മേളനത്തിന്റെ അധ്യക്ഷനായി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടിരുന്നു. സുപ്രസിദ്ധഗായകനും ദേശഭക്തനുമായ പണ്ഡിറ്റ് വിഷ്ണു ദിഗംബർ പുലസ്കർ ദേശീയഗീതമായ വന്ദേ മാതരം പാടാൻ അവിടെ വന്നിരുന്നു. സമ്മേളനാരംഭത്തിൽ വന്ദേമാതരം പാടാൻ അദ്ദേഹം മുന്നോട്ടു വന്നപ്പോൾ 'പാടില്ല, നിങ്ങൾ ആ ഗാനം പാടരുത്. കാരണം അത് ഞങ്ങളുടെ മതത്തിന്റെ ഭാവത്തിന് വിരുദ്ധമായിട്ടുള്ളതാണ്.' എന്നു പറഞ്ഞുകൊണ്ട് മൗലാനാസാഹേബ് അദ്ദേഹത്തെ തടഞ്ഞു. എന്നാൽ ദൃഢചിത്തനായിരുന്ന ദിഗംബർ വഴങ്ങിക്കൊടുത്തില്ല. താൻ അതിനുവേണ്ടിയാണ് വന്നതെന്നും താൻ ആ കൃത്യം നിർവഹിക്കുകതന്നെ ചെയ്യുമെന്നും പറഞ്ഞു. കോപാക്രാന്തനായ മൗലാനാസാഹേബ് സ്ഥലം വിടുകയും ദേശീയഗീതം ആലപിച്ചുതീരുന്നതുവരെ പുറത്തു നിൽക്കുകയും ചെയ്തു! ജനാബ്, ഇതാണ് നമ്മുടെ ദേശീയഗീതം. ദേശീയകോൺഗ്രസ്സിന്റെ അധ്യക്ഷനായിരിക്കെ, അത് പാടുന്നതിനെ താങ്കൾ എതിർക്കാൻ പാടില്ല. രാഷ്ട്രസ്നേഹത്തിന്റെ മാർഗത്തിൽ മറ്റു പരിഗണനകൾ വരാൻ താങ്കളനുവദിക്കരുത്." (പേജ് 221–222)

ഇസ്ലാം മതത്തിലേക്കു മാറിയ ഹിന്ദുവിനോട് ഒരു മുസ്ലീം ഇങ്ങനെ ചോദിച്ചാൽ ഹിന്ദു എങ്ങനെയാണ് മറുപടി പറയുക എന്ന് ഗോൾവൾക്കർ ആലോചിച്ചിട്ടുണ്ടോ? *സത്യത്തിനു നേരെ വിട്ടുവീഴ്ച്ചയില്ലാത്ത സ്നേഹവും നിർഭയത്വവും* ഹിന്ദുവിനേക്കാൾ മുസ്ലീമിനാണുണ്ടാവുക എന്നത് നമുക്ക് അനുഭവസിദ്ധമാണ്. മൗലാനാ മുഹമ്മദലിയുടെ ഉദാഹരണകഥയിൽ നിർമത്സരനായ ഒരാൾക്ക് മുഹമ്മദലിയുടെ കറ കളഞ്ഞ മതഭക്തിയോടല്ല, പണ്ഡിറ്റ് വിഷ്ണുദിഗംബർ പുലസ്കറുടെ അഹങ്കാരകലുഷിതമായ വാക്കുകളോടാണ് നീരസം തോന്നുക.

"ഇപ്രകാരം കലർപ്പില്ലാത്ത ദേശീയതയുടെ നിലപാടിലൂടെ മുസ്ലീം ധാർഷ്ട്യത്തെ അഭിമുഖീകരിക്കാൻ ഇച്ഛാശക്തിയും ദൃഢനിശ്ചയവും നമ്മുടെ നേതാക്കളിൽ തീരെ ഇല്ലാതിരുന്നതിനാൽ മുസ്ലീം പ്രീണനത്തിന്റെ വിത്തുകൾ വിതയ്ക്കപ്പെട്ടു... അവരുടെ ആദ്യത്തെ ഉപദേശം മുസ്ലീങ്ങൾക്കിഷ്ടപ്പെട്ടില്ലെന്ന കാരണത്താൽ നമ്മുടെ ദേശീയതയെ ഹിന്ദുവെന്നു വിളിക്കരുതെന്നും നമ്മുടെ ഭൂവിഭാഗത്തെപ്പോലും അതിന്റെ പരമ്പരാഗതമായ ഹിന്ദുസ്ഥാനമെന്ന പേരിട്ടു വിളിക്കരുതെന്നുമായിരുന്നു. ബ്രിട്ടീഷുകാർ നൽകിയ 'ഇന്ത്യ' എന്ന പേർ സ്വീകരിക്കപ്പെട്ടു. അതുവഴി പുതിയ രാഷ്ട്രത്തെ 'ഇന്ത്യൻ രാഷ്ട്രം' എന്നു വിളിച്ചു. ഹിന്ദുവിനോട് തന്റെ പേർ ഇന്ത്യൻ എന്നാക്കി മാറ്റുവാനും ആവശ്യപ്പെട്ടു." (പേജ് 222)

പണ്ഡിറ്റ് വിഷ്ണുദിഗംബർ പുലസ്കറുടെ അഹങ്കാരകലുഷിതമായ ഈ വാക്കുകളെ കലർപ്പില്ലാത്ത ദേശീയതയായി വാഴ്ത്തുന്ന ഗോൾവൾക്കറുടെ 'ഹിന്ദുസ്ഥാന'ത്തോടുള്ള ബഹുമാനാതിരേകത്തെയും ഇന്ത്യൻ രാഷ്ട

ത്തോട് അഥവാ ഇന്ത്യയോട് കാണിക്കുന്ന വെറുപ്പിനെയും അഭിനന്ദിക്കാൻ ആർ. എസ്. എസ്സുകാരിൽത്തന്നെ അധികം പേരുണ്ടാകുമോ എന്നു സംശയമാണ്. ഹിന്ദുദേശീയതയെന്നു വിളിക്കുന്നത് മതനിരപേക്ഷതയിലും ജനാധിപത്യത്തിലുമുള്ള വിശ്വാസത്തിന്നെതിരാണ്. അഹിന്ദുക്കളായ ഇന്ത്യക്കാരുടെ ദേശീയത അതിലൂടെ ചോദ്യം ചെയ്യപ്പെടുകയാണ്. ഹിന്ദുദേശീയത എന്ന പ്രയോഗം ഭരണഘടന അനുവദിക്കുമോ?

**കോൺഗ്രസ്സിന്റെ മുസ്ലീം പ്രീണനം**

"നേതാക്കളുടെ പ്രബോധനം ഇതുകൊണ്ടും നിന്നില്ല. മുസ്ലീങ്ങളുടെ സംഹാരസ്വഭാവത്തെയും ക്രൂരതകളെയും അവഗണിക്കാൻ മാത്രമല്ല, അവയ്ക്കു നിശ്ശബ്ദമായി വഴങ്ങിക്കൊടുക്കാനും അവർ ഹിന്ദുക്കളോടാവശ്യപ്പെട്ടു. 'മുസ്ലീങ്ങൾ നിങ്ങളോട് പണ്ടു ചെയ്തതും ഇന്നു ചെയ്തുകൊണ്ടിരിക്കുന്നതുമെല്ലാം മറക്കുക. നിങ്ങൾ ക്ഷേത്രത്തിൽ ആരാധന നടത്തുന്നതും തെരുവുകളിലൂടെ ദേവതാവിഗ്രഹങ്ങൾ ഘോഷയാത്രയായി കൊണ്ടുപോകുന്നതും മുസ്ലീങ്ങളെ പ്രകോപിപ്പിക്കുമെങ്കിൽ അതൊന്നും ചെയ്യാതിരിക്കുക. അവർ നിങ്ങളുടെ ഭാര്യയെയോ പെൺമക്കളെയോ തട്ടിക്കൊണ്ടുപോകുന്നെങ്കിൽ അവരങ്ങനെ ചെയ്തുകൊള്ളട്ടെ. അവരെ തടയരുത്. അങ്ങനെ ചെയ്യുന്നത് ഹിംസയാകും!'" (പേജ് 223)

ഇതെല്ലാം നമ്മുടെ ദേശീയനേതാക്കളെ അവഹേളിക്കലാണ്. ഇങ്ങനെയൊന്നും ആരും പറയില്ല. ആർ. എസ്. എസ്സിനെപ്പോലെ ഇന്ത്യക്കാർക്കെല്ലാം മുസ്ലീം വിദ്വേഷം വേണമെന്ന ദുശ്ശാഠ്യം കുറേ കടുപ്പംതന്നെ. അല്ലാത്തവരൊക്കെ മുസ്ലീം പ്രീണനക്കാരാണെന്ന അപവാദവും ആവർത്തനവിരസം!

**ഹിന്ദു–മുസ്ളീം ഐക്യവും – മുസ്ളീം പ്രീണനവും**

"'ഹിന്ദു–മുസ്ലീം ഐക്യമില്ലാതെ സ്വരാജ്യമില്ല' എന്നു പ്രഖ്യാപിച്ചവർ നമ്മുടെ സമാജത്തിനു നേരെ ഏറ്റവും വലിയ രാഷ്ട്രദ്രോഹമാണ് പ്രവർത്തിച്ചത്." (പേജ് 225)

ഈ പ്രഖ്യാപനം എങ്ങനെയാണ് 'ഹിന്ദുസമാജത്തിനു വിരുദ്ധവും ഏറ്റവും വലിയ രാഷ്ട്രദ്രോഹവു'മാവുക? ഹിന്ദുസമാജത്തിനൊട്ടുക്കുംവേണ്ടി പറയാൻ ആർ. എസ്. എസ്സിനെ ആരെങ്കിലും ഏല്പിച്ചിട്ടുണ്ടോ? ഹിന്ദു–മുസ്ളീം ഐക്യമെന്നത് ഇന്ത്യയിലെ അല്പം ചിലരൊഴിച്ച് എല്ലാവരുമംഗീകരിക്കുന്ന ആശയമത്രേ. അത് പറഞ്ഞാൽ രാഷ്ട്രദ്രോഹമാകുന്നതെങ്ങനെ?

"1947–ൽ ഹിന്ദുക്കൾക്കു മുസ്ലീങ്ങളുടെ കൈകൾകൊണ്ട് പരാജയം സംഭവിച്ചുവെന്നതാണ് ഇതിന്റെ നേരിട്ടുള്ള ഫലം." (പേജ് 225)

രാഷ്ട്രപിതാവായ ഗാന്ധിജി ദ്വിരാഷ്ട്രവാദത്തെയും വിഭജനത്തെയും എതിർത്ത് നിരാഹാരസമരം നടത്തി. ആർ. എസ്. എസ്. എന്തു ചെയ്തു? ഗാന്ധിജിക്കൊപ്പം സമരം ചെയ്തോ? ഇല്ലെന്നു മാത്രമല്ല, ബ്രിട്ടൻ ഇന്ത്യവിട്ടുപോയാലും ഇല്ലെങ്കിലും തങ്ങൾക്കൊന്നുമില്ലെന്ന ഉദാസീനനിലപാട് കൈക്കൊള്ളുകയും ചെയ്തു. എന്നിട്ട് വിഭജനത്തിന്റെ പേരിൽ മുസ്ലീങ്ങളെ മാത്രം എതിർക്കുന്നു. സ്വാതന്ത്ര്യസമരനേതാക്കളുടെ ഹിന്ദു–മുസ്ലീം ഐക്യമില്ലാതെ സ്വരാജ്യമില്ല എന്ന മൈത്രീജനകമായ മുദ്രാവാക്യം കൊണ്ടു ചോർത്തിക്കളയാവുന്നതാണ് ഹിന്ദുക്കളുടെ ആത്മവിശ്വാസമെങ്കിൽ ആ ആത്മാവും വിശ്വാസവും ഇല്ലാതിരിക്കുകതന്നെയാണ് ഭേദം. കുസുമമൃദുലമാണല്ലോ ഈ ഹിന്ദുത്വം! ഗോൾവൾക്കറുടെ വീരവാദം ഇങ്ങനെയൊന്നുമായിരുന്നില്ലല്ലോ!

"1917–ൽതന്നെ ലഖ്നൗ കരാറിൽ മുസ്ലീങ്ങൾക്കു പ്രത്യേകനിയോജകമണ്ഡലങ്ങൾ കോൺഗ്രസ് അനുവദിച്ചു കൊടുത്തിരുന്നു. പിന്നീട് 1931–ലെ കമ്യൂണൽ അവാർഡ് (വർഗീയസംവരണം) വഴി ആകെ ജനസംഖ്യയുടെ 24% മാത്രം വരുന്ന മുസ്ലീങ്ങൾക്ക് കേന്ദ്രമന്ത്രിസഭയിൽ 33 1/3% നീക്കിവെക്കപ്പെട്ടു. ഇതിനും പുറമെ ഹിന്ദുക്കളേക്കാൾ എണ്ണത്തിൽ കൂടുതലായി തോന്നത്തക്കവിധം കാനേഷുമാരിക്കണക്കിൽ മുസ്ലീം ജനസംഖ്യ പഞ്ചാബിലും ബംഗാളിലും അവർക്ക് സ്റ്റാറ്റ്യൂട്ടറി ഭൂരിപക്ഷവും നൽകപ്പെട്ടു." (പേജ് 228)

1917–ൽ ഹെഡ്ഗേവാർ കോൺഗ്രസ്സുകാരനായിരുന്നില്ലേ? ലഖ്നൗ കരാർ മുസ്ലീംപ്രീണനപരമായിരുന്നെങ്കിൽ അദ്ദേഹത്തിന് അത് തിരുത്താൻ ശ്രമിക്കാമായിരുന്നല്ലോ. അന്ന് ആ എതിർശബ്ദമുയർന്നിരുന്നെങ്കിൽ കമ്യൂണൽ അവാർഡിനു(സാമുദായികസംവരണത്തിനു)തന്നെ കോൺഗ്രസ് ധൈര്യപ്പെടുകയില്ലായിരുന്നു. സംവരണത്തിനോടുള്ള ആർ. എസ്. എസ്സിന്റെ എതിർപ്പ് ഈ തർജമയിൽതന്നെ സൂചിതമായിരിക്കുന്നു! സാമുദായികം എന്നതിനു പകരം വർഗീയം എന്നല്ലേ ഗോൾവൾക്കർക്കു തർജമ ചെയ്യാൻ തോന്നിയത്! ഡോ. അംബേദ്കറോടുള്ള സമ്പന്നസവർണർക്കുള്ള വിരോധം ആർ. എസ്. എസ്സിന്റെ കമ്യൂണൽ അവാർഡ് വിരോധമായി മാറാൻ എളുപ്പമാണല്ലോ. കാനേഷുമാരിക്കണക്കിൽ തെറ്റുണ്ടായിരുന്നുവെന്നു ബോധ്യമുണ്ടായിരുന്നെങ്കിൽ അന്നേ ആർ. എസ്. എസ്സിനു കേസ് കൊടുക്കാമായിരുന്നില്ലേ? ആർ. എസ്. എസ്സിനെ വളർത്താൻ കോൺഗ്രസ്സിനു ബാധ്യതയുണ്ടെന്നു തോന്നും ഗോൾവൾക്കറുടെ ഈ വിമർശനം കേട്ടാൽ. പഞ്ചാബിലെയും ബംഗാളിലെയും ആ മുസ്ലീങ്ങളും പൂർവഹിന്ദുക്കളാണെന്നു വാദിച്ചുവിശ്വസിപ്പിക്കാൻ അദ്ദേഹത്തിന് കഴിയാതിരുന്നത് വലിയ ക്ഷീണമായിപ്പോയി!

**മുസ്ളീങ്ങളെക്കുറിച്ചുള്ള വിമർശനം**

"അവരുടെ വില വർധിച്ചുവർധിച്ച് ഒടുവിൽ നമ്മുടെ ദേശത്തിന്റെ ഇതരഭാഗങ്ങളെ ആക്രമിച്ചു കീഴടക്കാൻ പദ്ധതികൾ ആസൂത്രണം ചെയ്തുകൊണ്ട് തങ്ങൾക്കു പൂർണയജമാനന്മാരായി താമസിക്കുന്നതിന് ഇന്നാടിന്റെ

ഇത്തരം കുപ്രചരണങ്ങളിലൂടെ ഇന്ത്യയിലെ മറ്റു പ്രദേശങ്ങളിൽ വർഗീയലഹളകളുണ്ടാക്കാൻ കഴിഞ്ഞാൽ അത് ആർ. എസ്. എസ്സിന് വലിയൊരു നേട്ടമാകും.

**വിഭജനകാലത്തെ അഭയാർഥിപ്രശ്നം**

ഇതെല്ലാം നമ്മുടെ ദേശീയനേതാക്കളെ അവഹേളിക്കലാണ്. ഇങ്ങനെയൊന്നും ആരും പറയില്ല. ആർ. എസ്. എസ്സിനെപ്പോലെ ഇന്ത്യക്കാർക്കെല്ലാം മുസ്ലീം വിദ്വേഷം വേണമെന്ന ദുശ്ശാഠ്യം കുറേ കടുപ്പംതന്നെ. അല്ലാത്തവരൊക്കെ മുസ്ലീം പ്രീണനക്കാരാണെന്ന അപവാദവും ആവർത്തനവിരസം!

**ഹിന്ദു–മുസ്ളീം ഐക്യവും – മുസ്ളീം പ്രീണനവും**

"'ഹിന്ദു–മുസ്ലീം ഐക്യമില്ലാതെ സ്വരാജ്യമില്ല' എന്നു പ്രഖ്യാപിച്ചവർ നമ്മുടെ സമാജത്തിനു നേരെ ഏറ്റവും വലിയ രാഷ്ട്രദ്രോഹമാണ് പ്രവർത്തിച്ചത്." (പേജ് 225)

ഈ പ്രഖ്യാപനം എങ്ങനെയാണ് 'ഹിന്ദുസമാജത്തിനു വിരുദ്ധവും ഏറ്റവും വലിയ രാഷ്ട്രദ്രോഹവു'മാവുക? ഹിന്ദുസമാജത്തിനൊട്ടുക്കുംവേണ്ടി പറയാൻ ആർ. എസ്. എസ്സിനെ ഏതെങ്കിലും നിയമം ഏല്പിച്ചിട്ടുണ്ടോ? ഹിന്ദു–മുസ്ളീം ഐക്യമെന്നത് ഇന്ത്യയിലെ അല്പം ചിലരൊഴിച്ച് എല്ലാവരുമംഗീകരിക്കുന്ന ആശയമത്രേ. അത് പറഞ്ഞാൽ രാഷ്ട്രദ്രോഹമാകുന്നതെങ്ങനെ?

"1947–ൽ ഹിന്ദുക്കൾക്കു മുസ്ലീങ്ങളുടെ കൈകൾകൊണ്ട് പരാജയം സംഭവിച്ചുവെന്നതാണ് ഇതിന്റെ നേരിട്ടുള്ള ഫലം." (പേജ് 225)

രാഷ്ട്രപിതാവായ ഗാന്ധിജി ദ്വിരാഷ്ട്രവാദത്തെയും വിഭജനത്തെയും എതിർത്ത് നിരാഹാരസമരം നടത്തി. ആർ. എസ്. എസ്. എന്തു ചെയ്തു? ഗാന്ധിജിക്കൊപ്പം സമരം ചെയ്തോ? ഇല്ലെന്നു മാത്രമല്ല, ബ്രിട്ടൻ ഇന്ത്യവിട്ടുപോയാലും ഇല്ലെങ്കിലും തങ്ങൾക്കൊന്നുമില്ലെന്ന ഉദാസീനനിലപാട് കൈക്കൊള്ളുകയും ചെയ്തു. എന്നിട്ട് വിഭജനത്തിന്റെ പേരിൽ മുസ്ലീങ്ങളെ മാത്രം എതിർക്കുന്നു. സ്വാതന്ത്ര്യസമരനേതാക്കളുടെ ഹിന്ദു–മുസ്ലീം ഐക്യമില്ലാതെ സ്വരാജ്യമില്ല എന്ന മൈത്രീജനകമായ മുദ്രാവാക്യം കൊണ്ടു ചോർത്തിക്കളയാവുന്നതാണ് ഹിന്ദുക്കളുടെ ആത്മവിശ്വാസമെങ്കിൽ ആ ആത്മാവും വിശ്വാസവും ഇല്ലാതിരിക്കുകതന്നെയാണ് ഭേദം. കുസുമമൃദുലമാണല്ലോ ഈ ഹിന്ദുത്വം! ഗോൾവൽക്കറുടെ വീരവാദം ഇങ്ങനെയൊന്നുമായിരുന്നില്ലല്ലോ!

"1917–ൽതന്നെ ലഖ്നൗ കരാറിൽ മുസ്ലീങ്ങൾക്കു പ്രത്യേകനിയോജകമണ്ഡലങ്ങൾ കോൺഗ്രസ് അനുവദിച്ചുകൊടുത്തിരുന്നു. പിന്നീട് 1931–ലെ കമ്യൂണൽ അവാർഡ് (വർഗീയസംവരണം) വഴി ആകെ ജനസംഖ്യയുടെ 24% മാത്രം വരുന്ന മുസ്ലീങ്ങൾക്ക് കേന്ദ്രമന്ത്രിസഭയിൽ 33 1/3% നീക്കിവെക്കപ്പെട്ടു. ഇതിനും പുറമെ ഹിന്ദുക്കളേക്കാൾ എണ്ണത്തിൽ കൂടുതലായി തോന്നത്തക്കവിധം കാനേഷുമാരിക്കണക്കിൽ മുസ്ലീം ജനസംഖ്യ പഞ്ചാബിലും ബംഗാളിലും അവർക്ക് സ്റ്റാറ്റ്യൂട്ടറി ഭൂരിപക്ഷവും നൽകപ്പെട്ടു." (പേജ് 228)

1917–ൽ ഹെഡ്ഗേവാർ കോൺഗ്രസ്സുകാരനായിരുന്നില്ലേ? ലഖ്നൗ കരാർ മുസ്ലീംപ്രീണനപരമായിരുന്നെങ്കിൽ അദ്ദേഹത്തിന് അത് തിരുത്താൻ ശ്രമിക്കാമായിരുന്നല്ലോ. അന്ന് ആ എതിർശബ്ദമുയർന്നിരുന്നെങ്കിൽ കമ്യൂണൽ അവാർഡിനു(സാമുദായികസംവരണത്തിനു)തന്നെ കോൺഗ്രസ് ധൈര്യപ്പെടുകയില്ലായിരുന്നു. സംവരണത്തിനോടുള്ള ആർ. എസ്. എസ്സിന്റെ എതിർപ്പ് ഈ തർജമയിൽതന്നെ സൂചിതമായിരിക്കുന്നു! സാമുദായികം എന്നതിനു പകരം വർഗീയ എന്നല്ലേ ഗോൾവൽക്കർക്കു തർജമ ചെയ്യാൻ തോന്നിയത്! ഡോ. അംബേദ്കറോടുള്ള സമ്പന്നസവർണർക്കുള്ള വിരോധം ആർ. എസ്. എസ്സിന്റെ കമ്യൂണൽ അവാർഡ് വിരോധമായി മാറാൻ എളുപ്പമാണല്ലോ. കാനേഷുമാരിക്കണക്കിൽ തെറ്റുണ്ടായിരുന്നുവെന്നു ബോധ്യമുണ്ടായിരുന്നെങ്കിൽ അന്നേ ആർ. എസ്. എസ്സിനു കേസ് കൊടുക്കാമായിരുന്നില്ലേ? ആർ. എസ്സ. എസ്സിനെ വളർത്താൻ കോൺഗ്രസ്സിനു ബാധ്യതയുണ്ടെന്നു തോന്നും ഗോൾവൽക്കറുടെ ഈ വിമർശനം കേട്ടാൽ. പഞ്ചാബിലെയും ബംഗാളിലെയും ആ മുസ്ലീങ്ങളും പൂർവഹിന്ദുക്കളാണെന്നു വാദിച്ചുവിശ്വസിപ്പിക്കാൻ അദ്ദേഹത്തിന് കഴിയാതിരുന്നത് വലിയ ക്ഷീണമായിപ്പോയി!

**മുസ്ളീങ്ങളെക്കുറിച്ചുള്ള വിമർശനം**

"അവരുടെ വില വർധിച്ചുവർധിച്ച് ഒടുവിൽ നമ്മുടെ ദേശത്തിന്റെ ഇതരഭാഗങ്ങളെ ആക്രമിച്ചു കീഴടക്കാൻ പദ്ധതികൾ ആസൂത്രണം ചെയ്തുകൊണ്ട് തങ്ങൾക്കു പൂർണയജമാനന്മാരായി താമസിക്കുന്നതിന് ഇന്നാടിന്റെ

രണ്ടു വലിയ ഖണ്ഡങ്ങൾ ലഭിക്കുന്നതിനു മാത്രമല്ല, മറ്റിടങ്ങളിൽ ശക്തിയുള്ള അഞ്ചാംപത്തികളായി പ്രവർത്തിക്കാൻ വേണ്ടത്ര സംഖ്യയിൽ തുടർന്നു ജീവിക്കാനും അവർക്കു സാധിച്ചു." (പേജ് 228)

ഇത്തരം കുപ്രചരണങ്ങളിലൂടെ ഇന്ത്യയിലെ മറ്റു പ്രദേശങ്ങളിൽ വർഗീയലഹളകളുണ്ടാക്കാൻ കഴിഞ്ഞാൽ അത് ആർ. എസ്. എസ്സിന് വലിയൊരു നേട്ടമാകും എന്നാവാം ഗോൾവൾക്കറുടെ ഹിഡ്ഡൻ അജണ്ട.

**വിഭജനകാലത്തെ അഭയാർഥിപ്രശ്നം**

"സ്വരാജ്യത്തിന്റെ പിറവിയുടെയും ബ്രിട്ടീഷുകാരുടെ വിടവാങ്ങലിന്റെയും കൂടപ്പിറപ്പായ വിഭജനം 'ഹിന്ദു–മുസ്ലീം ഐക്യമില്ലാതെ സ്വരാജ്യമില്ല' എന്ന മുദ്രാവാക്യത്തിനാണ് നേരിട്ടു പ്രഹരമേല്പിച്ചത്. യഥാർഥത്തിൽ ഹിന്ദു–മുസ്ലീം ബന്ധം 1946–47 ലെപ്പോലെ മറ്റൊരിക്കലും അത്രയേറെ വിദ്വേഷപൂർണവും രൂക്ഷവുമായിരുന്നിട്ടില്ല. ലക്ഷക്കണക്കിനു കുടുംബങ്ങൾ അവരുടെ പൈതൃകവാസസ്ഥലങ്ങളിൽനിന്നു കടപുഴക്കിയെറിയപ്പെട്ടു. സംസ്ഥാനങ്ങൾ പലതിലും ചോരപ്പുഴകൾ ഒഴുകുകയും കൂട്ടക്കൊലകൾ നടക്കുകയും ചെയ്തു. അങ്ങനെ നിരപരാധികളായ അനേകകോടി മനുഷ്യജീവികളുടെ മുഖങ്ങൾ മരണങ്ങൾകൊണ്ടും നാശങ്ങൾകൊണ്ടും അപമാനങ്ങൾകൊണ്ടും കരിവാളിച്ചുപോയി. ഇരുകൂട്ടരും തമ്മിൽ സാധാരണരീതിയിലുള്ള ഔപചാരികസാമൂഹ്യസമ്പർക്കങ്ങൾപോലും അക്കാലത്തു ശിഥിലമായിപ്പോയി. കൃത്യമായും അത്തരത്തിലൊരു മുഹൂർത്തത്തിലാണ് ബ്രിട്ടീഷുകാർ ഈ നാടുവിട്ടുപോയത്. 'ഹിന്ദു–മുസ്ലീം ഐക്യമില്ലാതെ സ്വരാജ്യമില്ല' എന്നു പ്രഖ്യാപിച്ച ആ നേതാക്കളുടെ 'ദീർഘദർശിത്വ'ത്തെയും 'രാജ്യതന്ത്രജ്ഞത'യെയും എന്തെന്തു വാക്കുകളെക്കൊണ്ടാണ് നാം വർണിക്കേണ്ടത്?" (പേജ് 228–29)

ബ്രിട്ടൻ ഇന്ത്യ വിട്ടാലും ഇല്ലെങ്കിലും തങ്ങൾക്കൊന്നുമില്ല എന്ന നപുംസകനയം സ്വീകരിക്കുകയും സ്വാതന്ത്ര്യസമരത്തിൽനിന്നു വിട്ടുനിൽക്കുകയും കിട്ടിയ സ്വാതന്ത്ര്യം സ്വാതന്ത്ര്യമല്ലെന്ന നിലപാടെടുക്കുകയും രാഷ്ട്രപിതാവായ മഹാത്മാഗാന്ധി ദ്വിരാഷ്ട്രവാദത്തെയും തുടർന്നുണ്ടായ വിഭജനത്തെയും എതിർത്ത് നിരാഹാരം നടത്തിയപ്പോൾ അതിനോട് ഐക്യദാർഢ്യം പ്രകടിപ്പിക്കാതിരിക്കുകയും മഹാത്മജിയെ വെടിവെച്ചുകൊല്ലാൻ ഒത്താശ ചെയ്യുകയും അദ്ദേഹം മരിച്ചുവീണപ്പോൾ അതിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കാതിരിക്കുകയും പത്തുനാൾ അനുശോചനം നടത്തി ദുഃഖം നടിക്കുകയും ചെയ്ത ആർ. എസ്. എസ്സിന്റെ നേതാവിനും അനുയായികൾക്കും വിഭജനത്തെയും തുടർന്നുണ്ടായ ദൗർഭാഗ്യകരമായ സംഭവവികാസങ്ങളെയും അപലപിക്കാൻ എന്തു ധാർമികാവകാശം?

**ഭൂപരമായ ദേശീയത**

"അതുകൊണ്ടാണ് സ്വാഭാവികവും സജീവവുമായ ദേശീയതയെ ഉപേക്ഷിച്ചുകൊണ്ട് അസ്വാഭാവികവും നിർജീവവുമായ ഭൂപരമായ ദേശീയതയെന്ന സങ്കരസിദ്ധാന്തത്തിന്റെ പിന്നാലെ പോയതുമൂലം അഴിമതി, ശിഥിലീകരണം, ദുർവൃത്തി തുടങ്ങിയ രോഗാണുക്കൾ നമ്മുടെ രാഷ്ട്രത്തിന്റെ മജ്ജയെ കാർന്നുതിന്നുന്നത് കാണേണ്ടതായി വന്നത്. അതിനാൽ രാഷ്ട്രമെന്ന നിലയിൽ നമുക്ക് വീണ്ടും ഉയരണമെങ്കിൽ സർവാബദ്ധവും വിനാശകരവുമാണെന്ന് അനുഭവം തെളിയിച്ചുതന്ന പുതിയ മട്ടിലുള്ള ഈ ദേശീയാദർശം സ്വീകരിച്ചതിൽ ആദ്യമേതന്നെ പറ്റിയ വീഴ്ച്ച നാം തിരുത്തേണ്ടതുണ്ട്... പണ്ടേ സത്യമായിരിക്കുന്ന നമ്മുടെ ദേശീയതയിൽ വീണ്ടും ചെന്നെത്തണം. ഹിന്ദുക്കളാണ് ഭാരതത്തിലെ ദേശീയജനത എന്നതുകൊണ്ട് നമ്മുടെ സംഘടനയ്ക്ക് രാഷ്ട്രീയ എന്ന വിശേഷണം സ്വീകരിക്കാൻ തീർച്ചപ്പെടുത്തിയ അവസരത്തിൽ നമ്മുടെ ബഹുമാന്യസംഘസ്ഥാപകൻ ഈ സത്യം തന്നെയാണ് പുനഃപ്രഖ്യാപനം ചെയ്തത്. നാം ഒരിക്കൽകൂടി നമ്മുടെ യഥാർഥവും പൂർണവുമായ രൂപത്തിൽ നിവർന്നുനിന്ന് ഭാരതത്തിൽ ഹിന്ദുദേശീയജീവിതത്തെ അനാദികാലം മുതൽ അതിന്റെ ജന്മാവകാശമായ വൈഭവപൂർണവും അഭിമാനകരവുമായ പരമോന്നതാവസ്ഥയിലേക്ക് ഉയർത്തുമെന്ന് ധീരതയോടെ പ്രഖ്യാപിക്കണം." (പേജ് 230–31)

അഴിമതിയും ശിഥിലീകരണവും ദർവൃത്തിയുമൊക്കെ വന്നത് ഭൂപരമായ ദേശീയത എന്ന സങ്കരസിദ്ധാന്തം കൊണ്ടാണ്, അല്ലേ? ഇന്ത്യയിൽ രണ്ടുതവണ ആർ. എസ്. എസ്. നിയന്ത്രണത്തിലുള്ള ബി. ജെ. പി. സർക്കാർ വന്നുവല്ലോ, കേന്ദ്രത്തിലും പല സംസ്ഥാനങ്ങളിലും? ഉത്തരപ്രദേശിൽ സാക്ഷാൽ യോഗി ആദിത്യനാഥാണ് മുഖ്യമന്ത്രി. രാജസ്ഥാനിലും ഹരിയാനയിലും ഗുജറാത്തിലുമൊക്കെ ബി. ജെ. പി. തന്നെ ഭരിക്കുന്നത്. എന്നിട്ടും ഭൂപരമായ ദേശീയത എന്ന സങ്കരസിദ്ധാന്തത്തിനു മാറ്റമില്ല. അഴിമതി മുതലായ രോഗാണുക്കൾക്കും കുറവില്ല. ഈ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലൊക്കെ ഗുർമിത്ത് എന്ന ബലാൽസംഗക്കേസ്സിലും കൊലക്കേസ്സിലും ശിക്ഷിക്കപ്പെട്ടവനും കഞ്ചാവുകള്ളക്കടത്ത് നടത്തുന്നവനുമായ ആൾദൈവസ്വാമിയുടെ സമാന്തരഭരണമാണ്! ഇതിനുതന്നെയല്ലേ ശിഥിലീകരണമെന്നു പറയുന്നത്? ഹരിയാനാ ഹൈക്കോടതി ചോദിച്ചു: നരേന്ദ്രമോദി ബി. ജെ. പി. യുടെ പ്രധാനമന്ത്രിയോ ഇന്ത്യയുടെ പ്രധാനമന്ത്രിയോ? ഈ ചോദ്യത്തെ തുടർന്നാണ് മോദി ഞെട്ടിയുണർന്ന് നിയമം കൈയിലെടുക്കാൻ ആർക്കും അവകാശമില്ലെന്നു ഗുർമിത്തെന്ന ബലാത്സംഗസ്വാമിയുടെ പേരെടുത്തു പറയാതെ മൻ കീ ബാത്തിൽ മൊഴിഞ്ഞത്! ഭൂപരമായ ദേശീയത തിരുത്തി ഹിന്ദുദേശീയതയിലേക്കു തിരിച്ചുവരാത്തതുകൊണ്ടല്ലല്ലോ, അപ്പോൾ, ഈ കുഴപ്പങ്ങളെല്ലാം വന്നത്?

**ദേശീയോദ്ഗ്രഥനം**

"ഭാവാത്മകവും യഥാർഥവുമായ ഈ ധാരണയിന്മേൽ മാത്രമേ ദേശീയോദ്ഗ്രഥനത്തെപ്പറ്റിയുള്ള ചർച്ചകൾ അടിസ്ഥാനപ്പെടുത്തുവാൻ പാടുള്ളൂ. യഥാർഥമായ ദേശീയമുഖ്യധാരയോടും അതിന്റെ പാരമ്പര്യത്തോടും അതിന്റെ അഭിവാഞ്ഛകളോടുമുള്ള ഏകാത്മഭാവത്തിനു കെട്ടുറപ്പു വരുന്നതിൽ കുറഞ്ഞൊന്നുമല്ല സംഗ്രഥനം എന്നു പറയുന്നത്." (പേജ് 250)

**സോമനാഥക്ഷേത്രപുനരുദ്ധാരണം**

"ആയിരത്തിരുന്നൂറു വർഷത്തെ കളങ്കങ്ങൾ സോമനാഥക്ഷേത്രത്തിന്റെ പുനരുദ്ധാരണം വഴി കഴുകിക്കളയുകയാണെന്ന മുൻരാഷ്ട്രപതി രാജേന്ദ്രപ്രസാദിന്റെ സോമനാഥക്ഷേത്രപുനരുദ്ധാരണച്ചടങ്ങിലെ പ്രസംഗത്തിലെ വാക്യം ഉദ്ധരിച്ചുകൊണ്ട് ഗോൾവൾക്കർ: "സോമനാഥക്ഷേത്രം തകർത്തതാര്? മുസ്ലീങ്ങളെന്നു വ്യക്തം. ആർക്കാണ് സോമനാഥക്ഷേത്രം ഭക്തിയുടെയും അഭിമാനത്തിന്റെയും പ്രതീകമായിരുന്നത്? ഹിന്ദുക്കൾക്ക് എന്നതും വ്യക്തം. അവരുടെ ജ്യോതിർലിംഗങ്ങളിലൊന്നാണ് സോമനാഥക്ഷേത്രം. ആ ക്ഷേത്രനശീകരണം ഹിന്ദുജനതയെ അവഹേളിക്കലായിരുന്നു. പുനർനിർമാണം വഴി നാം ഹിന്ദുത്വാഭിമാനത്തെ പുനഃപ്രതിഷ്ഠിക്കുകയും വിദേശാക്രമണമേല്പിച്ച – മുസ്ലീമാക്രമണം – കളങ്കം കഴുകിക്കളയുകയും ചെയ്തു. ഈയൊരൊറ്റ വാക്യത്തിലൂടെ ഹിന്ദുവാണ് ഈ നാട്ടിൽ അനാദികാലം മുതൽ താമസിച്ചുപോന്നിരുന്നതെന്നും ഇവിടത്തെ ദേശീയജീവിതം ഹിന്ദുവിന്റേതാണെന്നും ഹിന്ദുവിന്റെ ആരാധ്യവസ്തുക്കളുടെ പുനഃപ്രതിഷ്ഠകൊണ്ടുമാത്രമേ ഇന്നാട്ടിൽ എല്ലാ വിദേശീയാക്രമണങ്ങളുമേല്പിച്ച കളങ്കം കഴുകിക്കളയാൻ കഴിയൂ എന്നും നിസ്തർക്കമാംവിധം അദ്ദേഹം പ്രസ്താവിച്ചു." (പേജ് 233–34)

ഇപ്രകാരം രാജേന്ദ്രപ്രസാദ് പറഞ്ഞിരുന്നോ, അതിന് ഗോൾവൾക്കർ വ്യാഖ്യാനിച്ചതനുസരിച്ചാണോ അർഥം എന്നൊന്നും തീർച്ചയില്ല. ഒന്നുമാത്രം തീർച്ച പറയാം: രാജേന്ദ്രപ്രസാദ് ആർ. എസ്. എസ്സിൽ ചേർന്നതായി പ്രസിദ്ധിയില്ല. ഇത്രയൊക്കെ ഗോൾവൾക്കറുടെ ആശയങ്ങളോട് യോജിപ്പാണെങ്കിൽ ആ മുൻരാഷ്ട്രപതിക്ക് സംഘാംഗമാകുന്നതിന്നെന്താണ് തടസ്സം? പിന്നെ, ഇന്ത്യയിലെ ഏറ്റവും സമ്പന്നമായ ക്ഷേത്രങ്ങളിലൊന്നായ സോമനാഥക്ഷേത്രം സമ്പത്ത് കവരാനാണ് മുസ്ലീങ്ങൾ കൊള്ളയടിച്ചത്; ഹിന്ദുവിന്റെ അഭിമാനം തകർക്കാനൊന്നുമല്ല. അല്ലെങ്കിൽ മറ്റെത്ര ചെറിയ അമ്പലങ്ങളുണ്ട് ഗ്രാമീണരായ ഹിന്ദുക്കൾ ആരാധിക്കുന്നവയായിട്ട്? അവ ആക്രമിച്ചാൽ സ്വത്തൊന്നും കിട്ടില്ലെന്നതുതന്നെ കാരണം. കൽഹണന്റെ *രാജതരംഗിണി*യിൽ ഹർഷൻ എന്ന രാജാവ് അമുസ്ലീമായ രാജാവ് കാശ്മീരിലെ പല ക്ഷേത്രങ്ങളും കൊള്ളയടിച്ച വർണനം ഗോൾവൾക്കർ കണ്ടില്ലെന്നു നടിച്ചത് മുസ്ലീങ്ങളാണ് ക്ഷേത്രധ്വംസകരെന്ന തന്റെ തിയറി പൊളിഞ്ഞുപോകുമെന്നു ഭയന്നിട്ടാണോ?

**മുസ്ലീങ്ങളെയും ക്രൈസ്തവരെയും കുറിച്ച്**

"അതുകൊണ്ട് മുസ്ലീങ്ങളും ക്രൈസ്തവരുമായ സഹോദരങ്ങൾ ചെയ്യേണ്ടത് മതന്യൂനപക്ഷമെന്ന മനോഭാവം മാറ്റിവെക്കുകയും അതേപോലെ വൈദേശികമനോഭാവത്തെ ഉപേക്ഷിക്കുകയും ഈ മണ്ണിന്റെ പൊതുദേശീയധാരയിൽ സമ്പൂർണമായി വിലയം പ്രാപിക്കുകയും മാത്രമാണ്. ഈ നാടിന്റെ ദേശീയപാരമ്പര്യത്തെസംബന്ധിച്ചാണെങ്കിൽ ആരാധനാസമ്പ്രദായത്തിൽ വന്ന മാറ്റത്തോടൊപ്പം വ്യക്തി മണ്ണിന്റെ പുത്രനല്ലാതായിത്തീരുന്നുവെന്നും വിദേശീയനെപ്പോലെ പരിഗണിക്കേണ്ടിവരുന്നുവെന്നും അത് കരുതുന്നില്ല. ഈ ദേശത്ത് ഈശ്വരനെ എന്തുപേർ പറഞ്ഞു വിളിക്കുന്നതിലും എതിർപ്പുണ്ടാവുകയില്ല. എല്ലാ മതവിശ്വാസങ്ങളോടുമുള്ള സ്നേഹവും ബഹുമാനവും ഈ മണ്ണിൽ ഇഴുകിച്ചേർന്നിരിക്കയാണ്. മറ്റു മതങ്ങളോട് സഹിഷ്ണുതയില്ലാത്തവന് ഈ നാടിന്റെ പുത്രനാവാൻ സാധ്യമല്ല." (പേജ് 241)

മുസ്ലീം–ക്രൈസ്തവസഹോദരങ്ങൾ മതന്യൂനപക്ഷമായ സ്ഥിതിക്ക് ആ മനോഭാവം മാറ്റിവെക്കണമെന്ന് അവരോട് ആജ്ഞാപിക്കുന്നത് ഉചിതമാണോ? അവർ മതഭൂരിപക്ഷമായാൽ അങ്ങനെ പറയാം. അവർക്ക് വൈദേശികമനോഭാവമുണ്ടെന്ന് ഗോൾവൾക്കർ എങ്ങനെയാണ് തീർച്ചപ്പെടുത്തിയത്? ഇതുപോലെ അദ്ദേഹം ഉന്നയിച്ച മറ്റാരോപണങ്ങളും ചെന്നെത്തിയ നിഗമനങ്ങളും സാങ്കല്പികങ്ങളാണെന്നേ നിഷ്പക്ഷമതികൾക്കു തോന്നുകയുള്ളൂ. *മറ്റു മതങ്ങളോട് സഹിഷ്ണുതയില്ലാത്തവന് ഈ നാടിന്റെ പുത്രനാവാൻ സാധ്യമല്ല* എന്ന വാക്യം ആത്മാർഥതയോടുകൂടിയാണ് ഗോൾവൾക്കർ എഴുതിയതെങ്കിൽ ഒരൊറ്റ ആർ. എസ്. എസ്സുകാരനും ഭാരതപുത്രനാവാൻ സാധ്യമല്ല എന്നുകൂടി അദ്ദേഹം പ്രഖ്യാപിക്കേണ്ടതാണ്.

**ക്രിസ്തുമർദനം, ജൂതമർദനം**

"'ആകെ ഒരു ക്രൈസ്തവനേ ഉണ്ടായിരുന്നുള്ളൂ. അദ്ദേഹം കുരിശിൽ മരിച്ചുപോയി.' എന്ന വചനം അക്ഷരാർഥത്തിൽത്തന്നെ ശരിയാണ്. 'ക്രിസ്തുവിനെ ദണ്ഡിച്ചവർ' എന്ന പേരിൽ ജൂതന്മാരുടെമേൽ ക്രൈസ്തവർ കൊടുംക്രൂരതകൾ അഴിച്ചുവിട്ടിട്ടുണ്ട്. 2000 വർഷങ്ങളോളം നീണ്ടുനിന്ന ആ ജൂതമർദനത്തിന്റെ പരമകാഷ്ഠയാണ് നാം ഹിറ്റ്ലറിൽ ദർശിക്കുന്നത്. പിന്നീടാണ് ഇസ്ലാമുടലെടുക്കുന്നത്. ലക്ഷക്കണക്കായ നിരപരാധികളുടെ കണ്ണീരിലും രക്തത്തിലും എഴുതപ്പെട്ട 'വാളും ഖുറാനും' എന്ന നീണ്ട കഥയാണിത്. മതാധിഷ്ഠിതമായ ഇസ്ലാമികരാഷ്ട്രമെന്ന് സ്വയം പ്രഖ്യാപിച്ച പാക്കിസ്ഥാൻ ഈ നീണ്ട ചരിത്രത്തിലെ ഒടുവിലത്തെ അധ്യായമാണ്. അതിന്റെ കഥയും മറ്റൊന്നല്ല." (പേജ് 243–44)

ക്രിസ്തുമർദനം നടത്തിയതുകൊണ്ടാണ് ക്രൈസ്തവർ ജൂതന്മാരെ മർദിച്ചത്. *2000 വർഷങ്ങളോളം നീണ്ടു നിന്ന ആ ജൂതമർദനത്തിന്റെ പരമകാഷ്ഠയാണ് നാം ഹിറ്റ്ലറിൽ ദർശിക്കുന്നത്* എന്നു പറയുമ്പോൾ ഗോൾവൾക്കറിൽ മനുഷ്യസഹജമായ അനുകമ്പയല്ല, ഉന്നതമായ വംശീയമഹത്വാഭിമാനമാണ് വിജൃംഭിക്കുന്ന തെന്നു തോന്നും. അടുത്ത വരികളിൽ മുസ്ലീം വിദ്വേഷം അണ പൊട്ടിയൊഴുകുന്നതുകൂടി നോക്കൂ. ആ വകയിലും പാക്കിസ്ഥാനെ അധിക്ഷേപിക്കാൻ ഒരു ചാൻസ് കിട്ടിയല്ലോ എന്നാണദ്ദേഹം കരുതുന്നത്! ഈ ഗോൾവൾക്കറിസമാണ് ആർ. എസ്. എസ്. നേതാവ് മോദിയെ ഇപ്പോൾ ബാധിച്ചിരിക്കുന്നത്!

വീണ്ടും ഹിന്ദുരാഷ്ട്രത്തിലേക്ക്: "ഹിന്ദുരാഷ്ട്രം മറ്റു മതവിഭാഗങ്ങളുടെ ജീവിതത്തെ അപകടപ്പെടുത്തുമെന്ന ഭയം മേൽപ്പറഞ്ഞ സെമിറ്റിക് അളവുകോൽകൊണ്ട് ഇതിനെയളക്കുന്നതിന്റെ ഫലമായുണ്ടായതാണ്. മതഭ്രാ ന്തിനും തജ്ജന്യമായ മതപീഡനത്തിനും പേരുകേട്ട സെമിറ്റിക് ഭരണകൂടങ്ങളുടേതിനോടു തുല്യമാണ് ഹിന്ദു രാഷ്ട്രമെന്ന സങ്കല്പമാണതിന്റെ പിന്നിലുള്ളത്." (പേജ് 244)

അങ്ങനെയല്ലേ? ഹിന്ദുത്വം സെമിറ്റിക്ക് മതങ്ങളെ അനുകരിക്കാൻ ശ്രമിക്കുകയാണെന്നു നേരത്തെ പറഞ്ഞത് ഇതെല്ലാം മനസ്സിൽ കണ്ടുകൊണ്ടാണ്. ഇപ്പോൾ ഇന്ത്യയിൽ അഴിഞ്ഞാടുന്ന ആർ. എസ്. എസ്സുകാരുടെ അ സഹിഷ്ണുതയും ബലാൽസംഗവും കൊള്ളയുമുൾപ്പെടെയുള്ള അതിക്രമങ്ങളും അതാണ് കാണിക്കുന്ന ത്. ആർ. എസ്. എസ്സ്. നിയന്ത്രണത്തിലുള്ള ബി. ജെ. പി. ഭരണം കേന്ദ്രത്തിലും കുറേ സംസ്ഥാനങ്ങളിലും വന്നതിന്റെ അഹമ്മതിയാണിക്കാണിക്കുന്നത്! അപ്പോൾ സാക്ഷാൽ 'ഹിന്ദുരാഷ്ട്രം' വന്നാലത്തെ കഥയെ ന്തായിരിക്കും!

"മേൽപ്പറഞ്ഞ സംശയത്തെ ആത്മാർഥമായി വെച്ചുപുലർത്തുന്നവരുടെ ആശങ്കകളെ ദൂരീകരിക്കുന്നതിനായി മറ്റു വിദേശീയമതവിഭാഗങ്ങളോട് ഹിന്ദുരാഷ്ട്രം അനുവർത്തിച്ച നയമെന്തായിരുന്നുവെന്ന് ചരിത്രത്തിൽ നമുക്ക് പരിശോധിക്കാം. നമ്മുടെ ദേശീയജീവിതത്തിന്റെ ഒരു തുറയിലും മതത്തിന്റെ പേരിൽ ആരോടും വിവേചനപരമായി നാം പെരുമാറിയിട്ടില്ലെന്നുള്ള തെളിഞ്ഞ സത്യമാണ് നമ്മുടെ ചരിത്രത്തിന്റെ ഓരോ താളിലും എഴുതിയിട്ടുള്ളതും വിദേശീയചരിത്രകാരന്മാരും സഞ്ചാരികളും രേഖപ്പെടുത്തിയിട്ടുള്ളതും." (പേജ് 244)

ഗോൾവൾക്കറുടെ 'ചരിത്രം' പറയുന്നത് സങ്കല്പം. നാമിപ്പോൾ കാണുന്ന സംഘപരിവാരത്തിന്റെ നിയമം കൈയി ലെടുക്കൽ യാഥാർഥ്യവും! കോടതികളുടെ രൂക്ഷവിമർശനം വരുമ്പോൾ, ബഹുജനങ്ങൾ ഇളകി മറിയു മ്പോൾ, ആളുകളുടെ കണ്ണിൽ പൊടിയിടാൻ പ്രധാനമന്ത്രിയും പ്രസിഡണ്ടും അല്ലറ ചില്ലറ വല്ലതും പറയും; ചിലതു ചെയ്യാൻ നിർബന്ധിതമാവും. ഗുർമിത്തെന്ന ആത്മീയബലാത്സംഗക്കള്ളസ്വാമിയുടെ കാര്യത്തിൽ സംഭവിച്ചതതാണല്ലോ.

"...ഈ വസ്തുതകളെല്ലാംതന്നെ കാണിക്കുന്നത് ന്യൂനപക്ഷങ്ങളെന്നു പറയപ്പെടുന്നവർക്ക് മാതൃഭൂമിയുടെ അഭി മാനികളെന്ന പുത്രന്മാരെന്ന നിലയ്ക്ക് തുല്യമായ അവസരങ്ങൾ പങ്കിട്ടുകൊടുത്ത് സ്വതന്ത്രവും ഐശ്വ ര്യപൂർണവുമായ ജീവിതം ഉറപ്പുനൽകാൻ കഴിയുന്നത് സുശക്തമായി ഉയിർത്തെഴുന്നേൽക്കുന്ന ഹിന്ദുരാ ഷ്ട്രത്തിനു മാത്രമാണ് എന്നാണ്." (പേജ് 246)

ഹിന്ദുരാഷ്ട്രാവതാരത്തിന്റെ മുഖ്യലക്ഷ്യംതന്നെ ന്യൂനപക്ഷങ്ങളെ സംരക്ഷിക്കുകയാണെന്നാണോ ആർ. എസ്. എസ്. നേതാവ് പറയുന്നത്? ഈ കപടമതനിരപേക്ഷവാദികൾ എന്തൊക്കെയോ പറഞ്ഞ് ബഹളം വെക്കുന്നുവെന്നുമാത്രം; അല്ലേ?

"മതേതരത്വമെന്നതിന് മതവിരുദ്ധം എന്നല്ലാതെ എല്ലാവിധമതങ്ങൾക്കും ഒന്ന് മറ്റൊന്നിനുമേൽ ചാടിവീണ് ഹിംസി ക്കാനനുവദിക്കാതെ വളരുവാൻ അവസരവും പ്രവർത്തനരംഗവും നൽകുകയെന്നാണർഥമെങ്കിൽ അത് ഹിന്ദുരാഷ്ട്രത്തിന്റെ അന്തഃസത്തയ്ക്കു നിരക്കുന്നതാണെന്നതിനു സംശയമേയില്ല." (പേജ് 246)

മതേതരത്വമെന്നതിന് മതവിരുദ്ധമെന്നാണർഥമെന്നാണ് പാവം ഗോൾവൾക്കർ ധരിച്ചുപോയത്! അതിന്നിതാണർഥ മെങ്കിൽ മതേതരത്വം സംരക്ഷിക്കാൻ 'ഹിന്ദുരാഷ്ട്ര'ത്തിനേ കഴിയൂ. എങ്കിൽ ഹിന്ദുരാഷ്ട്രം എന്നെന്തിനാണ് പറയുന്നത്? മതേതരരാഷ്ട്രമെന്നോ മതനിരപേക്ഷരാഷ്ട്രമെന്നോ പറഞ്ഞാൽ പോരേ? മതേതരസംരക്ഷണം ഹിന്ദുരാഷ്ട്രത്തിലേ സാധിക്കൂ എന്ന ഗോൾവൾക്കർസൂക്തം നല്ല ഫലിതംതന്നെ! കോഴിയെ കുറുക്കനല്ലാതെ മറ്റാർക്കാണ് രക്ഷിക്കാനാവുക!

**ദേശീയതയും വർഗീയതയും**

"ഈ ദേശീയമനോഭാവത്തെ പോഷിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന എല്ലാ പ്രവർത്തനവും 'ദേശീ യ'മാണ്. ഈ ദേശീയമനോഭാവത്തിൽനിന്നു സ്വയം വേറെയാണെന്നു ചിന്തിച്ച് ദേശീയമായവയ്ക്ക് എതിരാ യുള്ളവയ്ക്ക് ആശയാഭിലാഷങ്ങളെ പുലർത്തുകയും തങ്ങൾക്കുവേണ്ടി പ്രത്യേകം അവകാശങ്ങളും പരി ഗണനകളും ആവശ്യപ്പെടുന്ന എല്ലാ വിഭാഗങ്ങളെയും 'വർഗീയ'മെന്നു വിളിക്കേണ്ടതാണ്." (പേജ് 250–51)

അപ്പോൾ സംവരണത്തിന്നർഹരായ ന്യൂനപക്ഷങ്ങളും പിന്നോക്ക–ദളിതവിഭാഗങ്ങളുമെല്ലാം വർഗീയമാണെന്നർഥം. സാമൂഹ്യശാസ്ത്രവിചക്ഷണർ ഇനി വർഗീയതയെ നിർവചിക്കാനാലോചിച്ചു തല പുണ്ണാക്കേണ്ട. ഗോൾവൾക്കറുടെ ഈ നിർവചനം ഉരുവിട്ടുപഠിച്ചാൽ മതി!

**ദേശീയവിരുദ്ധം**

"പ്രത്യേക അവകാശങ്ങൾക്കും മറ്റുമായി അവരുടെ ശ്രമങ്ങളിൽ ദേശീയസമാജത്തെ അവർ ആക്രമിക്കുകയാണെങ്കിൽ – അതു മതപരിവർത്തനത്തിന്റെ രൂപത്തിലാണെങ്കിലും ആരാധനാസ്ഥലങ്ങളെ നശിപ്പിക്കുകയുംഅശുദ്ധമാക്കുകയും ചെയ്യുകയാണെങ്കിലും ഈ മണ്ണിന്റെ മഹാന്മാരായ മക്കളെ അവഹേളിക്കുകയാണെങ്കിലും മറ്റേതു വിധത്തിലാണെങ്കിലും – ആ വിഭാഗങ്ങൾ 'ദേശീയവിരുദ്ധ'ങ്ങളാകുന്നു." (പേജ് 251)

ന്യൂനപക്ഷങ്ങളായ മുസ്ലീങ്ങളും ദളിതവിഭാഗങ്ങളും സംവരണാവശ്യങ്ങൾ ഉന്നയിക്കുമ്പോൾ, തങ്ങളെ എതിർക്കുന്ന ആർ. എസ്. എസ്. 'ഹിന്ദുസമാജ'ത്തെ ആക്രമിക്കുകയാണെങ്കിൽ, അക്കൂട്ടർ ദേശീയവിരുദ്ധരാണെന്നുതന്നെയെന്നാണ് ഗോൾവൾക്കറുടെ വിദഗ്ധമതം. ആക്രമണമെന്നാൽ ദേഹോപദ്രവമേല്പിക്കലെന്നൊന്നും അർഥമില്ല. മതപരിവർത്തനം നടത്തുകയോ ആരാധനാസ്ഥലങ്ങൾ നശിപ്പിക്കുകയോ അശുദ്ധമാക്കുകയോ ചെയ്യുകയോ 'ഈ മണ്ണിന്റെ മഹാന്മാരായ മക്കളെ' (ആർ. എസ്. എസ്സുകാരെ എന്നർഥം – മറ്റാരും 'ഈ മണ്ണിന്റെ മഹാന്മാരായ മക്കള'ല്ല. ഇനി 'മക്ക'ളാണെങ്കിൽത്തന്നെ 'മഹാന്മാരായ മക്ക'ളല്ല!)

**ഹിന്ദു വർഗീയവാദിയല്ല**

"ഭാരതത്തിൽ ഒരിക്കലും 'ഹിന്ദു' 'വർഗീയ'മാവുകയില്ല. അവൻ എന്നും ഭാരതത്തോട് ഭക്തിയുള്ളവനാണ്. ഭാരതത്തിന്റെ പുരോഗതിക്കും അഭിമാനസംരക്ഷണത്തിനുംവേണ്ടി അധ്വാനിക്കാൻ അവൻ തയ്യാറാണ്. ഭാരതത്തിന്റെ ദേശീയജീവിതമൂല്യങ്ങൾ ഹിന്ദുവിന്റെ ജീവിതത്തിൽനിന്ന് ഉരുത്തിരിഞ്ഞതാണ്. അതുകൊണ്ട് അവനാണിവിടത്തെ 'ദേശീയൻ.' അവനൊരിക്കലും 'വർഗീയവാദി'യാവുകയില്ല." (പേജ് 251)

ആർ. എസ്. എസ്. നേതാവിന്റെ മറ്റൊരു കണ്ടുപിടുത്തം: 'ഹിന്ദു' ഒരിക്കലും 'വർഗീയ'മാവുകയില്ല. 'ദേശീയ'നായ അവൻ ഒരിക്കലും 'വർഗീയവാദി'യാവുകയില്ല. 'ഹിന്ദു'വെ (ആർ എസ്. എസ്സുകാരനെയെന്നർഥം) ഈ ചെക്കിങ്ങിൽനിന്ന് ഒഴിവാക്കിയേക്കണം! വിദേശത്തെത്തിയാൽ ഹിന്ദു വർഗീയനാവുമെന്നു താല്പര്യം.

"ഭാരതത്തിന്റെ പുരോഗതിക്കും അഭിമാനസംരക്ഷണത്തിനുംവേണ്ടി അധ്വാനിക്കാൻ അവൻ തയ്യാറാണ്. ഭാരതത്തിന്റെ ദേശീയജീവിതമൂല്യങ്ങൾ ഹിന്ദുവിന്റെ ജീവിതത്തിൽനിന്ന് ഉരുത്തിരിഞ്ഞതാണ്. അതുകൊണ്ട് അവനാണിവിടത്തെ 'ദേശീയൻ.' അവനൊരിക്കലും 'വർഗീയവാദി'യാവുകയില്ല." (പേജ് 251)

ആർ. എസ്. എസ്. നേതാവിന്റെ മറ്റൊരു കണ്ടുപിടുത്തം: 'ഹിന്ദു' ഒരിക്കലും 'വർഗീയ'മാവുകയില്ല. 'ദേശീയ'നായ അവൻ ഒരിക്കലും 'വർഗീയവാദി'യാവുകയില്ല. 'ഹിന്ദു'വെ (ആർ എസ്. എസ്സുകാരനെയെന്നർഥം) ഈ ചെക്കിങ്ങിൽനിന്ന് ഒഴിവാക്കിയേക്കണം! വിദേശത്തെത്തിയാൽ ഹിന്ദു വർഗീയനാവുമെന്നു താല്പര്യം.

**ഭൂരിപക്ഷവർഗീയത എന്നൊന്നില്ല**

"'ഭൂരിപക്ഷവർഗീയത' എന്ന പദപ്രയോഗം തികച്ചും തെറ്റാണ്; അബദ്ധധാരണയാണ്. ജനാധിപത്യത്തിൽ ഭൂരിപക്ഷത്തിന്റെ അഭിപ്രായമാണ് ജനങ്ങളുടെ ദൈനന്ദിനജീവിതത്തിൽ സ്വാധീനം ചെലുത്തേണ്ടത്. അതിനാൽ ഭൂരിപക്ഷത്തിന്റെ പ്രായോഗികജീവിതത്തെ ദേശമെന്ന സത്തയുടെ യഥാർഥജീവിതമെന്നു പരിഗണിക്കുന്നതാണ് ശരി. ഈ വീക്ഷണകോണിൽനിന്നായാലും ഹിന്ദുക്കളുടെ ജീവിതോദ്ധാരണത്തിനായി ശ്രമിക്കുന്നത് ദേശീയമേ ആവുകയുള്ളു; വർഗീയമാവുകയില്ല. അതിനാൽ ഭൂരിപക്ഷവർഗീയത എന്നു പറയുന്നത് ജനാധിപത്യമൂല്യങ്ങൾക്കു നിരക്കുന്നതല്ല." (പേജ് 251)

ഭൂരിപക്ഷവർഗീയത എന്നൊരു സാധനമില്ല! എങ്കിൽപ്പിന്നെ ന്യൂനപക്ഷവർഗീതയുണ്ടാവില്ലല്ലോ! ഭൂരിപക്ഷത്തിന്റെ അവഗണനകൊണ്ടോ അവഹേളനംകൊണ്ടോ ഒക്കെയാണല്ലോ ന്യൂനപക്ഷം സംഘടിക്കുന്നത്. അതിനെ വർഗീയമെന്നും ദേശീയവിരുദ്ധമെന്നുമെല്ലാം നമുക്ക് അധിക്ഷേപിക്കുകയുമാവാം. ഇവിടെ ഒരു സംശയം: അതല്ലേ ജനാധിപത്യമൂല്യങ്ങൾക്കെതിര്? ന്യൂനപക്ഷസംരക്ഷണം നൽകാത്ത ജനാധിപത്യമെന്തു ജനാധിപത്യമാണ്? വാസ്തവത്തിൽ, ആർ. എസ്. എസ്. പ്രതിനിധാനം ചെയ്യുന്ന സമ്പന്നസവർണവിഭാഗംതന്നെ ഭൂരിപക്ഷം വരുന്ന ഹിന്ദുക്കളിൽ വളരെ ചെറിയൊരു ന്യൂനപക്ഷമാണ്.

"ഹിന്ദു മറ്റെല്ലാ വിശ്വാസങ്ങളോടും വേണ്ടത്ര ബഹുമാനം പുലർത്തുന്നുണ്ട്. ആരാധനാസമ്പ്രദായത്തിലുള്ള വൈവിധ്യം ദേശീയൈക്യത്തിനു വിഘാതമാണെന്ന് അവർ കരുതുന്നില്ല. മതത്തിന്റെമേൽ അങ്ങേയറ്റത്തെ ഊന്നൽ കൊടുത്ത് ലൗകികജീവിതത്തിൽ വ്യത്യസ്തവിഭാഗീയനയം സ്വീകരിക്കുന്ന മനോഭാവത്തെയും ദേശീയജീവിതത്തെ വ്രണപ്പെടുത്തുന്ന രീതിയിലുള്ള പ്രത്യേക അവകാശവാദങ്ങളെയും അവർ ചിലപ്പോൾ എതിർത്തേക്കും. വാസ്തവത്തിൽ സദാ ജാഗ്രത പുലർത്തുകയും ഇത്തരം പ്രവണതകളെ എതിർക്കുകയും

ചെയ്യുന്നത് അവന്റെ സ്വാഭാവികവും സർവപ്രധാനവുമായ കർത്തവ്യമാണ്." (പേജ് 252)

ഈ ഖണ്ഡികയിൽ ആദ്യത്തെ വാക്യത്തിനു വിരുദ്ധമാണ് മറ്റു വാക്യങ്ങൾ. ചുരുക്കത്തിൽ ആർ. എസ്. എസ്സു കാരുടെ അനുശാസനകൾക്കു വഴങ്ങിക്കഴിയുന്ന ഒരു ഹിന്ദുരാഷ്ട്രം കെട്ടിപ്പടുക്കുകയാണ് വേണ്ടതെന്നർഥം.

**വർഗീയത ഏഴുവിധം**

ഗോൾവൽക്കറുടെ അഭിപ്രായത്തിൽ വർഗീയത ഏഴു തരം: 1. ഹിന്ദുജനതയ്ക്കെതിരായി അഹിന്ദുവിഭാഗങ്ങൾ അണിനിരക്കുന്ന വർഗീയത; 2. ഹിന്ദുചൈതന്യത്തിന്റെ പ്രകടഭാവങ്ങളെന്ന നിലയിൽ ആരാധനാസമ്പ്രദായ ങ്ങളുടെയോ വിശ്വാസപ്രമാണങ്ങളുടെയോ അടിസ്ഥാനത്തിൽ ഹിന്ദുസമാജത്തിൽതന്നെ ഉടലെടുത്ത വർഗീ യത. ഉദാ:– നവബുദ്ധന്മാരും സിഖുകാരും. 3. ദ്രാവിഡകഴകവും ദ്രാവിഡമുന്നേറ്റകഴകവും പോലുള്ളവ. 4. സ്പൃശ്യത, അസ്പൃശ്യത; ബ്രാഹ്മണൻ, അബ്രാഹ്മണൻ എന്നിങ്ങനെയുള്ള ചേരിതിരിവുകളുടെ അടിസ്ഥാ നത്തിലുള്ള വർഗീയത. 5. ഭാഷയെ ആസ്പദമാക്കിയും 6. ദിക്കുകളെയും സംസ്ഥാനങ്ങളെയും അടി ശ്ഥാനമാക്കിയും 7. ജാതി–മത–ഭാഷാദിവ്യത്യാസങ്ങളെ പെരുപ്പിച്ച് തിരഞ്ഞെടുപ്പുകാലത്ത് രാഷ്ട്രീയക ക്ഷികളുണ്ടാക്കുന്നതുമായ വർഗീയത... ഈ വർഗീയതകളുടെ സ്വരൂപം നോക്കിയാൽ മതപരവും മതേതര വുമായ അടിസ്ഥാനമുള്ളവയാണിവയെന്നു കാണാം. അതിനാൽ വർഗീയതയ്ക്കെതിരാണ് മതേതരത്വമെ ന്ന വാദം അത്ര ശരിയൊന്നുമല്ല." (പേജ് 252–54)

ഈ ഏഴെണ്ണത്തിൽ ഒന്നാമത്തേത് സാങ്കല്പികം മാത്രമാണ്. ആർ. എസ്. എസ്സിന്റെ വർഗീയനയങ്ങൾക്കും അക്രമങ്ങൾക്കുമെതിരായ ചെറുത്തുനില്പ് നടത്തുന്നത് അഹിന്ദുക്കൾ മാത്രമല്ല ഹിന്ദുക്കളിലെ ബഹുഭൂരി പക്ഷമായ മതനിരപേക്ഷവിഭാഗങ്ങളുമുണ്ട്. ഈ ചെറുത്തുനില്പിനെ വർഗീയതയായി കണക്കാക്കുന്നത് യഥാർഥവർഗീയതയെ മറച്ചുപിടിക്കുന്നതിനുവേണ്ടിയാണ്. അംബേദ്കറുടെ അനുയായികളായ നവബുദ്ധ ന്മാരും സിഖുകാരും വർഗീയവാദികളെന്നു പറയുന്നത് തീർത്തും ശരിയല്ല. ദ്രാവിഡകഴകവും ദ്രാവിഡമു ന്നേറ്റകഴകവുമൊക്കെ എങ്ങനെ വർഗീയമാകും? സ്പൃശ്യത, അസ്പൃശ്യത; ബ്രാഹ്മണൻ, അബ്രാഹ്മണൻ എന്നീ ചേരിതിരിവുകളെ വർഗീയത എന്നു വിളിക്കുന്നതെങ്ങനെ? ദിക്കുകളെയും സംസ്ഥാനങ്ങളെയും ജാതി–മത–ഭാഷാദിവ്യത്യാസങ്ങളെയും ആസ്പദമാക്കി രാഷ്ടീയപ്രവർത്തനം നടത്തുന്നത് തിരഞ്ഞെടുപ്പു കാലത്തായാലും അല്ലെങ്കിലും വർഗീയം തന്നെ. ഇപ്പറഞ്ഞവയിലൊന്നും മതത്തെയോ മതേതരത്വത്തെയോ അടിസ്ഥാനമാക്കിയുള്ളവയല്ല. മതത്തെയും രാഷ്ട്രീയത്തെയും കൂട്ടിക്കുഴയ്ക്കുക എന്ന അർഥത്തിലുള്ള വർഗീയതയ്ക്കെതിരാണ് മതത്തെ രാഷ്ട്രീയത്തിൽ നിന്നു വേർതിരിക്കുക എന്ന അർഥത്തിലുള്ള മതേതേ രത്വം അഥവാ മതനിരപേക്ഷത എന്നത് വസ്തുത മാത്രമാണ്.

**ധർമം സങ്കുചിതമല്ല**

"ധർമത്തിന്റെ ആശയങ്ങൾ സങ്കുചിതങ്ങളാണെന്നും സാമ്പത്തികകാര്യങ്ങൾ കൂടുതൽ വിശാലമാണെന്നും യുക്തി വിചാരവും ചരിത്രവും കാണിക്കുന്നില്ല. ക്രിസ്തുമതത്തിന്റെ മതപരമായ ആധിപത്യത്തിൻ കീഴിൽ അമേരി ക്കയിലും യൂറോപ്പിലും അനേകം രാഷ്ട്രഭരണകൂടങ്ങൾ (നാഷണൽ സ്റ്റേറ്റ്സ്) സങ്കുചിതമായ സാമ്പത്തിക താത്പര്യങ്ങളിന്മേൽ ഉടലെടുത്തു. ഇസ്ലാമിന്റെ മതപരമായ വികാസത്തിൻ കീഴിൽ മതപരമോ വംശപരമോ ആയ സങ്കുചിതതാത്പര്യങ്ങളെ ആധാരമാക്കിയ അനേകം ഭരണകൂടങ്ങളുണ്ട്. വിശാലമായ സനാതനധർമ ത്തിൻകീഴിൽ (അതിന്റെ കീഴിൽ വൈദികവും അവൈദികവുമായി ഈ നാട്ടിൽ ഉടലെടുത്ത അനേകം വിശ്വാസങ്ങളുണ്ട്.) ഇവിടെ ഭാരതം, നേപ്പാൾ തുടങ്ങി വ്യത്യസ്തഭരണകൂടങ്ങൾ സാമ്പത്തികവും മറ്റുമായ പരിഗണനകളിന്മേൽ ഉണ്ടായിട്ടുണ്ട്. അതിനാൽ മതത്തെ പിന്തുടരുന്നത് നമ്മെക്കൊണ്ടുചെന്നെത്തിക്കുന്നത് വളരെ വിശാലമായ അടിസ്ഥാനത്തിലാണെന്നും സാമ്പത്തികതാത്പര്യങ്ങൾ ബന്ധങ്ങളെ സങ്കുചിതങ്ങളാ ക്കുന്നുവെന്നും തെളിയുന്നു." (പേജ് 254–55)

ക്രിസ്തുമതത്തെയും ഇസ്ലാം മതത്തെയും താഴ്ത്തിക്കെട്ടാനും ഹിന്ദുത്വത്തെ ഉയർത്തിക്കാട്ടാനും ഗോൾവൽക്കർ നടത്തുന്ന ഒരു ഞാണിന്മേൽക്കളിയെന്നല്ലാതെ ഇതേപ്പറ്റി എന്തു പറയാൻ? ലോകത്തിലെ വൻശക്തികളി ലൊന്ന് ഇപ്പോഴും അമേരിക്കയല്ലേ? അവിടെ ഹിന്ദുത്വമല്ലല്ലോ ഭരണനേതൃത്വം? മുസ്ലീം രാഷ്ട്രങ്ങളും സാമ്പ ത്തികമായി അത്ര മോശമൊന്നുമാണെന്നു പറയാനാവില്ല. സോഷ്യലിസ്റ്റ് ചൈന ഒന്നാം ശക്തിയാണെന്ന അഭിപ്രായം ശക്തിപ്പെട്ടുവരുന്നു. ഇങ്ങനെ നോക്കുമ്പോൾ ആപേക്ഷികമായി ഹിന്ദുരാഷ്ട്രമായിരുന്ന നേപ്പാളും (ഇപ്പോൾ മതനിരപേക്ഷരാഷ്ട്രം) ആർ. എസ്. എസ്സുകാർ ഹിന്ദുരാഷ്ട്രമാക്കാൻ കൊണ്ടുപിടിച്ചു പരിശ്രമി ക്കുന്ന ഇന്ത്യയും മേലേക്കിടയിലൊന്നുമല്ല.

"ധർമം, സമാജം, രാഷ്ട്രം എന്നിവയെ അവഗണിച്ച് സാമ്പത്തികതാത്പര്യത്തിന്റെ അടിസ്ഥാനത്തിൽ ഐക്യത്തെ ഊട്ടിയുറപ്പിക്കാൻ ആരെങ്കിലും ആഗ്രഹിക്കുന്നുവെങ്കിൽ ആ ഐക്യം പരിമിതമായ പ്രത്യേകഭൂവിഭാഗ ത്തിന്മേൽ കെട്ടിപ്പടുക്കുവാൻ സാധ്യമല്ല. വ്യത്യസ്തസാമ്പത്തികതാത്പര്യങ്ങളുള്ള മനുഷ്യരാശിയുടെ മുഴു വൻ അവാന്തരവിഭാഗങ്ങളെയും ഉൾക്കൊണ്ട് ആഗോളനിലവാരത്തിൽ മാത്രമേ അതു ചെയ്യുവാൻ കഴിയൂ. അപ്പോൾ ദേശീയോദ്ഗ്രഥനം (നാഷണൽ ഇന്റിഗ്രേഷൻ) എന്നതിന്റെ അർഥവും ഉദ്ദേശ്യവും നഷ്ടമാകും.

ആഗോളനിലവാരത്തിലല്ലാതെ പരിമിതമായ പ്രത്യേകഭൂവിഭാഗത്തിൽ സാമ്പത്തികതാല്പര്യത്തിന്റെ അടിസ്ഥാനത്തിൽ വളർച്ച സാധ്യമല്ലെന്ന ഗോൾവൾക്കറുടെ സാർവലൗകികാധിഷ്ഠിതരാഷ്ട്രസിദ്ധാന്തം ചൈനയിൽ എങ്ങനെ തെറ്റിപ്പോയി? ആ രാജ്യത്തിന്റെ കാര്യത്തിൽ ദേശീയോദ്ഗ്രഥനത്തിന്റെ അർഥവും ഉദ്ദേശ്യവുമൊന്നും നഷ്ടപ്പെട്ടിട്ടുമില്ല.

**മതേതരജീവിതം**

"മതേതരജീവിതത്തിൽ എല്ലാ പൗരന്മാരും സമന്മാരാണ്. ഈ തത്ത്വം മുറുകെപ്പിടിക്കണം. ജാതിമതാധിഷ്ഠിതങ്ങളായ വിഭാഗങ്ങളെ രൂപീകരിച്ച് ഉദ്യോഗങ്ങളിൽ മറ്റാർക്കുമില്ലാത്ത അവകാശങ്ങൾക്കുവേണ്ടിയും സാമ്പത്തികസഹായങ്ങൾക്കു വേണ്ടിയമുള്ള മുറവിളികൾക്ക് ഉടൻതന്നെ പൂർണവിരാമമിടണം. ന്യൂനപക്ഷങ്ങളെന്നും വിഭാഗങ്ങളെന്നുമുള്ള അടിസ്ഥാനത്തിൽ സംസാരിക്കുകയും ചിന്തിക്കുകപോലും ചെയ്യുന്നതും ഉടൻ നിർത്തലാക്കണം." (പേജ് 256)

ന്യൂനപക്ഷാവകാശങ്ങൾ സംരക്ഷിക്കപ്പെടാതെ എന്തു മതേതരജീവിതമാണ്? മതേതരത്വമില്ലാതെ ജനാധിപത്യവും സമത്വുമെല്ലാമുണ്ടാകുമോ? ആർ. എസ്. എസ്സുകാർ മതേതരത്വത്തിനും ജനാധിപത്യത്തിനും എതിരാണെന്നുള്ളതുകൊണ്ട് മറ്റു ബഹുഭൂരിപക്ഷം ഇന്ത്യക്കാർ മതേതരത്വത്തെയും ന്യൂനപക്ഷസംരക്ഷണത്തെയും ജനാധിപത്യത്തെയും സംരക്ഷിക്കാതിരിക്കുകയില്ല.

**ഹിന്ദുരാഷ്ട്രത്തിലെ അഹിന്ദുക്കൾ**

"അഹിന്ദുക്കളുടെ മതങ്ങളെ ബഹുമാനിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതോടൊപ്പംതന്നെ ഈ രാഷ്ട്രത്തിന്റെ പാരമ്പര്യം, ചരിത്രം, ജീവിതരീതി, ആദർശങ്ങൾ, മൂല്യങ്ങൾ എന്നിവയോടുള്ള സ്നേഹബഹുമാനാദികൾ വളർത്തുകയും അവരുടെ അഭിലാഷങ്ങളുമായി ഏകീകരിക്കുകയും ചെയ്യുന്ന സംസ്കാരങ്ങളെ അവർക്ക് നൽകുവാനുള്ള ഏർപ്പാടുകൾ ഉണ്ടാക്കുകയും വേണം." (പേജ് 256)

അഹിന്ദുക്കളെ ഹൈന്ദവവത്കരിക്കണമെന്നുതന്നെ ഗോൾവൾക്കറുടെ ഉള്ളിലിരുപ്പ്! ഹിന്ദുക്കളിൽത്തന്നെ ദളിതവിഭാഗങ്ങളെ സവർണവിഭാഗങ്ങൾക്കു കീഴ്പ്പെടുത്തണണമെന്ന അദ്ദേഹത്തിന്റെ അഭിപ്രായം കുപ്രസിദ്ധമാണല്ലോ!

**ഹിന്ദി ദേശീയഭാഷ**

"പല ദേശീയഭാഷകളിൽനിന്ന് എളുപ്പവും സൗകര്യവും നോക്കിയാണ് ഹിന്ദിയെ ബന്ധഭാഷയായി തിരഞ്ഞെടുത്തത്. കുറേക്കൂടി ലളിതമാക്കാനെന്ന പേരിൽ അതിനെ ഉർദു കലർത്തി കൂടുതൽ ദുർഗ്രഹമാക്കുന്നത് രാഷ്ട്രത്തിന്റെ പരമസ്വാതന്ത്ര്യത്തിലേക്ക് വർഗീയതയും വർഗീയപ്രീണനവും കൊണ്ടുവരുന്നതിനു തുല്യമാണ്. ബന്ധഭാഷയോടുള്ള ഇത്തരം സമീപനവും അഥവാ നമ്മെ വിദേശാധിപത്യത്തോടു കൂട്ടിക്കെട്ടുന്ന ഇംഗ്ലീഷ്തന്നെയാവണം ആ ഭാഷ എന്ന ശാഠ്യവും നമ്മുടെ ഉദാത്തമായ ദേശീയസംസ്കാരത്തിന്റെ കടയ്ക്കൽ കത്തിവെക്കുന്നതുതന്നെയാണ്." (പേജ് 256–57)

സംസ്കൃതമയമായ ഹിന്ദി സവർണഹിന്ദുക്കൾക്ക് സന്തോഷപ്രദമാണെങ്കിലും ഹിന്ദിയെ സാധാരണക്കാർക്കു ഹൃദ്യമായ ഉർദു കലർന്നതാക്കുന്നത് മുസ്ലീങ്ങളെ പ്രീണിപ്പിക്കാനാണെന്നാണ് ഗോൾവൽക്കറുടെ ആക്ഷേപം. ഉർദു കലർത്തി ദുർഗ്രഹമാക്കുക, അങ്ങനെ ചെയ്യുന്നത് വർഗീയതയും വർഗീയപ്രീണനവും കൊണ്ടുവരുന്നതിനു തുല്യമാണ് തുടങ്ങിയ പ്രയോഗങ്ങൾ അദ്ദേഹത്തിനു സഹജമായ മുസ്ലീം വിരോധംതന്നെയാണ് വ്യക്തമാക്കുന്നത്. ഹിന്ദിയെ ലളിതമാക്കുന്നത് ഇംഗ്ലീഷിനെ ബന്ധഭാഷയാക്കാനാണെന്ന ആരോപണവും ഇംഗ്ലീഷിനെക്കുറിച്ചുള്ള വിദേശാധിപത്യാരോപണവുമെല്ലാം കൂട്ടിവെച്ചുനോക്കുമ്പോൾ ആർ. എസ്. എസ്സ്. നേതാവിന്റെ ഹിന്ദുസംസ്കാരം ഭീകരതയുടെ പര്യായമായി മാറുന്നു!

**ഫെഡറലിസം**

"ഇന്നത്തെ ഫെഡറൽപദ്ധതി വിഭാഗീയചിന്തകളെ സൃഷ്ടിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നു. ഒരു തരത്തിൽ ഒരൊറ്റ രാഷ്ട്രമാണെന്ന സത്യത്തെ നിഷേധിക്കുന്നു. അതുകൊണ്ട് ആ ഘടന സ്വഭാവത്തിൽ വിഭജനാത്മകമാണ്. ആ തെറ്റു തിരുത്തുകയും ഏകഘടകഗവണ്മെന്റ് ഉണ്ടാക്കേണ്ടതിലേക്ക് ഭരണഘടന ഭേദഗതി ചെയ്യുകയും വേണം." (പേജ് 257)

ഈ ആർ. എസ്. എസ്. പരിപാടിക്ക് തടസ്സം നിൽക്കുന്ന ഭരണഘടന ഭേദഗതി ചെയ്യണമെന്നു ചുരുക്കം. മോദിയുടെ പ്രതിച്ഛായ അഖിലലോകതലത്തിൽ മാത്രമല്ല, ഇന്ത്യയിൽത്തന്നെയും ഏറ്റവും മങ്ങിയ ഈ സന്ദർഭത്തിൽ ആർ. എസ്. എസ്. നിയന്ത്രിക്കുന്ന എൻ. ഡി. എ. മുന്നണിക്ക് അതിനു ധൈര്യമില്ലെന്നതാണ് സത്യം.

**മുസ്ലീങ്ങളെക്കുറിച്ചുള്ള വിമർശനം വീണ്ടും**

“ആരാധനാലയങ്ങൾ നശിപ്പിക്കുക, വിഗ്രഹങ്ങൾ ഭഞ്ജിക്കുക, പശുവിനെ കൊല്ലുക, മുസ്ലീം പുണ്യവാളന്മാരുടെ ശവകുടീരങ്ങൾ, ദർഗ, മക്ബറ, കുരിശ് എന്നീ സംഗതികൾ നിയമവിരുദ്ധമായി സ്വകാര്യസ്ഥലത്തും പൊതുസ്ഥലത്തും കെട്ടുക, അന്യായമായ കാരണം പറഞ്ഞ് മതപരമായ ഘോഷയാത്ര തടയുക, കലാപമുണ്ടാക്കുക, ഭീഷണിപ്പെടുത്തുക തുടങ്ങിയ അക്രമങ്ങളോടും കൈകടത്തലുകളോടും ഗവണ്മെന്റ് അനുവർത്തിച്ചുവരുന്ന ഇന്നത്തെ നയം ഉദ്ഗ്രഥനത്തിന് അങ്ങേയറ്റം വിരുദ്ധമാണ്. ഈ സംഭവങ്ങൾ തടയുന്നതിനു പകരം രഹസ്യമായി അവരെ പിന്തുണയ്ക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നത് കൂടുതൽ കുഴപ്പങ്ങൾ സൃഷ്ടിക്കുകയേ ഉള്ളൂ.” (പേജ് 257–58)

ഇതെഴുതിയ കാലത്ത് ഗോൾവൽക്കർക്ക് ഇങ്ങനെയൊക്കെ പറയാൻ മടിക്കേണ്ടതില്ലായിരുന്നു. ഇപ്പോൾ സ്ഥിതി അതല്ല. ആർ. എസ്. എസ്സിനു നിർണായകസ്വാധീനമുള്ള ഗവണ്മെന്റാണ് മോദിയുടേത്. ഹിന്ദുക്കളിലെ മതനിരപേക്ഷരും ദളിതരുമായ ബഹുഭൂരിപക്ഷവും നിർണായകന്യൂനപക്ഷങ്ങളായ മുസ്ലീങ്ങളും ക്രിസ്ത്യാനികളും കൂടി അത്യന്തം ന്യൂനപക്ഷമായ സവർണസമ്പന്നഹിന്ദുക്കൾക്കെതിരെ ഈ പ്രശ്നങ്ങൾ വലിച്ചിടുന്ന കുഴപ്പങ്ങൾ ദേശീയോദ്ഗ്രഥനത്തെ താറുമാറാക്കുമെന്ന കാര്യം നിസ്തർക്കമാണ്.

“ഹിന്ദുക്കൾ തങ്ങളുടെ മതവികാരങ്ങൾ കൂട്ടിയിണക്കിയിരിക്കുന്നത് ഭാരതത്തിന്റെ മണ്ണുമായി മാത്രമാണ്. പവിത്രസ്ഥാനങ്ങളുടെ ആഹ്വാനം അവനെ ഭാരതത്തിൽ – ഭാരതത്തിൽമാത്രം – പരിക്രമണം ചെയ്യിക്കുന്നു. അതിനാൽ ഈ ഭക്തി ഭാരതത്തോടുമാത്രമുള്ളതാണ്. അതുകൊണ്ട് അവന്റെ മനസ്സിൽ സ്വദേശവും മതവും തമ്മിൽ സംഘർഷങ്ങൾ സൃഷ്ടിക്കപ്പെടുകയില്ല... അവനിൽ രാജ്യത്തോടുള്ള കൂറിനു വിപരീതമായോ എതിരായോ ഉള്ള മതക്കൂറ് കാണില്ല. ഹിന്ദുക്കൾ ഇവിടെ നൂറു ശതമാനം ദേശീയജനതയാണെന്നതിന്റെ നല്ല തെളിവാണത്. അവരെ വർഗീയമെന്നു വിളിക്കുകയും വിഭജിക്കപ്പെട്ടതോ ചോദ്യം ചെയ്യപ്പെടേണ്ടതോ ആയ കൂറുള്ള ജനങ്ങളുടെ ഒപ്പം നിറുത്തുകയും ചെയ്യുന്നത് അന്യായവും മഠയത്തവുമാകും.” (പേജ് 258)

ഹിന്ദുക്കളിൽ ചെറിയൊരു ഭാഗമെങ്കിലും വിദേശങ്ങളിൽ ജോലി ചെയ്യുന്നുണ്ടെന്നുള്ളത്, അവർ ഇവിടെമാത്രം പരിക്രമണം ചെയ്യുന്നുവെന്ന ഗോൾവൽക്കർപ്രസ്താവനയ്ക്കു വിരുദ്ധമാണ്. ഹിന്ദുക്കൾ നൂറു ശതമാനവും ദേശീയജനതയാണെന്നുറപ്പാണെങ്കിൽ, അവർണരും ദളിതരുമായ അവരിലെ ബഹുഭൂരിപക്ഷവും തമ്മിൽ ഒരു സംഘർഷവുമില്ലെന്നും ഉറപ്പാണെങ്കിൽ, ഇന്ത്യയിൽ ജാതിമർദനമോ പശുവിന്റെ തോലൂരിയതിന്റെപേരിൽ ദളിതമർദനമോ ഒന്നുമുണ്ടാവുമായിരുന്നില്ലല്ലോ! അതിനുമുഴുവൻ കാരണക്കാർ സവർണസമ്പന്നവർഗം മാത്രമാണെന്നും നിസ്തർക്കം! വർഗീയതയും വിഭജനവാദവുമൊക്കെ ഉയരുന്നത് ന്യൂനപക്ഷമതവിഭാഗങ്ങളിൽനിന്നാണെന്നതിനാൽ അവരെ ഇന്ത്യയിൽനിന്നു നാടുകടത്തണമെന്നു ധ്വനി!

**മതപരിവർത്തനം**

“ഹിന്ദുക്കളുടെ മതപരിവർത്തനം രാജ്യത്തോടുള്ള അഖണ്ഡവും പരമവുമായ കൂറിന്റെ സ്ഥാനത്തുനിന്ന് വിഭജിതകൂറിന്റെ സ്ഥാനത്തേക്കു നിപതിക്കുവാൻ അവരെ അനുവദിക്കലാണ്. രാഷ്ട്രത്തിന്റെയും രാജ്യത്തിന്റെയും രക്ഷയ്ക്ക് ഇത് അപകടകരമാണ്... ദാരിദ്ര്യത്തെയും നിരക്ഷരതയെയും അജ്ഞതയെയും ചൂഷണം ചെയ്തുകൊണ്ടും പ്രലോഭനവും വഞ്ചനയും ഉപയോഗിച്ചുകൊണ്ടുമാണ് സാധാരണജനങ്ങൾ മതപരിവർത്തനം ചെയ്യപ്പെടുന്നത്. യഥാർഥഹൃദയപരിവർത്തനം ഇവിടെ നടക്കുന്നതേയില്ല. ഈ അന്യായമതപരിവർത്തനം തടയുന്നതാണ് ശരി. അജ്ഞതയിലും ദാരിദ്ര്യത്തിലും ആണ്ടുകിടക്കുന്ന നമ്മുടെ സഹോദരന്മാരെ സംരക്ഷിക്കുവാൻ നാം നിർവഹിക്കേണ്ട കടമ മാത്രമാണിത്.” (പേജ് 258–59)

ഒരു ഹിന്ദുവിനും മനം മാറ്റം വരാൻ സാധ്യതയില്ലെന്നു ഗോൾവൽക്കർക്കുറപ്പിക്കാൻ കഴിയുമോ? എല്ലാ ഹിന്ദുക്കളുടെയും മനസ്സ് ആ ആർ. എസ്. എസ്സ് നേതാവിന്റെ കീശയിലാണോ? മതസ്വാതന്ത്ര്യമെന്നത് ഇന്ത്യൻഭരണഘടന അനുവദിച്ചിട്ടുള്ളതാണ്. അതിൽ മതപരിവർത്തനവും പെടും. മതം മാറിയാൽ അത് വിഭജിതകൂറാണെന്ന് ഒറ്റയടിക്കങ്ങ് വിലയിരുത്താമോ? നിർബന്ധമതപരിവർത്തനം നടക്കുന്നുണ്ടെന്ന് തീർച്ചയാണെങ്കിൽ എന്താ അതൊന്നും കോടതിയിലെത്തിക്കാത്തത്?

**സാത്മീകരണം**

“സർവഗ്രാഹിയായ ഹിന്ദുതത്വശാസ്ത്രത്തിൽ അഹിന്ദുവിഭാഗങ്ങളെ വിലയിപ്പിക്കാനുള്ള ശക്തി ഗർഭിതമാണ്. പണ്ടുകാലത്ത് ശകഹൂണരെപ്പോലുള്ള അക്രമികളെ സാത്മീകരിച്ചതുപോലെ ക്രൈസ്തവരെയും മുസ്ലീങ്ങളെയും ഹിന്ദുസമാജത്തിൽ സാത്മീകരിക്കേണ്ടതാവശ്യമാണെന്നു പണ്ഡിറ്റ് നെഹ്റു പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മനസ്സിലെ ആശയവും ഇതുതന്നെയായിരുന്നു... ഈ വൈകൃതം തിരുത്തി ദേശത്തോടുള്ള കൂറിന്റെ പാതയിൽ ഇത്രയും കാലമായി പതറാതെ ഉറച്ചുനിൽക്കുന്ന ഹിന്ദുക്കളുടെ ബഹുമാന്യസ്ഥാനം ഉയർത്തിപ്പിടിക്കുകയും ഈ മാനദണ്ഡങ്ങൾക്കനുസരിച്ച് മറ്റുള്ളവരെ ഇവരോടുകൂടി സമന്വയിക്കുകയും ചെയ്യുന്ന നയം പിന്തുടരുകയാണ് വേണ്ടത്.” (പേജ് 259)

ഇതു കേട്ടാൽ തോന്നും പണ്ഡിറ്റ് നെഹ്റു ആർ. എസ്. എസ്സാണെന്ന്. അപ്പോൾ അദ്ദേഹത്തിന്റെ സർക്കാർ ആ സംഘടനയെ നിരോധിച്ചത് സംഘത്തോടുള്ള സ്നേഹംകൊണ്ടായിരിക്കുമോ? മതന്യൂനപക്ഷങ്ങളെ നിയമം

മുഖേന നിർമാർജനം ചെയ്യണമെന്നാണോ ഗോൾവൾക്കറുടെ മനസ്സിലിരിപ്പ്?

**ദേശീയോദ്ഗ്രഥനസമിതി**

"ദേശീയോദ്ഗ്രഥനത്തിനുവേണ്ടി തുടരെത്തുടരെയുള്ള ആഹ്വാനങ്ങൾ അതിന്റെ അഭാവം ഇപ്പോൾ നല്ലപോലെയുണ്ടെന്ന അനാവശ്യധാരണ പരത്തുവാൻ മാത്രമേ കാരണമാകൂ. അതുകൊണ്ട് സമിതി ഇനിയും തുടരുന്നത് അതിന്റെ അടിസ്ഥാനപരമായ ആവശ്യത്തിനുതന്നെ നിരക്കുന്നതായിരിക്കുകയില്ല. അതിനാൽ താമസിയാതെ അതു പിരിച്ചുവിടേണ്ടത് വളരെ ആവശ്യമാണ്. 'ദേശീയോദ്ഗ്രഥനം' എന്ന ആശയം മുന്നോട്ടു കൊണ്ടുപോകാൻ സഹായിക്കുന്ന വലിയൊരു കാൽവെപ്പായിരിക്കും ഇത്." (പേജ് 259)

ദേശീയോദ്ഗ്രഥനസമിതി പിരിച്ചുവിടുകയും ദേശീയോദ്ഗ്രഥനത്തിന് ആഹ്വാനം ചെയ്യാതിരിക്കുകയും ചെയ്താൽ ഇവിടെ ദേശീയോദ്ഗ്ഥനം താനേ വളർന്നുകൊള്ളുമെന്നാണോ ആർ. എസ്. എസ്സ് നേതാവിന്റെ വിദഗ്ധമതം? വർഗീയതയ്ക്കെതിരെ പ്രചാരണം നടത്തുന്നത് വർഗീയത വളർത്തുകയാണ് ചെയ്യുക എന്നു വർഗീയവാദികൾ പറയാറുണ്ട്. ഈ വാദം അതിനെ അനുസ്മരിപ്പിക്കുന്നു!

"ഹിന്ദുജനതയുടെ ഭാവം ബോധിച്ച് അവരിൽ ഭാരതത്തോടും അതിന്റെ അന്തഃസത്തയോടും തീവ്രമായ ഭക്തി വളർത്തിയെടുക്കാനും പൂർണസമർപ്പണമനോഭാവവും പവൻമാറ്റുള്ള ഗുണങ്ങളും ചാരിത്ര്യവും ഉദ്ദീപിപ്പിക്കാനും സമാജബോധവും പരസ്പരമുള്ള സന്മനോഭാവവും സ്നേഹവും സഹകരണവും ഉണർത്താനും ജാതിമതഭാഷാവ്യത്യാസങ്ങൾ അപ്രധാനങ്ങളാണ്; ദേശസേവനമാണ് പരമലക്ഷ്യം എന്ന ബോധമുളവാക്കി തദനുരൂപമായ പെരുമാറ്റത്തിനു രൂപം കൊടുക്കാനും ശരിയായ വിനയത്തിന്റെയും അച്ചടക്കത്തിന്റെയും ബോധം അവരിൽ ഉണർത്തി സമാജത്തിന്റെ ഏതുത്തരവാദിത്തവും വഹിക്കാൻ തക്കവണ്ണം കരുത്തു നൽകുന്ന ശാരീരികപരിശീലനങ്ങൾ നൽകാനും അങ്ങനെ ജീവിതത്തിന്റെ എല്ലാ തുറകളിലും സാർവത്രികമായ അനുശാസനം സൃഷ്ടിച്ച് ഹിമാലയംമുതൽ കന്യാകുമാരിവരെ ഏകീകൃതവും ഏകാത്മകവുമായ ദേശീയപൂർണതയായി നമ്മുടെ ജനങ്ങളെ എല്ലാവരെയും വാർത്തെടുക്കാനും വേണ്ടിയുള്ള തിരക്കിട്ട പരിശ്രമങ്ങൾ ആർ. എസ്സ്. എസ്സ്. ചെയ്തുവരികയാണ്." (പേജ് 260–61)

എല്ലാം നല്ലതുതന്നെ. "വിനായകം പ്രകുർവാണോ രചയാമാസ വാനരം" (ഗണപതിയെ നിർമിക്കാനാഗ്രഹിച്ച് കുരങ്ങനെ ഉണ്ടാക്കി) എന്നു പറഞ്ഞതുപോലായി പരിണതി എന്നേയുള്ളൂ. പറഞ്ഞതിനൊക്കെ വിപരീതമായാണ് നേതാവുദ്ദേശിച്ചതും അണികൾ മനസ്സിലാക്കിയതും പ്രാവർത്തികമാക്കുന്നതുമായ അർഥമെന്നു മാത്രം.

**ആർ. എസ്. എസ്സിനെപ്പറ്റി**

"സംഘത്തിന് അവകാശവാദങ്ങളൊന്നുമില്ല. പ്രത്യേകാവകാശങ്ങൾക്കോ ആനുകൂല്യങ്ങൾക്കോ വേണ്ടി അത് സമരം ചെയ്യുന്നില്ല. തിരഞ്ഞെടുപ്പുരാഷ്ട്രീയത്തിൽ അത് പങ്കെടുക്കുന്നില്ല. അധികാരക്കസേരകളിൽ വരാനതിനു മോഹമില്ല. അത്തരത്തിലുള്ള ഒരു നയവും അതിനില്ല. നമ്മുടെ രാഷ്ട്രത്തെ സംഘടിതവും ഐശ്വര്യപൂർണവും പ്രതാപപൂർണവുമാക്കിത്തീർത്ത് നമ്മുടെ സർവസ്വവും അതിന്റെ ബലിവേദിയിൽ അർപ്പിക്കുന്നതിനുപരിയായി മറ്റൊരാഗ്രഹം അതു പുലർത്തുന്നില്ല. അതിനാൽ എതെങ്കിലും ജാതിയോടോ മതത്തോടോ പാർട്ടിയോടോ യാതൊരു വിദ്വേഷവും എതിർപ്പും അതിനില്ല. ഭാവാത്മകമായി ഹിന്ദുവീക്ഷണമുൾക്കൊണ്ടതാകയാൽ എല്ലാവരോടും തുല്യമായ ബഹുമാനവും സ്നേഹവും സഹിഷ്ണുതയും അതിനുണ്ട്. ഹിന്ദുസങ്കല്പപ്രകാരം ഭരണകൂടത്തിന്റെ ധർമം മതേതരകാര്യങ്ങളിൽ മാത്രമായി ഒതുങ്ങിനിൽക്കുകയാണ്. മതപരമോ വിഭാഗീയമോ ആയ പരിഗണനയിന്മേൽ പ്രത്യേകാവകാശങ്ങളുടെ അടിസ്ഥാനത്തിൽ ചിന്തിക്കുന്നത് ഹിന്ദുവിശ്വാസത്തിനും പാരമ്പര്യത്തിനുമെതിരാണെന്ന് അത് വിശ്വസിക്കുന്നു." (പേജ് 261)

ഉദാഹരണങ്ങളിതാ ഓരോന്നായി നിരത്തുന്നു: അവകാശവാദങ്ങളൊന്നുമില്ല എന്നതിന് എല്ലാം തങ്ങളുടെ നിയന്ത്രണത്തിൽ വരണമെന്നേയുള്ളൂ എന്നർഥം. രണ്ടാമത്തെ വാക്യത്തിന് സമരം ചെയ്യാതെതന്നെ എല്ലാ അവകാശങ്ങളും ആനുകൂല്യങ്ങളും കടന്നാക്രമണത്തിലൂടെ പിടിച്ചുവാങ്ങുമെന്നർഥം. തിരഞ്ഞെടുപ്പുരാഷ്ട്രീയത്തിൽ പങ്കെടുക്കുന്നില്ലെന്നതിന് പങ്കെടുക്കും; അഥവാ പങ്കെടുക്കാതെതന്നെ തങ്ങൾ നിയന്ത്രിക്കുന്ന കക്ഷിയായ ബി. ജെ. പി. ക്കുവേണ്ടി ചാക്കിട്ടുപിടിച്ചും കാലുമാറ്റിയും ഭൂരിപക്ഷമുണ്ടാക്കി ഭരണം പിടിച്ചെടുക്കുമെന്നർഥം. *എതെങ്കിലും ജാതിയോടോ മതത്തോടോ പാർട്ടിയോടോ യാതൊരു വിദ്വേഷവും എതിർപ്പും അതിനില്ല* എന്നുവെച്ചാൽ, അവർണരോടും ദളിതരോടും ഹൈന്ദവേതരമതസ്ഥരോടും ബി. ജെ. പി. യും സഖ്യകക്ഷികളുമൊഴിച്ചുള്ള പാർട്ടികളോടും വിദ്വേഷവും എതിർപ്പുമുണ്ടെന്നർഥം. *ഭാവാത്മകമായി ഹിന്ദുവീക്ഷണമുൾക്കൊണ്ടതാകയാൽ എല്ലാവരോടും തുല്യമായ ബഹുമാനവും സ്നേഹവും സഹിഷ്ണുതയും അതിനുണ്ട്* എന്നതിന് സമ്പന്നസവർണതാല്പര്യത്തിനു കീഴ്പ്പെടാത്ത എല്ലാവരോടും നിന്ദയും വിരോധവും അസഹിഷ്ണുതയുമാണെന്നർഥം. ഹിന്ദു എന്നാൽ സമ്പന്നസവർണഹിന്ദുവാണല്ലോ. അവന് മതമേതായാലും സമ്പന്നവർഗതാല്പര്യസംരക്ഷണം നടക്കണമെന്നേയുള്ളൂ. അവസാനത്തെ രണ്ടു വാക്യങ്ങൾ ഈ താല്പര്യസംരക്ഷണത്തിൽ ഊന്നുന്നു. ഭരണകൂടധർമം മതേതരമാവണമെന്നതിന്നർഥം ന്യൂനപക്ഷാവകാശങ്ങളും സംവരണവും നിർത്തണമെന്നർഥം. അപ്പോൾ ഹിന്ദു എന്നതിന് സമ്പന്നതാല്പര്യസംരക്ഷകനെന്നർഥം.

**ആർ. എസ്. എസ്. നേതാവിന്റെ ചില മൗലികനിർവചനങ്ങൾ**

"1. ദേശീയർ. രാഷ്ട്രത്തോടും അതിന്റെ പാരമ്പര്യത്തോടും യുഗങ്ങളായുള്ള അവിടത്തെ വീരപുരുഷന്മാരോടും അതിന്റെ സുരക്ഷിതത്വം, അഭ്യുന്നതി എന്നിവയോടും അവിഭക്തവും കലർപ്പില്ലാത്തതുമായ കൂറുള്ള ജനതയാണ് ദേശീയർ.

"2. വർഗീയവാദികൾ. അത്തരം കൂറു വെച്ചുപുലർത്തുന്നുണ്ടെങ്കിലും മറ്റുള്ള ജനതയിൽനിന്നും വ്യതിരിക്തമായി സ്വന്തം സമുദായം, ജാതി, ഭാഷ, വംശം എന്നിവയുടെ അടിസ്ഥാനത്തിൽ ചിന്തിക്കുകയോ സാമാന്യജനത അവകാശപ്പെടാത്തതോ അനുഭവിക്കാത്തതോ ആയ പ്രത്യേകാവകാശങ്ങളും വിശേഷാധികാരങ്ങളും അനുഭവിക്കുന്നതിനും തങ്ങളുടെ മാത്രം പരിമിതമായ ശ്രേയസ്സിനും അധികാരാസ്വാദനത്തിനും വേണ്ടി യത്നിക്കുകയും പ്രസ്തുതോദ്ദേശ്യങ്ങൾക്കുവേണ്ടി അസൂയപ്പെടുകയും വെറുക്കുകയും എതിർക്കുകയും ചിലപ്പോൾ ഹിംസാത്മകമായ ഉപായങ്ങൾതന്നെ അവലംബിക്കുകയും ചെയ്യുന്നവരാണ് വർഗീയവാദികൾ.

"3. വൈരികൾ. (i) വിഭക്തമായ കൂറു പുലർത്തുന്നവരും, 1–ൽ പ്രസ്താവിച്ചിട്ടുള്ളതിനുമെതിരായ കൂറുള്ളവരും കൂറുകൾ തമ്മിൽ സംഘർഷം വരുമ്പോൾ രാഷ്ട്രതാത്പര്യങ്ങളോട് അവഗണനയോ ഉദാസീനതയോ കാണിച്ച് തങ്ങളുടെ മറ്റു വിശ്വാസവിഷയങ്ങളെ പരിസേവിക്കുന്നവരുമായ വിഭാഗക്കാരാണ് വൈരികൾ.

. (ii) തങ്ങൾ വിദേശികളും ആക്രമണകാരികളും വിജേതാക്കളും രാഷ്ട്രത്തിന്റെ പൂർവകാലയജമാനന്മാരും ഭരണാധിപന്മാരുമാണെന്ന് തുടർന്നു വിശ്വസിക്കുന്ന വിഭാഗക്കാർ പ്രത്യക്ഷത്തിൽ വിദേശികൾതന്നെ. അവ്വിധമുള്ള ഭരണാധികാരികളായി പുനരാരോഹണം ചെയ്യുവാനുള്ള ആഗ്രഹം അവരിൽ പ്രകടിതമായാൽ അവരും വൈരികളാണ്.

"4. **ദേശീയവിരുദ്ധർ**. ദേശീയരാണെങ്കിലും ചില വഴിപിഴച്ച സങ്കല്പങ്ങളുടെ ഫലമായി ജനസാമാന്യത്തിൽനിന്നു ഭേദിച്ചുപോകാൻ യത്നിക്കുകയും ഭിന്നവും പലപ്പോഴും കലഹിക്കുന്നതുമായ സ്റ്റേറ്റായി സ്വയം രൂപം കൊള്ളുകയും ചെയ്യുന്നവർ ദേശീയവിരുദ്ധരാണ്.

"5. **ദേശദ്രോഹികൾ, ശത്രുക്കൾ**. (i) ശത്രുക്കൾ 4–ാം വകുപ്പിൽ പെട്ടവരിൽ, തങ്ങളുടെ ലക്ഷ്യപ്രാപ്തിക്കുവേണ്ടി 3–ാം വകുപ്പിലെ (i) ഉം (ii) ഉം ഉപവകുപ്പിൽ പെട്ടവരുമായി കൈകോർത്തുപിടിക്കാൻ മടിക്കാത്തവരും പ്രസ്തുതലക്ഷ്യങ്ങൾക്കായി ഏതെങ്കിലും വിദേശശക്തിയോട് കൂട്ടുചേരാൻ ഇഷ്ടപ്പെടുകയോ പരിശ്രമിക്കുകയോ ചെയ്യുന്നവരും ദേശദ്രോഹികളാണ്. (ii) അധികാരം നേടുവാനോ നിലനിർത്തുവാനോ വേണ്ടി 3 (i), (ii) 4 എന്നീ വകുപ്പുകാരോട് സഹകരിക്കുകയോ അവരോട് മുൻഗണനാപരമായി വ്യവഹരിക്കുകയോ ചെയ്യുന്ന രാഷ്ട്രീയകക്ഷികളെ 5 (ii) ൽ പെടുത്താവുന്നതാണ്. (iii) വിദേശശക്തികളുടെ ആധാരഭൂതമായ പ്രത്യയശാസ്ത്രം അംഗീകരിച്ചിട്ടുള്ളവയും സ്വന്തം രാഷ്ട്രത്തെ അപേക്ഷിച്ച് അത്തരം ശക്തികളോട് പ്രതിപത്തിയുള്ളവയും നമ്മുടെ രാഷ്ട്രത്തിന്മേലുള്ള ആ ശക്തികളുടെ ആക്രമണകാര്യത്തിൽ രാഷ്ട്രത്തിനെതിരായിട്ടുപോലും ഒളിഞ്ഞോ തെളിഞ്ഞോ അതു സഹിക്കുകയോ സമർഥിക്കുകയോ ന്യായവത്കരിക്കുകയോ ചെയ്യുന്നവരുമായ രാഷ്ട്രീയചേരികൾ ദേശദ്രോഹികളും ശത്രുക്കളുമാണ്.

"നിർഭാഗ്യവശാൽ മേൽപറഞ്ഞ എല്ലാ വകുപ്പുകാരും നമ്മുടെ പവിത്രഭൂമിയിലിന്നുണ്ട്. അവയെക്കുറിച്ച് യഥാർഥവും നിർഭയവുമായ ധാരണ ഉണ്ടാകേണ്ടത് സുശക്തവും സുസംഘടിതവുമായ ദേശീയജീവിതം പടുത്തുയർത്തുന്നതിന് ആവശ്യമാണ്." (പേജ് 262–63)

ചുരുക്കത്തിൽ, സമ്പന്നസവർണഹിന്ദുക്കൾ ദേശീയരും, ഹിന്ദുമതത്തിലെ അവർണരും ദളിതരും കമ്യൂണിസ്റ്റുകാരുൾപ്പെടെയുള്ള മതനിരപേക്ഷവാദികളുമായ ബഹുഭൂരിപക്ഷവും മുസ്ലീങ്ങളും ക്രിസ്ത്യാനികളുമടങ്ങുന്ന മതന്യൂനപക്ഷങ്ങളുമെല്ലാം വർഗീയവാദികളും വൈരികളും ദേശീയവിരുദ്ധരും ദേശദ്രോഹികളുമാണെന്ന് ആർ. എസ്. എസ്. വിശ്വസിക്കുകയും അവരോട് അസഹിഷ്ണുത പുലർത്തുകയും ചെയ്യുമെന്നർഥം.

**മുസ്ളീം ലീഗ്**

"വിഭജനത്തിനു മുൻപ് ഭരണഘടനാസമിതി രൂപീകരിക്കാനുള്ള തിരഞ്ഞെടുപ്പുണ്ടായിരുന്നു. അതിൽ പാക്കിസ്ഥാന്റെ സൃഷ്ടി തിരഞ്ഞെടുപ്പുപ്രശ്നമാക്കിക്കൊണ്ട് മുസ്ലീം ലീഗ് മത്സരിക്കുകയുണ്ടായി. കോൺഗ്രസ്സും രാജ്യത്തിലെങ്ങും കുറേ മുസ്ലീം സ്ഥാനാർഥികളെ നിർത്തിയിരുന്നു. എന്നാൽ അത്തരം സ്ഥലങ്ങളിലെല്ലാം തന്നെ മുസ്ലീങ്ങൾ ലീഗ് സ്ഥാനാർഥിക്കു വോട്ട് ചെയ്ത് കോൺഗ്രസ് സ്ഥാനാർഥികളെ പറ്റേ പരാജയപ്പെടുത്തി. വടക്കുപടിഞ്ഞാറൻ അതിർത്തിസംസ്ഥാനം മാത്രമായിരുന്നു അപവാദം. ഇതിന്റെ അർഥം ഇവിടെയുള്ള കോടിക്കണക്കിൽ മുസ്ലീങ്ങളെല്ലാം ഒന്നിച്ച് പാക്കിസ്ഥാന്നുവേണ്ടി വോട്ടു ചെയ്തുവെന്നു മാത്രമാണ്... പാക്കിസ്ഥാൻ സൃഷ്ടിക്കപ്പെട്ടതോടെ ഒറ്റ രാത്രികൊണ്ട് അവരെല്ലാം (ഇന്ത്യയിലെ മുസ്ലീങ്ങൾ) രാജ്യസ്നേഹികളായി മാറിയെന്നു വിശ്വസിച്ച് സ്വയം വഞ്ചിക്കുന്നത് ആത്മഹത്യാപരമായിരിക്കും. നേരെമറിച്ച് നമ്മുടെ രാഷ്ട്രത്തിനുനേരെ ഭാവിയിലെ അവരുടെ ആക്രമണതന്ത്രങ്ങൾക്കെല്ലാമുള്ള ചവിട്ടുപടിയായ പാക്കിസ്ഥാന്റെ സൃഷ്ടിയോടുകൂടി മുസ്ലീങ്ങളെക്കൊണ്ടുള്ള ശല്യം നൂറിരട്ടി വർധിച്ചിരിക്കയാണ്... എന്നാൽ നമ്മുടെ

മാതൃഭൂമിയിൽനിന്നു ആക്രമണകാരിയായ മുസ്ലീംസ്റ്റേറ്റ് കാർന്നെടുക്കപ്പെട്ടുവെന്ന നഗ്നസത്യം ശേഷിക്കുന്നു. പാക്കിസ്ഥാൻ നിലവിൽ വന്ന നാൾ മുതൽ, തുടർന്നുകൊണ്ടേയിരിക്കുന്ന വ്യക്തമായ കഥയാണിതെന്നു സംഘത്തിലുള്ള നാം ഉറപ്പിച്ചു പറഞ്ഞുകൊണ്ടിരിക്കുന്നു... അവരുടെ പ്രത്യക്ഷാക്രമണം പ്രഥമവിജയത്തിന്റെ ചാണയിൽ മൂർച്ചപ്പെട്ടതോടെ അവർ കാശ്മീരിന്റെ നേർക്കു തിരിഞ്ഞു. അവിടെയും ഭാഗികമായെങ്കിലും വിജയം വരിച്ചു. ഇന്നും കാശ്മീരിന്റെ മൂന്നിലൊരു ഭാഗം അവരുടെ പിടിയിലാണ്. ഇപ്പോൾ കാശ്മീരിനകത്തുള്ള ശക്തരായ പാക്കിസ്ഥാനനുകൂലഘടകങ്ങളുടെ സഹായത്തോടുകൂടി ശേഷഭാഗവും വിഴുങ്ങാൻ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണവർ.” (പേജ് 268–70)

മുസ്ലീം വിരോധം സഹജമാക്കിമാറ്റിയ ഈ ഹിന്ദുത്വം കൊണ്ടുനടക്കുന്ന ആർ. എസ്. എസ്സുകാർ തങ്ങൾ ഏറ്റവും കൊടിയ ദേശവിരുദ്ധശക്തികളാണെന്ന് സ്വയം തുറന്നുകാട്ടുന്നവയാണ് ഇത്തരം പ്രസ്താവനകൾ. പാക്കിസ്ഥാന്റെ പേരിൽ ദേശാഭിമാനികളും മതനിരപേക്ഷതയിൽ വിശ്വസിക്കുന്നവരുമായ ഇന്ത്യക്കാരെ കരിതേച്ചു കാണിക്കുകയാണിവർ. ബ്രിട്ടൻ ഇന്ത്യവിട്ടുപോകാതിരിക്കാൻ താല്പര്യം കാണിച്ചവരും ദേശീയസ്വാതന്ത്ര്യസമരത്തിൽ തികച്ചും ഉദാസീനത പുലർത്തിയവരും ഹിന്ദു–മുസ്ലീം ഐക്യത്തിനുവേണ്ടി നിരന്തരം പോരാടിയ രാഷ്ട്രപിതാവിനെ തങ്ങളിലൊരാൾതന്നെ വെടിവെച്ചുകൊന്നതിൽ ദുഃഖം ഭാവിച്ച് പത്തുനാൾ അനുശോചനമാചരിക്കുകയും ചെയ്ത കാപട്യശീലരുമാണ് ആർ. എസ്. എസ്സുകാർ. “വളരെയേറെക്കാലമായി അസമിലും ത്രിപുരയിലും ബംഗാളിന്റെ ബാക്കിഭാഗത്തും അവർ (മുസ്ലീങ്ങൾ) ആസൂത്രിതമായ രീതിയിൽ പെരുമാറുകയാണ്... ജിന്ന സ്വപ്നം കണ്ട പാക്കിസ്ഥാന്റെ ഭാഗങ്ങളായിരുന്നു കാശ്മീരും അസമുമെന്നോർക്കുമ്പോൾ അവരുടെ പ്രവർത്തനപദ്ധതി പകൽപോലെ വ്യക്തമാകുന്നു.” (പേജ് 270–71)

ഇന്ത്യയിൽ ഇപ്പോൾ ഗോൾവൾക്കറുടെ അനുയായികളല്ലേ കേന്ദ്രത്തിലും ഈ സംസ്ഥാനങ്ങളിലും ഭരിക്കുന്നത്? അവിടങ്ങളിൽ ഭരണമെന്നൊന്നില്ലെന്നാണോ ആർ. എസ്. എസ്. നേതാവ് പറയുന്നത്?

“മുസ്ലീം ലീഗ് അതിന്റെ വൃത്തികെട്ട തല തെക്കുദിക്കിൽ വീണ്ടും തലയുയർത്തിയിരിക്കയാണ്. വടക്ക് പാക്കിസ്ഥാന്റെ സൃഷ്ടി ഹിന്ദുക്കൾക്ക് താത്കാലികമായിട്ടെങ്കിലും മുസ്ലീം ലീഗിന്റെ വിപത്ത് ബോധ്യമാക്കിക്കൊടുത്തു. അതിനാൽ ലീഗ് നേതാക്കൾ തങ്ങളുടെ തലസ്ഥാനം തെക്കോട്ടു മാറ്റി. ഈ വർഷങ്ങളിലത്രയും തങ്ങളുടെ പ്രവൃത്തികൾ രഹസ്യമായി നടത്തിക്കൊണ്ടിരിക്കുകയായിരുന്നുവെന്ന പ്രസ്താവനയുമായി അവർ പുറത്തു വന്നിരിക്കുകയാണ്. കേരളത്തിൽ കമ്യൂണിസ്റ്റ് ഗവണ്മെന്റിനെ തറ പറ്റിച്ച ബഹുജനപ്രക്ഷോഭം പൊതുരംഗത്തു വരാൻ അവർക്ക് സുവർണാവസരം പ്രദാനം ചെയ്തു. തുടർന്നുണ്ടായ തിരഞ്ഞെടുപ്പും അവർക്കനുകൂലമായ കാറ്റായിരുന്നു. മുസ്ലീം ലീഗിനെ പ്രീണിപ്പിച്ച് നാടിനെ വിഭജനമെന്ന കൊടും വിപത്തിൽ ചാടിച്ച പഴയ അനുഭവത്തിൽനിന്നു യാതൊന്നും പഠിക്കാതെ കോൺഗ്രസ് തിരഞ്ഞെടുപ്പുകാലത്ത് ഒരിക്കൽകൂടി രണ്ടു കൈയും നീട്ടി മുസ്ലീംലീഗിനെ പുണർന്നു... ഇന്നു കേരളത്തിൽ അവർ സ്വതന്ത്രമാപ്പിളനാടിനുവേണ്ടി പരസ്യമായി പ്രചരണം നടത്തിക്കൊണ്ടിരിക്കുന്നു. (ഈ ഭാഷണം പ്രസിദ്ധീകരിക്കുമ്പോഴേക്ക് മാപ്പിളനാടെന്നു പ്രസിദ്ധമായ മലപ്പുറം ജില്ല അവർക്ക് ലഭിച്ചുകഴിഞ്ഞിരുന്നു.)” (പേജ് 274–75)

ആജന്മശത്രുവായ കമ്യൂണിസ്റ്റുകാരെപ്പറ്റി എത്ര അനുഭാവപൂർണമായാണ് ആർ. എസ്. എസ്. നേതാവ് ഇവിടെ പരാമർശിച്ചിരിക്കുന്നത്. ഹിന്ദു–മുസ്ലീം മൈത്രിക്കു പ്രസിദ്ധമായ കേരളത്തെയും (കേരളത്തിൽ ആർ. എസ്. എസ്സിനു പ്രവർത്തനസ്വാതന്ത്ര്യം അനുവദിക്കുന്നില്ല എന്നും മറ്റും) അതിന്റെ ഭാഗമായ മലപ്പുറത്തെയും (മലപ്പുറത്ത് ഹിന്ദുക്കൾക്കു ഭൂമി വിൽക്കുന്നില്ല എന്നും മറ്റും. ഇക്കഴിഞ്ഞ നാല്പതോളം കൊല്ലമായി മലപ്പുറം ജില്ലയിൽ സ്ഥിരമായി താമസിക്കുന്നവനാണ് ഞാനും സ്ഥലവാസികളായ അനേകായിരം ഹിന്ദുക്കളും) പറ്റി എന്തൊക്കെ അപവാദങ്ങളാണ് ഉത്തരേന്ത്യയിൽ, വിശേഷിച്ച് ദില്ലിയിൽ, പ്രചരിപ്പിച്ചുവിടുന്നത്! കേരളത്തിലെ ആർ. എസ്. എസ്. ഘടകം ഇവിടെ പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷസർക്കാറിനെ അട്ടിമറിക്കാനുള്ള തകൃതി പിടിച്ച ഗൂഢാലോചനയിലാണ്. പലപ്പോഴും അവരുടെയും യു. ഡി. എഫ്. നേതൃത്വത്തിലുള്ള പ്രതിപക്ഷത്തിന്റെയും പ്രസ്താവനകൾ ഒരുപോലെയാണ് പ്രത്യക്ഷപ്പെടുന്നത്.

**മുസ്ലീങ്ങളുടെ പ്രകോപനസ്വഭാവം**

“വാസ്തവത്തിൽ രാജ്യത്തിൽ എവിടെയെല്ലാം മുസ്ലീംമഹല്ലുകളോ പള്ളികളോ ഉണ്ടോ അതെല്ലാം തങ്ങളുടെ സ്വന്തമായ സ്വതന്ത്രഭൂപ്രദേശങ്ങളാണെന്നാണ് മുസ്ലീങ്ങളുടെ ഭാവം. അവിടെ വാദ്യഘോഷത്തോടും ഗാനാലാപനത്തോടുംകൂടി ഹിന്ദുക്കളുടെ ഘോഷയാത്ര വല്ലതുമുണ്ടായാൽ തങ്ങളുടെ മതവികാരങ്ങൾ വ്രണപ്പെടുന്നുവെന്നു പറഞ്ഞ് അവർ കോപാകുലരാകും. മധുരഗാനങ്ങൾകൊണ്ട് പ്രകോപിക്കപ്പെടത്തവിധം മൃദുലമാണവരുടെ മതവികാരങ്ങളെങ്കിൽ എന്തുകൊണ്ടവർക്ക് അവരുടെ പള്ളികൾ കാട്ടിലോ മറ്റോ സ്ഥാപിച്ച് ആ ഏകാന്തനിശ്ശബ്ദതയിൽ പ്രാർഥന നടത്തിക്കൂടാ?” (പേജ് 276–77)

ആർ. എസ്. എസ്. നേതാവിനുതന്നെ ഇത്ര മതസഹിഷ്ണുതയില്ലെങ്കിൽ അണികളിൽനിന്ന് അത് പ്രതീക്ഷിക്കുന്ന നാമല്ലേ വിഡ്ഢികൾ! മുസ്ലീം ഭൂരിപക്ഷമുള്ള മലപ്പുറം ജില്ലയിൽ വിശേഷിച്ച് വർഗീയലഹളകളുണ്ടാക്കാൻ തക്കം നോക്കി നടക്കുകയാണവർ.

“ഒരു വിധത്തിൽ ഇത് (പള്ളികളുടെ മുൻപിൽ ഹിന്ദുക്കളുടെ ഘോഷയാത്ര തടയുന്ന സർക്കാരിന്റെ വിവേച

നാധികാരനിയമം) രാജ്യത്തിനകത്ത് മുസ്ലീംതാവളങ്ങൾ, അതായത് ധാരാളം 'കുട്ടിപ്പാക്കിസ്ഥാനു'കൾ ഉണ്ടെന്നും അവിടെ രാജ്യത്തിലെ പൊതുനിയമങ്ങൾ ചില പ്രത്യേകഭേദഗതികൾക്കു വിധേയമാക്കി മാത്രമേ നടപ്പിലാക്കാവൂ എന്നും കുഴപ്പമുണ്ടാക്കുന്നവരുടെ തോന്ന്യാസങ്ങൾക്കായിരിക്കണം അന്തിമതീരുമാനം വിട്ടുകൊടുക്കേണ്ടതെന്നും പരോക്ഷമായിട്ടെങ്കിലും സമ്മതിക്കലാണ്. നമ്മുടെ ദേശീയജീവിതത്തെ പാടേ നശിക്കുന്നനതിനുള്ള സാധ്യതകൾ നിറഞ്ഞ അപായകരമായ സിദ്ധാന്തത്തെയാണ് ഈ അംഗീകരണം പരോക്ഷമായിട്ടെങ്കിലും സൂചിപ്പിക്കുന്നത്. അത്തരം 'താവളങ്ങൾ' ഇന്നാട്ടിൽ ശരിക്കും പാക്കിസ്ഥാനനുകൂലഘടകങ്ങളുടെ രാജ്യശൃംഖലയുടെ കണ്ണികളുമായിത്തീർന്നിരിക്കുന്നു." (പേജ് 278)

മുസ്ലീങ്ങൾക്കു രണ്ടാംകിട പൗരന്മാരുടെ അവകാശമേ നൽകാവൂ എന്ന ഹിന്ദുത്വത്തിന്റെ ഈ ദുർവാശി വിശാലമായ ഹിന്ദുമതത്തിന്റെ അന്തഃസത്തയ്ക്ക് അല്പമെങ്കിലും നിരക്കുന്നതല്ലെന്ന് ഗോൾവൾക്കർ ചിന്തിച്ചിട്ടുണ്ടോ? ഇവിടെ 'കുട്ടിപ്പാക്കിസ്ഥാ'നുകളും 'പാക്കിസ്ഥാനനുകൂലഘടകങ്ങ'ളും സൃഷ്ടിക്കാൻ ഹിന്ദുത്വമാണ് കച്ച കെട്ടിയിറങ്ങിയിരിക്കുന്നതെന്ന് ഇതുകൊണ്ടൊക്കെ ബോധ്യമാകുമല്ലോ. മാത്രമല്ല, ഈ ആരോപണങ്ങൾ കോടതിമുൻപാകെ ഉന്നയിക്കുന്നതിനുപകരം ഇങ്ങനെ കോലാഹലം കൂട്ടുന്നതെന്തിന്?

"സ്വാതന്ത്ര്യസമരത്തിന്റെ ആദ്യകാലത്ത് മഹാത്മാഗാന്ധിയുടെ വലംകൈയായിരുന്ന മൗലാനാ മുഹമ്മദാലി 'മുസ്ലീങ്ങൾക്കിടയിലെ ഏറ്റവും ദുർവൃത്തനും മഹാപാപിയുമായ ഒരാൾപോലും തന്റെ ദൃഷ്ടിയിൽ മഹാത്മാഗാന്ധിയേക്കാൾ എത്രയോ മെച്ചപ്പെട്ടവനാണ്' എന്ന് ഒരിക്കലല്ല, ആവർത്തിച്ചാവർത്തിച്ച് പ്രഖ്യാപിച്ചിട്ടുണ്ട്... ഫലത്തിൽ (മൗലാനാ അബുൾകലാം) ആസാദ് പറയുന്നത്, ജിന്നയെ പിന്തുടർന്ന മുസ്ലീങ്ങൾക്കു വിഡ്ഢിത്തം പറ്റി, എന്തുകൊണ്ടെന്നാൽ അവർക്ക് നാടിന്റെ ഒരു ഭാഗം മാത്രമേ കിട്ടിയുള്ളൂ. അവർ അതിനുപകരം തന്റെ ഉപദേശം കൈക്കൊണ്ടിരുന്നുവെങ്കിൽ പാക്കിസ്ഥാന്റെ എല്ലാ ആനുകൂല്യങ്ങൾക്കും പുറമെ മുഴുവൻ രാജ്യത്തിന്റെയും കാര്യത്തിൽ തങ്ങൾക്കു നിർണായകമായ സ്വാധീനവും ലഭിക്കുമായിരുന്നു." (പേജ് 280–81)

മൗലാനാ മുഹമ്മദാലിയെയും മൗലാനാ അബുൾകലാം ആസാദിനെയുംപോലെ ഉന്നതന്മാരായ നേതാക്കന്മാരെപ്പറ്റിപ്പോലും ഇത്തരം അപവാദപ്രചാരണങ്ങൾ അഴിച്ചുവിടുന്ന സംഘപരിവാറിന്റെ ഭരണത്തിൻ കീഴിൽ മുസ്ലീങ്ങൾ സുരക്ഷിതരല്ലെന്ന് നിർമത്സരാരെങ്കിലും ആശങ്കിച്ചുപോയാൽ അവരെ കുറ്റപ്പെടുത്താനാകുമോ?

"പല സംസ്ഥാനങ്ങളിലും മുസ്ലീം ലീഗിന്റെ പേരിൽ തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ മാത്രമല്ല, തങ്ങളുടെ പൊതുയോഗങ്ങളിലും ജാഥകളിലും 'പാക്കിസ്ഥാൻ സിന്ദാബാദ്' എന്ന മുദ്രാവാക്യം മുഴക്കുവാൻ പോലും മുസ്ലീങ്ങൾക്കിന്നു ധൈര്യം ലഭിച്ചിരിക്കുകയാണ്." (പേജ് 281)

ഈ പ്രചരണത്തിനെല്ലാം വല്ല തെളിവും ചൂണ്ടിക്കാട്ടാൻ കഴിയുമോ? എങ്കിൽ അതൊക്കെ കോടതിമുമ്പാകെ ഹാജരാക്കാൻ മതനിരപേക്ഷവാദികൾ എല്ലാ സഹായസഹകരണങ്ങളും നൽകുമെന്നുറപ്പാണ്. അല്ലാതെ വായിൽതോന്നുന്നത് കോതയ്ക്ക് പാട്ടെന്ന മട്ടിൽ എന്തെങ്കിലും വിളിച്ചുപറയുന്നത് ഒരു മതത്തിനും നിരക്കുന്നതല്ല.

**ക്രൈസ്തവരുടെ ഗൂഢോദ്ദേശ്യം**

"ക്രൈസ്തവരെ സംബന്ധിച്ചാണെങ്കിൽ അവർ തീരെ നിരുപദ്രവികളായി മാത്രമല്ല; മനുഷ്യവർഗത്തോടുള്ള സ്നേഹത്തിന്റെയും സഹാനുഭൂതിയുടെയും മൂർത്തിമദ്ഭാവങ്ങളായിപ്പോലും തോന്നും. മനുഷ്യവർഗത്തെ ഉദ്ധരിക്കുന്നതിനായി സർവശക്തനാൽ പ്രത്യേകം നിയുക്തരായവരാണ് തങ്ങളെന്ന മട്ടിൽ 'സേവനം', 'മനുഷ്യന്റെ മുക്തി' തുടങ്ങിയ വാക്കുകൾ അവരുടെ പ്രഭാഷണങ്ങളിൽ ധാരാളം കേൾക്കാം. എല്ലായിടത്തും അവർ സ്കൂളുകളും കോളേജുകളും ആശുപത്രികളും അനാഥാലയങ്ങളും നടത്തുന്നു. ശുദ്ധരും നിഷ്കളങ്കരുമായ നമ്മുടെ ആളുകൾ ഇവകൊണ്ടെല്ലാം ഭ്രമിച്ചുപോകുന്നു. ഇത്തരം പ്രവർത്തനങ്ങൾക്കായി കോടിക്കണക്കിനു രൂപ ചെലവഴിക്കുന്നതിൽ ക്രൈസ്തവരുടെ യഥാർഥ ഉദ്ദേശ്യമെന്താണ്?" (പേജ് 283)

ഗോൾവൾക്കർക്ക് ക്രിസ്തുവെപ്പറ്റിയോ ക്രിസ്തുമതത്തെപ്പറ്റിയോ ഒരു ചുക്കുമറിയില്ലെന്ന് ഇത് തെളിയിക്കുന്നുണ്ട്. പക്ഷേ ഇവിടത്തെ സാധാരണക്കാർക്ക് ജീവകാരുണ്യപ്രവർത്തനത്തിന്റെ മൂല്യം ശരിയായി മനസ്സിലാക്കാനറിയാം. ഇത്തരമെന്തെങ്കിലും പ്രവർത്തനങ്ങൾ നടത്തുന്നതിൽനിന്ന് ആർ. എസ്. എസ്സിനെ ആരാണ് വിലക്കുന്നത്?

"കേരളത്തിലെ വിഖ്യാതമായ ശബരിമലക്ഷേത്രമടക്കം നൂറുകണക്കിനു പ്രാചീനഹൈന്ദവക്ഷേത്രങ്ങൾ ക്രൈസ്തവത്തെമ്മാടികളാൽ നശിപ്പിക്കപ്പെട്ട് അവിടത്തെ വിഗ്രഹങ്ങൾ തച്ചുടയ്ക്കപ്പെടുകയുണ്ടായി. അതേ ക്രൈസ്തവമതഭ്രാന്തന്മാരാണ് കന്യാകുമാരിയിലെ വിവേകാനന്ദസ്മാരകഫലകവും തകർത്തുകളഞ്ഞത്. മനുഷ്യവർഗത്തിനുമേൽ ക്രിസ്തുമതം ശാന്തിയും അനുഗ്രഹവും ജീവകാരുണ്യത്തിന്റെ അമൃതവും വർഷിക്കുമെന്നു പ്രചരിപ്പിക്കാൻ നമ്മുടെ അടുക്കൽ വരുന്നവർ ഈ മട്ടിലുള്ളവരാണ്! ഇവിടത്തെ ക്രൈസ്തവർ ഇത്തരം പ്രവർത്തനങ്ങളിലേർപ്പെടുകയും ക്രിസ്തുമതപ്രചരണത്തിനായുള്ള സാർവദേശീയപ്രസ്ഥാനത്തിന്റെ ഏജന്റുമാരാണ് തങ്ങളെന്ന് സ്വയം കരുതുകയും, ജന്മഭൂമിയോട് കൂറ് പുലർത്താതെ, പൂർവികസംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും യഥാർഥപുത്രന്മാരെപ്പോലെ പെരുമാറാൻ വിസമ്മതിക്കുകയും

തടയുന്നത്? അവരുടെ പണത്തോടുള്ള അത്യാർത്തി മാത്രം.

"തങ്ങളുടെ ഒരേയൊരു ലക്ഷ്യം ഈ നാടിനെ ക്രിസ്തുരാജ്യത്തിലെ സംസ്ഥാനമാക്കിത്തീർക്കുകയാണെന്ന് പല പ്രമുഖക്രൈസ്തവപ്പാതിരിമാരും അസന്ദിഗ്ധമായി പ്രഖ്യാപിച്ചിട്ടുണ്ട്... ഈ നാട്ടിലെ എല്ലാ ജനങ്ങളെയും ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്യണമെന്നതാണ് അതായത് അവരുടെ പരമ്പരാഗതമായ മതവും തത്വജ്ഞാനവും സംസ്കാരവും ജീവിതരീതിയുമെല്ലാം തകർത്തുകളഞ്ഞ് അവരെയെല്ലാം ലോക ക്രൈസ്തവഫെഡറേഷനിൽ വിലയിപ്പിക്കണമെന്നാണ്." (പേജ് 284)

ഇതിനൊക്കെ വല്ല തെളിവുമുണ്ടെങ്കിൽ ആർ. എസ്. എസ്സിന് അവ മോദി സർക്കാറിന്റെ ശ്രദ്ധയിൽ പെടുത്തി ഉചിതമായ നടപടി എടുപ്പിക്കാമല്ലോ.

"അസമിൽ നാഗാലാന്റിന്റെ സൃഷ്ടി ഇതിനു സ്പഷ്ടമായ ദൃഷ്ടാന്തമാണ്... ഏറ്റവും ആധുനികരീതിയിലുള്ള വിമാനവേധത്തോക്കുകൾപോലും നാഗന്മാരുടെ പക്കലുള്ളതായി റിപ്പോർട്ടുണ്ട്. ഈ ആയുധങ്ങളെല്ലാം എങ്ങനെ അവരുടെ കൈയിലെത്തിയെന്നതും സ്പഷ്ടമാണ്. പാക്കിസ്ഥാനിലേക്കു വരുന്ന അമേരിക്കൻ ആയുധങ്ങൾ അസമിൽ ക്രൈസ്തവപാതിരിമാർക്ക് ഏല്പിച്ചുകൊടുക്കുകയാണ്." (പേജ് 287–88)

ഇത്ര വ്യക്തമായ തെളിവുണ്ടെങ്കിൽ അവ ഇപ്പോഴെങ്കിലും മോദിസർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തി സമുചിതനടപടികൾ എടുപ്പിക്കാത്തതെന്താണ്?

"ഈ അന്താരാഷ്ട്രീയസമ്മർദം വർധിച്ചുവരുന്ന സാഹചര്യത്തിൽ അനതിവിദൂരമായ ഭാവിയിൽ നാഗാലാന്റ് അടർത്തിയെടുത്ത് ക്രൈസ്തവമതഭ്രാന്തന്മാരുടെ ആധിപത്യത്തിലും നടത്തിപ്പിലുമുള്ള സ്വതന്ത്രരാജ്യമായി രൂപം കൊണ്ടെങ്കിൽ അത്ഭുതപ്പെടാനില്ല." (പേജ് 288–89)

ഗോൾവൾക്കർ ഇതെല്ലാം പറയാൻ തുടങ്ങിയിട്ട് കാലം കുറേയായി. ഈ ഭയപ്പെടുന്ന കാര്യങ്ങളൊന്നും ഇതുവരെ ഉണ്ടായിട്ടില്ല. ഇപ്പോഴും നന്നായി ഭരിക്കാനല്ല, ഭരണമൊക്കെ കോർപ്പറേറ്റുകൾക്ക് വിട്ടുകൊടുത്ത് മുൻഭരണകർത്താക്കളായിരുന്ന കോൺഗ്രസ്സിനെയും പാക്കിസ്ഥാനെയുമൊക്കെ കുറ്റം പറഞ്ഞ് നേരം കൂട്ടുകയാണ്. ഇതാണ് ആർ. എസ്. എസ്. ശൈലി എന്ന് ജനങ്ങൾക്ക് സമാധാനിക്കുകയേ നിർവാഹമുള്ളൂ.

"കേരളത്തിൽ കമ്യൂണിസ്റ്റ് മന്ത്രിസഭയ്ക്കെതിരായി ജനകീയപ്രക്ഷോഭം നടന്നിരുന്നപ്പോൾ അത് കേരളത്തിലെ ക്രൈസ്തവസഭകളുടെ ജീവന്മരണസമരമാണെന്നു ക്രൈസ്തവനേതാക്കൾ പറയാറുണ്ടായിരുന്നു. 'ഒന്നുകിൽ കത്തോലിക്കർ അല്ലെങ്കിൽ കമ്യൂണിസ്റ്റുകൾ കേരളം ഭരിക്കും; ഞങ്ങൾ ഭരിക്കാനാഗ്രഹിക്കുന്നു.'" (പേജ് 289)

എത്ര കൃത്യമായിട്ടാണ് കേരളത്തിലെ വിമോചനസമരറിപ്പോർട്ടുകൾ ഗോൾവൾക്കർക്കു കിട്ടുന്നത്! ഇപ്പോൾ ആർ.എസ്.എസ്–ബി. ജെ. പി.യും കത്തോലിക്കരും ഉണ്ടെങ്കിലും, അവർ ഭരണത്തിലെത്താൻ ആഗ്രഹിക്കുന്നുണ്ടെങ്കിലും, കേരളം പലപ്പോളെന്നപോലെ, ഇപ്പോഴും ഇടതുപക്ഷജനാധിപത്യമുന്നണിസർക്കാരാണ് ഭരിക്കുന്നത്.

"കുറച്ചുവർഷങ്ങൾക്കുമുൻപ് യൂറോപ്യൻ ക്രൈസ്തവപ്പാതിരിമാരുടെ സർവരാഷ്ട്രീയസമ്മേളനത്തിൽ വിതരണം ചെയ്യപ്പെട്ട ലഘുലേഖയിൽ നമ്മുടെ കടൽത്തീരത്തുടനീളവും ദേശത്തിനുള്ളിൽ വിന്ധ്യ–ശതപുരാനിരകളിലൂടെയും ക്രൈസ്തവസ്വാധീനകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള വിശദമായ രൂപരേഖ നൽകിയിരുന്നു. ദക്ഷിണാർധദ്വീപ് മുഴുവൻ വളഞ്ഞ് അവിടം ക്രൈസ്തവാധിപത്യത്തിലാക്കുകയെന്നതായിരുന്നു പദ്ധതിയുടെ ആദ്യപടി. രണ്ടാമത്തെ പടി ഹിമാലയപ്രദേശം മുഴുവനും പിടിച്ചടക്കുകയായിരുന്നു." (പേജ് 289)

ഇതേപ്പറ്റിയൊക്കെ ആർ. എസ്. എസ്. മോദിസർക്കാറിനെ അറിയിക്കാത്തതെന്താണ്? ഗുരുതരമായ രാജ്യരക്ഷാപ്രശ്നമല്ലേ ഇത്?

"ഏറ്റവും അടുത്തകാലത്ത് ബ്രിട്ടീഷുകാർ പോയശേഷം കോൺഗ്രസ് ഭരണത്തിൽതന്നെ (വാസ്തവത്തിൽ ക്രൈസ്തവഭരണം!) കേരളത്തിൽ വിഖ്യാതമായ ശബരിമലക്ഷേത്രമടക്കം നൂറുകണക്കിനു പ്രാചീനക്ഷേത്രങ്ങൾ ക്രൈസ്തവത്തെമ്മാടികളാൽ നശിപ്പിക്കപ്പെട്ട് അവിടത്തെ വിഗ്രഹങ്ങൾ തച്ചുടയ്ക്കപ്പെടുകയുണ്ടായി. അതേ ക്രൈസ്തവമതഭ്രാന്തന്മാരാണ് കന്യാകുമാരിയിലെ വിവേകാനന്ദസ്മാരകഫലകവും തകർത്തുകളഞ്ഞത്. മനുഷ്യവർഗത്തിനുമേൽ ക്രിസ്തുമതം ശാന്തിയും അനുഗ്രഹവും ജീവകാരുണ്യത്തിന്റെ അമൃതവും വർഷിക്കുമെന്നു പ്രചരിപ്പിക്കാൻ നമ്മുടെയടുക്കൽ വരുന്ന ആളുകൾ ഈ മട്ടിലുള്ളവരാണ്." (പേജ് 291)

കേരളത്തിലെ കോൺഗ്രസ് ഭരണം കരുണാകരന്റെ നേതൃത്വത്തിലായാലും ആന്റണിയുടെ നേതൃത്വത്തിലായാലും ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലായാലും ക്രൈസ്തവഭരണംതന്നെ! ശബരിമല–കന്യാകുമാരിസംഭവങ്ങളെ

പ്പറ്റി ആർ. എസ്. എസ്സാചാര്യൻ പി. പരമേശ്വരനെഴുതിയ ലേഖനത്തിൽനിന്നു ഗോൾവൽക്കർ മനസ്സിലാക്കിയിട്ടുണ്ടാവും! ക്രിസ്തുമതത്തെപ്പറ്റിയുള്ള പ്രചരണം ഒരു തരത്തിൽ; ക്രൈസ്തവരുടെ പ്രവൃത്തി മറ്റൊരു തരത്തിൽ. അവരെ സൂക്ഷിക്കണമെന്നു ചുരുക്കം.

"ഇവിടത്തെ ക്രൈസ്തവർ ഇത്തരം പ്രവർത്തനങ്ങളിലേർപ്പെടുകയും ക്രിസ്തുമതപ്രചരണത്തിനായുള്ള സാർവദേശീയപ്രസ്ഥാനത്തിന്റെ ഏജന്റുമാണ് തങ്ങളെന്നു സ്വയം കരുതുകയും ജന്മഭൂമിയോട് കൂറു പുലർത്താതെ പൂർവികസംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും യഥാർഥപുത്രന്മാരെപ്പോലെ പെരുമാറാൻ വിസമ്മതിക്കുകയും ചെയ്യുന്നിടത്തോളം കാലം അവരിവിടെ വൈരികളായി വർത്തിക്കും. അതനുസരിച്ച് അവരോടു പെരുമാറേണ്ടിയും വരും." (പേജ് 291)

മുസ്ലീങ്ങളെപ്പറ്റി പറഞ്ഞതിനേക്കാളും കടുപ്പിച്ചാണല്ലോ ഗോൾവൽക്കർ ക്രൈസ്തവരെപ്പറ്റി പറയുന്നത്!

**ഭരണഘടന**

"നാം പാശ്ചാത്യരീതിയിലുള്ള ജനാധിപത്യഘടന സ്വീകരിച്ചിരിക്കുകയാണെന്നതിനു സംശയമില്ല. എന്നാൽ ഇത്രയും വർഷത്തെ പരീക്ഷണത്തിനുശേഷം അതിന്റെ ഗുണഫലങ്ങൾ കൊയ്തെടുക്കുവാൻ നമുക്കു കഴിഞ്ഞിട്ടുണ്ടോ? ജനങ്ങളുടെ കൂട്ടായ ഇച്ഛാശക്തിയെ പ്രകടമാക്കുന്നതിനു പകരം അത് എല്ലാത്തരത്തിലുമുള്ള അനാശാസ്യമായ മത്സരങ്ങളെയും സ്വാർഥശക്തികളെയും അഴിച്ചുവിടുകയാണ് ചെയ്തിരിക്കുന്നത്." (പേജ് 292)

വിതയ്ക്കാനറിഞ്ഞാൽ പോരാ; കൊയ്യാനും പഠിക്കണം. ആർ. എസ്. എസ്. ഭരണഘടന ശരിക്കും ഉപയോഗിക്കുന്നില്ല. ഇപ്പോൾ ഒരുവക ശരിയാവുന്നുണ്ട്: പ്രധാനമന്ത്രിയും രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും എല്ലാം ആർ. എസ്. എസ്സുകാർതന്നെ. എടുത്തുചാട്ടംകൊണ്ട് ഇന്ദിരാഗാന്ധി അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. ഇപ്പോൾ മോദിയാകട്ടെ, അപ്രഖ്യാപിത അടിയന്തരാവസ്ഥ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. അന്ന് ശുക്ലയും സഞ്ജയും മറ്റു സിൽബന്തികളും ചെയ്ത പണി ഇന്ന് ആർ. എസ്. എസ്. ചെയ്യുന്നു. ഇത്രയേ വ്യത്യാസമുള്ളൂ. ആർക്കാണപ്പോൾ കൂടുതൽ ചാണക്യബുദ്ധി?

**ജനാധിപത്യവും കമ്യൂണിസവും**

"നമ്മുടെ രാജ്യത്ത് ജനാധിപത്യത്തിന്റെ ഗുരുതരമായ പരാജയം ജനാധിപത്യനടപടിക്രമങ്ങളുടെ പ്രഖ്യാപിത ശത്രുവായ കമ്യൂണിസത്തിന്റെ വിസർപ്പവ്യാധിയാണ്... കമ്യൂണിസത്തിനെതിരായ ഒരേയൊരു പ്രതിരോധം സാമ്പത്തികാഭിവൃദ്ധിയാണെന്നും അവർ കരുതുന്നു. ബഹുജനങ്ങളുടെ കർണപുടങ്ങളിൽ 'ഉയർന്ന ജീവിതനിലവാര'ത്തെ സംബന്ധിച്ച വാഗ്ദാനങ്ങൾ ഇടതടവില്ലാതെ മുഴക്കുകയും തൃപ്തിപ്പെടുത്താൻ കഴിയാത്ത സമയത്ത് അവരുടെ പ്രതീക്ഷകളുണർത്തിവിടുകയും ചെയ്യുമ്പോഴാണ് നിരാശാബോധം മൂർച്ഛിക്കുക; അസന്തൃപ്തിയും കുഴപ്പവും വളരുക. ദേശസ്നേഹം, ചാരിത്ര്യം, വിജ്ഞാനം തുടങ്ങിയ ഉയർന്ന വികാരങ്ങൾ വളർത്തിയെടുക്കുന്നതിന് യാതൊരാഹ്വാനവും എങ്ങും കേൾക്കുന്നില്ല. സാംസ്കാരികവും ബുദ്ധിപരവും ധാർമികവുമായ പുരോഗതിക്ക് യാതൊരു പ്രാധാന്യവും കല്പിക്കുന്നില്ല. ഇത്തരം നിരാശ നിറഞ്ഞ ദുർബലമനസ്സുകളിലാണ് കമ്യൂണിസത്തിന്റെ വിത്തുകൾ വേരുപിടിക്കുക." (പേജ് 292–93)

കോൺഗ്രസ് നേതാക്കളുടെ സാമ്പത്തികാഭിവൃദ്ധിയുണ്ടാക്കി കമ്യൂണിസത്തെ പ്രതിരോധിക്കാമെന്ന വ്യാമോഹവും അവർതന്നെ ഉപയോഗിക്കുന്ന ജനങ്ങളുടെ ജീവിതനിലവാരമുയർത്തുക മുതലായ കമ്യൂണിസ്റ്റുമുദ്രാവാക്യങ്ങളും നമ്മുടെ രാജ്യത്തെ ജനാധിപത്യത്തിന്റെ ഗുരുതരമായ പരാജയമെന്ന നിലയിൽ കമ്യൂണിസത്തെ വളർത്തുന്നു. അത് വളരാനുള്ള സാഹചര്യം രാജ്യത്തെങ്ങുമുണ്ടുതാനും. എന്നിട്ടും, കേരളത്തിലും ത്രിപുരയിലും കുറച്ചൊക്കെ ബംഗാളിലും മാത്രമേ കമ്യൂണിസ്റ്റുകാർക്ക് ശക്തിയുള്ളൂ. ദേശസ്നേഹം, വിജ്ഞാനം, ചാരിത്ര്യം മുതലായ ഉയർന്ന വികാരങ്ങൾ വളർത്തിയെടുക്കാനുള്ള ആഹ്വാനത്തിന്റെ അഭാവം, സാംസ്കാരികവും ബുദ്ധിപരവും ധാർമികവുമായ പുരോഗതിക്ക് പ്രാധാന്യം കല്പിക്കായ്ക തുടങ്ങി നിരാശ നിറഞ്ഞതും കമ്യൂണിസം വളരാനുള്ളതുമായ എല്ലാ സാഹചര്യവും ഇന്ത്യയിലെങ്ങുമുണ്ടെന്നു ഗോൾവൽക്കർ പറയാതെ പറയുന്നുണ്ട്. കമ്യൂണിസ്റ്റുകാർ ഈ സാഹചര്യങ്ങളൊന്നും ഉപയോഗപ്പെടുത്താനാകാത്ത നിലയിലാണ്. ആർ. എസ്. എസ്സാകട്ടെ, ഈ സാഹചര്യങ്ങളുപയോഗിച്ച് വളരാൻ ശ്രമിക്കാതെ ഭരണതലത്തിൽ പ്രതിയോഗികളെ ചാക്കിട്ടുപിടിച്ചും ഭീകരതയുടെയും അസഹിഷ്ണുതയുടെയും അന്തരീക്ഷം സൃഷ്ടിച്ചും കവർച്ചയും കൊള്ളയും കൊലയും നടത്തിയുമൊക്കെ രാഷ്ട്രീയാന്തരീക്ഷത്തെ മലീമസമാക്കാനാണ് പരിശ്രമിക്കുന്നത്.

"ഒരിക്കൽ ആർനോൾഡ് ടോയൻബി കമ്യൂണിസത്തെ ക്രിസ്ത്യൻ നാസ്തികതയാണെന്നു ശരിയായി വിവരിച്ചിട്ടുണ്ടായിരുന്നു. ഇന്നാകട്ടെ ക്രിസ്തുമതം മാത്രമാണ് കമ്യൂണിസത്തിനൊരു മറുപടിയെന്ന് പറയുവാൻ അദ്ദേഹം മുന്നോട്ടു വന്നിട്ടുള്ളത് വിചിത്രമാണ്." (പേജ് 293)

കൂടക്കൂടെ മാറ്റിപ്പറയുന്ന ടോയൻബിയുടെ ആശയദാരിദ്ര്യത്തെക്കുറിച്ച് വ്യസനിക്കുകയല്ലാതെ ഗോൾവൽക്കർക്ക്

മറ്റൊന്നും ചെയ്യാനില്ല! ക്രിസ്തുമതം മാത്രമേ കമ്യൂണിസത്തിന് മറുപടിയുള്ളുവെങ്കിൽ ആർ. എസ്. എസ്സിനെന്താണ് പിന്നെ പണിയെന്നാണ് അദ്ദേഹത്തിന്റെ ഗുരുതരമായ പ്രശ്നം. രണ്ടിനെയും (പിന്നെ നേരത്തെ വിസ്തരിച്ചു വിമർശിച്ച മുസ്ലീങ്ങളെയും) നശിപ്പിക്കലാണല്ലോ തങ്ങളുടെ ഒരേയൊരു പണി!

**ക്രിസ്തുമതവും കമ്യൂണിസവും**

"ക്രിസ്തുമതത്തിനെങ്ങനെ അതിന്റെതന്നെ പോരായ്മകളുടെ ഫലമായ പ്രതികരണമെന്ന മട്ടിൽ സംജാതമായ പ്രശ്നത്തെ പരിഹരിക്കാൻ കഴിയും? ഈ അവിശ്വാസികളുടെ നാടിനെ രക്ഷിക്കാൻ ക്രിസ്തുമതത്തിനു മാത്രമേ കഴിയൂ എന്നു വിചാരിക്കുന്നവർ ക്രിസ്തുമതസാമ്രാജ്യത്തിലെ ഏറ്റവും യാഥാസ്ഥിതികരാജ്യമായ റഷ്യ എന്തുകൊണ്ട് ക്രിസ്തുവിനെ പുറന്തള്ളിയെന്നു സ്വല്പപമൊന്നാലോചിച്ചുനോക്കണം. നമ്മുടെ നാട്ടിൽത്തന്നെ ക്രൈസ്തവരുടെ എണ്ണവും സ്വാധീനശക്തിയും ഏറ്റവുമധികമുള്ള സംസ്ഥാനമായ കേരളംതന്നെയാണ് ഏറ്റവും വലിയ കമ്യൂണിസ്റ്റ് കോട്ടയുമെന്നത് ശ്രദ്ധേയമല്ലേ? ഹിന്ദുക്കളെ ക്രിസ്ത്യാനികളാക്കുന്നതിന് ആളും പണവും ചൊരിയുന്നതുകൊണ്ട് ഈ നാടിനെ കമ്യൂണിസത്തിൽനിന്നു രക്ഷിക്കാമെന്നു പാശ്ചാത്യർ വിശ്വസിക്കുന്നുവെങ്കിൽ ആത്മഹത്യാപരമായ വഞ്ചനയിൽ അകപ്പെട്ടിരിക്കയാണവർ എന്നേ പറഞ്ഞുകൂടൂ. കാരണം, ക്രിസ്തുമതത്തിന്റെ പ്രചരണം ജനങ്ങളുടെ പ്രാചീനവിശ്വാസത്തെയും ദേശീയതയെയും തകർക്കുന്നു. വിശ്വാസം തകർക്കപ്പെട്ടേടത്തു മാത്രമേ കമ്യൂണിസം വേരുപിടിക്കുന്നുള്ളൂ. ഇതാണ് കമ്യൂണിസത്തിന്റെ വളർച്ചയുടെ മുഖ്യമായ മനഃശാസ്ത്രഘടകം." (പേജ് 293–94)

ഇപ്പോൾ മനസ്സിലായില്ലേ കമ്യൂണിസം കേരളത്തിലും (ഇന്ത്യയിലാകെയും) വളരുന്നതെങ്ങനെയെന്ന്? തൊഴിലാളികളെ സംഘടിപ്പിച്ചും ബഹുജനസമരങ്ങളിലൂടെ വർഗസമരം വളർത്തിയുമൊന്നുമല്ല, ക്രിസ്തുമതത്തിന്റെ പ്രചരണംകൊണ്ട് ജനങ്ങളുടെ പ്രാചീനവിശ്വാസവും ദേശീയതയും നശിക്കുന്നതുകൊണ്ടാണ്. വിശ്വാസം തകർക്കപ്പെട്ടേടത്താണ് കമ്യൂണിസം വളരുക എന്നാണല്ലോ ഗോൾവൽക്കർതിയ്യറി!

**ശാസ്ത്രവും വിശ്വാസവും കമ്യൂണിസവും**

"കുറച്ചു നൂറ്റാണ്ടുകൾക്കുശേഷം ശാസ്ത്രം സ്വയം അപ്രതിഷ്ഠിതമാവാൻ തുടങ്ങി. പ്രപഞ്ചത്തെ സംബന്ധിച്ച തങ്ങളുടെ അജ്ഞത ശാസ്ത്രജ്ഞന്മാർ തുറന്നു സമ്മതിക്കാൻ തുടങ്ങി. ആധുനികശാസ്ത്രജ്ഞന്മാരിൽ ഏറ്റവും അഗ്രേസരനായ സാക്ഷാൽ ഐൻസ്റ്റീൻ ഭൗതികശാസ്ത്രത്തിനു കൈയെത്താത്തിടത്തു സത്യത്തിന്റെ അസ്തിത്വം സമ്മതിച്ചുകൊടുത്തു. ഇപ്രകാരം ശാസ്ത്രജ്ഞന്മാർ വിക്ടോറിയൻ യുഗത്തിലെ സർവജ്ഞഭാവത്തിൽനിന്നിറങ്ങി. നാളിതുവരെ കണ്ടെത്താത്ത ജ്ഞാനമഹാസാഗരത്തിന്റെ തീരത്തുനിന്ന് ചില മണൽത്തരികൾ മാത്രമാണ് തങ്ങളെടുത്തിരിക്കുന്നതെന്നു അവർക്കു തോന്നിത്തുടങ്ങി. ശാസ്ത്രത്തിലുള്ള വിശ്വാസത്തിനു വന്ന തകർച്ച പാശ്ചാത്യമനുഷ്യരെ കര കാണാത്ത കടലിൽ അമരമില്ലാത്ത അവസ്ഥയിലാക്കി. പഴയ വിശ്വാസങ്ങൾ ചത്തു മണ്ണടിഞ്ഞു. പുതിയ വിശ്വാസങ്ങളൊന്നും വരുന്നുമില്ല. ഇത്തരം വിശ്വാസശൂന്യതയുടെ പരിതഃസ്ഥിതിയിലാണ് ചില ബാഹ്യമോടിയിലുള്ള വിശ്വാസങ്ങൾ സ്ഥലം പിടിക്കാൻ തുടങ്ങിയത്. അത്തരമൊരു വിശ്വാസമായിരുന്നു കമ്യൂണിസം." (പേജ് 294–95)

മുൻപറഞ്ഞ ഗോൾവൽക്കർതിയ്യറിയുടെ ഐൻസ്റ്റൈനെ ഉദ്ധരിച്ചുകൊണ്ടുള്ള വിശദീകരണം കേമമായില്ലേ? പക്ഷേ, ലാറ്റിനമേരിക്കൻ രാജ്യങ്ങളുൾപ്പെടെ ലോകത്തിൽ പലേടത്തും കമ്മ്യൂണിസ്റ്റുചിന്താഗതി വളർന്നുവരുന്നതിന് ഐൻസ്റ്റൈനെ ഉദ്ധരിച്ചുകൊണ്ട് ഗോൾവൽക്കറിസ്റ്റുകൾക്ക് വിശദീകരിക്കാൻ കഴിയുമോ?

**ദേശീയവിപത്ത്**

"അതിനാൽ നമ്മുടെ പ്രാചീനവും ജീവചൈതന്യം പകർന്നുതരുന്നതുമായ വിശ്വാസത്തെ, നമ്മെ നിലനിർത്തിപ്പോരുകയും മാനവസംസ്കാരത്തിന്റെ ഏറ്റവും സുന്ദരമായ സൂനങ്ങൾ വിരിയിപ്പിക്കുകയും ചെയ്ത വിശ്വാസത്തെ, തകിടം മറിക്കാനുള്ള ഏതു ശ്രമവും, അതേതു കോണിൽനിന്നായാലും ശരി, ദേശീയവിപത്തിനെ ക്ഷണിച്ചുവരുത്തലാണ്." (പേജ് 295)

അങ്ങനെ കമ്യൂണിസത്തെ വളരാൻ വിടരുതെന്നാണ് ഗോൾവൽക്കറുടെ അനുശാസനം. വിശ്വാസത്തെ, ആർഷഭാരതസംസ്കാരത്തിലുള്ള അടിയുറച്ച വിശ്വാസത്തെ പുരാണങ്ങളിലും സകലവിധത്തിലുമുള്ള അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലുമുള്ള വിശ്വാസംകൊണ്ട് പരിപോഷിപ്പിക്കണം. എങ്കിലേ ഹിന്ദുദേശീയതയ്ക്കു രക്ഷയുള്ളൂ!

**ഭൂദാനപ്രസ്ഥാനവും കമ്യൂണിസവും**

"നമ്മുടെ നാട്ടിൽ കമ്യൂണിസത്തിന്റെ ആകർഷണത്തെ നിരാകരിക്കാൻ നടക്കുന്ന പരിശ്രമങ്ങൾ പലതാണ്. വിനോബാജി ആവിഷ്കരിച്ച ഭൂദാനപ്രസ്ഥാനം കമ്യൂണിസത്തിന്റെ ഈ സ്വാധീനത്തെ ഇല്ലാതാക്കുമെന്നു ചിലർ വിചാരിക്കുന്നു. എന്നാൽ നേരെമറിച്ച് അതിന്റെ 'കൃഷിഭൂമി കർഷകന്' എന്ന കമ്യൂണിസ്റ്റ് മുദ്രാവാക്യവും അദ്ദേഹത്തിന്റെ ദീർഘദൃഷ്ടിയില്ലാത്ത ചില അനുയായികളുടെ 'നിങ്ങൾ സ്വമേധയാ വിട്ടുതരാത്ത

പക്ഷം കമ്യൂണിസ്റ്റുകാർ വന്ന് ബലം പ്രയോഗിച്ച് നിങ്ങളുടെ എല്ലാം തന്നെ കൊണ്ടുപോയ്ക്കളയും' എന്നും മറ്റുമുള്ള ഭീഷണികളും ബഹുജനമനസ്സിൽ കമ്യൂണിസം ശരിയായതും അനിവാര്യവുമാണെന്നുള്ള വിചാരം ഉടലെടുക്കാനേ പര്യാപ്തമാവുന്നുള്ളൂ. കമ്യൂണിസത്തിന് പരോക്ഷമായ അംഗീകാരമായിരിക്കുമത്." (പേജ് 295)

വിനോബാജിയുടെ ഭൂദാനപ്രസ്ഥാനത്തെയും അതിലേറെ അതിന്റെ അനുയായികളിൽ ചിലരുടെ അനുനയമില്ലായ്കയെയും ചൂണ്ടിക്കാട്ടി തെളിയിക്കുന്നു. ഭൂദാനപ്രസ്ഥാനം വാസ്തവത്തിൽ 'കൃഷിഭൂമി കർഷകന്' എന്ന കമ്യൂണിസത്തിന്റെ മുദ്രാവാക്യത്തെ ബലപ്പെടുത്തുകയാണ് ചെയ്തത്. കമ്യൂണിസത്തെ തകർക്കാൻ നടത്തുന്ന പരിശ്രമങ്ങൾ അതിനെ വളർത്തുകയാണ് ചെയ്യുക എന്ന് ഗോൾവൾക്കർ വിശ്വസിക്കുന്നു.

**കമ്യൂണിസത്തെ തകർക്കാൻ**

"വാസ്തവത്തിൽ കമ്യൂണിസത്തെ എതിരിടുക എന്ന വീക്ഷണത്തോടെ പ്രവർത്തിക്കുന്നത് എപ്പോഴും ആപത്കരമാണ്. ശരിയും ഭാവാത്മകവുമായ വിശ്വാസം വളർത്തുന്നതിലൂടെ മാത്രമേ ബഹുജനങ്ങളെ കമ്യൂണിസത്തിന്റെ താണതരം സ്വാധീനതയിൽനിന്നു മോചിപ്പിക്കാൻ കഴിയൂ." (പേജ് 296)

കമ്യൂണിസത്തെ എതിരിടാൻ ഒരു വഴിയേ ഉള്ളൂ. 'ശരിയും ഭാവാത്മകവുമായ...' എന്നൊക്കെ ഭംഗിവാക്ക് പറഞ്ഞതാണ്. അക്രമിച്ചും വർഗീയലഹള സംഘടിപ്പിച്ചും ഭീകരാന്തരീക്ഷം സൃഷ്ടിച്ചും മുസ്ലീങ്ങളെയും ക്രിസ്ത്യാനികളെയും അവർണരും ദളിതരുമായ ഹിന്ദുക്കളെയും ശരിപ്പെടുത്തുക. അപ്പോൾ അവരെ രക്ഷപ്പെടുത്താൻ വരുന്ന കമ്യൂണിസ്റ്റുകാരെ കൈകാര്യം ചെയ്യുക. 'നെയ്യപ്പം തിന്നാൽ രണ്ടുണ്ട് കാര്യം!'

**കമ്യൂണിസവും കോൺഗ്രസ് സർക്കാർനയവും**

"കമ്യൂണിസത്തിന്റെ ഭീഷണി മറ്റൊരു വശത്തുകൂടിയും നമ്മുടെ നാട്ടിൽ യാഥാർഥ്യമായിത്തീർന്നിട്ടുണ്ട്. അത് 'സോഷ്യലിസം' (ഉള്ളടക്കത്തിന്റെ വിഷയത്തിൽ കമ്യൂണിസം തന്നെ. എന്നാൽ നേടിയെടുക്കാനുള്ള മാർഗത്തിൽ മാത്രം വ്യത്യാസം) തങ്ങളുടെ ലക്ഷ്യമായി പ്രഖ്യാപിച്ചിട്ടുള്ള നമ്മുടെ സർക്കാർ നയമാണ്." (പേജ് 296–97)

കമ്യൂണിസവും സോഷ്യലിസവും തമ്മിലുള്ള വ്യത്യാസം വിവരിച്ചുതന്നത് ഗോൾവൾക്കറുടെ ആ വിഷയങ്ങളിലുള്ള 'വിജ്ഞാനം' വെളിപ്പെത്തുന്നു. സോഷ്യലിസം സ്ഥിതിസമത്വവും കമ്യൂണിസം അതും കടന്ന് ഭരണകൂടം കൊഴിഞ്ഞുപോകുന്ന സ്ഥിതിയുമാണെന്നാണ് മാർക്സിസം നിർവചിക്കുന്നത്. കമ്മ്യൂണിസം ഇതുവരെ ഒരിടത്തും വന്നിട്ടില്ല. വന്നത് സോഷ്യലിസമാണ്. എന്നാൽ രണ്ടും ഒന്നെന്ന നിലയിൽ പലരും വ്യവഹരിക്കാറുണ്ട്. *വിചാരധാര*യിൽത്തന്നെ പലേടത്തും അത് കാണാം.

**സോഷ്യലിസവും പൊതുജനം കഴുതയെന്ന വാദവും**

"നേതാവ് 'സോഷ്യലിസത്തിനു വോട്ട് ചെയ്യുക' എന്നു പറയേണ്ട താമസം, ജനങ്ങൾ സോഷ്യലിസത്തിനു വോട്ടു നൽകും. ഇനി സോഷ്യലിസത്തിനു വോട്ടു ചെയ്തതിന്റെ ഫലമായി നാളെ തങ്ങളുടെ സ്വാതന്ത്ര്യം പോയ്പ്പോയതായും വ്യക്തികളെന്ന നിലയിൽ തങ്ങൾ യന്ത്രത്തിന്റെ ചൈതന്യമറ്റ ഭാഗങ്ങൾ മാത്രമായിത്തീർന്നതായും കാണുന്ന പക്ഷം അവരതു വിധിവിഹിതമെന്നു കണക്കാക്കി വഴങ്ങുകയും ചെയ്യും." (പേജ് 297)

പൊതുജനം കഴുതയാണെന്നാണ് ഗോൾവൽക്കറും അനുയായികളും ഇപ്പോഴും കരുതുന്നത്. നമ്മുടെ മോദി തന്നെ ഒന്നാന്തരം ഉദാഹരണം. മോഹനവാഗ്ദാനങ്ങൾ നൽകി തിരഞ്ഞെടുപ്പുകളിൽ എങ്ങനെയെങ്കിലും വിജയിക്കണം; വിജയിച്ചില്ലെങ്കിൽത്തന്നെയും നിയമസഭാംഗങ്ങളെ ചാക്കിട്ടുപിടിച്ചോ കാലു മാറ്റിയോ ഭൂരിപക്ഷമുണ്ടാക്കും; ഭരിക്കും. പിന്നെ വാഗ്ദാനങ്ങളൊക്കെ മറക്കും.

**ഹൈദരുടെയും ടിപ്പുവിന്റെയും ഭരണം**

"തന്റെ ഹിന്ദുരാജാവിനെ തടവിലിട്ടു സിംഹാസനം പിടിച്ചുപറ്റിയ ഹൈദർക്കും അനവധിപേരെ ഇസ്ലാമിലേക്കു ബലം പ്രയോഗിച്ച് മതപരിവർത്തനം ചെയ്യുകയും നിരവധി ക്ഷേത്രങ്ങൾ നശിപ്പിക്കുകയും അനേകം സ്ത്രീകളെ മാനഭംഗം ചെയ്ത പുത്രനായ ടിപ്പുവിനും പ്രതിമകൾ നിർമിച്ചുയർത്തണമെന്നു പറയുകപോലും ചെയ്യുന്നവരുണ്ട്." (പേജ് 297)

കഷ്ടം! ഹൈദരെപ്പറ്റിയും ടിപ്പുവെപ്പറ്റിയും ഇമ്മാതിരി പ്രചരണങ്ങളാണ് ഇപ്പോഴും ആർ. എസ്. എസ്സുകാർ നടത്തിക്കൊണ്ടിരിക്കുന്നത്. അവരുടെ ഭരണപരിഷ്കാരങ്ങൾ അനുഭവിച്ച മൈസൂർ ഇതിന് അടിവരയിടുകയില്ല. ടിപ്പു ഹിന്ദുക്കളെ ഇസ്ലാമിലേക്കു നിർബന്ധപരിവർത്തനം ചെയ്തതിന് ഉദാഹരണങ്ങൾ കാണിക്കാമോ? ടിപ്പുസുൽത്താന്റെ പടയോട്ടത്തിൽ പല ക്ഷേത്രങ്ങളും നശിപ്പിക്കപ്പെട്ടിട്ടുണ്ടാവാം. അദ്ദേഹം പല ഹൈന്ദവ ക്ഷേത്രങ്ങളും നിർമിച്ചതെന്തേ പറയാത്തത്? അവയിൽ പലതും ഇപ്പോഴും കേരളത്തിലും മൈസൂരും കാണാം.

**സോഷ്യലിസവും കമ്യൂണിസ്റ്റ് ചീനയും**

"സോഷ്യലിസത്തിന്റെ മറ പിടിച്ചുകൊണ്ട് വാസ്തവത്തിൽ നടക്കുന്നതെന്താണ്? ഇവിടെയെടുക്കുന്ന നടപടികളെല്ലാംതന്നെ ചൈനയിൽ സംഭവിച്ചതിന്റെ പരിഷ്കരിച്ച കാർബൺപതിപ്പു മാത്രമായാണ് നാം കണ്ടുവരുന്നത്. ഈ പുരോഗതിയെല്ലാം ചൈനയിൽ അതിനിഷ്ഠുരമായ ഹിംസയിൽക്കൂടി നടപ്പിലാക്കുമ്പോൾ ഇവിടെ സംഗതികൾ പുറംമോടി പിടിപ്പിച്ച പ്രചാരവേലയിൽകൂടിയാണെന്ന വ്യത്യാസം മാത്രമാണുള്ളത്. ഇരുനാടുകളിലെയും ഗവണ്മെന്റു നടപടികളെ താരതമ്യപ്പെടുത്തുന്നപക്ഷം ഇക്കാര്യം നല്ലപോലെ വ്യക്തമാകും. ചൈനയിലെ കമ്യൂണിസ്റ്റ് ഗവണ്മെന്റ് ആദ്യമായി അധികാരത്തിൽ വന്നപ്പോൾ തങ്ങളുടെ പരമാധികാരത്തിനു നേരെ യാതൊരു വെല്ലുവിളിയും ഉയരരുതെന്നാഗ്രഹിച്ചു. അതിനാൽ അവർ പഴയ പ്രഭുക്കന്മാരെയും നാടുവാഴികളെയും വ്യവസായികളെയുമെല്ലാം തുടച്ചുനീക്കി. എല്ലാ വ്യവസായങ്ങളെയും ദേശസാത്കരിച്ചു. ഇവിടെയും ജന്മിമാരെ ഇല്ലാതാക്കി. ഇപ്പോൾ 17–ാം ഭേദഗതിമൂലം അര ഏക്കർ ഭൂമി മാത്രമുള്ള ചെറിയ കർഷകനെപ്പോലും എസ്റ്റേറ്റ് ഉടമയായി കണക്കാക്കി. അവന്റെ സ്വത്ത്, ഫലത്തിൽ യാതൊരു നഷ്ടപരിഹാരവും നൽകാതെ, കണ്ടുകെട്ടാനുള്ള അധികാരം ഗവണ്മെന്റ് ഇന്നുണ്ടാക്കിയിരിക്കുന്നു. സഹകരണകൃഷി, കൂട്ടുകൃഷി, ബാങ്കുദേശസാത്കരണം, വ്യവസായദേശസാത്കരണം തുടങ്ങിയ സോഷ്യലിസ്റ്റുസിദ്ധാന്തങ്ങളെല്ലാം അന്തരീക്ഷത്തിൽ നിറഞ്ഞുനിൽക്കുന്നു. ഇതെല്ലാംതന്നെ ഒരുവിധത്തിൽ പടിപടിയായി ചൈനീസ് രീതി പിന്തുടരലാണ്. ഈ ചൈനീസ് ബന്ധം കാണാനും ചുമരെഴുത്ത് വായിക്കാനും നമുക്കു പരിശ്രമിക്കാം. വെറും അടിമകളും ഉപകരണങ്ങളും മാത്രമായിത്തീരാതിരിക്കാനൻ നല്ലപോലെ കരുതിയിരിക്കുക!" (പേജ് 299)

ചൈനയിൽ സായുധവിപ്ലവത്തിലൂടെ സംഭവിച്ചതെല്ലാം ജനാധിപത്യത്തിലൂടെ ഇന്ത്യയിൽ നടന്നിരുന്നുവെങ്കിൽ ഈ രാജ്യം എന്നേ ലോകത്തിലെ വൻശക്തികളിലൊന്നാകുമായിരുന്നു. വിപ്ലവത്തിനുമുൻപത്തെ ആ രാജ്യത്തെ മർദകഭരണത്തെ അതിന്റെ ഇരകളായ ജനങ്ങളുടെ സഹായമില്ലായിരുന്നെങ്കിൽ അവിടെ വിപ്ലവം നടക്കുമായിരുന്നോ? വിപ്ലവാനന്തരം എത്ര ത്യാഗങ്ങൾ സഹിച്ചാണ് ജനകീയചൈന സോഷ്യലിസം സ്ഥാപിച്ചത്? പിന്നീട് അതിനെ കാത്തു രക്ഷിച്ചത്? ഇന്ന് ചൈന ലോകത്തിലെ വൻശക്തിയായ അമേരിക്കയോട് പല കാര്യങ്ങളിലും കിട പിടിക്കുകയും ചിലതിലെങ്കിലും മുന്നിട്ടുനിൽക്കുകയുമാണ്. പക്ഷേ, ഗോൾവൽക്കർക്ക് ഇതൊന്നുമല്ല പ്രശ്നം. അവിടത്തെ പഴയ പ്രഭുക്കന്മാരെയും നാടുവാഴികളെയും വ്യവസായികളെയുമെല്ലാം തുടച്ചുനീക്കുകയും വ്യവസായങ്ങളെ ദേശസാത്കരിക്കുകയും കാർഷികമേഖലയിൽ പരിഷ്കാരം വരുത്തുകയും ചെയ്തതിലാണ്.

**സോഷ്യലിസം വൈദേശികം**

"ഇതിനും പുറമെ സോഷ്യലിസം ഈ മണ്ണിന്റെ സന്തതിയല്ല. അത് നമ്മുടെ രക്തത്തിലും പാരമ്പര്യത്തിലുമില്ല. സഹസ്രാബ്ദങ്ങളായുള്ള നമ്മുടെ ദേശീയജീവിതത്തിന്റെ ആദർശങ്ങളും പാരമ്പര്യങ്ങളുമായി അതിനു യാതൊരു ബന്ധവുമില്ല. ഇവിടത്തെ ജനകോടികൾക്ക് വൈദേശികമായ ചിന്തയാണത്. ആ നിലയ്ക്ക് നമ്മുടെ ഹൃദയത്തെ കോരിത്തരിപ്പിക്കാനോ സമ്പൂർണസമർപ്പണത്തിന്റേതും ചാരിത്ര്യശുദ്ധിയുടേതുമായ ജീവിതത്തിനു പ്രചോദനമേകാനോ അതിനു കഴിവില്ല. ഇപ്രകാരം നമ്മുടെ ദേശീയജീവിതാദർശമായിരിക്കാൻവേണ്ട പ്രാഥമികയോഗ്യതപോലും അതിനില്ലെന്നു നാം കാണുന്നു." (പേജ് 299)

ഇറ്റലിയെയും ജർമനിയെയും മാതൃകയാക്കി പ്രവർത്തിക്കുന്ന ആർ. എസ്. എസ്സിന് വൈദേശികമായതുകൊണ്ട് സോഷ്യലിസം വെറുക്കപ്പെടേണ്ടതായിരിക്കുന്നു!

**സംഘസ്ഥാപകന്റെ ലക്ഷ്യപ്രസ്താവന**

"സംഘസ്ഥാപകൻ സംഘത്തിന്റെ ലക്ഷ്യം അർഥഗർഭമായ ചെറിയ വാക്യത്തിൽ ഉൾക്കൊള്ളിച്ചിരിക്കുകയാണ്: 'നമുക്ക് നമ്മുടെ ഹിന്ദുസമാജത്തെ സംഘടിപ്പിക്കുകയും അതിന്റെ നേർക്ക് ലോകത്തിലെ ഒരു ശക്തിക്കും ദുരുദ്ദേശ്യത്തോടെ ഒന്നു നോക്കാൻപേലും ധൈര്യമുണ്ടാകാത്തവിധം ശക്തിപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്.' ഇത് നേടിയെടുക്കുക എന്നതാണ് മഹത്തായ ഈ സമാജത്തിലെ ഓരോ സന്താനത്തിന്റെയും മേൽ വന്നുചേർന്നിരിക്കുന്ന ഒന്നാമത്തെ ചുമതല." (പേജ് 301)

അവർണരും ദളിതരും ബഹുഭൂരിപക്ഷമുള്ള 'ഹിന്ദു'ജനതയെ സമ്പന്നസവർണനിയന്ത്രണത്തിലുള്ള ആർ. എസ്. എസ്സിന് എങ്ങനെ സംഘടിപ്പിക്കാനാവും? ആദ്യം ജാതിവ്യവസ്ഥ ഇല്ലാതാക്കണം. അത് ഗോൾവൽക്കർക്ക് ഇഷ്ടമല്ലല്ലോ. ജാതിവ്യവസ്ഥ സമൂഹപുരോഗതിക്ക് അത്യാവശ്യമെന്നല്ലേ അദ്ദേഹത്തിന്റെ അഭിപ്രായം? ഇതു നടന്നതിനു ശേഷമാവാം ഒന്നാമത്തെ ചുമതല നിർവഹിക്കുക. അതു നടക്കാൻ പോകുന്നില്ലെന്നു ചുരുക്കം.

**ശാസ്ത്രസാങ്കേതികവിദ്യകൾ**

"ദൈനന്ദിനപ്രായോഗികജീവിതത്തിന്റെ മറ്റെല്ലാ തുറകളെയും അവഗണിച്ചുകൊണ്ടാണ് നമ്മുടെ ജനത ആധ്യാ

ത്മികമായ ഔന്നത്യം നേടിയത് എന്ന തെറ്റിദ്ധാരണയുണ്ട്. അത് ശരിയല്ല. എല്ലാ ശാസ്ത്രകലാശാഖകളിലും നാം നൂറ്റാണ്ടുകളോളം മുന്നിട്ടുനിന്നിരുന്നു. വിശ്വാസ്യങ്ങളായ പൗരാണികരേഖകൾ അന്യനിഗമനത്തിനിടം കൊടുക്കാത്തവിധം ഈ വസ്തുത ഉദ്ഘോഷിക്കുന്നുണ്ട്. ഇന്നും തുരുമ്പു കേറാതെ മിന്നിത്തിളങ്ങുന്ന രണ്ടായിരം കൊല്ലം പഴക്കമുള്ള അശോകസ്തംഭത്തിന്റെ വെല്ലുവിളി ധാതുശോധനശാസ്ത്രം (മെറ്റലർജി) നാളിതുവരെ സ്വീകരിച്ചുകഴിഞ്ഞിട്ടില്ല." (പേജ് 304)

ഭാരതത്തിന്റെ ശാസ്ത്രസാങ്കേതികനേട്ടങ്ങൾ ദേവീപ്രസാദ് ചതോപാധ്യായ തന്റെ *പ്രാചീനഭാരതീയശാസ്ത്ര സാങ്കേതികവിദ്യാചരിത്ര*ത്തിൽ സവിസ്തരം പ്രതിപാദിച്ചത് ആ വിഷയത്തിൽ താല്പര്യമുള്ളവർ വായിച്ചിട്ടുണ്ടാകും.

**കൗടില്യന്റെ അർഥശാസ്ത്രം**

"നമ്മുടെ മാതൃഭൂമിയിൽ സ്വതന്ത്രവും സമൃദ്ധവുമായ ദേശീയജീവിതമുണ്ടായിരുന്നു. അതുല്യമായ സാമൂഹ്യവ്യവസ്ഥയും അത്യധികം പരിഷ്കൃതങ്ങളായ രാഷ്ട്രീയസ്ഥാപനങ്ങളുമുണ്ടായിരുന്നു. ഭരണതന്ത്രസംബന്ധമായ തത്വങ്ങളെക്കുറിച്ച് പൂർണമായ അറിവുള്ളവരായിരുന്നു അന്നത്തെ നമ്മുടെ രാജ്യതന്ത്രജ്ഞർ. രാജ്യതന്ത്രമേഖലയിൽ കൗടില്യന്റെ അർഥശാസ്ത്രത്തോട് കിടപിടിക്കുന്ന ഗ്രന്ഥങ്ങൾ വിശ്വസാഹിത്യത്തിൽപോലും വിരളമാണ്. ഈ ഗ്രന്ഥം ദേശകാലാതീതമായി നിലനിൽക്കത്തക്കവിധം സനാതനവും നൈസർഗികവുമായ ചിന്തകളുടെ ഭണ്ഡാഗാരം തന്നെയാണെന്നു പറയാം. ശുഷ്കമായ വിജ്ഞാനശകലങ്ങൾ എഴുതിച്ചേർത്ത പുസ്തകമല്ല അത്. മറിച്ച് അന്നത്തെ ഭരണരീതിയെ സംബന്ധിക്കുന്ന സജീവവും പ്രായോഗികവുമായ വഴികാട്ടിയാണ്. ആഞ്ഞടിക്കാനുള്ള നമ്മുടെ പട്ടാളത്തിന്റെ കഴിവ് പുറമെനിന്നു വന്ന ആക്രമണകാരികൾക്ക് പേടിസ്വപ്നമായിരുന്നു. ആദ്യമാദ്യം നമ്മെ ആക്രമിച്ച ശകന്മാർ, ഹൂണന്മാർ മുതലായ കിരാതവർഗങ്ങളെ ഒന്നടങ്കം നാം തുരത്തി ഓടിച്ചിട്ടുണ്ട്. അഥവാ വല്ലവരും ഇവിടെ തങ്ങിപ്പോയിട്ടുണ്ടെങ്കിൽ, നമ്മുടെ സർവാശ്ലേഷിയായ സംസ്കാരത്തിൽ വിലയിക്കുകയാണുണ്ടായതും." (പേജ് 307–8)

ഇത്ര ഗംഭീരമായ കൗടല്യന്റെ *അർഥശാസ്ത്രം* കഴിഞ്ഞ നൂറ്റാണ്ടിലാണ് കണ്ടുപിടിക്കപ്പെട്ടത്. അതുവരെ എത്രയോ നൂറ്റാണ്ടുകൾ, ഭൗതികവാദപ്രചരണത്തിന്റെ പേരിൽ ആ വിശിഷ്ടഗ്രന്ഥം തമസ്കരിക്കപ്പെട്ടിരുന്നു. മാത്രവുമല്ല, ഈ തറവാടിത്തഘോഷണംകൊണ്ട് ഇന്നെന്താണ് നേട്ടം?

**അലക്സാണ്ടറും ഇന്ത്യാക്രമണവും**

"പേർഷ്യയിൽ താൻ നടത്തിയ കടുംകൈകളിൽ ഊറ്റം കൊള്ളുകയും ചെന്നിടത്തെല്ലാം വിജയോന്മാദത്തിൽ മതിമറന്ന് കിരാതമായ ദുഷ്ചെയ്തികൾ നടത്തുകയും ചെയ്ത അലക്സാണ്ടർ ഭാരതത്തിന്റെ മണ്ണിൽ കാൽകുത്തിയതോടെ പെട്ടെന്ന് ഉദാരശീലനായി മാറിപോലും! ഉദാരനായ പാശ്ചാത്യജേതാവ്! അങ്ങനെയൊരാളെ ലോകം നാളിതുവരെ കണ്ടിട്ടില്ല... നമ്മുടെ നാട്ടിലെ ചെറിയ ഗിരിവർഗത്തലവന്മാരുടെപോലും തകർപ്പൻ പ്രഹരങ്ങൾ ചെറുക്കാൻ അലക്സാണ്ടർക്കു കഴിഞ്ഞില്ലെന്നതാണ് ചരിത്രം വെളിപ്പെടുത്തുന്ന സത്യം." (പേജ് 308)

അലക്സാണ്ടർ ക്രിസ്ത്യാനിയായതുകൊണ്ടാണോ ഹിന്ദുത്വാഭിമാനിയായ ഗോൾവൽക്കർക്കിത്ര ഹാലിളകിയത്?

**പുരാണേതിഹാസങ്ങൾ ചരിത്രംതന്നെ**

"മഹാഭാരതയുദ്ധത്തിനുശേഷം ശാന്തിയുടേതായ സുദീർഘകാലം അനുഭവപ്പെട്ടു. അന്നനുഭവപ്പെട്ട സുരക്ഷിതത്വം ദേശത്തെയാകെ ഒരു മയക്കത്തിലാഴ്ത്തുകയുണ്ടായി... അതുകൊണ്ട് മുൻകാലങ്ങളിൽ നമ്മുടെ ശക്തിക്കു മുമ്പാകെ വിറപൂണ്ടുനിന്നിരുന്ന ശത്രുക്കൾ പിന്നീട് ബഹുമാന്യരായ അതിഥികളായെത്തുകയും ജേതാക്കളും ഭരണകർത്താക്കളുമായിത്തീരുകയും ചെയ്തു." (പേജ് 309–10)

പുരാണേതിഹാസങ്ങൾ ചരിത്രവസ്തുതകൾ പ്രതിഫലിപ്പിക്കാമെങ്കിലും അവ ചരിത്രഗ്രന്ഥങ്ങളല്ല. പക്ഷേ, ഗോൾവൽക്കർ അവയെ ചരിത്രഗ്രന്ഥങ്ങൾ തന്നെയായാണ് പരിഗണിക്കുന്നത്. മഹാഭാരതയുദ്ധകാലത്തെ ശാന്തി അധികകാലം നിലനിന്നില്ലെങ്കിലും, ഭീമനെയും അർജുനനെയും മറ്റും ഓർത്താവണം, വിറപൂണ്ട ശത്രുക്കൾ പിന്നീട് നമ്മെ കീഴടക്കി അടക്കിഭരിക്കാൻ തുടങ്ങി. എന്താ ചെയ്യുക! നമ്മുടെ അനശ്വരവും അജയ്യവുമായ ഹിന്ദുശക്തി അത്രയ്ക്കുണ്ടെന്നേ പറയാവൂ!

**ജയചന്ദ്രൻ – ശത്രു അകത്തുതന്നെ**

"നമ്മുടെ മണ്ണിൽ നടന്ന ആദ്യത്തെ മുസ്ലീം ആക്രമണത്തിന്റെ നടുക്കം അനുഭവപ്പെട്ടിട്ടും നാം ഉണരുകയോ ഒന്നിച്ചുനിൽക്കുകയോ ചെയ്തില്ല. ആഭ്യന്തരവഴക്കുകളുടെയും ചതികളുടെയും ആത്മഹത്യാപരമായ കഥ തന്നെ വീണ്ടും തുടർന്നു. പുണ്യസങ്കേതമായ സോമനാഥം കൊള്ള ചെയ്യാനും തകർക്കാനും ഒരുങ്ങിവന്ന മുഹമ്മദ് ഗസ്നിക്ക് സഹായിയും വഴികാട്ടിയും ആയിരുന്നത് നമ്മുടെ ഭാഗത്തെ നേതാക്കന്മാർതന്നെ ആയിരുന്നു. മുഹമ്മദ് ഗോറിയെ ക്ഷണിച്ചതാകട്ടെ ജയചന്ദ്രനായിരുന്നു. അങ്ങനെ ആദ്യമായി പുണ്യതലസ്ഥാനന

ഗരിയായ ഇന്ദ്രപ്രസ്ഥത്തിൽ വിദേശഭരണം സ്ഥാപിക്കാൻ ശത്രുവിനെ സഹായിച്ചത് ഹിന്ദുരാജാവ് തന്നെ ആയിരുന്നു എന്നു കാണാം. ജയചന്ദ്രന്റെ വർഗം അതിവേഗം പെരുകിവരുന്നു... ഇതെല്ലാം സംഭവിക്കാൻ തക്കവണ്ണം നമ്മുടെ സമാജത്തിൽനിന്ന് ഏകത തിരോഭവിച്ചുകഴിഞ്ഞിരുന്നു." (പേജ് 310–11)

മുസ്ലീങ്ങൾ ആക്രമിച്ചുണർത്തിയാലും ഹിന്ദുക്കൾ ഉണരില്ല! ചതിയും കുതികാൽവെട്ടും തന്നെ! തരംനോക്കി, അതാ, മുസ്ലീങ്ങൾ വീണ്ടും വന്നു. ഇത്തവണത്തെ വരവിന് അവരെ കുറ്റപ്പെടുത്തിക്കൂടാ. ഗസ്നിയെ സോമനാഥക്ഷേത്രം ആക്രമിക്കാൻ നമ്മുടെ (ഹിന്ദുക്കളുടെ) ഭാഗത്തെ നേതാക്കളും മുഹമ്മദ് ഗോറിയെ ഹിന്ദുവായ ജയചന്ദ്രനുമാണ് ക്ഷണിച്ചുവരുത്തിയത്. (അത്ഭുതമില്ല. നമ്മുടെ പാരമ്പര്യമതാണ്. അനുജനായ വിഭീഷണനല്ലേ ജ്യേഷ്ഠൻ രാവണനെ കൊല്ലാൻ ക്ഷണിച്ചുകൊണ്ടുവന്നത്?) പാണ്ഡവന്മാർ ഭരിച്ച പാരമ്പര്യമുള്ള ഇന്ദ്രപ്രസ്ഥം (ദില്ലി) ആക്രമിക്കാൻ ശത്രുവെ സഹായിച്ചത് ഹിന്ദുരാജാവുതന്നെ! ഹിന്ദുസമാജത്തിന്റെ ഏകത ഇല്ലാതായിക്കഴിഞ്ഞു! ഗോൾവൽക്കറെപ്പോലെ വിലപിക്കുകയേ നിവൃത്തിയുള്ളൂ. പക്ഷേ, ഇനി ഒരു കാര്യം ചെയ്യാം. മുസ്ലീങ്ങളോടൊപ്പം ഹിന്ദുക്കളെയും കുറ്റപ്പെടുത്താം.

ശാന്തി അധികകാലം നിലനിന്നില്ലെങ്കിലും, ഭീമനെയും അർജുനനെയും മറ്റും ഓർത്താവണം, വിറപൂണ്ട ശത്രുക്കൾ പിന്നീട് നമ്മെ കീഴടക്കി അടക്കിഭരിക്കാൻ തുടങ്ങി. എന്താ ചെയ്യുക! നമ്മുടെ അനശ്വരവും അജയ്യവുമായ ഹിന്ദുശക്തി അത്രയ്ക്കുണ്ടെന്നേ പറയാവൂ!

"രാജ്യദ്രോഹത്തിന്റെ ആത്മഹത്യാപരമായ കഥകൾ ഇംഗ്ലീഷുകാരുടെ വരവിനുശേഷവും തുടർന്നു... മുസ്ലീങ്ങളോ ഇംഗ്ലീഷുകാരോ ആയിരുന്നില്ല; നാം തന്നെയായിരുന്നു നമ്മുടെ ശത്രുക്കൾ." (പേജ് 312)

ഇപ്പോൾ ഗോൾവൽക്കർക്കു മനസ്സിലായില്ലേ, മുസ്ലീങ്ങളും ഇംഗ്ലീഷുകാരുമൊന്നുമല്ല നമ്മുടെ ശത്രുക്കൾ; നാം തന്നെയാണ്. ഇവിടെ കേരളത്തിലിപ്പോൾ ആർ. എസ്. എസ്. കർശനമായി നിയന്ത്രിക്കുന്ന ബി. ജെ. പി. യിൽതന്നെയാണ് തമ്മിലടി. കേന്ദ്രഗവണ്മെന്റിൽ സ്വാധീനം ചെലുത്തി മെഡിക്കൽ കോളേജ് തരപ്പെടുത്തിക്കൊടുക്കാം എന്നും മറ്റും പറഞ്ഞിട്ട്.

**സ്വാതന്ത്ര്യസമരമല്ല ബ്രിട്ടൻ ഇന്ത്യ വിടാൻ കാരണം**

"നമ്മുടെ ധീരതയുടെയും ത്യാഗത്തിന്റെയും അടിസ്ഥാനത്തിൽ മാത്രമണ് നാം സ്വാതന്ത്ര്യം നേടിയതെന്നതു സത്യമാണോ? അതാണ് വാസ്തവമെങ്കിൽ പിന്നെയെങ്ങനെ സ്വാതന്ത്ര്യസമരംതന്നെയില്ലാതിരുന്ന ബർമയിൽനിന്നും സിലോണിൽനിന്നും ബ്രിട്ടീഷുകാർ വിട്ടുപോയി? മുസ്ലീങ്ങൾ അണുപോലും ത്യാഗം സഹിക്കാതെ പാക്കിസ്ഥാൻ – പുതിയ സ്വതന്ത്രരാജ്യം – എങ്ങനെ നിലവിൽവന്നു? ... അതിവിദൂരതയിൽ കിടക്കുന്ന വിശാലമായ സാമ്രാജ്യത്തെ കൊണ്ടുനടക്കത്തക്ക ത്രാണി, രണ്ടാം ലോകമഹായുദ്ധത്തിലെ രക്താഭിഷേകത്തിനുശേഷം ബ്രിട്ടന് അവശേഷിച്ചിരുന്നില്ല എന്നതാണ് യാഥാർഥ്യം... സ്വതവേ തന്ത്രശാലികളായ ബ്രിട്ടീഷുകാർ എല്ലാ രാജ്യങ്ങളുടെയും സൗഹൃദം നിലനിർത്തിക്കൊണ്ടുതന്നെ ഈ നാടു വിട്ടുപോയി. അതേസമയം അവരുടെ സ്ഥിരതാവളമായി പാക്കിസ്ഥാൻ സൃഷ്ടിക്കുകയും ചെയ്തു. ... നമ്മുടെ നേതാക്കന്മാർ ഈ പദ്ധതി (ഹിന്ദു ഇന്ത്യയെന്നും മുസ്ലീം ഇന്ത്യയെന്നും രണ്ടായി ഖണ്ഡിച്ചിട്ടു മാത്രമേ ഇന്ത്യ വിട്ടുപോകൂ എന്ന ബ്രിട്ടന്റെ പദ്ധതി) നടപ്പിലാക്കുന്നതിൽ ബ്രിട്ടനെ സഹായിക്കുക മാത്രമല്ല ചെയ്തത്, ഒരടികൂടി മുന്നോട്ടു പോയി രാഷ്ട്രത്തെ മുസ്ലീം ഇന്ത്യ എന്നും അമുസ്ലീം ഇന്ത്യ എന്നും വിഭജിക്കുന്നതിൽ അവർ വിജയിച്ചു. അത്രയേ വ്യത്യാസമുള്ളൂ!" (പേജ് 313–14)

ഇവിടെ ക്വിറ്റ് ഇന്ത്യാസമരം തുടങ്ങുകയും കമ്യൂണിസ്റ്റുകാരുടെ നേതൃത്വത്തിൽ നാവികവിപ്ലവം വരെ സമരം എത്തുകയും ചെയ്തു. ഇനി ഇന്ത്യവിട്ടുപോവുകയേ നിവൃത്തിയുള്ളൂ എന്നു ബ്രിട്ടനു മനസ്സിലായി. രണ്ടാം ലോകമഹായുദ്ധവിജയം തോറ്റ ഹിറ്റ്ലറുടെ ആത്മഹത്യയിലും വിജയിച്ച സോവിയറ്റ് യൂനിയന്റെ അജയ്യതയിലും കലാശിച്ചു. ഈ ലോകസാഹചര്യം ബ്രിട്ടനെ ഇന്ത്യ വിടാൻ പ്രേരിപ്പിച്ചു. പോകുന്ന അവസരത്തിൽ, ദ്വിരാഷ്ട്രവാദത്തെയും വിഭജനത്തെയും എതിർത്ത് ഗാന്ധിജി നിരാഹാരം നടത്തിയെങ്കിലും ജിന്നയുടെ പാക്കിസ്ഥാൻവാദത്തെയും കോൺഗ്രസ് നേതാക്കളുടെ ഭരണമോഹത്തെയും മുതലെടുത്ത് ബ്രിട്ടൻ ഇന്ത്യയെ രണ്ടായി വിഭജിച്ച് രണ്ടു രാജ്യങ്ങളെയും കോമൺവെൽത്തിന്റെ കീഴിൽ കൊണ്ടുവന്ന് സൗഹൃദഭാവത്തിൽ ഇന്ത്യവിട്ടു. ഈ ഇന്ത്യൻ സ്വാതന്ത്ര്യപശ്ചാത്തലത്തെ ആർ. എസ്. എസ്. വിലയിരുത്തുന്നത് മറ്റൊരു തരത്തിലാണ്: ധീരതയുടെയും സ്വാതന്ത്ര്യത്തിന്റെയും അടിസ്ഥാനത്തിൽ മാത്രമാണ് നാം സ്വാതന്ത്ര്യം നേടിയതെങ്കിൽ, സ്വാതന്ത്ര്യസമരമേ ഇല്ലാതിരുന്ന ബർമയ്ക്കും സിലോണിനും എങ്ങനെ സ്വാതന്ത്ര്യം കിട്ടി? മുസ്ലീങ്ങൾ ത്യാഗമേ ചെയ്യാതെ എങ്ങനെ സ്വതന്ത്രരാജ്യമായ പാക്കിസ്ഥാൻ നേടി? വാസ്തവമതൊന്നുമല്ല. രണ്ടാം ലോകയുദ്ധത്തിനുശേഷം തകർന്ന ബ്രിട്ടന് ഇത്ര ദൂരെയുള്ള അധിനിവേശരാജ്യങ്ങളെ കൊണ്ടുനടക്കാൻ കഴിവില്ലാതായി. ബ്രിട്ടൻ തന്ത്രശാലിയാണല്ലോ. ഇന്ത്യയെ മുസ്ലീം ഇന്ത്യയെന്നും അമുസ്ലീം ഇന്ത്യയെന്നും രണ്ടു ശത്രുരാജ്യങ്ങളാക്കി മാറ്റി, ഇന്ത്യ വിട്ടുപോയി. ബ്രിട്ടൻ പോയാലും ഇല്ലെങ്കിലും തങ്ങൾക്കൊന്നുമില്ല എന്നും ബ്രിട്ടീഷ് വിരുദ്ധമാണ് സ്വാതന്ത്ര്യസമരം, ഭാവാത്മകമല്ല എന്നും പറഞ്ഞ് സ്വാതന്ത്ര്യസമരത്തിൽ യാതൊരു പങ്കും വഹിക്കാതിരുന്ന ഗോൾവൽക്കർക്കും അനുയായികൾക്കും സ്വാതന്ത്ര്യസമരസേനാനികളെ അപമാനിക്കുന്ന ഇത്തരം പ്രസ്താവന നടത്താൻ ഒരു മടിയുമുണ്ടാവില്ലല്ലോ. സ്വാതന്ത്ര്യസമരത്തിൽ കമ്യൂണിസ്റ്റുകാരുടെ ഭാഗഭാഗിത്വവും അവർ അംഗീകരിക്കുകയില്ലല്ലോ. ദ്വിരാഷ്ട്രവാദത്തെയും പാക്കിസ്ഥാൻ

രൂപീകരണത്തെയും എതിർത്ത് നിരാഹാരം നടത്തിയ മഹാത്മാവിനെ നമസ്കാരപൂർവം വെടിവെച്ചു കൊല്ലാൻ ഗോഡ്സെയെ ഏർപ്പാട് ചെയ്തതിനുശേഷം അനുശോചനവ്യാജേന പത്തുദിവസത്തെ പുലയാചരിച്ച ആർ. എസ്. എസ്സിന് ഇങ്ങനെയൊക്കെയേ പറയാനാവൂ! അവർ സ്വാത്ത്യം കിട്ടിയതുപോലും തുറന്ന മനസ്സോടെ അംഗീകരിച്ചിട്ടില്ല. 'സ്വാതന്ത്ര്യമെന്നു പറയുന്ന എന്തോ ഒന്ന്' എന്ന അർഥത്തിലാണ് ഗോൾവൽക്കർ ഇന്ത്യൻ സ്വാതന്ത്ര്യത്തെ പരാമർശിക്കുന്നത്!

**ഹിന്ദുരാഷ്ട്രത്തിന്റെ വൈപുല്യം**

"ഇവയെല്ലാം (പഞ്ചാബിന്റെ പകുതി ഭാഗം, ബംഗാളിന്റെ പകുതി, സിന്ധും അതിർത്തിസംസ്ഥാനവും) ഒരു കാലത്ത് ഹിന്ദുരാഷ്ട്രത്തിന് വൈഭവം ചാർത്തിയ ഭൂഭാഗങ്ങളായിരുന്നു. പഞ്ചാബ് വേദങ്ങൾക്ക് ജന്മമരുളിയ പുണ്യാൽ പുണ്യതരമായ ശ്രേഷ്ഠഭൂമിയാണ്. സിന്ധുതീരത്ത് നമ്മുടെ മുനിപുംഗവന്മാർ തപസ്സനുഷ്ഠിച്ചിട്ടുണ്ട്. ബംഗാളാകട്ടെ ഋഷിമാരുടെയും കവികളുടെയും വീരവിപ്ലവകാരികളുടെയും കളിത്തൊട്ടിലായിരുന്നു. കഴിഞ്ഞ പതിനായിരക്കണക്കിനു കൊല്ലങ്ങളായി ഭാരതഭൂമിയുടെ പ്രതിരോധത്തിന്റെ ജീവരേഖയായിരുന്നു വടക്കുപടിഞ്ഞാറൻ അതിർത്തിസംസ്ഥാനം. സ്വതന്ത്രവും സുശക്തവുമായ ഹിന്ദുരാഷ്ട്രത്തിന്റെ ചൈതന്യം ഇവിടെയെല്ലാം പ്രസരിച്ചിരുന്നു. എന്നാൽ കുറച്ചു ശതാബ്ദങ്ങൾക്കുമുൻപ് ഈ ഭാഗം മുസ്ലീമാക്രമണത്തിനു വിധേയമായി. മുസ്ലീമാധിപത്യത്തെ അവർ കുടഞ്ഞുമാറ്റിയെങ്കിലും മറ്റൊറു ശത്രുവിന്റെ – ബ്രിട്ടന്റെ – പിടിയിലമർന്നു. വീണ്ടും ഇന്നിതാ ഈ സ്ഥലങ്ങൾ മുസ്ലീങ്ങൾക്ക് കീഴ്പ്പെട്ടിരിക്കുകയാണ്." (പേജ് 314–15)

ഹിന്ദുരാഷ്ട്രത്തിന്റ വേലിയേറ്റവും വേലിയിറക്കവും ഗോൾവൽക്കർ ഇവിടെ അയവിറക്കുന്നു!

**ഹിന്ദുക്കളിൽ ഏകീകരണമില്ല**

"ഒരായിരം കൊല്ലം മുൻപാണെങ്കിലും ശരി, ആയിരം കൊല്ലം പിന്നിട്ടതിനുശേഷം ഇന്നാണെങ്കിലും ശരി, നമ്മുടെ ദേശീയദുരന്തത്തിന്റെ മൂലകാരണം ഒന്നുതന്നെയാണ്. ഹിന്ദുക്കളുടെ ഇടയിൽ ഈ മണ്ണിന്റെ മക്കളുടെ ഇടയിൽ കണ്ടുവരുന്ന, സംഘടിതവും ഏകീകൃതവുമായ ജീവിതത്തിന്റെ അഭാവം മാത്രമാണത്. കാര്യകാരണനിയമത്തിന്റെ പ്രവർത്തനത്തിന് സ്ഥലകാലപരിമിതിയില്ല. ദേശീയതലത്തിൽ വ്യാപിക്കുന്ന ഈ തിക്തസത്യത്തിന്റെ മൂകസാക്ഷിയാണ് ആയിരം കൊല്ലത്തെ നമ്മുടെ ചരിത്രത്തിലെ ഓരോ താളും." (പേജ് 315)

ഹിന്ദുക്കളുടെ ഇടയിൽ ഐക്യമുണ്ടാവണമെങ്കിൽ ജാതിവ്യവസ്ഥ ഇല്ലാതാവണം. അതിനാകട്ടെ ഗോൾവൽക്കറും അനുയായികളും സമ്മതിക്കുകയുമില്ല. ആ വ്യവസ്ഥ കെങ്കേമമാണെന്നത്രേ ഗോൾവൽക്കറുടെ സുചിന്തിത മതം!

**കാശ്മീരിലെ ഹിതപരിശോധന**

"നമ്മുടെ ശരീരത്തിൽ ഏതെങ്കിലും അവയവത്തിന് തകരാറു പിണഞ്ഞാൽ ആ അവയവം സ്വന്തമായി അതിന്റെ വിധി നിർണയിക്കട്ടെ എന്നു നാം ചിന്തിക്കാറുണ്ടോ? മറിച്ച് മൊത്തം ശരീരമല്ലേ തീരുമാനമെടുക്കുക? അതുപോലെ ജനഹിതപരിശോധന ആവശ്യമാണെങ്കിൽതന്നെ അത് ഈ ദേശത്തിന്റെയാകെ ഹിതം ആരായുന്ന തരത്തിലുള്ളതയിരിക്കണം. കാശ്മീരിൽ മാത്രമായി ഹിതപരിശോധന നടത്തുക എന്ന ആശയം മാതൃഭൂമിയെ സംബന്ധിക്കുന്ന ഏകതാബോധം നമ്മുടെ ഹൃദയങ്ങളിൽനിന്നു തികച്ചും തിരോധാനം ചെയ്തിരിക്കുന്നു എന്നാണർഥമാക്കുന്നത്." (പേജ് 316)

ഇത് നല്ല തമാശ. കാശ്മീരിലെ പ്രശ്നപരിഹാരം നിശ്ചയിക്കുന്നതിന് അവിടെ ഹിതപരിശോധന നടത്തുകയല്ലേ വേണ്ടത്? കാശ്മീരിലെ പ്രശ്നങ്ങളെപ്പറ്റി പാർലിമെന്റിൽ ചർച്ച ചെയ്യുമ്പോൾ രാജ്യത്തിന്റെ മൊത്തം അഭിപ്രായത്തിന്റെ ഏകദേശരൂപം കിട്ടുമല്ലോ. ഗോൾവൽക്കറുടെ അഭിപ്രയത്തെ മുഖവിലയ്ക്കെടുത്താൽ, ആർ. എസ്. എസ്സിലെ പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ ആർ. എസ്. എസ്സിൽത്തന്നെ ഹിതപരിശോധനാതുല്യമായ ചർച്ച നടത്തുന്നതിനു പകരം ആ ജോലി മറ്റു പാർട്ടികളെ ഏല്പിക്കേണ്ടിവരും. അദ്ദേഹത്തിന് അത് സമ്മതമാവുമോ? ആ ചർച്ച, ചിലപ്പോൾ, തീരുമാനം മേൽക്കമ്മറ്റിക്കു വിടുന്നതാവാമെങ്കിലും.

"ശത്രുമിത്രവിവേചനം സാധിക്കാത്തവണ്ണം നമ്മുടെ ദേശീയബോധം നശിച്ചതായിരുന്നു സമാജത്തിന്റെ പ്രധാനരോഗം. അപായകരമായ ആ രോഗം മുൻപത്തെപ്പോലെ ഇപ്പോഴും തുടരുന്നു. ഒരിക്കൽ അബ്രാഹ്മണരെന്നു സ്വയം വിളിക്കുന്ന കുറേ പേരുടെ സമ്മേളനം നാഗ്പൂരിൽ നടക്കുകയുണ്ടായി. അതിൽ മുസ്ലീം ക്രിസ്ത്യൻ പ്രാസംഗികന്മാർ സംസാരിക്കുന്നതു കണ്ട് ഞാൻ അത്ഭുതപ്പെട്ടുപോയി. സമ്മേളനത്തിന്റെ സംഘാടകന്മാരിലൊരാളോട് ഞാൻ അതിനെക്കുറിച്ചന്വേഷിച്ചു. 'ശരിയാണ്, അവരും അബ്രാഹ്മണരാണല്ലോ!' എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. ഹിന്ദുക്കൾ, അവരേതു ജാതിയായാലും വർഗമായാലും ഒരേ സമാജമാണെന്നും മുസ്ലീങ്ങളും ക്രിസ്ത്യാനികളും തികച്ചും ഭിന്നമായ, ചിലപ്പോൾ ശത്രുപക്ഷത്തു നിൽക്കുന്നതുകൂടിയായ സമുദായങ്ങളാണെന്നുമുള്ള ഏറ്റവും ലളിതമായ വസ്തുതകൂടി ഇക്കൂട്ടർക്കു തിരിച്ചറിയാൻ കഴിഞ്ഞില്ല എന്നതെന്തുമാത്രം വിചിത്രമാണ്." (പേജ് 317–18)

ലളിതമാണെന്നു ആർ. എസ്. എസ്. നേതാവ് നിശ്ചയിച്ചാൽ പോരല്ലോ! അബ്രാഹ്മണസമ്മേളനത്തിൽ അവർണരും ദളിതരും അവരോട് അനുഭാവമുള്ള അന്യമതസ്ഥരായ മുസ്ലീങ്ങളും ക്രിസ്ത്യാനികളും മറ്റുമല്ലാതെ ബ്രാഹ്മണരാണോ പങ്കെടുക്കേണ്ടത്? ബ്രാഹ്മണർക്കിടയിൽത്തന്നെ അവർണരോടും ദളിതരോടും മറ്റും അനുഭാവമുള്ളവർക്ക് തങ്ങളുടെ സമ്മേളനത്തിൽത്തന്നെ അത് രേഖപ്പെടുത്താമെന്നത് വേറെ കാര്യം.

**ഭരണഘടനയുടെ ഫെഡറൽ സ്വഭാവം**

"നമ്മുടെ ഭരണഘടനയുടെ ബഹുഘടക(ഫെഡറൽ)രൂപം തെളിയിക്കുന്നത് ഭരണഘടനാനിർമാതാക്കൾക്കുകൂടി ഈ ഏകാത്മദേശീയതയിൽ ഉറച്ചുനിൽക്കാൻ കഴിഞ്ഞില്ലെന്നാണ്." (പേജ് 321)

ഏകാത്മദേശീയത എന്നത് ചില ആർ. എസ്. എസ്. നേതാക്കളുടെ തലയിലുദിച്ചതല്ലാതെ പ്രായോഗികമാക്കാവുന്ന ഒന്നല്ല. ഭരണഘടനയുടെ ഫെഡറൽരൂപം ശക്തമായ കേന്ദ്രത്തെയും അതിനു കീഴിൽ ശക്തമായ സംസ്ഥാനങ്ങളെയും വിഭാവനം ചെയ്യുന്നു. ഇന്ത്യയെപ്പോലുള്ള ഒരു ജനാധിപത്യരാജ്യത്തിന് തികച്ചും അനുരൂപമാണീ ഫെഡറലിസം. പക്ഷേ, ആർ. എസ്. എസ്സിനു നിയന്ത്രണമുള്ള കേന്ദ്രഗവണ്മെന്റ് സംസ്ഥാനങ്ങളുടെ അവകാശങ്ങൾ സൂത്രത്തിൽ കുറേശ്ശക്കുറേശ്ശയായി കവർന്നെടുക്കാൻ നോക്കും. ഇന്നത് സംഭവിക്കുന്നുണ്ട്. ഈ ഓണക്കാലത്ത് കേരളത്തിൽ വ്യാപകമായ ഓണച്ചന്തകളിലൂടെയും സപ്ലൈക്കോ മാർക്കറ്റുകളിലൂടെയും മറ്റും സർക്കാർ വിപണിയിൽ ഇടപെട്ട് വില കുറക്കാൻ പരമാവധി ശ്രമിക്കുന്നുണ്ടെങ്കിലും പെട്രോളിനും ഡീസലിനും അനുദിനം വില കൂടുന്നതുകൊണ്ട് അതിന്റെ ഗുണം മുഴുവൻ ജനങ്ങൾക്ക് ലഭിക്കാതെ വരുന്നു.

**തിരഞ്ഞെടുപ്പുകമ്മീഷൻ ഇന്ത്യയുടെ അവിഭക്തമായ ഏകതയെ അംഗീകരിക്കുന്നില്ല**

"അടുത്ത കാലത്തായി നമ്മുടെ തിരഞ്ഞെടുപ്പുകമ്മീഷൻ രാഷ്ട്രീയപ്പാർട്ടികളെ അംഗീകരിക്കുന്നതിനു ചില പുതിയ മാനദണ്ഡങ്ങൾ സ്വീകരിച്ചിരിക്കുന്നു. ഇപ്പോൾ സ്റ്റേറ്റടിസ്ഥാനത്തിലാണംഗീകാരം. മുഴുവൻ രാഷ്ട്രത്തിന്റെ അവിഭക്തമായ ഏകതയല്ല, മറിച്ച് സ്റ്റേറ്റ് ഘടകങ്ങളുടെ ഭിന്നതയാണ്, ഭരണത്തിന്റെ ചുക്കാൻ പിടിക്കുന്ന വലിയ മനുഷ്യരുടെപോലും മാനസികപ്രക്രിയയിൽ അധീശത്വം പുലർത്തുന്നതെന്നാണ് ഇത് സൂചിപ്പിക്കുന്നത്." (പേജ് 322)

ആർ. എസ്. എസ്. മാത്രമേ ഈ ഫെഡറൽ സ്വഭാവത്തെ എതിർക്കുന്നുള്ളൂ. 'ഏകഘടകരാജ്യം ആവശ്യം' എന്നാണ് (3. 2) *വിചാരധാര*യിലെ ഒരധ്യായത്തിന്റെ തലവാചകംതന്നെ. മറ്റെല്ലാവർക്കും ഇത് സമ്മതമാണ്.

"അവർ ഊന്നൽ കൊടുക്കുകയും ഊതിവീർപ്പിക്കുകയും ചെയ്ത ഈ വ്യത്യാസങ്ങൾ ഹിന്ദുക്കളും മുസ്ലീങ്ങളും, ആര്യന്മാരും ദ്രാവിഡരും ജൈന, സിഖ് തുടങ്ങിയ അവാന്തരമതവിഭാഗങ്ങളും മറ്റു ഹിന്ദുക്കളും ബ്രാഹ്മണർ, അബ്രാഹ്മണർ തുടങ്ങിയ ജാതീയവിഭാഗങ്ങളും അതിൽപ്പെടാത്ത മറ്റു ജനങ്ങളും തമ്മിൽ ആയിരുന്നു." (പേജ് 327)

എന്താ ഇതൊന്നും വ്യത്യാസമല്ലേ? സാധാരണ ജനങ്ങളെ ബാധിക്കുന്നത് ഈ വ്യത്യാസമാണ്. സമ്പന്നസവർണവർഗതാല്പര്യം സംരക്ഷിക്കുന്ന ഗോൾവൽക്കർക്കും അനുയായികൾക്കും ഇതൊന്നും പ്രശ്നമായിരിക്കുകയില്ല.

**ഏകരാഷ്ട്രബോധം ആവശ്യം**

"കുറച്ചുകാലത്തേക്കു, ഭാരതത്തിന്റെ അങ്ങേയറ്റംമുതൽ ഇങ്ങേയറ്റംവരെ ജനങ്ങളിൽ മാതൃഭൂമിയോടു പൊതുവായ ഭക്തി നിവേശിക്കുകയോ നവീകരിക്കപ്പെടുകയോ ചെയ്തിട്ടുണ്ടെന്നും ഈ ഭക്തിയുടെ അടിസ്ഥാനത്തിൽ ഒറ്റ ജനതയാണെന്ന ഭാവവും രാഷ്ട്രബോധവും ഇവിടെ രൂപം കൊണ്ടിട്ടുണ്ടെന്നും തോന്നിയിരുന്നു. എല്ലാ ജനനേതാക്കളും ഏകരാഷ്ട്രത്തെ പുരസ്കരിച്ചു സംസാരിക്കാനും അതിൽ യഥാർഥമായി വിശ്വാസമർപ്പിക്കാനും തുടങ്ങിയിരുന്നു. മഹത്തായ ഈ വികാരത്തെ അവർ ഉച്ചൈസ്തരം ഉദ്ഘോഷിക്കുകയും ബ്രിട്ടീഷുകാരുടെ നുകത്തിൽനിന്നു രാഷ്ട്രത്തെ വിമോചിപ്പിക്കാനുള്ള സമരത്തിനായി ജനങ്ങളെ ഉണർത്താൻ ശ്രമിക്കുകയും ചെയ്തിരുന്നു. ജനസഞ്ചയം ആകെത്തന്നെ ഈ വികാരത്തെ ഉൾക്കൊണ്ടുവെന്ന പ്രതീതിയുണ്ടായി." (പേജ് 327–28)

'എല്ലാവരും' എന്നു പറയേണ്ട. ആർ. എസ്. എസ്. ദേശീയസ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തിട്ടില്ല. ഭാവാത്മകമല്ല, ബ്രിട്ടീഷ് വിരുദ്ധമാണ് ആ സമരം എന്നതാണ് അവരതിനു പറഞ്ഞ കാരണം.

**ഇന്ത്യാവിഭജനവും ഫെഡറലിസവും**

"സത്യസന്ധമായി ചിന്തിച്ചാൽ നാം പരീക്ഷയിൽ വിജയിച്ചുവെന്നു പറഞ്ഞുകൂടാ. ഒറ്റ ദേശം, ഒറ്റ ജനത എന്ന പ്രഖ്യാപനത്തിനേറ്റ ആദ്യത്തേതും ഏറ്റവും ക്രൂരവുമായ അടിയായിരുന്നു നമ്മുടെ മാതാവായ ഭാരതഭൂമിയുടെ ദുഃഖകരമായ വിഭജനത്തിനു നൽകിയ അംഗീകാരം... അതിനു പിന്നാലെ നാടിനെ പരസ്പരബന്ധമി

ബ്രാഹ്മണർ, അബ്രാഹ്മണർ തുടങ്ങിയ ജാതീയവിഭാഗങ്ങളും അതിൽപ്പെടാത്ത മറ്റു ജനങ്ങളും തമ്മിൽ ആയിരുന്നു." (പേജ് 327)

എന്താ ഇതൊന്നും വ്യത്യാസമല്ലേ? സാധാരണ ജനങ്ങളെ ബാധിക്കുന്നത് ഈ വ്യത്യാസമാണ്. സമ്പന്നസവർണ വർഗതാല്പര്യം സംരക്ഷിക്കുന്ന ഗോൾവൽക്കർക്കും അനുയായികൾക്കും ഇതൊന്നും പ്രശ്നമായിരിക്കുകയില്ല.

**ഏകരാഷ്ട്രബോധം ആവശ്യം**

"കുറച്ചുകാലത്തേക്കു, ഭാരതത്തിന്റെ അങ്ങേയറ്റംമുതൽ ഇങ്ങേയറ്റംവരെ ജനങ്ങളിൽ മാതൃഭൂമിയോടു പൊതുവായ ഭക്തി നിവേശിക്കുകയോ നവീകരിക്കപ്പെടുകയോ ചെയ്തിട്ടുണ്ടെന്നും ഈ ഭക്തിയുടെ അടിസ്ഥാനത്തിൽ ഒറ്റ ജനതയാണെന്ന ഭാവവും രാഷ്ട്രബോധവും ഇവിടെ രൂപം കൊണ്ടിട്ടുണ്ടെന്നും തോന്നിയിരുന്നു. എല്ലാ ജനനേതാക്കളും ഏകരാഷ്ട്രത്തെ പുരസ്കരിച്ചു സംസാരിക്കാനും അതിൽ യഥാർഥമായി വിശ്വാസമർപ്പിക്കാനും തുടങ്ങിയിരുന്നു. മഹത്തായ ഈ വികാരത്തെ അവർ ഉച്ചൈസ്തരം ഉദ്ഘോഷിക്കുകയും ബ്രിട്ടീഷുകാരുടെ നുകത്തിൽനിന്നു രാഷ്ട്രത്തെ വിമോചിപ്പിക്കാനുള്ള സമരത്തിനായി ജനങ്ങളെ ഉണർത്താൻ ശ്രമിക്കുകയും ചെയ്തിരുന്നു. ജനസഞ്ചയം ആകെത്തന്നെ ഈ വികാരത്തെ ഉൾക്കൊണ്ടുവെന്ന പ്രതീതിയുണ്ടായി." (പേജ് 327–28)

'എല്ലാവരും' എന്നു പറയേണ്ട. ആർ. എസ്. എസ്. ദേശീയസ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തിട്ടില്ല. ഭാവാത്മകമല്ല, ബ്രിട്ടീഷ് വിരുദ്ധമാണ് ആ സമരം എന്നതാണ് അവരതിനു പറഞ്ഞ കാരണം.

**ഇന്ത്യാവിഭജനവും ഫെഡറലിസവും**

"സത്യസന്ധമായി ചിന്തിച്ചാൽ നാം പരീക്ഷയിൽ വിജയിച്ചുവെന്നു പറഞ്ഞുകൂടാ. ഒറ്റ ദേശം, ഒറ്റ ജനത എന്ന പ്രഖ്യാപനത്തിനേറ്റ ആദ്യത്തേതും ഏറ്റവും ക്രൂരവുമായ അടിയായിരുന്നു നമ്മുടെ മാതാവായ ഭാരതഭൂമിയുടെ ദുഃഖകരമായ വിഭജനത്തിനു നൽകിയ അംഗീകാരം... അതിനു പിന്നാലെ നാടിനെ പരസ്പരബന്ധമില്ലാത്തവയും വെവ്വേറെ ഭരണകൂടങ്ങളോടുകൂടിയവയുമായ സംസ്ഥാനങ്ങളായി വിഭജിച്ചു. പിന്നെ ഭാരതത്തെ അവയുടെ സംഘം (യൂണിയൻ) ആയി കല്പിച്ച ഭരണഘടന വന്നു. ഈ ഭരണഘടനയുണ്ടാക്കുന്ന കാലത്തെ നാട്ടിലെ പരിതഃസ്ഥിതി പരിശോധിച്ചാൽ ഏകാത്മകശാസനത്തിന്റെ (യൂനിറ്ററി ഗവണ്മെന്റ്) നിർമാണത്തിനും വികാസത്തിനും അത്യന്തം അനുകൂലമായിരുന്നു അതെന്നു കാണാം. ഭാരതത്തിന്റെ അഥവാ ആ പേരിൽ അറിയപ്പെടുന്നതായി ശേഷിച്ച ഭൂഭാഗത്തിന്റെ അഖണ്ഡതയും ഏകരസവുമായ രാഷ്ട്രത്വത്തിന്റെ അഭിവ്യക്തിയെന്ന നിലയ്ക്ക് ഒറ്റ ദേശവും ഒറ്റ നിയമനിർമാണസഭയും സമ്പൂർണദേശത്തെയും ഭരിക്കുന്ന ഒറ്റ നിർവഹണകേന്ദ്രവും സ്ഥാപിക്കാൻ അന്നു കഴിയുമായിരുന്നു. പക്ഷേ നേതാക്കന്മാരുടെ മസ്തിഷ്കവും വിവേകവും അക്കാലത്ത് സംസ്ഥാനങ്ങളുടെ സംഘം (ഫെഡറേഷൻ ഓഫ് സ്റ്റേറ്റ്സ്) എന്ന വിചാരത്താൽ മോഹഗ്രസ്തമായിരുന്നു." (പേജ് 328–29)

ബ്രിട്ടീഷ് വിരുദ്ധമായതുകൊണ്ട് ഭാവാത്മകമല്ലെന്നു പറഞ്ഞ് ദേശീയസ്വാതന്ത്ര്യസമരത്തിൽ ഉദാസീനത പുലർത്തിപങ്കെടുക്കാതെ, സ്വാതന്ത്ര്യത്തെ ആ പേരിലുള്ള എന്തോ ഒന്ന് എന്നു വിളിച്ച, ആർ. എസ്. എസ്., ക്രിയാത്മകമായി ഒന്നും ചെയ്യാതിരിക്കുകയും എല്ലാറ്റിനെയും വിമർശിക്കുകയും ചെയ്യുന്ന ഒരു സംഘമെന്ന് ആരോ വിശേഷിപ്പിച്ചത് തികച്ചും അന്വർഥമാണെന്നു തെളിയിക്കുന്നതാണ് ഇത്തരം ഗോൾവൽക്കർവിമർശനങ്ങൾ.

"വിഭാഗീയതയിലേക്കു നയിക്കുന്ന എല്ലാ പ്രവണതകളെയും മാതൃഭൂമിയുടെ ഏകതയിലുള്ള ഉറച്ച വിശ്വാസത്തെ നിഷേധിക്കുന്ന എല്ലാ തീവ്രവികാരങ്ങളുടെയും വേരറുക്കുകയും നമ്മുടെ ദേശീയജീവിതത്തിന്റെ ഏകതയുടെ സാക്ഷാത്കാരത്തിനു വിപരീതമായ ആശയങ്ങൾ ഉളവാക്കുന്ന തരത്തിലുള്ള വാക്കുകളിൽനിന്നും പ്രവൃത്തികളിൽനിന്നും മാറിനിൽക്കുക എന്നതാണ് ഇതിനു പോംവഴി. ഈ ലക്ഷ്യം സാധിക്കുന്നതിനുവേണ്ട പ്രധാനവും ഫലപ്രദവുമായ നടപടി നമ്മുടെ രാജ്യത്തിന്റെ ഭരണഘടനയുടെ ഫെഡറൽസ്വഭാവത്തെപ്പറ്റിയുള്ള എല്ലാ പരാമർശങ്ങളും കുഴിച്ചുമൂടുകയും ഭാരതമാകുന്ന ഒരേയൊരു സ്റ്റേറ്റിനകത്ത് സ്വയംഭരണാവകാശമോ അർധസ്വയംഭരണാവകാശമോ ഉള്ള സ്റ്റേറ്റുകളുടെ അസ്തിത്വത്തെത്തന്നെ തൂത്തുവാരിക്കളയുകയും ശിഥിലീകരണത്തിന്റെയും പ്രാദേശികതയുടെയും വിഭാഗീയതയുടെയും ഭാഷാവൈവിധ്യത്തിന്റെയും അങ്ങനെ മറ്റേതുതരത്തിലുമുള്ള ശക്തികളുടെയും കണികകളെപ്പോലും നമ്മുടെ ഏകാത്മകമായ സാമഞ്ജസ്യത്തെ തകിടം മറിക്കുവാൻ അവസരം കൊടുക്കാത്ത തരത്തിൽ 'ഒറ്റ രാജ്യം, ഒറ്റ നിയമസഭ, ഒറ്റ എക്സിക്യൂട്ടീവ്' എന്നു തുറന്നു പ്രഖ്യാപിക്കുകയും ആണ്. ഈ ഏകഘടകരാജ്യം സ്ഥാപിക്കാൻവേണ്ടി ഭരണഘടന പുനഃപരിശോധിക്കുകയും പുതുക്കിയെഴുതുകയും വേണം." (പേജ് 333)

ഇത് ആർ. എസ്. എസ്. നേതാവിന്റെ അഭിപ്രായം. അടുത്ത ലോകസഭാതിരഞ്ഞെടുപ്പിൽ ആർ. എസ്. എസ്. എസ്. നിയന്ത്രിക്കുന്ന ബി. ജെ. പി. ഈ നിർദേശം പ്രകടനപത്രികയിൽ കൊണ്ടുവരട്ടെ. അതിന്റെ ഫലം

പോലെ അപ്പോൾ സ്വതന്ത്രചിന്തകരും നിയമസഭകളും പാർലിമെന്റും ചർച്ച ചെയ്യുകയും സുപ്രീംകോടതി അന്തിമതീരുമാനമെടുക്കുകയും ചെയ്യട്ടെ.

"ഇങ്ങനെ ചെയ്താൽ... ഒച്ചപ്പാടുണ്ടാക്കുന്ന ചുരുക്കം ചിലരൊഴികെ ജനതയാകമാനം ഈ നടപടിക്കു പിന്നിൽ ശക്തിയായി അണിനിരക്കുമെന്നതിൽ സംശയമേയില്ല. അങ്ങനെ ചെയ്യുന്ന ഇന്നത്തെ നേതാക്കന്മാരെ ദേശീയൈക്യദാർഢ്യത്തിന്റെ വിജയികളായ നിർമാതാക്കൾ എന്ന നിലയ്ക്ക് ഭാവിതലമുറ സ്മരിക്കുകയും ശങ്കരാചാര്യരുടെ ആധുനികാവിർഭാവമെന്ന നിലയിലോ എബ്രഹാം ലിങ്കന്റെ ഭാരതീയപ്രതിരൂപമെന്ന നിലയിലോ അവരെ ആരാധിക്കുകയും ചെയ്യും." (പേജ് 334)

ലോകസഭാതിരഞ്ഞെടുപ്പുവരെ കാത്തിരിക്കാം.

"സംഘസ്ഥാപകനായ ഡോക്ടർ ഹെഡ്ഗേവാറുടെ ആകസ്മികമായ വിയോഗത്തിനുശേഷവും സംഘം പൂർവാധികം ശക്തിയിലും വേഗത്തിലും വളർന്നു. അതിന്റെ തളരാത്ത മുന്നേറ്റം ബ്രിട്ടീഷുകാർ ഭാരതം വിട്ടതിനു ശേഷവും നിലച്ചില്ല... വെറും രാഷ്ട്രീയസ്വാതന്ത്ര്യത്തെപ്പോലുള്ള ബാഹ്യപരിതഃസ്ഥിതികൾ സമാജത്തിന്റെ സംഘടിതാവസ്ഥയുടെ ആവശ്യം ഇല്ലാതാക്കുന്നില്ല... യഥാർഥത്തിൽ സുസംഘടിതവും സുശക്തവുമായ സമാജത്തിനു മാത്രമേ സ്വതന്ത്രവും സമാധാനപൂർണവും ഐശ്വര്യപൂർണവുമായ ജീവിതത്തിന്റെ സത്ഫലങ്ങൾ അനുഭവിക്കാൻ സാധിക്കൂ. അടിമദേശത്തിന് അതിന്റെ അടിമച്ചങ്ങലകൾ വെട്ടിമാറ്റാൻ സംഘടിത ജീവിതം എത്രകണ്ട് ഫലപ്രദമായ ആയുധമാണോ അത്രതന്നെ അത് ഫലപ്രദമാണ് സ്വതന്ത്രരാഷ്ട്രത്തിന് അതിന്റെ സ്വാതന്ത്ര്യത്തെ കാത്തുരക്ഷിക്കാനും. ജാഗരൂകവും സംഘടിതവുമായ രാഷ്ട്രത്തിനുമാത്രമേ ആഭ്യന്തരമായ ജീർണതകളെയും അട്ടിമറികളെയും പുറമെനിന്നുള്ള ആക്രമണങ്ങളെയും നേരിടാനും അങ്ങനെ അതിന്റെ അഖണ്ഡതയെയും സ്വാതന്ത്ര്യത്തെയും ഭദ്രമായി നിലനിർത്താനും സാധ്യമാവൂ." (പേജ് 336–37)

ബ്രിട്ടീഷുകാർ ഭരണം വിട്ടതിൽ ആർ. എസ്. എസ്. ഒരു പങ്കും വഹിച്ചിട്ടില്ല. ഭാവാത്മകമല്ല സ്വാതന്ത്ര്യസമരം എന്നതുകൊണ്ടുതന്നെ അതിൽ പങ്കെടുത്തിട്ടുമില്ല. അങ്ങനെ രാജ്യത്തിനുവേണ്ടി എന്തെങ്കിലും ചെയ്തിട്ടല്ല വളർന്നതെന്നർഥം. എങ്കിലും കിട്ടിയ രാഷ്ട്രസ്വാതന്ത്ര്യം കാത്തുരക്ഷിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇപ്പോൾത്തന്നെ അഴിമതിയിൽ ഏഷ്യൻ രാജ്യങ്ങളിൽ ഇന്ത്യ ഒന്നാമതായിട്ടുണ്ട്. നാം യുദ്ധത്തിലൂടെ കീഴടക്കാൻ തീരുമാനിച്ച പാക്കിസ്ഥാൻ നമ്മുടെ പിറകിലാണ് – നാലാം സ്ഥാനത്ത്! അഴിമതിയും കെടുകാര്യസ്ഥതയും പ്രതിദിനവിലക്കയറ്റവും കൊണ്ട് രാഷ്ട്രീയഭേദമെന്യേ ജനങ്ങളാകെ മടുത്തു. വളർച്ച ഗംഭീരമാവുന്നുണ്ട്!

**ഹിന്ദുത്വമാഹാത്മ്യം**

"നമ്മുടെ മൂലാധാരമായിരിക്കുന്ന ഹിന്ദുത്വമാണ് പ്രതിക്രിയാത്മകതയിൽനിന്നു തികച്ചും മുക്തവും സർവാശ്ലേഷിയും പരിശുദ്ധവുമായ ഈ സ്നേഹം വളർത്തുന്നത്. സംഘത്തിലെ ഈ പാരമ്പര്യത്തിൽ വളർന്നുവന്ന നമുക്ക് ക്രിയ മാത്രമേ ഉള്ളൂ. പ്രതിക്രിയ ഇല്ല." (പേജ് 342)

ഹിന്ദുത്വത്തിൽ വിശ്വസിക്കാത്ത ഹിന്ദുക്കളിൽത്തന്നെയുള്ള സവർണരും അവർണരും ദളിതരുമായ ബഹുഭൂരിപക്ഷം പേർക്കും ലോകത്തിലെങ്ങുമുള്ള ഹിന്ദുക്കളും അഹിന്ദുക്കളുമായ മഹാഭൂരിപക്ഷത്തിനും ഇത്തരത്തിലുള്ള സ്നേഹമില്ലെന്നു ഉറപ്പിച്ചുപറയുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണ്? 'ക്രിയ മാത്രമാണ്' എന്നത് ഇന്ത്യയിൽ ആർ. എസ്. എസ്സിന്റെ വിക്രിയ കാണുകയും വാർത്തകളറിയുമ്പോഴും തോന്നുന്നുണ്ട്. പശുസംരക്ഷകരുടെയും മറ്റും ദളിതമർദനങ്ങൾ എമ്പാടുമുണ്ടല്ലോ! സുപ്രീംകോടതിവരെ താക്കീത് നൽകിയല്ലോ.

**ഹിന്ദി അടിച്ചേൽപ്പിക്കൽ**

"ഹിന്ദി അടിച്ചേല്പിക്കുന്നതിനേക്കാൾ അദ്ദേഹം (സി. രാജഗോപാലാചാരി, 1965) ദേശത്തെ വിഭജിക്കുന്നതിനെയാണ് സ്വാഗതം ചെയ്യുന്നത്." (പേജ് 346)

രാജാജി പറഞ്ഞതിലെന്താണ് തെറ്റ്? ഹിന്ദി അടിച്ചേല്പിക്കണമെന്നാണോ ആർ. എസ്. എസ്സിന്റെ ശാഠ്യം?

**ദേശീയപതാകയും മറ്റു ദേശീയചിഹ്നങ്ങളും ഒഴിവാക്കാം**

ദേശീയമായ ത്രിവർണപതാകയെയും കോൺഗ്രസ് പതാകയെയും പറ്റി പറയവേ, "അത്യന്തവൈഭവപൂർണമായ ചരിത്രത്തോടുകൂടിയ പുരാതനരാഷ്ട്രമാണ് നമ്മുടേത്. അന്നൊന്നും നമുക്ക് സ്വന്തം പതാക ഉണ്ടായിരുന്നില്ലേ? ഈ സഹസ്രാബ്ദങ്ങളത്രയും നമുക്കു ദേശീയചിഹ്നമുണ്ടായിരുന്നില്ലേ? ഉണ്ടായിരുന്നു. സംശയാതീതമായും നമുക്കുണ്ടായിരുന്നു. പിന്നെ നമ്മുടെ മനസ്സിൽ ഈ വിടവ് – ഈ ശൂന്യത – എങ്ങനെ വന്നു?" (പേജ് 350)

ദേശീയപതാകയോടുള്ള ആർ. എസ്. എസ്സിന്റെ ഈ പ്രതിബദ്ധതയില്ലായ്മയാലാവണം, സംഘത്തിന്റെ അത്യുന്നതനേതാവായ മോഹൻ ഭാഗവത് സ്വാതന്ത്ര്യദിനത്തിൽ കേരളത്തിലെ ഒരു സ്കൂളിൽ പതിവിനു വിപരീതമായി ദേശീയപതാക ഉയർത്തുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ പാലിക്കാത്തതിനെപ്പറ്റി വിവാദകോലാഹലമുണ്ടായത്.

**ഭരണഘടന ഒരു വികൃതസൃഷ്ടി**

"നമ്മുടെ ദേശീയദൗത്യത്തെക്കുറിച്ചോ നമ്മുടെ ജീവിതത്തിലെ മുഖ്യാദർശത്തെക്കുറിച്ചോ ഒരു സൂചനപോലും അതിലെ (ഭരണഘടനയിലെ) നിർദേശകതത്വങ്ങളിലെങ്ങുമില്ല. ഐക്യരാഷ്ട്രസഭയുടെയും മുൻപത്തെ സർവരാഷ്ട്രസമിതിയുടെയും പ്രമാണങ്ങളിലെ ചില മുടന്തൻ തത്വങ്ങളും അമേരിക്കയിലെയും ബ്രിട്ടനിലെയും ചില പ്രത്യേകതകളും കൂട്ടിച്ചേർത്ത വികൃതസൃഷ്ടിയാണത്." (പേജ് 350)

ദേശീയദൗത്യമെന്നതിന് ഹിന്ദുദേശീയദൗത്യമെന്നർഥം. ഇന്ത്യ ഒരു ഹിന്ദുരാഷട്രമല്ലല്ലോ. പിന്നെ എങ്ങനെയാണ് ഹിന്ദുമതത്തിലെ മതനിരപേക്ഷവാദികളും അവർണരും ദളിതരുമടങ്ങുന്ന ബഹുഭൂരിപക്ഷത്തിനും നേർക്കു വെല്ലുവിളിയുയർത്തുന്ന ഹിന്ദുത്വമെന്ന വിഭാഗീയതയുടെ ആദർശങ്ങളും തത്വങ്ങളും ഭരണഘടനയിൽ സൂചനയുണ്ടാവുക? ഇതല്ലാതെ ജനാധിപത്യമതനിരപേക്ഷമായ ഇന്ത്യയുടെ ഭരണഘടയ്ക്കെന്താണ് കുഴപ്പം?

**ആർ. എസ്. എസ്സിനു മാത്രമേ ഭാവാത്മകരാഷ്ട്രബോധം ഉണർത്താനാവൂ**

"നമുക്ക് ഭാവാത്മകമായ അടിത്തറയുണ്ടെന്ന ബോധം ഉണർത്തുകയാണത്. ദേശീയാദർശങ്ങളുടെയും അഭിലാഷങ്ങളുടെയും ചരിത്രത്തിന്റെയും പാരമ്പര്യത്തിന്റെയും മണ്ണിലേക്കു നല്ലപോലെ വേരോട്ടം വന്ന രാഷ്ട്രമാണ് നാമെന്ന ബോധം ഉണർത്തുകയാണത്. ഒഴുക്കിൽനിന്നുളവായ സ്വാർഥതയുടെയും തൊഴുത്തിൽകുത്തുകളുടെയും ആഭാസമായ അനുകരണങ്ങളുടെയും ദുർഗന്ധപൂർണമായ ജീർണതയാണിന്നത്തെ സ്ഥിതി. പ്രേമപൂർണവും ശാശ്വതവുമായ സാഹോദര്യത്തിന്റെ ആശ്ലേഷത്തിൽ നമ്മുടെ ജനതയെയാകെ കൊണ്ടുവരത്തക്കതും താന്താങ്ങളുടെ ദേശീയലക്ഷ്യങ്ങളെക്കുറിച്ച് തീവ്രതരമാംവിധം അവരെ ബോധവാന്മാരാക്കുന്നതുമായ സംഘത്തിന്റേതുപോലെ ഭാവാത്മകവും സജീവവുമായ സംഘടനയുടെ സുശക്തബന്ധത്തിനു മാത്രമേ ഈ ജീർണത പരിഹരിക്കാനാവൂ." (പേജ് 351)

ഇതൊക്കെ ഇപ്പോഴും ആർ. എസ്. എസ്. പ്രചരിപ്പിക്കുന്നുണ്ടല്ലോ. ഭരണഘടന മാറ്റാത്തിടത്തോളം അതിന്റെ തത്വങ്ങളനുസരിച്ചേ നമുക്ക് പ്രവർത്തിക്കാനാവൂ.

"സ്വാതന്ത്ര്യത്തിന്റെ തണലിൽ നീങ്ങുന്ന നമ്മുടെ രാഷ്ട്രജീവിതത്തിന്റെ ആഭ്യന്തരചരിത്രം ചുരുക്കത്തിലിതാണ്. ഈ അപായചിഹ്നം, അവഗണിക്കപ്പെടുകയാണെങ്കിൽ ചിരപുരാതനവും വൈഭവപൂർണവുമായ നമ്മുടെ സമാജത്തിന്റെ ഭാവപൂർണവും ശാശ്വതവുമായ ആധാരശിലകളിൽ ഊന്നിക്കൊണ്ട് നമ്മുടെ ജനതയെ ശുദ്ധവും പരിപാവനവും ഉദാരവും ത്യാഗത്തിന്റെയും ധീരതയുടെയും ചൈതന്യം സ്ഫുരിക്കുന്നതുമായ സംഘടിതസമാജമാക്കി വാർത്തെടുക്കുന്നതിനുമാത്രം സമർപ്പിക്കപ്പെട്ട സംഘത്തെപ്പോലുള്ള സംഘടനയെ മാത്രമേ ഈ രാഷ്ട്രത്തെ സംരക്ഷിക്കാനും പുനരുജ്ജീവിപ്പിക്കാനുംവേണ്ടി ആശ്രയിക്കാൻ നിവൃത്തിയുള്ളൂ. ഇനിയും പൂർത്തീകരിക്കപ്പെട്ടുകഴിയാത്ത ഈ കൃത്യത്തിന്റെ ആഹ്വാനമാണ് വളർന്നുവികസിച്ചുകൊണ്ടിരിക്കുന്ന രാഷ്ടീയസ്വയംസേവകസംഘത്തിനു പിന്നിലെ പ്രേരകശക്തി." (പേജ് 354)

മുൻപറഞ്ഞതുതന്നെ ഇവിടെയും പ്രസക്തം.

**ഹിന്ദുവിന്റെ വിദ്യാഭ്യാസസമ്പ്രദായം**

"എന്നാൽ ഹിന്ദുക്കളായ നമ്മൾ ഒരു പടി കൂടി മുന്നോട്ടു പോയിട്ടുണ്ട്. നമ്മെ സംബന്ധിച്ചിടത്തോളം മനുഷ്യന്റെ ആന്തരികവ്യക്തിവൈശിഷ്ട്യത്തെ പുറത്തുകൊണ്ടുവരികയും പ്രകാശിപ്പിക്കുകയുമാണ് വിദ്യാഭ്യാസത്തിന്റെ കാതൽ; ജീവിതമെന്നത് വികാരങ്ങളുടെ കെട്ട് മാത്രമല്ല. നമ്മളിൽ പരമസത്യം കുടികൊള്ളുന്നുണ്ടെന്നു നാം പറയുന്നു. പരമമായ ഈ സത്യം സാക്ഷാത്കരിക്കുകയും പ്രകാശിപ്പിക്കുകയുമാണ് നമ്മുടെ വിദ്യാഭ്യാസസമ്പ്രദായത്തിന്റെ അടിസ്ഥാനപരമായ ലക്ഷ്യം." (പേജ് 355)

ഇത് ആർ. എസ്. എസ്സിന്റെ വിദ്യാഭ്യാസലക്ഷ്യം. പരമമായ സത്യത്തിന്റെ സാക്ഷാത്കാരവും പ്രകാശനവും ഋഷികളുടെ തപസ്സിന്റെ ലക്ഷ്യമായല്ലാതെ ഒരു ജനാധിപത്യമതനിരപേക്ഷരാഷ്ട്രത്തിന്റെ ലക്ഷ്യമായി അംഗീകരിക്കപ്പെട്ടുകൂടാ. ജനാധിപത്യബോധവും മതനിരപേക്ഷതയും പരിപോഷിപ്പിക്കുന്നതാവണം ഇവിടത്തെ വിദ്യാഭ്യാസസമ്പ്രദായത്തിന്റെ അടിസ്ഥാനപരമായ ലക്ഷ്യം.

"ആരംഭത്തിൽതന്നെ വിദ്യാർഥികളിൽ യമനിയമാദികളായ പത്തു തത്വങ്ങൾ ഉറപ്പിക്കേണ്ടതുണ്ട്. അഹിംസ (ഉപദ്രവിക്കാതിരിക്കുക), സത്യം, അസ്തേയം (മറ്റൊരാളുടേത് ആഗ്രഹിക്കാതിരിക്കുക), ബ്രഹ്മചര്യം (ഇന്ദ്രിയനിഗ്രഹം), അപരിഗ്രഹം (ഒന്നും സമ്പാദിക്കാതിരിക്കുക) ഇവയഞ്ചുമാണ് യമങ്ങൾ. ശൗചം (ശുദ്ധി), സന്തോ

ഷം (തൃപ്തി), തപസ്സ്, സ്വാധ്യായം (ആധ്യാത്മികപഠനം), ഈശ്വരപ്രണിധാനം (അവനവന്റെ കർമങ്ങളെ ഈശ്വരനായി സമർപ്പിക്കുക) എന്നിവയഞ്ചും നിയമങ്ങളാണ്. വാസ്തവത്തിൽ ബൈബിളിലുള്ള പത്തു കല്പനകൾ അഞ്ചു യമങ്ങളും അഞ്ചു നിയമങ്ങളും തന്നെയാണ്. ഒരു സ്കൂളിലെ അല്പം ചില വിദ്യാർഥികളെങ്കിലും യമനിയമങ്ങളുടെ ഭാവമുൾക്കൊള്ളുകയാണെങ്കിൽ അവർക്ക് അവിടെ ആരോഗ്യകരമായ അന്തരീക്ഷം സൃഷ്ടിക്കുവാനും കാലക്രമേണ മറ്റുള്ളവരെ ഈ വഴിക്കു കൊണ്ടുവരാനും സാധിക്കും." (പേജ് 356)

തുടക്കത്തിൽത്തന്നെ വിദ്യാർഥികളെ യമനിയമങ്ങൾ ഉറപ്പിക്കാൻ ശ്രമിച്ചാൽ അവർ വിദ്യാഭ്യാസം വിടാൻ വലിയതാമസം വേണ്ടിവരില്ല. ആധ്യാത്മികപഠനവും സ്വന്തം കർമങ്ങളെ ഈശ്വരനു സമർപ്പിക്കലുമൊക്കെ ഒരു മതനിരപേക്ഷരാഷ്ട്രത്തിൽ നിർബന്ധമായി പഠിപ്പിക്കേണ്ടതുണ്ടോ? ബൈബിളിലെ പത്തു കല്പനകൾ *പാതഞ്ജലയോഗദർശന*ത്തിലെ യമനിയമങ്ങൾതന്നെയാണെങ്കിൽ പതഞ്ലി ക്രിസതുവിനോട് കടപ്പെട്ടിട്ടുണ്ടെന്നു കല്പിക്കുകയല്ലേ യുക്തം? ഏതായാലും ഹിന്ദുക്കളുടെയും ക്രിസ്ത്യാനികളുടെയും മൈത്രി സൃഷ്ടിക്കാൻ ഈ അഭിന്നകല്പന ഉതകുമെങ്കിൽ അത് സന്തോഷാവഹംതന്നെ. ചുഴിഞ്ഞുനോക്കിയാൽ *ഖുറാ*നിലും യമനിയമങ്ങൾ ഉണ്ടോ എന്നു പരിശോധിക്കാവുന്നതാണ്. എങ്കിൽ മൂന്നു മതങ്ങളുടെയും മൈത്രി ഊട്ടിവളർത്താം! നല്ലകാര്യംതന്നെ. പക്ഷേ, ഇതൊക്കെ പറഞ്ഞത് വിദ്യാർഥികളെ നന്നാക്കാനാണെങ്കിലും, *കാലക്രമേണ മറ്റുള്ളവരെ ഈ വഴിക്കു കൊണ്ടുവരാനും സാധിക്കും* എന്ന മോഹം ആർ. എസ്. എസ്. ഉപേക്ഷിക്കുന്നതാണ് നല്ലത്. ഇതേ കാരണങ്ങളാൽ ഹിന്ദുത്വം കൈവിട്ട് തങ്ങളിൽ ലയിക്കുകയാണ് നല്ലതെന്ന് അവരും പറയുകയില്ലെന്ന് ഉറപ്പൊന്നുമില്ലല്ലോ!

**ഹിന്ദുരാഷ്ട്രവാദം**

"ദേശീയതയുടെ ഉറച്ച അടിസ്ഥാനമില്ലാതെ മനുഷ്യരാശിയെപ്പറ്റിയും സാർവദേശീയതയെപ്പറ്റിയുമെല്ലാം സംസാരിക്കുന്നത് രണ്ടറ്റവും നഷ്ടപ്പെടുത്തുകയേയുള്ളൂ. നമ്മുടെ ദേശീയചിന്തയെയും പാരമ്പര്യത്തെയും സംബന്ധിച്ചാണെങ്കിൽ അത് അതിന്റെ പരിധിക്കുള്ളിൽ മനുഷ്യരാശിയുടെ മുഴുവൻ നന്മയും ഉൾക്കൊള്ളുന്നുണ്ട്. അതിനാൽ ഏറ്റവും തീവ്രതരമായ ഭാഷയിൽ നമ്മുടെ രാഷ്ട്രവാദമുപദേശിച്ചാലും മനുഷ്യനന്മയുടെ ഉന്നതാദർശങ്ങളിൽനിന്ന് ബാലമനസ്സുകളെ ഒട്ടുംതന്നെ അത് തെറ്റിക്കുന്നില്ല. നേരെമറിച്ച് അത് ആ മാനുഷികമൂല്യങ്ങളെ ശക്തിപ്പെടുത്തുകയേ ഉള്ളൂ." (പേജ് 363)

ഹിന്ദുരാഷ്ട്രവാദം ആളുകളെ, വിശേഷിച്ച് കുട്ടികളെ, വഴി തെറ്റിക്കുമെന്ന് ഗോൾവൽക്കർക്കു തോന്നിയോ? അന്തിക്കൂട്ടായ്മയിൽ ആരെങ്കിലും ഉന്നയിച്ചിട്ടുണ്ടാകും.

"ഞാൻ ഹിന്ദുവാണ് എന്ന് ഉച്ചത്തിൽ പ്രഖ്യാപിക്കുവാൻ അദ്ദേഹം (സ്വാമി വിവേകാനന്ദൻ) നമ്മെ ഉദ്ബോധിപ്പിച്ചിട്ടുണ്ട്. മഹായോഗി അരവിന്ദൻ സനാതനധർമമാണ് ഹിന്ദുരാഷ്ട്രത്തിന്റെ കാതലെന്നു പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് നാം ഹിന്ദുക്കളാണെന്നു സ്വയം വിളിക്കുന്നതിലുള്ള നമ്മുടെ വൈമുഖ്യം ഈ മഹാന്മാരായ ഋഷിമാരുടെയും ചിന്തകന്മാരുടെയും ഉപദേശത്തിന് വിപരീതമാണെന്നു കാണാൻ കഴിയും." (പേജ് 364)

ഹിന്ദുവാണെന്നു സ്വയം പ്രഖ്യാപിക്കുന്നതിൽ നമ്മിൽ ചിലർക്കുള്ള വൈമുഖ്യം ഇല്ലാതാക്കുന്നതിനുവേണ്ടി താൻ ഹിന്ദുവാണെന്നു പറഞ്ഞിട്ടുണ്ട്. അപ്പോൾ രണ്ടു സംശയങ്ങൾ: താൻ സോഷ്യലിസ്റ്റാണെന്ന് വിവേകാനന്ദൻ പ്രഖ്യാപിച്ചിട്ടുണ്ടല്ലോ. സോഷ്യലിസവും ഹിന്ദുത്വവും ഒത്തുപോകില്ലെന്നു ഗോൾവൽക്കറിയാമല്ലോ. പോണ്ടിച്ചേരിയിലെ മാതാജി, അരവിന്ദാശ്രമത്തെ ഹിന്ദു എന്ന പേരുമായി ബന്ധപ്പെടുത്തുന്നതിന് എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ടെന്ന് ഗോൾവൽക്കർ *വിചാരധാര*യിൽതന്നെ പ്രസ്താവിക്കുകയും ചെയ്തിട്ടുണ്ട്. ഈ രണ്ടു മഹാന്മാരും ആർ. എസ്. എസ്സുകാരല്ലെന്നു വ്യക്തവുമാണ്.

അയ്യായിരം വർഷത്തെ മഹനീയപാരമ്പര്യം നമുക്കുണ്ടെന്നു ബംഗ്ളാദേശ് യുദ്ധകാലത്ത് പ്രധാനമന്ത്രി പറഞ്ഞതിനെപ്പറ്റി "ഇത്രയും വർഷക്കാലമായി ആർ. എസ്. എസ്. പ്രചരിപ്പിച്ചിരുന്ന വികാരങ്ങളെ അതിലെ ഒരംഗമെന്നു തോന്നത്തക്കവിധത്തിൽ വാഗ്രൂപേണ പ്രകാശിപ്പിച്ചതിൽ ഞാൻ പ്രത്യേകിച്ചും സന്തുഷ്ടനാണ്" (പേജ് 372)

ഇന്ദിരാഗാന്ധിയെ അപ്പോൾത്തന്നെ പിടിച്ച് ആർ. എസ്. എസ്സിൽ ചേർക്കാൻ ഒരു പ്രചാരക്കിനും തോന്നിയില്ലല്ലോ!

"നാം ലോകത്തെ ശരിക്കു പഠിക്കുകയാണെങ്കിൽ ഏറ്റവും ലളിതമായ നിഗമനത്തിൽ എത്തിച്ചേരും. നമ്മുടെ സ്വതന്ത്രവും ഐശ്വര്യപൂർണവുമായ രാഷ്ട്രജീവിതത്തിനടിസ്ഥാനം അജയ്യമായ ദേശീയശക്തി – ആക്രാമികശക്തികളുടെ ഹൃദയത്തിൽ ഭീതി ജനിപ്പിക്കുന്നതും മറ്റു രാഷ്ട്രങ്ങൾക്ക് നമ്മുടെ സൗഹൃദം തേടാൻ തോന്നിപ്പിക്കുന്നതുമായ ദേശീയശക്തി – ആണെന്നതാണ് ആ നിഗമനം. ദേശീയജീവിതത്തിന്റെ മൃതസഞ്ജീവനിയാണീ ശക്തി." (പേജ് 382)

ഹിന്ദുശക്തി എന്ന ഈ മൃതസഞ്ജീവനിയില്ലെങ്കിൽ മറ്റുള്ളവരിൽ ഭീതി പരത്തുമാറ് ബുദ്ധിജീവികളെയും ചിന്തകരെയും, എന്തിനേറെ? ആരൊക്കെ സംഘത്തിന്നെതിരാണോ അവരെ മുഴുക്കെ കൊടുവാളിനും വെടിയുണ്ടയ്ക്കുമിരയാക്കാൻ നമുക്കു സാധിക്കുമോ? കലബുർഗി, ഗോവിന്ദ് പൻസാരെ... ഏറ്റവുമൊടുവിൽ ലോക

പ്രസിദ്ധകന്നഡപത്രപ്രവർത്തക ഗൗരി ലങ്കേഷ് വരെ നമ്മുടെ ശക്തിക്കുമുമ്പിൽ – അജയ്യശക്തമായ വെടികൾക്കുമുമ്പിൽ – സ്വന്തം വീട്ടിൽ കൊല്ലപ്പെട്ടുവീണു. പ്രധാനമന്ത്രി മോദി കൊല നടന്നു ദിവസങ്ങൾ കഴിഞ്ഞിട്ടും വിവരമറിഞ്ഞില്ലെന്നു തോന്നുന്നു. ഇനി കൊടതി പറയണമായിരിക്കും അദ്ദേഹത്തിന്റെ അനുശോചനം വരാൻ! തന്റെ പാർട്ടിക്കാർ തന്നെയണ് വെടി വെച്ചതെന്ന് മുൻമന്ത്രിയായ ബി. ജെ. പി. മന്ത്രിതന്നെ വ്യക്തമാക്കിയിട്ടുണ്ട്. കൊലയ്ക്കു കാരണം കുടുംബവഴക്കാണെന്നും വെടി വെച്ചത് മാവോവാദികളാണെന്നുമൊക്കെ ആദ്യം സംഘപരിവാർ ഊഹാപോഹങ്ങൾ പ്രചരിപ്പിച്ചുവെങ്കിലും അതിനൊക്കെ വിരാമമിട്ടത് ഈ ബി. ജെ. പി. നേതാവുതന്നെ.

**ബലമാണ് ധർമം ദൗർബല്യം പാപവും**

ലോകം ശക്തിയെ ആരാധിക്കുന്നു, ബലമാണ് ധർമം ദൗർബല്യം പാപവും മുതലായ തലവാചകങ്ങൾ (പേജ് 393, 394) *വിചാരധാര*യുടെ ഈ ശക്തിസ്തുതിയുടെ തുടർച്ചതന്നെ.

**ചീനയുടെ വികസനമോഹവും കമ്യൂണിസവും**

"ചീനയുടെ സഹജമായ വികസനമോഹത്തോട് ലഹരി പിടിപ്പിക്കുന്ന കമ്യൂണിസ്റ്റ് ആശയവും ഇന്ന് കൂടിച്ചേർന്നിരിക്കുന്നു. കമ്യൂണിസമാകട്ടെ അങ്ങേയറ്റം അക്രമപരവും വികസനമോഹം നിറഞ്ഞതും സാമ്രാജ്യത്വപരവുമായ തത്വസംഹിതയാണ്. അങ്ങനെ നോക്കിയാൽ കമ്യൂണിസ്റ്റ് ചീനയെന്നത് ആക്രമണോത്സുകമായ രണ്ടു പ്രവണതകളുടെ വിസ്ഫോടകമായ സംയോജനമാണ്... ഇന്നു ചീന മുഴുക്കെ സായുധപട്ടളത്താവളമാണെന്ന വസ്തുത നാം മറക്കരുത്. പ്രായപൂർത്തിയെത്തിയ ഓരോ ആളും പട്ടാളപരിശീലനം ലഭിച്ചവനാണ്. ആധുനികായുധങ്ങളെ സംബന്ധിച്ചിടത്തോളം നമ്മേക്കാൾ അല്പംകൂടി മെച്ചപ്പെട്ട ശക്തിയാണത്. കഴിഞ്ഞ കുറേ ദശാബ്ദങ്ങളായി തുടർച്ചയായി നടന്ന രക്തപങ്കിലമായ സമരങ്ങളുടെ അന്തരീക്ഷത്തിൽ പിറക്കുകയും വളരുകയും ചെയ്തവരാണവിടത്തെ നേതാക്കന്മാരെല്ലാം. നേരായ മാർഗത്തിലൂടെ, തികഞ്ഞ ആത്മർഥതയോടെ നാം നമ്മുടെ പ്രയത്നങ്ങൾ ഊർജിതമാക്കുമെങ്കിൽ നമുക്കീ പ്രാതികൂല്യങ്ങളെല്ലാം തരണം ചെയ്യാവുന്നതേയുള്ളൂ." (പേജ് 422–424)

ചീന വികസനമോഹിയാണെന്നു പറഞ്ഞാലല്ലേ ആ രാജ്യത്തെ കടന്നാക്രമിക്കാൻ പറ്റൂ! മാത്രവുമല്ല, ആർ. എസ്. എസ്. നേതാവിന്റെ മുഖ്യശത്രുവായ കമ്യൂണിസമാണവിടെ. ഇവിടെയും സോഷ്യലിസം എന്ന അർഥത്തിലാണ് കമ്യൂണിസം പ്രയോഗിച്ചിരിക്കുന്നത്. ചീനയെ തൊട്ടുകളിച്ചാൽ അപകടമാണെന്ന് ഗോൾവൽക്കർക്കറിയാം. (അതുകൊണ്ടാണ് ഗോൾവൽക്കറുടെ അനുയായിയായ മോദി ആ രാജ്യവുമായി ചർച്ചയ്ക്കു തയ്യാറായത്. കേരളത്തിലെ ടൂറിസ്റ്റ് മന്ത്രിയായ കടകമ്പള്ളി സുരേന്ദ്രനെ ടൂറിസവികസനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യാനുള്ള സമ്മേളനത്തിൽ പങ്കെടുക്കാൻ പോകുന്നതിന് അനുമതി നിഷേധിക്കാൻ ഇന്ത്യാ–ചീനാതർക്കപ്രശ്നം കാരണമാക്കുകയും ചെയ്തു. കടകമ്പള്ളി ബി. ജെ. പി. അല്ലല്ലോ!). എങ്കിലും ഫാസിസ്റ്റുസഹജമായ അമിതാത്മവിശ്വാസം വിടുന്നില്ല: ഒന്നുകൂടി കച്ച മുറുക്കിയാൽ ചീനയെ കീഴടക്കാവുന്നതേയുള്ളൂ എന്നാണ് ഗോൾവൽക്കറുടെ അഭിപ്രായം!

**ചെലവ് ചുരുക്കൽ – യൂനിറ്ററി ഗവണ്മെന്റ് മതി**

"അടിയന്തരാവസ്ഥ പ്രഖ്യാപിച്ചുകഴിഞ്ഞ സ്ഥിതിക്ക് തത്കാലത്തേക്ക് എല്ലാ സംസ്ഥാനനിയമസഭകളും പിരിച്ചുവിടാമായിരുന്നു. ഈ നടപടികൊണ്ട് വർഷത്തിൽ കോടിക്കണക്കിനു രൂപ ലാഭമുണ്ടാക്കുവാൻ സാധിക്കുമായിരുന്നു. കേന്ദ്രത്തിൽ തിരഞ്ഞെടുക്കപ്പെട്ട പാർലമെന്റ് മാത്രമായിരുന്നാലും ജനാധിപത്യത്തിന്റെ ആവശ്യങ്ങൾ അത് നിർവഹിച്ചുകൊള്ളും." (പേജ് 428)

ചെലവു ചുരുക്കുന്നതിന് ആർ. എസ്. എസ്. നേതാവിന്റെ ഉപദേശം അദ്ദേഹത്തിന്റെ സൃഗാലതന്ത്രം വ്യക്തമാക്കുന്നുണ്ട്: ചുളുവിൽ തങ്ങൾക്ക് ചതുർഥിയായ ഫെഡറലിസത്തെ പൊളിച്ചടുക്കാം! ജനാധിപത്യത്തിലുള്ള വിശ്വാസനാട്യം സംരക്ഷിക്കുകയും ചെയ്യാം!

**ചെലവ് ചുരുക്കൽ – മദ്യനിരോധം എടുത്തുകളയുക**

"മദ്യനിരോധം എടുത്തുകളയുക എന്നതാണ് രണ്ടാമത്തെ നടപടി. മദ്യത്തിന്റെ ദൂഷ്യവശങ്ങളെ ചെറുതാക്കിക്കാണിക്കാനല്ല ഇതു പറയുന്നത്. ഒരിക്കലും അങ്ങനെയല്ല. അതിൽ രണ്ടഭിപ്രായത്തിനിടമില്ല. എന്നാൽ ഇന്നത്തെ മദ്യനിരോധനനയത്തിന്റെ ഫലമായി ഇതുവരെ നാട്ടിലില്ലാതിരുന്ന അപകടം നിറഞ്ഞ അനേകം സാമൂഹ്യദൂഷ്യങ്ങൾ വളർന്നുവന്നിരിക്കുന്നു. മദ്യസേവ സ്വഭാവമായിക്കഴിഞ്ഞവർക്ക് ഏതായാലും മദ്യം ലഭിക്കുന്നുണ്ട്. പക്ഷേ, നിയമവിരുദ്ധമായ മാർഗങ്ങളിൽക്കൂടിയാണെന്നുമാത്രം. ഈ നിയമവിരുദ്ധവ്യവസായം തൊഴിലാക്കിയവരും 'മദ്യനിരോധം' തുടരുന്നതുകൊണ്ട് ലാഭമുണ്ടാക്കുന്ന അഴിമതിക്കാരായ ഒരു പറ്റം ഉദ്യോഗസ്ഥന്മാരും സമുദായത്തിൽ വളർന്നുകഴിഞ്ഞിട്ടുണ്ട്. ഈ സ്ഥാപിതതാത്പര്യക്കാരാണ് യഥാർഥത്തിൽ മദ്യനിരോധം തുടർന്നുപോകണമെന്നാഗ്രഹിക്കുന്നത്." (പേജ് 428)

കേരളത്തിലെ ആർ. എസ്. എസ്സുകാർ *വിചാരധാര*യിലെ ഈ ഭാഗമെങ്കിലും വായിക്കേണ്ടതാണ്. പിണറായി ഗവണ്മെന്റിന്റെ മദ്യനയം സംസ്ഥാനത്തെ മുഴുവൻ മദ്യത്തിൽ മുക്കിക്കളഞ്ഞുവെന്നാണ് അവരുടെ സ്ഥിരം പല്ലവി! മദ്യപാനശീലമില്ലാത്തവരെ മദ്യം കുടിക്കാൻ ഇവിടെ ആരെയും നിർബന്ധിക്കുന്നില്ല. മദ്യവർജനമാണ് സർക്കാർനയം. മദ്യത്തിന്നടിപ്പെട്ടുപോയവരെ ആ ശീലത്തിൽനിന്നു മുക്തരാക്കാനുള്ള പദ്ധതികളുമുണ്ട്.

**ചീനാച്ചാരന്മാർ**

“നാട്ടിനകത്തുതന്നെയുള്ള ഭീഷണിയെക്കുറിച്ച് നാം അതീവജാഗ്രത പുലർത്തേണ്ടതുണ്ട്. നമ്മുടെയിടയിൽത്തന്നെ ധാരാളം ആളുകൾ ചീനയുടെ ആക്രമണത്തെ സ്വാഗതം ചെയ്യുന്നവരായുണ്ട് എന്നു നമുക്കറിയാം. അവരെ സംബന്ധിച്ചിടത്തോളം ചീനക്കാർ അവരുടെ പുണ്യവാളന്മാരും ചീനപ്പട്ടാളം അവർക്കു വിമോചന സേനയും ആകുന്നു. അവരിൽ ചില ഉന്നതനേതാക്കൾ ശരിയായ അക്രമി ചീനയല്ല, ഭാരതമാണ് എന്നു തുറന്നു പ്രഖ്യാപിക്കുകകൂടി ചെയ്തു.” (പേജ് 432)

മാർക്സിസ്റ്റുപാർട്ടിയുടെ നേർക്കാണ് ഈ ഒളിയമ്പ്! ലോകകമ്യൂണിസ്റ്റുനേതാവായ ഇ. എം. എസ്സിനെ ഉദ്ദേശിച്ചാണ് ഈ വക്രീകരണം. ചീനയുമായി യുദ്ധമല്ല, ചർച്ചയാണ് വേണ്ടത് എന്ന അർഥത്തിൽ നാം നമ്മുടേതെന്നും അവർ അവരുടേതെന്നും എന്നു പറയുന്ന സ്ഥലം എന്ന അദ്ദേഹത്തിന്റെ പ്രയോഗമാണ് ഉദ്ദിഷ്ടം. അതിന്റെ പേരിൽ എത്ര നേതാക്കളെയാണ് തടവിലാക്കിയത് (ആ സഖാക്കൾ ജയിലിൽ വെച്ചാണ് തിരഞ്ഞെപ്പിനെ നേരിട്ടത്. അവരിൽ പലരും നല്ല ഭൂരിപക്ഷത്തോടെ ജയിക്കുകയും ചെയ്തു.)

**കമ്യൂണിസ്റ്റുപാർട്ടിയിലെ പിളർപ്പ്  ഒരടവ്**

“കമ്യൂണിസ്റ്റുകാർ അസമിൽ അട്ടിമറിപ്രവർത്തനത്തിനു മുതിർന്നുവെന്നു റിപ്പോർട്ടുണ്ട്. നാട്ടിന്റെ മറ്റു ഭാഗങ്ങളിലും അവർ അതാവർത്തിച്ചെന്നു വരാം... കീരിയും പാമ്പും പോലെ തമ്മിലെതിർക്കുന്ന മോസ്കോ ചേരിക്കാരും ബീജിങ് ചേരിക്കാരുമെന്നിങ്ങനെ രണ്ടായി കമ്യൂണിസ്റ്റുപാരട്ടി പിളർന്നുവെന്നു പറയുന്നു. (ശ്രദ്ധിക്കൂ, ഭാരതചേരി ഇല്ലതന്നെ!) കമ്യൂണിസ്റ്റടവിനെക്കുറിച്ച് തെല്ലെങ്കിലുമറിയുന്നവർ ഈ പൊള്ളത്തരം വിശ്വസിക്കുകയില്ല. നാട്ടുകാരുടെ കണ്ണിൽ പൊടിയിടാൻ മാത്രമാണ് ഈ പിളർപ്പ്. ശരിയായ പദ്ധതി മറ്റൊന്നാണ്.” (പേജ് 433)

അസമിൽ കമ്യൂണിസ്റ്റുകാർ അത്ര വലിയൊരു ശക്തിയാണോ? ഇന്ത്യയിലാകെയും അങ്ങനെയാണോ? ഭാരതചേരിയെന്നൊന്നില്ലപോലും! ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടി എന്ന പേര് ഗോൾവൽക്കർ കേട്ടിട്ടുണ്ടാകും. ദേശാഭിമാനം ആർ. എസ്. എസ്സിന്റെ കുത്തകയാണെന്നാണല്ലോ വെപ്പ്!

“ഒരു ചേരി പ്രധാനമന്ത്രിയെയും അദ്ദേഹത്തിന്റെ നയങ്ങളെയും പൊക്കിപ്പിടിക്കുക. ആ മറയ്ക്കു പിന്നിൽ മറുചേരി ആയുധശേഖരണം നടത്തി ഒളിപ്പോരഭ്യസിച്ച് ഏതാനും മാസങ്ങൾക്കകം നാടൊട്ടുക്ക്, വിശേഷിച്ച് അസമിലും ബംഗാളിലും കലാപത്തിനു കളമൊരുക്കുക. തുടർന്ന് ചീനയ്ക്കടിച്ചുകയറാൻ വഴി എളുപ്പമാക്കുക – ഇതാണ് പദ്ധതി. ഇത് ശരിക്കും നടന്നുകൊണ്ടിരിക്കുന്നുണ്ട്. ഒളിപ്പോരിനു പരിശീലനം നൽകിപ്പോരുന്നുമുണ്ട്.” (പേജ് 433)

വായിൽതോന്നിയത് കോതയ്ക്ക് പാട്ട്! സ്വാതന്ത്ര്യസമരത്തെ ഒറ്റുകൊടുത്ത് ഇന്ത്യയെ ഹിറ്റ്ലർക്ക് അടിമപ്പെടുത്താൻ ശ്രമിച്ചവർക്ക് മറ്റുള്ളവർ അതുപോലെയാണെന്നു തോന്നും! ഗോൾവൽക്കറാണ് ഈ പദ്ധതി ആവിഷ്കരിച്ചതെന്ന സംശയം തോന്നും ഈ വിശദാംശങ്ങളൊക്കെ പറയുന്നതു കേട്ടാൽ

“ഇത്തരം വിധ്വംസകശക്തികളെ നേരിടുമ്പോൾ മാർഗദർശകമായ തത്വം അവരെ ശത്രുക്കളെപ്പോലെതന്നെ വീക്ഷിക്കണം. ദാക്ഷിണ്യമില്ലാതെ ഉരുക്കുകൈകൾകൊണ്ടടിച്ച് ഒതുക്കുകയും വേണം എന്നതാണ്.” (പേജ് 436)

ഇതുതന്നെയാണ് ഗോൾവൽക്കറുടെ അനുയായിശ്രേഷ്ഠനായ മോദിയുടെയും അഭിപ്രായം. അതുകൊണ്ടാണല്ലോ ഇന്ത്യ ചീനയെയും പാക്കിസ്ഥാനെയും അക്രമകാരികളായി തുടരെത്തുടരെ ചിത്രീകരിക്കുന്നത്.

**ചീനയ്ക്കെതിരെ ഇന്ത്യയും പാക്കിസ്ഥാനും യോജിക്കുക**

“ഒരൊറ്റ അടിസ്ഥാനത്തിലേ അവരോട് (പാക്കിസ്ഥാനോട്) സംഭാഷണമുണ്ടാകാവൂ. അതിതാണ്: നാമവരോട് പറയണം: ‘ഭാരതത്തിന്റെയും പാക്കിസ്ഥാന്റെയും പൊതുശത്രുവാണ് ചീന. ചീന വിജയിക്കുകയാണെങ്കിൽ നാം രണ്ടു കൂട്ടരും അവശേഷിക്കുകയില്ല. അതുകൊണ്ട് ശക്തനായ ഈ പൊതുശത്രുവിനെ നേരിടാൻ നാം തോളോടുതോൾ ചേർന്നു നിൽക്കണം.’ അല്ലാതെ അവരെ പ്രീണിപ്പിക്കുന്നതു തുടർന്നാൽ അതിനൊരറുതിയും കാണുകയില്ല.” (പേജ് 438)

ഈയിടെ ചീനയിൽ പോയപ്പോൾ ഈ ഉപദേശമനുസരിച്ചുതന്നെയാണ് മോദി ചർച്ചിച്ചിട്ടുണ്ടാവുക!

“ഇത്തരം വിധ്വംസകശക്തികളെ നേരിടുമ്പോൾ മാർഗദർശകമായ തത്വം അവരെ ശത്രുക്കളെപ്പോലെതന്നെ വീക്ഷിക്കണം. ദാക്ഷിണ്യമില്ലാതെ ഉരുക്കുകൈകൾകൊണ്ടടിച്ച് ഒതുക്കുകയും വേണം എന്നതാണ്.” (പേജ് 436)

ഇതുതന്നെയാണ് ഗോൾവൽക്കറുടെ അനുയായിശ്രേഷ്ഠനായ മോദിയുടെയും അഭിപ്രായം. അതുകൊണ്ടാണല്ലോ ഇന്ത്യ ചീനയെയും പാക്കിസ്ഥാനെയും അക്രമകാരികളായി തുടരെത്തുടരെ ചിത്രീകരിക്കുന്നത്.

**ചീനയ്ക്കെതിരെ ഇന്ത്യയും പാക്കിസ്ഥാനും യോജിക്കുക**

“ഒരൊറ്റ അടിസ്ഥാനത്തിലേ അവരോട് (പാക്കിസ്ഥാനോട്) സംഭാഷണമുണ്ടാകാവൂ. അതിതാണ്: നാമവരോട് പറയണം: ‘ഭാരതത്തിന്റെയും പാക്കിസ്ഥാന്റെയും പൊതുശത്രുവാണ് ചീന. ചീന വിജയിക്കുകയാണെങ്കിൽ നാം രണ്ടു കൂട്ടരും അവശേഷിക്കുകയില്ല. അതുകൊണ്ട് ശക്തനായ ഈ പൊതുശത്രുവിനെ നേരിടാൻ നാം തോളോടുതോൾ ചേർന്നു നിൽക്കണം.’ അല്ലാതെ അവരെ പ്രീണിപ്പിക്കുന്നതു തുടർന്നാൽ അതിനൊരറുതിയും കാണുകയില്ല.” (പേജ് 438)

ഈയിടെ ചീനയിൽ പോയപ്പോൾ ഈ ഉപദേശമനുസരിച്ചുതന്നെയാണ് മോദി ചർച്ചിച്ചിട്ടുണ്ടാവുക!

**ഇന്ത്യയുടേത് ചേരിചേരാനയമല്ല**

“ചേരിചേരാനയത്തിനു യഥാർഥത്തിൽ യാതൊരു ദൂഷ്യവുമില്ല. മറിച്ച്, നമ്മുടെ കുറ്റം നാം തികച്ചും ചേരിചേരാത്തവരായിരുന്നില്ല എന്നായിരുന്നു. കമ്യൂണിസ്റ്റു ചേരിയോട് ചായ്‌വ് നമുക്കുണ്ടായിരുന്നു.” (പേജ് 436)

അതാ പറഞ്ഞത്: നെഹ്റുവിന് ചേരിചേരാനയത്തിന്റെ ശരിയർഥം അറിഞ്ഞുകൂടാ! അദ്ദേഹം കമ്യൂണിസ്റ്റുചേരിയോടു ചായ്‌വുള്ളവനായിരുന്നു!

**യുദ്ധഭ്രാന്ത് – ആയുധശേഖരണം**

“ആയുധങ്ങൾ എവിടെനിന്നെല്ലാം കിട്ടുമോ അവിടെനിന്നെല്ലാം നാം ശേഖരിക്കണം.” (പേജ് 439)

ആയുധശേഖരണം മുറയ്ക്കു നടക്കണം. ആയുധം അമേരിക്കയിൽനിന്നോ ഇസ്രായേലിൽനിന്നോ പാക്കിസ്ഥാ

തിബത്തിനുവേണ്ടിയുള്ള ആർ. എസ്. എസ്. നേതാവിന്റെ ഈ വാദത്തെ ചാരപ്രവർത്തനമായി ആരും ധരിക്കുകയുല്ലെന്നു കരുതാം.

**ചീനയുമായി യുദ്ധം**

“നമ്മുടെ ഈ ആഭ്യന്തരവിഭവങ്ങളെയാകെ സമാഹരിക്കാനും അകത്തുള്ള എല്ലാ ശത്രുശക്തികളെയും ഇല്ലായ്മ ചെയ്യാനും ശത്രുവിന്റെ പൂർണവിനാശംവരെ യുദ്ധം ചെയ്യാനും ഈ മഞ്ഞവ്യാളിയെ ഭൂമുഖത്തുനിന്നു നീക്കംചെയ്യാനും നമുക്കു ശക്തിയുടെ മഹത്തും അക്ഷയവുമായ യാതൊരു ഭണ്ഡാരം നിർമിക്കേണ്ടതുണ്ടോ അതു സമാജത്തിന്റെ വിശുദ്ധമായ ദേശീയചാരിത്ര്യമാണ്. അതില്ലെങ്കിൽ വെളിയിൽനിന്നു കിട്ടുന്ന ഏതു സഹായവും ഉപകരണവും വ്യർഥമാവുകയേ ഉള്ളൂ.” (പേജ് 442)

ഇന്ത്യാ–ചീനാചർച്ചയിൽ മോദി ഈ മഞ്ഞവ്യാളിമൃത്യുഞ്ജയഹോമത്തെപ്പറ്റി സൂചിപ്പിച്ചിട്ടുണ്ടാവുമെന്നു വിചാരിക്കാം. ഇല്ലെങ്കിൽ ആർ. എസ്. എസ്. ഉടനെ ആയതു ചെയ്യണം.

**ഇന്ത്യയ്ക്കെതിരെ ചീനയെ സഹായിക്കാൻ അമേരിക്ക**

“ചീനയിൽ ജനാധിപത്യശക്തികൾ പരാജയപ്പെടുകയും കമ്യൂണിസ്റ്റുകലാപകാരികൾ വിജയിക്കുകയും ചെയ്തുവല്ലോ. എന്നാൽ ആ സംഭവത്തിലെ നിർണായകഘടകം ജനാധിപത്യശക്തികൾക്കിടയിലെ ‘ചാരിത്ര്യരാഹിത്യ’(കാരക്ടർലെസ്നെസ്)മായിരുന്നു എന്ന് നമുക്കറിയാം. ആ ജനാധിപത്യത്തെ സംരക്ഷിക്കാൻ അമേരിക്ക ആവുന്നതൊക്കെ ചെയ്തുനോക്കി. ജനാധിപത്യശക്തികൾക്ക് കഴിവേകുന്നതിനുവേണ്ടി അമേരിക്ക കോടിക്കണക്കിനു ഡോളർ നൽകി; അത്യാധുനികങ്ങളായ പടക്കോപ്പുകളും വെടിക്കോപ്പുകളും കണക്കില്ലാതെ നൽകി. എന്നിട്ടെന്തുണ്ടായി? ദേശീയചീനയുടെ ഉയർന്ന സൈനികോദ്യോഗസ്ഥന്മാർ പോലും തുച്ഛമായ നാണ്യത്തുട്ടുകൾക്കുവേണ്ടി തങ്ങൾക്കധീനമായ അമേരിക്കൻ ആയുധങ്ങൾ കമ്യൂണിസ്റ്റുകലാപകാരികൾക്കു വിറ്റു. അതുകൊണ്ട് അവർ ഏറ്റവും സജ്ജീകൃതരായി. ദേശീയചീനാസൈന്യം പരാജയപ്പെടുകയും ചെയ്തു.” (പേജ് 442)

വിജയിച്ച ജനകീയവിമോചനസമരം വിപ്ലവവും പരാജയപ്പെട്ടത് കലാപവുമെന്നാണ് സാധാരണ പറയാറ്! ആനലയ്ക്ക് ഗോൾവൽക്കറുടെ കലാപപ്രയോഗം ചീനാവിപ്ലവത്തെ അപമാനിക്കാൻതന്നെയാവാം. പക്ഷേ,

ആർ. എസ്. എസ്. നേതാവ് അപമാനിച്ചതുകൊണ്ട് ചീനാവിപ്ലവം വിപ്ലവമാവാതിരിക്കില്ലല്ലോ! വിപ്ലവാനന്തര ചീന ലോകത്തിലെ വൻശക്തിയായതും അദ്ദേഹം അംഗീകരിക്കില്ലായിരിക്കും! പക്ഷേ, ആ 'സംഭവ'ത്തിലെ ജനാധിപത്യശക്തികൾക്ക് 'കാരക്ട'റില്ലെന്നാണ് ഗോൾവൽക്കറുടെ സുചിന്തിതമതം! ഇതിനേക്കാൾ സുചിന്തിതമായ മതം, ചീനയിലെ ജനാധിപത്യം സംരക്ഷിക്കാൻ അമേരിക്ക അനവധി അർഥവും പടക്കോപ്പുകളും വെടിക്കോപ്പുകളും നൽകിയിട്ടും ചീനയിലെ വൻകിട സൈനികോദ്യോഗസ്ഥർ അതൊക്കെ നിഷ്ഫലമാക്കിയെന്നതാണ്. ദേശീയമായ ചീനാസൈന്യം പരാജയപ്പെടുകയും ജനങ്ങളുടെ വിപ്ലവം വിജയശ്രീലാളിതവുമാവുകയും ചെയ്തു! (ലോകത്തിലെവിടെയെങ്കിലും വിപ്ളവമുണ്ടെന്നുകേട്ടാൽ അമേരിക്ക ഇടപെടുമെന്ന് ആർ. എസ്. എസ്. നേതാവിന് നല്ല നിശ്ചയമുണ്ട്!)

**ഹിന്ദുരാഷ്ട്രവാദം**

"സ്വാർഥബുദ്ധിയെ കടിഞ്ഞാണിടുന്നതിന് യഥാർഥത്തിൽ ഒരു മാർഗമേയുള്ളൂ. ആദർശത്തിനുവേണ്ടി പ്രവർത്തിക്കാനും ജീവിക്കാനും മരിക്കാനും കഴിയുമാറ് മനുഷ്യന്റെ മുന്നിൽ ഏതെങ്കിലും ആദർശം വെച്ചുകൊടുക്കുക. ആദർശത്തിലുള്ള ശ്രദ്ധയുടെ ആധാരത്തിൽ ആ വ്യക്തി സ്വാർഥമോഹങ്ങളെ നിയന്ത്രിക്കാൻ ശക്തനാകും; ഉത്കൃഷ്ടതരമായ ചാരിത്ര്യം തന്നിൽ വളർത്തുകയും ചെയ്യും. വേറെ വഴിയില്ല. ജനസാമാന്യത്തിന് ഉന്നതവും പവിത്രവുമായ ആദർശം നൽകുക – അവരുടെ ഹൃദയത്തിൽ സ്പന്ദിക്കുന്നതും രക്തത്തിൽ തുടിക്കുന്നതുമായ ആദർശം, തലമുറകളായി അവരുടെ കൂടപ്പിറപ്പായ ആദർശം. അപ്പോൾ സാധാരണക്കാരനുപോലും തന്നിൽ ഭക്തിയുടെയും ചാരിത്ര്യത്തിന്റെയും ഉദയം അനുഭവിക്കാൻ കഴിയും. അത്തരം ആവേശമരുളുന്ന ആദർശം നമ്മുടെ പവിത്രമായ ഹിന്ദുരാഷ്ട്രത്തിന്റെ വൈഭവവും ഭാസുരമഹിമകളും സാക്ഷാത്കരിക്കുകതന്നെയാണ്." (പേജ് 447)

ഈ ബഡായികളൊക്കെ പറയാമെന്നല്ലാതെ ഹിന്ദുരാഷ്ട്രവാദികളുടെ ആദർശം അസഹിഷ്ണുതയുടെയും അപക്വതയുടെയും കൊലവിളികളുടെയും ഭീകരതകളുടെയുമല്ലാതെ മറ്റെന്താണ്?

**മുസ്ലീം വിരോധം**

"1857–ലെ സ്വാതന്ത്ര്യസമരത്തിന്റെ പാഠം നമ്മുടെ മുന്നിലുണ്ട്. ആ വിപ്ലവത്തിലെ ഉന്നതരായ നേതാക്കന്മാർ ആദ്യത്തെ അടിക്കുതന്നെ ദൽഹി കീഴടക്കുകയും ബ്രിട്ടീഷുകാരുടെ ആജ്ഞാനുവർത്തിയായിക്കഴിഞ്ഞിരുന്ന മുഗൾബാദുഷയെ സ്വതന്ത്രനാക്കുകയും ചെയ്തു. മാത്രമല്ല, അന്നും മുഗൾ ചക്രവർത്തിയോടു കൂറു പുലർത്തിയിരുന്ന വിഭാഗത്തിന്റെ ആനുകൂല്യവുംകൂടി സ്വാതന്ത്ര്യസമരത്തിനു ലഭിക്കട്ടെയെന്നു കരുതി ബാദുഷയെ സ്വതന്ത്രചക്രവർത്തിയായി സിംഹാസനത്തിൽ പുനഃപ്രതിഷ്ഠിക്കുകയും അദ്ദേഹത്തെ സ്വാതന്ത്ര്യസമരത്തിന്റെ നേതാവായി പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ ഈ നടപടി മൂലം ഗുരു ഗോവിന്ദ സിംഹന്റെയും ഛത്രസാലിന്റെയും ശിവാജിയുടെയും മറ്റും വീരപരാക്രമങ്ങളുടെയും ത്യാഗങ്ങളുടെയും തകർന്നുവീണ ഭീകരമായ മുഗളാധിപത്യം വീണ്ടും തങ്ങളുടെ മേൽ വെച്ചുകെട്ടപ്പെടുമെന്നു ഹിന്ദുജനത സംശയിച്ചു. ആയത് ബ്രിട്ടീഷ് ഭരണത്തേക്കാൾ വലുതായ ദുരന്തമായിരിക്കുമെന്നും അവർ മനസ്സിലാക്കി. 'ഹിന്ദുസ്വരാജ്യം' എന്ന ലക്ഷ്യത്താൽ ആവേശഭരിതരായ നാനാസാഹേബ് പേഷ്വാ, താത്യാതോപ്പെ, റാണി ലക്ഷ്മീബായ്, റാണാ കുംവർ സിങ് എന്നീ വീരഹിന്ദുസേനാനികളെ ആവേശപൂർവം ഉറ്റുനോക്കിയിരുന്ന ഹിന്ദുമനഃസാക്ഷിക്ക് യുദ്ധം ചെയ്യാനുണ്ടായിരുന്ന പ്രേരണയാകെ കെട്ടടങ്ങി. ഈ വിപ്ലവത്തിന്റെ അന്തിമപരാജയത്തിന്റെ നിർണായകകാരണങ്ങളിലൊന്ന് ഇതായിരുന്നുവെന്ന് ചരിത്രകാരന്മാർ പറയുന്നു." (പേജ് 449)

ഏതു ചരിത്രകാരന്മാരാണാവോ ഗോൾവൽക്കർക്ക് ഈ ചരിത്രമെല്ലാം പറഞ്ഞുകൊടുത്തത്? ഹിന്ദു–മുസ്ലീം മൈത്രിക്കു പ്രസിദ്ധമായ മുഗൾഭരണത്തിലെ അവസാനത്തെ ചക്രവർത്തിയായ ബഹദൂർഷായെ സ്വാതന്ത്ര്യസമരത്തിന്റെ നാമമാത്രനേതാവായി വാഴിച്ചത് വിപ്ലവത്തിന്റെ കാരണങ്ങളിലൊന്നായിരുന്നെന്ന് ആധികാരികചരിത്രകാരന്മാരാരും പറഞ്ഞതായറിവില്ല. *ഭീകരമായ* മുഗളാധിപത്യം എന്നതിലെ വിശേഷണം തികച്ചും ആർ. എസ്. എസ്സിന്റെ സഹജമായ മുസ്ലീം വിരോധം തെളിയിക്കുന്നു. ബാബർ മുതൽ ബഹദൂർഷാ വരെയുള്ള മുഗളഭരണം, നേരത്തെ സൂചിപ്പിച്ചതുപോലെ, ഹിന്ദു–മുസ്ലീം മൈത്രി കളിയാടുന്നതും ഹിന്ദുക്കൾക്കു ഉദ്യോഗങ്ങളിൽ മതിയായ പ്രാതിനിധ്യം ഉറപ്പുവരുത്തിയതുമായിരുന്നു.

"ഏകപക്ഷീയമായ നിരായുധീകരണമെന്നുവെച്ചാൽ ഏകപക്ഷീയമായ ആത്മഹത്യയെന്നേ അർഥമുള്ളൂ. 1954 മുതൽ ഇങ്ങോട്ട് നമ്മുടെ നേതാക്കൾക്ക് ചീനയുടെ നഗ്നമായ ആക്രമണത്തെക്കുറിച്ച് ബോധമുണ്ടായിട്ടുണ്ട്. അവർ അത് സമ്മതിക്കുന്നുമുണ്ട്. എന്നിട്ടും അവർ പഞ്ചശീലത്തിന്റെ സ്വപ്നഭൂമിയിൽ വിഹരിച്ചുകഴിയുകയായിരുന്നു." (പേജ് 450)

ഹിന്ദുരാഷ്ട്രവാദികളുടെ ചീനാവിരോധമാണ് ഇവിടെ മുഴച്ചിനിൽക്കുന്നത്; ദേശാഭിമാനനാട്യമല്ല. എങ്കിൽ അവർ നേപ്പാളുമായുള്ള ബന്ധം അരക്കിട്ടുറപ്പിക്കണമെന്നു പറയുകയില്ലല്ലോ. ശക്തിയുടെ വക്താവായ ആർ. എസ്. എസ്സിന് നിരായധീകരണം സ്വതേ ഇഷ്ടമല്ലല്ലോ! പഞ്ചശീലതത്വങ്ങളിലൂടെ ഇന്ത്യ ചീനയെ തന്നെ ആക്രമിക്കാൻ ക്ഷണിച്ചു എന്നു ധ്വനിപ്പിക്കത്തക്കവിധത്തിലാണ് വാക്യഘടന. എങ്കിൽ ആർ. എസ്. എസ്. നിയന്ത്രി

ക്കുന്ന ഇന്നത്തെ മോദിഭരണത്തിൽ നടക്കുന്ന ഇന്ത്യാ–ചീനാതർക്കപ്രശ്നത്തെപ്പറ്റി എന്തു പറയുന്നു?

**ശക്തിയുടെ ഭാഷ**

"(ശക്തിയുടെ ഭാഷ മാത്രമേ ലോകം മനസ്സിലാക്കുന്നുള്ളൂ എന്നതാണ്) ജീവിതത്തിന്റെ പ്രാഥമികതത്വം. നമ്മുടെ പുരാതനന്മാർ വളരെ മുൻപുതന്നെ ഇത് ഗ്രഹിച്ചിരുന്നു. *മനുസ്മൃതി* പറയുന്നു:'ദണ്ഡസ്യ ഹി ഭയാത് സർവം ജഗദ് ഭാഗായ കല്പതേ' (സമാജം നിലനിൽക്കുന്നത് അധികാരചിഹ്നമായ ചെങ്കോലിനെ ഭയപ്പെടുന്നതുകൊണ്ടാണ്) ഈ സത്യത്തിന്റെ അടിസ്ഥാനത്തിലാകണം അവർ ജീവിച്ചതും." (പേജ് 451)

ശക്തിയുടെ ഭാഷയും രാജാധിപത്യത്തിന്റെ പ്രതാപവും ചാതുർവർണ്യത്തിന്റെ തത്വശാസ്ത്രവും മുറുകെപ്പിടിക്കുന്ന *മനുസ്മൃതി*യാണ് ആർ. എസ്. എസ്സിനു പരമപ്രമാണമെന്ന് ഈ വാക്യങ്ങൾ നിസ്സംശയം വ്യക്തമാക്കുന്നു.

**മുസ്ളീം വിരോധം**

"ഇസ്ലാംമതവിശ്വാസത്തോടും മുസ്ലീംജനങ്ങളോടും നാം കാണിച്ച ഉദാരമായ പെരുമാറ്റത്തിന് തിരികെ ലഭിച്ചത് നമ്മുടെ പുണ്യസ്ഥലങ്ങളുടെ തകർച്ചയും അടിമത്തവുമല്ലാതെ മറ്റൊന്നുമല്ല." (പേജ് 454)

പച്ചക്കള്ളം തട്ടിവിടാനുള്ള ദുഃസാമർഥ്യത്തോടൊപ്പം ഹിന്ദുത്വം വിജയത്തിന്റെ വീരവാദം മുഴക്കുന്നത് നിരാസ്പദമാണെന്നും ഈ പ്രസ്താവന സ്പഷ്ടമാക്കുന്നു.

**ചീനയോട് പരാജയം**

"ബ്രിട്ടീഷുകാർ ഈ നാടു വിട്ടുപോയതിൽപ്പിന്നെ ഒരു വശത്ത് പാക്കിസ്ഥാന്റെയും മറുവശത്ത് ചീനയുടെയും അക്രമത്തിനും കയ്യേറ്റത്തിനും നാം അധികാധികം വിധേയരായിക്കൊണ്ടിരിക്കുന്നു. അവരുടെ അവഹേളനവും അപമാനവും നാം നിരവധി തവണ സഹിക്കേണ്ടതായി വന്നു. പ്രത്യേകിച്ച് 1962–ൽ ചീനയേൽപ്പിച്ച ലജ്ജാകരമായ പരാജയം നമ്മുടെ ജനതയുടെ ആത്മവീര്യത്തെ കാർന്നുതിന്നുകൊണ്ടിരുന്നു." (പേജ് 459)

ആർ. എസ്. എസ്സിന്റെ കണ്ണിൽ പാക്കിസ്ഥാൻ മുസ്ലീമിന്റെയും ചീന കമ്യൂണിസ്റ്റിന്റെയും പ്രതിനിധിയാണ്. ആർ. എസ്. എസ്സുണ്ടായിട്ടും ഈ രണ്ടു രാജ്യങ്ങളും ഇന്ത്യയെ അക്രമിക്കുകയും കയ്യേറുകയും ചെയ്യുകയാണ്. 1962–ൽ ചീന ഇന്ത്യയെ പരാജയപ്പെടുത്തിയെന്നതിലുള്ള ജനതയുടെ, എന്നുവെച്ചാൽ ഹിന്ദുജനതയുടെ, ആത്മവീര്യനാശം, ആയിരത്താണ്ടുകളായി സർവാതിശായിയായി വിരാജിച്ചരുളുന്ന ഹിന്ദുവിന്റെ ആത്മവീര്യത്തിന്റെ നാശം, ഗോൾവൽക്കറുടെ ഉറക്കം കെടുത്തുന്നു! അപ്പോൾ, ലോകത്തിലെ വൻശക്തിയായ മാറിക്കഴിഞ്ഞ ചീനയുമായി യുദ്ധം ചെയ്യാമെന്നു വീരവാദം പറഞ്ഞാലും ഗോൾവൽക്കർശിഷ്യനായ മോദിയുടെ കാൽമുട്ട് വിറയ്ക്കുന്നു.

**ആർ. എസ്. എസ്സിന്റെ യുദ്ധഭ്രാന്ത്**

"അക്രമിക്കു കനത്ത പ്രഹരമേല്പിക്കാനും വിജയം വരിക്കാനും വിജയകരമായ പ്രത്യാക്രമണം നടത്താനും കൂടി സാധിച്ചതായ ഇപ്പോഴത്തെ അനുഭവം മ്ലാനത ബാധിച്ചുകൊണ്ടിരുന്ന രാഷ്ട്രത്തിന്റെ മനോവീര്യത്തിന് പുതുജീവൻ പ്രദാനം ചെയ്തതിലത്ഭുതമില്ല. രാഷ്ട്രത്തിന്റെ നാഡിമിടിപ്പിന് അഭൂതപൂർവമായ ദേശാഭിമാനത്തിന്റെ അലയടികൊണ്ടു വേഗത കൂടി. വാസ്തവത്തിൽ യുദ്ധം നമ്മെ പഠിപ്പിച്ച പ്രഥമവും പ്രധാനവുമായ പാഠമിതാണ്; ദേശാഭിമാനത്തിന്റെയും സ്വാഭിമാനത്തിന്റെയും ആവേശം, സ്വാഭിമാനമാണ് സ്വാതന്ത്ര്യത്തിന്റെ പ്രാണവായു... 'കടന്നാക്രമണമാണ് ആത്മരക്ഷയ്ക്കുള്ള ഏറ്റവും നല്ല മുറ' എന്നു പറഞ്ഞതെത്ര ശരിയാണ്!" (പേജ് 459, 461)

64–ലെ പാക്കിസ്ഥാൻയുദ്ധവിജയത്തിൽ മതിമറന്നു പറഞ്ഞുപോയ ഈ ആഹ്ലാദാധിക്യത്തിൽ ഗോൾവൽക്കർ പ്പോൾ പശ്ചാത്തപിക്കുകയാണ്! അന്ന് അത്രയും വേണ്ടിയിരുന്നില്ല. യുദ്ധത്തിൽ ജയവും തോൽവിയും സാധാരണമാണ് എന്നോ മറ്റോ ഒഴുക്കൻമട്ടിൽ പറഞ്ഞൊപ്പിച്ചാൽ മതിയായിരുന്നു!

**ഹിന്ദുവിന്റെ വജ്രകഠോരത്വവും കുസുമമൃദുത്വവും**

"മുട്ടാളൻ (മുസൽമാൻ) ഹൃദയംകൊണ്ട് തികച്ചും ഭീരുവാണ്. പരിതഃസ്ഥിതികൾ സുരക്ഷിതങ്ങളെങ്കിൽ മാത്രമേ അവൻ കൊടിയ മൃഗീയതയിൽ കഴിയുകയുള്ളൂ. ഹിന്ദുവിനാകട്ടെ 'വജ്രാദപി കഠോരാണി മൃദൂനി ഹൃദയാന്യപി' എന്നതാണ് ആദർശം. സാഹോദര്യവും സൗഹാർദവും പുലർത്തുന്നതിൽ അവൻ ഒരു പൂവിതളിനേക്കാൾ മൃദുലമാണ്. പക്ഷേ, മറ്റെയാൾ ഈ സാഹോദര്യത്തിന്റെ കൈകൾ തട്ടിക്കളയുകയും അടിക്കുവാൻ കയ്യോങ്ങുകയും ചെയ്യുമ്പോൾ വജ്രത്തേക്കാൾ കഠോരനാവാനും അവനു കഴിയും." (പേജ് 461)

ഈ കവിത തുളുമ്പുന്ന വാക്കുകളൊക്കെ ഹിന്ദുവിന്റെ വിജയാഹങ്കാരത്തിന്റെ ബഹിഃപ്രകടനമായിരുന്നു! വേണ്ടിയിരുന്നില്ല. ഇന്ന് നേരിടുന്ന തിരിച്ചടിയുടെ ചൂടേൽക്കുമ്പോഴാണ് പശ്ചാത്താപം തോന്നുന്നത്!

**ആർ. എസ്. എസ്സിന്റെ യുദ്ധഭ്രാന്ത്**

“യു. എൻ. സിക്രട്ടറി ജനറൽ ശ്രീ ഊദാന്ത് ദൽഹിയിൽ എത്തിച്ചേരുമ്പോഴേക്കും വെടിനിർത്തലിനു സമ്മതിക്കുന്നതിനു മുൻപ് നമ്മുടെ സൈന്യത്തെ അതിന്റെ ജൈത്രയാത്ര തുടരാനും ലാഹോറും റാവൽപ്പിണ്ടിയും കറാച്ചിയും പിടിച്ചു കാശ്മീരിനെ മുഴുവൻ വിമോചിപ്പിക്കാൻ അനുമതി നൽകേണ്ടിയിരുന്നുവെന്നാണ് എന്റെ അഭിപ്രായം. എന്നാൽ നമ്മുടെ നിലപാട് കുറേക്കൂടി പ്രബലമാവുകയും കാര്യങ്ങൾ വേണ്ടവിധം നേരെയാവുകയും ചെയ്യുമായിരുന്നു. നമ്മുടെ ദേശീയകീർത്തി കുറേക്കൂടി ഉയർന്നുപൊങ്ങുമായിരുന്നു.” (പേജ് 464–65)

ആ മോഹങ്ങളെല്ലാം വ്യാമോഹമായിപ്പോയല്ലോ എന്നോർക്കുമ്പോൾ എന്തൊരു ഹൃദയനൊമ്പരം!

“ഇക്കാര്യത്തിലാകട്ടെ, തങ്ങളുടെ ആഗോളസൈനികതന്ത്രത്തെ സംബന്ധിച്ചിടത്തോളം പാക്കിസ്ഥാൻ സ്വമേധയാ തങ്ങളുടെ കൈയിലെ ഒരു കളിപ്പാവയായിത്തീരുമെന്നു കാണുന്ന അമേരിക്ക, ഇംഗ്ലണ്ട് തുടങ്ങിയ രാജ്യങ്ങളുടെ ഒരു ദാനം മാത്രമാണ് പാക്കിസ്ഥാന്റെ മുഴുവൻ യുദ്ധശേഷിയും. അമേരിക്കയുടെ ആയുധങ്ങൾ പാക്കിസ്ഥാനിലേക്കു ദ്രുതഗതിയിൽ കൊണ്ടുപോകുന്നതായി നാം പത്രങ്ങളിൽ വായിക്കുന്നു. ഈ സാഹചര്യത്തിൽ പാക്കിസ്ഥാന്റെ യുദ്ധശേഷിയെ നശിപ്പിക്കുകയെന്നാൽ അമേരിക്കയുടെയും ഇംഗ്ലണ്ടിന്റെയുംകൂട്ടായ യുദ്ധശേഷിയെ നശിപ്പിക്കുകയെന്നാണർഥം. അത്തരമൊരു സിദ്ധാന്തത്തിന്റെ അപ്രായോഗികത തികച്ചും സ്പഷ്ടമാണല്ലോ.” (പേജ് 465)

ഗോൾവൽക്കറുടെ ഉള്ളിലിരിപ്പ് പിടി കിട്ടിയില്ലേ? പാക്കിസ്ഥാനെ തൽക്കാലം തോല്പിക്കാൻ നോക്കുക. അല്ലാതെ ആ രാജ്യത്തിന്റെ യുദ്ധശേഷി നശിപ്പിക്കാനൊന്നും മിനക്കെടേണ്ട. അത് നടപ്പില്ല. അങ്ങനെ ചെയ്കയുമരുത്. കാരണം, അമേരിക്കയുടെയും ഇംഗ്ലണ്ടിന്റെയും യുദ്ധശേഷി നശിപ്പിക്കുക എന്നാണതിന്നർഥം. അമേരിക്കയും ഇംഗ്ലണ്ടും, നമ്മുടെ കൂട്ടുകാരല്ലേ? ഫലത്തിൽ പാക്കിസ്ഥാനും കൂട്ടുരാജ്യംതന്നെ. പക്ഷേ, അത് പരസ്യമായി പറയില്ല. അണികളുടെ മുസ്ലീംവിരോധത്തെ തണുപ്പിച്ചുകളയരുതല്ലോ!

**സ്വാതന്ത്ര്യസമരത്തിന്റെ വിജയസമാപ്തി**

“യഥാർഥത്തിൽ ഇന്നു ശത്രുക്കളുടെ അധീനത്തിലുള്ള (വടക്കുപടിഞ്ഞാറൻ അതിർത്തിസംസ്ഥാനങ്ങൾ, ബലൂചിസ്ഥാൻ, കിഴക്കൻ ബംഗാൾ എന്നിങ്ങനെയുള്ള) ഈ പ്രദേശങ്ങളെല്ലാം മോചിപ്പിച്ചാൽ മാത്രമേ നമ്മുടെ സ്വാതന്ത്ര്യസമരത്തിന്റെ വിജയകരമായ പരിസമാപ്തി കൈവന്നുവെന്നു പറഞ്ഞുകൂടൂ.” (പേജ് 467)

ആർ. എസ്. എസ്. നേതാവിന്റെ ആഗ്രഹം ജോറായിട്ടുണ്ട്. മോദി വിചാരിച്ചാൽ ഇതു നടക്കുമോ? നടന്നാൽത്തന്നെ, പ്രാചീനശൈലേന്ദ്രസാമ്രാജ്യത്തിന്റെ വക്കു തൊടാൻപോലും ഈ മുറിയൻ അഖണ്ഡഭാരതത്തിന്നാവില്ല! എന്തു ചെയ്യാം!

**ഐക്യരാഷ്ട്രസഭയും കോമൺവെൽത്തും പാക്കിസാഥാന് അനുകൂലം**

“ഐക്യരാഷ്ട്രസഭയും കോമൺവെൽത്തും പരസ്യമായും പാക്കിസ്ഥാൻ പക്ഷപാതികളാണെന്നു തെളിയിക്കപ്പെട്ടിരിക്കുന്നു. അക്രമികളെയും ആക്രമണത്തിനു വിധേയമായവരെയും തുല്യനിലയിൽ കാണുകയെന്ന അവരുടെ 1948–ലെ നിന്ദനീയമായ പങ്ക് ആവർത്തിക്കുക മാത്രമാണ് അവർ ചെയ്തിട്ടുള്ളത്.” (പേജ് 468)

ലോകമാകെ പാക്കിസ്ഥാന്നനുകൂലം. ഈ സ്ഥിതി മാറ്റാനാണ് മോദി കച്ചകെട്ടിയിറങ്ങിയിരിക്കുന്നത്! സർജിക്കൽ സ്ട്രൈക്ക്!

“സന്ദർഭവശാൽ പാക്കിസ്ഥാൻ അതിന്റെ ആക്രമണപദ്ധതികളിൽ വിജയിച്ചിരുന്നെങ്കിൽ ഇന്നു ലോകസമാധാനത്തിന്റെ പേരിൽ മുറവിളി കൂട്ടുന്ന ഐക്യരാഷ്ട്രസഭയും മറ്റു ശക്തികളും ഇക്കാര്യത്തെ സംബന്ധിച്ച് കണ്ണടച്ചുറങ്ങുമായിരുന്നുവെന്നതിനു സംശയമില്ല. തങ്ങളുടെ കളിപ്പാവയായ പാക്കിസ്ഥാന്ന് എളുപ്പത്തിൽ മുന്നേറാനും അല്പദിവസങ്ങൾക്കുള്ളിൽ ഡൽഹിതന്നെ പിടിച്ചടക്കാനും കഴിയുമെന്ന് അമേരിക്കയും ഇംഗ്ലണ്ടും ഒരുപക്ഷേ മനപ്പായസം കുടിച്ചിരുന്നിരിക്കാം.” (പേജ് 469)

അമേരിക്കയും ഇംഗ്ലണ്ടും നമ്മുടെ ആൾക്കാരല്ലേ? ആ വഴിക്കു പാക്കിസ്ഥാനും. (അപവാര്യ) പാക്കിസ്ഥാന്റെ കാര്യം പരസ്യമായി പറയേണ്ട! ആർ. എസ്. എസ്. അണികളുടെ മുസ്ലീം വിരോധം അണയാതെ നിൽക്കണ്ടേ?

**കാശ്മീർലയനം**

“ഇപ്പോൾതന്നെ ദേശീയതാത്പര്യത്തിന്റെ മാർഗത്തിൽ ഉറച്ചുനിൽക്കുന്നതിൽ നാം സ്വല്പമൊന്നു പ്രദർശിപ്പിച്ച

വീര്യവും ദൃഢനിശ്ചയവും ലോകത്തിലെ സാമ്രാജ്യത്വഉപജാപകന്മാരെയും സംശയാലുക്കളെയും കാശ്മീർക്കാര്യത്തിൽ പുതിയതായി ചിന്തിച്ചുതുടങ്ങാൻ പ്രേരിപ്പിച്ചിട്ടുണ്ട്. നമ്മെ സംബന്ധിച്ചിടത്തോളം കാശ്മീർമഹാരാജാവ് ലയനക്കരാറിൽ ഒപ്പുവെക്കുകയും അവിടത്തെ ജനപ്രതിനിധിസഭയായ നാഷണൽ കോൺഫറൻസ് അതിനെ പൂർണമായും ശരിവെക്കുകയും ചെയ്തതോടെ, ഭരണഘടനാപരമായ ആവശ്യങ്ങളെ സംബന്ധിച്ചിടത്തോളം കാശ്മീരിന്റെ ഭാരതത്തോടുള്ള വിലയനം അന്തിമമായും പൂർത്തീകരിക്കപ്പെട്ടു... അതിനാൽ ഏതു വശത്തുകൂടി വീക്ഷിച്ചാലും ഭാരതവുമായുള്ള കാശ്മീരിന്റെ ലയനം ഇനി അലംഘനീയമാണ്; അത് ഇനി ഒരിക്കലും ചർച്ചാവിധേയവുമല്ല." (പേജ് 470–71)

അങ്ങനെ മനപ്പായസമുണ്ണേണ്ട! കാശ്മീർപ്രശ്നം പരിഹരിക്കാതിരിക്കാൻ കോൺഗ്രസ് സർക്കാരുകൾ മാത്രമല്ല, ബി. ജെ. പി. സർക്കാരുകളും കൊണ്ടുപിടിച്ചു ശ്രമിക്കുന്നുണ്ട്. വാജ്പേയിയെപ്പോലെത്തന്നെ മോദിയും! കൊമ്പൻ പോയതു തന്നെ മോഴയ്ക്കും വഴി!

"അതുകൊണ്ട് അവശേഷിക്കുന്ന ഒരേയൊരു പ്രശ്നം 1947–ൽ പാക്കിസ്ഥാൻ ബലം പ്രയോഗിച്ചു കൈയേറിയ കാശ്മീരിന്റെ ഭാഗങ്ങളിൽനിന്നു ഒഴിച്ചുപോകുകയെന്നതു മാത്രമാണെന്നു നാം മധ്യസ്ഥത വഹിക്കുന്ന ശക്തികളോട് ഉറപ്പിച്ചുപറയണം." (പേജ് 471)

ഒഴിപ്പിക്കലൊക്കെ നടപ്പുള്ള കാര്യമാണോ? ആർ. എസ്. എസ്സാണെങ്കിലും വാജ്പേയിയെപ്പോലെത്തന്നെ മോദിയും അതൊന്നും ചെയ്യില്ല. വല്ല നോട്ടു നിരോധനമോ പെട്രോളിനും ഡീസലിനും അനുദിനം വില കൂട്ടുകയോ ആണെങ്കിൽ ചെയ്യാമായിരുന്നു! സാമ്പത്തികപ്രതിസന്ധി കൂട്ടാനും മിടുക്കൻ!

**പാക്കിസ്ഥാനുമായി സമ്പൂർണയുദ്ധം**

"(പാക്കിസ്ഥാനുമായി) അത്തരമൊരു സമ്പൂർണയുദ്ധം ഇന്നത്തെ പരിമിതമായൊന്നിൽനിന്നു വിഭിന്നമായി, നമ്മുടെ നാട്ടിലെ ഓരോരുത്തനെയും മുഴുവൻ കഴിവു പ്രയോഗിച്ചുള്ള യുദ്ധസംരംഭങ്ങളിൽ സജീവപങ്കു വഹിച്ചുകൊണ്ട്, രാഷ്ട്രമനസ്സിനെ നന്നാക്കുവാനുള്ള നല്ലൊരു ശിക്ഷണമാകുമായിരുന്നു. ദീർഘകാലജീവിതവും അലസത, സ്വാർഥം, പ്രാദേശികത്വം തുടങ്ങിയ അനേകം ദുർഗുണങ്ങളെ നമ്മളിൽ വളർത്തിയിട്ടുണ്ടല്ലോ, അവയും മറ്റു ദൗർബല്യങ്ങളുമെല്ലാം ഒരു നീണ്ട യുദ്ധത്തിന്റെ അഗ്നിജ്വാലയിൽ സമ്പൂർണമായും കത്തിച്ചാമ്പലായി ഏകീകൃതവും സുധീരവുമായ ദേശീയതയും സ്വച്ഛസുവർണരൂപം എന്നത്തേക്കാളും ഉജ്ജ്വലമായി ഉദയം കൊള്ളുമായിരുന്നു. അതുകൊണ്ടാണ് വലുതും സമ്പൂർണവുമായൊരു യുദ്ധം, നമുക്കുണ്ടാകുന്ന താത്കാലികബുദ്ധിമുട്ടുകളെന്തുതന്നെയായാലും, സ്വാഗതാർഹമാകുന്നത്." (പേജ് 474)

യുദ്ധം എന്നു കേട്ടാൽ ഗോൾവൽക്കർക്കു ആവേശം കത്തിക്കയറുകയായി! അതും പാക്കിസ്ഥാനോടാണെങ്കിൽ. മുസ്ലീം രാജ്യമല്ലേ? വലുതും സമ്പൂർണവുമായൊരു യുദ്ധം! ഇന്ത്യയിലെ മുസ്ലീങ്ങൾ ഞെട്ടിവിറയ്ക്കട്ടെ!

**ആർ. എസ്. എസ്സിന്റെ ദൗത്യം**

"അവസാനമായി, ഇന്നത്തെ പരീക്ഷണഘട്ടത്തിൽ വലിയ വില കൊടുത്തു നമുക്കു പഠിക്കേണ്ടിവന്ന പാഠങ്ങൾ നാം മറന്നുപോകരുത്. ഒന്നാമതായി, ഇന്നു പ്രകടമായിക്കണ്ട ദേശീയൈക്യവും വികാരതീവ്രതയും നിസ്സാരമായ രാജനൈതികകിടമത്സരങ്ങൾകൊണ്ട് ദുർബലമായിപ്പോകരുത്. കാരണം, ദേശീയമായി ബോധവും ഏകബോധവുമുള്ള ജനതയ്ക്കുമാത്രമേ ക്രമേണ സുശക്തവും സമൃദ്ധവുമായിത്തീരുവാൻ കഴിയുകയുള്ളൂ. രണ്ടാമതായി, കഠിനാധ്വാനത്തിന്റെ ഇന്നത്തെ ആവേശം നിലനിർത്തണം. എല്ലാ രംഗത്തും ഉല്പാദനം കുതിച്ചുകയറണം. അങ്ങനെ നമ്മുടെ രാജ്യം സ്വാശ്രയശീലമുള്ളതായിത്തീരണം. അതിനാൽ നമ്മുടെ സർവപ്രഥമകർത്തവ്യം ആത്മത്യാഗവും വീറും അലതല്ലുന്ന രാഷ്ട്രപൗരുഷം വാർത്തെടുക്കുക എന്നതായിരിക്കണം. അതുതന്നെയാണ് രാഷ്ട്രീയസ്വയംസേവകസംഘത്തിന്റെ സർവസ്വാർപ്പിതദൗത്യം." (പേജ് 496)

പാക്കിസ്ഥാൻയുദ്ധകാലത്ത് ഹിന്ദുജനത പഠിച്ച പാഠം ഹിന്ദുരാഷ്ട്രം കെട്ടിപ്പടുക്കുന്നതിന് അടിത്തറ പണിയട്ടെ! ആർ. എസ്. എസ്. ജാഗ്രതയോടെ മുന്നിലുണ്ട്. നാം മുന്നോട്ട്!

**പ്രവാസിഹിന്ദുക്കൾ**

പ്രവാസിഹിന്ദുക്കളോട്, "ഇവിടെനിന്നു ശരിയായ സംസ്കാരമുൾക്കൊണ്ടിട്ടുള്ള, അവിടെ താമസിക്കുന്ന നമ്മുടെ ഹിന്ദുസഹോദരന്മാർ, ദേശാഭിമാനഭാവവും കഴിഞ്ഞകാലനേട്ടങ്ങളും നമ്മുടെ ബഹുമുഖങ്ങളായ നേട്ടങ്ങളെപ്പറ്റിയുള്ള ബോധവും വിദേശത്തു താമസിക്കുമ്പോഴുള്ള നമ്മുടെ ദൗത്യവും നമ്മുടെ ആളുകളുടെയിടയിൽ വീണ്ടും ജ്വലിപ്പിക്കുന്നതിനുവേണ്ടി കൃത്യമായി ഒരുമിച്ചുചേരേണ്ടിയിരിക്കുന്നു... ഇത്തരത്തിലുള്ള പതിവുസമ്മേളനങ്ങൾക്കു പുറമെ, ഗൃഹങ്ങളിൽ നിത്യവും ഭജനകൾ നടത്തുകയും ശ്ലോകങ്ങൾ ചൊല്ലുകയും മറ്റും ചെയ്യേണ്ടിയിരിക്കുന്നു. ഈവക കാര്യങ്ങൾ ഭക്തിയോടും ശുഷ്കാന്തിയോടുംകൂടി ചൊല്ലാൻ പഠിപ്പിക്കേണ്ടതാണ്. ക്ഷേത്രങ്ങളുള്ള സ്ഥലങ്ങളിലാണെങ്കിൽ പുണ്യദിനങ്ങളിൽ അവിടെ ഒരുമിച്ചുകൂടുകയും സത്സംഗം, ഹവനം തുടങ്ങിയ പരിപാടികൾ നടത്തുകയും ചെയ്യുന്ന സ്വഭാവം ഹിന്ദുക്കൾ വളർത്തിയെടു

ക്കേണ്ടത് ആവശ്യമാണ്." (പേജ് 499–500)

*വിചാരധാര* വായിച്ച് ആവേശം കൊണ്ട് മുസ്ലീം വിരോധവും ക്രിസ്ത്യൻ വിരോധവും കമ്യൂണിസറ്റുവിരോധവും മൂത്ത് അക്രമവും കൊലയും കൊള്ളിവെപ്പുമൊന്നും, ഇന്ത്യയിലും വിശേഷിച്ച് കേരളത്തിലുമെന്നപോലെ, അവിടങ്ങളിലും ചെയ്തുപോകരുത്. അധികൃതർ കശാപ്പു ചെയ്തുകളയും! വീടുകളിൽ സ്വകാര്യമായി ഭജനയും ഹോമവും മറ്റുമായി കഴിഞ്ഞാൽ മതി.

**അസ്പൃശ്യത**

"മതപരമായ തെറ്റിദ്ധാരണയാണ് ഈ സാമൂഹ്യാനാചാരത്തെ (അസ്പൃശ്യതയെ) താങ്ങിനിർത്തുന്നത്. അതുകൊണ്ട് ധർമത്തിന്റെ ആധികാരികവക്താക്കളെന്നു ജനസാമാന്യം കരുതുന്ന പരമ്പരാഗതമഠാധിപതികളായിരിക്കണം ഈ മതവിരുദ്ധനടപടി തിരുത്താൻ മുന്നോട്ടു വരേണ്ടത്. 1969–ൽ ഉഡുപ്പിയിൽ നടന്ന വിശ്വഹിന്ദുസമ്മേളനം ഈ വിഷയത്തിൽ നല്ല തുടക്കം കുറിച്ചു. ശൈവ–വീരശൈവ–മാധ്വ–വൈഷ്ണവ–ജൈന–ബൗദ്ധ–സിഖ് തുടങ്ങി ഹിന്ദുക്കളുടെ ഇടയിലുള്ള വിവിധസമ്പ്രദായങ്ങളെല്ലാം ഈ സമ്മേളനത്തിൽ പ്രതിനിധാനം ചെയ്യപ്പെട്ടിരുന്നു. ആദരണീയരായ ധർമഗുരുക്കന്മാരുടെയും ആചാര്യന്മാരുടെയും നിർദേശാനുസാരം മതപരവും സാമൂഹ്യവുമായ വ്യവഹാരങ്ങളിൽനിന്ന് അസ്പൃശ്യതയെ ഒഴിവാക്കാൻ ഹൈന്ദവലോകത്തോട് ആഹ്വാനം ചെയ്യുന്ന പ്രമേയം അവിടെ സർവസമ്മതമായി അംഗീകരിച്ചു. ചരിത്രപ്രധാനമായ ആ നിർദേശം ഇതാണ്: 'മുഴുവൻ ഹിന്ദുസമുദായവും അഖണ്ഡമായ ഐക്യഭാവനയാൽ ഏകീകൃതമാണെന്നും സ്പൃശ്യത, അസ്പൃശ്യത എന്നീ പ്രവണതകളും വികാരങ്ങളുംകൊണ്ട് അതിൽ ശിഥിലീകരണങ്ങളുണ്ടാക്കരുതെന്നും ഉള്ള ലക്ഷ്യത്തെ പുരസ്കരിച്ച് ലോകത്തിലെങ്ങമുള്ള ഹിന്ദുക്കൾ അവരുടെ പരസ്പരസംസർഗത്തിൽ ഏകതയുടെയും സമഭാവനയുടെയും തത്വം പാലിക്കേണ്ടതാണ്.' ഹിന്ദുസമാജത്തിന്റെ ചരിത്രത്തിൽ വിപ്ലവപ്രാധാന്യമുള്ള നടപടിയാണ് ഈ പ്രമേയത്തിന്റെ അംഗീകാരമെന്നു നിസ്സംശയം പറയാവുന്നതാണ്. ആചാരവൈകൃതത്തിന്മേൽ ശരിയായ ധർമതത്ത്വത്തിന്റെ വിജയം കുറിച്ച നിമിഷങ്ങളായിരുന്നു അത്." (പേജ് 506–7)

1969–ൽ നടന്ന വിശ്വഹിന്ദുസമ്മേളനം ഇത്രയും ഗംഭീരമായൊരു പ്രമേയം സർവസമ്മതമായി പാസ്സാക്കിയിട്ടും ഇന്ത്യയിൽ ഇന്നും തൊട്ടുകൂടായ്മ നിലനിൽക്കുന്നുണ്ടല്ലോ! ഹൈന്ദവലോകം ഈ ആഹ്വാനമൊന്നും കേൾക്കാനാവാത്തവിധം ബധിരമായിരിക്കുന്നു. അഥവാ അസ്പൃശ്യത എന്ന വാക്കിന്റെ അർഥം അവർക്ക് മനസ്സിലായില്ലെന്നുണ്ടോ? അതായിരിക്കില്ല കാരണം. ജാതിവ്യവസ്ഥ ഹിന്ദുസമൂഹത്തെ അരക്കിട്ടുറപ്പിക്കുന്ന കണ്ണിയാണെന്ന ഗോൾവൽക്കർ(വേദ)വാക്യം അവർ ആചരിക്കാൻ നിശ്ചയിച്ചിട്ടുണ്ട്. അപ്പോൾപിന്നെ ഏത് ആശാൻ പറഞ്ഞാലും തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും അവർ നിർത്തുമോ?

**ഹരിജനപ്രശ്നം**

"വാസ്തവത്തിൽ ഹരിജനങ്ങൾ എന്ന വാക്കിനെ ഉറപ്പിക്കുകയും ആവർത്തിക്കുകയും ചെയ്യുന്നതുതന്നെ ആ ജനങ്ങൾ ഇതുവരെ അനുഭവിച്ചിരുന്ന ഒറ്റപ്പെടലിനെ ഉന്മൂലനാശം ചെയ്യുന്നതിനു സഹായകമാവില്ല." (പേജ് 508)

ആ വാക്കു വേണ്ട. ദളിതർ എന്നു വിളിച്ചുകൊള്ളൂ. എന്നാൽ അവരുടെ ഒറ്റപ്പെടൽ മാറുമോ? വേണ്ടത് സാമൂഹ്യമാറ്റമാണ്. അതിന്റെ മുഖ്യശത്രു ഗോൾവൽക്കറിസംതന്നെയാണ്.

"ഈ പ്രശ്നം ദുരുദ്ദേശ്യത്തോടെ ഇനിയൊരു വശത്തേക്കുകൂടി വലിച്ചിഴക്കുന്നില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. കഴിഞ്ഞ കുറച്ചു വർഷങ്ങൾക്കിടയിൽ ഹരിജനങ്ങളുടെമേൽ ജാതിഹിന്ദുക്കൾ നടത്തിയ ആക്രമണങ്ങളുടെ റിപ്പോർട്ടുകളുടെ പ്രളയംതന്നെ പത്രങ്ങളിൽ വന്നിട്ടുണ്ട്... വ്യവസ്ഥാപിതവും സൂക്ഷ്മവുമായ ഈ പ്രചരണത്തിനു പിന്നിൽ ഏതെങ്കിലും വിദേശശക്തികളുടെ കൈകളുണ്ടോ എന്നെനിക്കു സംശയമുണ്ട്." (പേജ് 508–9)

ജാതിഹിന്ദുക്കൾ ഹരിജനങ്ങൾക്കുമേൽ നടത്തുന്ന അക്രമങ്ങൾ നിർത്തിയാൽ മതി. ഒരു റിപ്പോർട്ടും പത്രങ്ങളിൽ വരില്ല. അതായത്, സ്വദേശശക്തികളുടെ കൈകൾതന്നെയാണ് ഈ പ്രചരണത്തിനു കാരണമായ കാര്യങ്ങൾ ചെയ്യുന്നത്. വെറുതേ, വിദേശശക്തികളുടെമേൽ കുതിര കയറേണ്ട.

**സംവരണപ്രശ്നം**

"ജാതി എന്നു പറയപ്പെടുന്ന സംഗതികൊണ്ട് സാമൂഹ്യമോ രാഷ്ട്രീയമോ ആയ വല്ല അയോഗ്യതയാലും വേട്ടയാടപ്പെടുന്നെങ്കിൽ ആ സ്ഥിതി ഉന്മൂലനം ചെയ്യപ്പെടുകതന്നെ വേണം. 1950–ൽ നാം റിപ്പബ്ലിക് ആയ ദിവസം മുതൽ പത്തു വർഷത്തേക്കു മാത്രമേ ഡോ. അംബേദ്കർ 'പട്ടികജാതിക്കാർ'ക്ക് പ്രത്യേകാനുകൂല്യങ്ങൾ വേണമെന്നു പരിഗണിക്കുകയുണ്ടായുള്ളൂ. പക്ഷേ അതു തുടർന്നുകൊണ്ടങ്ങനെ പോവുകയാണ്. ജാതിയിന്മേൽ മാത്രം അടിസ്ഥാനപ്പെടുത്തിയ വിശേഷാനുകൂല്യങ്ങൾ വ്യത്യസ്തവിഭാഗമായിത്തുടരാനുള്ള സ്ഥാപി

തതാത്പര്യം വളർത്തുകതന്നെ ചെയ്യും. സമാജത്തിലെ ഇതരഘടകങ്ങളോടുകൂടി ഇവർ ഇഴുകിച്ചേരുന്നതിന് ഇതു തടസ്സമാണ്. വളരെ മോശമായ സാഹചര്യങ്ങളിൽ യാതനയനുഭവിക്കുന്നവർ ഇന്നു സമുദായത്തിന്റെ എല്ലാ വിഭാഗങ്ങളിലുമുണ്ട്. ദരിദ്രരും അവശരും അശരണരുമില്ലാത്ത ഒരു ജാതിയും ഇന്നില്ല. അതുകൊണ്ട് സാമ്പത്തികചുറ്റുപാടുകളെ അടിസ്ഥാനപ്പെടുത്തി നൽകുന്ന വിശേഷാനുകൂല്യങ്ങളാണ് സാധുവായിരിക്കുക. പ്രശ്നങ്ങൾ അവസാനിപ്പിക്കുകയും ഹരിജനങ്ങൾ മാത്രമേ മേൽപറഞ്ഞ ആനുകൂല്യങ്ങൾ എന്നു മറ്റുള്ളവരിൽ ഉണ്ടാകുന്ന ഹൃദയവ്യഥയ്ക്ക് ശമനമുണ്ടാവുകയും ചെയ്യും." (പേജ് 510–11)

ജാതിവ്യവസ്ഥ ഒരു ദോഷവും ചെയ്യുന്നില്ല എന്നുതന്നെയാണ് ഗോൾവൽക്കറുടെ ഉറച്ച വിശ്വാസം! ചെയ്യുന്നുണ്ടെങ്കിൽ അത് ഉന്മൂലനം ചെയ്യുകതന്നെവേണമെന്നും അദ്ദേഹത്തിന് അഭിപ്രായമുണ്ട്. അതിനുള്ള ഒരു വഴിയാണ് അംബേദ്കർ ഭരണഘടനയിൽ എഴുതിച്ചേർത്തത്. പത്തുകൊല്ലം കൊണ്ട് ജാതി ഉന്മൂലനം ചെയ്തില്ലെങ്കിൽ ആ ഭരണഘടനാവഴി അടയ്ക്കണമെന്നാണോ ഗോൾവൽക്കറുടെ അഭിപ്രായം? അതോ, ലക്ഷ്യം നേടുന്നതുവരെ ആ വഴി തുടരണമെന്നോ? ഭരണഘടന അനുവദിച്ച വിശേഷാനുകൂല്യങ്ങൾ കിട്ടണമെന്നു വിചാരിച്ച് ഏതെങ്കിലും സവർണൻ പട്ടികജാതിക്കാരനായി അടിമത്തമനുഭവിക്കാൻ തയ്യാറാവുമോ?

എല്ലാ ജാതിക്കാർക്കും അവശതയുണ്ടെന്ന വാദമാണ് ഭേഷായത്! സംവരണമേ വേണ്ട; അതാണ് പട്ടികജാതിക്കാരെ ഇവ്വിധം വ്യാമോഹിപ്പിക്കുന്നതെന്നാണ് ഗോൾവൽക്കറുടെ അഭിപ്രായം. സംവരണം തീരെ നിർത്തലാക്കുന്നത് ഇന്നത്തെ നിലയ്ക്ക് ഭരണഘടാവിരുദ്ധമാകുമെന്നു തോന്നുന്നു. സംവരണാർഹതയുള്ള പിന്നോക്കവിഭാഗങ്ങളിൽ സമ്പന്നവിഭാഗത്തിന് സംവരണമില്ല. അതേസമയം, മുന്നോക്കവിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സംവരണം. ഈ ക്രീമിലെയർ സിദ്ധാന്തത്തോട് ആർ. എസ്. എസ്. യോജിക്കുന്നുണ്ടോ? തങ്ങളുടെ മുഖ്യശത്രുവായ ഇ. എം. എസ്സാണിത് മുന്നോട്ടു വെച്ചതെന്നേ അവർക്കിതിലൊരു കുറ്റം കണ്ടുപിടിക്കാൻ പറ്റൂ.

**ആർ. എസ്. എസ്സിന്റെ ശ്രമസാധ്യമായ പ്രവർത്തനം**

"ഹൃദയത്തിൽനിന്ന് ഉറവെടുക്കുന്നതും ദൈനന്ദിനപെരുമാറ്റത്തിൽ പ്രകടമാകുന്നതും ആധ്യാത്മികവും ധാർമി

"ഈ സുവർണനിയമം അത്യന്തനിഷ്കർഷയോടെ അനുസരിക്കുന്നതുകൊണ്ടാണ് സംഘത്തിൽ ജാതി, മതം, ഭാഷ തുടങ്ങിയവ കൊണ്ടുള്ള ഛിദ്രത്തിന്റെ ലാഞ്ഛനപോലുമില്ലാത്തത്. സമുദായത്തിന്റെ എല്ലാ തട്ടുകളിൽനിന്നും വരുന്ന ആയിരക്കണക്കിനു സ്വയംസേവകർ, മറ്റുള്ളവർ ഏതു ജാതിയിലോ വിഭാഗത്തിലോ പെട്ടവരാണെന്നു ചിന്തിക്കാൻ പോലും മുതിരാതെ ഒത്തു ചേരുകയും ആഹാരം കഴിക്കുകയും കളിക്കുകയും പാട്ടുകൾ പാടുകയും മറ്റും ചെയ്യുന്നത്." (പേജ് 513–14)

ഓഹോ! ഇത്രയൊക്കെ കേമമാണോ ആർ. എസ്. എസ്സിന്റെ പ്രവർത്തനം? ആർ. എസ്. എസ്. നിയന്ത്രിക്കുന്ന മോദിയുടെ കേന്ദ്രഭരണവും ബി. ജെ. പി. ഭരിക്കുന്ന സംസ്ഥാനങ്ങളിലെ ഭരണങ്ങളും ഇത്തരമൊരു സുവർണനിയമം അനുസരിക്കുന്നതായല്ല, ഭരണാനുകൂലദൃശ്യ–ശ്രാവ്യമാധ്യമങ്ങളിൽപോലും വന്നുകൊണ്ടിരിക്കുന്ന വാർത്തകൾ.

"ഹൃദയത്തിൽനിന്നുടലെടുക്കുന്നതും ദൈനന്ദിനപെരുമാറ്റത്തിൽ പ്രകടമാകുന്നതും ആധ്യാത്മികവും സാമൂഹ്യവുമായ തലങ്ങളിൽ ആസൂത്രണം ചെയ്തതുമായ ശ്രമസാധ്യമായ പ്രവർത്തനമാണ് ഇന്ന് ആവശ്യം." (പേജ് 513)

ഇതു നടപ്പിലാക്കാൻ ആർ. എസ്. എസ്. കണ്ടുപിടിച്ച വഴി കേന്ദ്രഭരണത്തണലിൽ കൊലയും കൊള്ളയും കൊള്ളിവെപ്പും നടത്തി ഭീകരതയുടെ അന്തരീക്ഷം സൃഷ്ടിക്കുക എന്നതാണ്. എങ്ങനെയുണ്ട് ശ്രമസാധ്യമായ അവരുടെ പ്രവർത്തനം?

"ഈ ലക്ഷ്യം സാക്ഷാത്കരിക്കാൻ ഭജനയും കീർത്തനവും ഉത്സവവും രാമായണ–മഹാഭാരതകഥകൾ പറയലും മറ്റുമാകാം. അവിടെ എല്ലാ ഹിന്ദുക്കളും വിശുദ്ധമായ ധർമപ്രേമത്തിന്റെ പവിത്രധാരയിൽ സമാനമായ സാഹോദര്യഭാവത്താൽ അനുപ്രാണിതരായി തൊട്ടുകൂടാത്തവർ, തൊടാവുന്നവർ മുതലായ ഭേദങ്ങളൊക്കെ മറന്ന് ഒന്നിച്ചുകൂടട്ടെ. അക്ഷരാഭ്യാസം, ആരോഗ്യം, കായികക്ഷമത എന്നിവ വളർത്തിയെടുക്കാനുള്ള സേവനപദ്ധതികളും തുടങ്ങാവുന്നതാണ്. ദൃശ്യശ്രാവ്യോപകരണങ്ങൾകൊണ്ടുള്ള ആധുനികരീതികളും പ്രയോജനകരമായി പ്രയോഗിക്കാവുന്നതാണ്. ഏതായാലും ഇത്തരം പ്രവർത്തനങ്ങളുടെ കേന്ദ്രബിന്ദു ഹൃദയത്തോടുള്ള ആഹ്വാനവും ഏകീകരിക്കുന്നതും ഉത്കൃഷ്ടമാക്കുന്നതുമായ ഘടകങ്ങളിന്മേലുള്ള ഊന്നലും വ്യത്യാസങ്ങളെ അവഗണിക്കലും ആയിരിക്കണം." (പേജ് 513)

ഇതൊക്കെ മിനക്കേടാണ്. തങ്ങൾ ഇപ്പോൾ ചെയ്യുന്ന ഭീകരപ്രവർത്തനങ്ങൾതന്നെ ധാരാളമാണെന്നാണ് അവരുടെ പക്ഷം.

**ഹിന്ദുത്വം**

'

""നിങ്ങൾ ഹിന്ദുവാണെങ്കിൽ ഞങ്ങൾക്കതു ധാരാളമായി. മറ്റൊന്നും ഞങ്ങൾ ഗണിക്കുന്നില്ല. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഹിന്ദുത്വമാണ് മഹത്വമുള്ള വിഷയം. ജാതിക്കോ വർഗത്തിനോ മറ്റു വല്ലതിനുമോ ഞങ്ങൾ തരിമ്പും വില കല്പിക്കുന്നില്ല.' എന്നു പ്രഖ്യാപിക്കുന്ന സംഘപ്രവർത്തകരിൽ പതിഞ്ഞുകിടക്കുന്ന മനോഭാവംകൊണ്ടാണ് സംഘം ഈ അത്ഭുതം സാധിച്ചത്." (പേജ് 515)

അപസ്മരബാധ പോലുള്ള ഈ ഹിന്ദുത്വപ്രകീർത്തനവും സംഘത്തിന്റെ ഈ അത്ഭുതകൃത്യങ്ങളുമൊന്നും ആർക്കും അനുഭവത്തിൽ കാണുന്നില്ല! കാണുന്നത് അസഹിഷ്ണുതാജന്യമായ അക്രമങ്ങൾ മാത്രമാണ്.

**ഗോത്രവർഗക്കാർ**

"നമ്മുടെ ദേശത്തിന്റെ കിഴക്കൻ ഭാഗങ്ങളിൽ വിചിത്രപ്രതിഭാസമാണ് നാം കാണുന്നത്. നമ്മുടെ ഗവണ്മെന്റ് ക്രൈസ്തവരുണ്ടെന്ന് അംഗീകരിക്കുന്നു. 'ഹിന്ദുക്കൾ' ഉണ്ടെന്നംഗീകരിക്കുന്നില്ല. 'ക്രൈസ്തവരല്ലാത്തവ'രെ ഹിന്ദുക്കളിൽനിന്നു വ്യതിരിക്തമായ 'ഗോത്രവർഗക്കാർ' (ട്രൈബൽസ്) എന്ന പട്ടികയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്." (പേജ് 516)

ഗോത്രവർഗക്കാർ തങ്ങൾ ഹിന്ദുക്കളല്ലെന്നു പറഞ്ഞാൽ ഗവണ്മെന്റ് എന്തു ചെയ്യും? ഗോൾവൽക്കർക്ക് ഹിന്ദുക്കളാരൊക്കെയെന്നു സർട്ടിഫിക്കറ്റു നൽകാനുള്ള അധികാരം ആരെങ്കിലും കൊടുത്തിട്ടുണ്ടോ?

"അതിന്റെ പ്രകടരൂപം എന്തായാലും അന്തര്യാമിയായ ആ ചൈതന്യമാണ് ആരാധിക്കപ്പെടുന്നത്. ദേശമൊട്ടുക്കുള്ള ഹിന്ദുക്കൾ വൃക്ഷങ്ങളെ ആരാധിക്കാറില്ലേ? തുളസി, അരയാൽ, കൂവളം എന്നിവയെല്ലാം ഹിന്ദുക്കൾക്കു പവിത്രങ്ങളാണ്." (പേജ് 516)

ഔഷധസസ്യങ്ങളുടെ മൂല്യം ഹിന്ദുക്കൾ മാത്രമല്ല, അഹിന്ദുക്കളും അംഗീകരിക്കുന്നുണ്ട്. ആരാധനാപരമായ കാര്യങ്ങൾ സ്വകാര്യതയുടെ പരിധിയിൽ വരുന്നവയാണ്. അവയിൽ മറ്റാർക്കും ഇടപെടാൻ അവകാശമില്ല.

"ഈ കാലത്ത് നമ്മുടെ ചിലർ അവരുടെ അടുത്ത് പോകുന്നുണ്ടെങ്കിൽ അവരെ ചൂഷണം ചെയ്യാൻ മാത്രമായിരിക്കും. അവരെ ഗോമാംസം ഭക്ഷിക്കുന്നവരെന്ന് അപലപിക്കുകയും ആ കാരണംകൊണ്ട് അവരുമായി ഇടപഴകാനും ഹിന്ദുക്കളായി പരിഗണിക്കാനും വിസമ്മതിക്കുന്നവരുമുണ്ട്... ഒന്നാമതായി ആരെങ്കിലും അവരുടെ അടുത്തു പോയി അവരെ പശുവിനോടുള്ള ഭക്തിഭാവം പഠിപ്പിച്ചിട്ടുണ്ടോ? പശുവിനെ അമ്മയെപ്പോലെ കരുതണമെന്ന് ആരെങ്കിലും അവർക്കു പറഞ്ഞുകൊടുത്തിട്ടുണ്ടോ? ഇല്ല. അപ്പോൾ കുറ്റം അവരുടേതല്ല; നമ്മുടേതാണ്. രണ്ടാമതായി, ആഹരിക്കാൻ വേണ്ടത്ര ഭക്ഷണപദാർഥങ്ങൾ അവർക്കില്ല. അതിന്റെ ഫലമായി ആവശ്യത്തിന്റെ ഒഴിച്ചുകൂടായ്മകൊണ്ടുമാത്രം അവർ ഗോമാംസം ഭക്ഷിക്കാൻ തുടങ്ങിയതാണ്. അത് സ്വാദിനുവേണ്ടിയോ പോഷകാഹാരത്തിനുവേണ്ടിയോ ആയിരുന്നില്ല. അതിനാൽ അവരുടെ അടുക്കൽ പോയി അവർക്കു വിദ്യാഭ്യാസം നൽകി അവരുടെ ജീവിതപരിതഃസ്ഥിതിയും സാംസ്കാരികനിലവാരവും ഉയർത്തേണ്ടത് ഹിന്ദുക്കളായ നമ്മൾതന്നെയാണ്." (പേജ് 520)

ഗോത്രവർഗക്കാർ സ്വയമേവ തങ്ങൾ ഹിന്ദുക്കളല്ലെന്നു കരുതിയവരാണ്. ആർ. എസ്. എസ്സുകാർക്ക് ഹിന്ദുക്കളുടെ എണ്ണം കൂട്ടാൻ അവരെയും ഹിന്ദുക്കളാക്കണമെന്നുണ്ടാകും. പ്രത്യേകിച്ച് ക്രിസ്ത്യൻ മിഷണറിമാരാണ് അവരെ ചെന്നു കണ്ട് അവരുടെ കാര്യങ്ങൾ അന്വേഷിച്ച് വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുന്നത്. അവർക്ക് വേറൊരു മതമില്ല. സ്വാഭാവികമായും അവർ മിഷണറിമാരുടെ ജീവകാരുണ്യപ്രവർത്തനങ്ങളാൽ ക്രിസ്തുമതത്തിൽ ചേരാൻ തയ്യാറായിട്ടുണ്ടാകും. ഇതു കണ്ടപ്പോഴാണ് ഗോൾവൽക്കരുടെ കണ്ണു തുറന്നത്. അദ്ദേഹത്തിന്റെ ക്രിസ്ത്യൻവിരോധവും ഗോത്രവർഗക്കാരോടുള്ള അനുകമ്പയും അണപൊട്ടിയൊഴുകിയത്. അവരുടെ ഗോമാംസഭക്ഷണശീലം സവർണഹിന്ദുക്കളെ അവരിൽനിന്നകറ്റി. തങ്ങളുടെ പൂർവികർ (ബ്രാഹ്മണർ) ഗോമാംസം ഭക്ഷിച്ചിരുന്നതും ബൗദ്ധജൈനമതസ്വാധീനംകൊണ്ടാണ് പിൽക്കാലത്ത് സവർണർ, വിശേഷിച്ച് ബ്രാഹ്മണരും ക്ഷത്രിയരും, ഗോമാംസമുൾപ്പെടെ മാംസഭക്ഷണം വർജിക്കാൻ തുടങ്ങിയതും. ഗോവ് മാതാവാണെന്ന പിൽക്കാലസവർണഹിന്ദുവിശ്വാസമൊന്നും അവർക്ക് അപ്പോഴും ഉണ്ടായിരുന്നില്ല. ഗോത്രവർഗക്കാർ ഗോമാംസം കഴിക്കാനിടയായ സാഹചര്യം ഗോൾവൽക്കർ വിവരിച്ചത് ശരിയാണ്. ആർ. എസ്. എസ്സുകാരുടെ പശുസംരക്ഷണസേനാവിഭാഗത്തിന് ഈ ചരിത്രബോധമൊന്നുമില്ലല്ലോ. അവർ പാവം ദളിതരെ ഗോമാതാവിന്റെ പേരിൽ കൊന്നൊടുക്കുകയാണ്! അടുത്ത കാലത്തുണ്ടായ സ്വകാര്യതയെക്കുറിച്ചുള്ള സുപ്രീം കോടതിവിധി നടപ്പിലാക്കാൻ പോലും മോദി മടി കാണിക്കുകയാണ്. ആധാറിനെക്കുറിച്ചുള്ള വിധി വരുന്നതിനുമുമ്പുതന്നെ സകലതുമായി, മരണവുമായിപ്പോലും, ആധാറിനെ ബന്ധിപ്പിക്കാനുള്ള ഉത്തരവിറക്കാൻ ഒരുങ്ങുകയാണ്. ആർ. എസ്. എസ്സിന് ഇന്ത്യൻ ഭരണഘടന ബാധകമല്ലല്ലോ!

"ഒരു പിന്നോക്കസമുദായമായ വോഡ്ഡാർവിഭാഗത്തിന്റെ സംഘടനയുടെ തലവൻ, യജ്ഞോപവീതം ഗോത്രം എന്നിവ തങ്ങൾക്കു നിഷേധിക്കപ്പെട്ടതിനാൽ സാമൂഹ്യവും മതപരവുമായ കാര്യങ്ങളിൽ അവഗണിക്കപ്പെടുന്നുണ്ടെന്നു തോന്നുന്നത് ഇല്ലായ്മ ചെയ്യാൻ എന്താണ് നിർദേശിക്കാനുള്ളതെന്ന ചോദ്യത്തിന് ഉത്തരമായി ഗോൾവൽക്കർ പറഞ്ഞത്: 'യജ്ഞോപവീതവും ഗോത്രവും അവർക്കു കൊടുക്കാമല്ലോ. ഗോത്രം അവർക്കറിയില്ലെങ്കിൽ പുരോഹിതന്റെ ഗോത്രം അവർക്ക് കൊടുക്കാവുന്നതാണ്. പഴയ കാലത്ത് ഇങ്ങനെ

ചെയ്തിരുന്നതാണ്. ഇതിനു ശാസ്ത്രസമ്മതിയുമുണ്ട്. ശാസ്ത്രങ്ങളിൽ, ഒരു ഗോത്രത്തിലും പെടാത്ത ആളുകൾ കശ്യപനിൽനിന്നാണത്രേ ഉത്ഭവിച്ചത്. മതചടങ്ങുകളിലും ക്ഷേത്രാരാധനയിലും വേദപഠനത്തിലും, മൊത്തത്തിൽ നമ്മുടെ എല്ലാ മതസാമൂഹ്യകാര്യങ്ങളിലും തുല്യാവകാശവും തുല്യപദവിയും അവർക്ക് കൊടുക്കേണ്ടതാണ്. ഹിന്ദുസമാജത്തിൽ കാണുന്ന ജാതീയത എന്ന പ്രശ്നത്തിന് ശരിയായ പരിഹാരം ഇതുമാത്രമാണ്. ഇത് എല്ലാ ശങ്കരാചാര്യന്മാർക്കും കാണാനിടയായ മറ്റാചാര്യന്മാർക്കും ഞാൻ സമർപ്പിച്ചിട്ടുണ്ട്." (പേജ് 524)

ഗോത്രവർഗക്കാരെയെല്ലാം ഹിന്ദുക്കളാക്കാൻ ഗോൾവൽക്കർക്ക് എന്തൊരുത്സാഹം! അവർക്ക് പൂണൂൽ കൊടുക്കാനും വേദപഠനത്തിനു സൗകര്യമൊരുക്കാനും ഹിന്ദുസമൂഹത്തിലെ ജാതിവ്യവസ്ഥ എന്ന പ്രശ്നത്തിനു ശരിയായ പരിഹാരമുണ്ടാക്കാനും എല്ലാ ശങ്കരാചാര്യന്മാർക്കും കാണാനിടയായ മറ്റാചാര്യന്മാർക്കും അദ്ദേഹം നിവേദനം സമർപ്പിച്ചിട്ടുണ്ട്. അവരത് ഇത്ര കൊല്ലമായിട്ടും മറിച്ചുനോക്കുകപോലും ചെയ്തിട്ടില്ലെന്നതിൽനിന്ന് അവർ ഗോൾവൽക്കു നൽകിയ പരിഗണന എത്രയുണ്ടെന്നു വ്യക്തമാണല്ലോ! ജാതിവ്യവസ്ഥ ഇല്ലാതാക്കാൻ ശ്രീനാരായണഗുരുവെപ്പോലുള്ള ലോകഗുരുക്കന്മാരാണ്, ജാതിക്കുശുമ്പന്മാരായ ശങ്കരാചാര്യന്മാരല്ല എന്ന് ഇത്രയൊക്കെയായിട്ടും ഗോൾവൽക്കർക്ക് ബോധ്യം വന്നിട്ടില്ലല്ലോ!

**മുസ്ളീങ്ങളെക്കുറിച്ച്**

"മുസ്ലീങ്ങളെ നോക്കുക. ദൂരെ വഴിയരികിൽ ഏതെങ്കിലുമൊരു മുസ്ളീം ഭക്തന്റെ പേരിൽ കിടക്കുന്ന കൽക്കൂമ്പാരമാണെങ്കിലും അതെല്ലാം വർഷത്തിൽ രണ്ടു തവണയെങ്കിലും വെള്ളയടിച്ച് ചന്ദ്രക്കലയും നക്ഷത്രവമുള്ള പച്ചക്കൊടി അവിടെ പറക്കുന്നുണ്ടെന്ന് അവർ ഉറപ്പു വരുത്തുന്നു." (പേജ് 529)

പ്രാചീനമായ ശൈലേന്ദ്രസാമ്രാജ്യത്തിന്റെ പാരമ്പര്യം പേറുന്ന ഹിന്ദുക്കളായ നമുക്ക് ശത്രുക്കളായ മുസ്ലീങ്ങളെ കണ്ടു പഠിക്കേണ്ട ഗതികേട് വന്നിരിക്കുന്നു! ഇന്ത്യയുടെ നാനാഭാഗത്തുമുള്ള ഓരോ ഹിന്ദുവീട്ടിൽനിന്നും ഓരോ കല്ല് കൊണ്ടുപോയി രാമജന്മഭൂമിയിൽ അമ്പലം കെട്ടുമെന്നൊക്കെ അന്ത കാലത്ത് ഉഗ്രൻ പ്രസംഗങ്ങൾ വെച്ചു കാച്ചിയെങ്കിലും ഒന്നും നടന്നില്ല! ഇപ്പോൾ വീണ്ടും കേന്ദ്രത്തിലും ഭൂരിപക്ഷം സംസ്ഥാനങ്ങളിലും ഭരണം കിട്ടിയതോടെ കീശ വീർപ്പിക്കുകയും പണത്തിന്റെ പേരിൽ അന്യോന്യം തല്ലുകൂടുകയും ചെയ്യുകയല്ലാതെ അമ്പലം കെട്ടാനുണ്ടോ നമുക്കു നേരം? മാത്രമല്ല, പിരിച്ച പണം ആരുടെയൊക്കെ കൈയിലുണ്ടെന്നതിന് വീണ്ടുമൊരു കമ്മീഷനെ വെക്കണമെന്നാണ് നില!

**ഹിന്ദുത്വം**

"നമ്മുടെ ധർമത്തിന്റെ ഭാവിയെപ്പറ്റി ഗാന്ധിജി ദീർഘദർശനം ചെയ്തതും ഇതായിരുന്നു. അദ്ദേഹം പറയുന്നു: 'ഹിന്ദുത്വം സത്യത്തിന്റെ പുറകെയുള്ള ഒരു നിരന്തര അന്വേഷണമാണ്. ഇന്ന് അത് മൃതപ്രായവും പ്രവർത്തനരഹിതവും വളർച്ച മുരടിച്ചതുമായിത്തീർന്നിട്ടുണ്ടെങ്കിൽ അത് നാം ക്ഷീണിതരായിത്തീർന്നതുകൊണ്ടാണ്. ഈ ക്ഷീണം തീർന്ന ഉടൻതന്നെ ഹിന്ദുധർമം, ഒരുപക്ഷേ, മുൻപ് അജ്ഞാതമായ വിധത്തിലുള്ള ദിവ്യപ്രകാശത്തോടെ ലോകത്തിൽ ആറാടും." (പേജ് 538)

ആർ. എസ്. എസ്സിന്റെ ഭാഷയിലാണല്ലോ ഗാന്ധിജി ഹിന്ദുമതത്തെപ്പറ്റി സംസാരിക്കുന്നത്! അദ്ദേഹത്തെയാണല്ലോ തങ്ങൾ ഗോഡ്സെയെക്കൊണ്ട് വെടിവെച്ചുകൊല്ലിച്ചത്! കുഴപ്പമില്ല; ഗോഡ്സെ ആർ. എസ്. എസ്സല്ലെന്നു പറഞ്ഞ് നാം കൈകഴുകുകയും പത്തു ദിവത്തെ പുല കൊള്ളുകയും ചെയ്തിട്ടുണ്ടല്ലോ!

**ആർ. എസ്. എസ്സിന്റെ യുദ്ധഭ്രാന്ത്**

"സൈനികപരിശീലനത്തിന് ശാരീരികനിലവാരത്തിൽ ഏകീകൃതപ്രവർത്തനത്തെ സൃഷ്ടിക്കുവാൻ സാധിക്കും. അത്രത്തോളം അത് നല്ലതുതന്നെയാണ്." (പേജ് 543)

ഏതായാലും, സൈനികപരിശീലനം ജോറാക്കണം. എപ്പോഴാണ് കിഴക്കും പടിഞ്ഞാറും അതിർത്തികളിലേക്കു പോകേണ്ടിവരിക എന്നു പറയാനാവില്ലല്ലോ. അല്ലെങ്കിലും അതു വേണം. അവർണരെയും ദളിതരെയും അവരുടെ സംരക്ഷകരായ സഖാക്കളെയും കൊന്നുതള്ളാൻ സൈനികപരിശീലനം ഉപകരിക്കും. പക്ഷേ, ഇതൊക്കെ രഹസ്യമായി ചെയ്താൽ മതി.

**വിദ്യാർഥികൾക്ക് രാഷ്ട്രീയം വേണ്ട**

"വിദ്യാർഥിസംഘടനകളെ രാഷ്ട്രീയവും മറ്റുമായ പരിപാടികളിൽനിന്നു വേർപെടുത്തേണ്ടതാണ്." (പേജ് 547)

ഇതൊക്കെ പരസ്യമായി പറയുന്നുവെന്നേ ഉള്ളൂ. എ. ബി. വി. പി. യെ ആ പേരിലോ മറ്റേതെങ്കിലും പേരിലോ അതിവിദഗ്ധമായി സംഘടിപ്പിച്ചു ശക്തിപ്പെടുത്തുന്നതിൽ വീഴ്ച വന്നുപോകരുത്!

**ആർ. എസ്. എസ്സിനെക്കുറിച്ചുള്ള സ്ഥാപകന്റെ കാഴ്ചപ്പാട്**

"കോൺഗ്രസ്സുകാരനായി ദേശീയസ്വാതന്ത്ര്യപ്രസ്ഥാനത്തിൽ പ്രവർത്തിച്ച ഡോ. ഹെഡ്ഗേവാർ "എന്തിന് വ്യത്യസ്തപ്രവർത്തനശൈലിയോടുകൂടിയ വേറെ സംഘടന ആരംഭിച്ചു? ... അദ്ദേഹത്തിന്റെ അതിരറ്റ ത്യാഗബുദ്ധിയും ഒടുങ്ങാത്ത പ്രവർത്തനശേഷിയും പ്രതിഭാവിലാസവുംകൊണ്ട് ഇന്നാട്ടിലെ ഏറ്റവും വലിയ രാഷ്ട്രീയനേട്ടങ്ങൾ കൈവരുത്താൻ വേണമെങ്കിൽ വെറും കുട്ടിക്കളിപോലെ അദ്ദേഹത്തിനു സാധിക്കുമായിരുന്നു. പക്ഷേ, അതെല്ലാമുപേക്ഷിച്ച് ശാന്തമായ, പ്രദർശനപരതയില്ലാത്ത സംഘടന അദ്ദേഹം ആരംഭിച്ചു." (പേജ് 550)

അതാണ് ആർ. എസ്. എസ്. എന്ന ഹിറ്റ്ലർമോഡൽ സംഘടനയുടെ മിടുക്ക്. പ്രദർശനപരത തെല്ലുമില്ല. വിജയദശമിനാളിലും മറ്റും സംഘത്തെക്കൊണ്ട് പഥസഞ്ചലനം ചെയ്യിച്ച് ഭീകരാന്തരീക്ഷം സൃഷ്ടിക്കുമെന്നേയുള്ളൂ!

"ബാല്യം മുതൽ കത്തിക്കാളുന്ന ദേശസ്നേഹത്തോടുകൂടിയ ആളായിരുന്നതിനാൽ സ്വാഭാവികമായി അദ്ദേഹത്തിന്റെ ആദ്യത്തെ അഭിനിവേശം വിപ്ലവപ്രസ്ഥാനങ്ങളിലായിരുന്നു. പറഞ്ഞറിയിക്കാനാവാത്തത്ര വിഷമങ്ങളുടെ മധ്യത്തിലും മെഡിക്കൽവിദ്യാഭ്യാസരംഗമായി കൊൽക്കത്തയെ തിരഞ്ഞെടുത്തത് ആ പ്രസ്ഥാനങ്ങളിലേക്കെടുത്തുചാടാൻ വേണ്ടിത്തന്നെയായിരുന്നു... എന്നാൽ അവരുടെ (വിപ്ലവസഖാക്കളുടെ) പ്രവർത്തനം സമ്പൂർണരാഷ്ട്രപുനരുത്ഥാനത്തിനാവശ്യമായ ഫലപ്രദമായ ഉപകരണമല്ലെന്ന് അദ്ദേഹം കണ്ടു... ഒരുപിടി രഹസ്യപ്രവർത്തകർക്ക്, അതും ജനങ്ങളുമായി നേരിട്ടു സമ്പർക്കം നഷ്ടപ്പെട്ടവർക്ക്, രാഷ്ട്രത്തെ മുഴുവൻ ഉണർത്താനും സംഘടിപ്പിക്കാനുമുള്ള യത്നത്തിൽ പരിമിതമായ പങ്കേ വഹിക്കാൻ കഴിയൂ എന്ന് അദ്ദേഹത്തിനറിയാമായിരുന്നു." (പേജ് 550–51)

അതുകൊണ്ടാണ് എന്തിനും പോരുന്ന കുറുവടിപ്പടയെ സംഘടിപ്പിച്ചത്. വേണ്ടിടത്ത് രഹസ്യം, അല്ലാത്തിടത്ത് പരസ്യം – രണ്ടിനും ആ പട മതി.

"ഇങ്ങനത്തെ (തിലകൻ, ഗാന്ധിജി, നെഹ്റു തുടങ്ങിയ) മഹാരഥന്മാരുടെ പ്രവർത്തനഫലമായി രാജ്യം മുഴുവൻ ബ്രിട്ടീഷ് വിരുദ്ധമുന്നേറ്റത്തിന്റെ വേലിയേറ്റത്തിൽപെട്ടു. ഡോക്ടർജിയും (ഹെഡ്ഗേവാറും) തന്റെ പങ്കു വഹിച്ചുകൊണ്ട് മുന്നണിയിൽത്തന്നെ നിന്നു. വിദേശഭരണാധികാരികളെ ധിക്കരിച്ചുകൊണ്ട് കഠിനതടവനുഭവിച്ചു. അതേസമയംതന്നെ ആ പ്രസ്ഥാനത്തെ സൂക്ഷ്മനിരീക്ഷണം നടത്തിയപ്പോൾ മൊട്ടിട്ടു നിൽക്കുന്ന ശുഭപ്രതീക്ഷകളെ കാലാന്തരത്തിൽ പാടേ തല്ലിക്കൊഴിച്ചേക്കാവുന്ന ദൂഷ്യവശങ്ങൾ അദ്ദേഹം അതിൽ കാണുകയും ചെയ്തു. ഒന്നാമതായി, രണ്ടു പ്രസ്ഥാനങ്ങളുടെയും പ്രധാനപ്രചോദനം ദേശീയസ്വാതന്ത്ര്യമെന്ന ഭാവാത്മകമായ സങ്കല്പമല്ല; ബ്രിട്ടീഷുകാരോടുള്ള വൈരമാണ് എന്നദ്ദേഹം മനസ്സിലാക്കി. രണ്ടാമതായി, ബാല്യത്തിൽതന്നെ ഡോക്ടർജിയെ അലട്ടിയിരുന്ന പ്രശ്നത്തിനുത്തരം നൽകാൻ അവയ്ക്കൊന്നിനും സാധ്യമായില്ല. എങ്ങനെയാണ് ഒരുപിടി വിദേശികൾക്ക് – മുസ്ലീമായാലും ഇംഗ്ലീഷുകാരായാലും – നമ്മെ ഇത്രയും നാൾ കീഴടക്കി ഭരിക്കാൻ സാധിച്ചത്? ... അന്നു വ്യക്തമായിരുന്നതുപോലെ അനൈക്യമാണ് നമ്മുടെ അടിമത്തത്തിനു കാരണമെങ്കിൽ തീവ്രവാദപ്രവർത്തനങ്ങളും പ്രക്ഷോഭങ്ങളും അതിന് പരിഹാരമാകുന്നതെങ്ങനെ? വിപ്ലവാഘാതങ്ങൾക്കോ ബഹുജനമുന്നേറ്റങ്ങൾക്കോ ജനങ്ങളെ ചിരന്തനമായ ഐക്യത്തിലേക്ക് നയിക്കാൻ സാധിക്കുമോ? ... കൂടാതെ, സംഘടിതമായ ദേശീയജീവിതത്തിന്റെ ഭാവാത്മകവും ചിരസ്ഥായിയുമായ ഗുണങ്ങളിൽ വേരുറപ്പിക്കാതെ വെറും വൈരത്തിന്റെ പേരിൽ ബഹുജനരോഷം ഇളക്കിവിടുന്നത് അഭികാമ്യമാണോ?... ഭാവാത്മകമായ ദേശീയജീവിതമൂല്യങ്ങളെ അടിസ്ഥാനമാക്കിയതും പ്രസ്ഥാനങ്ങളെ ദിശ കാണിച്ചു നിയന്ത്രിക്കാൻ കഴിവുള്ളതുമായ ദേശവ്യാപകമായ സംഘടന ഇമ്മാതിരി ബഹുജനമുന്നേറ്റത്തോടൊപ്പം ഉണ്ടാകുന്നില്ലെങ്കിൽ പരിണാമം ആപത്കരമായിരിക്കും." (പേജ് 552–53)

ഭീകരവിപ്ലവപ്രസ്ഥാനത്തിനും ദേശീയസ്വാതന്ത്ര്യസമരപ്രസ്ഥാനത്തിനും, രണ്ടിനും, ഉള്ള പ്രധാനദോഷം അവയ്ക്കുള്ള പ്രചോദനം ഭാവാത്മകമല്ലെന്നതാണ്. ബ്രിട്ടീഷുകാരോടുള്ള വൈരമാണ് അവയുടെ പ്രചോദനം. ബ്രിട്ടീഷുകാരെ സ്നേഹിച്ചുകൊണ്ടാണ്, അഥവാ അവരുടെ സഹകരണത്തോടുകൂടിയാണ്, സ്വാതന്ത്ര്യസമരം വേണ്ടതെന്നാണ് ആർ. എസ്. എസ്. സ്ഥാപകന്റെ അഭിപ്രായം. ഇതെല്ലാമാണ് സ്വാതന്ത്ര്യസമരമുപേക്ഷിച്ച് അദ്ദേഹം ആർ. എസ്. എസ്. രൂപീകരിക്കാൻ കാരണം.

"ഈ വഴിക്ക് അഗാധമായി പരിചിന്തിച്ചതിനുശേഷം ജനതയുടെ മനോഭാവത്തിൽ പൂർണവിപ്ലവം വരുത്തുകയെന്നതാണ് ഇന്നത്തെ അടിയന്തരപ്രാധാന്യമുള്ള ആവശ്യം എന്നു ഡോക്ടർജി മനസ്സിലാക്കി. വിദേശാധിപത്യം ഉൾപ്പെടെ നമ്മുടെ രാഷ്ട്രത്തെ ഇന്നു പിടികൂടിയിട്ടുള്ള എല്ലാ രോഗങ്ങൾക്കുമുള്ള ഒറ്റമൂലിക ഈ മാനസികവിപ്ലവമാണ്; ഭൗതികവിപ്ലവമല്ല. ഓരോ വ്യക്തിയെയും പ്രത്യേകം പ്രത്യേകമായെടുത്ത് സംഘടിത ദേശീയജീവിതത്തിനു യോഗ്യമായ രൂപം കൊടുത്ത് ജനതയുടെ മുഴുവൻ മനോഭാവത്തിലും ചിന്താസരണിയിലും സ്വഭാവത്തിലും സമഗ്രമായ പരിവർത്തനമുണ്ടാക്കാനാണ് പ്രയത്നിക്കേണ്ടതെന്നും അത് ആർഭാടങ്ങളും പ്രചരണങ്ങളും ഒഴിവാക്കി നിശ്ശബ്ദവും നിരന്തരവും ഏകാഗ്രവുമായ സമീപനം കൊണ്ടു മാത്രമേ സാധ്യമാകൂ എന്നും അദ്ദേഹത്തിന് അറിയാമായിരുന്നു.... ഈ വിചാരം മനസ്സിൽ വെച്ചുകൊണ്ട് സംഘസ്ഥാപകൻ സംഘത്തിന്റെ ചട്ടക്കൂട് തീർത്തു." (പേജ് 553–54)

വിപ്ലവം സംഘടിപ്പിക്കാനാണ് ഹെഡ്ഗേവാറിന്റെ പുറപ്പെടെന്നു കണ്ടപ്പോൾ ആദ്യം സംശയമായി: ഇദ്ദേഹമല്ലേ ആദ്യം വിപ്ലവം ഉപേക്ഷിച്ച് സ്വാതന്ത്ര്യസമരത്തിലേക്ക് എടുത്തുചാടിയെന്നു പറഞ്ഞത്? എന്നിട്ട് ഇപ്പോൾ

വീണ്ടും വിപ്ലവമോ? രാഷ്ട്രത്തെ പിടികൂടിയിട്ടുള്ള എല്ലാ രോഗങ്ങൾക്കുമുള്ള ഒറ്റമൂലികയാണ് ആ വിപ്ലവം. അപ്പോഴും സംശയം: ഇദ്ദേഹം ഭഗത്സിംഗിന്റെ പുനരവതാരമോ? അപ്പോഴാണ് മാനസികപരിവർത്തനമാണുദ്ദേശിച്ചതെന്നു വ്യക്തമാകുന്നത്. ഈ ഉദ്ദേശ്യസാധ്യത്തിനാണ് ആർ. എസ്. എസ്സ്. സ്ഥാപിച്ചത്. ഇപ്പോൾ സംശയമെല്ലാം തീർന്നില്ലേ?

**ആർ. എസ്. എസ്സിന്റെ കാര്യപദ്ധതി**

"നമ്മുടെ കാര്യപദ്ധതിയിൽ മുഖ്യമായും ജനശ്രദ്ധ ആകർഷിക്കുന്നത് സംഘത്തിന്റെ ദൈനന്ദിനപരിപാടിയാണ്. തുറന്ന കളിസ്ഥലം. കാവിക്കൊടിയുടെ കീഴിൽ യുവാക്കന്മാരുടെയും ബാലന്മാരുടെയും ഗണങ്ങൾ ഭാരതീയമായ പല തരം കളികൾ കളിക്കുന്നു. ആനന്ദോല്ലാസത്തിന്റെ ധ്വനികളും പ്രതിധ്വനികളും അന്തരീക്ഷത്തിൽ നിറഞ്ഞുതുളുമ്പുന്നു. 'കബഡീ', 'കബഡീ' എന്ന വിളിയുമായി മുന്നോട്ടു പായുന്ന ആ യുവവീരന്മാരെ കണ്ടാൽതന്നെ ഹൃദയം ഉത്ഫുല്ലമാവും. നേതാവിന്റെ വിസിലിനും ആജ്ഞയ്ക്കും അവരുടെമേൽ മാന്ത്രികശക്തിതന്നെയുണ്ട്. തൽക്ഷണം പൂർണനിശ്ശബ്ദതയും ചിട്ടയും വന്നുകഴിഞ്ഞു. പിന്നീട് വ്യായാമം, ദണ്ഡപ്രയോഗങ്ങൾ, സൂര്യനമസ്കാരം, സഞ്ചലനം മുതലായ കാര്യക്രമം നടത്തുകയായി. കൂട്ടായ പ്രയത്നത്തിന്റെ ആവേശവും കണിശമായ അനുശാസനവും പരിപാടിയിലാകെ നിറഞ്ഞുനിൽക്കുന്നു. പിന്നീട് വൃത്തത്തിലിരുന്ന് രാഷ്ട്രസ്നേഹനിർഭരങ്ങളായ സംഘഗീതങ്ങൾ പാടുന്നു. ചർച്ചകൾ നടത്തുന്നു. ദേശീയജീവിതത്തെ സ്പർശിക്കുന്ന പ്രശ്നങ്ങളിലേക്ക് അവർ ആഴ്ന്നിറങ്ങുന്നു. അവസാനം ധ്വജത്തിനു മുന്നിൽ വരിവരിയായി നിന്നു പ്രാർഥന ചൊല്ലുന്നു. 'നമസ്തേ സദാ വത്സലേ മാതൃഭൂമേ' എന്ന് അതിന്റെ പ്രതിധ്വനി വായുവിൽ മുഴങ്ങി ആത്മാവിനെ ആന്ദോളനം ചെയ്യുന്നു. 'ഭാരത് മാതാ കീ ജയ്' എന്ന ഹൃദയത്തിന്റെ ഉദ്ഘോഷം പരിപാടിയെ പൂർണതയും പ്രേരണയുമേകി സമ്പന്നമാക്കുന്നു. ഹിന്ദുസ്ഥാനമങ്ങോളമിങ്ങോളം മഹാനഗരങ്ങളിലും പട്ടണങ്ങളിലും മാത്രമല്ല, വിദൂരങ്ങളായ ഗ്രാമങ്ങളിലും മലയോരങ്ങളിലും താഴ്വരകളിലും ഈ പ്രേരണാദായകമായ കാഴ്ച്ചകളും ആത്മാവിനെ ഇളക്കിമറിക്കുന്ന പാട്ടുകളും പതിവായി കൃത്യസമയത്ത് പ്രഭാതത്തിലും പ്രദോഷത്തിലും, പകലും രാത്രിയും, നിത്യേന നമ്മെ സ്വാഗതം ചെയ്യുന്നു. അതിനെയാണ് ശാഖ എന്നു നാം വിളിക്കുന്നത്." (പേജ് 554–55)

ആർ. എസ്. എസ്സിന്റെ കാര്യപദ്ധതിയുടെയും ശാഖയുടെയും ഏകദേശരൂപം മനസ്സിലായില്ലേ? എന്തൊരു പട്ടാളച്ചിട്ട! കൃത്രിമമായ അച്ചടക്കം!

**ആർ. എസ്. എസ്. ചിഹ്നം ഭഗവദ്ധ്വജം**

"ഏകീകൃതവും അനുശാസനാബദ്ധവുമായ ദേശീയജീവിതം കെട്ടിപ്പടുക്കുക എന്ന ആദർശത്തിനിണങ്ങിയ പദ്ധതി, ചിഹ്നം, മന്ത്രം, പെരുമാറ്റച്ചട്ടം എന്നിവ നമ്മളും മെനഞ്ഞെടുത്തിട്ടുണ്ട്. നാം തിരഞ്ഞെടുത്തിട്ടുള്ള മഹത്തും സ്ഫൂർത്തിദായകവുമായ ചിഹ്നം അനശ്വരമായ ഭഗവധ്വജമാണ്. സംസ്ഥാനം, ജാതി, മതം, ഭാഷ,സമ്പ്രദായങ്ങൾ മുതലായ കടമ്പകൾ മറികടന്നുകൊണ്ട് നമ്മുടെ പുരാതനവും പവിത്രവും ഏകാത്മകവുമായ ദേശീയജീവിതത്തെ തനത് പരിശുദ്ധരൂപത്തിൽ അത് നമ്മുടെ കൺമുന്നിൽ കൊണ്ടുവരുന്നു. അനാദികാലം മുതൽ അത് നമ്മുടെ ധർമത്തിന്റെയും സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും ആദർശങ്ങളുടെയും പ്രതീകമായിരുന്നു. അത് ആദർശശാലിതയുടെയും ആത്മത്യാഗത്തിന്റെയും സന്ദേശം നൽകുന്ന യാഗാഗ്നിയുടെ വർണത്തെ പ്രതിനിധാനം ചെയ്യുന്നു. ഇരുട്ടകറ്റി ചുറ്റും വെളിച്ചം പ്രദാനം ചെയ്യുന്ന ഉദയസൂര്യന്റെ അരുണച്ഛവിയാണതിനുള്ളത്. ഭൗതികവും ആത്മീയവുമായ നമ്മുടെ എല്ലാ പ്രയത്നങ്ങൾക്കും വഴികാട്ടിയായ ധ്രുവനക്ഷത്രമായി അത് നിലകൊള്ളുന്നു. നമ്മുടെ ചരിത്രത്തിൽ ഓരോ ഏടിനും പിഴയ്ക്കാത്ത സാക്ഷിയണത്. സാമ്രാജ്യങ്ങളുടെ ഉദയാസ്തമനങ്ങൾക്കും ത്യാഗങ്ങൾക്കും അതുതന്നെ സാക്ഷി. യുഗയുഗങ്ങളായി ഈ നാട്ടിലെ ജനകോടികളുടെ സ്വപ്നങ്ങളുടെ പ്രതീകമായിരുന്നു അത്. ചുരുക്കത്തിൽ അത് നമ്മുടെ രാഷ്ട്രത്തിന്റെ പരമോന്നതവും പരമശ്രേഷ്ഠവും യഥാർഥവുമായ പ്രതീകമാണ്." (പേജ് 557)

ഭഗവധ്വജമെന്ന ആർ. എസ്. എസ്. കൊടിയുടെ ദേശ–പാരമ്പര്യാദിയാഗാഗ്നിപര്യന്തമുള്ള യഥാർഥപ്രതീകാത്മകത്വം ഇപ്പോൾ സംശയലേശമെന്യേ സ്ഫുടമായല്ലോ!

"നമ്മുടെ സാംസ്കാരികപൈതൃകത്തിന്റെ മറ്റൊരു സവിശേഷത ധർമത്തിനും സംസ്കൃതിക്കും ഒരേയൊരു പരമപ്രമാണമായി ഒരു ഗ്രന്ഥത്തെയും സ്വീകരിച്ചില്ലെന്നതാണ്... ഉദാത്തമായ ആ സാംസ്കാരികപാരമ്പര്യത്തിന് യോജിച്ച തരത്തിൽ ഏതെങ്കിലും വ്യക്തിയെയോ ഗ്രന്ഥത്തെയോ പ്രമാണമായി മുന്നിൽ വെക്കാതെ നമ്മുടെ ദേശീയജീവിതത്തിന്റെ മഹിമയുടെയും ശ്രേഷ്ഠതയുടെയും പ്രതീകമായ ഭഗവധ്വജത്തെ പരമാദരപാത്രമാക്കുകയും അതുവഴി സമ്പൂർണരാഷ്ട്രത്തോടും പരിശുദ്ധമായ ഭക്തി ഉണർത്താൻ പരിശ്രമിക്കുകയും ചെയ്യുന്നു." (പേജ് 559)

ഭാരതീയസംസ്കാരപൈതൃകത്തിനും *ഭഗവദ്ഗീത*യ്ക്കുമെല്ലാം വിരുദ്ധമാണ് ആർ. എസ്. എസ്സിന്റെ ഈ സവിശേഷതയെന്ന ഗോൾവൽക്കറുടെ സൂചന ശ്രദ്ധേയമാണ്. പാരമ്പര്യത്തെ ഉൾക്കൊള്ളുന്നതോ പോകട്ടെ, അതിനെ ആദരിക്കുക പോലും ചെയ്യാത്ത ഒരു സംഘടനയെ ദേശവിരുദ്ധമെന്നും ദേശദ്രോഹപരമെന്നുമ

ല്ലതെ എങ്ങനെയാണ് വിശേഷിപ്പിക്കുക!

**ആർ. എസ്. എസ്സിന്റെ ദേശീയോത്സവങ്ങൾ**

"അതിനു പുറമെ സംഘം വളർത്തിക്കൊണ്ടുവന്ന ദേശീയോത്സവങ്ങളുടെ പാരമ്പര്യം ബഹുജനങ്ങളെ നമ്മുടെ യഥാർഥവും ഏകാത്മകവുമായ ദേശീയജീവിതത്തിലേക്കുണർത്തുന്ന ശക്തമായ മാധ്യമമാണ്. വർഷപ്ര തിപദ അഥവാ യുഗാദി ഹിന്ദുപുതുവത്സരദിനമാണ്. നമ്മുടെ യുഗനിർമാതാക്കളെയും അവരുടെ അനശ്വര മായ നേട്ടങ്ങളെയും അത് അനുസ്മരിപ്പിക്കുന്നു. അതുതന്നെ നമ്മുടെ സംഘസ്ഥാപകന്റെ ജന്മദിനമായത് സുഖദമായ സംയോഗമാണ്. ഹിന്ദുസാമ്രാജ്യദിനോത്സവം (ജ്യേഷ്ഠശുദ്ധത്രയോദശി) എണ്ണൂറുവർഷത്തെ മുസ്ലീം ഭരണമർദനത്തിന്റെമേൽ ഹിന്ദുശക്തി ശിവാജിയുടെ ധീരനേതൃത്വത്തിൻ കീഴിൽ നടത്തിയ വിജയം ഘോഷിക്കുന്നു... ഗുരുപൂജ (ആഷാഢപൂർണിമ) പരമ്പരാഗതമായി ശിഷ്യൻ ഗുരുവിനെ പൂജിക്കുന്ന ദിന മാണ്. സംഘം അതിനു ദേശീയസ്വഭാവം കൊടുത്തു. അന്നാണ് നമ്മുടെ രാഷ്ട്രത്തിന്റെയും ധർമത്തി ന്റെയും പ്രതീകമായ ഭഗവധ്വജത്തെ ഗുരുവെന്ന നിലയിൽ സംഘം പൂജിക്കുന്നത്. രക്ഷാബന്ധനം (ശ്രാ വണപൂർണിമ) നാമെല്ലാം ഒരേ മാതൃഭൂമിയുടെ മക്കളാണെന്ന് ഓർമിപ്പിക്കുന്നു. നാം ഈ ദിനത്തിൽ സാഹോ ദര്യചിഹ്നമായ രാഖി ബന്ധിക്കുന്നു. വിജയദശമി (ആശ്വിനശുദ്ധദശമി) ദുഷ്ടശക്തികളുടെമേൽ നാം നട ത്തിയ വിജയങ്ങളുടെ ഉജ്ജ്വലമായ പാരമ്പര്യങ്ങളുടെ സ്മരണകളെ ഉണർത്തുന്നു. അന്ന് സംഘത്തിന്റെ ജന്മനാൾ കൂടിയാണ്. മകരസംക്രമണം പ്രകൃതി ഇരുട്ടിൽനിന്നു വെളിച്ചത്തിലേക്കു പോകുന്ന ദിവസം. സ്വാർഥതയുടെ അന്ധകാരത്തിൽനിന്നു ദേശീയപ്രബുദ്ധതയുടെ പ്രകാശത്തിലേക്ക് ആ ദിവസം നമ്മെ മാടി വിളിക്കുന്നു." (പേജ് 560–61)

കടിച്ചാൽ പൊട്ടാത്ത ഈ വിശേഷദിവസങ്ങളുടെ പേരുകൾ വിദ്യാസമ്പന്നരായ ഏതാനും പേരൊഴിച്ച് മറ്റു സവർണഹിന്ദുക്കൾക്കുപോലും ഓർമിക്കാനും ആചരിക്കാനും വിഷമമാണ്. ഭാരതീയരായ കോടിക്കണക്കിന് അവർണഹിന്ദുക്കളുടെയും ദളിതരുടെയും അന്യമതസ്ഥരുടെയും കാര്യം പറയാനേയില്ല. ഇവയിൽ പലതി ന്റെയും ഉല്പത്തിചരിത്രവിവരണം വർഗീയവിദ്വേഷമുളവാക്കാൻ പോരുന്നതുമാണ്. എപ്പോഴും യുദ്ധസന്ന ദ്ധരായി വീരമൃത്യു വരിക്കാൻ തയ്യാറായി നിന്നിരുന്ന രജപുത്രർക്ക് പരമ്പരാഗതമായ ആചാരമെന്ന നിലയ്ക്ക് രാഖി കെട്ടലൊക്കെ ഉത്തരേന്ത്യയിൽ പ്രസക്തമാണ്. ദക്ഷിണേന്ത്യയിൽ അടുത്ത കാലത്ത് ഇറക്കുമതി ചെയ്യ പ്പെട്ട ഇത്തരം ആചാരങ്ങൾക്ക് എന്ത് പ്രസക്തി?

**ഗുരുനാനാക്കിന്റെ വിഭജനവാദം**

"മേൽചെയ്ത വിവരണത്തിൽനിന്ന് സംഘം സമ്പൂർണരാഷ്ട്രത്തോടാണ് അനന്യമായ ഭക്തി വളർത്തുന്നത്. അല്ലാതെ ഏതെങ്കിലും വ്യക്തിയോടോ സ്ഥാപനത്തോടോ അല്ല എന്നു സ്പഷ്ടമാകുന്നു. ജീവസന്ദായിനി യായ ഇത്തരം ഭാവനയില്ലെങ്കിൽ ഏതെങ്കിലും സംഘടനയുടെ ബാഹ്യരൂപത്തിൽ മാത്രം അഭിമാനവും ആസക്തിയും വളർന്ന് രാഷ്ട്രവിഘടനത്തിന് ഒരു കാരണം കൂടിയാകും... ഉദാഹരണത്തിന് മുസ്ലീമാക്രമ ണത്തിന്റെ ഭീഷണകാലഘട്ടത്തിൽ പഞ്ചാബിൽ ഗുരുനാനാക് എന്ന യതിവര്യൻ അവതരിച്ചു. അദ്ദേഹം ജന ങ്ങളിൽ നമ്മുടെ പ്രാചീനധർമത്തിലുള്ള വിശ്വാസത്തിന്റെ കെട്ടടങ്ങാറായ തീക്കനൽ ഊതിക്കത്തിച്ചു... അദ്ദേഹം തന്റെ അനുയായികളിൽ അപ്രതിഹതമായ സൈനികവീര്യം സന്നിവേശിപ്പിക്കുകയും അവരെ വീരയോദ്ധാക്കളടങ്ങുന്ന ദിഗ്വിജയിയായ സൈന്യമാക്കിത്തീർക്കുകയും ചെയ്തു. പക്ഷേ, എന്തു ദൗർഭാ ഗ്യമെന്നു നോക്കൂ! ആ ഉജ്ജ്വലപ്രസ്ഥാനത്തിനു പ്രേരണ നൽകിയ ജന്മലക്ഷ്യം ഇന്നു വിസ്മരിക്കപ്പെട്ടിരി ന്നു. ബാഹ്യരൂപത്തോടുമാത്രം ആസക്തിപൂണ്ട ആ പ്രസ്ഥാനം വിഭജനവാദത്തിന്റെ ദുഷിച്ച ചിന്താഗതി കൾക്കു തല പൊക്കാൻ അവസരം കൊടുത്തു." (പേജ് 561–62)

ഗുരുനാനാക്കിന്റെ പ്രസ്ഥാനത്തിന് ഗോൾവൾക്കർ കണ്ട ദോഷം തന്റെ പ്രസ്ഥാനത്തിനും പതിന്മടങ്ങുണ്ടെന്ന വാസ്തവം, കാക്കയ്ക്ക് തൻകുഞ്ഞ് പൊൻകുഞ്ഞെന്നു പറഞ്ഞ മാതിരി, അദ്ദേഹത്തിന് തോന്നുകയില്ലെ ങ്കിലും മതമൈത്രിയും മതനിരപേക്ഷതയും കാത്തുസൂക്ഷിക്കണമെന്നു കരുതുന്നവർക്ക് തോന്നുമെന്നതിന് സംശയമില്ല.

**കോൺഗ്രസ് പിരിച്ചുവിടണമെന്ന ഗാന്ധിജിയുടെ ഉപദേശം**

"അന്നു കോൺഗ്രസ്സിനെ പിരിച്ചുവിടണമെന്ന ഗാന്ധിജിയുടെ ഉപദേശം ചെവിക്കൊള്ളാതെ രൂപത്തിലും നേതാ ക്കന്മാർ അതിന്റെ പേരിലും മുറുകെപ്പിടിച്ച് അതിന്റെ പണ്ടത്തെ നേട്ടവും സദ്ഭാവനയും ചൂഷണം ചെയ്ത് എന്നെന്നും അധികാരത്തിൽ തൂങ്ങിക്കിടക്കാമെന്നു വിചാരിച്ചു. തത്ഫലമായി അധികാരത്തിൽ തുടരാൻവേണ്ടി അധഃപതനത്തിലേക്ക് എത്ര ആണ്ടുപോവാനും ഇന്നവർക്ക് മനഃസാക്ഷിക്കുത്ത് തോന്നാതെയായിരിക്കുന്നു." (പേജ് 562)

മൂന്നുപതിറ്റാണ്ടോളം ഭരണം നടത്തിയപ്പോൾ ഈ അധികാരമദമാണ് ഇന്ദിരാഗാന്ധിയെ അർധഫാസിസ്റ്റ്ഭരണ ത്തിലേക്കു നയിച്ചത്. അടിയന്തരാവസ്ഥയുടെ അനുഭവത്തിൽനിന്നൊന്നും അവർ പാഠം പഠിച്ചില്ല. സത്യ ത്തിൽ കോൺഗ്രസ്സിന്റെ ദുർഭരണവും അഴിമതിയുമാണ് നവലിബറൽനയങ്ങളിലേക്കും മറ്റു ദുഷ്പ്രവണത

കളിലേക്കും അവരെ നയിച്ചത്. കോൺഗ്രസ്സിന്റെ ജനവിരുദ്ധനയങ്ങളാണ് ആർ. എസ്. എസ്സിന്റെ നിയന്ത്രണത്തിലുള്ള ബി. ജെ. പി. ഭരണത്തിലേക്ക് രണ്ടു തവണ ഇന്ത്യയെ നയിച്ചത്. പഴയ കടത്തുകാരന്റെ കഥയിൽ കാണുന്നപോലെ, അച്ഛൻ മുട്ടോളം വെള്ളത്തിലേ തോണി നിർത്തിയിരുന്നുള്ളുവെങ്കിൽ മകൻ അരയോളം വെള്ളത്തിൽ നിർത്തുന്ന നിലയായി. കോൺഗ്രസ്സാണ് തമ്മിൽ ഭേദം എന്നു ജനങ്ങൾ ചിന്തിച്ചുതുടങ്ങി. അവർക്ക് അഴിമതിയേ ഉള്ളൂ. ഇവർക്ക് അതിന്റെ കൂടെ വർഗീയത കൂടിയുണ്ട്.

"മേൽചെയ്ത വിവരണത്തിൽനിന്ന് സംഘം സമ്പൂർണരാഷ്ട്രത്തോടാണ് അനന്യമായ ഭക്തി വളർത്തുന്നത്. അല്ലാതെ ഏതെങ്കിലും വ്യക്തിയോടോ സ്ഥാപനത്തോടോ അല്ല എന്നു സ്പഷ്ടമാകുന്നു. ജീവസന്ദായിനിയായ ഇത്തരം ഭാവനയില്ലെങ്കിൽ ഏതെങ്കിലും സംഘടനയുടെ ബാഹ്യരൂപത്തിൽ മാത്രം അഭിമാനവും ആസക്തിയും വളർന്ന് രാഷ്ട്രവിഘടനത്തിന് ഒരു കാരണം കൂടിയാകും... ഉദാഹരണത്തിന് മുസ്ലീമാക്രമണത്തിന്റെ ഭീഷണകാലഘട്ടത്തിൽ പഞ്ചാബിൽ ഗുരുനാനാക് എന്ന യതിവര്യൻ അവതരിച്ചു. അദ്ദേഹം ജനങ്ങളിൽ നമ്മുടെ പ്രാചീനധർമത്തിലുള്ള വിശ്വാസത്തിന്റെ കെട്ടടങ്ങാറായ തീക്കനൽ ഊതിക്കത്തിച്ചു... അദ്ദേഹം തന്റെ അനുയായികളിൽ അപ്രതിഹതമായ സൈനികവീര്യം സന്നിവേശിപ്പിക്കുകയും അവരെ വീരയോദ്ധാക്കളടങ്ങുന്ന ദിഗ്‌വിജയിയായ സൈന്യമാക്കിത്തീർക്കുകയും ചെയ്തു. പക്ഷേ, എന്തു ദൗർഭാഗ്യമെന്നു നോക്കൂ! ആ ഉജ്ജ്വലപ്രസ്ഥാനത്തിനു പ്രേരണ നൽകിയ ജന്മലക്ഷ്യം ഇന്നു വിസ്മരിക്കപ്പെട്ടിരിക്കുന്നു. ബാഹ്യരൂപത്തോടുമാത്രം ആസക്തിപൂണ്ട ആ പ്രസ്ഥാനം വിഭജനവാദത്തിന്റെ ദുഷിച്ച ചിന്താഗതികൾക്കു തല പൊക്കാൻ അവസരം കൊടുത്തു." (പേജ് 561–62)

ഇതേ വിപത്തുതന്നെ ആർ. എസ്. എസ്സിനെയും കാത്തുനില്പുണ്ട്. കാരണം, ഇതേ ദോഷങ്ങൾതന്നെയാണ് ആ സംഘടനയെയും ബാധിച്ചിരിക്കുന്നത്. ഇപ്പോൾ കുറച്ചുകാലമായി ഭരണത്തിന്റെ പണക്കൊഴുപ്പും പ്രതാപവും സംഘത്തെ ലഹരിപിടിപ്പിച്ചിരിക്കുന്നു. ഇത്തവണ ധനമന്ത്രി നിർമലാസീതാരാമൻ അവതരിപ്പിച്ച ബജറ്റ് നോക്കൂ. പാവങ്ങൾക്ക് മുൻപ് കിട്ടിയിരുന്ന പേരിനുള്ള ആനുകൂല്യംപോലും പിൻവലിച്ച് കോർപ്പറേറ്റുകൾക്ക് വാരിക്കോരി സൗജന്യങ്ങൾ നിരത്തിയിരിക്കുന്നു!

**പോഷകസംഘടനകൾ വേണ്ട**

"അതുകൊണ്ടാണ് സമാജത്തിന്നുള്ളിൽ വേറിട്ടുനിൽക്കുന്ന സംഘടന കെട്ടിപ്പടുക്കുക എന്ന ആശയത്തെ സംഘം ഒരിക്കലും വളർത്തിക്കൊണ്ടുവരാത്തത്." (പേജ് 563)

തന്റെ കാലത്തുതന്നെ ഒന്നിലേറെ പോഷകസംഘടനകൾ വളർത്തിക്കൊണ്ടുവന്ന് ഈ നേതാവ് സ്വയം പ്രതിജ്ഞാലംഘനം നടത്തിയിട്ടുണ്ട്. ഇപ്പോഴാകട്ടെ, പരസ്യമായും രഹസ്യമായും എത്രയെത്ര അത്തരം സംഘടനകളാണ്! ഏതെങ്കിലുമൊരു സംഘടനയെക്കൊണ്ട് ഓരോ ദുഷ്കൃത്യം ചെയ്യിച്ച് പിന്നീട് തള്ളിപ്പറയുന്ന പതിവാണ് അവർക്ക്. പലപ്പോഴും പ്രതികൾ രക്ഷപ്പെടും.

"ആ സമാജത്തിനുള്ളിൽത്തന്നെ സുശക്തമായ വിഭാഗത്തെ വളർത്തിക്കൊണ്ടുവരിക എന്ന ആശയം ചിലപ്പോൾ അതിനെ സ്വകാര്യസേനയാക്കിത്തീർത്തേക്കാം. സ്വതന്ത്രവും സമൃദ്ധവുമായ ദേശീയവളർച്ചയെ സംബന്ധിച്ചിടത്തോളം അത്യധികം ആപദ്ഗർഭിതമാണ്. ഇത് അങ്ങനെയുള്ള വിഭാഗങ്ങൾ കൊള്ളിമീൻ പോലെ ജർമനി, ഇറ്റലി, ചീന, റഷ്യ മുതലായ രാഷ്ട്രീയനഭോമണ്ഡലങ്ങളിൽ പൊടുന്നനെ പൊങ്ങിവരികയും അവിടങ്ങളിലെല്ലാം സർവാധിപത്യം സ്ഥാപിക്കുകയും ചെയ്തതായി നമുക്കറിയാം." (പേജ് 564)

അനുയായികളെ സമർഥമായി കള്ളം പറയാൻ പരിശീലിപ്പിച്ച നേതാവാണല്ലോ ഗോൾവൾക്കർ. ഇതിന്റെ മുന്തിയ ഉദാഹരണാണിത്. ഇതേ വിദേശരാജ്യങ്ങളെയാണ്, വിശേഷിച്ച് ജർമനിയെയും ഇറ്റലിയെയും, ആർ. എസ്. എസ്. മാതൃകയാക്കിയിട്ടുള്ളത്.

**ക്രിക്കറ്റ്കളിയും കബഡിയും**

"ക്രിക്കറ്റ്കളി നോക്കൂ. അതിവിടെ പരിഷ്കാരമായിട്ടുണ്ടെന്നു മാത്രമല്ല, കോടിക്കണക്കിനുറുപ്പിക ആവശ്യമായിട്ടുള്ള ചെലവിനമായിട്ടുണ്ടെന്ന വസ്തുത ഇംഗ്ലീഷുകാർ ഇന്നും നമ്മുടെ മനസ്സിനെയും ബുദ്ധിയെയും കീഴടക്കുകയാണെന്നു മാത്രമാണ് കാണിക്കുന്നത്." (പേജ് 625)

ഇക്കണക്കിന് ഇംഗ്ലീഷോ മറ്റു പാശ്ചാത്യഭാഷകളോ പഠിക്കരുതെന്നും ആർ. എസ്. എസ്. നേതാക്കൾ പറയുമല്ലോ. എന്തൊരു വിജ്ഞാനവിരോധം!

"എന്തുകൊണ്ട് പല രാജ്യങ്ങളും ഒന്നാന്തരമെന്നുദ്ഘോഷിച്ച നമ്മുടെ ദേശീയകളിയായ 'കബഡി' കളിക്കാനവർ തയ്യാറായില്ല?" (പേജ് 625–26)

കേരളത്തിൽ കബഡിയല്ല, തലപ്പന്തുകളിയാണ് നാട്ടിൻപുറത്തുകാർക്കിഷ്ടം. ഇതിലൊക്കെ അഭിരുചി പ്രധാനമാണല്ലോ.

**ബ്രാഹ്മണവിവാഹച്ചടങ്ങ്**

"നമുക്ക് വിവാഹം 'ധാർമിക'ച്ചടങ്ങാണ്. സ്വീകരണസമയത്തു മാത്രമല്ല മന്ത്രോച്ചാരണസമയത്തുപോലും വരൻ

അടിമുടി ഇംഗ്ലീഷുകാരനെപ്പോലെ വേഷം കെട്ടിയാണ് ഇരിക്കാറുള്ളത്.” (പേജ് 626)

ബ്രാഹ്മണവിവാഹമേ ഗോൾവൾക്കർക്കു പരിചയമുള്ളൂ എന്നു തോന്നുന്നു. മന്ത്രോച്ചാരണമൊക്കെ അവർക്കു മാത്രമല്ലേ? അതിൽത്തന്നെ ബ്രാഹ്മണസ്ത്രീക്കു മന്ത്രോച്ചാരണത്തിന് അധികാരമുണ്ടോ? ശൂദ്രർക്കും അവർണർക്കും ദളിതർക്കുമൊക്കെ എന്തു മന്ത്രോച്ചാരണം?

**പുരാണേതിഹാസങ്ങൾ ചരിത്രംതന്നെ**

“കർത്തവ്യത്തിനുവേണ്ടിയുള്ള വിപത്കരമായ ജീവിതയാത്രയുടെ ധ്രുവനക്ഷത്രമായി ശ്രീരാമചന്ദ്രന്റെ ഉജ്ജ്വലമായ ഉദാഹരണം” ചൂണ്ടിക്കാട്ടിക്കൊണ്ട് രാമായണകഥ വിവരിക്കവേ, “അയോധ്യയിൽ തിരിച്ചെത്തി പട്ടാഭിഷേകം കഴിച്ചുവെങ്കിലും രാജ്യകർത്തവ്യങ്ങൾ പാലിക്കാൻവേണ്ടി സീതയെ ഉപേക്ഷിക്കേണ്ടിവന്നു.” (പേജ് 627)

**സംഘടനകളിലെ പിളർപ്പ്**

“നമുക്കിന്നാലോചിക്കാനുള്ളത് ഇതാണ്. ഒരു പ്രത്യേകത വ്യക്തിജീവിതത്തിനുണ്ടെങ്കിലും ഇല്ലെങ്കിലും ആ

**ജനാധിപത്യം**

"ആരോഗ്യകരമായ മത്സരത്തിന്റെ ഭാവന വെച്ചുകൊണ്ട് പ്രവർത്തിക്കുന്ന രണ്ടു കക്ഷികളുണ്ടായിരിക്കുന്നത് അഭികാമ്യമല്ലേ എന്നു ചോദിക്കാം. അപ്പോൾ ഒന്നു മറ്റേതിന്റെ തെറ്റു തിരുത്തി ഒറ്റക്കക്ഷിയുടെയോ ഒറ്റവ്യക്തിയുടെയോ സ്വേച്ഛാധിപത്യത്തിന്റെ വിഷം രാഷ്ട്രശരീരത്തെ ബാധിക്കാതെ നോക്കുമല്ലോ. ജനാധിപത്യ വ്യവസ്ഥയിൽ ഈ രക്ഷാസംവിധാനം തീർച്ചയായുമുണ്ട്." (പേജ് 566)

എങ്കിൽപ്പിന്നെ ജനാധിപത്യത്തെ ഇടയ്ക്കിടെ തള്ളിപ്പറയുന്നതെന്തിനാണ്? രാജാധിപത്യത്തെയും പ്രാചീനപാരമ്പര്യത്തെയും ഗൃഹാതുരതയോടെ അയവിറക്കുന്നതെന്തിനാണ്?

**ആർ. എസ്. എസ്സിന്റെ തനിനിറം**

"പ്രാരംഭകാലത്ത് കോൺഗ്രസ് പ്രവർത്തകന്മാർ സംഘപ്രവർത്തനവുമായി തുറന്നു സഹകരിച്ചിരുന്നുവെന്നതാണ് നമ്മുടെ അനുഭവം. സംഘസ്ഥാപനത്തിനുശേഷവും നമ്മുടെ സ്ഥാപകൻ കോൺഗ്രസ്സിന്റെ പ്രസ്ഥാനങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. എന്നാൽ 1937–ൽ പല സംസ്ഥാനങ്ങളിലും കോൺഗ്രസ് മന്ത്രിസഭകൾ രൂപീകരിച്ചതിനുശേഷം അതു രാഷ്ട്രീയപുറന്തോടിനുള്ളിലേക്കു ചുരുങ്ങിക്കൂടുകയും അതിന്റെ പ്രവർത്തകന്മാർ സംഘത്തിന്റെ പരിപാടികളിൽ പങ്കെടുക്കുന്നതിന വിലക്കുകയും അങ്ങനെ നമ്മുടെ രാഷ്ട്രീയരംഗത്ത് പുതിയ അയിത്തത്തിന്റെ വിഷം കടത്തിവിടുകയും ചെയ്തു." (പേജ് 570)

ആത്മാർഥതയുള്ള ചില നേതാക്കളെങ്കിലും ആദ്യകാലത്ത് കോൺഗ്രസ്സിലുണ്ടായിരുന്നു. അവർക്ക് ആർ. എസ്. എസ്സിന്റെ തനിനിറം അല്പകാലംകൊണ്ടുതന്നെ ബോധ്യമായിട്ടുണ്ടാവും.

**ആർ. എസ്. എസ്സുകാരൻ**

"സ്വയംസേവകനെന്നാൽ ഇന്നു കണക്കാക്കപ്പെടുന്നതുപോലെ യൂണിഫോറമിട്ടുകൊണ്ട് പൊതുസ്ഥലങ്ങളിൽ വിഹരിക്കുകയും ശാരീരികപ്രകടനങ്ങൾ നടത്തുകയും ചെയ്യുന്ന വെറും സന്നദ്ധഭടനല്ല; മറ്റുള്ളവരുടെ കല്പനപ്രകാരം കൂലിയില്ലാതെ വേല ചെയ്യുന്നവനുമല്ല. ദേശീയവീക്ഷണമുള്ള ധ്യേയസേവകനാണ് സ്വയംസേവകൻ." (പേജ് 582)

ഏട്ടിലെ പശു പുല്ലു തിന്നില്ല. സ്വയംസേകനെന്നാൽ തനിക്രിമിനൽ എന്നാണ് പൊതുസമൂഹത്തിന്റെ വ്യക്തമായ ധാരണ.

**സംഭാവന വേണ്ട**

"നിധിശേഖരണത്തിനും മാസികമോ വാർഷികമോ ആയ വരിസംഖ്യ പിരിക്കലിനും സംഘത്തിൽ സ്ഥനമില്ല." (പേജ് 583)

വരിസംഖ്യ പിരിച്ചാൽ അതിനു കണക്കുവെക്കണമല്ലോ. ഇപ്പോൾ മെഡിക്കൽ കോഴ അഴിമതിയിലും അതുപോലുള്ള മറ്റഴിമതികളിലും മുങ്ങിക്കുളിച്ചിരിക്കയാണ് ആർ. എസ്. എസ്സുകാർ. കേരളത്തിൽ അതു പാട്ടാണ്! അഖിലേന്ത്യാതലത്തിൽ അതിൽ എത്രയോ ഇരട്ടിയായിരിക്കും.

"1948–ൽ സർക്കാർ നീതിയുടെയും ന്യായത്തിന്റെയും തത്വങ്ങളെ ഒന്നടങ്കം അവഗണിച്ചുകൊണ്ട് സംഘത്തെ നിരോധിച്ചപ്പോൾ രാഷ്ട്രജീവിതത്തിൽ സത്യത്തിന്റെയും നീതിയുടെയും പക്ഷത്തെ സമർഥിക്കാൻ സംഘത്തിനു ദേശവ്യാപകസമരം ചെയ്യേണ്ടിവന്നു. ഭരണകൂടം സർവശക്തിയുമുപയോഗിച്ച് അടിച്ചമർത്താൻ ശ്രമിച്ചിട്ടും അത് പൂർണവിജയം നേടി." (പേജ് 590)

രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയെ ആർ. എസ്. എസ്സുകാരനായ നാഥൂറാം വിനായക് ഗോഡ്സേ വെടിവെച്ചുകൊന്നതുകൊണ്ടല്ലേ സംഘടനാനിരോധനം? ഗോഡ്സേ ആർ. എസ്. എസ്സുമായി ബന്ധമില്ലെന്നു പറഞ്ഞൊഴിയാൻ നോക്കിയതും പത്തുദിവസത്തെ പുലകൊണ്ടതുമെല്ലാം കപടമാണെന്നു സർക്കാരിനു ബോധ്യമായെന്നർഥം.

**പുരാണേതിഹാസങ്ങൾ ചരിത്രംതന്നെ**

"കർത്തവ്യത്തിനുവേണ്ടിയുള്ള വിപത്കരമായ ജീവിതയാത്രയുടെ ധ്രുവനക്ഷത്രമായി ശ്രീരാമചന്ദ്രന്റെ ഉജ്ജ്വലമായ ഉദാഹരണം" ചൂണ്ടിക്കാട്ടിക്കൊണ്ട് രാമായണകഥ വിവരിക്കവേ, "അയോധ്യയിൽ തിരിച്ചെത്തി പട്ടാഭിഷേകം കഴിച്ചുവെങ്കിലും രാജ്യകർത്തവ്യങ്ങൾ പാലിക്കാൻവേണ്ടി സീതയെ ഉപേക്ഷിക്കേണ്ടിവന്നു." (പേജ് 627)

ശ്രീരാമനെപ്പോലുള്ള പുരാണകഥാപാത്രങ്ങളെയൊക്കെ ചരിത്രപുരുഷരായി ചിത്രീകരിക്കുന്നത് കുറേ അപകടകരമാണ്. ഇനി മുതൽ തകഴിയുടെ *ചെമ്മീനി*ലെ കറുത്തമ്മയും പരീക്കുട്ടിയുമൊക്കെ ചരിത്രമെന്നു പഠിക്കേണ്ടിവരുമോ? സീതാപരിത്യാഗത്തെ രാജ്യകർത്തവ്യനിർവഹണത്തിന്റെ ഭാഗമായി കാണുന്ന ഗോൾവൽക്കറോട് ആർ. എസ്. എസ്. അനുഭാവമുള്ള സ്ത്രീകൾതന്നെ പ്രതിഷേധം രേഖപ്പെടുത്തുമെന്നു തീർച്ച.

**ഹിന്ദു–മുസ്‌ളീം വിവാഹം**

“1857–ലെ സ്വാതന്ത്ര്യസമരത്തിലെ കിടയറ്റ സേനാനിയായ താത്യാതോപ്പേയുടെ ജീവിതത്തിൽ ഇങ്ങനെയൊരു സംഭവമുണ്ടായി. അസീജാൻ എന്ന ഒരു യുവമുസ്ലീംനർത്തകി അദ്ദേഹത്തിന്റെ പുരുഷസൗന്ദര്യത്തിൽ ആകൃഷ്ടയായി. തന്റെ എല്ലാ വശീകരണശക്തികളും താത്യായുടെ ഹൃദയം കവരാനായി അവൾ പ്രയോഗിച്ചു. എന്നാൽ താത്യാ പറഞ്ഞത്: ‘എന്റെ ജീവിതത്തിലെ ഒരേ ഒരഭിലാഷം ഇംഗ്ലീഷുകാരെ എന്റെ നാട്ടിൽനിന്നു പുറത്താക്കലാണ് എന്നു നിനക്കറിയാമല്ലോ. എന്നിൽ അതല്ലാതെ മറ്റൊരു ചിന്തയ്ക്കും സ്ഥാനമില്ല. നീ എന്നെ യഥാർഥത്തിൽ പ്രേമിക്കുകയും എന്റെ ഹൃദയം ആഹ്ലാദം കൊള്ളണമെന്നു വിചാരിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ ഈ ശ്രേഷ്ഠകൃത്യം നിറവേറ്റാൻ വേണ്ടി എന്റെ കൂടെ ചേരൂ.’ അസീജാൻ ഉടനെ സമ്മതിച്ചു. തന്റെ സമ്പത്ത് മുഴുവൻ അവൾ താത്യാക്ക് സമർപ്പിച്ചു. അദ്ദേഹത്തിന്റെ നിർദേശങ്ങൾ നടപ്പിലാക്കാനായി ഇംഗ്ലീഷുകാരെ വശീകരിക്കുകയും അവരുടെ പരിപാടികളെപ്പറ്റി ദേശീയസമരനേതാക്കൾക്ക് അറിവു കൊടുക്കുകയും ചെയ്തു. അവൾ വീരോചിതമായ തന്റെ മരണം വരെ അവൾ അദ്ദേഹത്തിന്റെ വിശ്വസ്തയായി തുടർന്നു.” (പേജ് 649–50)

യുവതീയുവാക്കൾ തമ്മിലുള്ള പ്രണയം, ഹിന്ദു–മുസ്‌ളീങ്ങൾ തമ്മിലും ആവാമെന്ന് ഗോൾവൽക്കറെപ്പോലുള്ളൊരു മുസ്ലീം വിരോധി ഇപ്പോഴെങ്കിലും സമ്മതിച്ചല്ലോ!

**സംഘടനകളിലെ പിളർപ്പ്**

“നമുക്കിന്നാലോചിക്കാനുള്ളത് ഇതാണ്. ഒരു പ്രത്യേകത വ്യക്തിജീവിതത്തിനുണ്ടെങ്കിലും ഇല്ലെങ്കിലും ആ സംഗതി സംഘടനയുടെ ഭാവിയെ ബാധിക്കേണ്ടതില്ല. നമ്മുടെ രാജ്യത്തുള്ള ആധുനികവും പ്രാചീനവുമായ പ്രസ്ഥാനങ്ങളുടെ ചരിത്രം കാണിക്കുന്നത് ആ വക പ്രസ്ഥാനങ്ങളെല്ലാം തന്നെ കുറച്ചു കാലത്തേക്ക് ഐശ്വര്യത്തിൽ നടക്കുകയും പ്രവർത്തനങ്ങൾ ഉരസൽ കൂടാതെ മുന്നേറുകയും ചെയ്യുമെങ്കിലും പിൽക്കാലത്ത് അംഗങ്ങളിൽ അഭിപ്രായഭിന്നതകൾ തല പൊക്കുമെന്നുള്ളതാണ്. അഭിപ്രായഭിന്നതകൾ വ്യക്തികൾ തമ്മിലാണ് ഉണ്ടാകാറുള്ളത്. അംഗീകരിക്കുന്ന തത്വസംഹിതകൾ തമ്മിലല്ല. കോൺഗ്രസ്സ് ഉൾപ്പെടെയുള്ള മിക്കവാറും എല്ലാ പോഷകസംഘടനകളും പിളർന്നുകഴിഞ്ഞു. സംഘത്തിലും ഇതുപോലെ ഒരു ദിവസം പിളർപ്പുണ്ടാവുമെന്ന് ചിലർ ആശിക്കാറുണ്ട്. ഈ ചിന്താഗതിയുള്ളവർ സർസംഘചാലകപദവിക്കു വേണ്ടിയുള്ള ഒരു സംഘർഷം സംഘത്തിൽ നടക്കുന്നുണ്ടെന്നു ചില പത്രങ്ങളിൽ പ്രമാദമായി വാർത്തകൾ പ്രസിദ്ധീകരിക്കുകയുണ്ടായി. സംയോജിപ്പിക്കാനാണ്, വിയോജിപ്പിക്കാനല്ല നാം ഉദ്യമിക്കുന്നത്... വിദ്യാർഥി, തൊഴിലാളി, രാജനീതി തുടങ്ങിയ ദേശീയജീവിതത്തിന്റെ വ്യത്യസ്തമണ്ഡലങ്ങളിലും നമ്മുടെസഹോദരന്മാർ പ്രവർത്തിക്കാറുണ്ട്. നമ്മുടേതായി തികച്ചും വ്യത്യസ്തങ്ങളായിരിക്കുന്ന അതതിന്റെ ഭരണഘടനയനുസരിച്ച് അവിടത്തെ നിയമങ്ങൾക്കും പ്രവർത്തനരീതിയും വിധേയമായും അതതു മണ്ഡലങ്ങളിൽ പ്രവർത്തിക്കുകയാണ് അവർ ചെയ്യുന്നത്. അതേസമയത്ത് സംഘത്തിൽനിന്ന് ഉൾക്കൊണ്ടതായ ഹിന്ദുരാഷ്ട്രത്തിലുള്ള അടിസ്ഥാനപരമായ വിശ്വാസത്തോടുകൂടിയാണ് സ്വയംസേവകർ ആ രംഗങ്ങളിൽ പ്രവർത്തിക്കേണ്ടത്... പക്ഷേ നമ്മുടെ സ്വന്തം ഹൃദയങ്ങളിൽ ദൗർബല്യത്തെ ഒളിപ്പിച്ചുവെച്ചുകൊണ്ട് അവരോട് ചൂടില്ലാതെ സംസാരിക്കുകയാണെങ്കിൽ, എല്ലാം തകിടം മറിയുകതന്നെചെയ്യും. അപ്പോൾ നാം പ്രതീക്ഷിക്കുന്നതുപോലെ, ഒരു ശക്തമായ പിന്തുണയാകുന്നതിനു പകരം അത് നമ്മുടെ ആദർശത്തിന്റെ പന്ഥാവിൽ ഒരു വിഘ്നമായിക്കലാശിക്കുകയാണ് ചെയ്യുക.” (പേജ് 669–71)

ആർ. എസ്. എസ്സിൽ അഭിപ്രായവ്യത്യാസങ്ങളുണ്ടാവുന്നതല്ല പ്രശ്നം, ഗ്രൂപ്പുപോരില്ലാത്ത വേറിട്ടൊരു സംഘടനയാണ് അതെന്ന അവകാശത്തിന്നർഥമില്ലെന്നാണ് പറയുന്നത്. എല്ലാ കക്ഷികളിലുമെന്നപോലെയോ ചിലപ്പോൾ അതിലധികമോ വിഭാഗീയതകളും ചേരിപ്പോരും കാഡർസംഘടനയായ അതിലും നടക്കുന്നുണ്ടെന്നാണ് ആക്ഷേപം. ഭരണത്തിലുണ്ടാവുമ്പോൾ സ്വാഭാവികമായും ഈ ചേരിപ്പോരുകൾ രണ്ടോ മൂന്നോ ചേരികളായിത്തിരിഞ്ഞ് സംഭവിക്കുന്നുണ്ട്. ഗോൾവൽക്കറുടെ കാലത്തേ അതിന്റെ ലാഞ്ഛനകൾ കണ്ടുതുടങ്ങിയിരുന്നുവെന്നാണ് ഈ *വിചാരധാരാ*ഭാഗം സൂചിപ്പിക്കുന്നത്.

**റഷ്യൻ വിപ്ളവം, ദേശസാത്കരണം**

“നമ്മുടെ രാജ്യത്തു നിലവിലുള്ള സ്ഥിതിഗതികൾ പരിഗണിക്കുമ്പോൾ അത് ക്രമേണ ഏകാധിപത്യത്തിലേക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നതെന്നു തോന്നുന്നു. റഷ്യൻരീതിയിലുള്ള ഏകാധിപത്യമാണ് ശീഘ്രം വന്നുചേരുക എന്നു ചിലർ പറയുന്നു. അതിന്റെ രീതി ഏതായാലും ഏതെങ്കിലുമൊരു തരത്തിലുള്ള തീവ്രപ്രചര

ണത്താൽ തൊഴിലാളികളെ അടിമമനോഭാവത്തിൽ നിരത്താമെന്നതാണ് ഇന്നു കാണുന്നത്. ഈ കാലത്ത് 'ദേശസാത്കരണ'ത്തെപ്പറ്റിയും പ്രചരണമുണ്ട്... നാഗ്പൂരിലെ മുളകുകച്ചവടക്കാർ മുളകുകച്ചവടത്തെയും ദേശസാത്കരിക്കണമെന്നു പറുന്നുണ്ട്... ഭക്ഷ്യസാധനങ്ങളെ മാത്രം ദേശസാത്കരിച്ചാൽ പോരെന്നും അത് മറ്റു സാധനങ്ങളിലേക്കും വ്യാപിപ്പിക്കണമെന്നും ഒരു കോൺഗ്രസ് നേതാവുതന്നെ പറഞ്ഞിരിക്കുന്നു." (പേജ് 672)

തൊഴിലാളിവർഗവിപ്ലവത്തെയും റഷ്യൻവിപ്ലവത്തെയുമൊക്കെ എത്ര മോശമായി ചിത്രീകരിക്കുകയും ഉൾഭീതിയോടുകൂടി കാണുകയുമാണ് ഗോൾവൾക്കർ ചെയ്യുന്നത്! ദേശസാത്കരണത്തെപ്പോലും എന്തോ അപകടമെന്ന രീതിയാണ് അദ്ദേഹം ഭയപ്പെടുന്നത്. നാഗ്പൂരിൽപോലും ദേശസാത്കരണചർച്ച നടക്കുന്നുണ്ടെന്ന വാർത്ത അദ്ദേഹത്തെ ഞെട്ടിച്ചിരിക്കുന്നു! ആർ. എസ്. എസ്. സമ്പന്നസവർണവർഗത്തെ പ്രതിനിധാനം ചെയ്യുന്നുവെന്നു പറയുന്നത് വെറും ആരോപണമല്ലെന്നു സാരം.

**ആസാമും ശിഥിലീകരണശക്തികളും**

"ഇന്നു നമ്മുടെ നാട്ടിൽ ശിഥിലീകരണശക്തികൾ സജീവമാണ്. ഈ കലങ്ങിയ വെള്ളത്തിൽ മീൻ പിടിക്കാൻ തക്കം പാർത്തുകൊണ്ടിരിക്കുകയാണ് വിദേശശക്തികൾ. കുറച്ചു വർഷങ്ങൾക്കു മുൻപ് ആസാമിലുണ്ടായ ഭാഷാലഹളകൾക്കു പിന്നിൽ ആ വിദേശശക്തികളുടെ കൈകൾ ഉണ്ടായിരുന്നു. ഹരിജനമർദനങ്ങളെപ്പറ്റി ഊതിവീർപ്പിച്ച വാർത്തകൾ പ്രചരിപ്പിക്കുന്നതിന്റെ പിന്നിലും ഈ വിദേശക്കൈകൾ ഉണ്ടോ എന്നും സംശയിക്കാനിടയുണ്ട്. ഹിന്ദുക്കളെ വിഭജിച്ചുനിർത്തിയാൽ മാത്രമേ ഈ രാജ്യത്ത് അവരുടെ മേൽക്കോയ്മ നിലനിർത്താൻ കഴിയുകയുള്ളൂ എന്ന് അവർക്ക് നല്ലവണ്ണം അറിയാം." (പേജ് 673)

ഹിന്ദുക്കളെ വിഭജിച്ചുനിർത്തുന്നതിനുവേണ്ടി ഇന്ത്യയിൽ ശിഥിലീകരണശക്തികൾ സജീവമാണെന്നും ആസാമിലെ ഭാഷാലഹളകൾക്കുപിന്നിൽ വിദേശശക്തികളുണ്ടായിരുന്നുവെന്നും ഹരിജനമർദനങ്ങളെപ്പറ്റി ഊതിവീർപ്പിക്കുന്നതിന്റെ പിന്നിൽ വിദേശശക്തികളുണ്ടെന്ന സംശയമുണ്ടെന്നുമുള്ള ഇമ്പാച്ചി കാട്ടി പേടിപ്പിക്കുകയാണ് ഗോൾവൾക്കർ. ജാതിവ്യവസ്ഥ നിമിത്തമുള്ള ഉച്ചനീചത്വങ്ങളാണ് ഹിന്ദുമതത്തിന്റെ ശാപം. അത് നിലനിൽക്കുന്നിടത്തോളം കാലം ഹരിജനമർദനമുണ്ടാവാതിരിക്കില്ല. ആർ.എസ്. എസ്സിന്റെ നിയന്ത്രണത്തിലുള്ള ഭരണം വരുമ്പോൾ വിശേഷിച്ചും. ജാതിവ്യവസ്ഥ ലോകാവസാനംവരെ നിലനിൽക്കണമെന്നാണ് ആർ. എസ്. എസ്സ്. നേതാവിന്റെ അഭിപ്രായം. ആർ. എസ്. എസ്സിന്റെ പ്രവർത്തനത്തിനു പിന്നിൽ വിദേശശക്തികളുണ്ടോ എന്നു വ്യക്തമാക്കേണ്ടത് ഗോൾവൾക്കർതന്നെയാണ്. അതിന് ഹിറ്റ്ലർസംഘമെന്നു പേർ വീണത് വെറുതെയാവില്ല!

**ഹിന്ദുരാഷ്ട്രവാദം**

"രാജ്യത്തിനുവേണ്ടിയുള്ള പ്രവർത്തനത്തെ സംബന്ധിച്ചാണെങ്കിൽ ഞാൻ ഹിന്ദുക്കളെയും മുസ്ലീങ്ങളെയും വേറെ വേറെ പരിഗണിക്കുന്നില്ല... രാഷ്ട്രീയപരിതഃസ്ഥിതികളെ ചൂഷണം ചെയ്തുകൊണ്ട് സ്വന്തം സാമൂഹ്യവിഭാഗത്തിനുവേണ്ടിയുള്ള പ്രത്യേകപരിഗണനകളും അവകാശവാദങ്ങളും മുന്നോട്ടുവെക്കാമെന്നാണ്ഇന്ന് എല്ലാവരും ചിന്തിക്കുന്നത്. ഇതിനു പരിഹാരമുണ്ടാവുകയും രാജ്യസ്നേഹപരമായ വീക്ഷണത്തിലൂടെ മാത്രം ജനങ്ങൾ രാജ്യനീതിയെ കൈകാര്യം ചെയ്യുകയുമാണെങ്കിൽ എല്ലാ വിഷമങ്ങളും ഞൊടിയിടകൊണ്ട് അവസാനിക്കും." (പേജ് 678)

ആർ. എസ്. എസ്സിന്റെ ഹിന്ദുരാഷ്ട്രവാദവും സമ്പന്നസവർണവർഗതാല്പര്യസംരക്ഷണവും ഉപേക്ഷിച്ചാൽ ഈ പ്രശ്നങ്ങളെല്ലാം അവസാനിക്കും. വേറെ ചൊട്ടുവിദ്യകളൊന്നുമില്ല.

**പാക്കിസ്ഥാൻവാദം**

"എല്ലാവർക്കും ലഭിക്കുന്നതനുസരിച്ചുള്ള ഒരു പ്രാതിനിധ്യം മുസ്ലീങ്ങൾക്കും കൊടുക്കണമെന്നുള്ളത് എനിക്കു മനസ്സിലാക്കാൻ കഴിയും. പക്ഷേ വിവിധങ്ങളായ പരിഗണനകളും ആനുകൂല്യങ്ങളും അവകാശപ്പെടണമെന്ന് ഇതിന്നർഥമില്ല. എല്ലാ സ്റ്റേറ്റുകളിലും ഒരു പാക്കിസ്ഥാൻ വേണമെന്നൊരു അവകാശവാദത്തെപ്പറ്റി ഞാൻ കേട്ടിട്ടുണ്ട്. ഒരു മുസ്ളീം സംഘടനയുടെ അധ്യക്ഷൻ ചുവപ്പുകോട്ടയുടെമേൽ തന്റെ കൊടി പറപ്പിക്കുവാൻ പരിപാടിയിട്ടിട്ടുണ്ടെന്നു പറഞ്ഞതായി റിപ്പോർട്ടുണ്ട്. ആ റിപ്പോർട്ട് അദ്ദേഹം നിഷേധിച്ചില്ല. രാജ്യത്തെ മുഴുവനായും പരിഗണിക്കുന്നുവരെ അലോസരപ്പെടുത്തുന്ന സംഗതികൾ ഇവയെല്ലാമാണ്." (പേജ് 678–79)

ഹിന്ദുരാഷ്ട്രവാദം ഉപേക്ഷിക്കാത്തിടത്തോളം കാലം ഈ മുസ്ലീംവിരുദ്ധപ്രചരണകഥകൾ ആർ. എസ്. എസ്. പറഞ്ഞുനടക്കും. ആർ. എസ്. എസ്സൊഴിച്ച് മറ്റാരും രാജ്യത്തെ മുഴുവനായി പരിഗണിക്കുന്നില്ലെന്ന തോന്നലൊക്കെ ഈ വിഭ്രാന്തിയുടെ ദുഷ്ഫലമത്രേ.

**പാക്കിസ്ഥാനും പാണിനിയും**

"ഇന്നു പാക്കിസ്ഥാൻ എന്നറിയപ്പെടുന്ന ഭാഗത്തു ജനിച്ചതായ പാണിനിയുടെ 5000–ാമതു ജന്മവാർഷികം പാക്കിസ്ഥാൻ ആഘോഷിക്കുകയുണ്ടായി. പാക്കിസ്ഥാനികൾക്ക് പാണിനിയെ അവരുടെ മഹാനായൊരു പൂർവികനായി കണക്കാക്കാമെങ്കിൽ, നമ്മുടെ ദേശത്തുള്ള ഹിന്ദുക്കളായ മുസ്ലീങ്ങൾക്ക് – അവരെ ഹിന്ദുക്കളായ മുസ്ലീങ്ങളെന്ന് ഞാൻ ബോധപൂർവം കണക്കാക്കുകയാണ് – പാണിനി, വ്യാസൻ, വാല്മീകി, രാമൻ, ശ്രീകൃഷ്ണൻ എന്നിവരെല്ലാംതന്നെ അവരുടെ മഹാന്മാരായ പൂർവികന്മാരായി എന്തുകൊണ്ട് പരിഗണിച്ചുകൂടാ?" (പേജ് 679)

പാക്കിസ്ഥാൻ പാണിനിയുടെ 5000–ാമതു ജന്മവാർഷികം ആഘോഷിച്ചത് ഗോൾവൽക്കറോ ആർ. എസ്. എസ്സോ ആവശ്യപ്പെട്ടിട്ടല്ലല്ലോ. 'ഹിന്ദുക്കളായ മുസ്ലീങ്ങൾ' എന്നൊക്കെയുള്ള പ്രയോഗങ്ങൾ ഹിന്ദുരാഷ്ട്രവാദത്തിന്റെ 'അസ്കിത'കളാണ്. ഇന്ത്യക്കാരായ ഹിന്ദുക്കളിൽ, പോട്ടെ ഗോൾവൽക്കറുടെ അനുയായികളിൽ എത്ര പേർ പാണിനിയെയും വ്യാസനെയും വാല്മീകിയെയും പഠിച്ചിട്ടുണ്ട്. *വാല്മീകിരാമായണ*വും *ഭാഗവത*വും വായിച്ചിട്ടുണ്ട്? ഇന്ത്യക്കാരായ മുസ്ലീങ്ങളിൽ ചിലരെങ്കിലും സംസ്കൃതം പഠിക്കുകയും ഇവയിൽ ചിലതെങ്കിലും വായിക്കുകയും ചെയ്തവരെ എനിക്കറിയാം. ആർ. എസ്. എസ്. ഇക്ബാൽ പഠനകേന്ദ്രം സ്ഥാപിക്കുകയോ മഹാന്മാരായ സൂഫിവര്യന്മാരുടെ സ്മൃതിദിനങ്ങൾ ആഘോഷിക്കുകയോ ചെയ്യുമോ?

**ഹിന്ദുവും മതപരിവർത്തനവും**

"മതപരിവർത്തനം ചെയ്യാത്ത ഒരു ധർമമാണ് നമ്മുടേത്. മിക്കവാറും സാർവത്രികമായി രാഷ്ട്രീയമോ അതുപോലെയുള്ളതോ ആയ ഏതെങ്കിലും ലാഭത്തിനുവേണ്ടിയാണ് മതപരിവർത്തനം ഉണ്ടാകുന്നത്. നാം അത് നിരാകരിക്കുന്നു." (പേജ് 680)

മതപരിവർത്തനത്തെ നിരാകരിക്കുന്നവർ അഭിപ്രായസ്വാതന്ത്ര്യത്തെ നിരാകരിക്കുന്നവരാണ്. ജനിച്ച മതം ഇഷ്ടമല്ലെന്നു തോന്നുന്നവർ തങ്ങളുടെ മനസ്സാക്ഷിക്കനുസരിച്ച് പ്രവർത്തിച്ചുകൊള്ളട്ടെ. മതമേ വേണ്ടാത്തവർ ഒരു മതത്തിലും ചേരാതിരുന്നുകൊള്ളട്ടെ. ഹിന്ദുമതത്തിൽ മതപരിവർത്തനം പാടില്ലെന്ന് ഏതു പ്രാമാണിക ഗ്രന്ഥത്തിലാണ് വിധിച്ചിട്ടുള്ളത്?

**മുസ്ലീം ന്യൂനപക്ഷപ്രശ്നം**

"ഈ ന്യൂനപക്ഷപ്രശ്നം മുസ്ലീങ്ങളുടയിടയിൽ മാത്രമല്ല, ഹിന്ദുക്കളുടെയിടയിലുമുണ്ട്. ഉദാഹരണമായി ജൈനന്മാരുണ്ട്. ഡോ. അംബേദ്കറുടെ അനുയായികളായി ബുദ്ധമതം സ്വീകരിച്ച് ഞങ്ങൾ വേറെയാണെന്നു വാദിക്കുന്നവർ ഉൾപ്പെടെയുള്ള പട്ടികജാതിക്കാരുണ്ട്. ന്യൂനപക്ഷങ്ങൾക്ക് ഇന്നു നമ്മുടെ രാജ്യത്ത് ചില പ്രത്യേകാനുകൂല്യങ്ങളുണ്ട്. ഇന്ന് എല്ലാവരും ന്യൂനപക്ഷമാണ് എന്നു തെളിയിക്കുവാൻ പാടുപെടുകയും അത്തരം ആനുകൂല്യങ്ങൾ അവകാശപ്പെടുകയുമാണ്. ഇത് രാജ്യത്തെയാകമാനം ചെറിയ തുണ്ടുതുണ്ടുകളായി മുറിക്കുന്നു. അത് നമ്മുടെ നാശത്തിനു വഴി തെളിക്കും." (പേജ് 680–81)

ജൈനന്മാർ ഹിന്ദുക്കളാണെന്ന് ഏതെങ്കിലും പ്രാമാണികഗ്രന്ഥങ്ങൾ വിധിക്കുന്നുണ്ടോ? സവർണരുടെ മർദനങ്ങളിൽ പ്രതിഷേധിച്ചാണ് അംബേദ്കർ പതിനായിരക്കണക്കിലുള്ള തന്റെ അനുയായികളോടുകൂടി നാഗ്പൂരിൽവെച്ച് ബുദ്ധമതം സ്വീകരിച്ചത്. അവർ ഹിന്ദുക്കളിൽനിന്നു വേറെയാണെന്നു പ്രത്യേകിച്ച് പറയേണ്ടല്ലോ. പട്ടികജാതിക്കാർക്കു കിട്ടുന്ന സംവരണരൂപത്തിലുള്ള പരിരക്ഷപോലും പാടില്ലെന്നു ശഠിക്കുന്ന ആർ. എസ്. എസ്. നേതാവ് ഹിന്ദുമതത്തിലെ ബഹുഭൂരിപക്ഷത്തിന്റെ താല്പര്യങ്ങൾക്കെതിരാണെന്ന് അനുക്തസിദ്ധം. ഇത്തരം പാവപ്പെട്ടവർക്കുള്ള പരിരക്ഷകൾ ശിഥിലീകരണത്തിനു വഴിതെളിക്കുമെന്ന കണ്ടുപിടുത്തം ഗംഭീരംതന്നെ!

"ഒരു വലിയ അളവോളം പരസ്പരം നല്ല ധാരണയോടെ ജീവിക്കുന്ന ഹിന്ദുക്കൾക്കും മുസ്ലീങ്ങൾക്കും ഇടയ്ക്കിടെ ചെറുതും വലുതുമായ സംഘട്ടനങ്ങളുണ്ടാവുന്നതെന്തുകൊണ്ടെന്നതിനെപ്പറ്റി: "പശുവാണ് ഈ സംഘട്ടനങ്ങൾക്ക് ഒരു കാരണം. പശുവിനെ വധിക്കാൻ അവർക്കുണ്ടെന്നു പറയപ്പെടുന്ന അധികാരത്തെപ്പറ്റി ഇത്രയെല്ലാം മുസ്ലീങ്ങൾ ആക്രോശിക്കുന്നതെന്തിനാണെന്ന് എനിക്കു മനസ്സിലാകുന്നില്ല. അതവർക്കു ചെയ്യേണ്ട കാര്യമില്ല. വാസ്തവത്തിൽ അതവരുടെ മതപരമായ ഒരു കല്പനയല്ല. അത് പഴയ കാലത്ത് ഹിന്ദുക്കളെ പ്രകോപിപ്പിക്കുന്നതിനുള്ള ഒരു മാർഗമായിരുന്നു. ഇന്ന് അത് എന്തിനു തുടരണം?" (പേജ് 683)

ഗോൾവൽക്കർ ഊതിവീർപ്പിക്കുന്നതുപോലെ ഇന്ത്യയിൽ ഹിന്ദു–മുസ്ലീം സംഘട്ടനങ്ങൾ അത്രയധികം ഉണ്ടാകുകുന്നുണ്ടെന്നു തോന്നുന്നില്ല. ഹിന്ദുക്കളിൽ സവർണർ അവർണരുടെയും ദളിതരുടെയും നേർക്കുണ്ടാക്കുന്ന സംഘട്ടനങ്ങളേക്കാൾ വളരെ ചെറിയൊരു ശതമാനമേ ഹിന്ദു–മുസ്ലീം സംഘട്ടനങ്ങൾ നടക്കുന്നുള്ളൂ. പശു അതിനൊരു കാരണമാണെന്ന ഗോൾവൽക്കറുടെ വാദം ഭാവനാസന്തതി മാത്രമാണ്. മാംസം കഴിക്കുന്ന ഹിന്ദുക്കളിൽ വലിയൊരു വിഭാഗം പശുമാംസം കഴിക്കുന്നവരാണ്. അത് അവരുടെ മതം പറഞ്ഞിട്ടല്ല. മുസ്ലീങ്ങളും അങ്ങനെത്തന്നെ. ഗോസംരക്ഷണസേന എന്ന പേരിൽ ആർ. എസ്. എസ്സുകാർ ഇപ്പോൾ പശുഹത്യയുടെ പേരിൽ നടത്തുന്ന മുസ്ലീം–ദളിതമർദനങ്ങളെ ഏതു മതം ന്യായീകരിക്കുന്നുണ്ട്? സുപ്രീം കോടതി

യും ഈ നീചകൃത്യത്തെ വിമർശിക്കുന്നു.

**ഹിന്ദുക്കൾക്ക് കൂടുതൽ ഉത്തരവാദിത്തം?**

ഭൂരിപക്ഷസമുദായമെന്ന നിലയ്ക്ക് സമുദായസൗഹാർദത്തിന്റെ അന്തരീക്ഷം സ്ഥാപിക്കാൻ ഹിന്ദുക്കൾക്ക് കൂടുതൽ ഉത്തരവാദിത്വമുണ്ടോ എന്ന ചോദ്യത്തിനുത്തരമായി, "തീർച്ചയായും ഉണ്ട്. പക്ഷേ, ബുദ്ധിമുട്ടുകൾ മനസ്സിലാക്കുക. ഞങ്ങളുടെ നേതാക്കന്മാർ ഹിന്ദുക്കളുടെമേൽ എല്ലാ കുറ്റങ്ങളും ചുമത്തി മുസ്ലീങ്ങളെ ഒഴിവാക്കാനാണ് ശ്രമിക്കാറുള്ളത്. വർഗീയവീക്ഷണത്തിൽ ഇത് മുസ്ലീങ്ങളെ കൂടുതൽ അക്രമികൾ ആക്കുകയാണ് ചെയ്യുന്നത്. അതിനാൽ ഇരുകൂട്ടർക്കും ഈ ഉത്തരവാദിത്വമുണ്ടെന്നാണ് ഞാൻ പറയുന്നത്." (പേജ് 684)

ഹിന്ദു–മുസ്ലീം മൈത്രി വളർത്താനാഗ്രഹിക്കുന്ന നേതാക്കന്മാർ, ആർ. എസ്. എസ്. ആഗ്രഹിക്കുന്നതുപോലെ മുസ്ലീങ്ങളെ അനാവശ്യമായി ആക്ഷേപിക്കാൻ തയ്യാറല്ല. അതിനെ മുസ്ലീം പ്രീണനമായി കാണുന്നത് ആർ. എസ്. എസ്സിന്റെ വർഗീയമനോഭാവംകൊണ്ടാണ്.

**സമുദായസൗഹാർദം വളർത്താൻ മതവിദ്യാഭ്യാസം**

സൗഹാർദം വളർത്താൻ രണ്ടു സമുദായങ്ങളും എന്തു ചെയ്യണമെന്നതിനെപ്പറ്റി: "മതത്തെപ്പറ്റി ശരിയായ ബോധം കൊടുക്കുന്ന വിദ്യാഭ്യാസം സാർവത്രികമാക്കുക. ഇന്ന് നമ്മുടെ രാഷ്ട്രീയക്കാർ കൊടുക്കുന്ന മതേതരവിദ്യാഭ്യാസമല്ല, നല്ല മതപരമായ വിദ്യാഭ്യാസം തന്നെയാണ് കൊടുക്കേണ്ടത്. ജനങ്ങൾക്ക് ഇസ്ലാമിനെപ്പറ്റിയും ഹിന്ദുമതത്തെപ്പറ്റിയും ശരിയായ ബോധം കൊടുക്കുക. എല്ലാ മതങ്ങളും മനുഷ്യനെ നിസ്വാർഥിയും പരിശുദ്ധനും ഭക്തിയുള്ളവനുമാക്കുവാനാണ് പഠിപ്പിക്കുന്നത് എന്നു ധരിപ്പിക്കുക. പിന്നെ വസ്തുനിഷ്ഠമായ ചരിത്രം പഠിപ്പിക്കുക. ഇന്ന് അതിൽ വന്നുചേർന്നിട്ടുള്ള വൈകൃതങ്ങൾ ശരിപ്പെടുത്തുക. കഴിഞ്ഞ കാലത്ത് മുസ്ലീം ആക്രമണകാരികളിൽനിന്ന് ആക്രമണമുണ്ടായിട്ടുണ്ടെങ്കിൽ അതു തുറന്നു പറയുക. അതോടുകൂടി ആ ആക്രമണകാരികൾ വിദേശികളായിരുന്നുവെന്നും ഇവിടത്തെ മുസ്ലീങ്ങളുമായി യാതൊരു ബന്ധവുമുള്ളവരല്ലെന്നും പറയുക. ഇവിടെയുള്ള നമ്മുടെ മുസ്ലീങ്ങൾ അവരും ഈ ഭൂമിയിലുള്ളവരാണെന്നും കഴിഞ്ഞ കാലഘട്ടത്തിലെ ആക്രമണകാരികളും അവരുടെ ആക്രമണങ്ങളും ഇന്നാട്ടിലെ മുസ്ലീങ്ങളുടെ പൈതൃകമല്ലെന്നും പറയട്ടെ." (പേജ് 684–85)

മതനിരപേക്ഷരാഷ്ട്രത്തിലെ വിദ്യാഭ്യാസം മതനിരപേക്ഷമായിരിക്കണം. എല്ലാ മതങ്ങളെപ്പറ്റിയും സാമാന്യബോധം വിദ്യാർഥികൾക്കു നൽകുന്നത് നല്ലതാണ്. പക്ഷേ അപ്പോഴും മതനിരപേക്ഷതയ്ക്കായിരിക്കണം ഊന്നൽ. ചരിത്രപഠനത്തിലും മതനിരപേക്ഷത, വസ്തുനിഷ്ഠത എന്നിവയ്ക്ക് പ്രാധാന്യം കൊടുക്കണം. പുരാണേതിഹാസങ്ങളെ ചരിത്രമെന്ന രീതിയിൽ കാണുന്ന ആർ. എസ്. എസ്. നിലപാടിനെ എതിർക്കാൻ മടിക്കരുത്. മുസ്ലീം വിരുദ്ധവീക്ഷണത്തിലൂടെ ചരിത്രത്തെ കാണുന്ന ആർ. എസ്. എസ്. നിലപാടിനെയും എതിർക്കണം.

**ഭാരതവൽക്കരണം**

"ഭാരതവൽക്കരണ"ത്തെപ്പറ്റി: "ഒരേ ഉത്ഭവസ്ഥാനത്തുനിന്നും ഉണ്ടായ മണ്ണിന്റെ മക്കളാണ് നാമെന്നും നമ്മുടെ പൂർവികന്മാർ ഒന്നായിരുന്നുവെന്നും നമ്മുടെ ഭാവിയിലെ ആശയാഭിലാഷങ്ങൾ ഒന്നുതന്നെയാണെന്നുമുള്ള വിശ്വാസവും സാക്ഷാത്കാരവും നമുക്കു നോക്കുക. 'ഭാരതവൽക്കരണ'മെന്നതിന്റെ അർഥം ഇതാണെന്നാണ് ഞാൻ വിശ്വസിക്കുന്നത്." (പേജ് 685)

വൈവിധ്യത്തെയും ബഹുസ്വരതയെയും അംഗീകരിക്കാത്ത "ഭാരതവൽക്കരണ"സിദ്ധാന്തത്തെ എതിർത്തു തോൽപ്പിക്കേണ്ടത് മതനിരപേക്ഷത ശക്തിപ്പെടുത്തുന്നതിന് ആവശ്യമാണ്.

**ഗോവധനിരോധനം**

ഗോഹത്യയെപ്പറ്റി: "വിദേശീയ ആക്രമണകാരികളുടെ വരവോടുകൂടിയാണതാരംഭിച്ചത്. ജനതയെ അടിമത്തത്തിൽ തളച്ചിടാൻ, ഹിന്ദുക്കളുടെ ആത്മാഭിമാനത്തിന്റെ ഓരോ അടയാളത്തെയും പറിച്ചെറിയുന്നതാണ് ഏറ്റവും നല്ലതെന്ന് അവർ ചിന്തിച്ചു. നിർബന്ധമതപരിവർത്തനം, ക്ഷേത്രങ്ങളുടെയും മഠങ്ങളുടെയും ധ്വംസനം തുടങ്ങിയ കിരാതവൃത്തികൾ അവർ നടപ്പിലാക്കി. ആ വഴിക്ക് ഗോഹത്യയും തുടങ്ങി. ഫ്രഞ്ചുകാരുടെയും ഡച്ചുകാരുടെയും പോർത്തുഗീസ്സുകാരുടെയും ഇംഗ്ലീഷുകാരുടെയും പിൽക്കാലത്തുണ്ടായ ആക്രമണങ്ങൾ, അടിമത്തം അടിച്ചേല്പിക്കുന്നതിനുവേണ്ടി ഈ കാര്യങ്ങൾ തുടരുകയും ചെയ്തു." (പേജ് 687–88)

**ഗോവധം വേദപുരാണേതിഹാദികളിൽ**

ബ്രാഹ്മണരും ക്ഷത്രിയരും ഗോവധം നടത്തിയട്ടുണ്ടെന്നും ഗോമാംസഭക്ഷണം കഴിച്ചിട്ടുമുണ്ടെന്നതിന് ഭാരതീയവേദ പുരാണേതിഹാസങ്ങളിൽ എത്രയോ തെളിവുകളുണ്ട്.

"തൗ തത്ര ഹത്വാ ചതുരോ മഹാമൃഗാൻ വരാഹമൃശ്യം പൃഷതം മഹാരുരും

ആദായ മേധ്യം ത്വരിതം ബുഭുക്ഷിതൗ വാസായ കാലേ യയതുർവനസ്പതിം"

*രാമായണം ആരണ്യകാണ്ഡം*, 53. 102. അവിടെവെച്ച്, കൊല്ലാവുന്ന പന്നി, മാൻ, പുള്ളിമാൻ, വൻകരിമാൻ എന്നീ നാലു തരം മൃഗങ്ങളെ കൊന്നെടുത്ത് വിശപ്പുള്ള അവർ – രാമലക്ഷ്മണന്മാർ – മരച്ചുവട്ടിലേക്കു വേഗം യാത്രയായി) എന്നും

"പഞ്ച പഞ്ചനഖാ ഭക്ഷ്യാ ബ്രഹ്മക്ഷത്രേണ രാഘവ!
ശല്യകഃ ശ്വാവിധോ ഗോധാ ശശഃ കൂർമശ്ച പഞ്ചമഃ"

(*രാമായണം കിഷ്കിന്ധാകാണ്ഡം*, 17. 35. അഞ്ചു നഖങ്ങളുള്ള മുള്ളൻ, എയ്യൻ, ഉടുമ്പ്, മുയൽ, ആമ എന്നീ അഞ്ചു ജന്തുക്കളെ ബ്രാഹ്മണർക്കും ക്ഷത്രിയർക്കും ഭക്ഷിക്കാവുന്നതാണ്) എന്നും

"സീതാമാദായ ഹസ്തേന മധു മൈരേയകം ശുചി
പായയാമാസ കാകുത്സ്ഥഃ ശചീമിവ പുരന്ദരഃ
മാംസാനി ച സുമൃഷ്ടാനി ഫലാനി വിവിധാനി ച
രാമസ്യാഭ്യവഹാരാർഥം കിങ്കരാസ്തൂർണമാഹരൻ"

(*രാമായണം ഉത്തരകാണ്ഡം*, 42. 18–20. ഇന്ദ്രൻ ശചീദേവിയെയെന്നപോലെ രാമൻ ശുദ്ധമായ മദ്യം കൈകൊണ്ടെടുത്ത് സീതയെ കുടിപ്പിച്ചു. പലതരം മാംസങ്ങളും നന്നായൊരുക്കിയ പഴവർഗങ്ങളും രാമനു കഴിക്കാനായി വേലക്കാർ വേഗം കൊണ്ടുകൊടുത്തു) എന്നുമുള്ള പദ്യങ്ങൾ കാണാം.

"മഹോക്ഷം വാ മഹാജം വാ ശ്രോത്രിയായോപകല്പയേത്"

(*യാജ്ഞവൽക്യസ്മൃതി*, 4. 109. വൈദികബ്രാഹ്മണർക്ക് മുതിർന്ന കാളയെയോ വലിയ ആടിനെയോ ആഹാരമായി നൽകേണ്ടതാണ്) എന്ന സ്മൃതിവാക്യവും നോക്കുക.

"'സമാംസോ മധുപർക്കഃ' ഇത്യാമ്നായം ബഹുമന്യമാനാഃ ശ്രോത്രിയായ അഭ്യാഗതായ വത്സതരീം മഹോക്ഷം വാ പചന്തി ഗൃഹമേധിനഃ" (*ഉത്തരരാമചരിതം* നാടകം, നാലാമങ്കം. 'മാംസത്തോടുകൂടിയാണ് മധുപർക്കം – തൈരും തേനും നെയ്യും ചേർത്തുണ്ടാക്കിയ മിശ്രിതം – വേണ്ടത്' എന്ന വേദവിധിയെ മാനിച്ചുകൊണ്ട് ഗൃഹസ്ഥന്മാർ വിരുന്നുവന്ന വൈദികബ്രാഹ്മണന് രണ്ടു വയസ്സായ കാളക്കുട്ടനെയോ മുതിർന്ന കാളയെയോ വേവിച്ചുകൊടുക്കുന്നു) എന്ന രാമകഥാവിഷയകമായ നാടകഭാഗവും ശ്രദ്ധേയമത്രേ. ബുദ്ധ–ജൈനമതസ്വാധീനമായിക്കണം ബ്രാഹ്മണരെയും ക്ഷത്രിയരെയും മാംസഭക്ഷണത്തിൽനിന്നു പിന്തിരിപ്പിച്ചത്. ഗോൾവൾക്കർ ഇക്കാര്യത്തിൽ വെറുതെ ബ്രിട്ടീഷുകാരെയും മറ്റും ഇടപെടുവിക്കേണ്ട ആവശ്യമില്ലായിരുന്നു.

**ഗോവധനിരോധനപ്രസ്ഥാനം**

ഗോഹത്യാനിരോധനപ്രസ്ഥാനത്തെക്കുറിച്ചുള്ള വമ്പിച്ച എതിർപ്രചാരവേലയെ നേരിടേണ്ടതെങ്ങനെയെന്നതിനെപ്പറ്റി: "ഇന്ന് നമ്മുടെ ദേശീയസൈന്യത്തിൽ അവർ പശുമാംസം ഭക്ഷിക്കുന്നു. പന്നിയിറച്ചി കഴിക്കുന്നില്ല. ഉത്തർപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ ഗോഹത്യയ്ക്ക് നിയമപരമായി നിരോധനമുണ്ടെങ്കിലും സൈനികാവശ്യങ്ങൾക്കും മറ്റും ഉപയോഗശൂന്യമായ പശുക്കളെ വധിക്കുന്നതിന് ആവശ്യമായ ഭരണഘടനാഭേദഗതികൾ കൊണ്ടുവരാൻ ഗവണ്മെന്റ് ഈ സ്റ്റേറ്റുകൾക്കു നിർദേശം കൊടുത്തിരിക്കുകയാണ്. ഇതിനിടയ്ക്ക് ഉപയോഗമുള്ള പശുക്കളും കൊല്ലപ്പെടുകയും നിയമപരമായ നിഷേധത്തിന്റെ ഉദ്ദേശം പരാജയപ്പെടുകയും ചെയ്യുന്നു. നിയമനിഷേധമുള്ള മൈസൂർ തുടങ്ങിയ സ്റ്റേറ്റുകളുടെ അതിർത്തിസംസ്ഥാനങ്ങളിൽ ഗോഹത്യ നിർബാധം നടക്കുകയും പ്രസ്തുതസ്റ്റേറ്റുകളുടെ അകത്തേക്കും ഗോമാംസം കൊണ്ടുവരികയും ചെയ്യുന്നുണ്ട്. ഈ കാരണങ്ങൾ കൊണ്ടാണ് കേന്ദ്രംതന്നെ രാജ്യവ്യാപകമായി സമ്പൂർണഗോഹത്യാനിരോധം ഏർപ്പെടുത്തണമെന്നു നാം ആവശ്യപ്പെടുന്നത്. ഗോഹത്യാനിരോധംകൊണ്ട് മുസ്ലീം–ക്രിസ്ത്യൻ വോട്ടുകൾ അവർക്കു നഷ്ടപ്പെടുമെന്ന് അവർ ഭയപ്പെടുന്നു. ഏതായാലും സാധുവായ ഹിന്ദു അവനു വോട്ടു നൽകും. അതിനാൽ മുസ്ലീം–ക്രിസ്ത്യൻ വോട്ടുകളെ സുരക്ഷിതമാക്കേണ്ടതുണ്ട്. ഗോഹത്യ നിരോധിക്കരുതെന്ന് അമേരിക്കയും നമ്മുടെ മേൽ സമ്മർദം ചെലുത്തിയിട്ടുണ്ട്. അവർക്കു ചർമവും വില കുറഞ്ഞ ഗോമാംസവും നമ്മളിൽനിന്നും വേണം. അവരുടെ നല്ല പശുക്കളെ ധാരാളമായി കൊല്ലാൻ അവർ തയ്യാറല്ല. പാൽപ്പൊടിക്കുവേണ്ടിയും അവരെ നാം ആശ്രയിക്കണമെന്നതാണ് അവരുടെ ആവശ്യം. ഉത്തരപ്രദേശിലെ കശാപ്പുകാരുടെ കാര്യത്തിൽ ഒരു പ്രത്യേകതൊഴിൽ ചെയ്യാനുള്ള അവരുടെ അവകാശവാദത്തെ ഭാഗികമായി അംഗീകരിച്ചുകൊണ്ടാണ് സുപ്രീം കോടതി ഉത്തരവിട്ടിട്ടുള്ളത്. ഇവിടെ മൈസൂരിന്റെ കാര്യത്തിൽ, ഈ വാദഗതി ശരിയാവുകയില്ല. കാരണം, വളരെ കാലമായി ഗോഹത്യ സമ്പൂർണമായി നിരോധിച്ചിരിക്കെ, ഇത്തരത്തിൽ ഒരു വിഭാഗക്കാരുടെ തൊഴിലിനെ ബാധിക്കുന്ന പ്രശ്നമേ ഉദിക്കുന്നില്ലല്ലോ." (പേജ് 689–90)

വേദങ്ങളിൽ ഗോമാംസഭക്ഷണത്തെപ്പറ്റി പരാമർശങ്ങളുണ്ടെന്നു ചിലർ പറയുന്നു. അതു ശരിയാണോ?" – ഈ ചോദ്യത്തിന്റെ മറുപടി: 'ഇങ്ങനെ പറയപ്പെടുന്ന പരാമർശങ്ങൾ വൈദികസാഹിത്യത്തിൽ ഇന്ദ്രിയങ്ങൾ എന്നു

കൂടി അർഥം വരുന്ന ഗോശബ്ദത്തിന്റെ തെറ്റായ വ്യാഖ്യാനങ്ങൾ മാത്രമാണ്. ഈ അർഥത്തിലാണ് യാജ്ഞവൽക്യൻ ഗോവിനെ ഭക്ഷിച്ച്, അതായത് ഇന്ദ്രിയങ്ങളെ നിഗ്രഹിച്ച് അജയ്യനായിത്തീരുമെന്നു പ്രഖ്യാപിച്ചിട്ടുള്ളത്. ഇതിനെപ്പറ്റിയുള്ള തെറ്റായ വ്യാഖ്യാനമോ അജ്ഞാനമോ ഗോഹത്യയ്ക്കുവേണ്ടി വാദിക്കുന്നവർ അവരുടെ വാദത്തെ ന്യായീകരിക്കാൻ സൗകര്യപ്രദമായി ഉപയോഗിക്കാറുണ്ട്." (പേജ് 690–91)

ഈ ശ്രുതി–സ്മൃതിഭാഗങ്ങൾ ഋജുവായ വ്യാഖ്യാനത്തോടുകൂടി മുൻപ് ഉദ്ധരിച്ചിട്ടുണ്ട്. ഗോൾവൾക്കറുടെ 'ചിലർ' ശ്രീശങ്കരനെപ്പോലുള്ള പ്രാമാണികരാണെന്നോർക്കുക.

### കമ്യൂണിസത്തിന്റെ വക്രീകരണം

"മാനവപുരോഗതിയുടെ ഏറ്റവും അടിത്തട്ടിൽ മാത്രമായി നിൽക്കുന്ന ഭൗതികവാദ(മെറ്റീരിയലിസം)ത്തിന്മേൽ മാത്രമാണ് കമ്യൂണിസ്റ്റു സിദ്ധാന്തം കാലുറപ്പിക്കുന്നത്... അവനിപ്പോൾ മനുഷ്യപുരോഗതിയുടെ മറ്റൊരു പേരായ സംസ്കാരത്തിന്റെ പന്ഥാവിലെത്തിച്ചേരുന്നു... (ക്രമേണ) ആത്മാവിന്റെ മേഖലയിലേക്ക് അവൻ എത്തിച്ചേരുന്നു... സ്ഥൂലതയിൽനിന്നു സൂക്ഷ്മതയിലേക്കും ഭൗതികവസ്തുക്കളിൽനിന്ന് ആത്മസത്തയിലേക്കുമുള്ള പരിണാമമാണത്. പിന്നെയെങ്ങനെയാണ് കമ്യൂണിസ്റ്റുകൾക്ക് അവരുടെ ഭൗതികപരമായ മുരട്ടുവാദത്തിന് ശാസ്ത്രീയാടിസ്ഥാനം കൊടുക്കാൻ കഴിയുക? വാസ്തവത്തിൽ ഈ വെളിച്ചത്തിൽ നോക്കുമ്പോൾ കമ്യൂണിസ്റ്റുകൾ പ്രതിക്രിയാവാദികളും പ്രതിലോമകാരികളും പുരോഗമനവിരുദ്ധരുമാണ്." (പേജ് 692)

കമ്യൂണിസ്റ്റുകാരെപ്പറ്റിയുള്ള വക്രീകൃതചിത്രീകരണം മാത്രമാണിത്. മാർക്സിന്റെ *മൂലധന*ത്തിന്റെ രചനാചരിത്രം മാത്രം പഠിച്ചിട്ടുള്ളവർക്ക് മാർക്സിസത്തിന്റെ ശാസ്ത്രീയാടിസ്ഥാനം വ്യക്തമാകും. ഗൗരവപൂർണമായ ചർച്ചകളിൽ അവഗണിക്കേണ്ടവയാണ് ഗോൾവൾക്കറുടെ ഇത്തരം തരംതാണ പ്രസ്താവനകൾ.

"കമ്യൂണിസ്റ്റുകൾ വളരുവാൻ സഹായിക്കുന്ന വർഗവിരോധത്തിന്റെ മുഖ്യകാരണം സാമ്പത്തിക അസമത്വമല്ല. 'തൊഴിലിന്റെ മാന്യത' (ഡിഗ്നിറ്റി ഓഫ് ലേബർ) എന്ന ആശയം നമ്മുടെ ആളുകൾ ശരിയായി ഉൾക്കൊണ്ടിട്ടില്ല. ഉദാഹരണമായി ദിവസേന 3–4 ഉറുപ്പിക സമ്പാദിക്കുന്ന റിക്ഷാക്കാരനെ 'അവ'നെന്നു വിളിക്കുമ്പോൾ മാസം 60 രൂപ ശമ്പളമുള്ള ക്ലാർക്കിനെ 'ബാബുജി' എന്നു വിളിക്കുന്നു. വീക്ഷണത്തിലുള്ള ഈ വ്യത്യാസമാണ് ഈ വിരോധത്തിനു വഴി തെളിക്കുന്നത്. ശാരീരികാധ്വാനത്തിനു മാന്യത ലഭിക്കത്തക്കവണ്ണമുള്ള ജോലികൾ ബിരുദധാരികൾ സ്വീകരിക്കണമെന്നതാണ് ഇതിനൊരു പോംവഴി. കർമത്തിന് ഉച്ചനീചത്വവ്യത്യാസങ്ങളില്ല. സമാജത്തിലുള്ള സർവശക്തനായ ഈശ്വരന്റെ ആരാധനയാണ് എല്ലാ പ്രവൃത്തികളും... ചൂഷകൻ, ചൂഷിതൻ എന്ന വിഭജനത്തിന്റെ സിദ്ധാന്തവും തെറ്റാണ്. ചിലപ്പോൾ ഉടമസ്ഥന്മാരും മറ്റു ചില അവസരങ്ങളിൽ തൊഴിലാളിയും പണി മുടക്കാറുണ്ട്. തൊഴിലാളികളുടെ ആവശ്യങ്ങളും ഉടമസ്ഥന്റെ നഷ്ടങ്ങളും എല്ലാം അവസാനം സഹിക്കേണ്ടിവരുന്നത് ഉപഭോക്താവാണ്. അവനാണ് വാസ്തവത്തിൽ ചൂഷണം ചെയ്യപ്പെടുന്നത്." (പേജ് 693)

ഈ വിമർശനങ്ങൾ വക്രീകരണമെന്നപോലെ ന്യൂനീകരണവും ഉൾക്കൊള്ളുന്നു. ചൂഷകരായ മുതലാളിമാരും പണിമുടക്കുന്നുണ്ടെന്നും അവർക്കും നഷ്ടം സംഭവിക്കുന്നുണ്ടെന്നുമുള്ള ന്യായം പറഞ്ഞും ഉപഭോക്തൃനഷ്ടങ്ങളുടെ പേരിലും തൊഴിലാളികളുടെ പണിമുടക്കുസമരങ്ങളെ തള്ളിപ്പറയുന്ന മുതലാളിവർഗതാല്പര്യമാണ് ഇവിടെ ഗോൾവൾക്കർ പ്രദർശിപ്പിക്കുന്നത്.

### ഹിന്ദുധർമശാസ്ത്രങ്ങളിൽ രാജാവിന്റെ സ്ഥാനം

"ഹിന്ദുധർമശാസ്ത്രങ്ങളിൽ രാജാവിനുള്ള സ്ഥാനമെന്താണെന്നതിനെപ്പറ്റി: 'ധർമത്തിന്റെ കല്പനകൾ അദ്ദേഹമനുസരിക്കണം. ചക്രവർത്തിയാകുമ്പോൾ, അശ്വമേധാദിയജ്ഞങ്ങൾ നടത്തിയശേഷം അദ്ദേഹം മൂന്നുവട്ടം പറയും: 'അദണ്ഡ്യോസ്മി' (ഞാൻ ലോകം ജയിച്ചു. ആർക്കും ഇനി എന്നെ ശിക്ഷിക്കാൻ സാധിക്കുകയില്ല.) എന്ന്. ഓരോ പ്രാവശ്യം ഇതു പറയുമ്പോഴും യജ്ഞത്തിന്റെ മുഖ്യപുരോഹിതൻ ധർമദണ്ഡം കൈയിലെടുത്ത് അദ്ദേഹത്തിന്റെ ശിരസ്സിലടിച്ചുകൊണ്ട് പറയും 'ധർമദണ്ഡ്യോസ്മി' (ധർമം എന്നെ ശിക്ഷിക്കും) എന്ന്." (പേജ് 694–95)

അശ്വമേധയജ്ഞം ചെയ്ത് രാജാവ് ചക്രവർത്തിയായിത്തീരുന്നു. താൻ എല്ലവരെയും ശിക്ഷിക്കും; തന്നെ ആരും ശിക്ഷിക്കാൻ പാടില്ലതാനും എന്നല്ലേ ചക്രവർത്തിയെപ്പറ്റി നമ്മുടെ സങ്കല്പം. അപ്പോഴാണ് ധർമമനുസരിച്ചേ അദ്ദേഹം പ്രവർത്തിക്കാവൂ എന്നു സൂചിപ്പിക്കുന്ന ഈ ചടങ്ങ്. ചക്രവർത്തി പറഞ്ഞാൽ അനുസരിക്കാത്ത പുരോഹിതന് പിറ്റേന്നാൾ ആ പണിയുണ്ടാവില്ല. രാജാധിപത്യഭക്തനായ ഗോൾവൾക്കർക്ക് ഇത് സമ്മതിച്ചുതരാൻ പ്രയാസമുണ്ടാകും.

### വ്യവസായങ്ങളുടെ ദേശസാത്കരണം

വ്യവസായങ്ങളുടെ ദേശസാത്കരണത്തെപ്പറ്റി: "വ്യവസായങ്ങളുടെ ദേശസാത്കരണമെന്നതിന്നർഥം സ്റ്റേറ്റിന്റെ

(ഭരണകൂടം) മുതലാളിത്തം എന്നാണ്. ഇത് സാക്ഷാൽ മുതലാളിത്തത്തിന്റെ അത്രതന്നെ നല്ലതും അത്ര തന്നെ ചീത്തയുമാണ്. ഞാനുദ്ദേശിക്കുന്നത് ഒരുതരം വ്യാവസായികസഹകരണസംരംഭമാണ്. അവിടെ ആ സഹകരണപ്രസ്ഥാനത്തിലെ ഓരോ അംഗവും – എന്തിന്, സമാജത്തിലെ ഓരോ അംഗവും തന്റെ ഉത്തര വാദിത്തത്തെപ്പറ്റിയും കടമകളെപ്പറ്റിയും അവനവന്റെ അവകാശങ്ങളേക്കാൾ അധികം മനസ്സിലാക്കുകയും സ്വകർത്തവ്യത്തിൽനിന്ന് ഒഴിഞ്ഞുമാറാതിരിക്കുകയും ചെയ്യുന്ന തരത്തിലുള്ളതായിരിക്കണമത്." (പേജ് 695–96)

എന്തെങ്കിലും തൊടുന്യായം പറഞ്ഞ് സോഷ്യലിസത്തിലേക്കുള്ള ഒരു നല്ല ചുവടുവെപ്പിനെ എതിർക്കുകയാണ് ഗോൾവൽക്കർ.

**ക്രിസ്തുമതത്തെക്കുറിച്ച്**

"ആധുനികമനുഷ്യന്റെ ആധ്യാത്മികദാഹം ശമിപ്പിക്കുന്നതിന് സമർഥമായത് ക്രിസ്തുമതം മാത്രമാണെന്നു പറഞ്ഞുകൊണ്ടാണ് ക്രിസ്ത്യൻ മിഷണറിമാരിൽ അവരുടെ മതപരിവർത്തനശ്രമങ്ങൾ ന്യായീകരിക്കാറുള്ളത്" എന്ന വാദത്തെപ്പറ്റി: "പക്ഷേ ക്രിസ്തുമതം അവരുടെ സ്വന്തം രാജ്യങ്ങളിൽതന്നെ ഭൗതികവാദത്തിന്റെ വേലിയേറ്റം തടയുന്നതിൽ പരാജയപ്പെട്ടിരിക്കുകയാണ്. ഒരുപാട് ക്രിസ്ത്യൻ മെഷിണറിമാർ നമ്മുടെ ആളുകളെ പരിവർത്തനം ചെയ്യിക്കാൻ ഇവിടെ പ്രവർത്തിക്കുന്നുണ്ടെങ്കിലും ക്രിസ്ത്യൻ രാജ്യങ്ങൾതന്നെ ക്രിസ്തുവിൽനിന്ന് അകന്നകന്നു പോയിക്കൊണ്ടിരിക്കുകയാണ്. ഇന്നു വളരെ കുറച്ചുപേരേ അവരുടെ പള്ളികളിൽ പോകുന്നുള്ളൂ. പള്ളികൾ ഇന്നു പ്രേതബാധയുള്ള കെട്ടിടങ്ങൾ പോലെയുണ്ട്. അവയിൽ പലതും ഇന്നു വില്പനയ്ക്കു വെച്ചിട്ടുണ്ടെന്നതാണ് പരമാർഥം. ആധുനികമനസ്സിനെ തൃപ്തിപ്പെടുത്താൻ കഴിവുള്ള കുറേക്കൂടി വിശാലമായ, ഇന്നത്തെ ജീവിതത്തിന് ആധ്യാത്മികമൂല്യങ്ങളെ പ്രദാനം ചെയ്യാനും കഴിവുള്ള മറ്റൊരു തത്വശാസ്ത്രത്തിന്റെ ആവശ്യമുണ്ടെന്നു മാത്രമാണ് ഇതിന്നർഥം. ഈ രാജ്യങ്ങളിലുള്ള ഇന്നത്തെ നീക്കങ്ങൾ അവരുടെ അവസാനസങ്കേതസ്ഥാനമായി ഹിന്ദുമതത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്." (പേജ് 708–9)

ക്രിസ്തുമതത്തിന്റെ മതപരിവർത്തനശ്രമങ്ങളെ വിമർശിക്കാൻവേണ്ടി ക്രിസ്തുമതം പാശ്ചാത്യനാടുകളിൽ ഭൗതികവാദത്തെ വളർത്തുന്ന ഒരു പ്രതിഭാസം മാത്രമായി അവശേഷിച്ചിരിക്കയാണെന്ന പ്രസ്താവന അതിശയോക്തി നിറഞ്ഞതാണ്. അതിൽ ആധ്യാത്മികത പോരാത്തതാണ് കാരണമെന്ന കണ്ടുപിടുത്തവും ആ മതാനുയായികളുടെ അവസാനത്തെ സങ്കേതസ്ഥാനം ജാതീയമായ ഉച്ചനീചത്വങ്ങളാലും സവർണമേധാവിത്വത്താലും മതത്തോടുതന്നെ വെറുപ്പുണ്ടാക്കുന്ന ഹിന്ദുമതമാണെന്ന ആഗ്രഹചിന്തയും ആർ. എസ്. എസ്. നേതാവിന്റെ ഗതികേടിലേക്കാണ് വാസ്തവത്തിൽ വിരൽ ചൂണ്ടുന്നത്. ശാസ്ത്രസാങ്കേതികരംഗങ്ങളിലെ പ്രതിക്ഷണപുരോഗതിയും മതപൗരോഹിത്യത്തിന്റെ വർധമാനമായ ചൂഷണപ്രക്രിയയും മനുഷ്യരെ മതങ്ങളുടെ നിരർഥകതയെക്കുറിച്ച് ബോധവാന്മാരാക്കിയിരിക്കുന്നുവെന്ന സത്യത്തെ മറച്ചുപിടിക്കാനാണ് ക്രിസ്തുമതവിരോധവും ഹിന്ദുമതാഭിമാനവും ഗോൾവൽക്കറെ പ്രേരിപ്പിക്കുന്നത്.

**ഹിന്ദുമതത്തെക്കുറിച്ച് – ജാതിവ്യവസ്ഥ**

"പലപ്പോഴും അസ്പൃശ്യത, ദാരിദ്ര്യം, ഉച്ചനീചഭാവം തുടങ്ങിയ വിവിധസാമൂഹ്യരോഗങ്ങൾ ഹിന്ദുതത്വശാസ്ത്രത്തോടാണല്ലോ ബന്ധപ്പെടുത്തി പറയാറുള്ളത്" എന്ന അഭിപ്രായത്തെപ്പറ്റി: "നേരെമറിച്ച്, ഹിന്ദുതത്വചിന്തയുടെ അടിസ്ഥാനപരമായ പ്രമാണംതന്നെ നമ്മുടെ സമാജത്തെ ഒരു ജീവൻ ധരിക്കുന്ന ശരീരത്തെപ്പോലെ – വിരാട്പുരുഷൻ – സങ്കല്പിക്കാനാണ് അനുശാസിക്കുന്നത്. അവൻ എവിടെയായിരുന്നാലും ഓരോ വ്യക്തിയും ഈ ഏകീകൃതശരീരത്തിന്റെ ജീവനുള്ള അവയവം മാത്രമാണ്. ശരീരം ഓരോ ചെറിയ അവയവത്തിന്റെയും താല്പര്യത്തെയും കാത്തുരക്ഷിക്കുന്നതുപോലെ സമാജവും ഓരോ വ്യക്തിയുടെയും ആവശ്യങ്ങളും ആഗ്രഹങ്ങളും നോക്കിക്കാണുകയാണ് വേണ്ടത്. ജീവിക്കുന്ന ഒരു ശരീരത്തിൽ ഏതെങ്കിലും ഒരവയവം അസ്പൃശ്യമായോ അവഗണിക്കപ്പെട്ടതായോ ചവിട്ടിത്താഴ്ത്തപ്പെട്ടതായോ ഉണ്ടാകുമോ? പരസ്പരം ഉച്ചനീചത്വം ഇവിടെ ഉണ്ടാകുമോ? ഏകീകരണത്തിന്റേതായ ഈ സാമൂഹ്യനീചത്വം ഇവിടെയുണ്ടാകുമോ? ഏകീകരണത്തിന്റേതായ ഈ സാമൂഹ്യബോധം നഷ്ടപ്പെട്ടതുകൊണ്ടാണ് പല തരം ദോഷങ്ങളും തല പൊക്കിയത്." (പേജ് 709)

ജാതിവ്യവസ്ഥയെ ന്യായീകരിക്കുന്ന സൂചനകളോടുകൂടിയ വിരാട്പുരുഷസങ്കല്പത്തെക്കുറിച്ചുള്ള ഗോൾവൽക്കറുടെ വരട്ടുതത്വചിന്തയ്ക്കൊന്നും സാമൂഹ്യയാഥാർഥ്യം പ്രതിഫലിപ്പിക്കുന്ന പൂർവപക്ഷരൂപത്തിലുള്ള ആ അഭിപ്രായത്തെ ഖണ്ഡിക്കുവാൻ കഴിയുന്നില്ല.

**അരവിന്ദാശ്രമത്തിന്റെ മതനിരപേക്ഷത**

"1972–ലെ അരവിന്ദശതാബ്ദി ആഘോഷങ്ങൾക്കിടയിൽ അരവിന്ദസാഹിത്യം എല്ലാ ഭാരതീയഭാഷകളിലും പ്രസിദ്ധീകരിക്കുന്നതിന്നായി കേന്ദ്രഗവണ്മെന്റിന്റെ സഹായധനം നൽകണമെന്ന ഒരു നിർദേശമുണ്ടായിരുന്നു. അപ്പോൾ ഗവണ്മെന്റ് രണ്ടു വ്യവസ്ഥകൾ മുൻപിൽ വെക്കുകയുണ്ടായെന്നു തോന്നുന്നു. ഒന്നാമതായി പോണ്ടിച്ചേരിയിലുള്ള അരവിന്ദാശ്രമത്തിൽ അഖണ്ഡഭാരതത്തിന്റെ ഒരു ഭൂപടം ഉണ്ടായിരുന്നതു നീക്കി

അവിടെ ഇന്നത്തെ ഇന്ത്യയുടെ രാഷ്ട്രീയഭൂപടം തൂക്കുക. രണ്ടാമത്തെ വ്യവസ്ഥ അരവിന്ദസാഹിത്യത്തിന്റെ ഭാവിപതിപ്പുകളിൽ ഹിന്ദു, ഹിന്ദുരാഷ്ട്രം, സനാതനധർമം തുടങ്ങിയ പദങ്ങളും പ്രയോഗങ്ങളും എടുത്തു കളയുക. പക്ഷേ, ആശ്രമത്തിലെ മാതാജി ഈ നിർദേശങ്ങൾ തള്ളിക്കളഞ്ഞു. ആശ്രമാധികൃതർ ഗവണ്മെന്റി നെഴുതി; ഗവണ്മെന്റ് ധനസഹായം ചെയ്യുന്നില്ലെങ്കിൽ ഒന്നും വരാനില്ല. അരവിന്ദന്റെ സിദ്ധാന്തങ്ങൾ മാറ്റാൻ സാധ്യമല്ല. ഇങ്ങനെയാണ് ഗവണ്മെന്റ് അതിന്റെ ശക്തിയും ഭീഷണിയും പ്രലോഭനങ്ങളും ഉപയോഗിച്ച് ഹിന്ദു എന്ന വാക്കിനെത്തന്നെ തകിടം മറിക്കുവാൻ ശ്രമിക്കുന്നത്." (പേജ് 710)

ആർ. എസ്. എസ്സ്. സ്വാധീനം ചെലുത്തിയിട്ടായാലും ഒരു മതനിരപേക്ഷസർക്കാർ ചെയ്യാൻ പാടില്ലാത്തത് ചെയ്തു; പോണ്ടിച്ചേരിയിയിലെ അരവിന്ദാശ്രമത്തിന്റെ അന്താരാഷ്ടപ്രസക്തിയും അരവിന്ദസാഹിത്യത്തിന്റെ മഹത്വവും അറിയുന്ന മാതാജി സർക്കാരിന്റെ സഹായത്തിനുവേണ്ടിയുള്ള നിബന്ധനകൾ പാലിക്കുന്നതിൽ ഭേദം സഹായം സ്വീകരിക്കാതിരിക്കുന്നതാണെന്നു തീരുമാനിച്ചു. ഇതിൽ തെറ്റൊന്നുമുണ്ടെന്നു തോന്നുന്നില്ല.

**ആർ. എസ്. എസ്സിനെപ്പറ്റി:**

ആർ. എസ്. എസ്. ഒരു രാഷ്ടീയസംഘടനയാണോ എന്ന ചോദ്യത്തിന് ഉത്തരം: "കാലാകാലങ്ങളിൽ തിരഞ്ഞെ ടുപ്പുകൾ, അധികാരത്തിനുവേണ്ടിയുള്ള മത്സരം എന്നിവയിൽ അത് പങ്കെടുക്കുകയില്ലെന്ന അർഥത്തിൽ അത് രാഷ്ട്രീയമല്ല. രാജ്യത്തിന്റെയും ജനതയുടെയും ഏകത ഉറപ്പിച്ചുപറയുന്ന ഒരു സാംസ്കാരികസംഘ ടനയാണത്. രാജ്യത്തിന്റെ ഐക്യത്തിനു വിഘാതമായി തോന്നുന്ന എന്തെങ്കിലും കണ്ടാൽ, ഞങ്ങളുടെ അഭിപ്രായങ്ങൾ പറയുകയും ആ വഴിക്ക് ജനങ്ങൾക്ക് വിദ്യാഭ്യാസം നൽകുകയും ഞങ്ങൾ ചെയ്യും." (പേജ് 712)

ഈ ഉത്തരത്തിൽത്തന്നെ കാപട്യം ഒളിഞ്ഞിരിപ്പുണ്ട്. രാഷ്ട്രീയകക്ഷിയല്ല, സാംസ്കാരികസംഘടനയാണെന്നാണ് പറയുക. ആർ. എസ്. എസ്. തിരഞ്ഞെടുപ്പിൽ മാത്രമല്ല, ഭരണം കിട്ടിയാൽ അതിലും പങ്കെടുക്കും. ആ പേരിലല്ല. ബി. ജെ. പി. എന്ന പേരിൽ. അതാണതിന്റെ നിയന്ത്രണത്തിലുള്ള രാഷ്ട്രീയകക്ഷി. കലബുർഗി, ഗോവിന്ദ് പൻസാരെ, ഗൗരീ ലങ്കേഷ് എന്നിവരെ കൊന്നതാര്? ആർ.എസ്.എസ്. അല്ല. അതിന്റെ നിയന്ത്രണ ത്തിലുള്ള സനാതൻ സംസ്ഥ. ഗാന്ധിജിയെ കൊന്നതാര്? ആർ.എസ്.എസ്. അല്ലെന്ന് അവർ പറയുന്നു. പക്ഷേ, അതിന്റെ നിയന്ത്രണത്തിലുള്ള ഹിന്ദുമഹാസഭയല്ലെന്നു പറഞ്ഞിട്ടില്ല. ഇതാണവരുടെ രീതി. ഇന്ന് ഇന്ത്യയുടെ പ്രധാനമന്ത്രി നരേന്ദ്രമോദി ബി. ജെ. പി.ക്കാരനാണ്. ആർ. എസ്. എസ്. ആണ് നിയന്ത്രണം കൈയാളുന്നതെന്ന് ആർക്കാണറിയാത്തത്?

രാഷ്ട്രീയാധികാരമില്ലാത്ത നിങ്ങളുടെ നയങ്ങളും പരിപാടികളും നടപ്പിലാക്കാൻ നിങ്ങൾക്കെങ്ങനെ കഴിയും എന്ന ചോദ്യത്തിന് ഉത്തരം: "ഒരു ദേശീയപരിപാടി നടപ്പിലാക്കാൻ രണ്ടു വഴികളുണ്ട്. ഒന്ന്, ഭരണകൂടത്തി ന്റെ അധികാരം പ്രയോഗിച്ച്. മറ്റേത്, ജനങ്ങളുടെ മനോഭാവം മാറ്റിത്തീർത്തുകൊണ്ട്. ഞങ്ങൾ രണ്ടാമത്തെ വഴിയാണ് സ്വീകരിച്ചിട്ടുള്ളത്." (പേജ് 712)

ഇന്ന് ഇന്ത്യയിൽ ആർ. എസ്. എസ്. കേന്ദ്രത്തിലും പല സംസ്ഥാനങ്ങളിലും ഭരിക്കുന്നത് ഭരണകൂടത്തിന്റെ അധികാരം ഉപയോഗിച്ചോ ജനങ്ങളുടെ മനോഭാവം മാറ്റിത്തീർത്തുകൊണ്ടോ? ഭരണകൂടത്തിന്റെ അധികാര മുപയോഗിച്ചുകൊണ്ടാണെന്ന് ആർക്കാണറിയാത്തത്?

രാഷ്ട്രീയപ്രശ്നങ്ങളെക്കുറിച്ച് പലപ്പോഴും നിങ്ങൾ ആശയപ്രകടനം നടത്തുന്നതെന്തുകൊണ്ടെന്ന ചോദ്യത്തിന് മറുപടി: "രാഷ്ട്രീയം മാത്രമല്ലാത്ത അനേകം സംഗതികളുണ്ട്. ഒരേ സംഗതിക്കുതന്നെ സാംസ്കാരികവും രാഷ്ട്രീയവുമായ വശങ്ങൾ ഉണ്ടാകാമല്ലോ." (പേജ് 712)

ചോദ്യത്തിന് ഉത്തരം പറയാതെ ഗോൾവൾക്കർ ഇവിടെ ഒഴിഞ്ഞുമാറുകയാണെന്ന് വ്യക്തമല്ലേ?

രാഷ്ട്രീയോദ്ദേശങ്ങൾ മുന്നോട്ടുകൊണ്ടുപോകാനായി അക്രമം സ്വീകരിക്കുന്നത് ശരിയാണെന്നോ അല്ലെന്നോ നിങ്ങളുടെ അഭിപ്രായം എന്ന ചോദ്യത്തിന്: "ഒരു പൗരനും മറ്റൊരു പൗരനും തമ്മിൽ ഒരിക്കലും അക്രമമു ണ്ടാവാൻ പാടില്ല." (പേജ് 712)

ഇവിടെയും ഒഴിഞ്ഞുമാറ്റമാണ്. അക്രമരാഹിത്യം പ്രസംഗിക്കുകയും അക്രമം നടത്തുകയും അതു ചെയ്തത് തങ്ങളല്ലെന്നു പറയുകയും ചെയ്യുക – ഇതാണ് ആർ. എസ്. എസ്. രീതി.

ഭരണകൂടത്തിന് ഒരു മാറ്റമുണ്ടാവാൻവേണ്ടി അക്രമം ന്യായീകരിക്കാമോ എന്ന ചോദ്യത്തിന്: "മർദനങ്ങളും പീഡനങ്ങളും അങ്ങേയറ്റമാകുമ്പോൾ അസഹ്യമായി ജനങ്ങൾ വിഷമമനുഭവിക്കുമ്പോൾ, ഭരണാധികാരി കൾ ഏകാധിപതികളും ശരിക്കും രാക്ഷസന്മാരുമായിത്തീർന്ന് അവരെ മാറ്റുന്നതിനുള്ള എല്ലാ സമാധാ നമാർഗങ്ങളും അടയുമ്പോൾ – അത്തരത്തിലുള്ള വേദനാജനകമായ പരിതഃസ്ഥിതിയുടെ പാരമ്യമെത്തു മ്പോൾ മാത്രം അക്രമത്തെ ന്യായീകരിക്കാവുന്നതാണ്." (പേജ് 713)

ഫ്രഞ്ചുവിപ്ലവത്തിലും റഷ്യൻ വിപ്ലവത്തിലും ചൈനീസ് വിപ്ലവത്തിലും മറ്റു പല വിപ്ലവങ്ങളിലും ഇതു തന്നെയാണ് നടന്നിട്ടുള്ളത്. എന്നിട്ടും അവയിൽ പലതിനെയും ഗോൾവൾക്കർ അംഗീകരിക്കാതിരിക്കുന്നത് അദ്ദേഹത്തിന്റെ അന്ധമായ കമ്യൂണിസ്റ്റുവിരോധമല്ലാതെ മറ്റൊന്നുമല്ല തെളിയിക്കുന്നത്.

നമ്മുടെ മതേതരമായ സ്റ്റേറ്റിനെ സംഘത്തിന്റെ ഹിന്ദുസാംസ്കാരികസംഘടന അട്ടിമറിക്കുമെന്ന ഭയത്തെപ്പറ്റി, സാങ്കല്പികം മാത്രമായ ചോദ്യമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. മതേതരസ്റ്റേറ്റ് സാംസ്കാരികപ്രവർത്തനത്തെ അനുവദിക്കാറില്ലെന്ന് ആരും പറയുകയില്ല. നമ്മുടെ പൊതുസംസ്കാരത്തിന്റെ അടിസ്ഥാനത്തിൽ ഹിന്ദുസാമ്രാജ്യത്തിനകത്തുള്ള വിവിധജാതികളെയും സമുദായങ്ങളെയും സംയോജിപ്പിക്കാൻ സംഘം ശ്രമിക്കുന്നത് തികച്ചും ന്യായമാണെന്ന് അദ്ദേഹം പറയുന്നു. (പേജ് 713)

ആർ. എസ്. എസ്. കേവലം സാംസ്കാരികസംഘടനയല്ലെന്ന് പറഞ്ഞതിനു തൊട്ടുപിൻപെയാണ് മറിച്ച് ഇപ്പോൾ പറയുന്നത്. മുസ്ലീം വിദ്വേഷവും അന്യമതവിദ്വേഷവും പ്രചരിപ്പിക്കുകയും തുടർന്ന് വർഗീയലഹളകളുണ്ടാക്കുന്നതും സാസ്കാരികപ്രവർത്തനമാണെന്ന് ആരാണംഗീകരിക്കുക? സവർണഹിന്ദുക്കൾ അവർണരെയും ദളിതരെയും കൊല്ലുകയും മർദിക്കുകയും ചെയ്യുന്നത് ഹിന്ദുസാമ്രാജ്യത്തിനകത്തുള്ള വിവിധജാതികളെയും സമുദായങ്ങളെയും സംയോജിപ്പിക്കുകയാണോ?

“ചിലർ നിങ്ങളെ അക്രമാസക്തരെന്നു കുറ്റം പറയാറുണ്ടല്ലോ?” എന്നു ചോദിച്ചപ്പോഴത്തെ മറുപടി: “അക്രമത്തിൽ വിശ്വസിക്കുന്നവരും അതു നടപ്പിലാക്കുന്നവരും ഭരണഘടനയെ തുരങ്കം വെക്കാൻ ശ്രമിക്കുന്നവരുമായ കമ്യൂണിസ്റ്റുകളാണ് ഇങ്ങനെ പറയുന്നവരുടെ അവലംബം. നമ്മെ നിന്ദിക്കുന്നവരാണ് വാസ്തവത്തിൽ അക്രമം പ്രവർത്തിക്കുന്നവർ. അവരുടെ അക്രമാസക്തമായ ഭാഷയും ഭീഷണിയും ശ്രദ്ധിക്കൂ.” (പേജ് 713–14)

ബുദ്ധിജീവികളെയും എഴുത്തുകാരെയും ഭീഷണിപ്പെടുത്തുകയും കൊല്ലുകയും ചെയ്യുന്നത് കമ്യൂണിസ്റ്റുകാരാണെന്നതിന് ഒരു തെളിവുമില്ലെന്നു മാത്രമല്ല, അവരെ സംരക്ഷിക്കുന്നത് കമ്യൂണിസ്റ്റുകാരും മറ്റു മതനിരപേക്ഷവാദികളുമാണെന്നതിന് എത്രയോ തെളിവുകളുണ്ടുതാനും. എന്നിട്ടും ഒരു തെളിവും ചൂണ്ടിക്കാട്ടാതെ കമ്യൂണിസ്റ്റുകാരെ നിന്ദിക്കുന്നത് അവരോടുള്ള അന്ധമായ വിരോധംകൊണ്ടു മാത്രമാണ്.

“ചില ആളുകൾ ആർ. എസ്. എസ്സിന് വർഗീയലഹളകളിൽ കൈയുണ്ടെന്ന് ആരോപിക്കുന്നുണ്ടല്ലോ?” എന്ന ചോദ്യത്തിനുത്തരം: “... ഈ ലഹളകൾ ഇന്നുമാത്രം ഉണ്ടായവയല്ല. ഇത്തരം ലഹളകൾ ആർ. എസ്. എസ്. ഉണ്ടാവുന്നതിനു മുൻപും ഈ നാട്ടിലുണ്ടായിട്ടുണ്ട്. പൈശാചികമായ മാപ്പിളലഹളകളും ബലൂചിസ്ഥാൻ ലഹളകളും ഇവിടെ ഉണ്ടായിട്ടുണ്ട്. 1923–ലും 1927–ലും നാഗ്പൂരിൽതന്നെ ലഹളകളുണ്ടായിട്ടുണ്ട്.” (പേജ് 714)

ആർ. എസ്. എസ്സിന് വർഗീയലഹളകളിൽ പങ്കില്ലെന്നു ഗോൾവൾക്കർ പറയുന്നില്ലെന്നത് ശ്രദ്ധേയമാണ്. 1925–നു മുൻപുണ്ടായ അത്തരം ലഹളകളുടെ പട്ടിക നിരത്തിയതുകൊണ്ട് അതിനു ശേഷമുണ്ടായ ലഹളകളിൽ പങ്കില്ലെന്നു വ്യക്തമാകുന്നില്ല.

സവർണഹിന്ദുക്കൾ അവർണരെയും ദളിതരെയും അന്യമതസ്ഥരെയും കൊല്ലുകയും മർദിക്കുന്നതിനും എതിരെ രംഗത്തു വരാനും ഇരകൾക്കു സാന്ത്വനമരുളാനും ആർ. എസ്. എസ്. എന്തെങ്കിലും ചെയ്യുന്നതായി അനുഭവമില്ലാത്തതുകൊണ്ടാണ് ഇത്തരം ധാരണ പൊതുവിലുണ്ടാകുന്നത്. തുടർന്നുള്ള ചോദ്യം ആർ. എസ്. എസ്. ജർമൻ നാസിസത്തിന്റെയും ഫാസിസത്തിന്റെയും രൂപാന്തരംതന്നെയല്ലേ എന്നു സൂചിപ്പിക്കുന്നതാണ്: “നിങ്ങളുടേതുപോലെത്തന്നെയാണല്ലോ ഹിറ്റ്ലറും ആരംഭിച്ചത്? യുവാക്കന്മാരെ ശേഖരിച്ച് അവരിൽ ഐക്യബോധവും അച്ചടക്കവും വളർത്തുകയായിരുന്നു അദ്ദേഹം ചെയ്തത്. പക്ഷേ പിന്നീട് എല്ലാ രാഷ്ട്രീയസംഘടനയും നിങ്ങളുടെ സംഘടനയും തമ്മിൽ എന്താണ് വ്യത്യാസം?” ഇതിനു മറുപടി: “ഹിറ്റ്ലറുടെ പ്രസ്ഥാനം രാഷ്ട്രീയത്തെ കേന്ദ്രീകരിച്ചായിരുന്നു. ഞങ്ങൾ രാഷ്ട്രീയവുമായി ബന്ധപ്പെടാതെ ജീവിതം കെട്ടിപ്പടുക്കാൻ ശ്രമിക്കുന്നു. പലരും ഒരുമിച്ചുചേരുന്നത് രാഷ്ടീയോദ്ദേശത്തിനുവേണ്ടിയാണെന്ന് പലപ്പോഴും കാണാവുന്നതാണ്. പക്ഷേ ആ ഉദ്ദേശം നഷ്ടമാകുമ്പോൾ ഐക്യം നഷ്ടപ്പെടുന്നു. ഒരു താത്കാലികനേട്ടമല്ല, സ്ഥിരമായി ഐക്യമാണ് നമുക്കാവശ്യം. അതിനാൽ രാഷ്ട്രീയത്തിൽനിന്നു നാം അകന്നുനിൽക്കുന്നു.” (പേജ് 716)

ഈ ഉത്തരം യാഥാർഥ്യത്തിൽനിന്ന് അകന്നുനിൽക്കുന്നു. ഹിറ്റ്ലറുടെ പ്രസ്ഥാനം രാഷ്ട്രീയവും ആർ. എസ്. എസ്സിന്റേത് സാംസ്കാരികവുമാണെന്ന പ്രസ്താവന കാപട്യപൂർണമാണ്. ആർ. എസ്. എസ്സിന്റെ സാംസ്കാരികമുഖം ആരംഭകാലം മുതൽക്കേ പൊളിഞ്ഞുവീണതാണെന്ന് ഇപ്പോൾ എല്ലാവർക്കുമറിയാം. ചോദ്യത്തിലുന്നയിച്ച ആശയംതന്നെയാണ് ശരിയെന്നു ഞാൻ *ഹിന്ദുത്വവും ഹിന്ദുമതവും* എന്ന ഗ്രന്ഥത്തിൽ തെളിയിച്ചിട്ടുണ്ട് (പേജ് 90–91)

“തിരഞ്ഞെടുത്ത പ്രതിനിധികളുടെ അഭിപ്രായങ്ങളും ചെയ്തികളുമായി വിയോജിപ്പുള്ളപ്പോഴും സമ്മതിദായകർക്ക് അവരെ തിരിച്ചുവിളിക്കാൻ യാതൊരേർപ്പാടുമില്ല.” (പേജ് 718)

ഇപ്പോൾ മോദിസർക്കാരാണല്ലോ.. തിരഞ്ഞെടുപ്പുകമ്മീഷന്റെ മുൻപിൽ ഈ നിർദേശം സമർപ്പിക്കാമല്ലോ.

"രംഗത്തുള്ള വൻപാർട്ടികളിൽ ചിലർ 'സോഷ്യലിസം' എന്ന ആദർശം മുമ്പിൽ വെച്ചിട്ടുണ്ട്. പക്ഷേ 'സോഷ്യലിസം' ജർമനിയിൽ 'നാസിസ'ത്തിനും ഇറ്റലിയിൽ 'ഫാസിസ'ത്തിനും കളമൊരുക്കി. അവരുടെ ഉയിർത്തെഴുന്നേൽപ്പും പതനവും, ഏകാധിപത്യത്തിൽനിന്ന് ലോകം എന്തുമാത്രം കഷ്ടപ്പെട്ടുവെന്നതും ഇന്നു പരക്കെ അറിയുന്ന കാര്യങ്ങളാണ്. ഇതേ ദുഃഖകരമായ കഥ തന്നെ നമ്മുടെ രാജ്യത്ത് ആവർത്തിക്കുകയില്ലെന്നതിന് ഉറപ്പൊന്നുമില്ല. വളരെ വില കൊടുത്തു വാങ്ങിയ സ്വാതന്ത്ര്യത്തെ കണ്ണിലെണ്ണയൊഴിച്ചു കാത്തു സൂക്ഷിക്കണം. വ്യക്തിയെന്ന നിലയ്ക്ക് തന്റെ അന്തസ്സ് ഏകാധിപത്യദുർഭരണത്തിന് കീഴ്പ്പെടാൻ അനുവദിക്കരുത്. തുച്ഛകാശിന് വിലയ്ക്കു വാങ്ങുന്ന അടിമയായി സ്വയം തരം താഴാൻ അവനൊരിക്കലും നിന്നുകൊടുക്കരുത്. അതിനാൽ അവൻ സോഷ്യലിസമെന്നു പറയപ്പെടുന്ന ആദർശത്തിൽനിന്ന് വഴിമാറുകയും ഇങ്ങനെയുള്ള സാമൂഹ്യവിരുദ്ധസിദ്ധാന്തങ്ങളിൽ ഇടപെടുന്നവരിൽനിന്ന് ഉറച്ച തീരുമാനത്തോടെ പിന്തിരിയുകയും വേണ്ടിയിരിക്കുന്നു." (പേജ് 721)

ഇപ്പോൾ ഇന്ത്യയിൽ ആർ.എസ്. എസ്. നിയന്ത്രിക്കുന്ന മോദിഭരണത്തിൽനിന്നുതന്നെ ജർമനിയിലും ഇറ്റലിയിലും നടന്ന ഭീഷണി അപ്രഖ്യാപിതരൂപത്തിൽ ഉണ്ടായിരിക്കുന്നു. ഗൗരീ ലങ്കേഷിന്റെ വധത്തിൽ മോദി അനുശോചനം പോലും രേഖപ്പെടുത്തിയിട്ടില്ലെന്ന കാര്യം ചിന്താശീലരായ ലോകപൗരന്മാരെല്ലാം ശ്രദ്ധിക്കുന്നുണ്ട്.

"കമ്യൂണിസവും സോഷ്യലിസവും തമ്മിൽ ഏതാണ് സ്വീകരിക്കേണ്ടത് എന്ന പ്രശ്നം തന്നെയില്ല. കാരണം സ്റ്റേറ്റിന്റെയും സമ്പത്തിന്റെയും സമസ്താധികാരങ്ങൾ കൂട്ടിപ്പിടിക്കാൻ തുനിയുന്ന ചിന്തയുടെ പ്രതിക്രിയാത്മകപ്രക്രിയയുടെ വികൃതസന്താനങ്ങളാണ് രണ്ടും." (പേജ് 721–22)

ഗോൾവൾക്കറുടെ പിന്തിരിപ്പൻ സ്വഭാവം ഇതിൽനിന്നുതന്നെ വ്യക്തമാണ്.

"അതിനും പുറമെ, ഈ പാർട്ടികളെല്ലാം (രംഗത്തുള്ള വൻപാർട്ടികൾ)തന്നെ അഹിന്ദുവാണെന്നതിൽ അഭിമാനം കൊള്ളുന്നവരാണ്. പ്രത്യേകമൊരു ധർമവും സംസ്കാരവുമുൾക്കൊള്ളുന്ന ഏകജനതയെന്ന നമ്മുടെ ജീവിതത്തിന്റെ വേരറുക്കുന്ന തരത്തിൽ ഹിന്ദുജീവിതത്തെ താറുമാറാക്കുന്ന വിവിധനിയമങ്ങളും ഗോവിന്റെ കാര്യത്തിൽ ഹിന്ദുവികാരങ്ങളെ മാനിക്കുന്നതിൽ പ്രദർശിപ്പിക്കുന്ന വൈമുഖ്യവും മുസ്ലീങ്ങളോടുള്ള അവരുടെ പക്ഷപാതപരമായ പെരുമാറ്റവും കോൺഗ്രസ്സിൽ സ്ഥാനാർഥിനിർണയത്തിൽത്തന്നെയുള്ള അവരുടെ മുസ്ലീംവർഗീയപക്ഷപാതവും മുസ്ലീംപ്രക്ഷോഭങ്ങൾക്കുള്ള, അവയ്ക്കു നൽകുന്ന, പ്രോത്സാഹനവും എല്ലാം തന്നെ ഇത്തരം പാർട്ടികളുടെ തികച്ചും ഹൈന്ദവേതരമായ സ്വഭാവത്തെയും ആദർശത്തെയും അതിന്റെ വൈരൂപ്യത്തിൽത്തന്നെ തുറന്നുകാട്ടുന്നുണ്ട്. ഹിന്ദുജനതയും അവരുടെ ധർമവും സംസ്കാരവും അവർ ഉറ്റുനോക്കുന്നതും ബഹുമാനിക്കുന്നതുമായ എല്ലാ മൂല്യങ്ങളും ഇത്തരം അഹിന്ദു – അഥവാ പലപ്പോഴും ഹിന്ദുവിരുദ്ധപ്രഭൃതികളുടെ കൈകളിൽ അധികാരം ഏല്പിച്ചാൽ തകർന്നുപോവുകതന്നെ ചെയ്യുന്നതാണ്. അവരുടെ പേരിൽ ചില നല്ല വ്യക്തികളും സ്ഥാനാർഥികളായി നിന്നേക്കാം. സമ്മതിദായകർ അത്തരം നന്മയെ മാത്രമാണ് കണക്കിലെടുക്കുന്നതെങ്കിൽ ആ സ്ഥാനാർഥി തിരഞ്ഞെടുക്കപ്പെടുമ്പോൾ പാർട്ടി അച്ചടക്കത്തിന്റെ ചക്രങ്ങളിൽ കുടുങ്ങുന്നതും, അദ്ദേഹത്തിന്റെ നന്മയും ഹിന്ദു ആദർശങ്ങളോടുള്ള ആഭിമുഖ്യവും ഫലപ്രദമാകാതെ പോകുന്നതും പാർട്ടിയന്ത്രത്തിന്റെ ശക്തമായ പ്രവാഹത്തിൽ അദ്ദേഹം പെട്ടുപോകുന്നതുമാണ്." (പേജ് 722)

ഗോൾവൾക്കറുടെ ഹിന്ദുമതഭ്രാന്ത് ഹിന്ദുത്വദുരഭിമാനത്തിലേക്കും മുസ്ലീംവിരുദ്ധജ്വരത്തിലേക്കും തിരഞ്ഞെടുപ്പിൽ സ്ഥാനാർഥികളുടെ നന്മപോലും നോക്കേണ്ടതില്ലെന്ന ആപത്കരമായ നിലപാടിലേക്കും പടർന്നുകയറിയിരിക്കുന്നു. പാർട്ടിയുടെ അത്രതന്നെ പ്രാധാന്യം വ്യക്തിനന്മയ്ക്കും വേണമെന്നെങ്കിലും പറയാമായിരുന്നു.

"(തിരഞ്ഞെടുപ്പിന്റെ) പ്രചരണകാലത്ത് വളരെയധികം പാരുഷ്യവും രൂക്ഷതയും അഴിച്ചുവിട്ടിട്ടുണ്ടെന്നുള്ളതിൽ അസ്വാഭാവികതയൊന്നുമില്ല. പക്ഷേ ഇത്തരം വേണ്ടാത്ത വികാരങ്ങൾ തീരെ കളയണമെന്നാണ് എന്റെ പക്ഷം. നാമെല്ലാം ഒന്നാണെന്നും നമ്മുടെ മാതൃഭൂമിയുടെയും രാഷ്ട്രത്തിന്റെയും സന്താനങ്ങളാണെന്നുമുള്ള ശരിയായ ധാരണ ശ്രദ്ധാപൂർവം വളർത്തിയെടുക്കുകയും, പാർട്ടിബന്ധങ്ങൾ പരിഗണിക്കാതെ എല്ലാവരും നമ്മുടെ എല്ലാ ജനങ്ങളുടെയും നന്മയ്ക്കുവേണ്ടി സഹകരിച്ചു പ്രവർത്തിക്കുവാൻ തീരുമാനിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ശരിക്കും ചിന്തിക്കുകയാണെങ്കിൽ യോജിപ്പിന്റെ മേഖലകൾ വിസ്തൃതങ്ങളാണെന്നും വ്യത്യാസങ്ങൾ അവഗണിക്കാനുള്ളവയേയുള്ളുവെന്നും കാണാവുന്നതാണ്. ഈ മനോഭാവമുണ്ടെങ്കിൽ, നമ്മുടെ ജനാധിപത്യം അതിനെ തകർക്കാനും രാജ്യത്തിൽ അരാജകത്വം വളർത്താനും ആഗ്രഹിക്കുന്ന വിഭാഗത്തിന്റെ ഏതൊരാക്രമണത്തെയും അതിജീവിക്കുകതന്നെ ചെയ്യും." (പേജ് 724)

ആർ. എസ്. എസ്. നേതാവിന്റെ ഇരട്ടത്താപ്പ് ഈ രണ്ടുദ്ധരണികളും (പേജ് 722, 724) കൂട്ടിവായിക്കുന്ന ഏതു കുട്ടിക്കും വ്യക്തമാകുന്നതാണ്.

★